ഇങ്ങിനെ ഇസ്രയേലെ നടത്തുന്നവർ ദേവകാൎയ്യം ചൊല്ലി തമ്മിൽ ഇടഞ്ഞു സഹോദരയുദ്ധം തുടങ്ങിയപ്പോൾ രോമസേനാപതിയായ പൊമ്പേയൻ വന്നു ചാതിക്കാരം പിടിച്ചു യഹൂദയെ അടക്കി വെച്ചു (ക്രി.മു.൬൩). അന്നു മുതൽ യഹൂദർ രോമസാമ്രാജ്യത്തെ അനുസരിക്കേണ്ടി വന്നു. അതു പറീശന്മാൎക്കു അസഹ്യം തന്നെ. അന്യന്മാൎക്കല്ല ദാവീദ്യനായ മശീഹെക്കു അത്രെ വാഴുവാൻ അവകാശം എന്നുവെച്ചു രോമരുടെ കാൎയ്യസ്ഥന്മാരായി ചുങ്കം മുതലായതിൽ സേവിക്കുന്ന സ്വദേശക്കാരെ ഒക്കയും ഭ്രഷ്ടരാക്കികളഞ്ഞു. പിന്നെ എദോമ്യനായ ഹെരോദാ സാമൎത്ഥ്യത്താലേ രോമമഹത്തുകളെ വശീകരിച്ചു വലിയവനായി തീൎന്നു (൩൭), കനാൻ എദോം എന്ന രണ്ടു രാജ്യങ്ങളെയും അടക്കി ഔഗുസ്തൻ കൈസരുടെ കീഴിൽ വാണു, രോമയവനന്മാൎക്കു മൂലസ്ഥാ

നമായി കൈസരയ്യ പട്ടണവും തുറമുഖവും ഉണ്ടാക്കി, അസൂയ നിമിത്തം മക്കാബ്യ്യ വംശത്തെ മൂലച്ഛേദം വരുത്തി, ഇസ്രയേലിൽ ഉൽകൃഷ്ടന്മാരെയും സ്വപുത്രന്മാർ മൂവരെയും കൊന്നു, പ്രജകൾക്കും ഒടുവിൽ കൈസൎക്കും നീരസം ജനിപ്പിച്ചു നടന്നു. യഹൂദർ എല്ലാവരും കൈസൎക്ക് സത്യം ചെയ്യെണം എന്ന് കല്പിച്ചപ്പോൾ പറീശന്മാർ ൬൦൦൦ത്തു ചില്വാനം പേർ മാത്രം ഇതു ദേവനിഷിദ്ധം എന്നുവെച്ച് വിരോധിച്ചു. അതുകൊണ്ടു പിഴ കല്പിച്ചപ്പോൾ രാജാവിൻ സഹോദരഭാൎയ്യ ആ പിഴ അവൎക്ക് വേണ്ടി കൊടുത്തു, അവരും ദൈവത്താണെ രാജത്വം നിനക്കും സന്തതിക്കും ലഭിക്കും എന്നു കള്ളപ്രവാചകം പറകയാൽ രാജാവ് അനേകം പറീശന്മാരെ നിഗ്രഹിച്ചു ബന്ധുക്കളിലും ശിക്ഷ നടത്തുകയും ചെയ്തു. പിന്നെ യഹൂദരെ വശീകരിപ്പാൻ അവൻ ദൈവാലയത്തെ ക്രമത്താലെ പുതുക്കി അലങ്കരിച്ചു എങ്കിലും മശീഹ വേഗം വന്നു എദോമ്യനെയും രോമരെയും നീക്കി സ്വാതന്ത്ര്യം വരുത്തിയാൽ കൊള്ളാം എന്നു പ്രജകൾ സാധാരണമായി ആശിച്ചുകൊണ്ടിരുന്നു. പാപത്തെ നീക്കി ഹൃദയസ്വാതന്ത്ര്യം വരുത്തേണം എന്നു ചില സാധുക്കൾ ആഗ്രഹിച്ചതേ ഉള്ളു. ലോകരക്ഷിതാവ് ഉദിപ്പാൻ ഇത് തന്നെ സമയം എന്ന് ശേഷം ജാതികളിലും ഒരു ശ്രുതി നീളെ പരന്നു.

അന്നു രാജ്യം നാല് അംശമായി കിടന്നു. തെക്കു യഹൂദനാടു മികെച്ചതു; അതിലുള്ള യരുശലേം നഗരം ദൈവാലയത്തിൻ നിമിത്തം സകല യഹൂദന്മാൎക്കും മൂലസ്ഥാനം തന്നെ. യഹൂദനാട്ടുകാരും ആ നഗരക്കാരും പ്രത്യേകം ദൈവം ഇങ്ങു വസിക്കുന്നു എന്നു നിശ്ചയിച്ചു എല്ലാവരേക്കാളും അധികം വാശി പിടിച്ചു ഞെളിഞ്ഞു പുറജാതികളെ വൎജ്ജിക്കുന്നവർ തന്നെ. അതിന്നു വടക്കെ ശമൎയ്യനാടു ഉണ്ടു. അതു മുമ്പെ യോസെഫ്ഗോത്രങ്ങളുടെ വാസസ്ഥലമായ സമയം യഹൂദയിൽ നിത്യമത്സരം ഭാവിക്കുമാറുണ്ടു. പിന്നെ അശ്ശൂർ രാജാവു വരുത്തിയ അന്യജാതികൾ അഞ്ചും (൨ രാ. ൧൭, ൨൪—൪൧) കുടിയേറി ബിംബപൂജയും യഹോവാസേവയും ഇടകലൎന്നു പാൎത്തു യഹൂദരോടു പിണങ്ങിപോന്നു (എസ്ര. ൪), ഒടുവിൽ ഗരിജീംമലമേൽ ഒരു ദൈവാലയം ഉണ്ടാക്കി മോശധൎമ്മപ്രകാരം ബലികഴിച്ചും ഉപദേശിച്ചും കൊണ്ടിരുന്നു. മക്കാബ്യ്യർ അതിനെ ഇടിച്ചു കളഞ്ഞശേഷവും ആ മലമുകളിൽ ആരാധന നടന്നു (യോ. ൪, ൨൦) ഇന്നേവരെയും നടക്കുന്നു. ഇവൎക്കും യഹൂദൎക്കും ഉള്ള കുലവൈരം പറഞ്ഞുകൂടാ. യോസെഫിൽനിന്നു ഒരു മശീഹ ഉത്ഭവിക്കും എന്ന് അവരുടെ നിരൂപണം. ശമൎയ്യെക്കു വടക്കു ഗലീലനാടു ഉണ്ടു. അതു പണ്ടു തന്നെ തൂർ ദമസ്ക മുതലായ അയലിടങ്ങൾ നിമിത്തം പുറജാതികൾ ഇടകലൎന്നു വസിക്കുന്ന ഇസ്രയേല്യനാടായിരുന്നു (യശ. ൯, ൧). അവിടെനിന്നു യഹൂദയിലേ ദൈവാലയത്തിന്നും ധൎമ്മോപദേശത്തിന്റെ ഉറവിന്നും ദൂരത ഉള്ളതല്ലാതെ ശമൎയ്യ ആ രണ്ടിന്നും ഒരു നടുച്ചുവർ എന്ന പോലെ നില്ക്കുന്നു. അതുകൊണ്ടു പറീശർ ചട്ടക്കൎർ മുതലായവരുടെ തൎക്കങ്ങൾക്കു ഗലീലയിൽ ഉഷ്ണം കുറഞ്ഞു കൎമ്മഘോഷവും ശാസ്ത്രവിജ്ഞാനവും കാണാഞ്ഞിട്ടു സാധുക്കളിൽ ദേവഭക്തിക്ക് അധികം ഇടം ഉണ്ടായ്വന്നു. ഈ മൂന്നു നാടുകളും യൎദ്ദന്റെ പടിഞ്ഞാറെ തീരത്തു തന്നെ. അക്കരനാട്ടിന്നു പരായ്യ എന്ന പേർ ഉണ്ടു. അതിലും പുറ

ജാതികൾ യഹൂദരുടെ ഇടയിൽ പാൎപ്പാറുണ്ടു. പരായ്യയുടെ വടക്കിഴക്കെ അംശം മുമ്പെ യായിർസ്ഥാനം എന്നും പിന്നെ ബാശാൻ എന്നും ഇതുരയ്യ ത്രഖൊനീതി എന്നും പേരുകൾ ഉള്ളതു. അതിൽ (ദെക്കാപൊലി) ദശപുരം എന്നുള്ള ൧൦ പട്ടണങ്ങളിൽ യവനന്മാരും രോമരും കുടിയേറി പാൎത്തു തമ്മിൽ സഖ്യത ചെയ്തു പുരാണ ധൎമ്മം രക്ഷിച്ചു കൊണ്ടിരുന്നു.

ഇങ്ങിനെ മശീഹ പ്രത്യക്ഷനാകുന്ന സമയം ൬൦ കാതം നീളവും ൪൦ കാതം അകലവും ആയ കനാൻ ഭൂമിയിൽ സത്ത്യരായ കണ്ടു കേട്ട പുറജാതികളും, പാതി ഇസ്രയേല്യർ ആകുന്ന ശമൎയ്യരും, ഭ്രഷ്ടരായ ചുങ്കക്കാരും, ജാതിസംസൎഗ്ഗം നന്ന ശീലിച്ച ഗലീല പരായ്യക്കാരും, യഹൂദയിലേ ശുദ്ധ യഹൂദരും, പറീശന്മാർ എന്നുള്ള അതിശുദ്ധ യഹൂദരും വസിക്കുന്നതിൽ എബ്രായ സുറിയാണി ഭാഷ മുഖ്യമായും യവന ഭാഷയും നടന്നു വരുന്നു. മേല്ക്കോയ്മ രോമ കൈസൎക്കും നാട്ടുവാഴ്ച ഒർ എദോമ്യന്നും തന്നെ ആകുന്നു.

---

§ 2.

THE MYSTERY OF THE INCARNATION.

ദേവാവതാരം.

JOHN I.

1 In the beginning was the Word, and the Word was with God, and the Word was God.

2 The same was in the beginning with God.

3 All things were made by him; and without him was not any thing made that was made.

4 In him was life; and the life was the light of men.

5 And the light shineth in darkness; and the darkness comprehended it not.

6 There was a man sent from God, whose name *was* John.

7 The same came for a witness, to bear witness of the Light, that all *men* through him might believe.

8 He was not that Light, but *was sent* to bear witness of that Light.

9 *That* was the true Light, which lighteth every man that cometh into the world.

10 He was in the world, and the world was made by him, and the world knew him not.

11 He came unto his own, and his own received him not.

12 But as many as received him, to them gave he power to become the sons of God, *even* to them that believe on his name:

13 Which were born, not of blood, nor of the will of the flesh, nor of the will of man, but of God.

14 And the Word was made flesh, and dwelt among us, (and we beheld his glory, the glory as of the only begotten of the Father,) full of grace and truth.

15 John bare witness of him, and cried, saying, This was he of whom I spake, He that cometh after me is preferred before me: for he was before me.

16 And of his fulness have all we received, and grace for grace.

17 For the law was given by Moses, *but* grace and truth came by Jesus Christ.

18 No man hath seen God at any time; the only begotten Son, which is in the bosom of the Father, he hath declared *him*.

ദൈവത്തെ കൂടാതെ മനുഷ്യനും ഇല്ല, മനുഷ്യനെ കൂടാതെ ദൈവവും ഇല്ല എന്നു ചില വൈദികന്മാർ സ്ഥാപിച്ചിട്ടുള്ളതു വിപരീതമായി തോന്നിയാലും ഒരുവിധേന അങ്ങിനെ നിരൂപിപ്പാൻ സംഗതി ഉണ്ടു പോൽ. എങ്ങിനെ എന്നാൽ സുവിശേഷത്തിൽ വിളങ്ങിയ ആദിസത്യം ആവിതു: ദൈവം തന്നെ വെളിപ്പെടുത്തുന്ന വചനത്തെ കൂടാതെ ഒരു നാളും ഇരുന്നില്ല.

ദൈവം നിൎഗ്ഗുണനല്ല സ്നേഹം തന്നെ; ആകയാൽ അവൻ സ്നേഹിക്കു ന്നത് ഒന്നു അനാദിയായിട്ടു തന്നെ വേണ്ടു. അവൻ അനാദിയായി സ്നേഹി ച്ചതു ഹൃദയസ്ഥനായ പുത്രനെ തന്നെ. ഇവൻ മനുഷ്യനായി ജനിക്കേ ണ്ടുന്നവൻ ആകയാൽ പുത്രനിൽ കൂടി മനുഷ്യജാതിയെയും ദൈവം അനാ ദിയായി സ്നേഹിച്ചിരിക്കുന്നു. സകലവും അവനാൽ ഉണ്ടായിവന്നതുകൊ ണ്ടു ഉണ്ടായിട്ടുള്ളത് എല്ലാം അവനിൽ ആകുന്നു എന്നും (൧, ൩. ൪.) സൎവ്വവും അവങ്കൽ കൂടി നില്ക്കുന്നു എന്നുമുണ്ടല്ലോ (കൊല. ൧, ൧൭.) അതുകൊണ്ടു ദൈവം ഒരിക്കൽ സൃഷ്ടിച്ച മനുഷ്യവംശത്തെ വല്ല കല്പാന്തരത്തിങ്കലും പി ന്നേയും സംഹരിക്കും എന്നുള്ള വിചാരം അജ്ഞാനം അത്രെ. നമ്മുടെ ദൈ വവും ഈ നമ്മുടെ ജാതിയും നിത്യവിവാഹത്താൽ കെട്ടിക്കിടക്കുന്നു. ഇതി ന്നു മുദ്ര ആകുന്നതു വചനം ജഡമായ്വന്നു എന്നുള്ള മഹാവാക്യം തന്നെ.

വചനം എന്നതിന്റെ അൎത്ഥം എങ്കിലോ: പഴയനിയമത്തിൽ യഹോ വ തന്റെ പ്രധാനദൂതനെ കുറിച്ചു എന്റെ ലക്ഷണസംഖ്യയാകുന്ന നാമം അവനിൽ ഉണ്ടു എന്നു കല്പിച്ചതിനാൽ അവൻ സൃഷ്ടി അല്ല എന്നു കാ ണിച്ചു. പിന്നെ ദൈവം മോശയെ തന്റെ തേജോഗുണങ്ങളെ കാണിച്ചു യഹോവനാമം അറിയിച്ചു (൨ മോ. ൨൩, ൨൦. ൨൧; ൩൩, ൧൨—൨൩). ഇങ്ങിനെ സൃഷ്ടിക്കു മേല്പെട്ടുള്ളവൻ ദേവസമ്മുഖദൂതനായി (യശ. ൬൩, ൯) ഇസ്ര യേൽ കാൎയ്യത്തെ മദ്ധ്യസ്ഥനായും നടത്തുന്നവൻ എന്നും, വചനത്താൽ സൃ ഷ്ടിയും (സങ്കീ. ൩൩, ൬) രക്ഷയും (യശ. ൫൫, ൧൧) സംഭവിക്കുന്നു എന്നും, ദൈവത്തിന്റെ ആദ്യജാതയായ ജ്ഞാനസ്വരൂപിണി (യോബ. ൨൮, ൧൨ *ff.*) സുഭ. ൮, ൨൨ *ff.*) ലോകരാജ്ഞിയായി അഭിഷേകം പ്രാപിച്ചു ഭൂമിയെ സ്ഥാ പിച്ചു ശില്പിയെപോലെ സകലവും പണി ചെയ്തു വഴിക്കാക്കി മനുഷ്യപുത്ര ന്മാരിൽ പ്രത്യേകം വാത്സല്യം കാട്ടുന്നു എന്നും, ദേവപുത്രന്റെ നാമം ഒരു മൎമ്മം അത്രെ എന്നും (സുഭ. ൩൦, ൪) മറ്റും പലതും പ്രവാചകമുഖേന അരുളിച്ചെ യ്തിരിക്കുന്നു. അനന്തരം യഹൂദന്മാരുടെ റബ്ബിമാർ പലരും ദൈവത്തിന്നു ഏ കജാതനായി അവനെ വെളിപ്പെടുത്തുന്ന വചനം ഉണ്ടു എന്നും പിതാവ് അവനെ നമുക്കു ഏകുകകൊണ്ടു ദേവതേജസ്സ് പ്രവാചകന്മാരിൽ ആവസി ച്ചും ഇസ്രയേൽ ദൈവപുത്രനായി ചമഞ്ഞും ഇരിക്കുന്നു (൨ മോ. ൪, ൨൨) എന്നും ഏകദേശം അറിഞ്ഞിരുന്നു.

ഈ വക എല്ലാം ഓൎത്തിട്ടു യോഹനാൻ ഏകജാതന്നു വചനം എന്ന നാ മധേയം ഇട്ടിരിക്കുന്നു. സത്യമുള്ള ഏകദൈവത്തെ അറിയുന്നതു നിത്യജീവ നാകുന്നു എന്നുണ്ടല്ലോ (യോ. ൧൭, ൩). എന്നാൽ ദേവപരിജ്ഞാനത്താലും ദേവസംസൎഗ്ഗത്താലും ഉണ്ടാകുന്ന ഠരം ഭാഗ്യപൂൎത്തിയെ മനുഷ്യൻ അനുഭവി പ്പാൻ വേണ്ടി ദൈവം തന്നെ താൻ വെളിപ്പെടുത്തീട്ടു വേണം. പുത്രന്നു അല്ലാതെ സൎവ്വ സൃഷ്ടിക്കും ദൈവം അദൃശ്യനും അഗോചരനുമത്രെ; ആക യാൽ സമസ്ത വെളിപ്പാടു നടക്കേണ്ടതു പുത്രൻമൂലമേ (യോ. ൧, ൧൮; ൩. ൩൫; മത്താ. ൧൧, ൨൭; ൧. തിമോ. ൩, ൧൬). എന്നാൽ മനുഷ്യൻ തന്റെ മനക്കാമ്പിൽ മറഞ്ഞു കിടക്കുന്നതിനെ വചനത്താലേ വെളിപ്പെടുത്തുന്ന പ്രകാരം മാനുഷ ബുദ്ധിക്ക് എത്താത്ത ദേവമൎമ്മങ്ങളെ ഉച്ചരിച്ചു വെളിവാക്കുമാറു ഏകജാതൻ

തന്നെ "വചനം" ആകുന്നു. പിന്നെ ഉള്ളിലേ വിചാരവും വായിലേ വചനവും സമത്വമുള്ളവ ആകുമ്പോലെ വെളിപ്പെട്ടു വരുന്ന പിതാവും വെളിപ്പെടുത്തുന്ന പുത്രനും സമത്വമുള്ളവർ എന്ന സൂചകവും ആ നാമധേയത്തിൽ അടങ്ങുന്നുണ്ടു. പുത്രനെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു (യോ. ൧൪, ൯) എന്നു ചൊല്വാൻ കഴിയുംവണ്ണം പുത്രൻ കേവലം ദൈവത്തിൻ പ്രതിമയും (കൊല. ൧, ൧൫) ദേവതേജസ്സിന്റെ പ്രതിഛ്ശായയും ദേവത്വത്തിന്റെ മുദ്രയും ആകുന്നു (എബ്ര. ൧, ൩). ഈ സമത്വം അത്രെ വെളിപ്പെടുത്തുക എന്ന പ്രവൃത്തിക്കു മൂലാധാരം ആകുന്നു.

എന്നാറെ സകല മനുഷ്യനെയും പ്രകാശിപ്പിക്കുന്ന വെളിച്ചസ്വരൂപൻ കൂടാരത്തിൽ എന്നപോലെ ജഡത്തിൽ വസിച്ചും തന്റെ തേജസ്സാകുന്ന കരുണാസത്യങ്ങളെ വിളങ്ങിച്ചുംകൊണ്ടു താൻ അരികിൽ കാണുന്ന പിതാവെ അറിയാത്തവൎക്കു വ്യാഖ്യാനിച്ചു കൊടുക്കേണ്ടതിന്നും കൈക്കൊള്ളുന്നവരെ തനിക്ക് ഒത്ത ദൈവപുത്രന്മാർ ആക്കുവാൻ അനാദിയായി വിചാരിച്ച വഴി കാട്ടേണ്ടതിന്നും, താൻ ഉണ്ടാക്കിയ ലോകത്തിൽ അവതരിച്ചു വരുവാറായിരുന്നു.

യോ. ൧, ൧—൧൮ എന്ന തലവാചകത്തിന്റെ സാരാംശമായ മൂന്നു ഭാഗങ്ങളാവിതു:

I. വചനം എന്ന ഏകജാതന്റെ ഗുണവൎണ്ണനം. (൧—൫).

1) ദൈവത്തോട് അവനുള്ള സംബന്ധം (൧. ൨).

a) അവന്റെ അനാദിത്വവും *b*) ദേവസാമീപ്യവും *c*) ദേവത്വവും

2) ലോകത്തോട് അവനുള്ള മദ്ധ്യസ്ഥസ്ഥാനം (൩—൫).

a) ലോകസൃഷ്ടിയിലും (൩).
b) നിൎമ്മലമായ ആദ്യസ്ഥിതിയിലും (൪).
c) പാപപതനത്തിന്റെ ശേഷവും (൫).

II. ഏകജാതനെ കൈക്കൊള്ളാത്തവരുടെ അവിശ്വാസം (൬—൧൧).

1) ഉൾപ്രകാശത്താൽ ഇരിട്ടിനെ ജയിച്ചുകൂടാഞ്ഞിട്ടു (൫*b*) വെളിച്ചസ്വരൂപി താൻ അവതരിപ്പാൻ നിശ്ചയിച്ചു; എന്നാൽ കാൎയ്യസിദ്ധിക്കു വേണ്ടി വിശിഷ്ടനായ ഒരു ഘോഷകനെ മുന്നയച്ചു (൬—൮).

a) യോഹനാന്റെ ദിവ്യനിയോഗം (൬).
b) അവന്റെ സാക്ഷ്യത്തിൻ പൊരുളും ലാക്കും (൭—൮).

2) ഇപ്രകാരം മുമ്പിൽ കൂട്ടി എല്ലാം കോപ്പിട്ടെങ്കിലും ഏകജാതൻ ലോകത്തിൽ വന്ന് അനുഭവിച്ചതു അവിശ്വാസം അത്രെ (൯—൧൧).

a) സൎവ്വരെ പ്രകാശിപ്പിക്ക എന്നതേ അവന്റെ രക്ഷാകരമായ വേല (൯).
b) എന്നിട്ടും അവനെ കൈക്കൊണ്ടിട്ടില്ല (൧൦—൧൧).
aa) പണ്ടു (പാപപതനത്തിന്നും ജഡോത്ഭവത്തിന്നും മദ്ധ്യേ ൫*b*) ലോകം അവനെ അറിയാതെ പോയിരുന്നതു പോലെ (൧൦).
bb) ഇപ്പോൾ ഇസ്രയേലുംകൂടെ ജഡമായി വന്നവനെ കൈക്കൊള്ളാതെ തള്ളി കളഞ്ഞു (൧൧).

III. ഏകജാതനെ കൈക്കൊണ്ടിട്ടുള്ളവരുടെ വിശ്വാസം (൧൨—൧൮).

തന്റേവരും അവനെ തള്ളിയെങ്കിലും (൧൧) മാനുഷജാതിയോട് അവനുള്ള സംബന്ധം അററു പോകാതെ അനു തന്നെ സ്ഥിരമായി ചമഞ്ഞതേയുള്ളു. എങ്ങിനെ എന്നാൽ

1) ക്രിസ്തുങ്കലേ വിശ്വാസത്താൽ ദേവമക്കളായി ജനിച്ചിട്ടു പുതിയൊരു നരവംശം അപ്പോൾ തന്നെ ഭൂമിയിൽ ഉദിച്ചു വന്നു (൧൨, ൧൩).

2) ഇവക്ക് വിശ്വാസാധാരവും വിശ്വാസപ്പൊരുളുമായിരിക്കുന്നത് എന്തെന്നാൽ വചനത്തിന്റെ ജഡോത്ഭവം എന്ന മഹാമൎമ്മം തന്നെ (൧൪*a*).

3) ജഡോത്ഭവമോ എത്ര അത്ഭുതമായി തോന്നിയാലും, അതിന്നു പൂൎണ്ണ നിശ്ചയം വന്നതു (൧൪*b*—൧൮)

a) ക്രിസ്തുതേജസ്സിൻ കാണികളായിരുന്ന സുവിശേഷകൻ മുതലായവരുടെ സാക്ഷ്യത്താലും (൧൪*b*)

b) ക്രിസ്തുവരവിനെ മുന്നറിയിച്ച സ്നാപകന്റെ ഘോഷണത്താലും (൧൫)

c) ക്രിസ്തുപൂൎത്തിയിൽനിന്നു കരുണാസത്യങ്ങളെ ഏറിയോന്നു ലഭിച്ച സൎവ്വസഭയുടെ അനുഭവത്താലും (൧൬—൧൮).

aa) കൃപ: മോശയുടെ അവസ്ഥ വേറെ, ക്രിസ്തുന്റേതു വേറെ (൧൭).

bb) സത്യം: ദൈവത്തെ വെളിപ്പെടുത്തുവാൻ ഒരുത്തനേയുള്ളു (൧൮).

---

§ 3.

THE BAPTIST'S BIRTH ANNOUNCED TO ZACHARIAS.

സ്നാപകന്റെ ജനനത്തെ ജകൎയ്യാവിനോട് അറിയിച്ചതു.

LUKE I.

1 Forasmuch as many have taken in hand to set forth in order a declaration of those things which are most surely believed among us,

2 Even as they delivered them unto us, which from the beginning were eyewitnesses, and ministers of the word;

3 It seemed good to me also, having had perfect understanding of all things from the very first, to write unto thee in order, most excellent Theophilus,

4 That thou mightest know the certainty of those things, wherein thou hast been instructed.

5 There was in the days of Herod, the king of Judæa, a certain priest named Zacharias, of the course of Abia: and his wife *was* of the daughters of Aaron, and her name *was* Elisabeth.

6 And they were both righteous before God, walking in all the commandments and ordinances of the Lord blameless.

7 And they had no child, because that Elisabeth was barren, and they both were *now* well stricken in years.

8 And it came to pass, that while he executed the priest's office before God in the order of his course,

9 According to the custom of the priest's office, his lot was to burn incense when he went into the temple of the Lord.

10 And the whole multitude of the people were praying without at the time of incense.

11 And there appeared unto him an angel of the Lord standing on the right side of the altar of incense.

12 And when Zacharias saw *him*, he was troubled, and fear fell upon him.

13 But the angel said unto him, Fear not, Zacharias: for thy prayer is heard; and thy wife Elisabeth shall bear thee a son, and thou shalt call his name John.

14 And thou shalt have joy and gladness; and many shall rejoice at his birth.

15 For he shall be great in the sight of the Lord, and shall drink neither wine nor strong drink; and he shall be filled with the Holy Ghost, even from his mother's womb.

16 And many of the children of Israel shall he turn to the Lord their God.

17 And he shall go before him in the spirit and power of Elias, to turn the hearts of the fathers to the children, and the disobedient to the wisdom of the just; to make ready a people prepared for the Lord.

18 And Zacharias said unto the angel, Whereby shall I know this? for I am an old man, and my wife well stricken in years.

19 And the angel answering said unto him, I am Gabriel, that stand in the presence of God; and am sent to speak unto thee, and to shew thee these glad tidings.

20 And, behold, thou shall be dumb, and not able to speak, until the day that these things shall be performed, because thou believest not my words, which shall be fulfilled in their season.
21 And the people waited for Zacharias, and marvelled that he tarried so long in the temple.
22 And when he came out, he could not speak unto them: and they perceived that he had seen a vision in the temple: for he beckoned unto them, and remained speechless.
23 And it came to pass, that, as soon as the days of his ministration were accomplished, he departed to his own house.
24 And after those days his wife Elisabeth conceived, and hid herself five months, saying,
25 Thus hath the Lord dealt with me in the days wherein he looked on *me*, to take away my reproach among men.

ഇസ്രയേൽ മിക്കവാറും ലൌകികം എങ്കിലും ദൈവം പല ദുഃഖങ്ങളാലും ഓരോരോ ഹൃദയങ്ങളെ നുറുക്കി ചതച്ചും കൊണ്ടു വാഗ്ദത്തനിവൃത്തിയിലുള്ള പ്രത്യാശയെ അവററിൽ ജ്വലിപ്പിച്ചു. ഇസ്രയേലിന്റെ വീഴ്ച കണ്ടു ഖേദിക്കുന്ന ശിമ്യോനും വിധവയായ ഹന്നയും മകനില്ലാത്ത എലിശബ (൨ മോ. ൬, ൨൩.) ജകൎയ്യയും ദാവിദ്വംശത്തിന്റെ ഭ്രംശം വിചാരിക്കുന്ന മറിയയും മാത്രമല്ല മററു പലരും ഇസ്രയേലിന്റെ രക്ഷയെ കാത്തുകൊണ്ട് അപേക്ഷിക്കുന്ന സമയം അഹരോന്യനായ ജകൎയ്യ ഹെബ്രോന്റെ അരികെ മലയിലുള്ള യുത്ത എന്ന ആചാൎയ്യഗ്രാമത്തെ (യോശു. ൨൧, ൧൬.) വിട്ടു എട്ടാം ഊഴക്കാരോടു കൂടെ (൧ നാൾ. ൨൪, ൧൦.) യരുശലേമിൽ ചെന്നു ആഴ്ചവട്ടം കൊണ്ടു ആലയസേവ കഴിച്ചു പാൎത്തു. അവൻ സ്വജാതിക്കു വേണ്ടി പ്രാൎത്ഥിച്ചു ധൂപം കാട്ടിയപ്പോൾ അവന്ന് ഒരു ദിവ്യ വീരൻ പ്രത്യക്ഷനായി. അതാർ എന്നാൽ ഒരു സമ്മുഖദൂതൻ തന്നെ. അവൻ മുമ്പെ മനുഷ്യപുത്രസമനായി ദാനിയേലിന്നു ആവിൎഭവിച്ചു (ദാനി. ൭, ൧൩.) ദേവവീരനാകുന്ന ഗബ്രിയേൽ എന്നു വിളിക്കപ്പെട്ടു (ദാനി. ൮, ൧൫—൧൬.) മദ്ധ്യസ്ഥനായി ദാനിയേലെ ആശ്വസിപ്പിച്ചവൻ (൯, ൨൧; ൧൦, ൫).

അന്നു അവൻ ആചാൎയ്യനോടു പ്രാൎത്ഥനെക്കു നിവൃത്തി വന്ന പ്രകാരം അറിയിച്ചു നിനക്കും പലക്കും സന്തോഷം വരുത്തുന്ന പുത്രൻ ജനിക്കും; യോഹനാൻ ("യഹോവാകൃപൻ") എന്ന് അവന്റെ പേർ ആകും. ഗൎഭം മുതൽ വിശുദ്ധാത്മപൂൎണ്ണനായി നജീർ നേൎച്ചയെ ദീക്ഷിച്ചു (൪ മോ. ൬, ൨.) വളൎന്നപ്പോൾ വരുവാനുള്ള മശീഹയുടെ മുമ്പിൽ എലീയാശക്തിയിൽ നടന്നു (മല. ൩, ൧.), സ്വജാതിയെ അവനായിട്ടു ഒരുക്കി, പിതൃപാരമ്പൎയ്യം പിടിച്ചു കൊള്ളുന്നവരെ കുട്ടിപ്രായവും അവിശ്വാസികളായ ചട്ടക്കാരെ നീതിജ്ഞാനമുള്ളവരും ആക്കി മാററും എന്നതിന്നു ഒർ അടയാളം ചോദിച്ചപ്പോൾ കാൎയ്യസിദ്ധി വരുവോളം ഊമനാക എന്നുള്ള അടയാളം സംഭവിച്ചു. ജകൎയ്യ സംശയം എല്ലാം വിട്ടു സേവയെ തീൎത്തു യുത്തയിലേക്ക് മടങ്ങി പോയി, ഭാൎയ്യ ഗൎഭിണിയായി ലോകസംസൎഗ്ഗം വിട്ടു ശേഷമുള്ള വാഗ്ദത്തനിവൃത്തിക്കായി കാത്തുകൊള്ളുകയും ചെയ്തു.

---

§ 4.

The Angel's Apparition to Mary.

മശീഹാവതാരത്തെ കന്യകമറിയയോട് അറിയിച്ചതു.

LUKE I.

26 And in the sixth month the angel Gabriel was sent from God unto a city of Galilee, named Nazareth,

27 To a virgin espoused to a man whose name was Joseph, of the house of David; and the virgin's name *was* Mary.

28 And the angel came in unto her, and said, Hail, *thou that art* highly favoured, the Lord *is* with thee: blessed *art* thou among women.

29 And when she saw *him*, she was troubled at his saying, and cast in her mind what manner of salutation this should be.

30 And the angel said unto her, Fear not, Mary: for thou hast found favour with God.

31 And, behold, thou shalt conceive in thy womb, and bring forth a son, and shalt call his name JESUS.

32 He shall be great, and shall be called the Son of the Highest: and the Lord God shall give unto him the throne of his father David:

33 And he shall reign over the house of Jacob for ever; and of his kingdom there shall be no end.

34 Then said Mary unto the angel, How shall this be, seeing I know not a man?

35 And the angel answered and said unto her, The Holy Ghost shall come upon thee, and the power of the Highest shall overshadow thee: therefore also that holy thing which shall be born of thee shall be called the Son of God.

36 And, behold, thy cousin Elisabeth, she hath also conceived a son in her old age: and this is the sixth month with her, who was called barren.

37 For with God nothing shall be impossible.

38 And Mary said, Behold the handmaid of the Lord; be it unto me according to thy word. And the angel departed from her.

ആറാം മാസം ചെന്നാറെ മറിയ എന്ന കന്യക ഗലീലനാട്ടിലേ നചറത്ത് ഊരിൽ പാൎക്കുമ്പോൾ ഗബ്രിയേലെ കണ്ടു സ്ത്രീകളിൽ അധികം കൎത്താവിൻ കൃപ ലഭിച്ചവളേ എന്ന സമ്മാനവാക്ക കേട്ടതിശയിച്ചപ്പോൾ നീ മശീഹയെ പ്രസവിക്കും, അവന്നു യേശു (യഹോശു, യോശു, "യഹോവാത്രാണനം") എന്ന പേരെ വിളിക്കേണം, അവന്നു അച്ഛനായ ദാവിദിന്റെ രാജത്വം എന്നേക്കും ഉണ്ടായിരിക്കും എന്ന് കേട്ടാറെ ആയത് എങ്ങിനെ ആകും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ എന്നു ചോദിച്ചപ്പോൾ മൂന്നാമതും ഒരു വാക്ക കേട്ടു: വിശുദ്ധാത്മാവ് നിന്മേൽ വരും, അത്യുന്നതന്റെ ശക്തി നിന്മേൽ ആഛാദിക്കും, അതുകൊണ്ടു ജനിപ്പാനുള്ള ദാവിദ്യൻ ദേവപുത്രൻ എന്നു വിളിക്കപ്പെടും എന്നു കേട്ടതും അല്ലാതെ എലിശബെയുടെ ഗൎഭാവസ്ഥയും അറിഞ്ഞു, ദൈവത്തിന്ന് അസാദ്ധ്യമായ്ത് ഒന്നും ഇല്ല എന്നു ഗ്രഹിച്ചും വിശ്വസിച്ചു, ലോകാപമാനത്തെ വിചാരിയാതെ ദേവാഭിമാനത്തെ സമ്മതിച്ചും ഏററുംകൊണ്ടു ദേവാത്മപൂൎണ്ണയായി സന്തോഷിക്കയും ചെയ്തു.

അന്നു വചനം ജഡമായ്വന്നു. രണ്ടാം ആദാം സ്വൎഗ്ഗത്തിൽനിന്നുള്ള കൎത്താവായി ഇറങ്ങി വന്നു (൧ കൊ. ൧൫, ൪൭. യോ. ൩, ൩൧ *ff.*). ജഡത്തിൽനിന്നു ജനിച്ചതു ജഡം അത്രെ, ആത്മാവിൽനിന്നു ജനിച്ചതു ആത്മാവ് തന്നെ. പുരുഷന്റെ മോഹത്താലല്ല (യോ. ൧, ൧൩.) സ്ത്രീയിൽനിന്നു മാത്രം യേശു ജനിക്കയാൽ (ഗല. ൪, ൪.) ജീവിക്കുന്ന ദേഹിയല്ല സൎവ്വ മനുഷ്യജാതിയെയും പുതുക്കി ജീവിപ്പിക്കുന്ന ആത്മാവായി ലോകം പ്രവേശിച്ചു.

§ 5.

Joseph's Doubts removed by Divine Intervention.

യോസെഫിന്റെ വിവാഹശങ്കെക്കു ദേവവശാൽ നിവൃത്തിവന്നതു.

MATTHEW I.

18 Now the birth of Jesus Christ was on this wise: When as his mother Mary was espoused to Joseph, before they came together, she was found with child of the Holy Ghost.
19 Then Joseph her husband, being a just *man*, and not willing to make her a public example, was minded to put her away privily.
20 But while he thought on these things, behold, the angel of the Lord appeared unto him in a dream, saying, Joseph, thou son of David, fear not to take unto thee Mary thy wife: for that which is conceived in her is of the Holy Ghost.
21 And she shall bring forth a son, and thou shalt call his name JESUS: for he shall save his people from their sins.
22 Now all this was done, that it might be fulfilled which was spoken of the Lord by the prophet, saying,
23 Behold, a virgin shall be with child, and shall bring forth a son, and they shall call his name Emmanuel, which being interpreted is, God with us.
24 Then Joseph being raised from sleep did as the angel of the Lord had bidden him, and took unto him his wife:
25 And knew her not till she had brought forth her firstborn son:

മശീഹയുടെ അമ്മ ആകും എന്ന നിശ്ചയം മറിയെക്ക് ഉണ്ടായപ്പോൾ* വിവാഹം നിശ്ചയിച്ച യോസെഫെ അറിയിക്കേണ്ടി വന്നു. പ്രയാണകാരണത്തെ ചൊല്ലാതെ കണ്ടു ൪ ദിവസം വഴി ദൂരത്തു പോയി ൩ മാസം വേറിട്ടു പാൎപ്പാൻ (§൬) കഴിഞ്ഞില്ല പോൽ. അവളുടെ അവസ്ഥയെ യോസെഫ് കേട്ടാറെ ക്ഷണത്തിൽ വിശ്വസിച്ചതും ഇല്ല കോപിച്ചു പോയതും ഇല്ല. വിവാഹത്തെ എങ്ങിനെ എങ്കിലും മുടക്കേണം എന്നു നിൎണ്ണയിച്ചിട്ടും ലോകാപവാദം വരുത്തുന്ന ഹേതു ഒന്നിനെയും എഴുതാതെ കണ്ട് ഒർ ഉപേക്ഷണച്ചീട്ടു കൊടുപ്പാൻ ഭാവിച്ചു. ഇങ്ങിനെ വിശുദ്ധ കന്യകെക്കു ദുഃഖവും അപമാനവും അകപ്പെട്ടുമാറായപ്പോൾ ദൈവം യോസെഫിന്ന് ഒരു സ്വപ്നത്താൽ പ്രവാചകങ്ങളുടെ നിവൃത്തിയെ (യശ. ൭, ൧൪) ബോധിപ്പിച്ചു, സ്വജനത്തെ പാപത്തിൽനിന്നു രക്ഷിക്കേണ്ടുന്ന രണ്ടാം ദാവിദ് കന്യാപുത്രൻ തന്നെ എന്നു കാട്ടിയപ്പോൾ അവൻ ഉറക്കിൽനിന്നു എഴുനീററു മശീഹയുടെ പോററച്ഛനാവാനുള്ള സ്ഥാനത്തെ അംഗീകരിച്ചു പുറപ്പെട്ടു മറിയയെ ഭാൎയ്യയായി ചേൎത്തുകൊണ്ടു പ്രസവത്തോളം തൊടാതെ മാനിച്ചു പാൎക്കയും ചെയ്തു.

---

* ഗൎഭാരംഭലക്ഷണങ്ങൾ ഉണ്ടായതും (൧൮) യോസെഫ് ദേവനിയോഗപ്രകാരം മറിയയെ വേളി കഴിച്ചതും (൨൪) ഗൎഭം ധരിച്ചിട്ടു ൧൦—൨൦ ദിവസത്തിന്നുള്ളിൽ ആയിരുന്നു എന്നേ വേണ്ടു. ഇതിൻ ശേഷമത്രെ മറിയ യഹൂദെക്കാമാറു യാത്രയായി ൩ മാസത്തോളം എലിശബയോടു കൂടെ പാൎത്തു. പ്രയാണം ചെയ്തു വന്നതിൽ പിന്നെ മാത്രം യോസെഫ് അവളെ ഭാൎയ്യയായി ചേൎത്തുള്ളു എന്ന പക്ഷത്തിൽ വേളിക്കും പ്രസവത്തിന്നും മദ്ധ്യേ ൬ മാസമേ ഇരിക്കുന്നതു കൊണ്ടു വിശുദ്ധ കന്യകെക്കു ലോകാപവാദം വരാതിരിക്കയില്ലയായിരുന്നു, മകന്നും കൌലടേയൻ എന്നു വിളിപ്പാൻ ഇട ഉണ്ടായിരുന്നു. അപ്പോൾ മറിയയുടെ മാനരക്ഷെക്കായി യോസെഫിന്നു ഉണ്ടായ അരുളപ്പാടും മററും പഴുതിലായി എന്നു വരുമല്ലോ. — ലൂക്ക. ൧, ൨൬ ഉം ൩൯ ഉം കാലനിൎണ്ണയത്തോടു നന്നായി ഒക്കുന്നു.

§ 6.

Mary visits Elisabeth. The Baptist's Birth.

മറിയ എലിശബെയെ സന്ദൎശിച്ചതും സ്നാപകന്റെ ജനനവും.

LUKE I.

39 And Mary arose in those days, and went into the hill country with haste, into a city of Juda;

40 And entered into the house of Zacharias, and saluted Elisabeth.

41 And it came to pass, that, when Elisabeth heard the salutation of Mary, the babe leaped in her womb; and Elisabeth was filled with the Holy Ghost:

42 And she spake out with a loud voice, and said, Blessed *art* thou among women, and blessed *is* the fruit of thy womb.

43 And whence *is* this to me, that the mother of my Lord should come to me?

44 For, lo, as soon as the voice of thy salutation sounded in mine ears, the babe leaped in my womb for joy.

45 And blessed *is* she that believed: for there shall be a performance of those things which were told her from the Lord.

46 And Mary said, My soul doth magnify the Lord.

47 And my spirit hath rejoiced in God my Saviour.

48 For he hath regarded the low estate of his handmaiden: for, behold, from henceforth all generations shall call me blessed.

49 For he that is mighty hath done to me great things; and holy *is* his name.

50 And his mercy *is* on them that fear him from generation to generation.

51 He hath shewed strength with his arm; he hath scattered the proud in the imagination of their hearts.

52 He hath put down the mighty from *their* seats, and exalted them of low degree.

53 He hath filled the hungry with good things; and the rich he hath sent empty away.

54 He hath holpen his servant Israel, in remembrance of *his* mercy;

55 As he spake to our fathers, to Abraham, and to his seed for ever.

56 And Mary abode with her about three months, and returned to her own house.

57 Now Elisabeth's full time came that she should be delivered; and she brought forth a son.

58 And her neighbours and her cousins heard how the Lord had shewed great mercy upon her; and they rejoiced with her.

59 And it came to pass, that on the eighth day they came to circumcise the child; and they called him Zacharias, after the name of his father,

60 And his mother answered and said, Not *so;* but he shall be called John.

61 And they said unto her, There is none of thy kindred that is called by this name.

62 And they made signs to his father, how he would have him called.

63 And he asked for a writing table, and wrote, saying, His name is John. And they marvelled all.

64 And his mouth was opened immediately, and his tongue *loosed*, and he spake, and praised God.

65 And fear came on all that dwelt round about them: and all these sayings were noised abroad throughout all the hill country of Judæa.

66 And all they that heard *them* laid *them* up in their hearts, saying, What manner of child shall this be! And the hand of the Lord was with him.

67 And his father Zacharias was filled with the Holy Ghost, and prophesied, saying,

68 Blessed *be* the Lord God of Israel; for he hath visited and redeemed his people,

69 And hath raised up an horn of salvation for us in the house of his servant David;

70 As he spake by the mouth of his holy prophets, which have been since the world began:

71 That we should be saved from our enemies, and from the hand of all that hate us;

72 To perform the mercy *promised* to our fathers, and to remember his holy covenant;

73 The oath which he sware to our father Abraham,

74 That he would grant unto us, that we being delivered out of the hand of our enemies might serve him without fear,

75 In holiness and righteousness before him, all the days of our life.

76 And thou, child, shalt be called the prophet of the Highest: for thou shalt go before the face of the Lord to prepare his ways;

77 To give knowledge of salvation unto his people by the remission of their sins,

78 Through the tender mercy of our God; whereby the dayspring from on high hath visited us,

79 To give light to them that sit in darkness and *in* the shadow of death, to guide our feet into the way of peace.

80 And the child grew, and waxed strong in spirit, and was in the deserts till the day of his shewing unto Israel.

ഇവ്വണ്ണം കൎത്തൃകടാക്ഷത്താൽ മനഃക്ലേശം എല്ലാം തീൎന്ന ശേഷം മറിയ എലിശബെയെ കണ്ടാശ്വസിപ്പാൻ യഹൂദയിലേക്കു യാത്രയായി. യുത്താ എന്ന ആചാൎയ്യഗ്രാമത്തിൽ എത്തി എലിശബെയെ സമ്മാനിച്ചു ഉടനെ പരിശുദ്ധാത്മാവിന്റെ ഒരു വിശേഷ മുദ്ര സംഭവിച്ചതിനാൽ ആനന്ദിപ്പാൻ സംഗതിവന്നു. ഗൎഭത്തിലുംകൂട മശീഹയുടെ വരവ് അറിയിപ്പാൻ അവന്റെ അഗ്രേസരനു ദേവാത്മനിയോഗം ഉണ്ടായി. വാഴക സ്ത്രീകളിൽ അനുഗ്രഹം ഏറിയവളും എന്റെ കൎത്താവിന്റെ അമ്മയും ആയവളേ, നീ വിശ്വസിച്ചതിനാൽ ധന്യ എന്നും മറ്റും കേട്ടപ്പോൾ മറിയയും ആത്മസമൃദ്ധിയാൽ ഒരു സ്തുതി പാടി ഇസ്രയേല്ക്കും രാജവംശത്തിന്നും താഴ്ച അധികമായ സമയത്തു സാധുക്കളേയും വിശന്നവരേയും സ്വകരുണാസത്യത്താലെ തൃപ്തന്മാരാക്കിയ യഹോവയെ ഉയൎത്തി വൃദ്ധയായ സ്നേഹിതിയോടു കൂട ദുഃഖം എന്നിയെ മൂന്നു മാസം പാൎക്കയും ചെയ്തു.

മറിയ പോയാറെ എലിശബെ യോഹനാനെ പ്രസവിച്ചു. അഛ്ശനും നാവു തുറന്നപ്പോൾ സ്വൎഗ്ഗത്തിൽനിന്നു യഹോവ ഉദിച്ചുവന്നിട്ടു (യശ. ൬൦, ൧*ff.*) സത്യാചാൎയ്യൻ പാപമോചനത്താൽ വിശുദ്ധ ആരാധനയെ വരുത്തുന്ന രക്ഷയെ സ്തുതിച്ചു, ഈ കൃപാസൂൎയ്യനെ അറിയിക്കേണ്ടതിന്നു പുത്രൻ രാജദൂതനായി മുന്നടന്നു വഴിയെ നന്നാക്കും എന്നു ദൎശിച്ചു സന്തോഷിക്കയും ചെയ്തു.

---

§ 7.

THE GENEALOGIES OF JOSEPH (by Matthew) AND MARY (by Luke).

യോസെഫ് മറിയ എന്നിരുവരുടെ വംശാവലി.

MATTHEW I.

1 The book of the generation of Jesus Christ, the son of David, the son of Abraham.
2 Abraham begat Isaac; and Isaac begat Jacob; and Jacob begat Judas and his brethren;
3 And Judas begat Phares and Zara of Thamar; and Phares begat Esrom; and Esrom begat Aram;
4 And Aram begat Aminadab; and Aminadab begat Naasson; and Naasson begat Salmon;
5 And Salmon begat Booz of Rachab; and Booz begat Obed of Ruth; and Obed begat Jesse;
6 And Jesse begat David the king; and David the king begat Solomon of her *that had been the wife* of Urias;
7 And Solomon begat Roboam; and Roboam begat Abia; and Abia begat Asa;
8 And Asa begat Josaphat; and Josaphat begat Joram; and Joram begat Ozias;
9 And Ozias begat Joatham; and Joatham begat Achaz; and Achaz begat Ezekias;
10 And Ezekias begat Manasses; and Manasses begat Amon; and Amon begat Josias;

LUKE III.

23 . . . . . Jesus being (as was supposed) the son of Joseph, which was *the son* of Heli,
24 Which was *the son* of Matthat, which was *the son* of Levi, which was *the son* of Melchi, which was *the son* of Janna, which was *the son* of Joseph,
25 Which was *the son* of Mattathias, which was *the son* of Amos, which was *the son* of Naum, which was *the son* of Esli, which was *the son* of Nagge,
26 Which was *the son* of Maath, which was *the son* of Mattathias, which was *the son* of Semei, which was *the son* of Joseph, which was *the son* of Juda,
27 Which was *the son* of Joanna, which was *the son* of Rhesa, which was *the son* of Zorobabel, which was *the son* of Salathiel, which was *the son* of Neri,
28 Which was *the son* of Melchi, which was *the son* of Addi, which was *the son* of Cosam, which was *the son* of Elmodam, which was *the son* of Er,
29 Which was *the son* of Jose, which was *the son* of Eliezer, which was *the son* of Jorim, which was *the son* of Matthat, which was *the son* of Levi,
30 Which was *the son* of Simeon, which was *the son* of Juda, which was *the son* of Joseph, which was *the son* of Jonan, which was *the son* of Eliakim,
31 Which was *the son* of Melea, which was *the son* of Menan, which was *the son* of Mattatha, which was *the son* of Nathan, which was *the son* of David,

11 And Josias begat Jechonias and his brethren, about the time they were carried away to Babylon;
12 And after they were brought to Babylon, Jechonias begat Salathiel; and Salathiel begat Zorobabel;
13 And Zorobabel begat Abiud; and Abiud begat Eliakim; and Eliakim begat Azor;
14 And Azor begat Sadoc; and Sadoc begat Achim; And Achim begat Eliud;
15 And Eliud begat Eleazar; and Eleazar begat Matthan; and Matthan begat Jacob;
16 And Jacob begat Joseph the husband of Mary, of whom was born Jesus, who was called Christ.
17 So all the generations from Abraham to David *are* fourteen generations; and from David until the carrying away into Babylon *are* fourteen generations; and from the carrying away into Babylon unto Christ *are* fourteen generations.

32 Which was *the son* of Jesse, which was *the son* of Obed, which was *the son* of Booz, which was *the son* of Salmon, which was *the son* of Naasson,
33 Which was *the son* of Aminadab, which was *the son* of Aram, which was *the son* of Esrom, which was *the son* of Phares, which was *the son* of Juda,
34 Which was *the son* of Jacob, which was *the son* of Isaac, which was *the son* of Abraham, which was *the son* of Thara, which was *the son* of Nachor,
35 Which was *the son* of Saruch, which was *the son* of Ragau, which was *the son* of Phalec, which was *the son* of Heber, which was *the son* of Sala,
36 Which was *the son* of Cainan, which was *the son* of Arphaxad, which was *the son* of Sem, which was *the son* of Noe, which was *the son* of Lamech,
37 Which was *the son* of Mathusala, which was *the son* of Enoch, which was *the son* of Jared, which was *the son* of Maleleel, which was *the son* of Cainan,
38 Which was *the son* of Enos, which was *the son* of Seth, which was *the son* of Adam, which was *the son* of God.

മറിയ താൻ ദാവിദ്വംശത്തിൽ ഉള്ളവൾ എന്നു വേദത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടില്ല. അതിനെ സൂചിപ്പിക്കുന്ന വചനങ്ങൾ ഉണ്ടു താനും (അപ്പോ. ൧൩, ൨൩. റോമ. ൧, ൩. ലൂക്ക. ൧, ൩൨). എലിശബെ അവൾക്കു ബന്ധുവാകയാൽ (ലൂക്ക. ൧, ൩൬) മറിയയും ലേവിയിൽനിന്നുത്ഭവിച്ചവൾ എന്നതു ചിലരുടെ മതം. എങ്കിലും യഹൂദ പ്രബന്ധങ്ങളും അവൾ ഏളിയുടെ മകൾ എന്നു പറകകൊണ്ടു ലൂക്ക. ൩, ൨൩—൩൮ പറഞ്ഞ വംശപാരമ്പൎയ്യം യോസേഫിന്റെ അല്ല, അവളുടെ പൂൎവ്വന്മാരെ കുറിച്ചാകുന്നു എന്നു തോന്നുന്നു.

യോസേഫിന്റെ വംശാവലിയെ മത്തായി (൧, ൧) യേശു ക്രിസ്തന്റെ ഉൽപത്തി പുസ്തകത്തിൽ എഴുതി, ൧൪ തലമുറകൊണ്ടു അബ്രഹാമിൽനിന്നു ദാവിദ്രാജാവോളം വംശവൎദ്ധനയും, ൧൪ തലമുറകൾ രാജാക്കന്മാർ വാണു കഴിഞ്ഞതും, പിന്നെ ബാബെലിൽനിന്നു മടങ്ങിവന്ന ശേഷം ദാവിദ്യർ പിന്നെയും ൧൪ തലമുറകളെ കൊണ്ടു ക്ഷയിച്ചപ്പോൾ ആശാരിയുടെ മകനാൽ കാലപൂൎത്തിയും പുരാണവാഗ്ദത്തങ്ങൾക്കു നിവൃത്തിയും ക്ഷണത്തിൽ വന്നപ്രകാരം അറിയിച്ചിരിക്കുന്നു.

[തലമുറ എന്ന ചൊൽ ഇവിടെ കാലവാചി എന്നു തോന്നുന്നു. ലൂക്കാവെ നോക്കിയാൽ അബ്രഹാം മുതൽ യേശുവരെയും ൪൨ അല്ല ഒരു ൧൪ അധികം ആകെ ൫൬ പുരുഷാന്തരമായിട്ടു കാണാം. കാലത്തെ സൂചിപ്പിക്കേണ്ടതിന്നു മത്തായി യോരാമിന്റെ ശേഷം അഹസ്ര്യ, യോവശ്, അമച്ച്യ, യോയക്കീം മുതലായ നാമങ്ങളെ വിട്ടു സംക്ഷേപിച്ചെഴുതി. പിന്നെ മൂന്നാം ഇടത്തു ൧൩ തലമുറകളെ മാത്രം പേർ വിവരമായി കാണുന്നുണ്ടു. അതിനാൽ പക്ഷെ യേശു ൧൩ ആമത്തും ജീവിച്ചെഴുനീററ അഭിഷിക്തൻ ൧൪ ആമത്തും ഇങ്ങിനെ ൪൨ണ്ടിന്റെയും അവസാനം യരുശലേമിന്റെ നാശംവരെ ഉള്ള തലമുറ (മത്ത. ൨൩, ൩൬. ൨൪, ൩൪) എന്നും സൂചിപ്പിച്ചിരിക്കുന്നു. ഒരു തലമുറെക്കു പണ്ടു ൮൦ വൎഷം കണ്ടു അബ്രഹാം ജനനം മുതൽ ദാവിദ്രാജത്വപൎയ്യന്തം ൧൧൨൦ ആണ്ടും പിറെറ തലമുറകൾക്കു ൪൦ വൎഷം കണ്ടു പിന്നെയും ൧൧൨൦ ആണ്ടും ഉണ്ടു.]

§ 8.

Our Saviour's Birth.

യേശുവിന്റെ ജനനം.

LUKE II.

1 And it came to pass in those days, that there went out a decree from Cæsar Augustus, that all the world should be taxed.
2 (*And* this taxing was first made when Cyrenius was governor of Syria.)
3 And all went to be taxed, every one into his own city.
4 And Joseph also went up from Galilee, out of the city of Nazareth, into Judæa, unto the city of David, which is called Bethlehem; (because he was of the house and lineage of David:)
5 To be taxed with Mary his espoused wife, being great with child.
6 And so it was, that, while they were there, the days were accomplished that she should be delivered.
7 And she brought forth her first-born son, and wrapped him in swaddling clothes, and laid him in a manger; because there was no room for them in the inn.
8 And there were in the same country shepherds abiding in the field, keeping watch over their flock by night.
9 And, lo, the angel of the Lord came upon them, and the glory of the Lord shone round about them: and they were sore afraid.
10 And the angel said unto them, Fear not: for, behold, I bring you good tidings of great joy, which shall be to all people.
11 For unto you is born this day in the city of David a Saviour, which is Christ the Lord.
12 And this *shall be* a sign unto you; Ye shall find the babe wrapped in swaddling clothes, lying in a manger.
13 And suddenly there was with the angel a multitude of the heavenly host praising God, and saying,
14 Glory to God in the highest, and on earth peace, good will toward men.
15 And it came to pass, as the angels were gone away from them into heaven, the shepherds said one to another, Let us now go even unto Bethlehem, and see this thing which is come to pass, which the Lord hath made known unto us.
16 And they came with haste, and found Mary, and Joseph, and the babe lying in a manger.
17 And when they had seen *it*, they made known abroad the saying which was told them concerning this child.
18 And all they that heard *it* wondered at those things which were told them by the shepherds.
19 But Mary kept all these things, and pondered *them* in her heart.
20 And the shepherds returned, glorifying and praising God for all the things that they had heard and seen, as it was told unto them.

മറിയെക്കു ഗൎഭം തികയുമാറായപ്പോൾ ഭൎത്താവോട് ഒന്നിച്ചു ബെത്ത്ലെഹെം എന്ന യഹൂദഗ്രാമത്തിലേക്കു യാത്ര ആവാൻ സംഗതി വന്നു. അതിന്റെ കാരണമോ രോമസാമ്രാജ്യത്തിൽ സ്വാതന്ത്ര്യം ഒടുക്കി ചക്രവൎത്തിയായി ഉയൎന്ന ഔഗുസ്തൻ കൈസർ (ക്രി. മു. ൩൦ തുടങ്ങി ക്രിസ്താബ്ദം ൧൪വരെ) സകല യുദ്ധങ്ങളേയും സമൎപ്പിച്ചു, ൨൦൦ വൎഷം തുറന്നു നിന്ന യുദ്ധദേവക്ഷേത്രത്തിന്റെ വാതിൽ അടെച്ചു വെച്ചശേഷം (ക്രി. മു. ൮) രാജ്യങ്ങളെ ഒരു കോല്ക്കടക്കി വഴിക്കാക്കുമ്പോൾ ഓരോരൊ നാടുകളിലേ നിവാസികളേയും വസ്തുവകകളേയും എണ്ണിച്ചാൎത്തുവാൻ വളരെ ഉത്സാഹിച്ചു. അന്യരാജ്യങ്ങളിൽ നടക്കുന്നതുപോലെ ഹെരോദാവും യഹൂദനാട്ടിൽ പൈമാശി ചെയ്വാൻ തുടങ്ങി. ജനങ്ങളുടെ വിരോധം നിമിത്തം അതിന്നു താമസം വന്നു എന്നു തോന്നുന്നു. എങ്ങിനെ ആയാലും ഹെരോദാവും മകനും നാടു നീങ്ങിയശേഷം അത്രെ സുറിയനാട്ടുവാഴിയായ കിരീനൻ കനാനിൽ വന്നു, ഗലീല്യനായ യഹൂദാ (അപോ. ൫, ൩൭) കലഹിച്ചിട്ടും ആ ചാൎത്തൽ കഴിച്ചു ദേവജാതിയെ രോമക്കു ദാസരാക്കി വെക്കുകയും ചെയ്തിരിക്കുന്നു (൭. ക്രി.).

ഇങ്ങിനെ മോശധൎമ്മത്തിൽ മാത്രം അല്ല രോമദാസ്യത്തിലും അകപ്പെട്ടു ജനിപ്പാൻ മശീഹെക്കു ദേവവിധി ഉണ്ടായിട്ടു യോസെഫും മറിയയും പിതാവായ ദാവിദിൻ ഊരിൽ വന്നു പേർ ചാൎത്തിക്കേണ്ടതിന്നായി ഒരു ചെറു പുരയിൽ പാൎത്തു. അത് ഒരു ഗുഹ ആകുന്നു എന്നു യുസ്തീൻ പറഞ്ഞ ഒരു പുരാണ ശ്രുതി ഉണ്ടു. അവിടെവെച്ചു മറിയ ശിശുവെ പ്രസവിച്ചു തന്റെ ദാരിദ്ര്യാവസ്ഥയെ വിചാരിയാതെ യേശു എന്ന ദിവ്യനാമം വിളിച്ചു താഴ്മയോടെ അവന്റെ രാജത്വത്തെ പാൎത്തിരിക്കയും ചെയ്തു.

ഈ ജനനം സംഭവിച്ചതു ഇപ്പോൾ പറയുന്ന ഒന്നാം ക്രിസ്താബ്ദത്തിൽ അല്ല അതിന്നു ൪ വൎഷം മുമ്പെ ആകുന്നു. ആയതു ഔഗുസ്തന്റെ ൨൬ാം ആണ്ടും രോമനഗരവൎഷം ൭൫൦ാമതും ആകുന്നു. ആയതു ഹെരോദാവിന്റെ അന്ത്യവൎഷം തന്നെ. മാസവും ദിവസവും അറിയുന്നില്ല ജനുവരി അല്ലെങ്കിൽ ഫെബ്രുവരി മാസത്തിൽ ജനിച്ചു എന്നു വിചാരിപ്പാൻ സംഗതി ഉണ്ടു.

ഈ ജനനത്തിന്റെ ഹീനതയാൽ ദേവമാനത്തിന്നു കുറവു വരാത്തവണ്ണം തൽക്ഷണം ഒർ അതിശയം സംഭവിച്ചു. കന്നുകാലിക്കൂട്ടങ്ങളെ മേയ്ക്കുന്നവർ ചിലർ വന്നു ജീൎണ്ണവസ്ത്രം പുതച്ചും തൊട്ടിയിൽ കിടന്നും ഉള്ള ശിശുവെ തിരഞ്ഞു കണ്ടു വണങ്ങി സന്തോഷിക്കയും ചെയ്തു. അമ്മയും യോസേഫും ആശ്ചൎയ്യപ്പെട്ടു ചോദിച്ചാറെ വയലിൽവെച്ചു ദേവതേജസ്സു കണ്ടതും ഒരു ദൂതൻ ദാവിദൂരിൽ മശീഹയുടെ ജനനം അറിയിച്ചതും മനുഷ്യരിൽ ദേവപ്രസാദം ഇറങ്ങി വന്നതിനാൽ വാനങ്ങളിൽ ദേവമഹത്വം വിളങ്ങി ഭൂമിയിൽ സ്വൎഗ്ഗീയസമാധാനം പുക്കും ഇരിക്കുന്നു എന്നു വാനോരുടെ സ്തുതിഗാനം തങ്ങൾ കേട്ടതും ബോധിപ്പിച്ചു മറിയെക്കും പല യോഗ്യന്മാൎക്കും വിചാരിച്ചു ധ്യാനിച്ചുകൊൾവാൻ ഹേതു ജനിപ്പിക്കയും ചെയ്തു.

---

§ 9.

Christ's Circumcision and Presentation in the Temple.

യേശുവിന്റെ പരിഛേദനയും ദേവാലയത്തിലെ അൎപ്പണവും.

MATT. I. 25*b*. . . . and he called his name JESUS.

LUKE II.

21 And when eight days were accomplished for the circumcising of the child, his name was called JESUS, which was so named of the angel before he was conceived in the womb.

22 And when the days of her purification according to the law of Moses were accomplished, they brought him to Jerusalem, to present *him* to the Lord;

23 (As it is written in the law of the Lord, Every male that openeth the womb shall be called holy to the Lord;)

24 And to offer a sacrifice according to that which is said in the law of the Lord, A pair of turtledoves, or two young pigeons.

25 And, behold, there was a man in Jerusalem, whose name *was* Simeon; and the same man *was* just and devout, waiting for the consolation of Israel: and the Holy Ghost was upon him.

26 And it was revealed unto him by the Holy Ghost, that he should not see death, before he had seen the Lord's Christ.

27 And he came by the Spirit into the temple: and when the parents brought in the child Jesus, to do for him after the custom of the law,

28 Then took he him up in his arms, and blessed God, and said,

29 Lord, now lettest thou thy servant depart in peace, according to thy word:

30 For mine eyes have seen thy salvation,
31 Which thou hast prepared before the face of all people;
32 A light to lighten the Gentiles, and the glory of thy people Israel.
33 And Joseph and his mother marvelled at those things which were spoken of him.
34 And Simeon blessed them, and said unto Mary his mother, Behold, this *child* is set for the fall and rising again of many in Israel; and for a sign which shall be spoken against;
35 (Yea, a sword shall pierce through thy own soul also,) that the thoughts of many hearts may be revealed.
36 And there was one Anna, a prophetess, the daughter of Phanuel, of the tribe of Aser: she was of a great age, and had lived with an husband seven years from her virginity;
37 And she *was* a widow of about fourscore and four years, which departed not from the temple, but served *God* with fastings and prayers night and day.
38 And she coming in that instant gave thanks likewise unto the Lord, and spake of him to all them that looked for redemption in Jerusalem.
39 And when they had performed all things according to the law of the Lord, . . .

ദേവപുത്രൻ ഇസ്രയേലിൽ തന്നെ അവതരിക്കയാൽ ജനനം മുതൽ മരണപൎയ്യന്തം ദേവജാതിയുടെ ധൎമ്മത്തിന്നും ആചാരനിഷ്ഠെക്കും അധീനനായി പാൎത്തു. തന്റെ ആശ്രിതന്മാർ എന്ന പോലെ അവനും ധൎമ്മത്താലെ ധൎമ്മത്തിന്നു മരിക്കേ ഉള്ളു. ദൈവത്തോടു സമനായിരിക്കുന്നതു താൻ കവൎച്ച പോലെ പിടിച്ചില്ലല്ലോ. ആകയാൽ അശുദ്ധി ഏതും ഇല്ലാത്തവൻ എങ്കിലും ജനിച്ച് എട്ടാം ദിവസത്തിൽ ചേലാകൎമ്മം ഉണ്ടായി, അവൻ ഇസ്രയേൽ സഭയുടെ വിശുദ്ധിയുള്ള അവയവം ആയ്തീൎന്നു യേശു എന്ന നാമധേയം ലഭിക്കയും ചെയ്തു.

പിന്നെ ജനിച്ചിട്ടു നാല്പതാം ദിവസത്തിൽ യരുശലേം ദേവാലയത്തിൽ ചെല്ലേണ്ടി വന്നു. അതു അപ്പോൾ എത്രയും ശോഭനമായി നിൎമ്മിച്ചു തീരുന്നതു എങ്കിലും കള്ളന്മാരുടെ ഗുഹ ആവാൻ തുടങ്ങി (മത്ത. ൨൧, ൧൩). മോറിയ മലയുടെ ചുവട്ടിൽ ചുററും ഒരു വലിയ മണ്ഡപം ഉണ്ടു, വാതിലും ചുവരും ഇല്ല, ആയതത്രെ സൎവ്വ യഹൂദന്മാരും കൂടുന്ന സ്ഥലം (യോ. ൧൦, ൨൩); പുറജാതികൾക്കും അവിടെ ചെല്ലാം. ആ പ്രാകാരത്തിൽ കൂടി നടന്നാൽ ൰ മുളം ഉയരമുള്ള ചുവർ ഉണ്ടു, അതിൽ കൂടി ൧൪ പടികളിന്മേൽ ഇസ്രയേൽ പ്രാകാരത്തിൽ കയറി ചെല്ലാം. അതിന്റെ കിഴക്കേ ഭാഗം സ്ത്രീകൾക്കായി വേൎത്തിരിച്ചതു. പിന്നെ ഒരു ചുവരിന്മേൽ കയറിയാൽ ആചാൎയ്യന്മാരുടെ പ്രാകാരത്തിൽ കടക്കാം; അതിൽ ചെല്ലുന്ന വാതിൽ സ്വൎണ്ണമയമായ ചിത്രപ്പണിയുള്ളതു. അതിന്റെ നടുവിൽ അത്രെ ദേവാലയം. പൂൎവ്വ ഭാഗത്തു ൩൦ മുളം നീളവും അകലവും ൧൫ മുളം ഉയരവുമുള്ള ഹോമപീഠം ഉണ്ടു, ആയത് ഇരിമ്പു തൊടാത കല്ലുകളെ കൊണ്ടു തീൎത്തതാകുന്നു. ദേവാലയത്തിന്റെ മുററം ൧൦൦ മുളം നീളവും അപ്രകാരം അകലവും ഉള്ളതാകുന്നു. പൊൻപൂശലുള്ള വാതിൽ ൭൦ മുളം ഉയരം ഉണ്ടു. ശുദ്ധ സ്ഥലത്തേക്കുള്ള വാതിലിന്മീതെ ഒരു സ്വൎണ്ണവൃക്ഷം ഉണ്ടു, അതു ആൾ വൎണ്ണത്തിലുള്ള പൊന്മുന്തിരിങ്ങകൾ ഉള്ളതു, യഹൂദരുടെ കാഴ്ചകളാൽ ക്രമത്താലെ തീൎന്നു വന്നതു. ശുദ്ധസ്ഥലത്തിന്നകത്തു നിലവിളക്കും അപ്പപ്പീഠവും ധൂപപീഠവും ഉണ്ടു. അതിൻ പിറകിൽ ഏതും ഇല്ലാത്ത അതിവിശുദ്ധസ്ഥലം ൨൦ മുളം സമചതുരമായി തീൎത്തു. പരദേശത്തുനിന്നു വന്നു നോക്കിയാൽ മല മുഴുവനും ഹിമമയമായി വെളുത്തു കാണുന്നു, മിനുക്കിയ കല്ലിന്റെ വിശേഷതയാൽ തന്നെ. ദേവാലയം പൊൻമയമായും പുലരുമ്പോൾ അഗ്നി പോലെ

ജ്വലിക്കുന്നതും ആകുന്നു. വല്ല മത്സരങ്ങളേയും അടക്കുവാൻ മൊറിയ മലെക്ക് എതിരെ ഒരു കൊട്ടുമ്പാറമേൽ അന്തോന്ന്യകോട്ട ൬൦ മുളം ഉയരമുള്ള ഗോപുരങ്ങളോട്ടും ആലയപ്രാകാരത്തോളം എത്തുന്ന കല്ലടകളോട്ടും കൂട ഉണ്ടായിരുന്നു (അപ്പോ. ൨൧, ൩൧—൪൦). മററും പല നിൎമ്മാണങ്ങളും ദേവാലയത്തിന്റെ ചുററും പണി ചെയ്തു നടന്നു, യേശുവിന്റെ ദൎശനകാലത്തു തികഞ്ഞുവരാതെ കൊണ്ടിരുന്നു (യോ. ൨, ൨൦).

മശീഹ ദേവാലയത്തിൽ വരുവാനുള്ള കാരണം എന്ത് എന്നാൽ അമ്മ ശുദ്ധീകരണത്തിന്നുള്ള ൪൦ ദിവസം തികഞ്ഞതു കൊണ്ടു കുഞ്ഞാട്ടു വാങ്ങുവാൻ ദ്രവ്യം പോരായ്കയാൽ ഒർ ഇണ പ്രാവു വാങ്ങി കൊണ്ടു പോകേണ്ടതു (൩ മോശ ൧൨, ൮.) അതു കൂടാതെ കടിഞ്ഞൂൽ എല്ലാം യഹോവെക്കു പരിശുദ്ധമാകയാൽ പുത്രനെ യഹോവെക്ക് അൎപ്പിക്കയും (൨ മോ. ൧൩, ൨.) മുങ്കുട്ടികൾക്കു പകരം ലേവി ഗോത്രക്കാരെ ആലയസേവെക്കു വേൎത്തിരിച്ചതു കൊണ്ട് അഞ്ചു ശേഖൽ വെള്ളി (ഏകദേശം ൱ [രൂപ്പിക) വെച്ചു മുങ്കുട്ടിയെ വീണ്ടെടുക്കയും വേണ്ടി ഇരുന്നു (൪ മോ. ൧൮, ൧൫ *f.*)

അപ്രകാരം ചെയ്വാൻ അടുത്തപ്പോൾ ശിമ്യോൻ എന്ന് ഒരു വൃദ്ധൻ ശിശുവെ കൈയിൽ എടുത്തു സ്വജാതിക്ക് ഉദിച്ചു വന്ന ദേവരക്ഷയെ കണ്ടതിന്നിമിത്തം സന്തോഷിച്ചു കൃതാൎത്ഥനായി ലോകം വിട്ടുവാൻ ഒരുങ്ങുകയും ചെയ്തു. ഇവൻ സകല ജാതികളെയും പ്രകാശിപ്പിക്കുന്ന വെളിച്ചവും ഇസ്രയേലിന്റെ തേജസ്സും ആയി ലഭിച്ചു (യശ. ൪൯, ൬.) എന്നു സ്തുതിച്ചതല്ലാതെ ഇസ്രയേലിൽ പലരും മറുത്തു പറകയാൽ മശീഹ മൂലമായി എഴനീല്പു മാത്രമല്ല പലൎക്കും വീഴ്ചയും ഉള്ളം വെളിപ്പെടുത്തുന്ന ന്യായവിധിയും സംഭവിക്കും എന്നും, അമ്മയുടെ ഹൃദയത്തിൽ കൂടി ഒരു വാൾ കടക്കും എന്നും (ലൂക്ക. ൨, ൪൮; യോ. ൧൯, ൨൫) അറിയിച്ചു മറിയെക്കും യോസെഫിന്നും ആശ്ചൎയ്യം ജനിപ്പിക്കയും ചെയ്തു.

ശിമ്യോൻ ആത്മനിയോഗത്താൽ ദേവാലയത്തിൽ വന്നതല്ലാതെ ദിവസേന നോററും പ്രാൎത്ഥിച്ചും കൊണ്ട് അതിൽ ചെല്ലുന്ന ഹന്ന എന്ന വിധവ മശീഹയെ കണ്ടു സന്തോഷിച്ചു വയസ്സു മറന്നു ബദ്ധപ്പെട്ടു യരുശലേമിൽ രക്ഷാഗ്രഹികളെ നോക്കി നടന്നു ഈ സുവിശേഷം അറിയിക്കയും ചെയ്തു.

---

§ 10.

CHRIST'S EARLIEST WORSHIPPERS FROM AMONG THE GENTILES.

പുറജാതികളിൽനിന്നു ആദ്യപ്രജകളായി മശീഹയെ വണങ്ങിയ മാഗർ.

MATT. II.

1 Now when Jesus was born in Bethlehem of Judæa in the days of Herod the king, behold, there came wise men from the east to Jerusalem,

2 Saying, Where is he that is born King of the Jews? for we have seen his star in the east, and are come to worship him.

3 When Herod the king had heard *these things*, he was troubled, and all Jerusalem with him.

4 And when he had gathered all the chief priests and scribes of the people together, he demanded of them where Christ should be born.

5 And they said unto him, In Bethlehem of Judæa: for thus it is written by the prophet,
6 And thou Bethlehem, *in* the land of Juda, art not the least among the princes of Juda: for out of thee shall come a Governor, that shall rule my people Israel.
7 Then Herod, when he had privily called the wise men, inquired of them diligently what time the star appeared.
8 And he sent them to Bethlehem, and said, Go and search diligently for the young child; and when ye have found *him*, bring me word again, that I may come and worship him also.
9 When they had heard the king, they departed; and, lo, the star, which they saw in the east, went before them, till it came and stood over where the young child was.
10 When they saw the star, they rejoiced with exceeding great joy.
11 And when they were come into the house, they saw the young child with Mary his mother, and fell down, and worshipped him: and when they had opened their treasures, they presented unto him gifts; gold, and frankincense, and myrrh.
12 And being warned of God in a dream that they should not return to Herod, they departed into their own country another way.

എങ്കിലും ഇസ്രയേലിൽനിന്നു മാത്രമല്ല പുറജാതികളിൽനിന്നും മശീഹയെ കണ്ടു തൊഴുവാൻ ഒരു കൂട്ടം പ്രജകൾ വന്നു. പാസ്സി മേദ ജാതികളിൽ മാഗർ എന്ന് ഒർ ആചാൎയ്യവംശം ഉണ്ടു. (യിറ. ൩൯, ൩ റബ്മാഗ് എന്ന വാക്കിന്നു മാഗരുടെ പ്രധാനി എന്നൎത്ഥം ആകുന്നു.) അവർ ബിംബാരാധികൾ അല്ലായ്കകൊണ്ടു ഇസ്രയേലിന്റെ ദൈവവും വാഗ്ദത്തവും ഗ്രഹിപ്പാൻ പണ്ടു തന്നെ അധികം രസക്കേട് ഇല്ലാത്തവരായിരുന്നു. ലോകരക്ഷിതാവ് യഹൂദയിൽ ഉദിക്കും എന്നു ചിലൎക്ക് ബോധം ഉണ്ടായതിന്റെ ശേഷം നല്ല ആശയോടും അല്പജ്ഞാനം ചേരുകകൊണ്ടു മഹാരാജാവിന്റെ ജനനം നക്ഷത്രവിശേഷങ്ങളാൽ അറിഞ്ഞു വരുമോ എന്നു നോക്കിക്കൊണ്ടു പ്രമാണലക്ഷണങ്ങളെ അന്വേഷിച്ചിരിക്കുമ്പോൾ ഒരിക്കലും കാണാത്ത ഒരു പുതു നക്ഷത്രത്തെ കണ്ടു* (അപൂൎവ്വമായ നക്ഷത്രം ഒന്നു ൭൪൯ രോമാബ്ദത്തിൽ കണ്ടു വന്നു എന്നു ചീനഗണിതത്തിലും ഉണ്ടു). അതു മാഗർ വിചാരിച്ചു യഹൂദരാജാവു ജനിച്ചു എന്നൂഹിച്ചു യാത്രയായി യരുശലേമിൽ വന്നു പുതിയ രാജാവെ കോയിലകത്ത് അന്വേഷിച്ചു. എന്നാറെ രാജാവ് ഞെട്ടിവിറെച്ചു എദോമ്യന്റെ പരിവാരങ്ങളും ഭ്രമിച്ചു. അവൻ മഹാചാൎയ്യരേയും വേദ ഊഴക്കാരുടെ പ്രമാണികളേയും വൈദികരേയും വരുത്തി മശീഹ ജനിക്കേണ്ടും സ്ഥലത്തെ ചോദിച്ചാറെ മീക. ൫, ൧. എന്ന വാക്യത്താൽ അവൻ മുമ്പേത്ത ദാവിദ് എന്ന പോലെ ആ ഇടയഗ്രാമത്തിൽനിന്നു പുറപ്പെടും എന്നു ഉത്തരം ചൊന്നതു കേട്ടപ്പോൾ മാഗരെ സ്വകാൎയ്യമായി വരുത്തി നക്ഷത്രം കണ്ട കാലവും ചോദിച്ചറിഞ്ഞു അവരെ ബെത്ത്ലഹെമിലേക്കു അയച്ചു വിട്ടുകയും ചെയ്തു. രാത്രിയിൽ അവിടെ എത്തിയാറെ നക്ഷത്രത്തെ പിന്നേയും കണ്ടു സന്തോഷിച്ചു ശിശുവേയും അമ്മയേയും കണ്ടതിനാൽ അധികം ആനന്ദിച്ചു ദാരിദ്ര്യാവസ്ഥയാൽ മനസ്സിൽ ഒരു ശല്യവും വരാതെ സാഷ്ടാംഗമായി വണങ്ങി പൊന്നും കുന്തുരുക്കവും കണ്ടിവെണ്ണയും കാഴ്ചവെക്കുകയും ചെയ്തു. അനന്തരം സ്വപ്നത്തിൽ ഉണ്ടായ ദേവനിയോഗപ്രകാരം അവർ യരുശലേമിൽ ചെല്ലാതെ മറെറാരു വഴിയായി സ്വരാജ്യത്തേക്കു മടങ്ങി പോകയും ചെയ്തു.

* രോമനഗരാബ്ദം ൭൪൭ മേമാസം ൨൦ തിയ്യതി മീനരാശി ൨൦ആം അംശത്തിൽ ഉദയത്തിന്നു മുമ്പെ വ്യാഴവും ശനിയും യോഗം ചെയ്തതും പിറേറ വൎഷം വസന്തകാലത്തിൽ ചൊവ്വാ ആ യോഗത്തിൽ കൂടിയതും അവർ കണ്ടിട്ടുണ്ടായിരിക്കും.

§ 11.

The Flight into Egypt.

മിസ്രയിലേക്കുള്ള പലായനം.

MATT. II.

13 And when they were departed, behold, the angel of the Lord appeareth to Joseph in a dream, saying, Arise, and take the young child and his mother, and flee into Egypt, and be thou there until I bring thee word: for Herod will seek the young child to destroy him.
14 When he arose, he took the young child and his mother by night, and departed into Egypt:
15 And was there until the death of Herod: that it might be fulfilled which was spoken of the Lord by the prophet, saying, Out of Egypt have I called my son.
16 Then Herod, when he saw that he was mocked of the wise men, was exceeding wroth, and sent forth, and slew all the children that were in Bethlehem, and in all the coasts thereof, from two years old and under, according to the time which he had diligently inquired of the wise men.
17 Then was fulfilled that which was spoken by Jeremy the prophet, saying,
18 In Rama was there a voice heard, lamentation, and weeping, and great mourning, Rachel weeping *for* her children, and would not be comforted, because they are not.
19 But when Herod was dead, behold, an angel of the Lord appeareth in a dream to Joseph in Egypt,
20 Saying, Arise, and take the young child and his mother, and go into the land of Israel: for they are dead which sought the young child's life.
21 And he arose, and took the young child and his mother, and came into the land of Israel.

ശിശുവിന്ന് അകപ്പെട്ടും ആപത്തിനെ യോസെഫ് ഒരു സ്വപ്നത്താൽ
അറിഞ്ഞപ്പോൾ ബദ്ധപ്പെട്ട് അവനേയും അമ്മയേയും കൂട്ടിക്കൊണ്ടു നാ
ലഞ്ചു ദിവസംവഴി ദൂരേ മിസ്രയിൽചെന്നു പാൎക്കയും ചെയ്തു. മാഗർ കൊടു
ത്ത പൊന്നു നല്ല തഞ്ചത്തിൽ ആയി കിട്ടിയല്ലൊ. അവർ മടങ്ങിവരായ്കയാൽ
ഹെരോദാ ശഠിച്ചു ബെത്ലഹേമിൽ കാണുന്ന ചെറിയ ആണ്കുട്ടികളെ കൊ
ല്ലുവാൻ കല്പിച്ചു. അമ്മമാൎക്കും ഇടയന്മാൎക്കും അതിനാൽ വന്ന സങ്കടത്തെ
വിചാരിക്കുമ്പോൾ പണ്ടു ബാബെല്യദാസ്യത്താൽ എന്നപോലെ (യിറ. ൩൧,
൧൫) ഇപ്പോഴും മശീഹനാശത്താൽ സൎവ്വം നിഷ്ഫലം എന്നപ്രകാരം തോന്നി.
ഇസ്രയേലമ്മയായ രാഹേൽ ബെത്ലഹേമിന്നു സമീപത്തുള്ള കുഴിയിൽ
നിന്നു (൧മോ. ൩൫, ൧൯) എഴുനീറ്റു സന്തതിക്ക് ആശാഭംഗം പറ്റിയതി
നെ ചൊല്ലി തൊഴിപ്പാൻ തുടങ്ങി എന്നും തോന്നി. മശീഹ ഉദിച്ചുവന്ന ഉട
നെ മറഞ്ഞുപോയതിനാൽ സാധുക്കളുടെ വിശ്വാസത്തിന്നു കഠിന പരീക്ഷ
യും ബാലഹിംസയാൽ മശീഹയുടെ നാമം നിമിത്തം സഭെക്കു വരേണ്ടുന്ന
ഒരംറ്റുനോവുകൾക്കും സാക്ഷി മരണങ്ങൾക്കും ഒരു മുങ്കുറിയും ഉണ്ടായി, എങ്കിലും
ഈവക വേദനെക്ക് ഒരു കൂലി ഉണ്ട് എന്നും ആശ്വാസം വരും എന്നും യിറ
മിയാപ്രവാചകത്താൽ കൂടെ അറിഞ്ഞുവന്നു (൩൧, ൧൬. ൧൭.)

അനന്തരം വൃദ്ധനായ നിഷ്കണ്ടകന്നു പല രോഗങ്ങൾ വൎദ്ധിച്ചു മന
സ്സിൽ പീഡയും ശങ്കയും മുഴുത്തു ചമകയാൽ പ്രജകൾക്കു അസഹ്യത അ
തിക്രമിച്ചുവന്നു. അവൻ രോമാസ്നേഹത്താലെ ദേവാലയവാതുക്കൽ സ്ഥാ
പിച്ച പൊങ്കഴുകു ചിലർ അധൎമ്മകൃതം എന്നു വെച്ചു രാജാവിന്നു ദീനം കല
ശൽ ആയി എന്നു കേട്ട ഉടനെ കയറി കൊത്തി എടുത്തു ചാടുകയും ചെയ്തു.
പടയാളികൾ വന്നിട്ടും അവർ ഓടി പോയില്ല. അന്നു പിടി കിട്ടിയ റബ്ബി
മാരേയും ൪൦ ഓളം ബാല്യക്കാരേയും (മാൎച്ചി ൧൩ തിയ്യതി) സോമഗ്രഹണം ഉള്ള

ഒരു രാത്രിയിൽ അവൻ ദഹിപ്പിക്കയും ചെയ്തു. പിന്നെ രാജത്വം കൊതിച്ച ഒരു പുത്രനെ കൊല്ലിച്ചുകളഞ്ഞു. വേദനയും ക്രോധവും സഹിയാഞ്ഞപ്പോൾ ഞാൻ മരിക്കുന്നാൾ പ്രജകൾ ഉള്ളുകൊണ്ടെങ്കിലും ചിരിക്കുമല്ലോ, അതരുത്! പ്രമാണികൾ എല്ലാവരേയും യറിഹോ രംഗസ്ഥലത്തു ചേൎത്തടെച്ചു മരണദിവസത്തിൽ കൊല്ലേണം, എന്നാൽ സൎവ്വ യഹൂദവംശങ്ങളുടെ കണ്ണുനീരും അനുഭവമായി വരും എന്നു കല്പിച്ചു, മരണപത്രികയെ മാററി എഴുതിവെച്ചു, പുത്രനെ കൊല്ലിച്ചതിന്റെ അഞ്ചാം ദിവസം തന്നെ മരിക്കയും ചെയ്തു.

അവൻ കഴിഞ്ഞപ്പോൾ സഹോദരിയായ ശലോമ ആ പ്രമാണികൾ ആറായിരത്തേയും വിട്ടയച്ചു, പടയാളികൾ മുഖാന്തരമായി മരണപത്രികയെ വായിപ്പിച്ചു പരസ്യമാക്കി, രാജപുത്രന്മാർ ശവത്തെ പൊൻപെട്ടിയിൽ ആക്കി, ധ്രാക്കർ ഗൎമ്മാനർ ഗല്ലർ മുതലായ അകമ്പടിക്കാരും മഹാഘോഷത്തോടും കൂട യാത്രയായി ശവാഛാദനം കഴിപ്പിക്കയും ചെയ്തു. മൂത്തമകനായ അൎഹലാവു മരണാനന്തരം ൭ ദിവസം ദീക്ഷിച്ചു തീൎന്നപ്പോൾ പൌരന്മാൎക്ക മഹാസദ്യ ഒരുക്കി, താൻ ദേവാലയത്തിൽ കയറി സിംഹാസനത്തിന്മേൽ ഇരുന്നു പുരുഷാരത്തോടു പറഞ്ഞു, പിതാവിന്റെ മരണപത്രികയെ കൈസർ ഉറപ്പിപ്പോളും എന്നെ രാജാവ് എന്നു വാഴ്ത്തരുതെ, രാജാവായതിന്റെ ശേഷം അച്ശനേക്കാൾ അധികം വിചാരത്തോടെ പ്രജാസുഖത്തിന്നായി നോക്കിക്കൊള്ളാം എന്നും മററും കേട്ടാറെ ചിലർ സ്തുതിച്ചു, മററവർ നികിതിയെ കുറെക്കേണം എന്നു നിലവിളിച്ചു, അധികമുള്ളവർ റബ്ബിമാർ മുതലായവരുടെ കുലയെ ഓൎത്തു നഗരം കേൾ്ക്കെ വിലപിച്ചു തുടങ്ങി, ആ ദുഷ്കൎമ്മത്തിൽ കൈ ഇട്ടവരെ ശിക്ഷിക്കേണം എന്നും മഹാചാൎയ്യനെ മാറെറണം എന്നും മററും ആൎത്തു മുട്ടിച്ചുംകൊണ്ടു ചിലർ കല്ലെറിഞ്ഞപ്പോൾ, രോമയിൽനിന്നു മടങ്ങിവന്നാൽ നോക്കാം എന്നു ചൊല്ലി നികിതിയെ അല്പം താഴ്ത്തി കലഹത്തെ ദുഃഖേന അമൎത്തു ബലികഴിപ്പിച്ചു യാത്ര ഒരുക്കുകയും ചെയ്തു.

ഉടനെ (ഏപ്രിൽ ൧൨) പെസഹ എന്ന മഹോത്സവത്തിന്നായി സകല രാജ്യങ്ങളിൽനിന്നും യഹൂദന്മാർ കൂടിയപ്പോൾ കലഹക്കാർ ഭിക്ഷുക്കളെ കൊണ്ടു റബ്ബിക്കുലയെ ചൊല്ലി വിലാപത്തെ പുതുക്കി മത്സരിച്ചു പടയാളികളെ കല്ലെറിഞ്ഞു കൊല്ലുകയും ഓടിക്കയും ചെയ്തപ്പോൾ അൎഹലാവു സൈന്യത്തെ അയച്ചു ദേവാലയത്തിന്റെ ചുററും അകത്തും ബലികഴിക്കുന്ന ൩൦൦൦ ആളുകളെ കൊല്ലിച്ചു ശേഷമുള്ളവരെ ചിതറിച്ചു ഉത്സവത്തെ മുടക്കുകയും ചെയ്തു. അനന്തരം അവൻ സുറിയ നാട്ടുവാഴിയായ വാരനെ ഉണൎത്തിച്ചു രാജ്യകാൎയ്യം അവങ്കൽ ഭരമേല്പിച്ചു താൻ ബന്ധുക്കളോടും കൂടെ രോമെക്കു പുറപ്പെടുകയും ചെയ്തു. (ലൂക്ക. ൧൯, ൧൨).

അതുകൊണ്ടു യോസെഫ് പരദേശത്തു കുറയനാൾ പാൎത്തശേഷം ദേവാജ്ഞയാൽ മടങ്ങിവരുവാൻ സംഗതി ആയി. ദൈവം പണ്ടു തന്റെ മുക്കുട്ടിയായ ഇസ്രയേലെ മിസ്രയിൽനിന്നു വിളിച്ചപ്രകാരം (ഹൊശ. ൧൧, ൧) യേശുവിന്നും ജനനം മുതൽ ലോകത്തിന്റെ ദാസ്യപീഡയും പിതാവിന്റെ ഉദ്ധാരണവും അനുഭവമായി വരേണ്ടത് എന്നു ബോധം ഉണ്ടാകയും ചെയ്തു.

§ 12.

The Residence at Nazareth.

ഗലീല്യനചാരത്തിലേ വാസം.

MATTHEW II.

22 But when he heard that Archelaus did reign in Judæa in the room of his father Herod, he was afraid to go thither: notwithstanding, being warned of God in a dream, he turned aside into the parts of Galilee:
23 And he came and dwelt in a city called Nazareth: that it might be fulfilled which was spoken by the prophets, He shall be called a Nazarene.

LUKE II.

29 . . . They returned into Galilee, to their own city Nazareth.

എങ്കിലും യരുശലേമിലും യഹൂദയിലും ശിശുവിന്നു നിർഭയമായ സ്ഥലം ഇല്ലാഞ്ഞു. അൎഹലാവു പോയ ഉടനെ കൈസരുടെ കാൎയ്യക്കാർ ഒരു ലേഗ്യോനോടു കൂടെ (ഏകദേശം ൬൦൦൦ ചേകവർ) വന്നു ഊരും നാടും കടന്നു ഏഴയും കോഴയും വാങ്ങി പണം ഉണ്ടാക്കി കൊള്ളുമ്പോൾ (രോ. ൭൫൦ ജൂൻ. ൧) പെന്തകൊസ്ത ദിനം യഹൂദർ ആയുധം എടുത്തു മത്സരിച്ചു. ഉടനെ രോമചേകവർ കോട്ടയിൽനിന്ന് ഇറങ്ങി പൊരുതു പലരേയും ദേവാലയത്തിൻ ചുററും വെച്ചു കൊന്നു മഹാമണ്ഡപത്തിന്നു തീ കൊടുത്തു ഭയം ഉണ്ടാക്കി ഭണ്ഡാരത്തിൽ കണ്ട ൪൦൦ താലന്തിൽ അധികം ദ്രവ്യം കവൎന്നു കൊള്ളുകയും ചെയ്തു. അതുകൊണ്ടു കലഹം വൎദ്ധിച്ചു, കള്ളന്മാർ എങ്ങും നിറഞ്ഞു, കാൎയ്യക്കാർ പേടിച്ചു വാരനെ സഹായത്തിന്നായി വിളിക്കേണ്ടി വന്നു. ആയവൻ ശേഷിച്ച ൨ ലേഗ്യോനുകളെയും അറവി സുറിയ നാട്ടുബലങ്ങളേയും കൂട്ടിക്കൊണ്ടു വന്നു കലഹം അമൎത്തു, പിടി കിട്ടിയ കലഹക്കാരിൽ ൨൦൦൦ പ്രധാനികളെ കഴുമേൽ ഏററിയപ്പോൾ നഗരക്കാർ ഇതു ഞങ്ങളുടെ കുററമല്ല ഉത്സവത്തിന്നു പലദിക്കിൽനിന്നും വന്നു കൂടിയ പുരുഷാരങ്ങൾ കലഹിച്ചാൽ ഇങ്ങു എന്തു ആവത് എന്നു ഒഴിച്ചൽ പറഞ്ഞു. വാരൻ നാടു സ്വസ്ഥമാക്കി അന്ത്യോഖ്യെക്കു മടങ്ങി പോകയും ചെയ്തു.

അൎഹലാവിൽ രഞ്ജന ഇല്ലായ്കകൊണ്ടു യഹൂദർ ൫൦ ദൂതന്മാരെ രോമെക്ക് അയച്ചു ഞങ്ങൾക്കു ഈ ദുഷ്ട രാജസ്വാതന്ത്ര്യത്തിൽ ഒട്ടും മനസ്സില്ല, കൈസർ ഞങ്ങളെ രക്ഷിപ്പാൻ മതിയല്ലോ എന്നു സങ്കടം ബോധിപ്പിച്ചു. എന്നാറെ മന്ത്രിസഭയിൽ വിസ്താരം ഉണ്ടായപ്പോൾ ഔഗുസ്തൻ കൈസർ ഹെരോദാവിൻ മരണപത്രികയേയും വരവുകണക്കുകളേയും നോക്കി, വെവ്വേറെ അപേക്ഷകളേയും അന്യായങ്ങളേയും കേട്ടു വിധിച്ചതു ഇപ്രകാരം:

അൎഹലാവിന്ന് ഏദോം യഹൂദ ശമൎയ്യ ഇങ്ങിനെ രാജ്യത്തിന്റെ പാതിയും മന്നവൻ എന്ന നാമവും കിട്ടുക; നന്നായി ഭരിച്ചാൽ രാജനാമവും പിന്നത്തേതിൽ തരാം. ശമൎയ്യക്കാർ മത്സരത്തിൽ കൂടായ്കകൊണ്ടു അവൎക്കു നികിതി കാൽ അംശം വിട്ടു കൊടുക്കേണ്ടതു. എല്ലാം കൂട്ടിയാൽ കാലത്താലേ ൬൦൦ താലന്തു മുതൽ (൨൭|| ലക്ഷം ഉറുപ്പിക) വരവ് അൎഹലാവിന്നുണ്ടാക. രാജ്യത്തിലേ മററേ പാതിയിൽ ഗലീല പെരായ്യ നാടുകൾ അന്തിപാ എന്ന രണ്ടാം ഹെരോദാവിന്റെ ഇടവകയും, പിരിവു ൨൦൦ താലന്തും (൯|| ലക്ഷം ഉറുപ്പിക) ആക.

ബൊശാൻ ഗോലാൻ ഹൌരാൻ ത്രഖൊനീതി നാടുകളും ലുസാനിയ നാട്ടിലേ ചില ദേശങ്ങളും ൨൦൦ താലന്തു പിരിവും ഫിലിപ്പ് എന്ന മൂന്നാം പുത്രന്നു ലഭിക്ക (ലൂ. ൩, ൧). രാജസഹോദരിയായ ശലൊമെക്ക അഷ്ക്കലൊൻ മുതലായ പട്ടണങ്ങളും ൬൱ ലക്ഷം വരവും ഉണ്ടാക. ഘജ്ജ ഗദര മുതലായ യവന പട്ടണങ്ങൾ സുറിയനാട്ടുവാഴ്ചെക്ക് അടങ്ങെണം. മഹാ ഹെരോദാവിന്റെ ഭാൎയ്യമാരിൽ ശേഷിച്ചിട്ടുള്ള സന്തതിക്ക കല്പിച്ചു കൊടുത്ത ദ്രവ്യവും വൃത്തിയും എല്ലാം അനുഭവമായി വരിക.

എന്നതിന്റെ ശേഷം അൎഹലാവു പ്രജകളുടെ നേരെ ക്രുദ്ധിച്ചും ഡംഭിച്ചും കൊണ്ടു രോമയിൽനിന്നു മടങ്ങി വന്നു കനാനിൽ എത്തിയപ്പോൾ യോസെഫ് അവന്റെ ക്രൂരതയും ശിമ്യോന്റെ ദുഃഖവാചകവും വിചാരിച്ചു വലഞ്ഞു സ്വപ്നത്തിലുള്ള അരുളപ്പാടു കേട്ടനുസരിച്ചു ഗലീലയിൽ തന്നെ പോയി പാൎക്കയും ചെയ്തു. അവൻ ജബുലൂനിൽ തെരിഞ്ഞെടുത്ത ചെറിയ ഊൎക്ക നചറ എന്ന പേർ ആകുന്നു. ഊരിന്റെ ചുററും ത്രൂക്കമുള്ള കുമ്മായക്കല്ക്കുന്നുകൾ ഉണ്ടു (ലൂ. ൨, ൩൯). അതിന്നകത്ത് ഊർ ഒരു കുഴിയിൽ നട്ടതൈ പോലെ ആകുന്നു. അതുവും നാമാൎത്ഥം തന്നെ. ആയ്തു പഴയനിയമത്തിൽ ഒരിക്കലും പറയാത പേർ (യോ. ൧, ൪൬). അതുകൊണ്ടു പിന്നത്തേതിൽ തങ്ങളുടെ മശീഹയെ അറിയാതെ ഇരിപ്പാൻ പ്രജകൾക്കു സിദ്ധാന്തം തോന്നി; ഇമ്മാനുവെൽ എന്നല്ല ബെത്ലഹേമ്യൻ എന്നുമല്ല നചറയ്യൻ (നസ്രാണി) എന്ന പേർ മാത്രം അവർ വിളിച്ചിരിക്കുന്നു. ഈ നാമത്തിന്റെ ഹീനത ദൈവത്തിന്റെ വല്ല തെററിനാലല്ല ജ്ഞാനപൂൎവ്വമായിട്ടത്രെ സംഭവിച്ചു എന്നുള്ളതു പല പ്രവാചകങ്ങളാലും തെളിയുന്നു (യശ. ൪൯, ൭; ൫൩, ൧*ff*; ജക. ൧൧, ൧൩; സങ്കീ. ൧൧൮, ൨൨.)

---

§ 13.

The Growth of Jesus.

യേശുവിന്റെ വളൎച്ച.

LUKE II.

40 And the child grew, and waxed strong in spirit, filled with wisdom: and the grace of God was upon him.

41 Now his parents went to Jerusalem every year at the feast of the passover.

42 And when he was twelve years old, they went up to Jerusalem after the custom of the feast.

43 And when they had fulfilled the days, as they returned, the child Jesus tarried behind in Jerusalem; and Joseph and his mother knew not *of it*.

44 But they, supposing him to have been in the company, went a day's journey; and they sought him among *their* kinsfolk and acquaintance.

45 And when they found him not, they turned back again to Jerusalem, seeking him.

46 And it came to pass, that after three days they found him in the temple, sitting in the midst of the doctors, both hearing them, and asking them questions.

47 And all that heard him were astonished at his understanding and answers.

48 And when they saw him, they were amazed: and his mother said unto him, Son, why hast thou thus dealt with us? behold, thy father and I have sought thee sorrowing.

49 And he said unto them, How is it that ye sought me? wist ye not that I must be about my Father's business?

50 And they understood not the saying which he spake unto them.

51 And he went down with them, and came to Nazareth, and was subject unto them: but his mother kept all these sayings in her heart.

52 And Jesus increased in wisdom and stature, and in favour with God and man.

യേശു ൩൦ാം വയസ്സോളം നചറയ്യനായി പാൎത്തു. അക്കാലത്തുള്ള വിശേഷങ്ങളെ ആരും അറിയിച്ചു കാണുന്നില്ല. മറിയ തന്നെ എന്നു തോന്നുന്നു അവന്റെ ബാല്യാവസ്ഥയിലേ ഒരു കഥയെ സഭക്കാരോട് അറിയിച്ചതേ ഉള്ളൂ. അതിനാൽ യേശുവിന്റെ വളൎച്ച അറിവാൻ സംഗതി വന്നു. ബാലൻ ദേവകരുണയാൽ വളൎന്നു ആത്മാവിൽ ശക്തനും ജ്ഞാനപൂൎണ്ണനും ആയ്ചമഞ്ഞതിന്നു് ഒരു ദൃഷ്ടാന്തം അവന്റെ ഒന്നാം പെസഹയാത്രയാൽ വിളങ്ങിയിരിക്കുന്നു.

ഇസ്രയേലിൽ ബാലന്മാർ ൧൨ വയസ്സ് എത്തിയാൽ അഛ്ശന്മാരോടു കൂടി മഹോത്സവങ്ങളിൽ ചെല്ലുമാറുണ്ടു. ആദ്യയാത്രയിൽ അവൎക്കു ധൎമ്മപുത്രർ (തൌറത്തിൻ മക്കൾ) എന്ന പേർ വിളിക്കും. യേശുവും യരുശലേമിൽ പോകുവാൻ കാലം തികഞ്ഞപ്പോൾ രാജഭയം എല്ലാം ഇല്ലാതെ ആയിരുന്നു. എങ്ങിനെ എന്നാൽ:

അൎഹലാവു യഹൂദരെയും ശമൎയ്യരെയും വളരെ പീഡിപ്പിച്ചു സഹോദരന്റെ വിധവയെ മക്കൾ ഉള്ളവൾ എങ്കിലും അധൎമ്മമായി വേട്ടു മഹാചാൎയ്യന്മാരെ ഇഷ്ടംപോലെ മാററിവെച്ചു ൯ വൎഷം വാണുകൊണ്ടശേഷം പ്രജകൾ കൈസരോടു സങ്കടം ബോധിപ്പിച്ചു. അപ്പോൾ ഭാൎയ്യ ഒരു സ്വപ്നത്തിൽ മുമ്പേത്ത ഭൎത്താവെ കണ്ടിട്ടു മരിച്ചു, അൎഹലാവും ൧൦ കതിരുകളെയും തിന്നുന്ന കാളയെ കിനാവിൽ കണ്ടു ക്ലേശിച്ചു ലക്ഷണക്കാരെ വരുത്തി അന്വേഷിച്ചപ്പോൾ ഒരു ഹസിദ്യൻ (§ ൧) ൧൦ാം ആണ്ടിൽ വാഴ്ചയറുതി ഉണ്ടെന്ന അൎത്ഥം വിസ്തരിച്ചു പറഞ്ഞതു കേട്ടു ൫ാം ദിവസം രോമെക്കു ചെല്ലുവാൻ കല്പന വന്നു. അവിടെ കൈസർ വിസ്തരിച്ചു കുററം കണ്ടു അവനെ ഗല്ലിയപട്ടണമായ വിയന്നയിലേക്കു മറുനാടു കടത്തുകയും ചെയ്തു (൬ ക്രി.).

അപ്പോൾ കൈസർ കഺിരീനനെ സുറിയയിൽ നാടുവാഴിയും അവന്റെ കീഴിൽ കൊപോന്യനെ യഹൂദയിൽ പ്രമാണിയും ആക്കി നിയോഗിച്ചു പൈമാശിയെ ചെയ്തു തീൎപ്പാൻ കല്പിച്ചു. അൎഹലാവിന്റെ മുതൽ എല്ലാം കൈക്കലാക്കുവാൻ കഺിരീനൻ താൻ യരുശലേമിൽ വന്നു. എന്നാറെ മഹാചാൎയ്യൻ ബുദ്ധി പറകയാൽ യഹൂദർ മിക്കവാറും പേർപതിപ്പാൻ സമ്മതിച്ചു എങ്കിലും ഗമലക്കാരനായ യഹൂദാ (അപോ. ൫, ൩൭) ഇപ്രകാരം ദാസ്യം ഏല്ക്കുന്നത് ഇസ്രയേല്ക്കു അയോഗ്യം, ദേവജാതിക്കു യഹോവയേയും മശീഹയേയും അനുസരിപ്പാനേ ന്യായം ഉള്ളൂ, വലിയതിന്നു തുനിയാഞ്ഞാൽ വലിയത് ഒന്നും സാധിക്കയില്ല, മശീഹക്കാലം ഇതാ വന്നു എന്നറിയിച്ചു പലരിലും മതഭ്രാന്തു മുഴപ്പിച്ചു കലഹം തുടങ്ങി നശിച്ചുപോകയും ചെയ്തു. പറീശ ചദൂക്യ ഹസിദ്യ ഈ മൂന്നു മതഭേദങ്ങളോടു നാലാമതായി വാശിക്കാർ എന്നൊരു പക്ഷത്തിന്നു് ആ യഹൂദാ തന്നെ കൎത്താവ്. യഹോവ ഏകഛത്രാധിപതി എന്നത് അവരുടെ മൂലവാക്കു. കൊല്ലുവാനും മരിപ്പാനും ഒരിക്കലും മടിക്കയില്ല. എങ്കിലും അന്നേത്ത കലഹം അമൎത്തതിന്റെ ശേഷം യഹൂദനാടു രോമനിഴലിങ്കീഴിൽ വളരെ കാലം സ്വസ്ഥമായി പാൎത്തു.

കഺിരീനൻ ഹന്നാ എന്ന ഹനാനെ (ലൂ. ൩, ൨) മഹാചാൎയ്യനാക്കിയശേഷം മടങ്ങിപോയി. കൊപോന്യന്റെ കാലത്തുള്ള ഒന്നാം പെസഹയിൽ ആചാൎയ്യ

ന്മാർ രാത്രിയിൽ ആലയവാതിൽ തുറന്നപ്പോൾ ചില ശമൎയ്യന്മാർ ഗ്രൂഢമായി പ്രവേശിച്ചു മണ്ഡപത്തിലും മററും അസ്ഥികളെ ഇട്ടു തീണ്ടിച്ചു. അതുകൊണ്ട് അന്നുമുതൽ ശമൎയ്യന്മാർ ആരും ഒരിക്കലും ദേവാലയത്തിൽ കടക്കരുത് എന്നു കല്പനയായി. മുമ്പെ മഹോത്സവകാലത്തു ശമൎയ്യരെ അകററുമാറില്ല പോൽ.

പിറേറ പെസഹപെരുനാളിന്നായി (൯ ക്രി.) യേശു യരുശലേമിൽ വന്നു വ്രദി വസം പാൎത്തപ്പോൾ യോസെഫും മറിയയും പുറപ്പെട്ടു യേശു യാത്രാക്രമം പോലെ ബന്ധുക്കളും പരിചയക്കാരും ആയ ബാലന്മാരുടെ കൂട്ടത്തിൽ നട ക്കുന്നുണ്ടായിരിക്കും എന്നു നിരൂപിച്ചു ഒരു ദിവസംവഴി ദൂരം നടന്നു മകനെ കാണാഞ്ഞു ദുഃഖത്തോടെ അന്വേഷിച്ചു മടങ്ങിവന്നു. മൂന്നാം ദിവസം ദേവാ ലയത്തിൽ തന്നെ റബ്ബിമാരുടെ ഇടയിൽ ഇരുന്നു കേട്ടു ചോദിക്കുന്നതു കണ്ടു. അമ്മയുടെ ചോദ്യത്തിന്നു ഞാൻ അച്ഛനുള്ളവററിൽ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിഞ്ഞില്ലയോ എന്ന ഉത്തരം പറകയാൽ, ഈ ദേവാലയം പിതൃഭ വനം എന്നും വേദംകൊണ്ടു റബ്ബിമാരോടുള്ള ചോദ്യോത്തരം പിതൃകാൎയ്യം എന്നും ഈ വകയിൽ അല്ലാതെ മറെറാന്നിൽ അകപ്പെട്ടുമാറില്ല എന്നും അറിയിച്ചു. പിന്നെ അമ്മയച്ഛന്മാൎക്ക പോലും എത്താത്ത വിചാരം ഉള്ളവൻ എങ്കിലും അ വൎക്ക് അധീനനായി, അഴകുള്ള പിതൃഭവനം വിട്ടു നചറത്തേ കുടിയിൽ വന്നു പാൎത്തു ദേവകരുണയാൽ വളൎന്നു പോരുകയും ചെയ്തു.

ഇന്നത് എല്ലാം പഠിച്ചു വളൎന്നു എന്നു നിശ്ചയിപ്പാൻ പാടില്ല. മശീഹ വേലെക്കു വേണ്ടിയതേ വശാക്കുക ഉള്ളു. ജ്ഞാനേന്ദ്രിയശുദ്ധി നിമിത്തം ആകാശത്തിൽ പക്ഷികളും കാട്ടിലേ പൂക്കളും കാററും മഴയും പുഴയും മലയും സകല സൃഷ്ടിയും തന്നോടു ദേവവചനം ഉരെക്കുന്നതായിരുന്നു. ഊക്കാർ പുള്ളും മുത്തും വാങ്ങുകയും വില്ക്കുകയും ചെയ്കയോ, കൃഷി മീൻപിടി തച്ചപ്പ ണി മുതലായ തൊഴിലുകളോ മനുഷ്യകൎമ്മം ഒക്കയും തനിക്കു നീതിയെ ഉപദേ ശിപ്പാന്തക്ക ഉപമകൾ ആയിരുന്നു. സ്വജനങ്ങളും തന്നെ അറിയായ്കയാൽ പിതാവെ നിരസിക്കുന്ന പാപഫലത്തെ ഗ്രഹിപ്പാൻ സംഗതി വന്നു. പിന്നെ പഴയനിയമത്തിൽ വായിക്കുന്നതും തന്റെ ഹൃദയത്തിൽ കാണുന്നതും രണ്ടും ഒക്കുകയാൽ ഇതു തന്നെ കുറിച്ചു പ്രവചിച്ചത് എന്നു നിശ്ചയിച്ചു സൂക്ഷ്മാ ൎത്ഥം ഗ്രഹിച്ചു പോന്നു. ൧൨ വയസ്സു മുതൽ വൎഷംതോറും യരുശലേമിലുള്ള യാത്രകളിൽ പിതാവിന്റെ അഭിപ്രായവും റബ്ബിമാർ മുതലായവരുടെ വക്ര തയും കണ്ടറിവാൻ തക്കം ഉണ്ടായി. മനുഷ്യരിൽ തനിക്ക് അമ്മയെപോലെ അടുത്തവനില്ല എന്നു തോന്നുന്നു. അവളും പുത്രനെ മുഴുവനും അറിഞ്ഞില്ല. അതുകൊണ്ടു ഊനം വരാത്ത നിത്യസംസൎഗ്ഗം പിതാവോടു മാത്രം തനിക്കുണ്ടു. സൃഷ്ടിയേയും വേദത്തേയും വ്യാഖ്യാനിച്ചു കൊടുക്കുന്ന ഏക ഗുരു അവൻ തന്നെ. എവിടെ പാൎത്താലും അച്ഛനും കൂടെ ഉണ്ടു എന്നറികയും പാപമഗ്ന മായ ലോകത്തിന്നു വേണ്ടി അപേക്ഷിക്കയും സകലത്തിന്നായി സ്തുതിക്കയും ഏതു യോഗത്തിങ്കലും ആമെൻ എന്ന് അനുസരിച്ചു നടക്കയും ഇങ്ങിനെ ഉള്ള ആചാരങ്ങളാൽ പാപവികാരം ഒന്നും പററാതെ യേശുവിന്റെ വളൎച്ച ക്രമത്താലെ തികഞ്ഞു വരികയും ചെയ്തു.

§ 14.

THE FAMILY OF JESUS.

യേശുവിന്റെ കുഡുംബം.

a. The "Brethren" of Jesus.

MATT. I. 25 And he knew her not until she had brought forth her firstborn son.

LUKE II. 7 And she brought forth her firstborn son.

JOHN II. 12 . . . he went down to Capernaum, he and his mother and his brethren and his disciples.
MATT. XII. 47 Behold, thy mother and thy brethren stand without (Mark III. 32; Luke VIII. 20).

MATT. XIII. 55 Is not this the carpenter's son? is not his mother called Mary? and his brethren James and Joses and Simon and Judas? and his sisters, are they not all with us?

MARK VI. 3 Is not this the carpenter, the son of Mary, the brother of James, and Joses, and of Juda, and Simon? and are not his sisters here with us?

JOHN VII. 2 His brethren therefore said unto him: Depart hence and go into Judea that thy disciples also may see the works which thou doest. . . . .
5 For neither did his brethren believe in him.
6, 7 Then Jesus said unto them . . . . The world cannot hate you.

I. COR. XV. 7 After that, he (the Risen One) was seen of James.
ACT I. 14 These all (the eleven apostles) continued with one accord in prayer and supplication, with the women, and Mary the mother of Jesus, and with his brethren.
GAL. I. 19 I saw none save James, the Lord's brother.

b. The sons of Zebedee cousins of Christ, Mary and Salome being sisters.

MARK III. 16 James the son of Zebedee, and John the brother of James (Matt. X. 2).

JOHN XIX. 25 Now there stood by the cross of Jesus his mother, and his mother's sister, Mary the wife of Cleophas, and Mary Magdalene.

MATT. XXVII. 56 Among which was Mary Magdalene, and Mary the mother of James and Joses, and the mother of Zebedee's children.

MARK XV. 40 Among whom was Mary Magdalene, and Mary the mother of James the less and of Joses, and Salome.

MATT. XX. 22 Then came to him the mother of Zebedee's children with her sons, worshipping him and desiring a certain thing of him.

MARK X. 35 And James and John, the sons of Zebedee, come unto him saying: Master, we would that thou shouldest do for us whatsoever we shall desire.

JOHN XIX. 26. "Woman, behold thy son!" . . . . . "Behold thy mother!".

യേശു പുരുഷപ്രായത്തിൽ എത്തി മശീഹവേലയെ നടത്തുന്ന സമയത്തിന്നകം പോറ്റച്ഛനായ യോസെഫിനെ കുറിച്ചു സുവിശേഷത്തിൽ യാതൊരു വൎത്തമാനവും കേളായ്കയാൽ അയ്യാൾ അതിന്നു മുമ്പെ മരിച്ചു പോയിരുന്നു എന്നു നിനെപ്പാൻ സംഗതി ഉണ്ടു. എങ്കിലും മറിയയല്ലാതെ സഹോദരന്മാരും വീട്ടിൽ ഉണ്ട് എന്നു കേൾക്കുന്നു (യോഹ. ൨, ൧൨; മാൎക്ക. ൩, ൩൨). അതാർ എന്നാൽ യാക്കോബ് യോസെ യഹൂദാ ശീമോൻ എന്നവർ തന്നെ (മാൎക്ക. ൬, ൩; മത്ത. ൧൩, ൫൫). സഹോദരിമാരും ഉണ്ടു. ഇവർ മറിയ പെറ്റ മക്കൾ തന്നെയോ ജ്യേഷ്ഠാനുജന്മാരുടെ മക്കളോ എന്നതിനെ ചൊല്ലി വൈദികന്മാർ രണ്ടാം നൂറ്റാണ്ടു തുടങ്ങി ഇന്നോളം കഠിനമായി തൎക്കിച്ചു പോന്നു. ജ്യേഷ്ഠാനുജമക്കൾ എന്നു വാദിക്കുന്നവരുടെ അഭിപ്രായം ആവിതു: യേശുവിന്റെ പോറ്റച്ഛനായ യോസെഫിന്നു ഹല്ഫായി എന്നും (മത്ത. ൧൦, ൩) ക്ലോപാ എന്നും (യോ. ൧൯, ൨൫) പേരുള്ള ഒരു ജ്യേഷ്ഠനുണ്ടായിരുന്നു എന്ന് ഒരു പുരാണശ്രുതി ഉണ്ടു (ഇരുവർ ബന്ധുക്കളായിരുന്ന പ്രകാരം വേദസാക്ഷ്യം ഒന്നും ഇല്ല താനും). എന്നാൽ സുവിശേഷത്തിൽ യേശുവിന്റെ സഹോദര

ന്മാർ എന്ന പേർ ധരിച്ച ആ നാലവർ ഇപ്പറഞ്ഞ ക്ലോഫാവിന്റെ മക്കൾ ആയിരുന്നു എന്നും, ക്ലോഫാ മരിച്ച ശേഷം യോസെഫ് ജ്യേഷ്ഠന്റെ ഭാൎയ്യയായ മറിയയേയും നാലു മക്കളേയും ചേൎത്തു കൊണ്ടു രക്ഷിച്ചായിരിക്കും എന്നും ചൊല്ലുന്നു. പിന്നെ യോസെഫ് താനും കഴിഞ്ഞപ്പോൾ ആ നാലവർ വളൎന്നു മറിയയുടെ വീട്ടുകാൎയ്യം നോക്കുകയും യേശുവിന്റെ സഹോദരന്മാർ എന്ന പേരോടെ നടക്കയും അവരിൽ ചിലർ പിന്നേതിൽ അപോസ്തലരായി തീരുകയും ചെയ്തു. ഇങ്ങിനെ എല്ലാം സങ്കല്പിപ്പാൻ കാരണം എന്തെന്നു ചോദിച്ചാൽ, യേശുവിന്റെ അമ്മ വേറെ മക്കളെ പെററതു മാനക്കുറവ് ആകുന്നു എന്നു പുരാതനമേ വ്യാഖ്യാനികൾക്കു തോന്നിയതുകൊണ്ടു, ഈ നാലവർ യേശുവിന്റെ ഉടപ്പിറന്നവർ അല്ല ജ്യേഷ്ഠാനുജ മക്കൾ അത്രെ എന്നു മറിയയുടെ മാനരക്ഷെക്കായി തെളിയിപ്പാൻ നന്ന പ്രയത്നിച്ചു. ഇങ്ങു വിവരിച്ചു കൂടാത്ത വേറെ ചില സംഗതികളും ഉണ്ടെങ്കിലും മുഖ്യമായ ഹേതു ഇതേ.

എന്നാൽ അവൾ ആദ്യജാതനായ (ലൂക്ക. ൨, ൭) തന്റെ മകനെ പ്രസവിക്കുംവരെ യോസെഫ് അവളെ അറിയാതെ നിന്നു എന്ന വാക്യത്താൽ (മത്ത. ൧, ൨൫) മറിയ പിന്നേയും പ്രസവിച്ചു എന്നതു പൂൎണ്ണ നിശ്ചയത്തോടെ തെളിയുന്നില്ലെങ്കിലും അവൾ നിത്യ കന്യാവ്രതം ദീക്ഷിക്കാതെ ഭാൎയ്യാധൎമ്മം എല്ലാം അനുസരിച്ചു നടന്നു എന്നും വേറെ മക്കളെ പെററിട്ടുണ്ടായിരിക്കും എന്നും ഉള്ള ഭാവം ആ വേദോക്തികളിൽ അടങ്ങുന്നു പോൽ. ആകയാൽ യേശുവിന്നു നാലു "സഹോദരന്മാർ" ഉണ്ടെന്നു സ്പഷ്ടമായ സുവിശേഷസാക്ഷ്യം കേൾക്കുന്നേരം സഹോദരൻ എന്ന ശബ്ദത്തിൻ സാധാരണമായ അൎത്ഥത്തെ മാററുവാൻ ഒർ ആവശ്യവും ഇല്ലാതെ ശുദ്ധ ഉടപ്പിറന്നവരായിരുന്നു എന്നേ വിചാരിപ്പാൻ പാടുള്ളു. പിന്നേയും പ്രസവിച്ചതിനാൽ മറിയയുടെ മാനവും ശുദ്ധിയും ഏതാനും കുറഞ്ഞു എന്നു നിരൂപിക്കിലോ അതു രോമ പുളിച്ച മാവിന്റെ ശേഷിപ്പു എന്നേ ചൊല്ലു.

പിന്നെ അപോസ്തല പട്ടികയിൽ (§§ ൮൦. ൻ൧) കാണുന്ന യാക്കോബ്, യൂദാ, ശീമോൻ എന്ന മൂവരും, യേശുവിന്റെ ഉടപ്പിറന്നവരായ യാക്കോബ്, യൂദാ, ശീമോൻ എന്നവരും കേവലം വെവ്വേറെ ആകുന്നു. യേശുവിന്റെ അനുജന്മാർ പന്തിരുവരുടെ കൂട്ടത്തിൽ ചേൎന്നവർ അല്ല എന്നതിന്നു വിശേഷാൽ തുമ്പു വരുന്നതു അവരുടെ അവിശ്വാസത്താൽ തന്നെ ("അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല" യോ. ൭, ൫). അപോസ്തലരേയും കൂടെ യേശു ചിലപ്പോൾ അവിശ്വാസം നിമിത്തം ശാസിക്കേണ്ടി വന്നു നിശ്ചയം (മത്ത. ൮, ൨൬; ൧൭, ൧൭; മാൎക്ക. ൧൬, ൧൪). എങ്കിലും അതിശയങ്ങളെ പ്രവൃത്തിച്ചു കൂടാത്തതും പുനരുത്ഥാനസാക്ഷ്യത്തെ കൈക്കൊള്ളാത്തതുമായ അവിശ്വാസതരം വേറെ, "അവങ്കൽ വിശ്വസിച്ചില്ല" എന്ന തീൎച്ചയായ അവിശ്വാസവിധവും വേറെ സ്പഷ്ടം. അവിശ്വാസികളായ സഹോദരന്മാരോട് യേശു: ലോകത്തിന്നു നിങ്ങളെ പകെപ്പാൻ കഴിയുന്നതല്ല (യോ. ൭, ൭) എന്നു പറഞ്ഞിരിക്കേ, പന്തിരുവരോടു എത്രയോ വിപരീതമായി: നിങ്ങൾ ലോകക്കാരായിരുന്നെങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; ലോകക്കാരല്ലാത്തവരാകകൊണ്ടു ലോകം നിങ്ങളെ പകെ

ക്കുന്നു (യോ. ൧൫, ൧൯) എന്നും മററും ചൊല്ലിയല്ലോ. പിന്നെ യേശു ജീവിച്ചെഴുനീററ ശേഷം അവൻെറ അനുജന്മാരും വിശ്വസിച്ചു അപോസ്തലരോട് ഒന്നിച്ചു പാൎത്തു എന്നു കേൾക്കുന്നു (അപോ. പ്രവൃ. ൧, ൧൪). എന്നാൽ ആ പട്ടികയിൽ ലൂക്കാ പതിനൊന്നു അപോസ്തലരെ പേൎപേരായി വിവരിച്ച ശേഷം (൧൩) "ഇവർ മറിയയോടും യേശുവിൻെറ സഹോദരന്മാരോടും ഒരുമനപ്പെട്ടു" (൧൪) എന്നു ചൊല്ലിയതിനാൽ അപോസ്തലർ വേറെ യേശുവിൻെറ സഹോദരന്മാരും വേറെ എന്നു എത്രയോ തെളിവായി വകതിരിക്കുന്നു.

ഇപ്രകാരം യേശുവിൻെറ ഉടപ്പിറന്നവർ അപോസ്തലസ്ഥാനത്തിൽ കയറാത്തതു വേദാധാരത്തിന്മേൽ സ്പഷ്ടമായി തെളിയുന്നെങ്കിലും, അവരിൽ മൂവർ പിന്നത്തേതിൽ അപോസ്തലരുടെ കൂട്ടവേലക്കാരായി ചമഞ്ഞു സഭാശുശ്രൂഷയിൽ വിശിഷ്ടരായി വിളങ്ങുകയും ചെയ്തു. മററവരേക്കാളും ചൊല്ക്കൊണ്ടവൻ യാക്കോബ് എന്ന ലേഖനകൎത്താവും യരുശലേംസഭയെ പരിപാലിച്ച മൂപ്പനും ആയവൻ തന്നെ (യാക്ക. ൧, ൧; ഗല. ൧, ൧൯; ൨, ൯; അപോ. പ്രവൃ. ൧൨, ൧൭; ൧൫, ൧൩). അവൻ വളരെ തപസ്സോടും കൂടെ മോശധൎമ്മം മുററും ആചരിച്ചു പോരുകയാൽ യഹൂദരും അവനെ മാനിച്ചു നീതിമാൻ എന്നും ജനമതിൽ എന്നും വിളിക്കും. ക്രി. ൬൩ൽ അവൻ സാക്ഷിമരണം ഏററു. അവൻെറ അനുജനായ യൂദാവും ഒരു ലേഖനം എഴുതിയിരിക്കുന്നു; ശേഷം പാൎസ്സി മുതലായ കിഴക്കേ രാജ്യങ്ങളിൽ സുവിശേഷത്തെ ഘോഷിച്ചു എന്ന് ഒരു പുരാണം ഉണ്ടു. ശീമോൻ എന്ന മൂന്നാം സഹോദരൻ യാക്കോബിൻെറ അനന്തരവനായിട്ടു ഏറിയ കാലം യരുശലേംസഭെക്കു മൂപ്പനായിരുന്ന ശേഷം ഒടുക്കം ൧൨൦ വയസ്സുള്ള വൃദ്ധനായി ത്രയാൻ കൈസർ നടത്തിയ ഹിംസാകാലത്ത് രക്തസാക്ഷിയായി കഴിഞ്ഞു. (ക്രി. ൧൦൭.)

മേല്പറഞ്ഞ നാലു അനുജന്മാരല്ലാതെ യേശുവിന്നു ജ്യേഷ്ഠാനുജത്തി മക്കളായ ഇരുവരും ഉണ്ടായിരുന്നു. അവർ ആരെന്നാൽ ജബെദിപുത്രരായ യാക്കോബു യോഹനാനും തന്നെ. ഇവരുടെ അമ്മയായ ശലൊമയും യേശുവിൻ അമ്മയായ മറിയയും സഹോദരിമാർ തന്നെ. എങ്ങിനെ എന്നാൽ (യോ. ൧൯, ൨൫.) യേശുവിൻെറ ക്രൂശിന്നരികിൽ അവൻെറ അമ്മയും അമ്മയുടെ സഹോദരിയും, ഹല്പായുടെ മറിയയും മഗ്ദലക്കാരത്തിയായ മറിയയും നിന്നിരുന്നു എന്നു വായിക്കുന്നു. ഇതിനോട് മത്ത. ൨൭, ൫൬; മാൎക്ക. ൧൫, ൪൦ എന്ന സമവാക്യങ്ങളെ ഒത്തു നോക്കിയാൽ, അമ്മയുടെ സഹോദരി എന്നവൾ ജബെദിയുടെ ഭാൎയ്യയും യാക്കോബ് യോഹനാൻ എന്നവരുടെ അമ്മയുമായിരിക്കുന്ന ശലോമ തന്നെ എന്നു സ്പഷ്ടമായിട്ടു തെളിയും. അവൾ യേശുവിന്നു ഇളയമ്മ ആകയാൽ തൻെറ മക്കൾക്കായിക്കൊണ്ടു മശീഹരാജ്യത്തിൽ ഒന്നാം സ്ഥാനത്തെ അപേക്ഷിച്ചതു (മത്ത. ൨൦, ൨൦). മറിയ യോഹനാന്നു അമ്മയായി തീൎന്നതും ഇതിനാൽ അധികം സ്പഷ്ടമായി വരുന്നു (യോ. ൧൯, ൨൭). ഈ ജബെദിപുത്രർ ഇരുവരും നചറത്തിൽ അല്ല ഗലീലസരസ്സിൻ വക്കത്തു പാൎത്തു വളൎന്നവരത്രെ (മത്ത. ൪, ൨൧).

PART II.

PREPARATIVES TO AND METHOD OF CHRIST'S PUBLIC MINISTRY.

രണ്ടാം ഖണ്ഡം.

മശീഹപ്രവൎത്തനാസന്നാഹവും പ്രവൎത്തനാവിധവും.

§ 15.

Public Affairs at the Time of Christ's Ministry.

രാജ്യകാൎയ്യാദികൾ.

യേശുവിന്നു ൧൬ വയസ്സായപ്പോൾ ഔഗുസ്തൻ എന്ന വൃദ്ധചക്രവൎത്തി പുത്രപൌത്രന്മാർ ഇല്ലായ്കയാൽ ഭാൎയ്യാപുത്രനായ തിബെൎയ്യനെ ദത്ത് എടുത്ത് ഇളമയാക്കി വാഴിച്ചു (ക്രി. ൧൨). സാമ്രാജ്യത്തിന്നു പുറമെ സ്വാതന്ത്ര്യവും ശ്രീത്വവും ഉണ്ടെങ്കിലും മുമ്പെ സുറിയയിൽ നാടുവാഴിയായ വാരൻ ഗൎമ്മാനരെ സ്വാധീനമാക്കുവാൻ വിചാരിച്ചപ്പോൾ അവരുടെ തലവനായ ഹെൎമ്മൻ അവനേയും ൩ ലേഗ്യോനുകളെയും കാട്ടിൽ വളഞ്ഞു നിഗ്രഹിച്ചു (ക്രി. ൯). ആയതു കേട്ടാറെ കൈസരും ഒന്നു ഞെട്ടി മുറയിട്ടു രോമസാമ്രാജ്യത്തിന്നു ആ ദിക്കിൽനിന്ന് ആപത്തു വരും എന്ന് ഊഹിച്ചശേഷം, തിബെൎയ്യൻ കൌശലം പ്രയോഗിച്ചു ദ്രുയിച്ച് വംശങ്ങളെ ഭേദിപ്പിച്ചുകൊണ്ടു രോമക്കു തല്ക്കാലഭയം ഇല്ലാതാക്കി. ഔഗുസ്തൻ താൻ മരിച്ചപ്പോൾ (൧൪. ഔഗ്. ൧൯) ഒരു മന്ത്രി മുല്പക്കു കൈസർ സ്വൎഗ്ഗാരോഹണം ചെയ്തപ്രകാരം ഞാൻ കണ്ടു എന്ന് സത്യം ചെയ്കയാൽ ഔഗുസ്തന്നു ദേവമാനവും സ്ഥാനവും നിത്യോത്സവവും പുരോഹിതരും വേണം എന്നു കല്പനയായി. അന്നുമുതൽ കൈസരെ പൂജിയാതെ ഇരുന്നാൽ സ്വാമിദ്രോഹത്തിന്ന് ഒത്ത പാപമായ്തീരും എന്നു സിദ്ധാന്തം.

ഉപായിയായ തിബെൎയ്യൻ (൧൪—൩൭) കോയ്മ നടത്തിയ ൨൩ വൎഷങ്ങളിൽ സജ്ജനങ്ങൾക്കു എല്ലാവൎക്കും നിത്യഭയം ഉണ്ടു, വല്ലവന്റെ മേലും

വാറോലയാലും സ്വാമിദ്രോഹം മുതലായ കുററങ്ങളെ ബോധിപ്പിച്ചാൽ കൈസർ ക്രൂരശിക്ഷകളെ നടത്തും. അക്കാലം രോമയിൽ നാലു ധൂൎത്ത യഹൂദന്മാർ ഉണ്ടായിരുന്നു; അവർ മോശധൎമ്മം എത്രയും പുരാണം, സകല യവനജ്ഞാനങ്ങളിലും യുക്തി ഏറിയത് എന്നു സ്തുതിച്ചുകൊണ്ടു ധനവാന്മാരെ വേദത്തിൽ ആക്കുവാൻ ശ്രമിച്ചു (മത്താ. ൨൩, ൧൫; രോമ. ൨, ൨൧ *f*). അതുകൊണ്ടു ഫുല്വിയ എന്നൊരു മാന്യസ്ത്രീ വിശ്വസിച്ചു യരുശലേമാലയത്തിങ്കൽ വളരെ പൊന്നു വഴിപാടായി വെപ്പാൻ കൊടുത്തപ്പോൾ അവർ അതിനെ എടുത്തു നാനാവിധമാക്കി കളഞ്ഞു. കൈസർ ആയ്തു അറിഞ്ഞ ഉടനെ നഗരത്തിലേ യഹൂദന്മാർ ൪൦൦൦ പേരെ പടച്ചേകത്തിൽ ആക്കി വല്ലവരും വിരോധിച്ചാൽ ശിക്ഷിച്ചുകൊണ്ടു ആ വകക്കാരെ എല്ലാം സൎദ്ദിന്യദ്വീപിലേക്കു കടത്തിക്കയും ചെയ്തു.

യഹൂദശമൎയ്യകളെ ഭരിപ്പാൻ തിബേൎയ്യൻ മുമ്പെ ഗ്രാതനെ (൧൫—൨൬) അയച്ചു. അവൻ ൧൧ വൎഷം പാൎത്തു മഹാചാൎയ്യത്വം ഹനാന്റെ മകൻ തുടങ്ങിയുള്ളവൎക്ക് ഓരോരൊ വൎഷത്തോളം നല്കി ഒടുവിൽ ഹനാന്റെ പുത്രീഭൎത്താവായ കയഫാ എന്ന യോസെഫെ വാഴിച്ചിരിക്കുന്നു. ഗലീലയിൽ വാഴുന്ന ഹെരോദാ കൈസരുടെ പ്രസാദത്തിന്നായി നപ്തലി നാട്ടിൽ കിന്നെരെത്ത് സരസ്സിന്റെ തീരത്തു (യോശു. ൧൯, ൩൫) തിബേൎയ്യനഗരത്തെ യവനരസപ്രകാരം പണിയിച്ചു പല സാധുക്കളേയും മാനികളേയും നിൎബ്ബന്ധിച്ചു കുടിഇരുത്തി. അവന്റെ സഹോദരനായ ശാന്ത ഫിലിപ്പ് ആ പൊയ്കയുടെ വടക്കിഴക്കേ ഭാഗത്തു ഗോലാനിലേ ബെത്തചൈദയെ നഗരമാക്കി അലങ്കരിച്ചു മരണപൎയ്യന്തം അവിടെ നല്ലവണ്ണം വാണുകൊണ്ടു യൎദ്ദനുറവിന്നരികിൽ മുമ്പെ ബാൾഗാദും (യോശു. ൧൧, ൧൭) പിന്നെ ബാൾഹെൎമ്മോനും (൧ നാൾ. ൫, ൨൩) ഉള്ള സ്ഥലത്ത് ഒരു കൈസരയ്യയെ (മത്താ. ൧൬, ൧൩) എടുപ്പിക്കയും ചെയ്തു.

അനന്തരം തിബേൎയ്യൻ നിയോഗിച്ച പിലാതൻ (൨൬—൩൬) യഹൂദയിൽ വന്നു ൧൦ വൎഷം പാൎത്തു. അവൻ കടല്പുറത്തേ കൈസരയ്യയിൽനിന്നു പട്ടാളത്തെ യരുശലേമിൽ അയച്ചു രാജകൊടി പ്രതിമ മുതലായ ചിഹ്നങ്ങളോടും കൂടെ രാത്രി സമയത്തു പ്രവേശിപ്പിപ്പാൻ തുനിഞ്ഞു. ആയ്തു ഒരു നാടുവാഴിയും ചെയ്യാത്ത അതിക്രമം ആകകൊണ്ടു വലിയ പുരുഷാരം കൈസരയ്യെക്കു ഓടി ചെന്നു പിലാതനോടു മുറയിട്ടു ഈ അധൎമ്മസാധനങ്ങളെ തിരുപട്ടണത്തുനിന്നു നീക്കുവാൻ അപേക്ഷിച്ചു. അവൻ നിഷേധിച്ചാറെ അവർ ഹെരോദാവിൻ അരമന മുമ്പാകെ കവിണ്ണുവീണു ൫ രാപ്പകൽ അനങ്ങാതെ പാൎത്തു. ആറാം ദിവസം പിലാതൻ രംഗസ്ഥലത്തു കടന്നു ന്യായാസനം ഏറിയപ്പോൾ അവർ പിഞ്ചെന്നു മുട്ടിച്ചാറെ അവൻ ചേകവരെ വരുത്തി വളയിച്ചു തൽക്ഷണം പോകുന്നില്ലെങ്കിൽ വധിക്കും എന്നു വാൾ ഓങ്ങിച്ചു ഭയപ്പെടുത്തിയാറെ അവർ എല്ലാവരും പിന്നേയും കവിണ്ണുവീണു കഴുത്തു നീട്ടി കാട്ടി ധൎമ്മലംഘനത്തേക്കാളും മരിക്ക നല്ലു എന്നു നിലവിളിക്കയാൽ പിലാതൻ സ്തംഭിച്ചു ആ പ്രതിമകളെ മടിയാതെ വാങ്ങി കൈസരയ്യക്ക് അയപ്പാനും കല്പിച്ചു.

പിന്നെ അവൻ യരുശലേമിൽ വെള്ളം പോരാ എന്നു കണ്ടു കൊമ്പ്വാൻ എന്ന ദേവഭണ്ഡാരത്തിൽനിന്നു വളരെ ദ്രവ്യം എടുത്തു ൪൦ കാതം വഴി ദൂരത്തു നിന്നു ഒരു തോട്ടിലേ വെള്ളം കല്പാത്തി വെപ്പിച്ചു നഗരത്തോളം വരുത്തി. അതുകൊണ്ടു പുരുഷാരം ന്യായാസനത്തെ വളഞ്ഞു ക്രുദ്ധിച്ചു മുറയിട്ടു ദൂഷിച്ചു പറഞ്ഞപ്പോൾ അവൻ ചേകവരെ വേഷം മാററിച്ചു പുരുഷാരത്തിൻ ഇടയിൽ അയച്ചു കട്ടാരങ്ങളാലും വടികളാലും അവരെ ശിക്ഷിച്ചു നീക്കുവാൻ കല്പിച്ചു, ആയവർ ആരും വിചാരിയാത കാലം അടിച്ചു തുടങ്ങി അനേകരെ കൊല്ലുകയും ചെയ്തു. അന്നോ മറെറാരു ഉത്സവതിരക്കുള്ള സമയത്തോ ചില ഗലീലക്കാരുടെ രക്തം ബലിരക്തത്തോടു കലൻ്നു പോയായിരിക്കും (ലൂക്ക. ൧൩, ൧).

പിന്നെ അവൻ എഴുത്തുള്ള പൊൻപലിശകളെ ഹെരോദാവിൻ കോയിലകത്തു വഴിപാടായി തൂക്കുവാൻ വിചാരിച്ചു. അപ്പോൾ വളരെ നിലവിളി ഉണ്ടായി ജനം കൈസരോടു സങ്കടം ബോധിപ്പിപ്പാൻ നിശ്ചയിച്ചു തുടങ്ങി. എന്നാറെ പിലാതൻ താൻ കൈക്കൂലി തുലോം വാങ്ങി അനന്ത ദ്രവ്യം അപഹരിച്ചു മാനികളെ പരിഹസിച്ചു ന്യായവിസ്താരം കൂടാതെ പലരേയും കൊല്ലിച്ചു അനേകം സാഹസങ്ങളെ ചെയ്തു പോയ പ്രകാരം എല്ലാം ഓൎത്തു സംശയിച്ചു തുടങ്ങി. പ്രമാണികൾ കൈസരോടു മുറയിട്ടപ്പോൾ പലിശകളെ നീക്കുവാൻ കല്പനയായി. എന്നിങ്ങിനെ ഫീലോൻെറ വൎത്തമാനം (യോ. ൧൯, ൧൨).

അന്നു യേശു എന്നു ഒരു ജ്ഞാനി ഉണ്ടായിരുന്നു, അതിശയമുള്ള ക്രിയകളെ ചെയ്യുന്നവനും സത്യത്തെ മനസ്സോടെ കൈക്കൊള്ളുന്നവരുടെ ഉപദേഷ്ടാവും ആയി പല യഹൂദന്മാരേയും അധികം യവനന്മാരേയും ചേൎത്തു കൊണ്ടു അഭിഷിക്തൻ എന്നുള്ള ക്രിസ്തനായി. അവനെ നമ്മുടെ പ്രമാണികൾ കുററം ചുമത്തിയപ്പോൾ പിലാതൻ ക്രൂശിന്മേൽ മരിപ്പാൻ വിധിച്ച ശേഷവും മുമ്പിൽ ആശ്രയിച്ചവർ കൈവിട്ടില്ല; അവനാൽ ക്രിസ്ത്യാനർ എന്ന പേർ ധരിച്ചവരുടെ കൂട്ടം ഇന്നേവരെയും ഒടുങ്ങീട്ടുമില്ല എന്നതു ചരിത്രക്കാരനായ യോസെഫിൻെറ സാക്ഷ്യം.

അനന്തരം ശീമോൻ എന്നു ഒരു ചതിയൻ ശമൎയ്യരോടു ഞാൻ ഗരിജീം എന്ന തിരുമലമേൽ കയറി മോശെ അവിടെ കുഴിച്ചിട്ട വിശുദ്ധ പാത്രങ്ങളെ എടുത്തു കാട്ടി തരാം എന്നു പറഞ്ഞു താഴ്വരയിൽ ഒരു വലിയ കൂട്ടത്തെ ചേൎത്തപ്പോൾ പിലാതൻ കുതിരബലങ്ങളെ അയച്ചു പലരേയും വെറുതെ കൊല്ലിച്ചു ശേഷമുള്ളവരെ ചിതറിച്ചു. ഉടനെ ശമൎയ്യപ്രമാണികൾ സുറിയവാഴിയായ വിതെല്ല്യനോടു സങ്കടം ബോധിപ്പിച്ചു. വിതെല്ല്യനും അവനെ കൈസർ വിസ്താരത്തിന്നായി രോമെക്കയച്ചു (൩൬), താൻ യരുശലേമിൽ വന്നു പെസഹ കാലത്തു (൩൭) യഹൂദൎക്കു ചില ഉപകാരങ്ങളെ ചെയ്തു, ഒരു സ്നേഹിതനെ നാട്ടുവാഴിയാക്കി, കയഫാവെ സ്ഥാനത്തുനിന്നു നീക്കി ഹനാൻെറ പുത്രനായ യോനഥാനെ മഹാചാൎയ്യനാക്കി, അന്ത്യോഖ്യെക്കു മടങ്ങി പോകയും ചെയ്തു. പിലാതനോ രോമയിൽ എത്തുമ്മുമ്പെ ദുഷ്ട കൈസർ മരിച്ചു (൩൭ മാൎച്ച് ൧൯), കലീഗുലാ എന്ന കായൻ (൩൭—൪൧) വാഴുകയും ചെയ്തു. പിലാതൻ മറുനാട്ടു കടന്ന ശേഷം മരിച്ചു കളഞ്ഞു എന്നു ഒരു ശ്രുതി ഉണ്ടു.

ഹെരോദാവിൻ മക്കളിൽ ഫിലിപ്പ് ഹെരോദ്യാപുത്രിയായ ശലൊമയെ

വേട്ടതിന്റെ ശേഷം താൻ കുഞ്ഞികുട്ടികൾ ഇല്ലാതെ ബെത്ത്ചൈദയിൽ വെച്ചു മരിച്ചു (൩൪), കൈസർ അവന്റെ ഇടവകയെ സുറിയനാട്ടോട്ടു ചേൎക്കയും ചെയ്തു.

അവനേക്കാൾ ദുഷ്ടനായ്തു ഗലീലവാഴിയായ ഹെരോദാ അന്തിപാതന്നെ. അവൻ അറവിരാജാവായ ഹറിത്തിന്റെ മകളെ വേട്ടു വളരെ കാലം പാൎത്തപ്പോൾ ഒർ അനുജൻ കെട്ടിയ ഹെരോദ്യ എന്ന മഹാഹെരോദാവിൻ പൌത്രിയെ ഒരു രോമയാത്രയിൽ കണ്ടു മോഹിച്ചു ശ്രദ്ധമായി വിവാഹം നിശ്ചയിച്ചു കൂട്ടിക്കൊണ്ടു ഗലീലയിൽ മടങ്ങി വന്ന കാലം അറവിരാജപുത്രി വസ്തുത ഗ്രഹിച്ചു ക്രോധം മറെച്ചു അഛ്ശനെ കാണ്മാൻ അനുവാദം വാങ്ങി പോയശേഷം മടങ്ങിവന്നതും ഇല്ല. അവളുടെ പിതാവ് അപമാനം സഹിയാതെ പട്ടാളം ചേൎത്തു പട തുടങ്ങിയപ്പോൾ ഹെരോദാപക്ഷം തോററു ഒരു സൈന്യം മുഴുവൻ ഒടുങ്ങുകയും ചെയ്തു. എന്നാറെ യഹൂദർ ഇതു സ്നാപകന്റെ കുലനിമിത്തം വന്ന കൂലി എന്നു നിശ്ചയിച്ചു. സ്നാപകൻ ആർ എന്നാൽ നീതിഭക്തിയോടും കൂടെ ജലസ്നാനവും ഏല്പാൻ ഉപദേശിച്ച യോഹനാൻ എന്ന് ഒർ ഉത്തമൻ തന്നെ. രാജാവ് ജനരഞ്ജന നിമിത്തം അവനെ ഭയപ്പെട്ടു മഖൈർ കോട്ടയിൽ അടെച്ചു വെച്ചു ഒടുവിൽ കൊന്നിരുന്നു.

ഈ ദേവശിക്ഷയെ അറിയാതെ ഹെരോദാ തിബെൎയ്യനോടു വളരെ സങ്കടം ബോധിപ്പിച്ചാറെ, വിതെല്ല്യൻ ഹറിത്തെ ജയിച്ചു തല വെട്ടി അയക്കേണം എന്ന കല്പന അനുസരിച്ചു ഒരു പട്ടാളം ചേൎത്തു യരുശലേമിൽ വന്നു ബലി കഴിപ്പിച്ചു മഹാചാൎയ്യനെ പിന്നേയും മാററിയപ്പോൾ തിബേൎയ്യൻ മരിച്ച പ്രകാരം കേട്ടു. ഉടനെ സന്തോഷിച്ചു താൻ മുമ്പെ തന്നെ ഹെരോദാവിങ്കൽ സിദ്ധാന്തക്കാരനാകകൊണ്ടു പുതു കൈസരുടെ സമ്മതം അറിയുന്നില്ലല്ലോ എന്നു ചൊല്ലി പടയെ അതിർ കടത്താതെ വെറുതെ അന്ത്യോഖ്യെക്കു മടങ്ങി പോകയും ചെയ്തു. (൩൭)

ഇതല്ലാതെ മറെറാരു ശിക്ഷയും ഹെരോദാവിന്നു സംഭവിച്ചു. ഹെരോദ്യയുടെ ജ്യേഷ്ഠനായ ഹെരോദാഅഗ്രിപ്പാ എന്നവൻ (അപോ. ൧൨) രോമയിൽവെച്ചു വളൎന്നു, മുതൽ എല്ലാം നശിപ്പിച്ചും കടം പിണഞ്ഞും കൊണ്ടു വലഞ്ഞു മരിച്ചുകളവാൻ ഭാവിച്ചപ്പോൾ ഭാൎയ്യ വിരോധിച്ചു ഹെരോദ്യയോടു വളരെ ഇരന്ന ശേഷം അവളെ കെട്ടിയ ഗലീലവാഴി അവനെ തിബേൎയ്യനഗരത്തിൽ മാസപ്പടിക്കാരനാക്കി രക്ഷിച്ചു. എന്നാറെ അവൻ ദാരിദ്ര്യനിന്ദയെ സഹിയാതെ ഓടി പോയി വളരെ അപമാനദുഃഖങ്ങൾ അനുഭവിച്ച ശേഷവും രോമയിൽ എത്തി മൂഢകൈസരായ കായന്റെ തോഴനായ്ചമഞ്ഞു. ധൂൎത്തു നിമിത്തം തിബേൎയ്യന്റെ വിധിയാൽ ൬ മാസം തടവിലായ ശേഷം സിംഹം ചത്തു സ്വാതന്ത്ര്യം വന്നു, കായൻ ഇരിമ്പു ചങ്ങലയുടെ തൂക്കത്തിൽ ഒരു പൊൻ ചങ്ങലയും രാജനാമവും കിരീടവും ഫിലിപ്പ് ലുസന്യ എന്നവരുടെ ഇടവകയും (ലൂ. ൩, ൧.) കൊടുത്തു. ഇപ്രകാരം അവൻ മഹാഘോഷത്തോടും കൂടെ കനാനിൽ വന്നു രാജാവായി വാണപ്പോൾ (൩൮) പെണ്ണുങ്ങൾ അസൂയ ഭാവിച്ചു മുമ്പെ നമ്മുടെ മാസപ്പടിക്കാരനായ ഈ ഇരപ്പന്നു കിട്ടിയ സ്ഥാനം നമുക്കും ലഭിക്കേണം, എത്ര ചെലവിട്ടാലും വേണ്ടതില്ല എന്നു നിത്യം മുട്ടിച്ചു

ഗലീലവാഴിയെ വശീകരിച്ചു ഇരുവരും രോമയിലേക്ക പുറപ്പെട്ടു പോകയും ചെയ്തു. ആയ്ത് അഗ്രിപ്പാ അറിഞ്ഞ ഉടനെ ഒരു വിശ്വസ്തനെ രോമയിലേക്കയച്ചു, ഇടപ്രഭു പാൎസിപക്ഷക്കാരൻ, വമ്പടെക്കുള്ള ആയുധം എല്ലാം ചരതിച്ചതു മത്സരത്തിന്നല്ലാതെ എന്തിന്നാകുന്നു എന്നു ബോധിപ്പിച്ചു. കായനും ഹെരോദാവെ കണ്ടാറെ ലുഗ്ദൂനിലേക്ക നാടു കടത്തി ഗലീല പരായ്യനാടുകളെ അഗ്രിപ്പാവിന്നു കൊടുക്കയും ചെയ്തു (൩൯). ഇതത്രെ ആ കുറുക്കന്റെ (ലൂക്ക. ൧൩, ൩൨) അവസാനം.

കായൻ താൻ ഭ്രാന്തു പിടിച്ചു ദേവൻ എന്ന് എത്രയും സ്ഥിരമായി നിശ്ചയിച്ചു തന്റെ പ്രതിമയെ യരുശലേമാലയത്തിലും പ്രതിഷ്ഠിപ്പാൻ കല്പിച്ചു. യഹൂദർ ഉടനെ പൊരുതു മരിപ്പാൻ ഒരുങ്ങിയപ്പോൾ നാടുവാഴി വലഞ്ഞു കരുണെ ഭാവിക്കയാൽ കായൻ വളരെ കോപിച്ചശേഷം തൽക്കാലം രോമയിൽ വസിച്ചിരുന്ന അഗ്രിപ്പാ അവന്ന് ഒരു നല്ല സദ്യ ഉണ്ടാക്കി പ്രസാദം വരുത്തി കൌശലത്തോടെ ചോദിച്ചു ആ ബിംബപ്രതിഷ്ഠ വേണ്ടാ എന്ന വരം വാങ്ങുകയും ചെയ്തു. കൈസരുടെ അപമൃത്യുവിൽ പിന്നെ ക്ലൌദ്യൻ കൈസരും (൪൧—൫൪) ആ അഗ്രിപ്പാവിൽ കടാക്ഷിച്ചു യഹൂദശമൎയ്യനാടുകളേയും മഹാഹെരോദാവിൻ രാജ്യവും എല്ലാം ൫൦ ലക്ഷം വരവിനോടു കൂടെ അവന്നു കൊടുത്തു. ആ ഭാഗ്യംനിമിത്തം അവൻ ഉയൎന്നു ദൈവത്തോടു പിണങ്ങി (അപോ. ൧൨) താൻ ദേവൻ എന്നു വിചാരിച്ചു പോകയാൽ ദിവ്യബാധയാൽ പീഡിച്ചു മരിച്ചു († ൪൪) യഹൂദവംശത്തിന്നു ഹെരോദ്യവാഴ്ച ഒടുങ്ങുകയും ചെയ്തു. അവന്റെ മകനായ രണ്ടാം അഗ്രിപ്പാവിന്നു (അപോ. ൨൫, ൧൩) ചെറിയ ഇടവകയും രാജനാമവും ദേവാലയകാൎയ്യവും മാത്രമേ ഉള്ളൂ. അവൻ ദ്രുസില്ല (൨൪, ൨൪) ബെരനീക്ക (൨൫, ൨൩) എന്ന വല്ലാത്ത സഹോദരിമാരോടും കൂടെ യരുശലേമിന്റെ നാശം കണ്ടു വയസ്സനായ്മരിച്ചു.

ഇങ്ങിനെ ഉള്ള രാജ്യവിശേഷങ്ങളെ യോസെഫിൻ ചരിത്രത്തിലും മറ്റും വിവരമായി കാണാം. തിബേൎയ്യന്റെ ഇളമസ്ഥാനം മുതൽ ൧൫ആം വൎഷം (ലൂക്ക. ൩, ൧) ൨൭ ക്രിസ്താബ്ദം തന്നെ. അക്കാലത്തിൽ യേശുവിന്റെ സ്നാനവും അവന്റെ മുപ്പതാം വയസ്സും (ലൂക്ക. ൩, ൨൩) ഒത്തുവരുന്നു. പിന്നെ ൨൮ ക്രിസ്താബ്ദത്തിൽ പെസഹകാലത്തു മഹാഹെരോദാവ് തുടങ്ങിയ ദേവാലയപണിക്ക നേരെ ൪൬ വൎഷം തികഞ്ഞു (യോഹ. ൨, ൨൦). ആയ്തു രോമാബ്ദം ൭൩൪ മുതൽ ൭൮൦ വരെക്കും ആകുന്നു. ൨൯ ക്രി. പെസഹെക്കു മുമ്പെ സ്നാപകൻ മരിച്ചു യേശു മഹോത്സവത്തിന്നു പോയതും ഇല്ല (യോ. ൬, ൨). ൩൦ ക്രി. (രോമാബ്ദം ൭൮൩) പെസഹ ഒരു വെള്ളിയാഴ്ചയിൽ തന്നെ തുടങ്ങിയത് (ഏപ്രിൽ ൭ആം തിയ്യതി). അതുതന്നെ സംശയം കൂടാതെ യേശുവിന്റെ മരണദിവസം. ഈ ചൊന്ന വൎഷങ്ങളുള്ളിൽ യോഹനാൻ യേശു എന്നവരുടെ ക്രിയ തികഞ്ഞു വന്നു.

§ 16.

The Forerunner's Ministry.

അഗ്രസരനായ യോഹന്നാന്റെ പ്രവൎത്തനം.

MATT. III.

1 In those days came John the Baptist, preaching in the wilderness of Judæa,

2 And saying, Repent ye: for the kingdom of heaven is at hand.

3 For this is he that was spoken of by the prophet Esaias, saying, The voice of one crying in the wilderness, Prepare ye the way of the Lord, make his paths straight.

4 And the same John had his raiment of camel's hair, and a leathern girdle about his loins; and his meat was locusts and wild honey.

5 Then went out to him Jerusalem, and all Judæa, and all the region round about Jordan,

6 And were baptized of him in Jordan, confessing their sins.

7 But when he saw many of the Pharisees and Sadducees come to his baptism, he said unto them, O generation of vipers, who hath warned you to flee from the wrath to come?

8 Bring forth therefore fruits meet for repentance:

9 And think not to say within yourselves, We have Abraham to *our* father: for I say unto you, that God is able of these stones to raise up children unto Abraham.

10 And now also the axe is laid unto the root of the trees: therefore every tree which bringeth not forth good fruit is hewn down, and cast into the fire.

11 I indeed baptize you with water unto repentance: but he that cometh after me is mightier than I, whose shoes I am not worthy to bear: he shall baptize you with the Holy Ghost, and *with* fire:

12 Whose fan *is* in his hand, and he will throughly purge his floor, and gather his wheat into the garner; but he will burn up the chaff with unquenchable fire.

MARK I.

1 The beginning of the gospel of Jesus Christ, the Son of God;

2 As it is written in the prophets, Behold, I send my messenger before thy face, which shall prepare thy way before thee.

3 The voice of one crying in the wilderness, Prepare ye the way of the Lord, make his paths straight.

4 John did baptize in the wilderness, and preach the baptism of repentance for the remission of sins.

5 And there went out unto him all the land of Judæa, and they of Jerusalem, and were all baptized of him in the river of Jordan, confessing their sins.

6 And John was clothed with camel's hair, and with a girdle of a skin about his loins: and he did eat locusts and wild honey:

7 And preached saying, There cometh one mightier than I after me, the latchet of whose shoes I am not worthy to stoop down and unloose.

8 I indeed have baptized you with water: but he shall baptize you with the Holy Ghost.

LUKE III.

1 Now in the fifteenth year of the reign of Tiberius Cæsar, Pontius Pilate being governor of Judæa, and Herod being tetrarch of Galilee, and his brother Philip tetrarch of Ituræa and of the region of Trachonitis, and Lysanias the tetrarch of Abilene,

2 Annas and Caiaphas being the high priests, the word of God came unto John the son of Zacharias in the wilderness.

3 And he came into all the country about Jordan, preaching the baptism of repentance for the remission of sins;

4 As it is written in the book of the words of Esaias the prophet, saying, The voice of one crying in the wilderness, Prepare ye the way of the Lord, make his paths straight.

5 Every valley shall be filled, and every mountain and hill shall be brought low; and the crooked shall be made straight, and the rough ways *shall be* made smooth;

6 And all flesh shall see the salvation of God.

7 Then said he to the multitude that came forth to be baptized of him, O generation of vipers, who hath warned you to flee from the wrath to come?

8 Bring forth therefore fruits worthy of repentance, and begin not to say within yourselves, We have Abraham to *our* father: for I say unto you, That God is able of these stones to raise up children unto Abraham.

9 And now also the axe is laid unto the root of the trees: every tree therefore which bringeth not forth good fruit is hewn down, and cast into the fire.

10 And the people asked him, saying, What shall we do then?

11 He answereth and saith unto them, He that hath two coats, let him impart to him that hath none; and he that hath meat, let him do likewise.

12 Then came also publicans to be baptized, and said unto him, master, what shall we do?

13 And he said unto them, Exact no more than that which is appointed you.

14 And the soldiers likewise demanded of him, saying, And what shall we do? And he said unto them, Do violence to no man, neither accuse *any* falsely; and be content with your wages.

15 And as the people were in expectation, and all men mused in their hearts of John, whether he were the Christ, or not;

16 John answered, saying unto *them* all, I indeed baptize you with water; but one mightier than I cometh, the latchet of whose shoes I am not worthy to unloose: he shall baptize you with the Holy Ghost and with fire:

17 Whose fan *is* in his hand, and he will throughly purge his floor, and will gather the wheat into his garner; but the chaff he will burn with fire unquenchable.

18 And many other things in his exhortation preached he unto the people.

മശീഹ ക്ഷണത്തിൽ തന്റെ രാജ്യസ്ഥാപനത്തിന്നായി വരുന്നതിന്നു മുമ്പെ എലീയാവിൻ ശക്തിയോടെ അവന്നു വഴി നന്നാക്കുന്ന ഘോഷകൻ മുന്നടക്കേണം എന്നു യശായയും (൪൦, ൩—൫) മലാക്യയും (൩, ൧) പ്രവചിച്ചിരുന്നു. അപ്രകാരം യോഹനാൻ യൎദ്ദൻതാഴ്വരയിൽ ഇരിക്കുന്ന യഹൂദാകാട്ടിൽ ഉദിച്ചപ്പോൾ, തന്നെ കേൾക്കുന്നവൎക്ക മരുഭൂമിയിൽ കൎത്താവിൻ വഴിയെ യത്നമാക്കുന്ന ശബ്ദവും തന്നെ കാണുന്നവൎക്ക കത്തി പ്രകാശിക്കുന്ന വിളക്കും ആയി മുൽപുക്ക പുതുകാലത്തെ ഘോഷിച്ചറിയിച്ചു. അത് ഒരു ശബ്ദത്താണ്ടു തന്നെ എന്നു സിദ്ധാന്തം.

നജീർ വ്രത്തിക്ക തക്കവണ്ണം അവൻ വാനപ്രസ്ഥനെപോലെ വളൎന്നു കാട്ടിൽ കിട്ടുന്ന തേനും തുള്ളനും ഭുജിച്ചും രോമംകൊണ്ടു ചമെച്ച വസ്ത്രം ഉടുത്തും കൊണ്ടു വാക്കിനാലും ഭാവത്താലും ലോകവൈരാഗ്യത്തേയും അനുതാപത്തേയും പ്രസംഗിച്ചുകൊണ്ടിരുന്നു. രണ്ടാമത് അവൻ പ്രവാചകനായും വിളങ്ങി. പൂൎവ്വന്മാരെ പോലെ ദേവരാജ്യം സമീപിച്ചു എന്നു മാത്രമല്ല മശീഹ ഉണ്ടു എന്നു ദേവാത്മമൂലം അറിഞ്ഞും അറിയിച്ചും അവനെ ചൂണ്ടി കാട്ടുവാനും തനിക്ക കല്പന വന്നു. മൂന്നാമത് അവൻ സ്നാപകനായവൻ. പാളയം എല്ലാം അശുദ്ധം, ദേവജാതി മുഴുവനും മശീഹെക്ക് അയോഗ്യം, ഗുരുജനങ്ങൾ വിശേഷാൽ സൎപ്പങ്ങൾ അത്രെ, ആകയാൽ ഇസ്രയേലിൽ കൂടുവാനുള്ള പരദേശി കുളിക്കുന്നതു പോലേയും വല്ല പുലയാൽ തീണ്ടി പോയവർ കുളിച്ചിട്ടു സഭയിൽ കൂടുന്നതു പോലേയും (൩. മോ. ൧൫) പുതുനിയമത്തിൽ ചേരേണ്ടുന്നവൎക്ക മുററും ഒരു സ്നാനം വേണം എന്നത് അവന്റെ അഭിപ്രായം. യോഹനാൻ പാപങ്ങളെ വെവ്വേറെ ഏററുപറയിച്ചു (മത്താ. ൩, ൬) എന്നു തോന്നുന്നില്ല, പാപം നിമിത്തമുള്ള ദുഃഖത്തോടു കൂടെ സ്നാനത്തെ ഏല്ക്കുന്നതു തന്നെ പാപസ്വീകാരത്തിന്നു മതിയായിരുന്നു. ഈ സ്നാനം അനുതാപത്തിന്നും (മത്താ. ൩, ൧൧) പാപമോചനത്തിന്നും (മാൎക്ക. ലൂക്ക.) ഉള്ളത് എങ്ങിനെ എന്നാൽ അനുതപിച്ചാൽ മശീഹയാൽ വരേണ്ടുന്ന പാപക്ഷമെക്ക സ്നാനം അച്ചാരം ആകുന്നു (അപോ. ൧൯, ൪).

ഇപ്രകാരം എലീയാ എന്ന പോലെ യഹോവെക്ക വേണ്ടി വേവാൻ തുടങ്ങിയപ്പോൾ ജനങ്ങൾ ഭ്രമിച്ചനുസരിച്ചു യൎദ്ദൻതീരത്തു കൂടിവന്നു. സാധുക്കളോട് അവൻ പ്രസംഗിച്ചതു കരുണ സഹോദരസ്നേഹം നേരും ന്യായവും കൈവിട്ടതിലേക്ക തിരിച്ചു ചേരേണം (ലൂക്ക. ൩, ൧൧—൧൪). അബ്രഹാം ബീജത്തിൽ ആശ്രയിച്ചിട്ടു, വരുംകോപത്തിങ്കൽ ഭയപ്പെടാതെ വെറുതെ സ്നാനം ഏല്പാൻ വന്നവരെ അവൻ സൎപ്പകുലം എന്നു ശാസിച്ചു പുറജാതികളിൽനിന്നും ദേവപുത്രർ ഉണ്ടായി വരുമെന്നും ഉദ്ദേശിച്ചു പറഞ്ഞു. ജനപ്രസാദത്തിന്നായി കൂടിവന്ന പറീശന്മാരേയും അവരിൽ അസൂയ ഭാവിച്ചു പിൻചെന്നിട്ടുള്ള ചദുക്യരേയും കണ്ടാറെ മരങ്ങളുടെ ചുവട്ടിന്നു കോടാലി വെച്ചുകിടക്കുന്നു എന്നു വിളിച്ചു കപടഭക്തിക്കാരെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു.

പിന്നെ മണിയും പതിരും ഇടകലൎന്നു നില്ക്കുന്ന കൂട്ടം എല്ലാം നോക്കുമ്പോൾ ഇതു വേൎത്തിരിപ്പാൻ കളത്തിന്റെ കൎത്താവിന്നത്രെ അവകാശം, അവനെ സേവിപ്പാൻ കൂടെ ഞാൻ പാത്രമല്ലാതവണ്ണം അവൻ എന്നേക്കാളും

വീൎയ്യമുള്ളവൻ, അവൻ ചിലരെ വിശുദ്ധാത്മാവിലും ചിലരെ അഗ്നിയിലും മുഴുക്കും, ആത്മസ്നാനം നിരസിക്കുന്നവൎക്ക അഗ്നിസ്നാനം ഉള്ളിലും പുറമെയും സംഭവിക്കും, ന്യായവിധിയുടെ അഗ്നി കൂടാതെ ആത്മാവ് ആൎക്കും ലഭിക്കയും ഇല്ല എന്നിങ്ങിനെയുള്ള അൎത്ഥങ്ങളെ പ്രവചിച്ചുകൊണ്ടിരുന്നു.

---

§ 17.

The Baptism of Jesus.

യേശു സ്നാനം ഏറ്റതു.

MATT. III.

13 Then cometh Jesus from Galilee to Jordan unto John, to be baptized of him.
14 But John forbad him, saying, I have need to be baptized of thee, and comest thou to me?
15 And Jesus answering said unto him, Suffer *it to be so* now: for thus it becometh us to fulfil all righteousness. Then he suffered him.
16 And Jesus, when he was baptized, went up straightway out of the water: and, lo, the heavens were opened unto him, and he saw the Spirit of God descending like a dove, and lighting upon him:
17 And lo a voice from heaven, saying, This is my beloved Son, in whom I am well pleased.

MARK I.

9 And it came to pass in those days, that Jesus came from Nazareth of Galilee, and was baptized of John in Jordan.
10 And straightway coming up out of the water, he saw the heavens opened, and the Spirit like a dove descending upon him:
11 And there came a voice from heaven, *saying*, Thou art my beloved Son, in whom I am well pleased.

LUKE III.

21 Now when all the people were baptized, it came to pass, that Jesus also being baptized, and praying, the heaven was opened,
22 And the Holy Ghost descended in a bodily shape like a dove upon him, and a voice came from heaven, which said, Thou art my beloved Son; in thee I am well pleased.
23 And Jesus himself began to be about thirty years of age, . . .

അശുദ്ധരോടുള്ള നിത്യ സംസൎഗ്ഗത്താൽ യേശുവും അശുദ്ധനായി പോയി എന്നതു മോശധൎമ്മത്താൽ ജനിക്കുന്ന ഒർ അനുമാനം (൩ മോ. ൧൫, ൭. ൧൦ *ff*). പാപമല്ല ജനനം മുതൽ പാപികളോടുള്ള ഉറ്റ സംബന്ധം അത്രെ യേശുവിന്റെ ദൂഷ്യം. അതിനാൽ അവൻ സൎവ്വലോകത്തിന്നായ്ക്കൊണ്ടു ബലിയാടായ്ച്ചമഞ്ഞതല്ലാതെ സ്നാനത്തിന്നും കൂടെ പാത്രമായി. ശേഷം ഇസ്രയേലരെ പോലെ അവനും പിതാവിന്റെ വിളിയെ അനുസരിച്ചു സ്നാനത്തിന്നായി വന്നു. യോഹനാനോ പാപം ഏറ്റു പറഞ്ഞവരെ മനസ്സോടെയും അനുതപിക്കാത്തവരെ മനസ്സല്ലാതെയും എങ്ങിനെ എങ്കിലും വരുന്നവരെ ഒക്കെയും സ്നാനം കഴിച്ചതിന്റെ ശേഷം യേശുവിൽ മാത്രം പാപം കാണായ്കയാൽ വളരെ ക്ലേശിച്ചു നീ എന്നെ കഴുകേണ്ടിയവനല്ലോ എന്നു നിനെച്ചു വിരോധിച്ചു (മത്ത.). എങ്കിലും യേശു ഇപ്രകാരം സകല നീതിയേയും നിവൃത്തിക്കേണം എന്നു ചൊല്ലി അവനെ സമ്മതിപ്പിച്ചു പാപികളുടെ കൂട്ടത്തിൽ ചേൎന്നു താനെ പുഴയിൽ മുഴുകുകയും ചെയ്തു.

ഞാൻ അവനെ അറിഞ്ഞില്ല എന്നു സ്നാപകൻ പിന്നേതിൽ രണ്ടുവട്ടം ശിഷ്യരുടെ മുമ്പാകെ പറഞ്ഞതും (യോ. ൧, ൩൧—൩൩), നിന്നാൽ എനിക്കു സ്നാനപ്പെടുവാൻ ആവശ്യം എന്നു സ്നാനം ഏല്പിക്കുന്നേരം ചൊല്ലിയതും തമ്മിൽ ഒക്കുന്നതു എങ്ങിനെ എന്നു സംശയിപ്പാൻ ഇട ഉണ്ടു. മുന്നറിഞ്ഞിട്ടല്ലയോ പാത്രാപാത്രത്വംകൊണ്ടു ഭാഷിപ്പാൻ സംഗതി വന്നുള്ളു. അത്

എങ്ങിനെ എന്നാൽ: യോഹനാൻ യേശുവിന്റെ ബാല്യകഥയേയും മററും കേട്ടു ഇവൻ മശീഹ എന്ന് ഒരു സമയം ഊഹിച്ചെങ്കിലും ഇരുവർ മുഖാമുഖമായി തമ്മിൽ കണ്ടറിയാതെ സ്നാനദിവസംവരെക്ക് കേവലം വേറിട്ടു പാൎത്തിരുന്നു. യോഹനാൻ ഇസ്രയേലിന്നു വെളിവാകേണ്ടും നാൾവരെ കാട്ടുകളിൽ വസിച്ചിരുന്നു എന്നുണ്ടല്ലോ (ലൂക്ക. ൧, ൮൦). എന്നാൽ സ്നാനത്തിന്നായി ഒരുങ്ങിയവർ തങ്ങളുടെ പാപങ്ങളെ ഏററു പറഞ്ഞിട്ടു തന്നെ സ്നാനപ്പെട്ടു എന്നു കേൾക്കുന്നു (മത്ത. ൩.). ഈ ആചാരത്തിന്ന് ഒത്തവണ്ണം യേശുവും കൂടെ ഒരു വിധമായ പാപസ്വീകാരത്തോടു കൂടെ സ്നാപകനോട് അണെഞ്ഞായിരിക്കും. അതായതു സ്വന്തപാപം ഇല്ലായ്കയാൽ ലോകപാപം എന്ന വൻഭാരം ചുമന്നു ദുഃഖിച്ചുകൊണ്ടു പാപത്തിൻ അവസ്ഥ ഇന്നതെന്നു സൎവ്വവംശത്തിൻ പേരിൽ അപൂൎവ്വ രീതിയായി അറിയിച്ചെന്നു തോന്നുന്നു. ആശ്ചൎയ്യമുള്ള ഈ പാപസ്വീകാരത്തെ കേൾക്കയും യേശുവിൻ വിശുദ്ധ മുഖഭാവാദികളെ കാണ്കയും ചെയ്ത നിമിഷത്തിൽ തന്നെ ഇവനേ മശീഹ എന്നു സ്നാപകന്നു ഊഹിപ്പാൻ ഇട വന്നു. ആകയാൽ ഈ വിശുദ്ധനെ സ്നാനപ്പെടുത്തുവാൻ മടിച്ചു നിന്നാൽ എനിക്കു സ്നാനം ഉണ്ടാവാൻ ആവശ്യം എന്നും മററും പറഞ്ഞതു. എങ്കിലും മശീഹയെ കുറിച്ചുള്ള പൂൎണ്ണ നിശ്ചയം അവന്നു വന്നതു സ്നാനത്തിൽ പിന്നെ ഉണ്ടായ സ്വൎഗ്ഗീയ അടയാളവും ശബ്ദവും കൊണ്ടത്രെ.

മേഘങ്ങൾ വേൎവ്വിട്ടു വാനം തുറന്നതും, ദേവാത്മാവ് ശരീരസ്വരൂപമായിട്ടു ശുദ്ധപരമാൎത്ഥതെക്കു കുറിയാകുന്ന പ്രാവു പോലെ യേശുവിന്മേൽ ഇറങ്ങിവന്നു പാൎത്തതും (യോ.), നീ („ഇവൻ" — മത്ത.) എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചു എന്ന ദിവ്യശബ്ദം കേൾപിച്ചതും, ഈ മൂന്നു ലക്ഷണവും ജനസംഘത്തിന്നല്ല മശീഹെക്കും അവന്റെ ഘോഷകനും വേണ്ടി അത്രെ ഉണ്ടായ്വന്നതു. അന്നു മുതൽ യോഹനാൻ ഇവൻ ദേവപുത്രൻ എന്നു സാക്ഷ്യം പറഞ്ഞു (യോ. ൧, ൩൪). യേശുവും മശീഹവേലെക്കായി ഉത്സാഹിപ്പിക്കുന്ന ആത്മാവിന്റെ വശത്തിൽ ആയ്നടന്നു (ലൂക്ക. ൪, ൧).

---

§ 18.

THE TEMPTATION OF JESUS.

യേശുവിന്റെ പരീക്ഷ.

MATT. IV.	MARK I.	LUKE IV.
1 Then was Jesus led up of the spirit into the wilderness to be tempted of the devil. 2 And when he had fasted forty days and forty nights, he was afterward an hungred. 3 And when the tempter came to him, he said, If thou be the Son of God, command that these stones be made bread.	12 And immediately the spirit driveth him into the wilderness.	1 And Jesus being full of the Holy Ghost returned from Jordan, and was led by the Spirit into the wilderness, 2 Being forty days tempted of the devil. And in those days he did eat nothing: and when they were ended, he afterward hungered. 3 And the devil said unto him, If thou be the Son of God, command this stone that it be made bread.

Matt. IV.

4 But he answered and said, it is written, Man shall not live by bread alone, but by every word that proceedeth out of the mouth of God.

5 Then the devil taketh him up into the holy city, and setteth him on a pinnacle of the temple,

6 And saith unto him, If thou be the Son of God, cast thyself down: for it is written, He shall give his angels charge concerning thee: and in *their* hands they shall bear thee up, lest at any time thou dash thy foot against a stone.

7 Jesus said unto him, It is written again, Thou shalt not tempt the Lord thy God.

8 Again, the devil taketh him up into an exceeding high mountain, and sheweth him all the kingdoms of the world, and the glory of them;

9 And saith unto him, All these things will I give thee, if thou wilt fall down and worship me.

10 Then saith Jesus unto him, Get thee hence, Satan: for it is written, Thou shalt worship the Lord thy God, and him only shalt thou serve.

11 Then the devil leaveth him, and, behold, angels came and ministered unto him.

Mark I.

13 And he was there in the wilderness forty days, tempted of Satan; and was with the wild beasts: and the angels ministered unto him.

Luke IV.

4 And Jesus answered him, saying, It is written, That man shall not live by bread alone, but by every word of God.

5 And the devil, taking him up into an high mountain, shewed unto him all the kingdoms of the world in a moment of time.

6 And the devil said unto him, all this power will I give thee, and the glory of them; for that is delivered unto me; and to whomsoever I will I give it.

7 If thou therefore wilt worship me, all shall be thine.

8 And Jesus answered and said unto him, Get thee behind me, Satan: for it is written, Thou shalt worship the Lord Thy God, and him only shalt thou serve.

9 And he brought him to Jerusalem, and set him on a pinnacle of the temple, and said unto him, If thou be the Son of God, cast thyself down from hence:

10 For it is written, He shall give his angels charge over thee, to keep thee:

11 And in *their* hands they shall bear thee up, lest at any time thou dash thy foot against a stone.

12 And Jesus answering said unto him, It is said, Thou shalt not tempt the Lord thy God.

13 And when the devil had ended all the temptation, he departed from him for a season.

ഇപ്രകാരം യേശുവിന്നു മശീഹാഭിഷേകം ഉണ്ടായ ഉടനെ വിശുദ്ധാത്മാവ് അവനെ മരുഭൂമിയിൽ ആക്കി. അവിടെ അവൻ ഇസ്രയേലിന്റെ ൪൦ യാത്രാവൎഷങ്ങൾക്കും മോശ എലീയാ എന്നവരുടെ നോമ്പിന്നും നിവൃത്തിവരുത്തി ൪൦ ദിവസം ഒന്നും ഭക്ഷിക്കാതെ മൃഗങ്ങളോടുകൂടെ ഇരുന്നു (മാൎക്ക.) പിശാചിന്റെ പരീക്ഷകളേയും ഏറ്റുകൊണ്ടു വസിച്ചു (ലൂക്ക.). ഒന്നാം ആദാമെ വഞ്ചിച്ചവൻ രണ്ടാമനാൽ തനിക്കു വരേണ്ടുന്ന തോല്വിയെ ഊഹിക്കാതെ ഇരുന്നില്ലപോൽ. അതുകൊണ്ട് അവൻ തന്നാൽ ആകുന്നെടത്തോളം മശീഹയെ വിരോധിച്ചു തൽക്രിയെക്കു ഭംഗം വരുത്തുവാൻ നോക്കി. യേശു പാപം കൂടാതവണ്ണം സകലത്തിലും നമ്മെപോലെ പരീക്ഷിക്കപ്പെട്ടവനും (എബ്ര. ൪, ൧൫) പല ഇച്ഛകളോടും ഭയങ്ങളോടും പൊരുതുന്നവനും വചനവാളെ ധരിക്കുന്ന വിശ്വാസം കൊണ്ടത്രെ ജയിക്കുന്നവനും എന്നുള്ളതു പ്രസിദ്ധമായ്വരേണ്ടതു (എബ്ര. ൫, ൭). ഗഥ്ശമനയിലും ഗൊല്ഗഥയിലും ഭയത്താലേ പരീക്ഷ; യൎദ്ദനാമരുഭൂമിയിൽവെച്ചു മൂന്നു വിധമുള്ള അഭിലാഷങ്ങളാൽ അത്രെ (൧ യോഹ. ൨, ൧൬). ദേവരാജ്യത്തെ സ്ഥാപിപ്പാനായി ദേവാത്മാവ് ഒരു വഴിയെ കാട്ടുമ്പോൾ ലോകത്തിൽ വ്യാപരിക്കുന്ന ദുരാത്മാവ് വേറെ വഴികളെ കാണിച്ചു മശീഹയെ വശീകരിപ്പാൻ അദ്ധ്വാനിച്ചു.

ആയത് എങ്ങിനെ സംഭവിച്ചു എന്നു നിശ്ചയിച്ചുകൂടാ. സാത്താൻ വല്ല വേഷവും ധരിച്ചു സംസാരിച്ചിട്ടോ പക്ഷെ പരീക്ഷകളെ എല്ലാം യേശുവിന്റെ ഉള്ളത്തിൽ മാത്രം തോന്നിച്ചിട്ടോ അഥവാ (മത്ത. ൧൬, ൨൩ എന്ന പോലെ) മനുഷ്യനെകൊണ്ടു പറയിച്ചിട്ടോ ഈ വക പലതും നിൎണ്ണയിപ്പാൻ ധൈൎയ്യം പോരാ; യേശു ഒഴികെ സത്യവാന്മാർ ആരും ആ പരീക്ഷയുടെ

വിവരം കാണാതിരിക്കയാൽ അവൻ പിന്നേതിൽ തന്റെ ശിഷ്യന്മാരോട് അല്പം മൂടിക്കൊണ്ടു ചുരുക്കി പറഞ്ഞതു നമുക്കു മതി എന്നു തോന്നേണം. നീ ദേവപുത്രൻ എങ്കിൽ ഈ വിശപ്പ് എന്തിന്നു? കല്ലുകളെ അപ്പവും വനത്തെ നാടും നാട്ടിനെ ഏദൻതോട്ടവും ദാരിദ്ര്യത്തെ ഐശ്വൎയ്യവുമാക്കി മാററുന്നതു മശീഹെക്കു വിഹിതമല്ലോ (യശ. ൩൫) എന്നു പരീക്ഷകന്റെ ഒരു വാക്കു തന്നെ. ഇപ്രകാരമുള്ള ജഡവാഴ്ചയും ഭോഗസമൃദ്ധിയും ലോകർ ആഗ്രഹിക്കുന്നതിനെ യേശു ൫ മോ. ൮, ൩ എന്ന വാക്യത്താൽ ആക്ഷേപിച്ചു ദേവവായിലേ വചനത്താൽ അത്രെ ജീവിപ്പാൻ നിശ്ചയിച്ചു. എന്തോ, വാനത്തിൽനിന്ന് എന്ന പോലെ നീ ദേവാലയത്തിൽനിന്നു ചാടി യരുശലേമിൽ കടന്നാൽ പ്രജകൾ എല്ലാം കാല്ക്കൽ വണങ്ങും; യഹോവാഭിഷിക്തന്നു ഒന്നിനാലും ഹാനി വരാതവണ്ണം ദൂതസേവ ഉണ്ടല്ലോ (സങ്കീ. ൯൧, ൧൧ *f*). എന്നതിന്നു നിൻ ദൈവമായ യഹോവയെ പരീക്ഷിക്കരുത് (൫ മോ. ൬, ൧൬) എന്നുള്ള മൊഴി പറഞ്ഞു, പടികൾ ഉള്ളേടം ചാട്ടം അരുതു, ദേവക്രമത്തിൽ നടക്ക നല്ലു എന്നു വെച്ചു ലോകമാനത്തെ തള്ളിക്കളഞ്ഞു. മൂന്നാമത്, സകല പൎവ്വതങ്ങളിലും ഉയൎന്നു വരേണ്ടതു ചിയോൻമല തന്നെ അല്ലോ (യശ. ൨, ൨). അതിന്മേൽ യേശുവെ നിറുത്തി സൎവ്വരാജ്യങ്ങളേയും സ്വാധീനത്തിൽ ആക്കുന്ന ദിഗ്ജയവും ചക്രവൎത്തിത്വവും കാട്ടി, ഇതൊക്കയും രക്ഷിപ്പാൻ മശീഹെക്ക് അവകാശമാകുന്നുവല്ലോ; "നീ എന്റെ പുത്രൻ" എന്നരുളിച്ചെയ്തവൻ അന്ന് "എന്നോടു ചോദിക്ക എന്നാൽ ജാതികളെ ഉടമയായും ഭൂമിയുടെ അററങ്ങളെ അവകാശമായും തരാം" എന്നുകൂടെ കല്പിച്ചു പോൽ (സങ്കീ. ൨); ഇഹലോകപ്രഭുവിന്നു അല്പം മാത്രം ഉപചാരം കാട്ടേണ്ടി വരും, സകലവും അവന്റെ കൈവശമല്ലോ (ലൂക്ക.) എന്നു പറഞ്ഞപ്പോൾ യേശു ക്രുദ്ധിച്ചു നിൻ ദൈവമാകുന്ന യഹോവയെ മാത്രം വന്ദിക്കയും സേവിക്കയും വേണം (൫ മോ. ൬, ൧൩) എന്ന വാക്യത്തെ പിടിച്ചു പിതാവിൻ കയ്യിൽനിന്നല്ലാതെ സൎവ്വാധികാരവും വേണ്ടാ എന്നുറെച്ചു പരീക്ഷകളെ നീക്കുകയും ചെയ്തു.

പിശാചിലും അവന്റെ രാജ്യത്തിലും ജയംകൊണ്ടശേഷം മൃഗസംസൎഗ്ഗവും തീൎന്നു ദേവദൂതന്മാർ അടുത്തു വന്നു കൊണ്ടാടി സേവിക്കയും ചെയ്തു. പരീക്ഷകനോ ഒരു സമയത്തിന്ന് അവനെ വിട്ടുപോയതേ ഉള്ളു (ലൂക്ക.). അനന്തരം യേശു യോഹനാൻ ഉള്ള സ്ഥലത്തേക്കു മടങ്ങി ചെന്നു (യോ. ൧, ൨൮).

---

§ 19.

CHRIST'S PLAN.

യേശുവിന്റെ ആലോചന.

യേശു യഹൂദരുടെ ജഡികമായ മശീഹകാംക്ഷപ്രകാരം അല്ല, ദൈവഹിതപ്രകാരമേ മശീഹയായി വാഴുവാൻ നിശ്ചയിച്ചപ്പോൾ മരണപൎയ്യന്തം താണല്ലാതെ ഉയൎന്നു വാഴുക ഇല്ല എന്നു കണ്ടു പിതാവിന്റെ അഭിപ്രായത്തെ എല്ലാം ബോധിച്ചു സമ്മതിച്ചനുസരിക്കയും ചെയ്തു.

എന്നാൽ താൻ മശീഹ (അഭിഷിക്തൻ) എന്നതിനെ മനുഷ്യരുടെ രക്ഷെക്കു വേണ്ടി വെളിപ്പെടുത്തേണ്ടിയതു എങ്കിലും യഹൂദരുടെ ഇടൎച്ചകൾ നിമിത്തം പലപ്രകാരത്തിലും മൂടേണ്ടുന്നതും ആയിരുന്നു. അതുകൊണ്ടു അവൻ ആരിലും തന്നെ ഏല്പിക്കാതെയും (യോ. ൨, ൨൪) വല്ല ഭൂതങ്ങൾ തന്നെ അറിയിച്ചാൽ അവരെ ശാസിച്ചും തന്നെ വാഴിപ്പാൻ ഭാവിച്ച യഹൂദരെ വിട്ടു ഒളിച്ചുംകൊണ്ടു പാൎത്തു. എങ്കിലും ശമൎയ്യക്കാരത്തിയേയും അവളുടെ നാട്ടുകാരേയും അറിയിപ്പാൻ മടിച്ചില്ല (യോ. ൪), ശിഷ്യന്മാരേയും ആ നാമത്തെ ക്രമത്താലെ ഗ്രഹിപ്പിച്ചു. മരണശിക്ഷ വരും എന്നു കണ്ട നേരമേ മഹാലോകർ മുഖാന്തരം താൻ മശീഹ എന്നു സ്പഷ്ടമായി പറകയും ചെയ്തു.

അധികം രസിച്ച നാമം മനുഷ്യപുത്രൻ എന്നുള്ളതു. ആയതു ദാനിയേൽ മശീഹയെ കുറിച്ചു പറഞ്ഞിട്ടും (൭, ൧൩) യഹൂദരിൽ അധികം നടപ്പായ്വന്നില്ല (യോ. ൧൨, ൩൪). അവർ മശീഹ ദേവപുത്രൻ എന്ന പറഞ്ഞിരിക്കേ യേശു മാനുഷഭാവമുള്ളവൻ എന്നു കാട്ടുവാൻ അധികം ഇച്ഛിച്ചു (മത്ത. ൮, ൨൦; ൧൨, ൩൨; ൨൬, ൨൪; യോ. ൧൯, ൫), മനുഷ്യരോടു ബലക്ഷയങ്ങളിലും കഷ്ടമരണങ്ങളിലും കൂറായ്മ ഭാവിപ്പാൻ രസിച്ചു. പിന്നെ ആ നാമം രണ്ടാം ആദാം എന്നതിനോടും ഒത്തു വരുന്നു (യോ. ൩, ൧൩). താൻ മനുഷ്യപുത്രനാകകൊണ്ടു മനുഷ്യജാതിക്കു ന്യായംവിധിപ്പാൻ അധികാരം കൂടെ പ്രാപിച്ചു എന്നുള്ള അൎത്ഥം ദാനിയേലിൻ പ്രവാചകത്താലും ജനിക്കുന്നു (മത്ത. ൨൬, ൬൪; യോ. ൫, ൨൭).

ദേവാനുസരണം തന്നെ സൎവ്വ പ്രമാണം എന്നു ബോധിക്കയാൽ താൻ ക്രൂശിലേ മരണപൎയ്യന്തം നിത്യം അനുസരണം പഠിച്ചതേ ഉള്ളു (ഫില. ൨, ൮; എബ്ര. ൫, ൮). മനുഷ്യപുത്രനാകകൊണ്ടു ശുദ്ധമനുഷ്യൎക്കു കല്പിച്ച ആദിന്യായം മാത്രമല്ല (മത്ത. ൧൯, ൮) പാപികളിൽ വിധിച്ച ദേവകല്പനയും അനുസരിക്കേണ്ടിവന്നു. ആയതു ഒന്നാമതു ഗോത്രപിതാക്കന്മാരുടെ ന്യായം (യോ. ൭, ൨൩), രണ്ടാമതു ഇസ്രയേലിൽ വ്യവസ്ഥയായ്ക്കല്പിച്ച മോശധൎമ്മം (മാൎക്ക. ൧൦, ൧൯; മത്ത. ൧൫, ൪), മൂന്നാമതു പ്രവാചകവിധികൾ (മത്ത. ൫, ൧൭). അതു കൂടാതെ കഴിയുന്നേടത്തോളം മാനുഷകല്പനയേയും അനുസരിച്ചു; അതിൽ ഒന്നു മൂപ്പന്മാരുടെ വെപ്പുകൾ (മത്ത. ൨൩, ൨ *f.* ൨൩), രണ്ടാമതു ഇസ്രയേലിലുള്ള വിസ്താരസഭ (മത്ത. ൫, ൨൨), മൂന്നാമതു രോമരുടെ രാജാധികാരം (മത്ത. ൨൨, ൨൧; യോ. ൧൯, ൧൧).

ഇങ്ങിനെ ൬ വിധത്തിലും അനുസരണം ശീലിച്ചവൻ എങ്കിലും തനിക്കു ദാസത്വം തന്നെ അല്ല ദാസന്റെ ഛായ മാത്രമേ ഉള്ളു. ദിവ്യസ്വാതന്ത്ര്യത്തെ പ്രമാണികൾക്കും പിലാതനും മുമ്പാകെ വാക്കിനാലും മൌനത്താലും കാണിച്ചു; സ്വതന്ത്രനായിട്ടത്രെ ശബ്ബത്തെ കൊണ്ടാടി (മത്ത. ൧൨, ൮), ദേവാലയപ്പണിക്കായി പണം കൊടുത്തു (മത്ത. ൧൭, ൨൬.), താൻ മനുഷ്യൎക്കല്ല പിതാവിന്നു മാത്രം അധീനൻ എന്നു കാട്ടുകയും ചെയ്തു. അതുകൊണ്ടു മഹാചാൎയ്യന്മാൎക്കും തന്റെ പ്രവാചകാധികാരത്തെ കുറിച്ചു കണക്കു ബോധിപ്പിച്ചില്ല (മത്ത. ൨൧, ൨൭), വൈദികരെ പാരമ്പൎയ്യന്യായം നിമിത്തം ആക്ഷേപിച്ചു (മത്ത. ൧൫, ൩. ൬; മാൎക്ക. ൭, ൧൩), ഗലീലവാഴിയെ രണ്ടുവട്ടം അനുസ

രിക്കാതെ ഇരുന്നു (ലൂക്ക. ൧൩, ൩൨; ൨൩, ൯), പിലാതനെ പാപത്തെ ഓൎപ്പിച്ചു സത്യരാജാവായി എതിരിട്ടു, എല്ലാ സമയത്തും ദിവ്യധൎമ്മത്തിന്റെ അക്ഷരത്തേയും ഭാവത്തേയും ഇസ്രയേലിൽ ഉണ്ടായ മുങ്കുറികളേയും ഊനം വരാതവണ്ണം പ്രവാചകരാജാചാൎയ്യസ്വരൂപനായി നിവൃത്തിച്ചുകൊണ്ടിരുന്നു (മത്ത. ൨൬, ൬൪).

ഈ നിവൃത്തിക്കായി താൻ മരിച്ചുയിൎത്തെഴുനീല്ക്കേണം എന്നു ബോധിച്ചതല്ലാതെ (യോ. ൩, ൧൪; ൧൨, ൨൪) ദേവാലയം നശിക്കേണം എന്നും (യോ. ൨, ൧൯; ൪, ൨൧ *ff.*), പിതാവ് തനിക്കു യോഗ്യയായ സഭയെ വേൾപ്പിക്കും എന്നും (മത്ത. ൨൨, ൨), താൻ ഏകനല്ല ജാതികളിൽനിന്നും ചേരുന്ന കൂട്ടത്തോടും കൂടെ പിതൃസന്നിധിയിൽ മടങ്ങി ചേരും എന്നും അറിഞ്ഞുകൊണ്ടു ദിവസേന അനുസരണത്തേയും വിശ്വാസത്തേയും പുതുക്കി പിതാവിൻ ഉപദേശപ്രകാരം ഉററു കേട്ടും കണ്ടും കൊണ്ടു ഓരോരോ നാളിലേ പണികളെ തീൎത്തു പിതാവിന്റെ ഹൃദയം മനുഷ്യൎക്കു വെളിപ്പെടുത്തി കൊടുക്കയും ചെയ്തു.

---

§ 20.

THE MIRACLES OF CHRIST.

യേശുവിന്റെ അത്ഭുതങ്ങൾ.

ലോകത്തിന്നു വിശ്വാസം ജനിക്കേണ്ടതിന്നു യേശു അതിശയങ്ങളെ ചെയ്തുകൊണ്ടു തന്റെ തേജസ്സു വെളിപ്പെടുത്തി (യോ. ൨, ൧൧). അതിന്നു ശക്തികൾ എന്നും അടയാളങ്ങൾ എന്നും പേരുകൾ ഉണ്ടു (അപോ. ൨, ൨൨; മാൎക്ക. ൬, ൧൪ "ശക്തികൾ അവനിൽ വ്യാപരിക്കുന്നു"). അതിശയം എന്നത് ഒരു വിധമായ പുതു സൃഷ്ടി തന്നെ. ഭൂമിയിൽനിന്ന് ഒന്നാമതു സസ്യാദികൾ മുളെച്ച നാളിൽ അവ അത്ഭുതം തന്നെ. സസ്യാദികൾ മാത്രം ഇരിക്കുമ്പോൾ മൃഗങ്ങൾ ഉണ്ടായ്വന്നതും ഒർ അത്ഭുതം തന്നെ. മൃഗങ്ങൾക്കു മനുഷ്യന്റെ സൃഷ്ടി അത്ഭുതം തന്നെ. സത്യഭ്രഷ്ടരായ മനുഷ്യരിൽനിന്ന് ഒരു സത്യവാനും മോഹമൂലമായി ജനിച്ചവരിൽ ഒരു കന്യാകുമാരനും ഉദിച്ചതു അത്യത്ഭുതം. ഇങ്ങിനെയുള്ളവൻ വ്യാപരിക്കുന്നത് ഒക്കയും നല്ല ദൃഷ്ടി ഉള്ളവൎക്കു അതിശയമായി തോന്നും. അവൻ ശേഷം മനുഷ്യൎക്കു സമനാവാൻ എത്ര ഉത്സാഹിച്ചാലും അവന്റെ സകല ക്രിയകളിലും ദിവ്യജീവന്റെ ശക്തികളെ അപൂൎവ്വമായിട്ടു കാണും. ഇപ്രകാരം യേശു തന്റെ ക്രിയകളെ കൊണ്ടു പിതാവിന്റെ ജീവസമൃദ്ധിയെ മാനുഷവേഷത്തിൽ തന്നെ വെളിപ്പെടുത്തി ഇരിക്കുന്നു. എങ്കിലും ആവശ്യമുള്ളവൎക്കു മാത്രം,—ദാഹവും വിശ്വാസവും ഒട്ടും ഇല്ലാത്ത ദിക്കിൽ അവൻ അതിശയങ്ങളെ ചെയ്യുമാറില്ല. കരുണാസത്യങ്ങൾ അവനിൽ പ്രത്യക്ഷമായ്വന്നതു വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കത്രെ (രോ. ൧, ൧൭).

മനുഷ്യൻ ആദിയിൽ സൃഷ്ടികളുടെ കൎത്താവാകയാൽ യേശുവും അപ്രകാരം തന്നെ. കാറേറാ വെള്ളമോ ഭൂതമോ അവനെ ഇളക്കുമാറില്ല; അവൻ വെ

ള്ളത്തിന്മീതെ നടന്നു, പെരുങ്കാററടിക്കുന്ന പടകിൽ ഉറങ്ങി, കാററിനെ ശാസിച്ചു തിരമാലകൾക്കു സ്വാസ്ഥ്യം വരുത്തികൊണ്ടു താൻ സൃഷ്ടിയുടെ തലയായ ആദാം എന്നു കാണിച്ചു. പാപത്താൽ മരണവും വ്യാധികളും നമ്മുടെ ജാതിയിൽ തട്ടി പരന്നു പൊങ്ങി വാണുകൊണ്ടിരിക്കേ യേശു പാപം ക്ഷമിച്ചാൽ പോരാ, ദീനം ശമിക്കുകയല്ലാതെ പാപവും ശമിച്ചുവോ എന്നു നിശ്ചയം ഇല്ല (മത്ത. ൯, ൬). അതുകൊണ്ടു യേശു കുരുടു ചെവിടു മുടവു മുതലായ ഊനങ്ങൾ ഉള്ളവരേയും (മത്ത. ൧൧, ൫) വാതം വാച്ച (മത്ത. ൯, ൨൦) മഹോദരം (ലൂക്ക. ൧൪, ൨) മുതലായ ദീൎഘരോഗികളേയും വചനത്താലെ സൌഖ്യമാക്കി, ജ്വരം പിടിച്ചവൎക്കു (മത്ത. ൮, ൧൪) ക്ഷണത്തിൽ ദിവ്യസ്വാസ്ഥ്യം നല്കി, മരണം അടുത്ത കുഷ്ഠരോഗികളേയും (മത്ത. ൮, ൨) ശുദ്ധരാക്കി, അപസ്മാരം ചന്ദ്രബാധ ഭ്രാന്ത് മുതലായ മനോവ്യാധികൾക്കും ഭേദം വരുത്തി (മത്ത. ൪, ൨൪), ദുരാത്മാക്കളായ പല പ്രേതപിശാചങ്ങളേയും ഉറഞ്ഞവരിൽനിന്നു പുറത്താക്കി (മത്ത. ൮, ൧൬), ഇപ്രകാരം പല ദേഹിദേഹാവസ്ഥകൾക്കും ശുദ്ധ മനുഷ്യാത്മാവ് തന്നെ പ്രഭു എന്നും താൻ സകല മരണങ്ങളിൽനിന്നും രക്ഷിക്കുന്നവൻ എന്നും കാണിച്ചു. ഭോജ്യങ്ങളുടെ കുറവു തനിക്കു കുറവല്ല; വേണ്ടുകിൽ വെള്ളത്തെ പെട്ടന്നു രസമാക്കുവാനും, ആയിരങ്ങൾക്കു ചില അപ്പങ്ങളെ പകുത്തു തൃപ്തിവരുത്തുവാനും, രാഭോജനത്തിൽ തന്നെത്താൻ ശിഷ്യന്മാൎക്കു ആത്മഭോജ്യമാക്കി കൊടുപ്പാനും ഒരുങ്ങി കാണുന്നു. വേണ്ടുമ്പോൾ മത്സ്യങ്ങളെ കൂട്ടമായി പിടിപ്പിച്ചും (ലൂക്ക. ൫; യോ. ൨൧) നാണ്യത്തോടു കൂടിയ മീനിനെ ചൂണ്ടലിൽ കടിപ്പിച്ചും കൊടുത്തതിനാൽ (മത്ത. ൧൭) ഭൂചക്രത്തിൽ പററിയ ശാപവും ദാരിദ്ര്യബാധയും മാററുവാൻ താൻ ആൾ ആകുന്നു എന്നു കാട്ടി. ഇസ്രയേലിന്റെ ഉണക്കത്തിന്നു ദൃഷ്ടാന്തമായിട്ടു അത്തിവൃക്ഷത്തെ ശപിച്ചതിനാലോ താൻ ലോകത്തിന്നു ന്യായം വിധിക്കുന്നവൻ എന്നും, ശയ്യമേൽ കിടക്കുന്ന കുട്ടിയേയും, അമ്മ പുറത്തു കൊണ്ടുപോകുന്ന ബാല്യക്കാരനേയും, ൪ ദിവസം കഴിച്ചിട്ട് അലിവാനടുത്ത ലാജരേയും ഇങ്ങിനെ ചത്തവർ മൂവരേയും ജീവിച്ചെഴുനീല്പിച്ചതിനാൽ താൻ പുനരുത്ഥാനസ്വരൂപൻ എന്നും വെളിപ്പെടുത്തി.

ഇവയും മററും പലതും ചെയ്തതു ആശ്രിതന്മാരെ സഹായിപ്പാനത്രെ. അപൂൎവ്വങ്ങളെ വെറുതെ കാണ്കയിലുള്ള ഇച്ഛയെ അവൻ ശാസിച്ചു (യോ. ൪, ൪൮). രാജവിനോദത്തിന്നും ജനകുക്ഷിക്കും പൂൎത്തി വരുത്തുവാൻ ഒർ അത്ഭുതം ചെയ്തിട്ടുമില്ല. യഹൂദർ ആകാശത്തിൽ കാണേണ്ടുന്നോർ അതിശയത്തെ പലപ്പോഴും നിൎബ്ബന്ധിച്ചു ചോദിച്ചപ്പോൾ അവൻ ചൊടിച്ചു യോനാവിൻ അടയാളത്താൽ തന്റെ മരണത്തേയും മറയേയും മറതിയേയും മാത്രം ഉദ്ദേശിച്ചു പറഞ്ഞു. അവന്റെ ശിഷ്യന്മാൎക്കോ യേശുവിന്റെ പുനരുത്ഥാനമേ അവന്റെ സകല അതിശയങ്ങളുടെ മൂലവും ശിഖരവുമായി ഉറെച്ചിരിക്കുന്നു (൧ കൊ. ൧൫). അതു ലോകത്തിന്നറിഞ്ഞു കൂടാ (യോ. ൧൪, ൧൯).

§ 21.

THE PARABLES OF CHRIST.

യേശുവിന്റെ ഉപമകൾ.

ലോകവെളിച്ചമായവൻ ഇരിട്ടിൽ ഉള്ളവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണ്ടതിന്നു ക്രിയയാലും വചനത്താലും ഉപദേശിച്ചു നടന്നു. ഉപദേശവിധങ്ങൾ പലതും ആകുന്നു. ശിഷ്യന്മാരല്ലാത്തവരോടും ശത്രുക്കളോടും പ്രസംഗമായല്ല സുഭാഷണമായിട്ടത്രെ പറയുന്നു. അതിന്റെ ദൃഷ്ടാന്തങ്ങൾ യോഹനാൻ സുവിശേഷത്തിൽ അധികം കാണുന്നു. ചെവി കൊടുക്കുന്നവരോടും ഉപദേശിക്കേണ്ടതിന്നു സുഭാഷിതം ഉപമ പ്രസംഗം ഈ മൂന്നു വിധങ്ങളെ പ്രയോഗിച്ചു പറയും. സുഭാഷിതത്തിന്റെ സ്വരൂപം പൎവ്വതപ്രസംഗത്തിന്റെ ആരംഭത്തിലും മറ്റും കാണാം. ഉറ്റചങ്ങാതികളോടു പറയുന്നതു പ്രസംഗവിധത്തിൽ ആകുന്നു. പുറത്തു നിന്നുകൊണ്ടു ദുഃഖേന കേൾക്കുന്നവരോടു പരമാൎത്ഥത്തെ അല്പം മൂടിവെച്ചു ഉപമകളായിട്ടു പറഞ്ഞു (മാൎക്ക ൪, ൧൧). ആ ഉപമകളുടെ സാരാംശം ആകുന്നതു ദേവരാജ്യത്തിന്റെ സ്വരൂപം തന്നെ. സ്നാപകൻ അറിയിച്ചപ്രകാരം യേശുവും സ്വൎഗ്ഗരാജ്യം സമീപിച്ചു വന്നു എന്നറിയിച്ചു (മത്താ. ൪, ൧൭) ശിഷ്യന്മാരെ ഈ രാജ്യത്തിൽ ചേൎക്കുമ്പോൾ, (മത്താ. ൧൮, ൧) മശീഹയുടെ രാജ്യം ഇന്ന പ്രകാരം ആകും എന്നു യഹൂദൎക്ക് നന്നായി ബോധിക്കായ്കയാൽ യേശു മൂന്നു വിധമുള്ള ഉപമകളാൽ അതിന്റെ അവസ്ഥയെ കാണിച്ചു കൊടുത്തു. ആ മൂന്നു ഏവ എന്നാൽ ൧.) ദേവരാജ്യത്തിന്റെ സ്വരൂപവ്യാപനാദികളെ വൎണ്ണിക്കുന്ന ഉപമകൾ ൨.) ദേവരാജ്യത്തിന്റെ അടിസ്ഥാനമായ മനസ്സലിവിനെ വൎണ്ണിക്കുന്ന ഉപമകൾ ൩.) ദേവരാജ്യത്തിന്നു തികവടിയെ വരുത്തുന്ന ന്യായവിധിയെ വൎണ്ണിക്കുന്ന ഉപമകൾ. ഇവറ്റെ ചുരുക്കി വ്യാഖ്യാനിക്കാം.

I.

Parables illustrating the Development of the Kingdom of God.

ദേവരാജ്യത്തിന്റെ സ്വരൂപവ്യാപനാദികളെ വൎണ്ണിക്കുന്ന ഉപമകൾ.

§ 22.

THE SOWER.

വിതെക്കുന്നവന്റെ ഉപമ.

1. *The Parable.*

MATT. XIII.

1 The same day went Jesus out of the house, and sat by the sea side.

MARK IV.

1 And he began again to teach by the sea side: and there was gathered unto

LUKE VIII.

4 And when much people were gathered

Matt. XIII.

2 And great multitudes were gathered together unto him, so that he went into a ship, and sat; and the whole multitude stood on the shore.

3 And he spake many things unto them in parables, saying, Behold, a sower went forth to sow;

4 And when he sowed, some *seeds* fell by the way side, and the fowls came and devoured them up:

5 Some fell upon stony places, where they had not much earth: and forthwith they sprung up, because they had no deepness of earth:

6 And when the sun was up, they were scorched; and because they had no root, they withered away.

7 And some fell among thorns; and the thorns sprung up, and choked them:

8 But other fell into good ground, and brought forth fruit, some an hundredfold, some sixtyfold, some thirtyfold.

9 Who hath ears to hear, let him hear.

Mark IV.

him a great multitude, so that he entered into a ship, and sat in the sea; and the whole multitude was by the sea on the land.

2 And he taught them many things by parables, and said unto them in his doctrine,

3 Hearken; Behold, there went out a sower to sow:

4 And it came to pass, as he sowed, some fell by the way side, and the fowls of the air came and devoured it up.

5 And some fell on stony ground, where it had not much earth; and immediately it sprung up, because it had no depth of earth:

6 But when the sun was up, it was scorched; and because it had no root, it withered away.

7 And some fell among thorns, and the thorns grew up, and choked it, and it yielded no fruit.

8 And other fell on good ground, and did yield fruit that sprang up and increased; and brought forth, some thirty, and some sixty, and some an hundred.

9 And he said unto them, He that hath ears to hear, let him hear.

Luke VIII.

together, and were come to him out of every city, he spake by a parable:

5 A sower went out to sow his seed: and as he sowed, some fell by the way side; and it was trodden down, and the fowls of the air devoured it.

6 And some fell upon a rock; and as soon as it was sprung up, it withered away, because it lacked moisture.

7 And some fell among thorns; and the thorns sprang up with it, and choked it.

8 And other fell on good ground, and sprang up, and bare fruit an hundredfold. And when he had said these things, he cried, He that hath ears to hear, let him hear.

2. *Its Interpretation.*

MATT. XIII.

18 Hear ye therefore the parable of the sower.

19 When any one heareth the word of the kingdom, and understandeth *it* not, then cometh the wicked *one*, and catcheth away that which was sown in his heart. This is he which received seed by the way side.

20 But he that received the seed into stony places, the same is he that heareth the word, and anon with joy receiveth it;

21 Yet hath he not root in himself, but dureth for a while; for when tribulation or persecution ariseth because of the word, by and by he is offended.

22 He also that received seed among the thorns is he that heareth the word; and the care of this world, and the deceitfulness of riches, choke the word, and he becometh unfruitful.

23 But he that received seed into the good ground is he that heareth the word, and understandeth *it;* which also beareth fruit, and bringeth forth, some an hundred fold, some sixty, some thirty.

MARK IV.

14 The sower soweth the word.

15 And these are they by the way side, where the word is sown; but when they have heard, Satan cometh immediately, and taketh away the word that was sown in their hearts.

16 And these are they likewise which are sown on stony ground; who, when they have heard the word, immediately receive it with gladness;

17 And have no root in themselves, and so endure but for a time; afterward, when affliction or persecution ariseth for the word's sake, immediately they are offended.

18 And these are they which are sown among thorns; such as hear the word,

19 And the cares of this world, and the deceitfulness of riches, and the lusts of other things entering in, choke the word, and it becometh unfruitful.

20 And these are they which are sown on good ground; such as hear the word, and receive *it*, and bring forth fruit, some thirtyfold, some sixty, and some an hundred.

LUKE VIII.

11 Now the parable is this: The seed is the word of God.

12 Those by the way side are they that hear; then cometh the devil, and taketh away the word out of their hearts, lest they should believe and be saved.

13 They on the rock *are they*, which, when they hear, receive the word with joy; and these have no root, which for a while believe, and in time of temptation fall away.

14 And that which fell among thorns are they, which, when they have heard, go forth, and are choked with cares and riches and pleasures of *this* life, and bring no fruit to perfection.

15 But that on the good ground are they, which in an honest and good heart, having heard the word, keep *it*, and bring forth fruit with patience.

സൎവ്വ മനുഷ്യജാതിയും ദൈവത്തിന്റെ വയലാകുന്നു. വചനം ആകുന്ന വിത്തു ക്രമത്താലെ എവിടെയും വീഴുന്നു. അനുഭവത്തിൽ ഭേദം കാണുന്നതോ നിലത്തിന്റെ ഗുണദോഷപ്രകാരമത്രെ. അതിൽ വഴി ആകുന്നത് അജ്ഞാനിത്വം, പാറനിലം യഹൂദമതം, പ്രപഞ്ചവിചാരം എന്ന മുള്ളുള്ളത് ഇസ്ലാം, നല്ലനിലം ക്രിസ്തീയത്വം എന്ന് ഒരു വിധേന പറയാം. പിന്നെ ക്രിസ്തസഭയുടെ അകത്തും ആ ൪ ഭേദങ്ങൾ ഉണ്ടു. ദുൎവ്വിചാരസംഘം നിത്യം നടന്നു ചവിട്ടുകകൊണ്ടു സത്യത്തിന്റെ വിത്ത് ഒന്നും മുളയാത്ത ഹൃദയങ്ങളും, ക്ഷണത്തിൽ വിശ്വസിച്ചും പ്രശംസിച്ചും ഉള്ളം മാറായ്കയാൽ ഉടനെ ദ്രോഹിച്ചും പോകുന്ന ആത്മാക്കളും, പ്രപഞ്ചമോഹങ്ങൾ നന്ന വേരൂന്നി സത്യത്തോടുകൂടെ വളരുന്ന നെഞ്ചുകളും പേർക്രിസ്ത്യാനരിലും ഉണ്ടു. എന്നിട്ടും ദൈവത്തിന്ന് അനുഭവം ഉണ്ടു, വചനം കേട്ടു സൂക്ഷിക്കുന്നവരിൽ തന്നെ. അനുഭവത്തിൽ ൩൦, ൬൦, ൱എന്നിങ്ങിനെ ഭേദങ്ങൾ കാണുന്നത് അവരവർ കേട്ട വചനത്തെ ഉള്ളിൽ കരുതി പ്രയോഗിക്കുന്നതിന്നു തക്കവണ്ണം അത്രെ. ഇപ്രകാരം തെരിഞ്ഞെടുത്ത ഹൃദയങ്ങൾ ആകുന്ന ഒരു വിളു ദൈവത്തിന്ന് അനുഭോഗമായ്വരുന്നു നിശ്ചയം.

---

§ 23.

The Tares among the Wheat.

കളകളുടെ ഉപമ.

1. *The Parable.*

MATT. XIII.

24 Another parable put he forth unto them, saying, The kingdom of heaven is likened unto a man which sowed good seed in his field:
25 But while men slept, his enemy came and sowed tares among the wheat, and went his way.
26 But when the blade was sprung up, and brought forth fruit, then appeared the tares also.
27 So the servants of the householder came and said unto him, Sir, didst not thou sow good seed in thy field? from whence then hath it tares?
28 He said unto them, An enemy hath done this. The servants said unto him, Wilt thou then that we go and gather them up?
29 But he said, Nay; lest while ye gather up the tares, ye root up also the wheat with them.
30 Let both grow together until the harvest: and in the time of harvest I will say to the reapers, Gather ye together first the tares, and bind them in bundles to burn them: but gather the wheat into my barn.

2. *Its Interpretation.*

MATT. XIII.

36 Then Jesus sent the multitude away, and went into the house: and his disciples came unto him, saying, Declare unto us the parable of the tares of the field.
37 He answered and said unto them, He that soweth the good seed is the Son of man;
38 The field is the world; the good seed are the children of the kingdom; but the tares are the children of the wicked *one;*
39 The enemy that sowed them is the devil; the harvest is the end of the world; and the reapers are the angels.
40 As therefore the tares are gathered and burned in the fire; so shall it be in the end of this world.
41 The Son of man shall send forth his angels, and they shall gather out of his kingdom all things that offend, and them which do iniquity;
42 And shall cast them into a furnace of fire: there shall be wailing and gnashing of teeth.
43 Then shall the righteous shine forth as the sun in the kingdom of their Father. Who hath ears to hear, let him hear.

കോതമ്പിന്റെ ഇടയിൽ വിതെച്ചിരിക്കുന്ന കളകളുടെ ഉപമയാൽ കാണിച്ചിരിക്കുന്നതു: ആകാത്ത നിലം മാത്രമല്ല ദുഷ്ടന്റെ രാജ്യവും ദേവരാജ്യത്തിന്നു മുടക്കം വരുത്തുന്നു എന്നത്രെ. സ്വൎഗ്ഗീയ കൃഷിക്കാരനെ പോലെ

തമോഗുണിയായ മറെറാരുവനും വിതെക്കുന്നുണ്ടു. അവൻെറ പണി ഇരിട്ടിൽ നടക്കുന്നു. സദ്വചനം ആകുന്ന കോതമ്പത്തിനോട് ഏകദേശം സമമായി തോന്നുന്ന നായ്ക്കുല്ലുകളെ അവൻ വിതെക്കുന്നു. ആയ്ത് എന്തെന്നാൽ സഭയിൽ ഉപദേശത്തേയും നടപ്പിനേയും വഷളാക്കുന്ന ഇടൎച്ചകളും അധൎമ്മങ്ങളും (൧൩, ൪൧) തന്നെ. ഇവ കോതമ്പനിലത്തിൽ മുച്ചൂടും നിറഞ്ഞു രാജ്യപുത്രന്മാൎക്ക് ഇടം പോരാതെ ആക്കി വെക്കുന്നു. രാജസേവകർ പേടിച്ചു നിലത്തിന്നു ശുദ്ധിയും ശത്രുവിന്നു ശിക്ഷയും ആഗ്രഹിച്ചു കളകളെ പറിച്ചെടുപ്പാൻ നോക്കുന്നതു കൎത്താവ് സമ്മതിക്കാതെ ഇരിക്കുന്നു. തിരുസഭയിലേ മേധാവികളും ചിലപ്പോൾ ഗുണദോഷങ്ങളെ തിരിച്ചറിയാതെ ദേവദാസരെ പിശാച്പുത്രർ എന്നെണ്ണി ഹിംസിച്ചും കൊന്നും പോകും എന്നും, ശുദ്ധി ഏറിയ ഉപദേശങ്ങളെ ശപിച്ചു കളകയും ചെയ്യും എന്നും അറിഞ്ഞു, കളകളും കൂടെ വൎദ്ധിച്ചാലും കുറവില്ല, ശുദ്ധവചനത്തിൻെറ വിളയും നശിക്കാതെ മൂപ്പെത്തും എന്നു നിശ്ചയിച്ചു, കൊയ്ത്തോളം പൊറുത്തു കൊള്ളേണം എന്നു കല്പിച്ചു. വിശേഷിച്ചു രണ്ടും ഇപ്പോൾ നന്നായി വേൎവ്വിടുന്നില്ല: നല്ലഹൃദയത്തിലും അല്പം കളയും ദുഷ്ടനിൽ അസാരം സത്യവും ഉണ്ടാകും. അതുകൊണ്ടു കള്ള പ്രവാചകന്മാൎക്കു പണ്ടു വിധിച്ച മരണശിക്ഷ പുതു നിയമത്തിൽ പററുകയില്ല. തെററുന്നവനെ വഴിക്കാക്കുക (യാക്ക. ൫, ൧൯), തെററിക്കുന്നവനെ ആക്ഷേപിച്ചു ശാസിക്ക (൧ തിമ. ൪, ൨൰), കള്ളസുവിശേഷം ചമെക്കുന്നവനെ സഭയിൽനിന്നു നീക്കുക (ഗല. ൧, ൮), രാജകല്പനയെ ലംഘിക്കുന്നവനെ വിസ്തരിച്ചു ശിക്ഷിക്ക (രോ. ൧൩, ൪), കൊല്ലുന്നവനെ കൊല്ലുക (മത്ത. ൨൬, ൫൨), ഇങ്ങിനെ എല്ലാം ചെയ്യുന്നതല്ലാതെ ശേഷം ന്യായവിധി എല്ലാം ദൈവത്തിൽ ഭരമേല്പിക്കേണം. അവൻ ഗുണദോഷങ്ങളെ സൂക്ഷ്മമായി വേൎത്തിരിക്കും കാലം വരും. അന്നു നീതിമാന്മാർ സൂൎയ്യനെ പോലെ വിളങ്ങും, ദുഷ്ടന്മാർ നരകാഗ്നിക്ക് ഇരയാകും.

---

§ 24.

The Ripening Grain.

മെല്ലേ വിളയുന്ന വിത്തു.

MARK IV.

26 And he said, So is the kingdom of God, as if a man should cast seed into the ground;
27 And should sleep and rise night and day, and the seed should spring and grow up, he knoweth not how.
28 For the earth bringeth forth fruit of herself; first the blade, then the ear, after that the full corn in the ear.
29 But when the fruit is brought forth, immediately he putteth in the sickle, because the harvest is come.

ദേവരാജ്യത്തിൻെറ വളൎച്ച (മാ. ൪, ൨൬—൨൯) കാലക്രമേണ അത്രെ നടക്കുന്നു. വിതെച്ചതിൻെറ ശേഷം സാവധാനമായി നോക്കി കൊള്ളുമ്പോൾ മുമ്പെ പച്ച പുല്ലും പിന്നെ കതിരും കതിരിൽ മണിയും മണിക്കു മൂപ്പും വന്നു കൂടും. ആകയാൽ ക്ഷമയോടെ കാത്തുകൊണ്ടു ആത്മവളൎച്ചയിലും ബാലൻ, യുവാ, പുരുഷൻ, വൃദ്ധൻ, ഈ പ്രായഭേദങ്ങളെ എല്ലാം ദേവഹിതം എന്നറിഞ്ഞു മാനിക്കേണം.

---

§ 25.

The Mustard-seed.

കടുകിന്മണി.

MATT. XIII.

31 Another parable put he forth unto them, saying, The kingdom of heaven is like to a grain of mustard-seed, which a man took, and sowed in his field:

32 Which indeed is the least of all seeds: but when it is grown, it is the greatest among herbs, and becometh a tree, so that the birds of the air come and lodge in the branches thereof.

MARK IV.

30 And he said, Whereunto shall we liken the kingdom of God? or with what comparison shall we compare it?

31 *It is* like a grain of mustard-seed, which, when it is sown in the earth, is less than all the seeds that be in the earth:

32 But when it is sown, it groweth up, and becometh greater than all herbs, and shooteth out great branches; so that the fowls of the air may lodge under the shadow of it.

LUKE XIII.

18 Then said he, Unto what is the kingdom of God like? and whereunto shall I resemble it?

19 It is like a grain of mustard-seed, which a man took, and cast into his garden; and it grew, and waxed a great tree; and the fowls of the air lodged in the branches of it.

ദേവരാജ്യത്തിന്റെ പരപ്പു കടുകുമണിയാൽ കാണിച്ചിരിക്കുന്നു. യേശുവിന്റെ ഒന്നാം വരവു കടുകുമണിയോളം ചെറുതും അരിഷ്ടമായതും, അതിൽനിന്നുത്ഭവിച്ച ദേവരാജ്യം ലോകം മുഴുവനും പരന്നും ഉയൎന്നുംകൊണ്ടിരിക്കുന്നു. അപ്രകാരം തന്നെ ഒരുത്തന്റെ നെഞ്ചിൽ മറഞ്ഞു കിടക്കുന്ന ഒരു വചനമണി മുളെക്കുമ്പോൾ ജീവവൃക്ഷത്തോളം വളൎന്നു പോരുവാൻ സംഗതി വരും. അതുപോലെ ലുഥരിന്റെ കാലത്ത് ഉളവായ സഭാഗുണീകരണം, തിരുവെഴുത്തുകളെ പരത്തേണ്ടതിന്നു സ്ഥാപിച്ചിട്ടുള്ള ഓരോ വേദസംഘങ്ങൾ, പുറജാതികളിൽ എങ്ങും സുവിശേഷഘോഷണത്തെ നടത്തി പോരുന്ന മിശ്ശൻസംഘങ്ങൾ ഇത്യാദികളെ ആലോചിച്ചു നോക്കിയാൽ, നിജദേവക്രിയയായിരിക്കുന്നതിന്റെ ഉത്ഭവം മിക്കവാറും ചെറുതും മാനുഷദൃഷ്ടിക്കു ഹീനമായതും, വളൎച്ചയും സമാപ്തിയും അത്രെ തേജോമയമായതും എന്ന് അറിയാം.

---

§ 26.

The Leaven.

പുളിച്ച മാവു.

MATT. XIII.

33 Another parable spake he unto them; The kingdom of heaven is like unto leaven, which a woman took, and hid in three measures of meal, till the whole was leavened.

LUKE XIII.

20 And again he said, whereunto shall I liken the kingdom of God?

21 It is like leaven, which a woman took and hid in three measures of meal, till the whole was leavened.

ദേവരാജ്യത്തിലെ ജയശക്തി പുളിച്ചമാവിൽ കാണാം. യേശുവിന്റെ ജീവൻ ഒട്ടേടം പ്രാകൃതമനുഷ്യനിൽ ചേൎന്നാൽ അവനെ പുളിപ്പിച്ചു പോരും. ഠം പുതുക്കം ആദ്യം മനക്കാമ്പിൽ എത്രയോ രഹസ്യവും സാവധാനവുമായി നടന്നാലും അതിന്റെ അത്ഭുതഫലങ്ങൾ ഒടുക്കം അകമ്പുറം കാണായി വരാതിരിക്കയില്ല. ഈ ജയശക്തിയിൽ ആശ്രയിച്ചു ലോകത്തെ പുളിപ്പിപ്പാൻ തുനിയുന്ന സ്ത്രീ സഭ തന്നെ. ക്രിസ്തജീവൻ എത്തിയ ഉടനെ ദേശാചാരങ്ങളും കുഡുംബകാൎയ്യാദികളും രാജ്യവ്യവസ്ഥയും സകലവും ഒരു വിധമായി മാറി പോകുമല്ലോ.

---

§ 27.

THE HIDDEN TREASURE AND THE PEARL OF GREAT PRICE.

നിലത്തിൽ ഒളിച്ച നിധിയും വിലയേറിയ മുത്തും.

MATT. XIII.

44 Again the kingdom of heaven is like unto treasure hid in a field; the which when a man hath found, he hideth, and for joy thereof goeth and selleth all that he hath, and buyeth that field.

45 Again, the kingdom of heaven is like unto a merchant man, seeking goodly pearls:

46 Who, when he had found one pearl of great price, went and sold all that he had, and bought it.

ഇപ്രകാരം ജാതികളേയും ദ്വീപുകളേയും പുളിപ്പിക്കുന്നത് എങ്കിലും ക്രിസ്തീയത്വത്തിന്റെ സാരം ക്രിസ്ത്യാനൎക്കും മിക്കവാറും രഹസ്യമായൊരു നിക്ഷേപമത്രെ. അതിനെ കണ്ടെത്തുന്നവൻ ധന്യൻ. ആയ്ത് ഒരു കൂലിക്കാരൻ കൊത്തുമ്പോൾ നിധി തടഞ്ഞു കണ്ടതു പോലെ. അവൻ ആ നിലത്തെ വാങ്ങി നിധിയെ സുഖേന എടുക്കും പോൽ.

ചിലൎക്കു വിചാരിയാത സമയം കിട്ടുന്നതു, മററവൎക്കു വളരെ അന്വേഷണത്താലും പോരാട്ടത്താലും ലഭിക്കുന്നു. ലോകമാനം സൽഗുണം വിദ്യാസാരം അഭ്യാസം മുതലായതു നല്ല മുത്തുകൾ തന്നെ. ആ വക വാങ്ങേണ്ടതിന്നു ഓരോരോ സുഖഭോഗങ്ങളെ വിടുന്ന വ്യാപാരിഭാവം തന്നെ വേണ്ടു. ഇങ്ങിനെ ചിലർ നല്ലതു തിരഞ്ഞു അദ്ധ്വാനിച്ചു പോരുമ്പോൾ അനുത്തമമായതു ദേവകരുണയാലെ കിട്ടുമാറുണ്ടു.

---

§ 28.

THE NET.

വലയുടെ ഉപമ.

MATT. XIII.

47 Again the kingdom of heaven is like unto a net, that was cast into the sea, and gathered of every kind:

48 Which, when it was full, they drew to shore, and sat down, and gathered the good into vessels, but cast the bad away.

49 So shall it be at the end of the world: the angels shall come forth, and sever the wicked from among the just.

50 And shall cast them into the furnace of fire: there shall be wailing and gnashing of teeth.

51 Jesus saith unto them, Have ye understood all these things? They say unto him, Yea, Lord.

52 Then said he unto them, Therefore every scribe *which is* instructed unto the kingdom of heaven is like unto a man *that is* an householder, which bringeth forth out of his treasure *things* new and old.

53 And it came to pass, *that* when Jesus had finished these parables, he departed thence.

പിന്നെ കടലിലേ വല എന്നതു യുഗസമാപ്തികാലത്തു സൎവ്വലോകത്തേയും ഒരു വിധമായി അടക്കിവെച്ച സഭ അത്രെ. വല നിറഞ്ഞ ഉടനെ മീൻപിടിക്കാർ നല്ലതും ആകാത്തതും വേൎത്തിരിക്കുമ്പോലെ ദൈവം തനിക്കു കൊള്ളാകുന്നവരേയും ആകാത്തവരേയും വേൎത്തിരിച്ചു സഭയുടെ വേലെക്കു തീൎപ്പു വരുത്തും. ആകയാൽ സമാപ്തിക്കു മുമ്പെ കേട് അററതും നിൎമ്മലവുമായ ഒരു ദേവസഭ വല്ലപ്പൊഴെങ്കിലും ഇന്നിന്നേടത്തും ഇന്നിന്ന കൂറിലും പരിഷയിലും ഉണ്ടെന്നു നിരൂപിച്ചു പോകരുതു. അവസാനം വരും വരേ സമ്മിശ്രസ്ഥിതിയേ നിലനില്പു.

---

§ 29.

The Seven Parables in Matthew xiii. viewed as a Whole.

മത്താ. ൧൩ലേ ഉപമകളെ ഏഴും ഒരുമിച്ചു നോക്കിയതു.

ഇങ്ങിനെ മത്തായിൽ പറഞ്ഞ ൭ ഉപമകൾ ദേവരാജ്യത്തിന്റെ സകല അവസ്ഥകൾക്കും പററുന്നവ എങ്കിലും അവയെ ക്രമത്താലെ വെവ്വേറെ കാലഭേദത്തിന്നും പ്രത്യേകം കൊള്ളിക്കാം. ഒന്നാമതു വിതെക്കുന്ന കാലം, രണ്ടാമതു അപോസ്തലരുടെ ശേഷം ജ്ഞാതാക്കൾ മുതലായവരുടെ ദുരുപദേശവിത, മൂന്നാമതു സഭ കൈസർ മുതലായവരെ വശത്താക്കിയ കാലം, നാലാമതു യുരോപവംശങ്ങൾക്കു എല്ലാം ക്രിസ്തരസം വന്നു പരന്നതു, അഞ്ചാമതു സത്യക്രിസ്തീയത്വം പാപ്പാക്കൾ പരിഹാസക്കാർ മുതലായവരാൽ മറഞ്ഞു നിന്ന കാലം, ആറാമതു ദേവസത്യത്തിന്നായി പുതു ദാഹവും അദ്ധ്വാനവും ഉണ്ടാകും കാലം, ഏഴാമത് അവസാനത്തിലേ ചേർപ്പും വേർതിരിപ്പും. ഇത്യാദി അർത്ഥങ്ങൾ പലതും പറഞ്ഞു കേൾക്കുന്നു.

II.

Parables representing Mercy as the Foundation of the Kingdom of God.

ദേവരാജ്യത്തിന്റെ അടിസ്ഥാനമായ മനസ്സലിവിനെ വർണ്ണിക്കുന്ന ഉപമകൾ.

§ 30.

The good Samaritan.

കനിവുള്ള ശമര്യ്യൻ.

LUKE X.

30 A certain *man* went down from Jerusalem to Jericho, and fell among thieves, which stripped him of his raiment, and wounded *him*, and departed, leaving *him* half dead.

31 And by chance there came down a certain priest that way: and when he saw him, he passed by on the other side.

32 And likewise a Levite, when he was at the place, came and looked *on him*, and passed by on the other side.

33 But a certain Samaritan, as he journeyed, came where he was: and when he saw him, he had compassion *on him*,

34 And went to *him*, and bound up his wounds, pouring in oil and wine, and set him on his own beast, and brought him to an inn, and took care of him.

35 And on the morrow when he departed, he took out two pence, and gave *them* to the host, and said unto him, Take care of him; and whatsoever thou spendest more, when I come again, I will repay thee.

36 Which now of these three, thinkest thou, was neighbour unto him that fell among the thieves?

37 And he said, He that shewed mercy on him. Then said Jesus unto him, Go, and do thou likewise.

കനിവുള്ള ശമര്യ്യന്റെ ഉപമയാൽ കൂട്ടുകാരൻ ഇന്നവൻ ആകുന്നു എന്നു തെളിയുന്നു. ഭയവും ആഭിജാത്യവും വിചാരിച്ചു കടന്നു പോയ അഹരോന്യനും ലേവ്യനും അല്ല, സഹായത്തിന്നു പണം വാങ്ങുന്ന വഴിയമ്പലക്കാരനും അല്ല, തീണ്ടലുള്ളവൻ എങ്കിലും ഏതു ജാതിയോ മതമോ എന്നു ചോദിക്കാതെ എല്ലാ മനുഷ്യനേയും ബന്ധു എന്ന് ഓർത്തു മനസ്സാലും ക്രിയ

യാലും കരുണ കാട്ടിയവനത്രേ. ഇങ്ങിനെ ഉള്ള മനുഷ്യരഞ്ജന വിളങ്ങുന്നതു യേശുവിൽ തന്നെ. അവനെ യഹൂദർ വേദകള്ളൻ എന്നും ശമൎയ്യൻ എന്നും (യോ. ൮, ൪൮) ദുഷിച്ചും വെറുത്തിട്ടും, പാപബാധയാൽ അൎദ്ധപ്രാണമായ്ക്കിടന്ന മനുഷ്യജാതിയെ പുരോഹിതർ അല്ല അവൻ മാത്രം മനസ്സലിഞ്ഞു കഷ്ടിച്ചു രക്ഷിച്ചിരിക്കുന്നു. ഇങ്ങിനെ മനുഷ്യന്റെ കൂട്ടകാരൻ മനുഷ്യപുത്രനും അവന്റെ അനുജന്മാരും അത്രെ.

---

§ 31.

The Great Supper.

വലിയ വിരുന്നിന്റെ ഉപമ.

LUKE XIV.

16 A certain man made a great supper, and bade many;
17 And sent his servant at supper time to say to them that were bidden, Come; for all things are now ready.
18 And they all with one *consent* began to make excuse. The first said unto him, I have bought a piece of ground, and I must needs go and see it: I pray thee have me excused.
19 And another said, I have bought five yoke of oxen, and I go to prove them: I pray thee have me excused.
20 And another said, I have married a wife, and therefore I cannot come.
21 So that servant came, and shewed his lord these things. Then the master of the house being angry said to his servant, Go out quickly into the streets and lanes of the city, and bring in hither the poor, and the maimed, and the halt, and the blind.
22 And the servant said, Lord, it is done as thou hast commanded, and yet there is room.
23 And the lord said unto the servant, Go out into the highways and hedges, and compel *them* to come in, that my house may be filled.
24 For I say unto you, That none of those men which were bidden shall taste of my supper.

വലിയ വിരുന്നിന്റെ ഉപമയാൽ ലൂക്കാ (൧൪, ൧൬) മനസ്സലിവിനേയും, മത്തായി (൨൨, ൧) ന്യായവിധിയേയും വൎണ്ണിച്ചിരിക്കുന്നു. യഹോവ പണ്ടു ക്ഷണിച്ചവർ മശീഹയുടെ കാലത്ത് ഒഴിച്ചൽ പറഞ്ഞപ്പോൾ അവൻ കോപിച്ചു ദീനരെ ക്ഷണിപ്പാൻ ആളെ അയച്ചു. മനുഷ്യർ ഒഴിച്ചൽ പറയുന്നതു മൂന്നു വിധമായ പ്രപഞ്ചവിചാരത്താൽ അത്രെ: നിലം മുതലായ വസ്തുവകകൾ വേണം, കാള മുതലായതു കൊണ്ടു സേവ കഴിപ്പിച്ചു അധികാരം നടത്തേണം, ഭാൎയ്യാദി ഭോഗങ്ങളേയും മനുഷ്യരുടെ സംസൎഗ്ഗത്തേയും അല്പം പോലും വിടുവാൻ മനസ്സില്ല. ഈ വ്യൎത്ഥ വിചാരങ്ങൾ നിമിത്തം ദേവകരുണയെ ഉപേക്ഷിച്ചാൽ അവൻ സാധുക്കളും ഊനമുള്ളവരും ആകുന്ന ചുങ്കക്കാരരെയും പാപികളേയും ക്ഷണിച്ചു, ധൎമ്മവേലിക്കു പുറത്തു ഉഴന്നു നടക്കുന്ന ശമൎയ്യയവന മ്ലേച്ഛരേയും, ആകേ ആത്മദാരിദ്ര്യം പൂണ്ടു സ്വൎഗ്ഗരാജ്യത്തിന്റെ നന്മകളെ ആഗ്രഹിക്കുന്നവരെ ഒക്കയും അകത്തു വരുവാൻ നിൎബ്ബന്ധിക്കുന്നു. അതു ഹേമത്താലെ അല്ല, വിനയം നിമിത്തം പ്രവേശിപ്പാൻ മടിക്കുന്നവരെ ആശ്വസിപ്പിക്കുന്നതാൽ അത്രെ. ഇപ്രകാരം ലോകഭക്തർ പുറത്തിരിക്കേ ദേവഭവനത്തിൽ വിരുന്നുകാർ ആവോളം നിറഞ്ഞു വരും.

---

§ 32.

THE LOST SHEEP AND THE LOST PIECE OF SILVER.

നഷ്ടമായ ആടും കാണാതെ പോയ ദ്രഹ്മയും.

LUKE XV.

3 And he spake this parable unto them, saying,

4 What man of you, having an hundred sheep, if he lose one of them, doth not leave the ninety and nine in the wilderness, and go after that which is lost, until he find it?

5 And when he hath found *it*, he layeth *it* on his shoulders, rejoicing.

6 And when he cometh home, he calleth together *his* friends and neighbours, saying unto them, Rejoice with me; for I have found my sheep which was lost.

7 I say unto you, that likewise joy shall be in heaven over one sinner that repenteth, more than over ninety and nine just persons, which need no repentance.

8 Either what woman having ten pieces of silver, if she lose one piece, doth not light a candle, and sweep the house, and seek diligently till she find *it*?

9 And when she hath found *it*, she calleth *her* friends and *her* neighbours together, saying, Rejoice with me; for I have found the piece which I had lost.

10 Likewise, I say unto you, there is joy in the presence of the angels of God over one sinner that repenteth.

ദീനരെ മാത്രമല്ല നഷ്ടരേയും രക്ഷിക്കുന്നതു ദേവകാരുണ്യം തന്നെ എന്നു ൩ ഉപമകളാൽ കാട്ടിയതു (ലൂക്ക. ൧൫). ഈ മൂന്നിലും വൎണ്ണിച്ച മനസ്സലിവു ഒരു വിധം ഭ്രാന്തോളം മുഴുത്തു കാണുന്നു. ഇടയൻ ൯൯ ആടു വിട്ടു അവറ്റിന്നും തനിക്കും ഹാനി വന്നാലും ഒന്നിനെ തിരയുന്നതു ലോകൎക്കു ബുദ്ധിഭ്രമമായി തോന്നും. ഇതു ദൈവത്തിന്നും ദൂതന്മാൎക്കും ഉള്ള സ്ഥിരലക്ഷണം താനും. എങ്ങിനെ എന്നാൽ സൃഷ്ടികളിൽ ഒന്ന് എങ്കിലും പൊയ്പോകുന്നതു ദൈവത്തിന്ന് അസഹ്യമായ കുറവായി തോന്നുന്നു. നഷ്ടം തിരിഞ്ഞ ആട്ടിൽ പ്രിയം ഭാവിക്കുന്നതല്ലാതെ ചേറ്റിൽ കിടക്കുന്ന പണത്തിൽ രാജസ്വരൂപത്തേയും, വിടനായ മകനിൽ അച്ഛന്റെ ബീജത്തേയും ഓൎത്തു കാണുന്നു. നാം ദേവസന്തതിയല്ലോ. പണത്തെ അന്വേഷിക്കുന്ന സ്ത്രീ ദേവകരുണയുടെ മാതിരിപ്രകാരം വ്യാപരിക്കുന്ന സഭ എന്നു തോന്നുന്നു.

---

§ 33.

THE PRODIGAL SON.

മുടിയനായ മകൻ.

LUKE XV.

11 And he said, A certain man had two sons:

12 And the younger of them said to *his* father, Father, give me the portion of goods that falleth *to me*. And he divided unto them *his* living.

13 And not many days after the younger son gathered all together, and took his journey into a far country, and there wasted his substance with riotous living.

14 And when he had spent all, there arose a mighty famine in that land; and he began to be in want.

15 And he went and joined himself to a citizen of that country; and he sent him into his fields to feed swine.

16 And he would fain have filled his belly with the husks that the swine did eat: and no man gave unto him.

17 And when he came to himself, he said, How many hired servants of my father's have bread enough and to spare, and I perish with hunger!

18 I will arise and go to my father, and will say unto him, Father, I have sinned against heaven, and before thee,

19 And am no more worthy to be called thy son: make me as one of thy hired servants.

20 And he arose, and came to his father. But when he was yet a great way off, his father saw him, and had compassion and ran, and fell on his neck, and kissed him.

21 And the son said unto him, Father, I have sinned against heaven, and in thy sight, and am no more worthy to be called thy son.

22 But the father said to his servants, Bring

Luke XV.

forth the best robe, and put *it* on him, and put a ring on his hand, and shoes on *his* feet:
23 And bring hither the fatted calf, and kill *it;* and let us eat, and be merry:
24 For this my son was dead, and is alive again; he was lost, and is found. And they began to be merry.
25 Now his elder son was in the field: and as he came and drew nigh to the house, he heard music and dancing.
26 And he called one of the servants, and asked what these things meant.
27 And he said unto him, Thy brother is come; and thy father hath killed the fatted calf, because he hath received him safe and sound.
28 And he was angry, and would not go in: therefore came his father out, and intreated him.
29 And he answering said to *his* father, Lo, these many years do I serve thee, neither transgressed I at any time thy commandment: and yet thou never gavest me a kid, that I might make merry with my friends:
30 But as soon as this thy son was come, which hath devoured thy living with harlots, thou hast killed for him the fatted calf.
31 And he said unto him, Son, thou art ever with me, and all that I have is thine.
32 It was meet that we should make merry, and be glad: for this thy brother was dead, and is alive again; and was lost, and is found.

മുടിയനായ പുത്രന്റെ ഉപമ സുവിശേഷത്തിന്റെ സാരാംശമായ്വിള ങ്ങുന്നു. അവൻ ലോകം ആകർഷിക്കയാൽ അഛ്ശനെ വിട്ടു ജഡമോഹത്തെ സേവിച്ചു ദ്രവ്യങ്ങളെ നാനാവിധമാക്കിയ ശേഷം വിശന്നു പന്നിയോളം താണനേരം ഉണർന്നു "തങ്കലേക്കു തന്നെ വന്നു". ബുദ്ധിയില്ലാത്ത സൃഷ്ടികളുടെ ഭാഗ്യാവസ്ഥയെ വിചാരിച്ചു ഇതിന്നു പോലും അയോഗ്യൻ എന്നു കണ്ടിട്ടും അതിന്നായി പ്രാർത്ഥിപ്പാൻ തുടങ്ങി. പാപം ഏററു പറയുമ്മുമ്പെ അഛ്ശൻ എതിരെ ഓടി മുകർന്നു പുത്രൻ എന്നു കൈക്കൊള്ളുന്നു. നല്ല വസ്ത്രം ദൈവത്തോടുള്ള നിരപ്പിനേയും (യശ. ൬൧, ൧൦), മോതിരം പിതൃനാമത്തിൽ വല്ലതും ചെയ്വാനുള്ള അധികാരത്തേയും, ചെരിപ്പുകൾ വരവിന്നും പോക്കിന്നും തന്റേടം ഉള്ളതിനേയും കുറിക്കുന്നു. സദ്യ നടക്കുമ്പോൾ ജ്യേഷ്ഠൻ വന്നു അസൂയ ഭാവിക്കുന്നു. താൻ ഏററം സന്തോഷം ഇല്ലാതെ കർമ്മങ്ങളാൽ സേവിച്ചപോന്നവൻ ആകയാൽ ഈ ഘോഷം എല്ലാം തനിക്കു പ്രതികൂലം, അനുജനെ സഹോദരൻ എന്നു കൈക്കൊൾവാനും മനസ്സു ചെല്ലുന്നില്ല; മുടിയനെ ചേർക്കയാൽ അഛ്ശനും അപന്യായക്കാരൻ എന്നു തോന്നുന്നു. ഇതു യഹൂദർ പൌലിലും പുറജാതികളിലും, മുമ്പന്മാർ എല്ലാവരും പിമ്പരിലും കാട്ടുന്ന ദുസ്സ്വാഭാവം. അദ്ധ്മാത്സര്യം കലർന്നു ശാസിക്കുന്ന ജ്യേഷ്ഠന്മാരോടും ദൈവം സാമവാക്കത്രെ പറഞ്ഞുകൊണ്ടു കരുണ കാട്ടുന്നു താനും.

---

§ 34.

THE PHARISEE AND THE PUBLICAN.

പരീശനും ചുങ്കക്കാരനും പ്രാർത്ഥിച്ചതു.

LUKE XVIII.

9 And he spake this parable unto certain which trusted in themselves that they were righteous, and despised others:
10 Two men went up into the temple to pray; the one a Pharisee, and the other a publican.
11 The Pharisee stood and prayed thus with himself, God, I thank thee, that I am not as other men *are*, extortioners, unjust, adulterers, or even as this publican.
12 I fast twice in the week, I give tithes of all that I possess.
13 And the publican, standing afar off, would not lift up so much as *his* eyes unto heaven, but smote upon his breast, saying, God be merciful to me a sinner.
14 I tell you, this man went down to his house justified *rather* than the other: for every one that exalteth himself shall be abased; and he that humbleth himself shall be exalted.

പറീശനും ചുങ്കക്കാരനും പ്രാൎത്ഥിച്ചതിലും (ലൂക്ക. ൧൮) ആ ജ്യേഷ്ഠാനുജന്മാരുടെ സ്വരൂപം കാണുന്നു. ഇതു പ്രാൎത്ഥനയെ വൎണ്ണിക്കുന്ന ൨ ഉപമകളിൽ ഒന്നാമതു. പറീശൻ "തന്നെ നോക്കി പറഞ്ഞതു" പ്രാൎത്ഥനയല്ല ദേവസ്തുതിയുമല്ല, ആത്മപ്രശംസയും പരന്മാരുടെ അപമാനവും അത്രെ. ചുങ്കക്കാരനോ ദേവാലയം നിമിത്തം വിറെച്ചും നാണിച്ചും പറീശനേയും മാനിച്ചും തന്നെ മാത്രം നിന്ദിച്ചുംകൊണ്ടു പ്രാൎത്ഥിച്ചതു സഫലമായി. അതുകൊണ്ടു ഉപവാസാദികൎമ്മങ്ങൾക്കല്ല തന്റെ കുററങ്ങളെ ഓൎക്കുന്ന പ്രാൎത്ഥനെക്കത്രെ ദിവ്യപുണ്യം സംഭവിക്കുന്നു.

---

§ 35.

The Widow and the Judge.

വിധവയും ന്യായാധിപനും.

LUKE XVIII.

1 And he spake a parable unto them *to this end*, that men ought always to pray, and not to faint;

2 Saying, There was in a city a judge, which feared not God, neither regarded man:

3 And there was a widow in that city; and she came unto him, saying, Avenge me of mine adversary.

4 And he would not for a while: but afterward he said within himself, Though I fear not God, nor regard man;

5 Yet because this widow troubleth me, I will avenge her, lest by her continual coming she weary me.

6 And the Lord said, Hear what the unjust judge saith.

7 And shall not God avenge his own elect, which cry day and night unto him, though he bear long with them?

8 I tell you that he will avenge them speedily. Nevertheless when the Son of man cometh, shall he find faith on the earth?

ഇപ്രകാരം കരുണ ലഭിച്ചവർ തളരാത നിത്യപ്രാൎത്ഥനയാൽ അത്രെ ജയം കൊള്ളുന്നപ്രകാരം ന്യായാധിപതിയുടെ ഉപമയാൽ തെളിയുന്നു (ലൂക്ക. ൧൮). ആ കഠിനഹൃദയൻ മനസ്സലിവുള്ള ദൈവമത്രെ. ആയവൻ പലപ്പോഴും കേളാത്തവനും ആരേയും വിചാരിയാത്ത തന്നിഷ്ടക്കാരനും ആയി തോന്നുന്നുവല്ലോ. നന്ന ഞെരുങ്ങിയ വിധവ സഭ അത്രെ (യശ. ൫൪). അവളെ പീഡിപ്പിക്കുന്ന പ്രതിയോഗി ഇഹലോകപ്രഭു തന്നെ. അവൾ രാപ്പകൽ അസഹ്യപ്പെടുത്തുന്നതു കൊണ്ടു "പക്ഷെ ഒടുവിൽ വന്നു എന്നെ മുഖത്തടിക്കും" എന്നു ശങ്കിക്കുന്നതു പോലെ ദൈവം ദീൎഘക്ഷമയെ തീൎത്തു വേഗത്തിൽ ന്യായം നടത്തി രക്ഷിക്കും. അപ്പോൾ ഭൂമിയിൽ വിശ്വാസം വരാതവണ്ണം സഭായാചനകൾക്കു പൂൎണ്ണ നിവൃത്തി വരികയും ചെയ്യും (സങ്കീ. ൧൪൫, ൧).

---

§ 36.

The Importunate Friend.

പാതിരാവിൽ അപ്പം ചോദിച്ച ചങ്ങാതി.

LUKE XI.

5 And he said unto them, Which of you shall have a friend, and shall go unto him at midnight, and say unto him, Friend, lend me three loaves:

6 For a friend of mine in his journey is come to me, and I have nothing to set before him?

7 And he from within shall answer and say, Trouble me not: the door is now shut, and my children are with me in bed; I cannot rise and give thee.

8 I say unto you, Though he will not rise and give him, because he is his friend, yet because of his importunity he will rise and give him as many as he needeth.

പ്രാൎത്ഥനെക്കു നിൎല്ലജ്ജമായ പ്രാഗത്ഭ്യം വേണം എന്നതു പാതിരാവിൽ അപ്പം ചോദിച്ച ചങ്ങാതിയുടെ ഉപമയാൽ കാട്ടിയതു (ലൂക്ക. ൰൧, ൫—൮). അവൻ ചോദിച്ചതു തനിക്കല്ല അതിഥിസൽക്കാരത്തിന്നായിട്ടത്രെ. മററവൻ മടിക്കുന്നതു കുട്ടികളുടെ സ്വാസ്ഥനിദ്രെക്കു ഭംഗം വരരുത് എന്നുവെച്ചിട്ടു തന്നെ. എന്നിട്ടും തോഴന്റെ നിൎല്ലജ്ജയാൽ നല്ലവണ്ണം ഉണൎന്നപ്പോൾ കൊടുക്കാതെ കണ്ടിരിക്കയില്ല. അതുകൊണ്ടു ആവശ്യമുള്ള ഏതു കാലത്തും ദൈവത്തെ ഉണൎത്തി മുട്ടിച്ചു ചോദിക്ക.

§ 37.

THE TWO DEBTORS.

രണ്ടു കടക്കാരുടെ ഉപമ.

LUKE VII.

40 And Jesus answering said unto him, Simon, I have somewhat to say unto thee. And he saith, Master, say on.
41 There was a certain creditor which had two debtors: the one owed five hundred pence, and the other fifty.
42 And when they had nothing to pay, he frankly forgave them both. Tell me therefore, which of them will love him most?
43 Simon answered and said, I suppose that *he*, to whom he forgave most. And he said unto him, Thou hast rightly judged.

ദേവകരുണയെ അനുഭവിച്ചവരുടെ പ്രതിസ്നേഹം ൨ കടക്കാരുടെ ഉപമയാൽ വിളങ്ങുന്നു (ലൂക്ക. ൭, ൪൰). അധികം ഇളെച്ചു കിട്ടിയവൻ അധികം സ്നേഹിക്കും. അതുകൊണ്ടു നിന്നിൽ സ്നേഹക്രിയകളെ അല്പം മാത്രം കണ്ടാൽ പാപമോചനത്തെ വേണ്ടും പോലെ അന്വേഷിച്ചില്ല വേണ്ടും പോലെ ലഭിച്ചതും ഇല്ല എന്നും, കിട്ടിയ പാപപരിഹാരവും ഏറെ ഫലിച്ചില്ല എന്നും ഉള്ളതു സ്പഷ്ടം. പാപമോചനം മുന്നേ, പ്രതിസ്നേഹം പിന്നെ എന്നാകുന്നു കൃപാമാൎഗ്ഗത്തിന്റെ സൂക്ഷ്മം. ഞാൻ ചെയ്യുന്ന സ്നേഹക്രിയകൾ നിമിത്തം എനിക്കു പാപമോചനം ഉണ്ടെന്നു ഒരുനാളും വരുന്നില്ല; പാപക്ഷമയും ദേവകരുണയും എനിക്കു സാക്ഷാൽ അനുഭവമായി വന്നു എന്നതിന്നു ഈ സ്നേഹക്രിയകൾ നല്ലൊരു തെളിവാകുന്നു എന്നത്രെ.

§ 38.

THE UNJUST STEWARD.

അനീതിയുള്ള വീട്ടുവിചാരകൻ.

LUKE XVI.

1 And he said also unto his disciples, There was a certain rich man, which had a steward; and the same was accused unto him that he had wasted his goods.
2 And he called him, and said unto him, How is it that I hear this of thee? give an account of thy stewardship; for thou mayest be no longer steward.
3 Then the steward said within himself, What shall I do? for my lord taketh away from me the stewardship: I cannot dig; to beg I am ashamed.
4 I am resolved what to do, that, when I am put out of the stewardship, they may receive me into their houses.
5 So he called every one of his lord's debtors *unto him*, and said unto the first, How much owest thou unto my lord?
6 And he said, An hundred measures of oil. And he said unto him, Take thy bill, and sit down quickly, and write fifty.
7 Then said he to another, And how much owest thou? And he said, an hundred measures of wheat. And he said unto him, Take thy bill, and write fourscore.
8 And the lord commended the unjust steward,

Luke XVI.

because he had done wisely: for the children of this world are in their generation wiser than the children of light.

9 And I say unto you, Make to yourselves friends of the mammon of unrighteousness; that, when ye fail, they may receive you into everlasting habitations.

10 He that is faithful in that which is least is faithful also in much: and he that is unjust in the least is unjust also in much.

11 If therefore ye have not been faithful in the unrighteous mammon, who will commit to your trust the true *riches*?

12 And if ye have not been faithful in that which is another man's, who shall give you that which is your own?

കനിവിന്നാവശ്യമുള്ളവർ കനിവും കാട്ടേണം എന്നുള്ളതു ൩ ഉപമകളാൽ തോന്നിക്കുന്നു. അനീതിയുള്ള കലവറക്കാരൻ (ലൂക്ക. ൧൬, ൧—൯) മനസ്സലിവിന്റെ ഫലത്തിന്നു ദൃഷ്ടാന്തമത്രെ. അവൻ ചതിയനും, കടക്കാർ അവന്റെ ചതിയിൽ കൂടുന്നവരും, യജമാനൻ അവന്റെ ബുദ്ധിയെ സ്തുതിക്കുന്നവനും ആകയാൽ ഇവർ ഒക്കയും ഇഹലോകക്കാരായ്പിട്ടുണ്ടുന്നു. എങ്കിലും വെളിച്ചമക്കൾ അവരുടെ ബുദ്ധിയെ ഗ്രഹിച്ചു തങ്ങളുടെ ജാതിക്കു തക്കവണ്ണം പ്രയോഗിപ്പാൻ നോക്കേണം. മമ്മോൻ എന്നതു ധനലാഭം. പണം നല്ലവരുടെ കയ്യിലും ഒരുവക കള്ളദേവനായി ചമകയാൽ അവർ അതിനെ വെക്കാതെ നല്ലകാര്യത്തിന്നായി ചെലവിടേണം; എങ്ങിനെ എന്നാൽ ഈ അഴിയുന്നതുകൊണ്ടു കനിവു കാണിച്ചാൽ അഴിയുന്നതിന്നു പകരമായി അഴിയാത്തതു നല്കുന്ന ചങ്ങാതിമാർ ലഭിക്കും. ഉപമയിലേ യജമാനൻ മമ്മോൻ അത്രെ (൧൩). മുതലുള്ളവൻ എല്ലാം മമ്മോന്റെ കലവറക്കാരൻ. സാക്ഷാൽ അഹങ്കാരാദികളെ ജനിപ്പിക്കുന്ന ധനത്തെ സ്നേഹത്തിന്നായി ചെലവിട്ടാൽ നല്ലോരു സ്വാമിദ്രോഹം തന്നെ. അതിനാൽ ദരിദ്രനായി പോകും എന്നു നിരൂപിക്കരുതു; കരുണെക്കായി മുടിയനായി പോയാലും ദേവരാജ്യത്തിൽ കുറവില്ല. പണകാര്യത്തിൽ ദൈവത്തിന്നു വിശ്വസ്തനല്ലാത്തവനോ തനിക്കു വിധിച്ച നിത്യമുതലിനെ ഒരുനാളും അടക്കുകയില്ല.

---

§ 39.

The Rich Man and Lazarus.

ധനവാനും ലാജരിന്നും സംഭവിച്ചതു.

LUKE XVI.

19 There was a certain rich man, which was clothed in purple and fine linen, and fared sumptuously every day:

20 And there was a certain beggar named Lazarus, which was laid at his gate, full of sores,

21 And desiring to be fed with the crumbs which fell from the rich man's table: moreover the dogs came and licked his sores.

22 And it came to pass, that the beggar died, and was carried by the angels into Abraham's bosom: the rich man also died, and was buried;

23 And in hell he lift up his eyes, being in torments, and seeth Abraham afar off, and Lazarus in his bosom.

24 And he cried and said, Father Abraham, have mercy on me, and send Lazarus, that he may dip the tip of his finger in water, and cool my tongue; for I am tormented in this flame.

25 But Abraham said, Son, remember that thou in thy life time receivedst thy good things, and likewise Lazarus evil things: but now he is comforted, and thou art tormented.

26 And beside all this, between us and you there is a great gulf fixed: so that they which would pass from hence to you cannot; neither can they pass to us, that *would come* from thence.

27 Then he said, I pray thee therefore, father, that thou wouldest send him to my father's house:

28 For I have five brethren; that he may testify unto them, lest they also come into this place of torment.

29 Abraham saith unto him, They have Moses and the prophets; let them hear them.

30 And he said, Nay, father Abraham: but if one went unto them from the dead, they will repent.

31 And he said unto him, If they hear not Moses and the prophets, neither will they be persuaded, though one rose from the dead.

ലാജരെ വിചാരിയാത്ത ധനവാൻ (ലൂക്ക. ൧൬, ൧൯) നിൎദ്ദയാദോഷത്തിന്നു ദൃഷ്ടാന്തം. ലാജർ (എലാജർ) "ദേവസഹായം" എന്ന അൎത്ഥമുള്ളതു. അവന്റെ പുണ്ണും വിശപ്പും കൂട്ടാക്കാതെ ധനവാൻ വാഴുന്നാൾ എല്ലാം സുഖിച്ചു കൊണ്ടിരിക്കുമ്പോൾ ലാജർ കുപ്പയിൽ കൂടുന്ന ഊൎന്നായ്ക്കളോടും പററി ഉച്ഛിഷ്ടങ്ങളെ തിന്നും. മരണകാലത്ത് ഇവന്നു ദേവദൂതരാലും അവന്നു മനുഷ്യരാലും സംസ്കാരം സംഭവിച്ചു. പാതാളത്തിൽ ഉണൎന്നപ്പോൾ ധനവാൻ വേദനനിമിത്തം വിസ്മയിച്ചു, ലാജരെ പണ്ടേ അപമാനിച്ചവൻ ആകയാൽ ഇനിയും അഞ്ചല്ക്കാരനാക്കി വെള്ളം വരുത്തുവാനും ഭൂമിയിൽ വൎത്തമാനം അറിയിപ്പാനും അയക്കാം എന്നു നിരൂപിച്ചു. അബ്രഹാം തനിക്ക് അച്ഛൻ എന്നു പ്രശംസിക്കുന്നതല്ലാതെ മോശയും പ്രവാചകങ്ങളും അനുതാപം വരുത്തുവാൻ പോരാ എന്നു ദുഷിപ്പാനും തുനിഞ്ഞു. അയ്യോ യേശുവിന്റെ പുനരുത്ഥാനവും വേദനിന്ദകന്മാൎക്കു വിശ്വാസം ജനിപ്പിച്ചില്ലല്ലോ. ലാജർ ഭൂമിയിൽ വെച്ച് അഭിമാനംനിമിത്തവും അബ്രഹാമ്മടിയിൽനിന്നു വിനയംനിമിത്തവും മുഴുവൻ മൌനിയായ്ക്കാണുന്നു. ഈ ഉപമയെ പറഞ്ഞതു മരണശേഷമുള്ള അവസ്ഥയെ കാട്ടുവാൻ അല്ല, ൨൫ാം വചനത്തിലെ സാരം നിമിത്തം അത്രെ. ദൈവം കരുണയാലെ കൊടുത്ത ധനം കൊണ്ടു കരുണ ചെയ്യാതെ എല്ലാം തനിക്കു മതി എന്നുവെച്ചനുഭവിക്കുന്നതു ശാപകാരണം തന്നെ. ഇഹദുഃഖങ്ങൾ തനിക്കു മതി എന്നുവെച്ചു അസൂയ കൂടാതെ മൌനിയായി കാലം കഴിപ്പാൻ ദേവകരുണയിലെ ആശ്രയത്താൽ അല്ലാതെ എങ്ങിനെ കഴിയും?

പാതാളം എന്ന ശ്ശ്യോലെ കുറിച്ചു ചരിത്രക്കാരനായ യോസെഫിന്റെ പ്രബന്ധങ്ങളിൽ എഴുതി കാണുന്നതാവിതു:

അതു ഭൂമിക്കു കീഴിൽ വെളിച്ചമില്ലാത്ത ദിക്കു. ആത്മാക്കൾ അവിടെ വസിച്ചു, ഒരു തടവിൽ എന്ന പോലെ ചില കാലത്തോളം ശിക്ഷകളെ അനുഭവിക്കുന്നു. അതിൽ ഒരു ദേശം കെടാത്ത അഗ്നിതടാകത്തിന്നായി വേൎത്തിരിച്ചു കിടക്കുന്നു. ആയതിൽ ഇപ്പോൾ ആരും ഇല്ല, ദൈവം നിശ്ചയിച്ച ദിവസത്തിൽ അത്രെ അനീതിയുള്ളവർ അതിൽ പോകേണ്ടി വരും. നീതിമാന്മാൎക്കും കൂടെ പാതാളത്തിൽ തന്നെ വാസം എങ്കിലും, ആത്മാക്കളെ നടത്തുന്ന ദൂതന്മാർ അവരെ പാടി വലഭാഗത്തേക്കു കൊണ്ടുപോയിട്ടു വിശ്വാസപിതാക്കന്മാർ ആശ്വസിച്ചു പാൎക്കുന്ന പ്രകാശദിക്കിൽ ആൎത്തു പുകഴ്ത്തും. അവിടെ മന്ദഹാസമുള്ള മുഖങ്ങളെ മാത്രം കാണും. വരുവാനുള്ള സ്വൎഗ്ഗസുഖത്തിന്റെ നിശ്ചയം ഉണ്ടു പോൽ. ഈ വലത്തേ ദിക്കിന്നു ഞങ്ങൾ അബ്രഹാം മടി എന്ന പേർ പറയുന്നു. ഇടത്തേ ദിക്കിലുള്ളവർ അങ്ങിനെ അല്ല, വലുതായ അഗ്നിനരകം അടുക്കെ കണ്ടും അതിന്റെ ഭയങ്കരമായ പതപ്പു കേട്ടും പിളൎപ്പിന്റെ അപ്പുറമുള്ള നീതിമാന്മാരുടെ സൌഖ്യത്തേയും നോക്കി ന്യായവിധിയോളം തടവുകാരെ പോലെ വിറെച്ചു പാൎക്കുന്നു.

---

§ 40.

The Unmerciful Fellow-Servant.

കനിവില്ലാത്ത കൂട്ടദാസൻ.

MATT. XVIII.

23 Therefore is the kingdom of heaven likened unto a certain king, which would take account of his servants.
24 And when he had begun to reckon, one was brought unto him, which owed him ten thousand talents.
25 But forasmuch as he had not to pay, his lord commanded him to be sold, and his wife, and children, and all that he had, and payment to be made.
26 The servant therefore fell down, and worshipped him, saying, Lord, have patience with me, and I will pay thee all.
27 Then the lord of that servant was moved with compassion, and loosed him, and forgave him the debt.
28 But the same servant went out, and found one of his fellow servants, which owed him an hundred pence: and he laid hands on him, and took *him* by the throat, saying, Pay me that thou owest.
29 And his fellowservant fell down at his feet, and besought him, saying, Have patience with me, and I will pay thee all.
30 And he would not: but went and cast him into prison, till he should pay the debt.
31 So when his fellowservants saw what was done, they were very sorry, and came and told unto their lord all that was done.
32 Then his lord, after that he had called him, said unto him, O thou wicked servant, I forgave thee all that debt, because thou desiredst me:
33 Shouldest not thou also have had compassion on thy fellowservant, even as I had pity on thee?
34 And his lord was wroth, and delivered him to the tormentors, till he should pay all that was due unto him.
35 So likewise shall my heavenly Father do also unto you, if ye from your hearts forgive not every one his brother their trespasses.

ദേവക്ഷമയെ കണ്ടറിഞ്ഞിട്ടും ക്ഷമിക്കാത്തവൻ (മത്ത. ൧൮, ൨൩) നിൎദ്ദയയുള്ള ധനവാനേക്കാളും ശാപപാത്രം ആകുന്നു. ൧൦൦൦൦ താലന്തു (൬൰ കോടി രൂപ്പിക) കടംപെട്ടതു ദേവന്യായപ്രകാരം പാപിയുടെ അവസ്ഥ. അവൻ താമസത്തിന്നു മാത്രം അപേക്ഷിച്ചപ്പോൾ കൎത്താവ് കടം കൂടെ ഇളെച്ചു കൊടുത്തു. അവൻ തിരുസന്നിധാനത്തിൽനിന്നു പുറപ്പെട്ട ഉടനെ ൧൦൦ ദെനാർ (൧൫൦ വെള്ളിപ്പണം) കടംപെട്ട കൂട്ടപ്പണിക്കാരനെ എതിരേറ്റു, താൻ കുറയ മുമ്പെ യാചിച്ച പ്രകാരമുള്ള അപേക്ഷകളെ കേട്ടിട്ടും മനസ്സഴയാതെ വേഗം പിടിച്ചു ഞെക്കി കടം തീൎപ്പോളം തടവിൽ ഏല്പിക്കയും ചെയ്തു. ആയതു കൂട്ടപ്പണിക്കാർ ബോധിപ്പിച്ചാറെ യജമാനൻ കല്പിച്ചു കൊടുത്ത ക്ഷമയെ മടിയാതെ തള്ളി തന്റെ കടം തീൎപ്പോളം തടവിൽ ആക്കുന്നു. അതുകൊണ്ടു കനിവില്ലാത്ത മനസ്സിന്നു ദേവകരുണയുടെ അനുഭവം ഇല്ല. ദൈവകരുണ അല്പം അനുഭവിച്ചിട്ടും മറ്റുള്ളവരോടു വെറുന്നീതിയെ നടത്തുവാൻ മനസ്സു തോന്നിയാൽ ദൈവവും ന്യായത്തിന്റെ സൂക്ഷ്മപ്രകാരം വിധിക്കും. പ്രാൎത്ഥിച്ചാൽ കരുണ ഉണ്ടുപോൽ, എങ്കിലും മുഴുഹൃദയത്തോടും താൻ ക്ഷമിപ്പാൻ കഴിയുന്നില്ല എങ്കിൽ ദേവക്ഷമയും മറഞ്ഞു പോകും.

ഇപ്രകാരം ൧൨ ഉപമകളാൽ ദേവകരുണയുടെ മാഹാത്മ്യം കേൾപ്പിക്കുന്നു. അതു നഷ്ടമായതിനെ അന്വേഷിച്ചും എതിരേറ്റും സേവിച്ചും കൊള്ളുന്നതല്ലാതെ മനുഷ്യൻ അതിനെ വിനയമുള്ള പ്രാൎത്ഥനയാൽ തിരഞ്ഞും യാചനകളിൽ ഉറെച്ചും കൊണ്ടിരിക്കയും മനസ്സലിവു കണ്ടെത്തേണ്ടതിന്നു താനും മനസ്സലിവും കാട്ടുന്നവനായി വളരുകയും വേണം. അല്ലാഞ്ഞാൽ ദേവകരുണ തന്നെ ന്യായവിധിയായി മാറിപോകും.

III.

Parables representing Judgement as the Key-stone of the Kingdom of God.

ദേവരാജ്യത്തിന്നു തികവടിയെ വരുത്തുന്ന ന്യായവിധിയെ വൎണ്ണിക്കുന്ന ഉപമകൾ.

§ 41.

THE LABOURERS IN THE VINEYARD.

വള്ളിപ്പറമ്പിലേ കൂലിക്കാരുടെ ഉപമ.

MATT. XX.

1 For the kingdom of heaven is like unto a man *that is* an householder, which went out early in the morning to hire labourers into his vineyard.

2 And when he had agreed with the labourers for a penny a day, he sent them into his vineyard.

3 And he went out about the third hour, and saw others standing idle in the market place,

4 And said unto them; Go ye also into the vineyard, and whatsoever is right I will give you. And they went their way.

5 Again he went out about the sixth and ninth hour, and did likewise.

6 And about the eleventh hour he went out, and found others standing idle, and saith unto them, Why stand ye here all the day idle?

7 They say unto him, Because no man hath hired us. He saith unto them, Go ye also into the vineyard; and whatsoever is right, *that* shall ye receive.

8 So when even was come, the lord of the vineyard saith unto his steward, Call the labourers, and give them *their* hire, beginning from the last unto the first.

9 And when they came that *were hired* about the eleventh hour, they received every man a penny.

10 But when the first came, they supposed that they should have received more; and they likewise received every man a penny.

11 And when they had received *it*, they murmured against the goodman of the house,

12 Saying, These last have wrought *but* one hour, and thou hast made them equal unto us, which have borne the burden and heat of the day.

13 But he answered one of them, and said, Friend, I do thee no wrong: didst not thou agree with me for a penny?

14 Take *that* thine *is*, and go thy way: I will give unto this last, even as unto thee.

15 Is it not lawful for me to do what I will with mine own? Is thine eye evil, because I am good?

16 So the last shall be first, and the first last: for many be called, but few chosen.

രാജ്യക്കാരുടെ കൂലിവിവരം ൩ ഉപമകളാൽ തെളിയുന്നു. ഒന്നാമത് പറമ്പിലേ കൂലിക്കാരുടെ അവസ്ഥയാൽ (മത്ത. ൨൦, ൧) നീതിയെക്കാൾ കരുണ മേല്പെട്ടത് എന്നു കാട്ടുന്നു. വേലക്കാരിൽ ചിലർ ചെറുപ്പത്തിലേ സേവിച്ചു തുടങ്ങി, മററവർ ഉച്ചതിരിഞ്ഞിട്ടും ചിലർ മരണസന്ധ്യ അടുത്ത കാലത്തും അത്രെ സേവിപ്പാൻ മുതിൎന്നു; എങ്കിലും എല്ലാവൎക്കും കൂലി ഒരു ദെനാർ (൧|| പണം) ലഭിക്കുന്നതല്ലാതെ ഇത്ര കിട്ടും എന്നു നിരൂപിക്കാത്തവൎക്കു സന്തോഷം അധികവും, ഇത്ര കിട്ടേണം എന്നു മുമ്പെ നിശ്ചയിച്ചവൎക്കു വിഷാദം കലൎന്നും കാണുന്നു. ദേവരാജ്യത്തിൽ ൧൦൦൦ സംവത്സരം ഒരു ദിവസം പോലെ അത്രെ. വളരെ കാലം ക്ലേശത്തോടെ സേവിച്ച യഹൂദരേക്കാളും ബിംബാരാധന ചെയ്തു നടന്ന ഒരു വൃദ്ധന്റെ മാനസാന്തരത്താലെ ദൈവത്തിന്നു സന്തോഷം അധികം തോന്നുമായിരിക്കും. വേലയുടെ ഫലവും പരപ്പും അല്ല ബാലപ്രായമായ മുതിൎച്ച തന്നെ പ്രമാണം. എത്ര കിട്ടും എന്നു ദൈവത്തോടു കണക്കു പറയുന്ന ഫലകാംക്ഷ ദേവവാത്സല്യത്തോടും പുത്രഭാവത്തോടും നന്നായി ചേരുന്നതും ഇല്ല. അതുകൊണ്ടു മനസ്സിന്റെ ഏകാഗ്രതെക്കു തക്ക

വണ്ണം ഒട്ടുക്കത്തവർ മുമ്പരാവാൻ സംഗതി ഉണ്ടു. ഇപ്രകാരം കരുണെയും നീതിയും ദൈവത്തിൽ ഇടകലൎന്നപ്രകാരം കണ്ടാൽ അസൂയയാൽ കരുണെയിൽനിന്നു വീഴാതവണ്ണം സൂക്ഷിക്കേണം.

---

§ 42.

Parable of the Ten Pounds.

പത്തു മ്നാക്കളുടെ ഉപമ.

LUKE XIX.

11 And as they heard these things, he added and spake a parable, because he was nigh to Jerusalem, and because they thought that the kingdom of God should immediately appear.

12 He said therefore, A certain nobleman went into a far country to receive for himself a kingdom, and to return.

13 And he called his ten servants, and delivered them ten pounds, and said unto them, Occupy till I come.

14 But his citizens hated him, and sent a message after him, saying, We will not have this *man* to reign over us.

15 And it came to pass, that when he was returned, having received the kingdom, then he commanded these servants to be called unto him, to whom he had given the money, that he might know how much every man had gained by trading.

16 Then came the first, saying, Lord, thy pound hath gained ten pounds.

17 And he said unto him, Well, thou good servant: because thou hast been faithful in a very little, have thou authority over ten cities.

18 And the second came, saying, Lord, thy pound hath gained five pounds.

19 And he said likewise to him, Be thou also over five cities.

20 And another came, saying, Lord, behold, *here is* thy pound, which I have kept laid up in a napkin:

21 For I feared thee, because thou art an austere man: thou takest up that thou layedst not down, and reapest that thou didst not sow.

22 And he saith unto him, Out of thine own mouth will I judge thee, *thou* wicked servant. Thou knewest that I was an austere man, taking up that I laid not down, and reaping that I did not sow:

23 Wherefore then gavest not thou my money into the bank, that at my coming I might have required mine own with usury?

24 And he said unto them that stood by, Take from him the pound, and give *it* to him that hath ten pounds.

25 (And they said unto him, Lord, he hath ten pounds.)

26 For I say unto you, That unto every one which hath shall be given; and from him that hath not, even that he hath shall be taken away from him.

27 But those mine enemies, which would not that I should reign over them, bring hither, and slay *them* before me.

പത്തു റാത്തൽ പകുത്തു കിട്ടിയ വേലക്കാരിൽ (ലൂക്ക. ൧൯, ൧൧) അദ്ധ്യാനത്തിന്നും കൂലിക്കും ഉള്ള ഭേദം വിളങ്ങുന്നു. (ഒരു മ്നാ എന്ന റാത്തൽ ൧൦൦ ദെനാരും ഏകദേശം ൩൦ രൂപ്പികയും ആകുന്നു). അഭിഷിക്തന്റെ വാഴ്ച്ചെക്കു പ്രജകളുടെ മത്സരത്താൽ മുടക്കം വന്നപ്പോൾ അവൻ ദൂരരാജ്യത്തേക്കു പോകേണ്ടിവന്നു. അതു തന്നെ സ്വൎഗ്ഗാരോഹണം. പെന്തെകൊസ്തയുടെ ശേഷവും യഹൂദർ അവന്റെ വാഴ്ച്ചയെ വെറുത്തു (൧൪). അവന്റെ വിശ്വസ്തന്മാർ അവന്റെ വരവു കാത്തു മത്സരക്കാരുടെ ഇടയിൽ പാൎക്കുമ്പോൾ ആയുധം എടുക്കയോ കൌശലം പ്രയോഗിക്കയോ അല്ല, അവൻ കൊടുത്ത സഭാസ്ഥാനത്താൽ സഭയെ വൎദ്ധിപ്പിക്കേ വേണ്ടു. അവൻ രാജതേജസ്സോടെ മടങ്ങി വരുമ്പോൾ അവൎക്കും ജയസന്തോഷവും ഇടവാഴ്ച്ചയും ലഭിക്കും. അത് അവരവർ കണക്കു ബോധിപ്പിക്കുന്ന വിവരപ്രകാരം: യേശുവിന്നായി അധികം ആളുകളെ നേടിയവൎക്കു മാനത്തിലും കൂലിയിലും വിശേഷത ഉണ്ടു. സ്വാമിയിൽ അനുരാഗം കൂടാത്തവനാകയാൽ ദ്രവ്യം വൎദ്ധിപ്പിച്ചാലും അത് എനിക്കു സ്വന്തമാകയില്ലല്ലൊ എന്നു നിരൂപിച്ചു മടിയനായി പാൎത്തവനോടു

കൎത്താവു പറയുന്നു: നീ അതിനെ പൊൻവാണിഭപീഠത്തിൽ കൊടുക്കാഞ്ഞത് എന്തു? എന്നതിന്റെ അൎത്ഥം: ആത്മാക്കളെ നേടേണ്ടുന്ന വേലയിൽ നിണക്കു രസം ഇല്ലാഞ്ഞാൽ എന്തിന്ന് ആ പണിയെ സഭയിൽ മടക്കി കൊടുത്തേച്ചില്ല എന്നത്രെ. അതുകൊണ്ട് അവനെ പണിയിൽനിന്നു നീക്കി അവന്റെ സ്ഥാനത്തെ പത്തുള്ളവങ്കൽ ഏല്പിക്കും. ക്രിസ്തസേവയിൽ ശുഷ്കാന്തിയുള്ളവൎക്കു ആ സേവയുടെ മഹത്വം അനുഭവമായ്വരും. അതിന്റെ ശേഷമത്രെ മത്സരക്കാരുടെ ശിക്ഷ.

§ 43.

THE PARABLE OF THE TALENTS.

താലന്തുകളുടെ ഉപമ.

MATT. XXV.

14 For *the kingdom of heaven is* as a man travelling into a far country, *who* called his own servants, and delivered unto them his goods.
15 And unto one he gave five talents, to another two, and to another one; to every man according to his several ability; and straightway took his journey.
16 Then he that had received the five talents went and traded with the same, and made *them* other five talents.
17 And likewise he that *had received* two, he also gained other two.
18 But he that had received one went and digged in the earth, and hid his lord's money.
19 After a long time the lord of those servants cometh, and reckoneth with them.
20 And so he that had received five talents came and brought other five talents, saying, Lord, thou deliveredst unto me five talents: behold, I have gained beside them five talents more.
21 His lord said unto him, Well done, *thou* good and faithful servant: thou hast been faithful over a few things, I will make thee ruler over many things: enter thou into the joy of thy lord.
22 He also that had received two talents came and said, Lord, thou deliveredst unto me two talents: behold, I have gained two other talents beside them.
23 His lord said unto him, Well done, good and faithful servant; thou hast been faithful over a few things, I will make thee ruler over many things: enter thou into the joy of thy lord.
24 Then he which had received the one talent came and said, Lord, I knew thee that thou art an hard man, reaping where thou hast not sown, and gathering where thou hast not strawed:
25 And I was afraid, and went and hid thy talent in the earth: lo, *there* thou hast *that is* thine.
26 His lord answered and said unto him, *Thou* wicked and slothful servant, thou knewest that I reap where I sowed not, and gather where I have not strawed:
27 Thou oughtest therefore to have put my money to the exchangers, and *then* at my coming I should have received mine own with usury.
28 Take therefore the talent from him, and give *it* unto him which hath ten talents.
29 For unto every one that hath shall be given, and he shall have abundance: but from him that hath not shall be taken away even that which he hath.
30 And cast ye the unprofitable servant into outer darkness: there shall be weeping and gnashing of teeth.

മൂവൎക്കു കൊടുത്ത താലന്തുകളുടെ ഉപമ (മത്ത. ൨൫, ൧൪) മുമ്പേത്തതിനോട് ഏകദേശം ഒക്കുന്നു എങ്കിലും ഭേദം ഉണ്ടു. ഒരു താലന്തു ൬൰ മ്നാവുള്ളതു. ശിഷ്യരുടെ സ്ഥാനവും വിളിയും (§ ൩൫) ഹീനമായും ഒരുപോലെയും കാണുന്നു; ആത്മവരങ്ങളോ സമൃദ്ധിയും അവരവരിൽ താരതമ്യവും ഉള്ളവയത്രെ. നാഥൻ ഓരോരുത്തന്നു അവനവന്റെ ശക്തിക്കു തക്കവണ്ണം അഞ്ചും രണ്ടും ഒന്നും കൊടുത്തു. ഇരുവർ അതിനെ ഇരട്ടിപ്പായി വൎദ്ധിപ്പിച്ചതു ദേവരാജ്യത്തിന്നായി നിത്യം കഷ്ടിച്ച് അദ്ധ്വാനിച്ചതിനാൽ തന്നെ. അതുകൊണ്ടു നാഥന്റെ സ്വാസ്ഥ്യസന്തോഷത്തിലും കൂടുവാൻ കല്പന വരുന്നു. നിസ്സാരനായ വേലക്കാരന്നു ധനഛേദം മാത്രമല്ല വെളിച്ചരാജ്യത്തിന്ന് അതിദൂരമുള്ള ഇരിട്ടിലേ വാസവും വിധിച്ചിരിക്കുന്നു.

§ 44.

THE FOOLISH FARMER.

മൂഢനായ ജന്മി.

LUKE XII.

16 And he spake a parable unto them, saying, The ground of a certain rich man brought forth plentifully:

17 And he thought within himself, saying, What shall I do, because I have no room where to bestow my fruits?

18 And he said, This will I do: I will pull down my barns, and build greater; and there will I bestow all my fruits and my goods.

19 And I will say to my soul, Soul, thou hast much goods laid up for many years; take thine ease, eat, drink, *and* be merry.

20 But God said unto him, *Thou* fool, this night thy soul shall be required of thee: then whose shall those things be, which thou hast provided?

21 So *is* he that layeth up treasure for himself, and is not rich toward God.

ശിക്ഷാവിധിയെ അധികം സ്പഷ്ടമായി കാട്ടുന്ന ഉപമകളിൽ മൂഢനായ ജന്മി ഒന്നാമതു (ലൂക്ക. ൧൨, ൧൬). ദൈവത്താലും ദൈവത്തിന്നായും ധനവാനാകാതെ തനിക്ക് എന്നു നിക്ഷേപം സ്വരൂപിച്ചു വെക്കുന്നവൻ പൊട്ടനത്രെ എന്നുള്ള ദേവവിധി മരണനേരത്തു തന്നെ സ്പഷ്ടമായ്വരുന്നു. താൻ തനിക്കു ചെയ്തത് എല്ലാം മായ എന്ന് അന്നു തെളിയും.

---

§ 45.

THE UNFRUITFUL FIG-TREE.

ഫലമില്ലാത്ത അത്തിമരം.

LUKE XIII.

6 He spake also this parable; A certain *man* had a fig-tree planted in his vineyard; and he came and sought fruit thereon, and found none.

7 Then said he unto the dresser of his vineyard, Behold, these three years I come seeking fruit on this fig-tree, and find none: cut it down; why cumbereth it the ground?

8 And he answering said unto him, Lord, let it alone this year also, till I shall dig about it, and dung *it*:

9 And if it bear fruit, *well*: and if not, *then* after that thou shalt cut it down.

ഫലമില്ലാത്ത അത്തിമരത്തിന്നു (ലൂക്ക. ൧൩, ൬) കരുണ ഏറിയ തോട്ടക്കാരനും നീതിയുള്ള ഉടയവനും ഉണ്ടു. ഇസ്രയേൽ മുമ്പെ ജാതികളിൽ ഒർ ആദ്യഫലമായ ശേഷം (ഹൊശ. ൯, ൧൦) ക്രമത്താലെ ഉണങ്ങിയ മരമായി വൎദ്ധിച്ചു. പോററുന്നതിൽ കുറവ് ഏതും ഇല്ല: മശീഹ താൻ തോട്ടക്കാരനല്ലോ. അവൻ അപേക്ഷിച്ചു വരുത്തിയ താമസം കഴിഞ്ഞാൽ ന്യായവിധി തുടങ്ങും. അപ്രകാരം ക്രിസ്തസഭെക്കും യേശുവിൻെറ ദീൎഘക്ഷമയുടെ ശേഷം ന്യായവിധി അടുത്തിരിക്കുന്നു.

---

§ 46.

THE MARRIAGE OF THE KING'S SON.

രാജപുത്രന്റെ കല്യാണം.

MATT. XXII.

1 And Jesus answered and spake unto them again by parables, and said,
2 The kingdom of heaven is like unto a certain king, which made a marriage for his son,
3 And sent forth his servants to call them that were bidden to the wedding: and they would not come.
4 Again, he sent forth other servants, saying, Tell them which are bidden, Behold, I have prepared my dinner: my oxen and *my* fatlings *are* killed, and all things *are* ready: come unto the marriage.
5 But they made light of *it*, and went their ways, one to his farm, another to his merchandise:
6 And the remnant took his servants, and entreated *them* spitefully, and slew *them*.
7 But when the king heard *thereof*, he was wroth: and he sent forth his armies, and destroyed those murderers, and burned up their city.
8 Then saith he to his servants, The wedding is ready, but they which were bidden were not worthy.
9 Go ye therefore into the highways, and as many as ye shall find, bid to the marriage.
10 So those servants went out into the highways, and gathered together all as many as they found, both bad and good: and the wedding was furnished with guests.
11 And when the king came in to see the guests, he saw there a man which had not on a wedding garment:
12 And he saith unto him, Friend, how camest thou in hither not having a wedding garment? And he was speechless.
13 Then said the king to the servants, Bind him hand and foot, and take him away, and cast *him* into outer darkness; there shall be weeping and gnashing of teeth.
14 For many are called, but few *are* chosen.

രാജപുത്രന്റെ കല്യാണം (മത്ത. ൨൨, ൧)മനസ്സലിവിനേയും (§ ൩൧) വർണ്ണിക്കുന്നു എങ്കിലും ന്യായവിധി അതിനാൽ അധികം വിളങ്ങുന്നു. രാജാവ് ദൈവം. അവന്റെ പുത്രൻ മശീഹ. വിരുന്നുകാരോ പ്രജകൾ തന്നെ; വിളിപ്രകാരം വന്നാൽ അവർ കല്യാണസ്ത്രീയായി തീരുകിലും ആം. ചിലരെ വിളിച്ചാലും സ്നേഹവാക്കുകളാൽ നിർബ്ബന്ധിച്ചാലും വരികയില്ല; ഈർഷ്യ മുഴുത്തു സുവിശേഷകരെ പരിഹസിക്കയും കൊല്ലുകയും ചെയ്തു പോകുന്നു. ഇങ്ങിനെ വിശ്വാസത്തെ വെറുത്തവർക്കു നിഗ്രഹവും നഗരദഹനവും തന്നെ ശിക്ഷ. ഇപ്രകാരം യരുശലേമും എഫെസും മറ്റും ഭസ്മമായതു. ഈ ഒന്നാം ന്യായവിധിയുടെ ശേഷം വിരുന്നിന്നായി നല്ലവരേയും ആകാത്തവരേയും എല്ലാം ക്ഷണിച്ചപ്പോൾ കല്യാണത്തിന്നു തക്ക ശുദ്ധവസ്ത്രം ധരിക്കാത്തവനും ഉണ്ടു. താൻ വന്ന ഉടുപ്പു പോരും എന്നുവെച്ചു രാജഭൃത്യന്റെ കൈക്കൽനിന്നു ഇനാമായി കിട്ടാനുള്ള രാജവസ്ത്രത്തെ വാങ്ങാതെ കണ്ടു അരമനയിൽ പൂകുന്നതാകയാൽ യജമാനനെ മാനിക്കാതെയും കല്യാണ മാഹാത്മ്യത്തെ അറിയാതെയും ഹൃദയം മാറാത്ത പാപസേവകനും സ്വനീതിക്കാരനും ആകുന്നു. ചങ്ങലയും ഇരിട്ടിലേ വാസവും തന്നെ ഇങ്ങിനെത്തവരുടെ ശിക്ഷാവിധി.

---

§ 47.

THE PARABLE OF THE TWO SONS.

പറമ്പിലേക്ക് അയച്ച രണ്ടു പുത്രർ.

MATT. XXI.

28 But what think ye? A *certain* man had two sons; and he came to the first, and said, Son, go work to day in my vineyard.
29 He answered and said, I will not: but afterward he repented, and went.
30 And he came to the second, and said

Matt. XXI.

likewise. And he answered and said, I *go*, sir: and went not.

31 Whether of them twain did the will of *his* father? They say unto him, The first. Jesus saith unto them, Verily I say unto you, That the publicans and the harlots go into the kingdom of God before you.

32 For John came unto you in the way of righteousness, and ye believed him not: but the publicans and the harlots believed him: and ye, when ye had seen *it*, repented not afterward, that ye might believe him.

പറമ്പിലേക്കയച്ചുവിട്ട രണ്ടു മക്കൾ (മത്ത. ൨൮, ൨൯) ഏകദേശം കല്യാണവിരുന്നുകാരെ പോലെ (§ ൪൯) വ്യാപരിക്കുന്നു. ഞാൻ പോകയില്ല എന്ന് ഒരുത്തൻ പറഞ്ഞ ശേഷം അനുതപിച്ചു ചെല്ലുകയും ചെയ്തു. അതുപോലെ പണവും ഭോഗങ്ങളും കാംക്ഷിച്ചു ചുങ്കക്കാരും ദുന്നടപ്പുകാരുമായി പോയവരുടെ അവസ്ഥ. അവരിൽ പലരും അനുതാപത്താൽ യേശുവിന്റെ പറമ്പിൽ പണിക്കാരായി ചമഞ്ഞു. ഇസ്രയേൽമൂപ്പന്മാരോ ദൈവം വിളിക്കുംതോറും സാക്ഷാൽ ഞങ്ങൾ വരുന്നു എന്നു നടിച്ചിട്ടും ഒടുവിൽ മശീഹയേയും ദേവേഷ്ടത്തേയും മുഴുവൻ ഉപേക്ഷിച്ചു. ഈ രണ്ടു ഭാവങ്ങളെ ഇന്നും എവിടയും കാണും.

---

§ 48.

The Wicked Husbandmen.

കള്ളക്കുടിയാന്മാരുടെ ഉപമ.

MATT. XXI.

33 Hear another parable: There was a certain householder, which planted a vineyard, and hedged it round about, and digged a winepress in it, and built a tower, and let it out to husbandmen, and went into a far country:

34 And when the time of the fruit drew near, he sent his servants to the husbandmen, that they might receive the fruits of it.

35 And the husbandmen took his servants, and beat one, and killed another, and stoned another.

36 Again, he sent other servants more than the first: and they did unto them likewise.

37 But last of all he sent unto them his son, saying, They will reverence my son.

38 But when the husbandmen saw the son, they said among themselves, This is the heir; come, let us kill him, and let us seize on his inheritance.

39 And they caught him, and cast *him* out of the vineyard, and slew *him*.

40 When the lord therefore of the vineyard cometh, what will he do unto those husbandmen?

41 They say unto him, He will miserably destroy those wicked men, and will let out *his* vineyard unto other husbandmen, which shall render him the fruits in their seasons.

MARK XII.

1 And he began to speak unto them by parables. A *certain* man planted a vineyard, and set an hedge about *it*, and digged a *place for* the winefat, and built a tower, and let it out to husbandmen, and went into a far country.

2 And at the season he sent to the husbandmen a servant, that he might receive from the husbandmen of the fruit of the vineyard.

3 And they caught *him*, and beat him, and sent *him* away empty.

4 And again he sent unto them another servant: and at him they cast stones, and wounded *him* in the head, and sent *him* away shamefully handled.

5 And again he sent another; and him they killed, and many others; beating some, and killing some.

6 Having yet therefore one son, his wellbeloved, he sent him also last unto them, saying, They will reverence my son.

7 But those husbandmen said among themselves, This is the heir; come, let us kill him, and the inheritance shall be ours.

8 And they took him, and killed *him* and cast *him* out of the vineyard.

9 What shall therefore the lord of the vineyard do? he will come and destroy the husbandmen and will give the vineyard unto others.

LUKE XX.

9 Then began he to speak to the people this parable; A certain man planted a vineyard, and let it forth to husbandmen and went into a far country for a long time.

10 And at the season he sent a servant to the husbandmen, that they should give him of the fruit of the vineyard: but the husbandmen beat him, and sent *him* away empty.

11 And again he sent another servant: and they beat him also, and entreated *him* shamefully, and sent *him* away empty.

12 And again he sent a third: and they wounded him also, and cast *him* out.

13 Then said the lord of the vineyard, What shall I do? I will send my beloved son: it may be they will reverence *him* when they see him.

14 But when the husbandmen saw him, they reasoned among themselves, saying, This is the heir: come, let us kill him, that the inheritance may be ours.

15 So they cast him out of the vineyard, and killed *him*. What therefore shall the lord of the vineyard do unto them?

16 He shall come and destroy these husbandmen, and shall give the vineyard to others. And when they heard *it*, they said, God forbid.

ഇസ്രയേൽ ദൈവത്തിൻ തോട്ടമായാൽ (യശ. ൫) ഞങ്ങൾ അല്ലോ അതിലേ പണിക്കാർ എന്നു മൂപ്പന്മാർ പ്രശംസിക്കിലോ വള്ളിപ്പറമ്പു ഭരമേല്പിച്ച കള്ളകുടിയാന്മാരുടെ ഉപമയാൽ (മത്ത. മാൎക്ക. ലൂക്ക.) വേണ്ടുന്ന ഉത്തരം വരുന്നു. ഉടയവൻ യഹോവ. അവൻ തന്റെ പറമ്പിൽ ദിവ്യവചനങ്ങളെ വിതെച്ചും നട്ടും, ചേലാ പെസഹ (സ്നാനം അത്താഴം) മുതലായ വ്യവസ്ഥകളാൽ വേലി കെട്ടി, അനുതാപവും ആത്മപീഡയും ആകുന്ന ചക്കും സ്ഥാപിച്ചു, സഭയിലേ കാവല്ക്കാൎക്കായിട്ട് ഒരു ഗോപുരം കെട്ടുകയും ചെയ്തു. പിന്നെ പറമ്പു തോട്ടക്കാരാകുന്ന മൂപ്പന്മാരിൽ ഭരമേല്പിച്ചു, യജമാനൻ യാത്രയായി, ഫലം പറിക്കുന്ന കാലത്തു പണിക്കാരെ അയച്ചു ഫലങ്ങളെ വാങ്ങിച്ചു. ഇങ്ങിനെ അനുതാപഫലം ചോദിച്ച പ്രവാചകന്മാരെ തോട്ടക്കാർ വെറുതെ വിട്ടും നിന്ദിച്ചും അടിച്ചും മുറിച്ചും കളഞ്ഞു കൊല്ലുവാനും തുനിഞ്ഞു (മാ.). പിന്നേയും അധികമുള്ളവരെ അയച്ചാറെയും അനുഭവം അതു തന്നെ. എന്നിട്ടും ഇതു മത്സരം അല്ലല്ലോ ബുദ്ധിഭ്രമമത്രെ, പുത്രനെ അവർ ശങ്കിക്കും എന്നുവെച്ചു ഏകജാതനെ നിയോഗിച്ചാറെ, ഹോ ഇവൻ അവകാശി, വന്നതു കൊള്ളാം എന്ന ബോധം ഉണ്ടായിട്ട് അവനെ പറമ്പിന്നു പുറത്താക്കി (പുറജാതികളുടെ കയ്യാൽ) കൊന്നു. അതുകൊണ്ടു യജമാനൻ വന്നു അവരെ നിഗ്രഹിച്ചു വേറെ തോട്ടക്കാരെ ഭരമേല്പിക്കേയുള്ളു.

---

§ 49.

THE TEN VIRGINS.

പത്തു കന്യകമാർ.

MATT. XXV.

1 Then shall the kingdom of heaven be likened unto ten virgins, which took their lamps, and went forth to meet the bridegroom.
2 And five of them were wise, and five *were* foolish.
3 They that *were* foolish took their lamps, and took no oil with them:
4 But the wise took oil in their vessels with their lamps.
5 While the bridegroom tarried, they all slumbered and slept.
6 And at midnight there was a cry made, Behold, the bridegroom cometh; go ye out to meet him.
7 Then all those virgins arose, and trimmed their lamps.
8 And the foolish said unto the wise, Give us of your oil; for our lamps are gone out.
9 But the wise answered, saying, *Not so*; lest there be not enough for us and you: but go ye rather to them that sell, and buy for yourselves.
10 And while they went to buy, the bridegroom came; and they that were ready went in with him to the marriage: and the door was shut.
11 Afterward came also the other virgins, saying, Lord, Lord, open to us.
12 But he answered and said, Verily I say unto you, I know you not.
13 Watch therefore, for ye know neither the day nor the hour wherein the Son of man cometh.

ക്രിസ്തസഭയിലും കൂടെ ന്യായവിധി തട്ടും എന്നു ൧൦ കന്യകമാരുടെ ഉപമയാൽ തെളിയുന്നു (മത്ത. ൨൫). യഹൂദരുടെ കല്യാണം അസ്തമിച്ചാലത്രെ തുടങ്ങുന്നു. മണവാളൻ നിയമിച്ചവളുടെ വീട്ടിലേക്ക് ഘോഷത്തോടും കൂടെ ചെന്നു അവളെ കൂട്ടി കൊണ്ടു പോകും എന്നു നിനെച്ചു കാത്തു കന്യമാർ നടവിളക്കുകളെ കത്തിച്ചു അവളോടു കൂടി വാതുക്കൽ നിന്നു കൊള്ളും. താമസം

ജനിച്ചാൽ നിദ്രാമയക്കം എണ്ണക്കുറവു മുതലായതിനാൽ ഉത്സവഭാവം മറഞ്ഞു പോകുമാറുണ്ടു. അപ്രകാരം തന്നെ മശീഹ മടങ്ങി വരികയില്ല എന്ന് ഒരു സിദ്ധാന്തമയക്കം സഭയിൽ ഉണ്ടാകും. അതത്രെ അർദ്ധരാത്രി. അതു പോലെ കൂടക്കൂടെ സംഭവിച്ചു സംഭവിക്കയും ചെയ്യും. എന്നാറെ മഹാസങ്കടങ്ങളാലും കരുണാമഴകളാലും അവൻ വരുന്നു എന്നുള്ള വിളി പിന്നേയും കേൾപ്പാറാകുന്നു. സഭ നല്ല വിളക്കുകളെ കൊളുത്തി രാത്രിയെ ചുറ്റും പകൽ പോലെ ആക്കി മിഴിച്ചു ഉത്സവസമയത്തെ കാത്തു നില്ക്കേണ്ടതു. താമസത്താൽ എല്ലാവൎക്കും നിദ്രാമയക്കം വരുന്നു താനും. പെട്ടന്നു വിളി കേട്ടാറെ വിളക്കു തെളിയിച്ചു ആത്മജീവനെ കാട്ടുവാൻ എല്ലാവരും നോക്കും. വിശ്വാസപ്രമാണം സഭാസംസൎഗ്ഗം മുതലായ വിളക്കു എല്ലാവൎക്കും ഉണ്ടു. അതിന്നകത്തു യേശുവിന്റെ ആത്മാവു നിറയുന്നുവോ എന്ന് അന്നു കാണും. വെളിച്ചം മങ്ങി മങ്ങി ബുദ്ധിമുട്ടുണ്ടായവർ അപ്പോൾ എത്ര ക്ലേശിച്ചാലും ഒരുങ്ങി നില്ക്കുന്നവർ മററവൎക്കായി കാത്തിരിക്കയില്ല എണ്ണ കൊടുക്കയും ഇല്ല. ഇങ്ങിനെ ഒരു വേൎത്തിരിവുണ്ടാകയാൽ ബുദ്ധിയില്ലാത്തവർ പുറത്തിരിക്കേണ്ടി വരും. അപ്രകാരം പെന്തെകൊസ്തനാളിലും മററുള്ള സന്തോഷസമയങ്ങളിലും വേൎത്തിരിവു കാണാം, സഭയുടെ മഹോത്സവം തുടങ്ങുന്ന കാലത്ത് അധികം കാണും. ബുദ്ധിയില്ലാത്തവർ എന്നേക്കും ശപിക്കപ്പെട്ടവർ എന്നു സ്പഷ്ടമായി പറഞ്ഞിട്ടില്ല താനും.

---

§ 50.

The Faithful Servant and the Evil Servant.

വിശ്വസ്തദാസനും കെട്ട ദാസനും.

MATT. XXIV.

45 Who then is a faithful and wise servant, whom his lord hath made ruler over his household, to give them meat in due season?

46 Blessed *is* that servant, whom his lord when he cometh shall find so doing.

47 Verily I say unto you, That he shall make him ruler over all his goods.

48 But and if that evil servant shall say in his heart, My lord delayeth his coming;

49 And shall begin to smite *his* fellowservants, and to eat and drink with the drunken;

50 The lord of that servant shall come in a day when he looketh not for *him*, and in an hour that he is not aware of,

51 And shall cut him asunder, and appoint *him* his portion with the hypocrites: there shall be weeping and gnashing of teeth.

LUKE XII.

41 Then Peter said unto him, Lord, speakest thou this parable unto us, or even to all?

42 And the Lord said, Who then is that faithful and wise steward, whom *his* lord shall make ruler over his household, to give *them their* portion of meat in due season?

43 Blessed *is* that servant, whom his lord when he cometh shall find so doing.

44 Of a truth I say unto you, that he will make him ruler over all that he hath.

45 But and if that servant say in his heart, My lord delayeth his coming; and shall begin to beat the menservants and maidens, and to eat and drink, and to be drunken:

46 The lord of that servant will come in a day when he looketh not for *him*, and at an hour when he is not aware, and will cut him in sunder, and will appoint him his portion with the unbelievers.

47 And that servant, which knew his lord's will and prepared not *himself*, neither did according to his will, shall be beaten with many *stripes*.

48 But he that knew not, and did commit things worthy of stripes, shall be beaten with few *stripes*. For unto whomsoever much is given, of him shall be much required: and to whom men have committed much, of him they will ask the more.

സഭയെ നടത്തുന്നവരിൽ പ്രത്യേകം ന്യായവിധി തട്ടും എന്നതു ദുശ്ശുശ്രൂഷക്കാരന്റെ ഉപമയാൽ സ്പഷ്ടം (മത്ത. ൨൪, ൪൫. ലൂക്ക. ൧൨, ൩൫—൪൮). ഇതു കേഫാവോടു പ്രത്യേകം ചൊന്ന വചനം; പാപ്പാക്കൾ്ക്കും കൊള്ളിക്കാം. യജമാനൻ കല്യാണത്തിൽനിന്നു മടങ്ങി വരുന്നതിനെ പണിക്കാർ നോക്കികൊണ്ടു അരകെട്ടി വിളക്കു തെളിയിച്ചു നില്ക്കേണ്ടു. വരുന്ന നേരത്തെ അറിയാതിരിക്കയാൽ ചഞ്ചലവും താമസത്താൽ പ്രമാദവും ഉണ്ടായ ശേഷം, യേശു വരവു ശിഷ്യന്മാൎക്കും ഒരു കള്ളന്റെ വരവു പോലെ ഭയങ്കരവും അനിഷ്ടവും ആയി ചമയും. അതുകൊണ്ട് ഒടുക്കം പണിക്കാർ രണ്ടു വിധം കാണും. കൂട്ടൎക്കു സുവിശേഷാഹാരം പ്രാപ്തിക്കു തക്കവണ്ണം വിഭാഗിച്ചു കൊടുക്കുന്നവരും, യജമാനൻ വരായ്കയാൽ ഞങ്ങൾ അവന്റെ സ്ഥാനത്തുള്ളവർ എന്നു ഗൎവ്വിച്ചും പുളെച്ചുംകൊണ്ടു ശേഷമുള്ളവരെ അടിച്ചും പോകുന്ന ദുശ്ശുശ്രൂഷക്കാരും തന്നെ. ഇവനെ വിചാരിയാത നേരം പിളൎക്കും (൧ ശമു. ൧൫, ൩൩). ശിക്ഷയുടെ താരതമ്യമോ അറിവിന്നു തക്കവണ്ണമത്രെ. ആകാത്ത കാട്ടാളനേക്കാൾ ആകാത്ത ക്രിസ്ത്യാനനും അവനേക്കാൾ ആകാത്ത അദ്ധ്യക്ഷനും അദ്ധ്യക്ഷരിൽ സ്ഥാനം ഏറിയവനും ശിക്ഷയേറി വരും. ദുശ്ശുശ്രൂഷക്കാരൻ ഉള്ളിൽ അവിശ്വാസിയും (ലൂക്ക.) മായാഭക്തിയെ കാട്ടിയവനും (മത്ത.) ആകയാൽ കരച്ചലും പൽകടിയും ഉള്ള ഗതിയെ പ്രാപിക്കും.

---

§ 51.

THE LAST JUDGEMENT.

അന്ത്യ ന്യായവിധി.

MATT. XXV.

31 When the Son of man shall come in his glory, and all the holy angels with him, then shall he sit upon the throne of his glory:
32 And before him shall be gathered all nations: and he shall separate them one from another, as a shepherd divideth *his* sheep from the goats:
33 And he shall set the sheep on his right hand, but the goats on the left.
34 Then shall the King say unto them on his right hand, Come, ye blessed of my Father, inherit the kingdom prepared for you from the foundation of the world:
35 For I was an hungred, and ye gave me meat: I was thirsty, and ye gave me drink: I was a stranger, and ye took me in:
36 Naked, and ye clothed me: I was sick, and ye visited me: I was in prison, and ye came unto me.
37 Then shall the righteous answer him, saying, Lord, when saw we thee an hungred, and fed *thee*? or thirsty, and gave *thee* drink?
38 When saw we thee a stranger, and took *thee* in? or naked, and clothed *thee*?
39 Or when saw we thee sick, or in prison, and came unto thee?
40 And the King shall answer and say unto them, Verily I say unto you, Inasmuch as ye have done *it* unto one of the least of these my brethren, ye have done *it* unto me.
41 Then shall he say also unto them on the left hand, Depart from me, ye cursed, into everlasting fire, prepared for the devil and his angels:
42 For I was an hungred, and ye gave me no meat: I was thirsty, and ye gave me no drink:
43 I was a stranger, and ye took me not in: naked, and ye clothed me not: sick, and in prison, and ye visited me not.
44 Then shall they also answer him, saying, Lord, when saw we thee an hungred, or athirst, or a stranger, or naked, or sick, or in prison, and did not minister unto thee?
45 Then shall he answer them, saying, Verily I say unto you, Inasmuch as ye did *it* not to one of the least of these, ye did *it* not to me.
46 And these shall go away into everlasting punishment: but the righteous into life eternal.

അന്ത്യ ന്യായവിധിയുടെ വൎണ്ണനം (മത്ത. ൨൫, ൩൧) ഉപമ മാത്രമല്ല വസ്തുത തന്നെ ആകുന്നു. സിംഹാസനത്തിൽ ഇരുന്ന മനുഷ്യപുത്രന്റെ തിരുമുമ്പിൽ സകല ജാതികളും കൂടുമ്പോൾ അവൻ ഓരോരുത്തരെ വലത്തോ ഇടത്തോ നിറുത്തി, തന്നേയും അനുജന്മാരേയും സേവിച്ചവരെ പിതാവിൽ അനുഗ്രഹമുള്ളവർ എന്നു പുകഴ്ത്തി നിത്യരാജ്യത്തിൽ ചേൎത്തുകൊള്ളും. ഒന്നാം ഉയിൎപ്പുള്ള ആദ്യജാതന്മാരുടെ കൂട്ടം ഈ ന്യായവിധിയിൽ വരികയില്ല എന്നും, എന്റെ ഈ സഹോദരന്മാർ എന്നു (൪൦) സൂചിപ്പിച്ചവർ ന്യായാസനത്തിൻ മുമ്പിൽ അല്ല കൎത്താവിന്റെ ഒരുമിച്ചു ഇരിപ്പവർ അത്രെ എന്നും ചിലരുടെ പക്ഷം. ഇങ്ങിനെ കരുണയുള്ളവരുടെ നീതിയും വിനയവും എന്ന പോലെ നിൎദ്ദയയുള്ളവരുടെ സ്വനീതിയും ക്രിസ്തനീരസവും അവരുടെ ചോദ്യത്താൽ വിളങ്ങുന്നു. അവർ ശാപഗ്രസ്തരായി പിശാചിന്നും അവന്റെ ദൂതൎക്കും പണ്ട് ഒരുക്കി വെച്ച അഗ്നിദണ്ഡത്തിൽ അകപ്പെട്ടുകേ ഉള്ളു.

ഇപ്രകാരം കൂലിയുടെ സൂക്ഷ്മവിവരവും, എല്ലാവൎക്കും ശോധന വരുത്തുന്ന മരണവും, ദീൎഘശാന്തിയുടെ ശേഷം പലപ്രകാരത്തിലുള്ള നടുത്തീൎപ്പും, ഒടുവിൽ ദേവഭവനത്തിങ്കൽ തുടങ്ങി സകല ജാതികളിലും പരക്കേണ്ടുന്ന ന്യായവിധിയും ദേവരാജ്യത്തിന്റെ സമൎപ്പണത്തെ പ്രകാശിപ്പിക്കുന്നു.

ഇവൎണ്ണം കരുണ അടിസ്ഥാനവും ന്യായവിധി കൊടുമുടിയും ആയിരിക്കുന്ന യേശുവിന്റെ കൃതിക്കു വാനങ്ങളുടെ രാജ്യം (മത്ത. ൧൩) എന്നും, ദാവിദ്രാജ്യം എന്നും (മാൎക്ക. ൧൧, ൧൦) പേരുണ്ടു. അവൻ താൻ അതിന്റെ ചെറുവിത്തും പിന്നേതിൽ അതിന്റെ വിടൎച്ചയും തേജസ്സും ആകകൊണ്ട് അതിന്നു മശീഹരാജ്യം എന്നു പേരും കേൾക്കുന്നു (മത്ത. ൧൩, ൪൧; യോ. ൧൮, ൩൬). അതു സാക്ഷാൽ ഇഹലോകത്തിൽനിന്നുള്ളതല്ല.

PART III.

THE PUBLIC MINISTRY OF CHRIST CHRONOLOGICALLY ARRANGED.

മൂന്നാം ഖണ്ഡം.

കാലക്രമാനുസാരമായ ക്രിസ്തുപ്രവൎത്തനാവൎണ്ണനം.

CHAPTER I.

Christ's First Public Appearance in Peræa, and subsequent Nine Months' Ministry in Jerusalem and Judea.

(*March — December* 28 *A. D.*)

ഒന്നാം അദ്ധ്യായം.

പരായ്യനാട്ടിലെ ആദ്യവൃത്താന്തങ്ങളും യഹൂദയിലും ൯ മാസത്തോളം നടന്ന പ്രവൎത്തനവും.

(ക്രിസ്ത്വാബ്ദം ൨൮, മാൎച്ച് തുടങ്ങി ദിസെംബർ വരെ.)

§ 52.

The Sanhedrim's Official Embassy to John and the Latter's Testimony to Jesus.

വിസ്താരസഭാദൂതചോദ്യവും യോഹനാന്റെ സാക്ഷ്യവും.

JOHN I.

19 And this is the record of John, when the
Jews sent priests and Levites from Jerusalem
to ask him, Who art thou?
20 And he confessed, and denied not; but
confessed, I am not the Christ.
21 And they asked him, What then? Art
thou Elias? And he saith, I am not. Art thou
that prophet? And he answered, No.
22 Then said they unto him, Who art thou?
that we may give an answer to them that sent
us. What sayest thou of thyself?
23 He said, I *am* the voice of one crying in
the wilderness, Make straight the way of the
Lord, as said the prophet Esaias.
24 And they which were sent were of the
Pharisees.
25 And they asked him, and said unto him,
Why baptizest thou then, if thou be not that
Christ, nor Elias, neither that prophet?
26 John answered them, saying, I baptize
with water: but there standeth one among you,
whom ye know not;

John I.

27 He it is, who coming after me is preferred before me, whose shoe's latchet I am not worthy to unloose.
28 These things were done in Bethabara beyond Jordan, where John was baptizing.
29 The next day John seeth Jesus coming unto him, and saith, Behold the lamb of God, which taketh away the sin of the world.
30 This is he of whom I said, After me cometh a man which is preferred before me: for he was before me.
31 And I knew him not: but that he should be made manifest to Israel, therefore am I come baptizing with water.
32 And John bare record, saying, I saw the Spirit descending from heaven like a dove, and it abode upon him.
33 And I knew him not: but he that sent me to baptize with water, the same said unto me, Upon whom thou shalt see the Spirit descending, and remaining on him, the same is he which baptizeth with the Holy Ghost.
34 And I saw, and bare record that this is the Son of God.

യേശു വനത്തിൽവെച്ചു പരീക്ഷകനോടു തടുത്തു നില്ക്കുമ്പോൾ യോഹനാനോടു സ്നാനകാരണം ചോദിപ്പാൻ സൻഹെദ്രിൻ എന്ന വിസ്താരസഭയിൽനിന്ന് അയച്ച അഹരോന്യരും ലേവ്യരും വന്നു വസ്തുതയെ അന്വേഷിച്ചു. ൪൦൦ വൎഷത്തിന്നകം പ്രവാചകൻ ഉദിച്ചിട്ടില്ലായ്കയാൽ യോഹനാന്റെ ഭാവവും വാക്കും സ്നാനവും പലക്കും മശീഹകാംക്ഷയെ കൊളുത്തിയിരുന്നു. അതുകൊണ്ട് അനേകർ ഇവൻ മശീഹ എന്നു വിചാരിച്ചു (ലൂക്ക. ൩, ൧൫; അപോ. ൧൩, ൨൫), മററവർ മുന്നടപ്പവനായ എലീയാ ആകുമോ എന്ന് ഊഹിച്ചു (മല. ൪, ൫; മത്ത. ൧൧, ൧൪). അവനെ കുറിച്ചല്ലൊ സീറക് എഴുതിയതു (൪൮, ൧൦): "അഗ്നിരഥത്തിൽ കയറി എടുക്കപ്പെട്ട ശേഷം ശിക്ഷാവിധിക്കു മുമ്പിൽ കോപത്തെ ശമിപ്പിച്ചു പിതാവിൻ ഹൃദയത്തെ പുത്രങ്കലേക്കു തിരിപ്പിച്ചു യാകോബ്ഗോത്രങ്ങളെ യഥാസ്ഥാനത്താക്കുവാൻ, ഇങ്ങിനെ ഭാവികാലത്തിന്നായി മുങ്കുറിക്കപ്പെട്ട എലീയാവെ പോലെ പുകഴ്ച്ചെക്കു പാത്രം ആർ ആകുന്നു? നിന്നെ കണ്ടു സ്നേഹം പൂണ്ടു നില്പവർ ധന്യന്മാർ; ഞങ്ങളും ജീവിക്കും പോൽ." എന്നതു യഹൂദരിൽ പ്രസിദ്ധമായി. പിന്നെ യിറമീയാവോ മറെറാരു പ്രവാചകശ്രേഷ്ഠനോ വരേണ്ടു എന്നു ലോകസമ്മതം (മത്ത. ൧൬, ൧൪). യിറമീയാ പ്രത്യേകം ജനത്തിന്നും നഗരത്തിന്നും വേണ്ടി നിത്യം പ്രാൎത്ഥിച്ചവനാകയാൽ സഹോദരമിത്രം എന്ന പേർ ലഭിച്ചു, ദൎശനങ്ങളിലും പ്രത്യക്ഷനായി യഹൂദരുടെ ക്ലേശങ്ങൾക്കു മാററം വരുത്തുന്നവൻ എന്നതും (൨ മക്കാബ്യ ൨), "ഞാൻ എന്റെ ദാസന്മാരായ യശായ യിറമീയാ എന്നവരെ നിനക്കു തുണെക്ക് അയക്കും" എന്നതും (൪ എജ്രാ) യഹൂദരിൽ ഏകദേശം ദേവവാക്കായി നടന്നു. മോശയോട് അറിയിച്ച പ്രവാചകൻ (൫മോ. ൧൮, ൧൫) ഈ യോഹനാൻ തന്നെയോ എന്നു മററവർ നിനെച്ചു തുടങ്ങി (യോ. ൭, ൪൦).

എന്നാറെ യോഹനാൻ ആചാൎയ്യദൂതന്മാരുടെ ൩ ചോദ്യങ്ങൾക്കും ഞാൻ അതല്ല എന്ന് ഉത്തരം പറഞ്ഞു. പിന്നേയും ചോദിച്ചാറെ ഞാൻ യശ. ൪൦. സൂചിപ്പിച്ച മരുഭൂമിയിലേ ശബ്ദമത്രെ എന്നും, എന്റെ സ്നാനം അത്ഭുതമല്ല ജലസ്നാനമത്രെ, അഗ്നിസ്നാനത്തെ കഴിപ്പിപ്പാനുള്ള മശീഹ നിങ്ങൾ അറിയാതെ നിങ്ങളുടെ ഇടയിൽ ഇരിക്കുന്നു; ഞാൻ അവന്റെ ഘോഷകനും അഗ്രേസരനും ആയി (മല. ൩, ൧) മുന്നടന്നിട്ടും അവൻ എനിക്കു മുമ്പനും മേല്പെട്ടവനും ഇസ്രയേൽരാജാവും ആകുന്നു എന്നും സാക്ഷ്യം ഉരെച്ചു. ആയതു യൎദ്ദനക്കരയുള്ള ബെത്തന്യ ("പടകിടം") എന്നും ബെത്തബറ ("കടവിടം", ന്യായ. ൭, ൨൪) എന്നും ഉള്ള സ്ഥലത്തുണ്ടായി. അവരും അതു കേട്ടാറെ മട

ങ്ങി പോയി. സാക്ഷിയെ വിശ്വസിച്ചു എന്നു തോന്നുന്നതും ഇല്ല (യോ. ൫, ൩൩ *ff*).

പിറ്റേ ദിവസം അത്രെ യേശു വനത്തിലേ പരീക്ഷയെ തീൎത്തു സ്നാപകന്റെ അടുക്കൽ വന്നു. അവനും ഇതാ ലോകത്തിന്റെ പാപങ്ങളെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടു എന്നും (യശ. ൫൩, ൭ *ff*), മശീഹയെ ചോദിക്കുന്ന അഹരോന്യൎക്കു താൻ സൂചിപ്പിച്ചു കൊടുത്തവൻ ഇവൻ തന്നെ (യോ. ൧, ൨൯. ൧൫) എന്നും, ഇവൻ സ്നാനത്താൽ ആത്മപൂൎണ്ണനായി ചമഞ്ഞതു കാണ്കയാൽ അവൻ ദേവപുത്രൻ എന്നുള്ള ദിവ്യനിശ്ചയം വന്നു എന്നും സ്വശിഷ്യന്മാരോടു വിളിച്ചു സാക്ഷ്യം പറഞ്ഞു. അവർ അന്നു വേണ്ടുവോളം വിശ്വസിച്ചതും ഇല്ല.

---

§ 53.

CHRIST'S FIRST ACQUAINTANCE WITH FIVE OF HIS DISCIPLES.

യേശുവിന്റെ ആദ്യശിഷ്യന്മാർ ഐവരും.

JOHN I.

35 Again the next day after John stood, and two of his disciples;

36 And looking upon Jesus as he walked, he saith, Behold the Lamb of God!

37 And the two disciples heard him speak, and they followed Jesus.

38 Then Jesus turned, and saw them following, and saith unto them, What seek ye? They said unto him, Rabbi, (which is to say, being interpreted, Master,) where dwellest thou?

39 He saith unto them, Come and see. They came and saw where he dwelt, and abode with him that day: for it was about the tenth hour.

40 One of the two which heard John *speak*, and followed him, was Andrew, Simon Peter's brother.

41 He first findeth his own brother Simon, and saith unto him, We have found the Messias, which is, being interpreted, the Christ.

42 And he brought him to Jesus. And when Jesus beheld him, he said, Thou art Simon the son of Jona: thou shalt be called Cephas, which is by interpretation, A stone.

43 The day following Jesus would go forth into Galilee, and findeth Philip, and saith unto him, Follow me.

44 Now Philip was of Bethsaida, the city of Andrew and Peter.

45 Philip findeth Nathanael, and saith unto him, We have found him, of whom Moses in the law, and the prophets, did write, Jesus of Nazareth, the son of Joseph.

46 And Nathanael said unto him, Can there any good thing come out of Nazareth? Philip saith unto him, Come and see.

47 Jesus saw Nathanael coming to him, and saith of him, Behold an Israelite indeed, in whom is no guile!

48 Nathanael saith unto him, Whence knowest thou me? Jesus answered and said unto him, Before that Philip called thee, when thou wast under the fig tree, I saw thee.

49 Nathanael answered and saith unto him, Rabbi, thou art the Son of God; thou art the King of Israel.

50 Jesus answered and said unto him, Because I said unto thee, I saw thee under the fig tree, believest thou? thou shalt see greater things than these.

51 And he saith unto him, Verily, verily, I say unto you, Hereafter ye shall see heaven open, and the angels of God ascending and descending upon the Son of man.

പിറ്റേ ദിവസം യേശു വിട്ടു പോവാനുള്ള ഭാവത്തോടെ നടക്കുന്നതു സ്നാപകൻ കണ്ടു സാക്ഷ്യം ആവൎത്തിച്ചപ്പോൾ, അന്ത്രയ്യാ യോഹനാൻ എന്നുള്ള ൨ ശിഷ്യന്മാർ ദേവാഭിപ്രായം ഗ്രഹിച്ചു സ്നാപകനെ വിട്ടു യേശുവെ പിഞ്ചെന്നു. നിങ്ങൾ എന്ത് അന്വേഷിക്കുന്നു എന്ന ആദ്യമായ ഗുരുശബ്ദം കേട്ടു കൂടെ നടന്നു അന്നു ഒന്നിച്ചു പാൎക്കയും ചെയ്തു. അന്നത്തേ വാക്കും അസ്തമിപ്പാൻ ൫ നാഴികയുള്ള നേരവും ശിഷ്യൻ മറക്കാതെ ജീവപൎയ്യന്തം ഓൎത്തു പോൽ. അന്ത്രയ്യാ ശീമോനെ കണ്ടു മശീഹസന്നിധിയിൽ വരുത്തിയതും

ആ ദിവസം തന്നെ. യേശു അവനെ കണ്ട ഉടനെ യോനാപുത്രനാകുന്ന നീ പാറ എന്ന് അൎത്ഥമുള്ള കേഫാ ആകും എന്നു ചൊല്ലി (മത്ത. ൧൬, ൧൮). പേർ മാററത്തിന്നോ ഭാവമാററം ആധാരം തന്നെ (൧ മോശ ൩൨, ൨൮). പ്രാകൃതനായ പേത്രന്റെ ചേലും ചട്ടവും പാറയോടു ഏതാനും ഒത്തിരുന്നു പോൽ; എങ്കിലും യേശുവെ പിഞ്ചെന്നിട്ടു മനഃപുതുക്കം സംഭവിച്ചതിനാൽ അത്രെ പാറയുടെ ഗുണം അവനിൽ മുഴുത്തുവന്നതു.

പിറേറന്നാൾ ആ സഹോദരന്മാരുടെ ഊൎക്കാരനായ ഫിലിപ്പ് എതിരേററു കൂടെ ചെന്നു (ബെത്തചൈദ എന്ന മീൻപിടിയൂർ കഫൎന്നഹൂമിന്നരികിൽ തന്നെ). ഗലീലെക്കു പോകുന്ന വഴിയിൽ (പക്ഷെ കാനാസമീപത്തിൽ, യോ. ൨൧, ൨) ഫിലിപ്പ് തോല്മായ്പുത്രനായ (മത്ത. ൧൦, ൩) നഥാന്യേലെ കണ്ടു പുതുഭാഗ്യം അറിയിച്ചാറെ, നചറത്തുഭവം നിമിത്തം സംശയിച്ചപ്പോൾ ചെന്നു കാണ്മാൻ സംഗതി വന്നു. താൻ സത്യമുള്ള ഇസ്രയേലനായി അത്തിയുടെ ചുവട്ടിൽ സ്വകാൎയ്യം വ്യാപരിച്ചതോ പ്രാൎത്ഥിച്ചതോ യേശു കണ്ട പ്രകാരം കേട്ട നേരം നഥാന്യേലും മശീഹയുടെ പ്രജയായി വന്ദിച്ചു. ഇതിലും വലുതായിട്ടുള്ളതു കാണും എന്ന വാഗ്ദത്തത്തോടു യേശു വാനക്കോണിയെ ഓൎപ്പിച്ചു (൧ മോ. ൨൮, ൧൨). തന്റെ അവതാരത്താൽ സ്വൎഗ്ഗം തുറന്നു ഭൂമിയോടു ചേൎന്നു വന്നതും, നരപുത്രന്റെ പ്രാൎത്ഥനാക്രിയാബലികൾ കയറുന്നതും, അനുഗ്രഹം സഹായം ആശ്വാസം അത്ഭുതവരം മുതലായത് ഇറങ്ങുന്നതും, ഇങ്ങിനെ സ്വൎഗ്ഗശക്തികൾ ഒക്കയും യേശുവിൽ നിറഞ്ഞു വിളങ്ങുന്നതും കാണും എന്നരുളിച്ചെയ്തു.

---

§ 54.

The First Miracle.

അതിശയങ്ങളുടെ ആരംഭം.

JOHN II.

1 And the third day there was a marriage in Cana of Galilee; and the mother of Jesus was there:

2 And both Jesus was called, and his disciples, to the marriage.

3 And when they wanted wine, the mother of Jesus saith unto him, They have no wine.

4 Jesus saith unto her, Woman, what have I to do with thee? mine hour is not yet come.

5 His mother saith unto the servants, Whatsoever he saith unto you, do *it*.

6 And there were set there six waterpots of stone, after the manner of the purifying of the Jews, containing two or three firkins apiece.

7 Jesus saith unto them, Fill the waterpots with water. And they filled them up to the brim.

8 And he saith unto them, Draw out now, and bear unto the governor of the feast. And they bare *it*.

9 When the ruler of the feast had tasted the water that was made wine, and knew not whence it was: (but the servants which drew the water knew;) the governor of the feast called the bridegroom,

10 And saith unto him, Every man at the beginning doth set forth good wine; and when men have well drunk, then that which is worse: *but* thou hast kept the good wine until now.

11 This beginning of miracles did Jesus in Cana of Galilee, and manifested forth his glory; and his disciples believed on him.

പ്രയാണത്തിന്റെ ൩ ആം ദിവസത്തിൽ യേശു നചറത്തു വന്നു അമ്മയെ കാണാഞ്ഞു കാനാവിലുള്ള കല്യാണത്തിൽ ഉണ്ടെന്നു കേട്ടു, തന്നേയും ക്ഷണിക്കയാൽ ൫ ശിഷ്യന്മാരോടും കൂടെ അവിടെ ചെന്നു. അതിനാൽ ആ ദാരിദ്ര്യമുള്ള കുഡുംബത്തിൽ മുട്ടുണ്ടായപ്പോൾ മറിയ അതിനെ പുത്രനെ അറി

യിച്ചു. അമ്മയോടു "സ്ത്രീയേ" എന്നു ചൊന്നതിൽ സ്നേഹവിനയങ്ങൾക്ക് വിരോധമായത് ഒന്നും ഇല്ല. ആദരവോടെ ക്രൂശിൽനിന്ന് അരുളിച്ചെയ്തതിലും (യോ. ൧൯, ൨൬) "സ്ത്രീയേ" എന്നേ പറഞ്ഞുള്ളു. "നിണക്കും എനിക്കും എന്തു" എന്നതിന്റെ അൎത്ഥമോ: യേശു ബാല്യംമുതൽ ഇടവിടാതെ തികഞ്ഞ അനുസരണത്താൽ അമ്മയച്ഛന്മാരെ ബഹുമാനിച്ചു കീഴടങ്ങിയതുകൊണ്ടു പ്രായം വന്ന ശേഷവും മകൻ അമ്മയുടെ വാക്ക കേട്ടു നടക്കും എന്ന് മറിയ നിരൂപിച്ചു പോൽ. എന്നാൽ മശീഹവേലയെ സംബന്ധിച്ചവററിൽ താൻ കേവലം സ്വതന്ത്രൻ എന്നും സ്വൎഗ്ഗസ്ഥപിതാവിന്ന് ഒഴികെ മററാൎക്കും അധീനനല്ല എന്നും അമ്മയോടു ബോധിപ്പിപ്പാൻ സംഗതി വന്നു. ജഡബന്ധുത്വമല്ലല്ലൊ ആത്മചേൎച്ചയേ പ്രമാണം (മത്ത. ൧൨, ൪൮). പിന്നെ "എന്റെ നാഴിക വന്നിട്ടില്ല" എന്ന് തിട്ടമായി മറുത്തു പറഞ്ഞതും, തൽക്ഷണം ഭാവം പകൎന്നു അമ്മയുടെ ആശെക്ക് ഒത്തവണ്ണം ഒരത്ഭുതം ചെയ്തതും തമ്മിൽ ഒക്കുന്നതു എങ്ങിനെ? ഇത്തരമായ വാക്കുകൾ മനഃസ്ഥൈൎയ്യത്തിന്നു കുറവല്ലയോ? അതിന്നു തക്ക ഉത്തരം ആവിതു: യേശുവിന്റെ നാഴിക വന്നിട്ടു എന്ന് തന്നെ അല്ല, നാഴിക വരാഞ്ഞിട്ടും അമ്മയുടെ വിശ്വാസത്തെ കാണകയാൽ അതിശയം ചെയ്യാതിരിപ്പാൻ വഹിയാതെ ആയി എന്നത്രെ. യേശുവിന്റെ നാഴിക എന്നതോ മശീഹയായി ജനമദ്ധ്യത്തിൽ തന്നെത്താൻ വെളിപ്പെടുത്തും കാലം അത്രെ. അതു ഗലീലയിൽ അല്ല സ്നേഹിതരുടെ ചെറുകൂട്ടത്തിലും അല്ല, വിശുദ്ധ നഗരത്തിലും ദേവാലയമാം നടുസ്ഥാനത്തിലും തന്നെ സംഭവിക്കേണ്ടിയതു (മല. ൩, ൧). സൂക്ഷ്മാൎത്ഥമായ ഈ നാഴിക ആരംഭിച്ചതു യേശു ഒന്നാം പെസഹെക്കു യരുശലേമിൽ വന്നു ദേവാലയത്തെ ശുദ്ധീകരിച്ച നാളിൽ തന്നെ (§ ൫൫). ഇവ്വണ്ണം "എന്റെ നാഴിക വന്നിട്ടില്ല" എന്ന് അരുളിച്ചെയ്തു, കല്യാണക്കാരുടെ മുട്ടു തീൎപ്പാൻ പെട്ടന്നു മനസ്സില്ലാഞ്ഞെങ്കിലും അമ്മയുടെ വിശ്വാസം പിന്നേതിൽ ഒർ അത്ഭുതം കാട്ടുവാൻ കൎത്താവിനെ നിൎബ്ബന്ധിച്ചു എന്നേ ചൊല്ലു. എങ്ങിനെ എന്നാൽ പുത്രൻ മറുത്തുര ചെയ്തു എന്നു ഗ്രഹിച്ചിട്ടും മറിയ അല്പം പോലും മുഷിയാതെ ദയാലുവായ ഗുരു ഈ ഞെരുക്കത്തിൽ സഹായം ചെയ്യാതിരിക്കയില്ല എന്നു മനസ്സിൽ തേറി പോന്നു, നിങ്ങളോട് എന്തു കല്പിച്ചാലും അതിനെ ചെയ്വിൻ എന്നു ശുശ്രൂഷക്കാരോടു പറഞ്ഞതിനാൽ നിറപടിയായ തന്റെ വിശ്വാസത്തെ തെളിയിച്ചു. ഇങ്ങിനെത്ത വിശ്വാസത്തിന്നു അസാദ്ധ്യമായതു ഒന്നും ഇല്ലല്ലോ (മാൎക്ക. ൯, ൨൩). ആകയാൽ മറിയ ജയിച്ചതു അമ്മയായി പുത്രനോടു പക്ഷവാദം ചെയ്തതിനാൽ അല്ല, ശിഷ്യയായി ഗുരുശാസനയെ സഹിച്ചു വിശ്വാസത്തിൽ ഊന്നി നിന്നതു കൊണ്ടത്രെ. വിശേഷിച്ചു രോമക്കാർ ഇതിന്റെ പൊരുളെ ഗ്രഹിപ്പൂതാക.

ഓരോന്നിൽ ഏകദേശം ൧൮ കുററി കൊള്ളുന്ന ആറു കല്പാത്രങ്ങളിലേ വെള്ളം ദ്രാക്ഷാരസം ആക്കി ചമെച്ചു, വീട്ടുകാരുടെ ലജ്ജയെ നീക്കി ദാരിദ്ര്യം ശമിപ്പിച്ചു, തനിക്കും സ്നാപകന്നും ഉള്ള ഭേദത്തെ പ്രകാശിപ്പിച്ചു, തേജസ്സെ വെളിപ്പെടുത്തി ശിഷ്യന്മാൎക്കു വിശ്വാസം ഉറപ്പിക്കയും ചെയ്തു (൧, ൫൧).

---

§ 55.

JESUS ATTENDING THE FIRST PASSOVER AT JERUSALEM. THE TEMPLE PURIFIED.

(30*th March* 28 *A. D.; vide page* 20—21.)

മശിഹയുടെ ൧ാം പെസഹയാത്രയും ദേവാലയശുദ്ധീകരണവും.

JOHN II.

12 After this he went down to Capernaum, he, and his mother, and his brethren, and his disciples: and they continued there not many days.

13 And the Jews' passover was at hand, and Jesus went up to Jerusalem,

14 And found in the temple those that sold oxen and sheep and doves, and the changers of money sitting:

15 And when he had made a scourge of small cords, he drove them all out of the temple, and the sheep, and the oxen; and poured out the changers' money, and overthrew the tables;

16 And said unto them that sold doves, Take these things hence; make not my Father's house an house of merchandise.

17 And his disciples remembered that it was written, The zeal of thine house hath eaten me up.

18 Then answered the Jews and said unto him, What sign shewest thou unto us, seeing that thou doest these things?

19 Jesus answered and said unto them, Destroy this temple, and in three days I will raise it up.

20 Then said the Jews, Forty and six years was this temple in building, and wilt thou rear it up in three days?

21 But he spake of the temple of his body.

22 When therefore he was risen from the dead, his disciples remembered that he had said this unto them; and they believed the scripture, and the word which Jesus had said.

23 Now when he was in Jerusalem at the passover, in the feast *day*, many believed in his name, when they saw the miracles which he did.

24 But Jesus did not commit himself unto them, because he knew all *men*,

25 And needed not that any should testify of man: for he knew what was in man.

ക്രി. ൨൮. മാൎച്ച ൩൦ പെസഹനാൾ ആകുന്നതു. അതിന്നായിട്ട് എന്നു തോന്നുന്നു യേശു ശിഷ്യന്മാരോടു കൂടെ ഗലീലപ്പൊയ്കയുടെ പുറത്തുള്ള കഫ ൎന്നഹൂമിലേക്ക യാത്രയായി. അവിടെ ശീമോന്റെ വീട്ടം വലിയ കച്ചവടവും ചുങ്കവും ഉണ്ടു. യാത്രക്കാർ കൂടി വരുവാൻ അതു നിരത്തുകൾ നിമിത്തം തക്ക സ്ഥലമായി.

പിന്നെ താമസിയാതെ യരുശലേമിൽ വന്നപ്പോൾ ജാതികളുടെ പ്രാകാരത്തിൽ ആൾ കുറഞ്ഞതും ബലിമൃഗങ്ങൾ തിങ്ങിവിങ്ങിയതും കണ്ടു. പറീശന്മാർ പുറത്തുള്ളവരെ അശുദ്ധർ എന്നു വെച്ചു (അപോ. ൧൦, ൧൨) അവൎക്കുള്ള സ്ഥലത്തു ക്രമത്താലെ ശുദ്ധമൃഗങ്ങളെ പാൎപ്പിച്ചു (ഭാഗം ൫൧) കച്ചവടം നടത്തി, ദേവാലയത്തിന്നുള്ള വഴിപാടു കഴിപ്പാൻ പരദേശികൾക്കു വേണ്ടിയ അരശേഖലിനെ മാറി കൊടുക്കുന്ന (൨ മോ. ൩൦, ൧൩. *f*) വാണിഭമേശകളേയും അവിടെ വെച്ചു. അതു മശീഹ സഹിയാതെ ഉടനെ ചമ്മട്ടിയെ ഉണ്ടാക്കി ആടുമാടുകളെ ആട്ടി. അവ അതിശയമായി ഭയപ്പെട്ടു പുറത്തേക്ക് ഓടുമ്പോൾ വില്ക്കുന്നവരും വാങ്ങുന്നവരും പോകേണ്ടി വന്നു. ഇതിനാൽ കൎത്താവ് തന്റെ ആലയത്തെ ശുദ്ധമാക്കുവാൻ പെട്ടന്നു വരുന്നതു (മല. ൩, ൧) നിവൃത്തിയായി. ഈ ദേവഭവനത്തിന്നു വേണ്ടി കാട്ടിയ ഊഷ്മാവ് (സങ്കീ. ൬൯, ൯) നല്ല ഇസ്രയേലന്നു വിഹിതം എങ്കിലും (൪ മോ. ൨൫, ൧൧) എലീയാ കാട്ടിയ പ്രകാരം ഒർ അത്ഭുതം പ്രമാണമായി വേണം എന്നു യഹൂദർ ചോദിച്ചു. അതിന്നു യേശു ഠരം മന്ദിരത്തെ അഴിപ്പിൻ, എന്നാൽ ഞാൻ മൂന്നു ദിവസത്തിന്നകം അതിനെ ഉയൎത്തും എന്ന് ഉത്തരം ചൊല്ലിയതിന്റെ സാരം എന്തെ

ന്നാൽ: താൻ ചെയ്തിരുന്ന ൟ ആദ്യകൎമ്മത്തിൽ പ്രമാണികൾക്കു രസം ഒന്നും തോന്നാതെ മുഷിച്ചൽ ജനിച്ചതേയുള്ളു എന്ന് അറിഞ്ഞു, ൟ വൈരോത്ഭവത്തിന്ന് ഒത്തവണ്ണമേ ഇനി മത്സരഹിംസാദികൾ അല്ലാതെ മറ്റൊന്നും തനിക്ക് ശേഷിക്കയില്ല എന്നു യേശു തന്റെ ദൂരദൃഷ്ടികൊണ്ടു ഉടനെ കണ്ടു. പിന്നെ ദേവാലയം ദേവകോയ്മയുടെ അടയാളവും നട്ടസ്ഥാനവും അത്രെ എന്ന് ഓൎക്കേണ്ടു. സ്വാമിദ്രോഹത്താൽ ദേവകോയ്മെക്കു ഇസ്രയേലിൽ വല്ലപ്പോഴും ഭംഗം വന്നാൽ ദേവാലയവും രാജ്യത്വവും ഒരു പോലെ നശിച്ചു പോകും എന്നുള്ളതു പണ്ടു നടന്ന രാജ്യസംഹാരത്താലും ബാബെൽപ്രവാസത്താലും ആവോളം തെളിഞ്ഞു വന്നു. വിശേഷിച്ചു മശീഹ ഛേദിക്കപ്പെട്ടാൽ വിശുദ്ധനഗരത്തിന്നും മന്ദിരത്തിന്നും നിൎമ്മൂലനാശം സംഭവിക്കും എന്നു ദാനിയേലിന്റെ പ്രവചനത്തെ (൯, ൨൭) ആധാരമാക്കീട്ടു, ക്രിസ്തനെ തള്ളി മുടിക്കുന്നതും ദേവാലയത്തെ ഇടിച്ചു കളയുന്നതും കേവലം ഒന്നത്രെ എന്നും, പിരിയാത്തവണ്ണം ൟ രണ്ടും തമ്മിൽ ചേൎന്നിരിക്കുന്നു എന്നും അറിയാം. ആയതു കൊണ്ടു യഹൂദർ "നീ ഏതു അടയാളത്തെ കാണിക്കും" എന്ന് നീരസം പൂണ്ടു ചോദിച്ചപ്പോൾ യേശു അരുളിച്ചെയ്തിതു: ആകട്ടെ, നിങ്ങളുടെ ൟ സംഹാരവേലയെ തികെച്ചു കൊൾ്വിൻ! ഇപ്പോൾ കുറഞ്ഞൊന്നു വിളങ്ങിയ ൟ വിരോധസാഹസങ്ങൾ മുഴുത്തു വന്നിട്ടു മശീഹകുലപാതകം ചെയ്തു ൟ മന്ദിരത്തേയും ഇടിച്ചു കളവിൻ! എന്നാൽ ൩ ദിവസത്തിന്നകം ഞാൻ അതിനെ പുതുക്കി എടുപ്പിക്കും, അതായതു ഉയിൎത്തെഴുനീറ്റിട്ടു ഞാൻ ദേവസഭ എന്ന ജീവനുള്ള പുതുമന്ദിരത്തെ പണിയിക്കും. സഭ അല്ലയോ ക്രിസ്തന്റെ ശരീരവും ദേവമന്ദിരവും ആകുന്നതു (എഫ്. ൨, ൨൦—൨൨; ൫, ൩൦). ശിഷ്യൎക്കു ൟ രഹസ്യവാക്കിനാൽ അന്നു വിസ്മയവും പിന്നത്തേതിൽ വിശ്വാസവൎദ്ധനയും ഉണ്ടാവാൻ സംഗതി വന്നു. ജനങ്ങളോ പൊരുൾ അറിയാഞ്ഞിട്ടും വചനത്തെ മറന്നതും ഇല്ല.

അതിന്റെ ശേഷം ചെയ്ത അതിശയങ്ങളെ കണ്ടു പലരും പ്രത്യേകം ഗാലീല്യയാത്രക്കാരും (൪, ൪൫) വിശ്വസിച്ചു. യേശുവോ മനുഷ്യസ്വഭാവം എല്ലാം അറികകൊണ്ടു ആരിലും തന്നെ ഏല്പിക്കാതെ തന്റെ രഹസ്യം പതുക്കെ വെളിപ്പെടുത്തി പോന്നു.

---

§ 56.

CHRIST'S DISCOURSE WITH NICODEMUS.

നിക്കൊദേമനോടുള്ള സംഭാഷണം.

JOHN III.

1 There was a man of the Pharisees, named Nicodemus, a ruler of the Jews:

2 The same came to Jesus by night, and said unto him, Rabbi, we know that thou art a teacher come from God: for no man can do these miracles that thou doest, except God be with him.

3 Jesus answered and said unto him, Verily, verily, I say unto thee, Except a man be born again, he cannot see the kingdom of God.

4 Nicodemus saith unto him, How can a man be born when he is old? can he enter the second time into his mother's womb, and be born?

John III.

5 Jesus answered, Verily, verily, I say unto thee, Except a man be born of water and *of* the Spirit, he cannot enter into the kingdom of God.

6 That which is born of the flesh is flesh; and that which is born of the Spirit is spirit.

7 Marvel not that I said unto thee, Ye must be born again.

8 The wind bloweth where it listeth, and thou hearest the sound thereof, but canst not tell whence it cometh, and whither it goeth: so is every one that is born of the Spirit.

9 Nicodemus answered and said unto him, How can these things be?

10 Jesus answered and said unto him, Art thou a master of Israel, and knowest not these things?

11 Verily, verily, I say unto thee, We speak that we do know, and testify that we have seen; and ye receive not our witness.

12 If I have told you earthly things, and ye believe not, how shall ye believe, if I tell you *of* heavenly things?

13 And no man hath ascended up to heaven, but he that came down from heaven, *even* the Son of man which is in heaven.

14 And as Moses lifted up the serpent in the wilderness, even so must the Son of man be lifted up:

15 That whosoever believeth in him should not perish, but have eternal life.

16 For God so loved the world, that he gave his only begotten Son, that whosoever believeth in him should not perish, but have everlasting life.

17 For God sent not his Son into the world to condemn the world; but that the world through him might be saved.

18 He that believeth on him is not condemned: but he that believeth not is condemned already, because he hath not believed in the name of the only begotten Son of God.

19 And this is the condemnation, that light is come into the world, and men loved darkness rather than light, because their deeds were evil.

20 For every one that doeth evil hateth the light, neither cometh to the light, lest his deeds should be reproved.

21 But he that doeth truth cometh to the light, that his deeds may be made manifest, that they are wrought in God.

പലരും സത്യത്തെ കുറിച്ചന്വേഷിക്കുന്നതിൽ വിസ്താരസഭക്കാരനായ നിക്കൊദേമനും യേശുവോടു ചോദിപ്പാൻ ഭാവിച്ചു ജനശങ്കനിമിത്തം രാത്രിയിൽ വന്നു യേശുവെ പ്രവാചകൻ എന്നു സല്ക്കരിച്ചു സ്തുതിച്ചു. ആയതു കൂട്ടാക്കാതെ യേശു മശീഹരാജ്യപ്രവേശം ഉയരത്തുനിന്നു ജനിച്ചവൎക്കേ ഉള്ളൂ എന്നു ശാസിച്ചു പറഞ്ഞു. വൃദ്ധനായ ശാസ്ത്രി മശീഹവാഴ്ചെക്കു ഹൃദയത്തെ ചേലാകൎമ്മവും ആത്മപുത്രുക്കവും വേണ്ടുന്നത് എന്നറിഞ്ഞിട്ടും (൫ മോ. ൩൦, ൬; യിറ. ൪, ൪; ഹെജ. ൧൧. ൧൯ *f.* ൩൬, ൨൬ *f*) തന്റെ നീതിയെ തള്ളുവാൻ മനസ്സില്ലാതെ ഇതു കഴിയാത്തത് എന്നു പറഞ്ഞു. അതുകൊണ്ടു യേശു ദേവസഭയിലേ പ്രവേശത്തിന്ന് അനുതാപത്തിന്റെ സ്നാനവും മശീഹയുടെ ആത്മസ്നാനവും ഈ രണ്ടു തന്നെ വേണ്ടു, ഇവററാൽ ഉണ്ടാകുന്നതു ജഡത്തിൽനിന്നു ജനിച്ച ജഡമല്ല ആത്മാവിൻ കുട്ടിയത്രെ. അതിന്റെ ദൃഷ്ടാന്തം കാററു (സഭാപ്രസ. ൧൧,൫). അത് ഉണ്ടെന്നറിയുന്നതല്ലാതെ അതിന്റെ ഉല്പത്തിയും ഒടുവും അറിയുന്നില്ല. ആത്മാവിൽനിന്നു ജനിച്ചവൻ മുകളിൽനിന്നു വരുന്നതും മേല്പെട്ടു പോകുന്നതും (സുഭാ. ൧൫, ൨൪) രഹസ്യം തന്നെ. എങ്കിലും സ്വാതന്ത്ര്യം ചൈതന്യം ശക്തി മുതലായ ഊൎദ്ധ്വലക്ഷണങ്ങളെ കാററിൽ എന്ന പോലെ ആത്മകുട്ടിയിലും ഇപ്പോഴും അറിയാം. എന്നാറെ നിക്കൊദേമന്റെ ശല്യം വിടായ്കയാൽ യേശു അവനെ അറിയായ്മ നിമിത്തം നന്ന ശാസിച്ചു, "നാം അറിയുന്നു" (൰) എന്ന വാക്കിനെ ആക്ഷേപിച്ചു: നിങ്ങളും ഞങ്ങളും ഒന്നല്ല രണ്ടു പക്ഷമത്രെ, ഞങ്ങൾ നിശ്ചയം അറിയുന്നു നിങ്ങൾ അറിയുന്നില്ല സാക്ഷ്യത്തെ കൈക്കൊള്ളുന്നതും ഇല്ല. ഭൂമിയിൽ ഇസ്രയേലൎക്ക് എന്താകുന്നതു പഠിപ്പിച്ചാൽ വിശ്വസിക്കാത്തവർ സ്വൎഗ്ഗത്തിൽനിന്നു വരുന്ന പുതിയ വെളിപ്പാടുകളെ എങ്ങിനെ അംഗീകരിക്കും.

എന്നിട്ടും സ്വൎഗ്ഗീയ സത്യങ്ങൾ അന്നു സംക്ഷേപിച്ചറിയിച്ചതു ൪ ആകുന്നു. ൧) വാനത്തിൽനിന്ന് ഇറങ്ങിയവനും നിത്യം വാനത്തിൽ ഇരിക്കുന്നവനും മാത്രം വാനത്തിൽ കയറിയവൻ എന്നതിനാൽ നരപുത്രന്റെ സ്വൎഗ്ഗീയതത്വവും നിത്യം ഇറങ്ങുന്ന സ്നേഹവിനയവും സകലത്തിന്മീതെ നിത്യം കടക്കുന്ന ജ്ഞാനവും അറിയിച്ചു. ൨) പ്രായശ്ചിത്തത്താലുള്ള നിരപ്പിന്നു താമ്രസൎപ്പത്തിന്റെ മുങ്കുറിയാൽ (൪ മോ. ൨൧) തെളിവു വരുത്തുന്നു. ശാപസ്വരൂപനായി മരത്തിന്മേൽ തൂക്കിയവനെ നോക്കുകയത്രെ പാപവിഷത്തിന്നു ചികിത്സയായ്വരും. ൩) വീണ്ടെടുപ്പിന്റെ സാരമാവിതു: അച്ഛൻ സൎവ്വലോകത്തെ സ്നേഹിക്ക, പുത്രൻ കാഴ്ചയായ്വരിക, ഇതേ വിശ്വസിക്കുന്നവന്നു സദാ ജീവൻ തന്നെ. ൪) ന്യായവിധി വിശ്വസിക്കാത്ത യഹൂദനിലും തട്ടും. വന്ന വെളിച്ചത്തിലേ അവിശ്വാസം അന്ധകാരകാംക്ഷയാൽ അത്രെ ജനിക്കുന്നു, സത്യത്തിന്ന് ഇടം കൊടുക്കുന്നവൻ വെളിച്ചത്തു വരും. എന്നിങ്ങിനെ ചൊല്ലി കൎത്താവ് ഇരിട്ടിലേ നടത്തം നിമിത്തം ആക്ഷേപിച്ചു വെളിച്ചദാഹത്തെ ജ്വലിപ്പിച്ചു സഫലമായ്വരേണ്ടുന്ന വാക്കു വിതെച്ചു (൭, ൫൦ *f*; ൧൯, ൩൯) വൃദ്ധനെ വിട്ടയക്കുകയും ചെയ്തു.

---

§ 57.

CHRISTS' MINISTRY IN JUDEA AND JOHN'S LAST TESTIMONY.

യഹൂദനാട്ടിലേ മശീഹവേലയും യോഹന്നാന്റെ സാക്ഷ്യസമൎപ്പണവും.

JOHN III.

22 After these things came Jesus and his disciples into the land of Judæa; and there he tarried with them, and baptized.
23 And John also was baptizing in Ænon near to Salim, because there was much water there: and they came, and were baptized.
24 For John was not yet cast into prison.
25 Then there arose a question between *some* of John's disciples and the Jews about purifying.
26 And they came unto John, and said unto him, Rabbi, he that was with thee beyond Jordan, to whom thou barest witness, behold, the same baptizeth, and all *men* come to him.
27 John answered and said, A man can receive nothing, except it be given him from heaven.
28 Ye yourselves bear me witness, that I said, I am not the Christ, but that I am sent before him.
29 He that hath the bride is the bridegroom: but the friend of the bridegroom, which standeth and heareth him, rejoiceth greatly because of the bridegroom's voice: this my joy therefore is fulfilled.
30 He must increase, but I *must* decrease.
31 He that cometh from above is above all: he that is of the earth is earthly, and speaketh of the earth: he that cometh from heaven is above all.
32 And what he hath seen and heard, that he testifieth; and no man receiveth his testimony.
33 He that hath received his testimony hath set to his seal that God is true.
34 For he whom God hath sent speaketh the words of God: for God giveth not the Spirit by measure *unto him*.
35 The Father loveth the Son, and hath given all things into his hand.
36 He that believeth on the Son hath everlasting life: and he that believeth not the Son shall not see life; but the wrath of God abideth on him.

അനന്തരം യേശു നഗരത്തെ വിട്ടു യഹൂദനാട്ടിൽ ഏകദേശം ൯മാസം (൪, ൩൫) പാൎത്തു ശിഷ്യരെകൊണ്ടു സ്നാനം കഴിപ്പിച്ചു പോന്നു. സ്നാപകനും യേശുവെ അനുഗമിപ്പാൻ കല്പന ഇല്ലായ്കയാൽ വിധിച്ച വേലയെ വിടാതെ നടത്തി. എവിടെ എന്നാൽ (ജലഭൂമി എന്ന) ഐനോനും ശലെമും

(൧മോ. ൩൩, ൧൮) ആകുന്ന ശമൎയ്യദേശത്തു തന്നെ എന്നു തോന്നുന്നു. അവിടെയും പുരുഷാരങ്ങൾ വന്നു സ്നാനം ഏറ്റു. ഇപ്രകാരം ഇരുവരും ഇസ്രയേൽസഭെക്കു ശുദ്ധീകരണം (൮) നടത്തുമ്പോൾ യേശുവിന്റെ അടുക്കൽ ആളുകൾ അധികം കൂടിയതല്ലാതെ "ഒരു യഹൂദൻ" (൮) സ്നാപകന്റെ ശിഷ്യന്മാരോടു തൎക്കിച്ചു ശമൎയ്യഭൂമിയിൽ ചെയ്യുന്നതേക്കാൾ യഹൂദയിൽ കഴിക്കുന്ന സ്നാനം നല്ലു എന്നു പറഞ്ഞിട്ടുണ്ടായിരിക്കും. അതുകൊണ്ടു ശിഷ്യരിൽ അസൂയ പൊങ്ങി തുടങ്ങി.

ഗുരുവോ ആത്മപൂൎണ്ണനായി അന്ത്യസാക്ഷ്യം പറഞ്ഞു. യേശു മണവാളൻ ആകയാൽ എല്ലാം അവന്നു വരുവാൻ ന്യായം. അപ്രകാരം സംഭവിച്ചതു എനിക്കു സന്തോഷം: അവൻ വളരുകയും ഞാൻ കുറകയും തന്നെ വേണ്ടതു. അവൻ മാത്രം മുകളിൽനിന്നു വന്നവനും പിതാവിന്ന് ഇഷ്ടനും ആത്മസമ്പൂൎണ്ണത ഉള്ളവനും ദേവസത്യം എല്ലാം പറയുന്നവനും ആകയാൽ അധികം ആൾ ചേരാത്തതു സങ്കടം അത്രെ. അവന്റെ സാക്ഷ്യത്തെ അംഗീകരിച്ചല്ലാതെ നിങ്ങൾക്കും ദൈവത്തിൻ അരുളപ്പാടുകളുടെ വസ്തുത ബോധിക്കയില്ല. പുത്രനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു, ജീവനെ വിരോധിച്ചു പുത്രനെ അനുസരിക്കാത്തവന്മേൽ (സുഭാ. ൮, ൩൬) ദേവകോപം തൂങ്ങി നില്ക്കുന്നു. എന്നിങ്ങിനെ ശിഷ്യരെ ശാസിച്ചു മശീഹെക്കായിട്ടുള്ള സാക്ഷ്യം തീൎക്കുകയും ചെയ്തു.

---

§ 58.

The Journey through Samaria. The Samaritan Woman.

ശമൎയ്യയിലേ കടപ്പും വിശ്വാസജനനവും.

JOHN IV.

1 When therefore the Lord knew how the Pharisees had heard that Jesus made and baptized more disciples than John,

2 (Though Jesus himself baptized not, but his disciples.)

3 He left Judæa, and departed again into Galilee.

4 And he must needs go through Samaria.

5 Then cometh he to a city of Samaria, which is called Sychar, near to the parcel of ground that Jacob gave to his son Joseph.

6 Now Jacob's well was there. Jesus therefore, being wearied with *his* journey, sat thus on the well: *and* it was about the sixth hour.

7 There cometh a woman of Samaria to draw water: Jesus saith unto her, Give me to drink.

8 (For his disciples were gone away unto the city to buy meat.)

9 Then saith the woman of Samaria unto him, How is it that thou, being a Jew, askest drink of me, which am a woman of Samaria? for the Jews have no dealings with the Samaritans.

10 Jesus answered and said unto her, If thou knewest the gift of God, and who it is that saith to thee, Give me to drink; thou wouldest have asked of him, and he would have given thee living water.

11 The woman saith unto him, Sir, thou hast nothing to draw with, and the well is deep: from whence then hast thou that living water?

12 Art thou greater than our father Jacob, which gave us the well, and drank thereof himself, and his children, and his cattle?

13 Jesus answered and said unto her, Whosoever drinketh of this water shall thirst again:

14 But whosoever drinketh of the water that I shall give him shall never thirst; but the water that I shall give him shall be in him a well of water springing up into everlasting life.

15 The woman saith unto him, Sir, give me this water, that I thirst not, neither come hither to draw.

16 Jesus saith unto her, Go, call thy husband, and come hither.

17 The woman answered and said, I have no husband. Jesus said unto her, Thou hast well said, I have no husband:

18 For thou hast had five husbands; and he whom thou now hast is not thy husband: in that saidst thou truly.

John IV.

19 The woman saith unto him, Sir, I perceive that thou art a prophet.
20 Our fathers worshipped in this mountain; and ye say, that in Jerusalem is the place where men ought to worship.
21 Jesus saith unto her, Woman, believe me, the hour cometh, when ye shall neither in this mountain, nor yet at Jerusalem, worship the Father.
22 Ye worship ye know not what: we know what we worship: for salvation is of the Jews.
23 But the hour cometh, and now is, when the true worshippers shall worship the Father in spirit and in truth: for the Father seeketh such to worship him.
24 God *is* a Spirit: and they that worship him must worship *him* in spirit and in truth.
25 The woman saith unto him, I know that Messias cometh, which is called Christ: when he is come, he will tell us all things.
26 Jesus saith unto her, I that speak unto thee am *he*.
27 And upon this came his disciples, and marvelled that he talked with the woman: yet no man said, What seekest thou? or, Why talkest thou with her?
28 The woman then left her waterpot, and went her way into the city, and saith to the men,
29 Come, see a man, which told me all things that ever I did: is not this the Christ?
30 Then they went out of the city, and came unto him.
31 In the mean while his disciples prayed him saying, Master, eat.
32 But he said unto them, I have meat to eat that ye know not of.
33 Therefore said the disciples one to another Hath any man brought him *ought* to eat?
34 Jesus saith unto them, My meat is to do the will of him that sent me, and to finish his work.
35 Say not ye, There are yet four months, and *then* cometh harvest? behold, I say unto you, Lift up your eyes, and look on the fields; for they are white already to harvest.
36 And he that reapeth receiveth wages, and gathereth fruit unto life eternal: that both he that soweth and he that reapeth may rejoice together.
37 And herein is that saying true, One soweth and another reapeth.
38 I sent you to reap that whereon ye bestowed no labour: other men laboured, and ye are entered into their labours.
39 And many of the Samaritans of that city believed on him for the saying of the woman, which testified, He told me all that ever I did.
40 So when the Samaritans were come unto him, they besought him that he would tarry with them: and he abode there two days.
41 And many more believed because of his own word;
42 And said unto the woman, Now we believe, not because of thy saying: for we have heard *him* ourselves, and know that this is indeed the Christ, the Saviour of the world.

യേശു യോഹനാനേക്കാൾ അധികം ശിഷ്യന്മാരെ സ്നാനം ഏല്പിക്കുന്നു എന്നു പറീശന്മാർ കേട്ട പ്രകാരം കൎത്താവു അറിഞ്ഞിട്ടു തൽകാലം വൈരികളോടു ഇടവാട് അരുതു എന്നു വെച്ചു യഹൂദയിലേ വേലയെ വിട്ടു വടക്കോട്ടു യാത്രയായി. അന്നുമുതൽ യേശു സ്നാനം ചെയ്യിച്ചപ്രകാരം ഒട്ടും കേൾക്കുന്നതും ഇല്ല. രാജാവിന്നും വിസ്താരസഭെക്കും അപ്രിയം തോന്നുകകൊണ്ടു ഇസ്രയേലെ സ്നാനത്താൽ ശുദ്ധീകരിപ്പാൻ ഇനി വിഹിതമല്ല, വംശം എല്ലാം മുമ്പെ രണ്ടായി പിരിയേണ്ടത് എന്നു തോന്നിയായിരിക്കും.

വിതകാലത്തു (ഏകദേശം ൨൭, ദിസെംബർ) യേശു ഗലീലെക്കാമാറു പുറപ്പെട്ടപ്പോൾ യഹൂദർ മിക്കവാറും മതശങ്കനിമിത്തം യൎദ്ദന്റെ കിഴക്കേ തീരത്തു കൂടി നടക്കുന്ന വഴിയായല്ല ശമൎയ്യയിൽ കൂടി കടപ്പാൻ നിശ്ചയിച്ചു. അവിടെ ശമൎയ്യനഗരത്തിൽനിന്നു ൨ കാതം തെക്കോട്ടു ശികെം പട്ടണം ഉണ്ടു ഗരിജീം ഏബാൽ മലകളുടെ നടുവിലുള്ള നല്ല താഴ്വരയിൽ തന്നെ. അതിന്നു ഇപ്പോൾ നപ്ലുസ് (നവപൊലിസ്) എന്ന പേർ ഉണ്ടു; ൫൦൦൦ മുസല്മാനരോടും കൂട ചില നൂറു ക്രിസ്ത്യാനരും ശമൎയ്യരും ഇപ്പോഴും പാൎക്കുന്നുണ്ടു. പട്ടണത്തിൽനിന്നു തെക്കു ൨ നാഴിക ദൂരത്തു യോസെഫിന്റെ ശ്മശാനവും (യോശു. ൨൪, ൩൨; അപോ. ൭, ൧൬) അതിന്മേൽ ഒരു മുസല്മാൻ പള്ളിയും ഉണ്ടു. അതു യാക്കോബ് തന്റെ പുത്രന്നു കൊടുത്ത സുകാർ ("ശ്മശാനം") എന്ന നിലത്തിൽ തന്നെ ആകുന്നു. അതിന്നും ഒരു നാഴിക തെക്കോട്ടു കുമ്മായപ്പാറയിൽ ൫൦൦ൽ ചിലാനം അടി ആഴത്തോളം കുഴിച്ച യാക്കോബ് കിണർ ഇപ്പോഴും ഉണ്ടു. അത് ആശ്വസിപ്പാൻ നല്ല സ്ഥലം. ശാപാനുഗ്രഹമലകളെ അടുക്കെ കാണുന്നു.

അവിടെ യേശു ഉച്ചെക്ക് എത്തി തളൎച്ചനിമിത്തം "വെറുതെ" ഇരുന്നു. ശിഷ്യരെ ഭോജ്യം വാങ്ങുവാൻ അയച്ചശേഷം ഒരു ശമൎയ്യസ്ത്രീ വെള്ളം കോരുവാൻ വന്നു, യേശുവും ആത്മനിയോഗത്താൽ സംസാരിച്ചു തുടങ്ങി. ശമൎയ്യരോടും സ്ത്രീകളോടും വിശേഷാൽ പാപികളോടും ബുദ്ധിമാൻ പറകൊല്ലാ എന്ന റബ്ബിമാരുടെ കല്പനകൾ മൂന്നിനെയും നിരസിച്ചു താഴ്മയായി വെള്ളത്തിന്നു ചോദിച്ചപ്പോൾ അവൾ വിസ്മയിച്ചു. അവൻ നല്ല ഉറവായ വെള്ളം തരാം എന്നു പറഞ്ഞപ്പോൾ അധികം വിസ്മയിച്ചു. പിന്നെ അവൾ കിണററിലേ വെള്ളം ചൊല്ലി പ്രശംസിച്ചാറെ യേശു എന്നും ദാഹത്തെ തീൎപ്പാൻ തന്റെ ജലം നല്ലത് എന്നു പുകഴ്ത്തി. ഇതു നിത്യജീവനോളം ഉറവായി ഒഴുകുന്ന സദാത്മാവെന്നു (൭, ൩൮) അവൾക്കു നന്നായി ബോധിച്ചില്ല, ആശ ജനിച്ചു താനും ആകയാൽ മൎയ്യാദപ്രകാരം ഭൎത്താവും കൂടി വന്നു കേൾക്കേണം എന്നു ചോദിച്ചപ്പോൾ അവൾ ചെയ്ത ദുഷ്ക്രിയകളെ എല്ലാം ഒരു വചനത്താൽ സൂചിപ്പിച്ചു പറവാൻ സംഗതി വന്നു*. ഇവൻ പ്രവാചകൻ എന്നു കണ്ടാറെ അവൾ നാട്ടുകാൎക്കു യഹൂദരോടുള്ള വ്യവഹാരസാരം ചോദിച്ചു (ഗരിജീം മലമേലുള്ള ആലയത്തെ മക്കാബ്യനായ ഹുൎക്കാൻ ക്രി. മു. ൧൨൯ തകൎത്തതിന്റെ ശേഷവും ഇന്നേവരെയും ശമൎയ്യർ ആ മലമുകളിൽ ചെന്നു പ്രാൎത്ഥിക്കും). അതിന്നായി യേശു യഹൂദാഗോത്രത്തിൽ വാഗ്ദത്തം ഉണ്ടാകയാൽ ശമൎയ്യൎക്കു കുറവ് അധികം ഉണ്ടെന്നും അവർ പ്രവാചകന്മാരെ തള്ളുകയാൽ മോശയേയും സത്യദൈവത്തേയും തിരിച്ചറിയുന്നില്ല എന്നും കാട്ടിയതല്ലാതെ, മൊറിയയും നിത്യപ്രമാണമല്ല സത്യആരാധനക്കാർ ആത്മാവും സത്യവും ആകുന്ന മലയും ആലയവും കയറി പുക്കു പിതാവെ സേവിക്കേണം എന്ന് ഒരു പുതുമതത്തെ അറിയിച്ചു. അതിനാൽ അവൾ ഭ്രമിച്ചു തന്റെ മശീഹകാംക്ഷയെ കാണിച്ചു. മശീഹ യഹൂദരുടെ ആശപോലെ രാജാവല്ല രഹസ്യങ്ങളെ അറിയിച്ചു (൫ മോ. ൧൮, ൧൮) ജനത്തെ തിരിപ്പിക്കുന്ന ഹത്തഹെബ് (മടക്കിവരുത്തുന്നവൻ) എന്ന യോസെഫ്വംശ്യൻ ആകും എന്നത്രെ ശമൎയ്യപക്ഷം. എന്നാറെ യേശു ശങ്ക കൂടാതെ ഞാൻ ആകുന്നു എന്ന് അവളോടറിയിച്ചു. അവൾ ഭ്രമിച്ചു പാത്രവും വിട്ടു ഗ്രാമത്തിലേക്ക് ഓടുമ്പോൾ ശിഷ്യന്മാർ വന്നു ഗുരുവിന്നു ദേവേഷ്ടം ചെയ്കയാൽ വന്ന തൃപ്തിയെ അറിയാതെ ഭക്ഷിപ്പാൻ വിളിച്ചു.

എന്നാറെ യേശു കുടിയും പിന്നെ തീനും മറന്നു വിട്ടു പറഞ്ഞു: കൊയ്ത്തിന്നു ൪ മാസം ഉണ്ട് എന്നു ചൊല്ലുന്നുവല്ലോ (കനാനിലേ കൊയ്ത്തു പെസഹമുതൽ പെന്തക്കോസ്തയോളം ഉണ്ടു); അങ്ങിനെ അല്ല, പട്ടണത്തുനിന്നു വരുന്ന ഈ ശമൎയ്യർ തന്നെ ഒർ ആദ്യഫലമായി ഇന്നു വിളയുമാറാകുന്നു എന്നു വാഞ്ഛയോടും സ്തുതിയോടും പറഞ്ഞു. പിന്നെ ലോകപ്രകാരം വിതെക്കുന്നവനല്ല മൂരുന്നവനേ സന്തോഷിപ്പു; ദേവരാജ്യത്തിലോ വിതെക്കുന്നവരും മൂരുന്നവരും ഒരുമിച്ചു സന്തോഷിക്കും. ശമൎയ്യയിൽ പണ്ടു മോശധൎമ്മത്തെ അറി

* ഈ വാക്കു പക്ഷെ ശമൎയ്യരുടെ മതാവസ്ഥയേയും ഉദ്ദേശിച്ചു പറഞ്ഞതു. അവർ ൫ കലങ്ങളിൽ ഉത്ഭവിച്ചു ൫ വക ദേവകളെ പൂജിച്ചതിന്റെ ശേഷം (൨ രാജ. ൧൭, ൨൪) യഹോവയേയും സേവിപ്പാൻ തുടങ്ങി. അതുവും ഇസ്രയേലിൽ ആയപ്രകാരം സത്യവിവാഹത്താൽ നടന്നത് അല്ലല്ലോ.

യിച്ചവരേയും പിന്നെ അവരുടെ നാട്ടിൽ യോഹനാൻ സ്നാനം കഴിച്ചതിനേയും യേശു ഓൎത്തു, ഇപ്പോൾ താനും വേഗത്തിൽ ശിഷ്യന്മാരും (അപോ. ൮, ൧൪) കൊയ്യാനുള്ളതിനെ ആത്മാവിൽ ദൎശിച്ചു, ആ കൂട്ടരും ഇവരും പരത്തിൽ ഒന്നിച്ചു ആനന്ദിക്കുന്നതു മുന്നമേ അറിഞ്ഞു വാഴ്ത്തുകയും ചെയ്തു.

അനന്തരം ആ ശമൎയ്യർ വന്നു യേശുവെ സംശയിക്കാതെ കൈക്കൊണ്ടു അത്ഭുതങ്ങളെ കാണാതെ ൨ ദിവസം വചനം കേട്ടതിനാൽ തന്നെ ഇവൻ സൎവ്വലോകത്തിൻ രക്ഷിതാവ് എന്നു വിശ്വസിച്ചു. ഹീനജാതിയുടെ വിശ്വാസത്താൽ ശിഷ്യന്മാൎക്ക് ഒരു പുതിയ പാഠം ലഭിച്ചതിന്റെ ശേഷം യേശു ഗ്രാമത്തെ വിട്ടു പിതാവ് കല്പിച്ചപ്രകാരം ശമൎയ്യയിലേ വേലയെ താമസിപ്പിച്ചു (മത്ത. ൧൰, ൫; അപോ. ൧, ൮) ഗലീലെക്കു ബദ്ധപ്പെട്ടു ചെല്ലുകയും ചെയ്തു.

CHAPTER II.

The Year of Galilean Ministry, with Three Intermediate Journeys to Jerusalem.

(*January—December* 29 *A. D.*)

രണ്ടാം അദ്ധ്യായം.

ഗലീല്യപ്രവൎത്തനവൎഷവും ഇടെക്കുള്ള യരുശലേം യാത്രകൾ മൂന്നും.

(ക്രിസ്ത്വാബ്ദം ൨൯, ജനുവരി തുടങ്ങി ദിസെംബർ വരെ.)

A.

THE FIRST THREE MONTHS' LABOURS IN GALILEE.

(*January—March* 29 *A. D.*)

ഗലീല്യപ്രവൎത്തനാരംഭം.

(ക്രിസ്ത്വാബ്ദം ൨൯, ജനുവരി തുടങ്ങി മാൎച്ച് വരെ.)

§ 59.

Christ's Ministry transferred to Galilee, after John's Imprisonment.

സ്നാപകൻ തടവിലായതും യേശു ഗലീലയിൽ തന്റെ വേലയെ ആരംഭിച്ചതും.

MATT. XIV.	MARK VI.	LUKE III.	JOHN IV.
3 For Herod had laid hold on John, and bound him, and put *him* in prison for Herodias' sake, his	17 For Herod himself had sent forth and laid hold upon John, and bound him in prison for Herodias' sake, his brother Philip's wife: for he had married her.	19 But Herod the tetrarch, being reproved by him for Herodias his brother Philip's wife, and for	43 Now after two days he departed thence, and went into Galilee.

Matt. XIV.

brother Philip's wife.

4 For John said unto him, It is not lawful for thee to have her.

5 And when he would have put him to death, he feared the multitude, because they counted him as a prophet.

MATT. IV.

12 Now when Jesus had heard that John was cast into prison, he departed into Galilee;

Mark VI.

18 For John had said unto Herod, It is not lawful for thee to have thy brother's wife.

19 Therefore Herodias had a quarrel against him, and would have killed him; but she could not:

20 For Herod feared John, knowing that he was a just man and an holy, and observed him; and when he heard him, he did many things, and heard him gladly.

MARK I.

14 Now after that John was put in prison, Jesus came into Galilee, preaching the gospel of the kingdom of God,

15 And saying, The time is fulfilled, and the kingdom of God is at hand: repent ye, and believe the gospel.

Luke III.

all the evils which Herod had done,

20 Added yet this above all, that he shut up John in prison.

LUKE IV.

14 And Jesus returned in the power of the Spirit into Galilee: and there went out a fame of him through all the region round about.

15 And he taught in their synagogues, being glorified of all.

John IV.

44 For Jesus himself testified, that a prophet hath no honour in his own country.

45 Then when he was come into Galilee, the Galilæans received him, having seen all the things that he did at Jerusalem at the feast: for they also went unto the feast.

ആ കാലത്തു ഹെരോദാ അന്തിപാ (§ ൫൮) തന്റെ ചാപല്യത്താൽ ഒരു പ്രവാചകനെ കാണ്മാൻ ആഗ്രഹിച്ചപ്പോൾ പക്ഷെ ഒരിക്കൽ തിബെൎയ്യാരാജധാനിയെ വിട്ടു പരായ്യയിലുള്ള യൂലിയാവിൽ വന്ന നേരത്തു അടുക്കെ ഉള്ള സ്നാപകനെ വരുത്തി സംസാരിച്ചു, യോഹനാനും വല്ല പുതുമകളെ അല്ല ഇടപ്രഭുവിന്റെ വ്യഭിചാരദോഷം (ഭാഗം. ൧൪; മാ. ൬, ൧൭) മുതലായ പ്രസിദ്ധദുഷ്കൎമ്മങ്ങളെ (ലൂക്ക. ൩, ൧൯) ആക്ഷേപിച്ചു പറഞ്ഞു. ഉടനെ രാജാവ് ക്രുദ്ധിച്ചു ഇതു മത്സരം എന്നു നിരൂപിച്ചു, ഇവൻ പ്രജകളെ എന്റെ നേരെ ഇളക്കുവാൻ മതി എന്നു നടിച്ചു അവനെ അടുക്കെ മകൈർ എന്ന പാറക്കോട്ടയിൽ തടവിൽ ആക്കിച്ചു. അതിനാൽ യരുശലേമിലേ പ്രധാനികളും ഉള്ളിൽ സന്തോഷിച്ചു എന്ന് ഊഹിക്കാം. യേശുവോ അഗ്രേസരന്റെ വേലെക്കു സമാപ്തി വന്ന പ്രകാരം കേട്ടിട്ടു താമസിയാതെ അനുതാപപ്രസംഗാദിപ്രവൃത്തനം ഗലീലയിൽ ആരംഭിപ്പതിന്നു സമയമായി എന്നു ഗ്രഹിച്ചു (മത്താ. മാൎക്ക.) ഉടനെ അതിന്നായി പുറപ്പെട്ടു ചില പള്ളികളിൽ ഉപദേശിച്ചു തുടങ്ങി. ഗലീലക്കാർ യരുശലേമിൽ കണ്ടതും മററും ഓൎത്തു അവനെ സന്തോഷത്തോടെ കൈക്കൊള്ളുകയും ചെയ്തു. ശിഷ്യന്മാരോ അന്നു താന്താങ്ങടെ വീടുകളിൽ പോയി എന്നു തോന്നുന്നു (§ ൬൩).

പ്രവാചകന്നു പിതൃദേശത്തിൽ മാനം ഏറെയില്ല എന്ന് അറിഞ്ഞതു കൊണ്ടത്രെ യേശു ഗലീലെക്കു ചെന്നു എന്നതു (യോ. ൪, ൪൪—൪൫) എത്രയോ വിപരീതമായി തോന്നുന്നുണ്ടു. യേശുവിന്റെ പിതൃദേശം ഗലീല അല്ലാതെ മററൊന്നും അല്ലല്ലോ. എന്നിട്ടും പ്രവാചകന്നു പിതൃദേശത്തിൽ മാനം ഏറെ കിട്ടാൻ ഇല്ല എന്ന ന്യായത്തെ അറിഞ്ഞ സംഗതിയാലെ യേശു ഗലീലയിൽ വന്നു കുടിയേറി എന്നു ചൊല്പത് എങ്ങിനെ. വിഷമമായ ഒരു വാക്കിന്റെ താല്പൎയ്യം ആവിതു: അയല്പക്കത്ത് ജനിച്ചും വളൎന്നുംകൊണ്ടവരുടെ ഹീനത ഒക്കയും നമുക്കു ആവോളം ബോധിക്കകൊണ്ടും മുഖപരിചയം ഇല്ലാത്ത പരദേശികളുടെ ഊനക്കുറവുകൾ ക്ഷണത്തിൽ ബോധിക്കായ്കകൊണ്ടും മാനയോഗ്യനായ അയല്ക്കാരനിലും അധികം ഗുണാഗുണങ്ങൾ ഒന്നും തിരിയാത്ത അന്യനെ ബഹുമാനിക്കുന്നതു ലോകപതിവായ ഒർ

അവസ്ഥ തന്നെ. ഇതിന്നൊത്തവണ്ണം പ്രവാചകന്നു സ്വദേശത്തിൽ മാനം ഏറെയില്ല എന്ന് അറിഞ്ഞിട്ടു തന്നെ യേശു സ്വദേശമാം ഗലീലയിൽ മശീഹവേലയെ തുടങ്ങാതെ ആദ്യം ഒരു പത്തു മാസത്തോളം അന്യദേശമായ യഹൂദയിൽ പാൎത്തിരുന്നു (യോ. ൨, ൧൩—൪, ൪൩). ഇവ്വണ്ണം അന്യ നാട്ടിൽ കീൎത്തിമാനങ്ങളെ ഏതാനും സമ്പാദിച്ച ശേഷമത്രെ സ്വദേശമാം ഗലീലെക്കു വന്നുള്ളു. ആ പരവാസത്തിൻ ഫലങ്ങൾ ഗലീലയിൽ വ്യൎത്ഥമായി പോയതുമില്ല (൪൫). ഇതിനെ പറവാൻ യോഹനാന്നു തക്ക ഒരു കാരണം ഉണ്ടായല്ലോ. എങ്ങിനെ എന്നാൽ സ്നാനപരീക്ഷാദികൾ സംഭവിച്ച ഉടനെ യേശു ഗലീലയിൽ തന്റെ പ്രവൃത്തിയെ ആരംഭിച്ചു എന്നു തോന്നുമാറു മത്ത. മാൎക്ക. ലൂക്ക. എന്ന മൂവർ കൎത്തൃചരിത്രത്തെ രചിച്ചിരുന്നു (മത്ത. ൪, ൧൨—൧൭; മാൎക്ക. ൧, ൧൪—൧൫; ലൂക്ക. ൪, ൧൪—൧൫). ആ നിരൂപണം തെററത്രെ എന്നും, ഗലീലയിൽ അല്ല യഹൂദയിൽ തന്നെ യേശു മശീഹവേലെക്കു അടിസ്ഥാനം ഇട്ടു എന്നും, അതിന്റെ സൂക്ഷ്മമായ ഹേതു ഇന്നതെന്നും യോഹനാൻ തെളിയിക്കേണ്ടി വന്നു. ഇതത്രെ ൪, ൪൩—൪൫ന്റെ ഭാവം.

---

§ 60.

THE NOBLEMAN'S SON HEALED.

രാജഭൃത്യന്റെ പുത്രനെ സൌഖ്യം വരുത്തിയതു.

JOHN IV.

46 So Jesus came again into Cana of Galilee, where he made the water wine. And there was a certain nobleman, whose son was sick at Capernaum.

47 When he heard that Jesus was come out of Judæa into Galilee, he went unto him, and besought him that he would come down, and heal his son: for he was at the point of death.

48 Then said Jesus unto him, Except ye see signs and wonders, ye will not believe.

49 The nobleman saith unto him, Sir, come down ere my child die.

50 Jesus saith unto him, Go thy way; thy son liveth. And the man believed the word that Jesus had spoken unto him, and he went his way.

51 And as he was now going down, his servants met him, and told *him*, saying, Thy son liveth.

52 Then inquired he of them the hour when he began to amend. And they said unto him, Yesterday at the seventh hour the fever left him.

53 So the father knew that *it was* at the same hour, in the which Jesus said unto him, Thy son liveth: and himself believed, and his whole house.

54 This *is* again the second miracle *that* Jesus did, when he was come out of Judæa into Galilee.

യേശു ഗലീലയിൽ എത്തി സഞ്ചരിച്ചതിന്നിടെ കാനാവിൽ അല്പം പാൎത്തപ്പോൾ കഫൎന്നഹൂമിൽ ഹെരോദാവിന്റെ ഒരു കാൎയ്യസ്ഥൻ പുത്രന്റെ മഹാരോഗം നിമിത്തം ബദ്ധപ്പെട്ടു വന്നു യേശുവെ വിളിച്ചു. മഹാജനങ്ങൾക്കല്ല ദൈവത്തിന്നു സേവകനാകയാൽ യേശു അനങ്ങാതെ പാൎത്തു വിശ്വാസക്കുറവിനെ ആക്ഷേപിച്ചു. താൻ ഒട്ടു നേരം മുമ്പെ കണ്ടിരുന്ന ശമൎയ്യരുടെ നിജവിശ്വാസം (§ ൫൯) ഈ ഗലീല്യവിശ്വാസത്തരത്തിൽ എത്ര വിശിഷ്ടം എന്നു അന്നു ഓൎത്തു ദുഃഖിപ്പാൻ സംഗതി വന്നു. ശമൎയ്യർ അതിശയം ഒന്നും ചോദിക്കയോ ദൎശിക്കയോ ചെയ്യാതെ കണ്ടു വെറും വചനത്തിൻ ഗൌരവവും മഹത്വവും നിമിത്തം ക്രിസ്തനെ മാനിച്ച് അംഗീകരിച്ചിരിക്കേ ഗലീലക്കാരായ ഇവർ അത്ഭുതങ്ങളെ കണ്ടെടത്തോളമേ വിശ്വസിച്ചുള്ളു. എന്നാൽ

അച്ഛൻ ശാസനയാൽ മുഷിയാതെ ചാവാറായ കുഞ്ഞനെ മാത്രം ഓൎത്തു യേശുവിൽ തേറി അധികം കെഞ്ചി യാചിച്ചാറെ, പോക പുത്രൻ ജീവിക്കുന്നു എന്നരുളിച്ചെയ്തു. അച്ശൻ കാണാതെ വിശ്വസിച്ചു മടങ്ങി പോയപ്പോൾ പിറേറ നാൾ രാവിലെ പണിക്കാർ എതിരേററു മകന്റെ ജ്വരം നീങ്ങിയ നേരത്തെ അറിയിച്ചതിനാൽ അവൻ സകല കുഡുംബത്തോടും കൂടെ യേശുവിൽ വിശ്വസിച്ചു (അതു കൂജാ എന്നവനോ? ലൂക്ക. ൮, ൩). മുമ്പെ കാനാവിൽ ചെയ്തതു പോലെ യഹൂദയിൽനിന്നു മടങ്ങി വന്ന നാളിൽ തന്നെ ഈ അതിശയവും സംഭവിച്ചു (യോ. ൪, ൫൪).

---

§ 61.

Jesus rejected at Nazareth.

യേശു നചറത്തിൽ വന്നു തള്ളപ്പെട്ടതു.

LUKE IV.

16 And he came to Nazareth, where he had been brought up: and, as his custom was, he went into the synagogue on the sabbath day, and stood up for to read.
17 And there was delivered unto him the book of the prophet Esaias. And when he had opened the book, he found the place where it was written,
18 The Spirit of the Lord *is* upon me, because he hath anointed me to preach the gospel to the poor; he hath sent me to heal the brokenhearted, to preach deliverance to the captives, and recovering of sight to the blind, to set at liberty them that are bruised,
19 To preach the acceptable year of the Lord.
20 And he closed the book, and he gave *it* again to the minister, and sat down. And the eyes of all them that were in the synagogue were fastened on him.
21 And he began to say unto them, This day is this scripture fulfilled in your ears.
22 And all bare him witness, and wondered at the gracious words which proceeded out of his mouth. And they said, Is not this Joseph's son?
23 And he said unto them, Ye will surely say unto me this proverb, Physician, heal thyself: whatsoever we have heard done in Capernaum, do also here in thy country.
24 And he said, Verily I say unto you, No prophet is accepted in his own country.
25 But I tell you of a truth, many widows were in Israel in the days of Elias, when the heaven was shut up three years and six months when great famine was throughout all the land;
26 But unto none of them was Elias sent, save unto Sarepta, *a city* of Sidon, unto a woman *that was* a widow.
27 And many lepers were in Israel in the time of Eliseus the prophet; and none of them was cleansed, saving Naaman the Syrian.
28 And all they in the synagogue, when they heard these things, were filled with wrath,
29 And rose up, and thrust him out of the city, and led him unto the brow of the hill whereon their city was built, that they might cast him down headlong.
30 But he passing through the midst of them went his way.

ഇപ്രകാരം ഉപദേശിച്ചും അതിശയം പ്രവൃത്തിച്ചും കൊണ്ടു യേശു തന്റെ കീൎത്തിയെ പരത്തിയ ശേഷം (൪, ൧൫) നചറത്തിൽ പ്രവേശിച്ചു ശനിയാഴ്ചയിൽ മൎയ്യാദപ്രകാരം പള്ളിയിൽ വന്നാറെ, കേൾ്ക്കയിൽ ആഗ്രഹം ഉള്ളവർ അവനെ കൊണ്ടു വായിപ്പിച്ചു. ശബ്ബത്തുതോറും വായിക്കുന്നതു തൌറത്തിന്റെ ൫൪ പാരായണഖണ്ഡങ്ങളിൽ ("പറശ") ഓരോന്നും പ്രവാചകരിൽ ഒർ അദ്ധ്യായവും തന്നെ; വായിച്ചതിന്റെ ശേഷം മനസ്സുള്ളവന്നു ചിലതു വ്യാഖ്യാനിച്ചും പ്രബോധിപ്പിച്ചും പറയാം. യേശു എഴനീററപ്പോൾ (യശ. ൬൧, ൧*f*) ദേവദാസന്റെ ആത്മാഭിഷേകവും പ്രവൃത്തിവിവരവും വൎണ്ണിക്കുന്ന പ്രവാചകങ്ങളെ വായിച്ചു. ഉടനെ അവൻ ഈ ദേവവചനം ഇന്നു നിവൃത്തിയായി എന്നു ചൊല്ലി ഹീനരും ദീനരും കുരുടരും ബദ്ധരും ആകുന്ന ഊക്കാരെ ഉററു നോക്കി കനിവുള്ള വാക്കുകളെകൊണ്ടു സ്വരാജ്യത്തിന്നായി

ക്ഷണിച്ചു. അവരുടെ മനസ്സ് അല്പം ഇളകിയ ശേഷം അവൻ യോസെഫിന്റെ മകൻ അല്ലയോ എന്നു ചൊല്ലി, കേട്ട വാക്കുകളുടെ മാഹാത്മ്യത്തെ അറിയാതെ അവങ്കൽ ഇടറി പോയി. അപ്പോൾ യേശു "വൈദ്യ നിനക്കു തന്നെ ചികിത്സിക്ക" എന്ന പഴഞ്ചൊല്ലെ ഓൎപ്പിച്ചു, ഊൎക്കാരുടെ അവിശ്വാസം നിമിത്തം ഇവിടെ വലിയ അതിശയങ്ങളെ ചെയ്തു തനിക്കു മാനം വരുത്തുവാൻ പാടില്ല എന്നറിയിച്ചു, എലീയാ എലീശാ എന്നവരുടെ കാലത്തിൽ ആയ പ്രകാരം ഇപ്പോഴും ദൂരസ്ഥന്മാരിൽ ദേവരക്ഷ അധികം വിളങ്ങുവാൻ സംഗതി ഉണ്ട് എന്നു കാണിച്ചാറെ, തങ്ങളെ പുറജാതിക്കാരോട് ഉപമിക്കാമോ എന്നു ചൊടിച്ചു കലഹിച്ചു പള്ളിയിൽനിന്നും ഊരിൽനിന്നും ഉന്തിത്തള്ളി കടുന്തൂക്കമുള്ള കുന്നിൽനിന്നു ചാടി കൊല്ലുവാനും നിനെച്ചു. അവനോ അവരിൽ കൂടി കടന്നു (യോ. ൪, ൫൪). ഈ ഓർ അതിശയം കാട്ടിയ ശേഷം വളൎന്ന ഊരേയും കീഴ്ഗലീലയേയും വിട്ടു വടക്കു കാനാ കഫൎന്നഹൂം മുതലായവ ഉള്ളമേൽഗലീലയിൽ (നപ്തലിയിൽ, യോശു. ൨൦, ൭) പോകയും ചെയ്തു.

പിന്നത്തേതിൽ യേശു രണ്ടാമതും നചറത്തിൽ വന്നു തള്ളപ്പെട്ടതിനെ കുറിച്ചു §൭൨ ഒത്തു നോക്ക.

---

§ 62.

JESUS FIXES HIS ABODE AT CAPERNAUM.

കഫൎന്നഹൂമിലേ വാസം.

MATT. IV.	LUKE IV.
13 And leaving Nazareth, he came and dwelt in Capernaum, which is upon the sea coast, in the borders of Zabulon and Nephthalim: 14 That it might be fulfilled which was spoken by Esaias the prophet, saying, 15 The land of Zabulon, and the land of Nephthalim, *by* the way of the sea, beyond Jordan, Galilee of the Gentiles; 16 The people which sat in darkness saw great light; and to them which sat in the region and shadow of death light is sprung up. 17 From that time Jesus began to preach, and to say, Repent: for the kingdom of heaven is at hand.	31 And came down to Capernaum, a city of Galilee.

അനന്തരം യേശു (നഹൂമിൻഊർ, "ആശ്വാസഗ്രാമം" എന്ന) കഫൎന്നഹൂമെ തന്റെ ഊരാക്കി (മത്ത. ൪, ൧൩). താൻ കൂലിക്ക് വീടു വാങ്ങിയോ (മത്ത. ൧൭, ൨൪) കേഫാവോടു കൂടെ പാൎത്തുവോ (മത്ത. ൮, ൧൪) എന്നു നിശ്ചയിപ്പാൻ പാടില്ല. ദമഷ്കിൽനിന്നു സമുദ്രത്തോളം നടക്കുന്ന നിരത്തും ജാതികൾ പാൎക്കുന്ന ഗലീലയും യഹൂദൎക്ക് എത്രയും ഹീനമായി തോന്നുന്ന ഭൂമി ആയിട്ടും (യശ. ൯, ൧f.) ഇരുട്ടിൽ പാൎക്കുന്ന ആ ദേശസ്ഥന്മാൎക്കു തന്നെ ജീവന്റെ വെളിച്ചം വിശേഷാൽ ഉദിക്കേണ്ടതു (മത്ത.). സ്വൎഗ്ഗരാജ്യം സമീപിച്ചു, മാനസാന്തരവും സുവിശേഷത്തിലേ വിശ്വാസവും ഇപ്പോൾ വേണം എന്നു യേശു അവിടെ ഘോഷിച്ചു പറഞ്ഞു തുടങ്ങി.

---

§ 63.

The calling of Four Disciples. Peter's Draught of Fishes.

നാലു ശിഷ്യരെ വിളിച്ചതു. ശിമോന്റെ മീൻപിടി.

MATT. IV.

18 And Jesus walking by the sea of Galilee, saw two brethren, Simon called Peter, and Andrew his brother, casting a net into the sea: for they were fishers.

19 And he saith unto them, Follow me, and I will make you fishers of men.

20 And they straightway left *their* nets, and followed him.

21 And going on from thence, he saw other two brethren, James *the son* of Zebedee, and John his brother, in a ship with Zebedee their father, mending their nets; and he called them.

22 And they immediately left the ship and their father, and followed him.

MARK I.

16 Now as he walked by the sea of Galilee, he saw Simon and Andrew his brother casting a net into the sea: for they were fishers.

17 And Jesus said unto them, Come ye after me, and I will make you to become fishers of men.

18 And straightway they forsook their nets, and followed him.

19 And when he had gone a little farther thence, he saw James the *son* of Zebedee, and John his brother, who also were in the ship mending their nets.

20 And straightway he called them: and they left their father Zebedee in the ship with the hired servants, and went after him.

LUKE V.

1 And it came to pass, that, as the people pressed upon him to hear the word of God, he stood by the lake of Gennesaret,

2 And saw two ships standing by the lake: but the fishermen were gone out of them, and were washing *their* nets.

3 And he entered into one of the ships, which was Simon's and prayed him that he would thrust out a little from the land, and he sat down, and taught the people out of the ship.

4 Now when he had left speaking, he said unto Simon, Launch out into the deep, and let down your nets for a draught.

5 And Simon answering said unto him, Master, we have toiled all the night, and have taken nothing: nevertheless at thy word I will let down the net.

6 And when they had this done, they inclosed a great multitude of fishes: and their net brake.

7 And they beckoned unto *their* partners, which were in the other ship, that they should come and help them. And they came, and filled both the ships, so that they began to sink.

8 When Simon Peter saw *it*, he fell down at Jesus' knees, saying, Depart from me; for I am a sinful man, O Lord.

9 For he was astonished, and all that were with him, at the draught of the fishes which they had taken:

10 And so *was* also James, and John, the sons of Zebedee, which were partners with Simon. And Jesus said unto Simon, Fear not; from henceforth thou shalt catch men.

11 And when they had brought their ships to land, they forsook all, and followed him.

കഫൎന്നഹൂമിലേ വാസാരംഭത്തിൽ യേശു ഒരു ദിവസം ഗലീലക്കടല്പുറത്തു നടന്നുകൊണ്ടിരിക്കുമ്പോൾ ദേവവചനം കേൾ്ക്കേണ്ടതിന്നു കൂടിയവരുടെ തിരക്കിൻ നിമിത്തം (ലൂക്ക.) ഒരു പടകിൽ കയറേണ്ടി വന്നു. അത് ആരുടെത് എന്നാൽ കൂട്ടരുമായി കരെക്ക് ഇറങ്ങി വലകളെ കഴുകിയ ശീമോൻ എന്ന മീൻപിടിക്കാരന്റേതു തന്നെ. ആയവന്നും സഹോദരനായ അന്ത്രേയാവിന്നും ചങ്ങാതികളായ മറെറ മൂവൎക്കും ഏകദേശം പത്തു മാസത്തിന്നു മുമ്പെ ഗുരുവിനോടു മുഖപരിചയം ഉണ്ടായി വന്നതും ശീമോന്ന് പേത്രൻ എന്ന മാനപ്പേർ കിട്ടിയതും മുമ്പിൽ പറഞ്ഞുവല്ലോ (§൫൩). അന്നു മുതൽ പേത്രനും ആദ്യശിഷ്യരുടെ കൂട്ടത്തിൽ യേശുവെ അനുഗമിച്ചു, കാനാവിലേ കല്യാണത്തിലും (§൫൪) ദേവാലയശുദ്ധീകരണത്തിലും (§൫൫) മററും കൎത്തൃമഹത്വത്തെ കണ്ടു, യഹൂദനാട്ടിലും പാൎത്തു സ്നാനം കഴിക്കയും (§൫൬) ഒടുക്കം ശമൎയ്യയാത്രയിലും (§൫൭) അവനോട് ഒന്നിച്ച് ഇരിക്കയും ചെയ്തു എന്ന് ഊഹിക്കാം. ഗലീലെക്കു മടങ്ങി വന്ന ശേഷമോ ശിഷ്യർ വേൎപിരിഞ്ഞു താന്താങ്ങടെ വീട്ടുകാൎയ്യം നോക്കി തുടങ്ങി എന്നു തോന്നുന്നു. എന്നാൽ ക്ഷണികമായ

ഒരു പരിചയത്തിന്ന് അല്ല നിത്യ കൂട്ടായ്മെക്കും സ്ഥിരമായ ശിഷ്യത്വത്തിന്നും താൻ അവരെ വിളിച്ചിരുന്നു എന്നു ബോധിപ്പിപ്പാനും തിരികെ ചേൎത്തു കൊള്വാനും യേശു അവസരം കരുതി പാൎത്തു കൊണ്ടിരിക്കേ പേത്രന്റെ മുഖവികാരത്തിൽ അന്നു ഏതാനും അപൂൎവ്വമായൊരു വിഷാദത്തേയും രാക്കാലത്തേ മീൻപിടിയിൽ അദ്ധ്വാനിച്ചത് എല്ലാം പാഴതിലായി പോയതിനേയും കണ്ടറിഞ്ഞു, തന്റെ ഇഷ്ടം ഇന്നതെന്നു അരുൾചെയ്വാൻ ഇതേ നല്ല തഞ്ചം എന്നു ഗ്രഹിക്കയും ചെയ്തു. ആകയാൽ യേശു ശീമോന്റെ പടകിൽ കയറി കരയിൽനിന്നു അല്പം നീക്കിച്ചു ഉപദേശിച്ചു പോന്ന ശേഷം ആഴത്തിലേക്കു തുഴന്നു പിടിത്തത്തിന്നു വലകളെ വീശുവാൻ കല്പിച്ചിട്ടു, സ്വന്ത അദ്ധ്വാനം എല്ലാം വ്യൎത്ഥമേ എന്നും കൎത്തൃനാമത്തിലും കൎത്തൃവചനത്തിന്മേലും നടക്കുന്ന വേല എത്ര ഭാഗ്യവും സഫലവുമുള്ളതെന്നും ബോധിപ്പിച്ചു, പുതു വിശ്വാസത്തെ പേത്രനിൽ ജനിപ്പിക്കയും വല കീറുമാറു മീൻ കുടുക്കി അവന്റേതും ജബദിപുത്രരുടെ പടകും പിടിപ്പോളം നിറപ്പിച്ചു കൊടുക്കയും ചെയ്തു. ഇങ്ങിനെ ദേവമഹത്വം കണ്ടതിനാൽ ശീമോൻ ഭ്രമിച്ചു അയോഗ്യതയെ വിചാരിച്ചു, അയ്യോ എന്നെ വിട്ടു പോക: ഞാൻ പാപപുരുഷൻ എന്നു പറഞ്ഞു. കൎത്താവോ നീ ഭയപ്പെടരുതേ, ഇനി മേൽ ആൾപ്പിടിക്കാരനാകും എന്നും എന്റെ പിന്നാലെ വരുവിൻ എന്നു നാല്വരോടും പറഞ്ഞു. അവരും അന്നു തന്നെ തൊഴിൽ ഉപേക്ഷിച്ചു ജബദിയേയും കൂലിക്കാരേയും വിട്ടു യേശുവെ അനുഗമിക്കയും ചെയ്തു. കുഡുംബരക്ഷെക്കായി ചിന്തിപ്പാൻ ദയാലുവും ഔദാൎയ്യനുമായ ഈ നാഥൻ തന്നെ ആൾ ആകുന്നു എന്ന ഉറപ്പു വരുത്തുവാൻ മീനുകളൂടെ ആ കാഴ്ച അവൎക്കു മതിയായല്ലോ.

---

§ 64.

CHRIST'S SABBATH-MINISTRY IN THE SYNAGOGUE AT CAPERNAUM.

യേശു കഫൎന്നഹൂമിലേ പള്ളിയിൽ ഉപദേശിച്ചതു.

MARK I.

21 And they went into Capernaum; and straightway on the sabbath day he entered into the synagogue, and taught.

22 And they were astonished at his doctrine: for he taught them as one that had authority, and not as the scribes.

LUKE IV.

31 And came down to Capernaum, a city of Galilee, and taught them on the sabbath days.

32 And they were astonished at his doctrine: for his word was with power.

ഇപ്രകാരം പുതുതായി ചേൎത്ത ശിഷ്യരോട് ഒന്നിച്ചു യേശു ഒന്നാം ശബ്ബത്തിൽ (മാൎക്ക.) കഫൎന്നഹൂംപള്ളിക്കു ചെന്നു ഉപദേശിച്ചു, അവന്റെ അധികാരഭാഷണം നിമിത്തം ജനങ്ങൾ സ്തംഭിച്ചുപോകയും ചെയ്തു. എന്നാൽ ൟ പള്ളിപ്രസംഗത്തേയും പ്രസംഗഫലത്തേയും മാൎക്ക. ലൂക്ക. എന്നിരുവർ വൎണ്ണിച്ചതു ഒരിക്കൽ ഉണ്ടായ ഒർ അവസ്ഥയായി അല്ല, ഇടവിടാതെ ശനിയാഴ്ചതോറും ആ പള്ളിയിൽ നടന്നു കൊണ്ടിരുന്ന വേലയായിട്ട് എന്നത്രെ. ഇരുവരും മൂലഭാഷയിൽ പ്രയോഗിച്ച ക്രിയാപദങ്ങളുടെ സൂക്ഷ്മരൂപവും "ശബ്ബത്തുകൾ" എന്ന ബഹുവചനവും (ലൂക്ക.) അതിനെ തെളിയിക്കുന്നു.

പിന്നെ ൟ പള്ളിപ്രവൎത്തനം ഒന്നാം ശബ്ബത്തിൽ ആരംഭിച്ചു എന്നതു സ്പ ഷ്ടം എങ്കിലും ഇതേ സംബന്ധത്തിൽ വൎണ്ണിച്ച ഭൂതോപദ്രവശാന്തിയും (മാൎക്ക. ൧, ൨൩; ലൂക്ക. ൪, ൩൩) ആ ഒന്നാം ശബ്ബത്തിൽ തന്നെ നടന്നു എന്നു അവർ ഒട്ടും പറയാതെ, അതു സംഭവിച്ചതു ഇങ്ങിനെത്ത ഒരു ശബ്ബത്തിൽ എ ന്നും കഫൎന്നഹൂംപള്ളിയിൽവെച്ച് എന്നും അത്രെ ചൊല്ലുന്നതു. ആകയാൽ നാനാവിധമായ ബാധാരോഗശാന്തികൾ നടന്ന ൟ ശബ്ബത്ത് (മാൎക്ക. ൧, ൨൩—൩൯) അന്നു തന്നെ അല്ല പൎവ്വതപ്രസംഗത്തിൽ പിന്നേ ഉണ്ടായുള്ളു എന്നു മത്തായി സുവിശേഷത്തിലും (§ ൮൪. ൮൫) കാണുന്ന കഥാക്രമത്തെ പ്ര മാണിപ്പാൻ സംഗതി ഉണ്ടു. ഇങ്ങിനെ നിരൂപിപ്പാൻ മറെറാരു കാരണവും കൂടെ ഉണ്ടു. അത് എന്തെന്നാൽ: യേശു കഫൎന്നഹൂമെ വാസസ്ഥലമായി തെരിഞ്ഞെടുത്തു കുടിയേറിയപ്പോൾ തൽക്ഷണം ൟ പുതിയ പാൎപ്പിടത്തെ വിട്ടു മുമ്പെ ഗലീലയിൽ എങ്ങും ഊരും നാടും കടന്നു സഞ്ചരിച്ചിട്ടേ ഒടുവിൽ കഫൎന്നഹൂമിലും മശീഹവേലയെ നടത്തുവാൻ പുറപ്പെട്ടു എന്നതു മുററും വിപരീതമായി തോന്നുന്നു. ആ നഗരത്തിൽ വന്നു കുടിയിരുന്നിട്ടു മുന്നമേ അവിടെ തന്നെ ചില കാലം പ്രവൃത്തിച്ചു പോരുകയും പിന്നേതിലേ നാട്ടിലും എങ്ങും കടന്നു ഘോഷിച്ചു തുടങ്ങുകയും ചെയ്തു എന്നേ വരൂ. എന്നാൽ പ ള്ളിയിൽ ദുൎഭ്രതത്തെ നീക്കി പേത്രന്റെ അമ്മാവിയേയും മററവരേയും സ്വ സ്ഥമാക്കിയ ആ ശബ്ബത്തിൻ പിറേറ നാൾ തന്നെ (മാൎക്ക. ൧, ൩൯; ലൂക്ക. ൪, ൪൪) യേശു പുറപ്പെട്ടു "ഗലീലയിൽ മുഴുവനും അവരുടെ പള്ളികളിൽ ഘോഷിച്ചു" എന്നു കേൾക്കുന്നു. ൟ ഘോഷണയാത്രയെ തന്നെ നോക്കീട്ടു ത ലേ ദിവസമായ ആ ശബ്ബത്ത് കഫൎന്നഹൂമിലേ വാസാരംഭത്തിൽ അല്ല പി ന്നേതിലേ ഉണ്ടായുള്ളു എന്നു നിശ്ചയിക്കാം. ശേഷം മത്തായി പറഞ്ഞതി നാലും (൮, ൧൪) അതു സ്പഷ്ടമായി തെളിയുന്നു.

---

§ 65.

A BLIND AND DUMB DEMONIAC HEALED. BLASPHEMY REBUKED.

ഭൂതോപദ്രവശാന്തിയും ദേവദൂഷണാക്ഷേപവും.

MATT. XII.

22 Then was brought unto him one possessed with a devil, blind, and dumb: and he healed him, insomuch that the blind and dumb both spake and saw.

23 And all the people were amazed, and said, Is not this the Son of David?

24 But when the Pharisees heard *it*, they said, This *fellow* doth not cast out devils, but by Beelzebub the prince of the devils.

25 And Jesus knew their thoughts, and said unto them, Every kingdom divided against itself is brought to desolation; and every city or house divided against itself shall not stand:

MARK III.

22 And the scribes which came down from Jerusalem said, He hath Beelzebub, and by the prince of the devils casteth he out devils.

23 And he called them *unto him*, and said unto them in parables, How can Satan cast out Satan?

LUKE XI.

14 And he was casting out a devil, and it was dumb. And it came to pass, when the devil was gone out, the dumb spake and the people wondered.

15 But some of them said, He casteth out devils through Beelzebub the chief of the devils.

16 And others, tempting *him*, sought of him a sign from heaven.

17 But he knowing their thoughts, said unto them, Every kingdom divided against itself

Matt. XII.

26 And if Satan cast out Satan, he is divided against himself; how shall then his kingdom stand?

27 And if I by Beelzebub cast out devils, by whom do your children cast *them* out? therefore they shall be your judges.

28 But if I cast out devils by the Spirit of God, then the kingdom of God is come to you.

29 Or else how can one enter into a strong man's house, and spoil his goods, except he first bind the strong man? and then he will spoil his house.

30 He that is not with me is against me; and he that gathereth not with me scattereth abroad.

31 Wherefore I say unto you, All manner of sin and blasphemy shall be forgiven unto men: but the blasphemy *against* the *Holy* Ghost shall not be forgiven unto men.

32 And whosoever speaketh a word against the Son of man, it shall be forgiven him: but whosoever speaketh against the Holy Ghost, it shall not be forgiven him, neither in this world, neither in the *world* to come.

33 Either make the tree good, and his fruit good; or else make the tree corrupt, and his fruit corrupt: for the tree is known by *his* fruit.

34 O generation of vipers, how can ye, being evil, speak good things? for out of the abundance of the heart the mouth speaketh.

35 A good man out of the good treasure of the heart bringeth forth good things, and an evil man out of the evil treasure bringeth forth evil things.

36 But I say unto you, That every idle word that men shall speak, they shall give account thereof in the day of judgment.

37 For by thy words thou shalt be justified, and by thy words thou shalt be condemned.

Mark III.

24 And if a kingdom be divided against itself, that kingdom cannot stand.

25 And if a house be divided against itself, that house cannot stand.

26 And if Satan rise up against himself, and be divided, he cannot stand, but hath an end.

27 No man can enter into a strong man's house, and spoil his goods, except he will first bind the strong man; and then he will spoil his house.

28 Verily I say unto you, All sins shall be forgiven unto the sons of men, and blasphemies wherewith soever they shall blaspheme:

29 But he that shall blaspheme against the Holy Ghost hath never forgiveness, but is in danger of eternal damnation:

30 Because they said, He hath an unclean spirit.

Luke XI.

is brought to desolation; and a house *divided* against a house falleth.

18 If Satan also be divided against himself, how shall his kingdom stand? because ye say that I cast out devils through Beelzebub.

19 And if I by Beelzebub cast out devils, by whom do your sons cast *them* out? therefore shall they be your judges.

20 But if I with the finger of God cast out devils, no doubt the kingdom of God is come upon you.

21 When a strong man armed keepeth his palace, his goods are in peace:

22 But when a stronger than he shall come upon him, and overcome him, he taketh from him all his armour wherein he trusted, and divideth his spoils.

23 He that is not with me is against me: and he that gathereth not with me scattereth.

24 When the unclean spirit is gone out of a man, he walketh through dry places, seeking rest; and finding none, he saith, I will return unto my house whence I came out.

25 And when he cometh, he findeth *it* swept and garnished.

26 Then goeth he, and taketh *to him* seven other spirits more wicked than himself; and they enter in, and dwell there: and the last *state* of that man is worse than the first.

സൂചകം: കഫൎന്നഹൂമിലേ വാസം സംബന്ധിച്ച വിവരങ്ങളെ മൂന്ന സുവിശേഷങ്ങളിൽ സൂക്ഷ്മമായി നോക്കിയാൽ §§ ൬൫—൭൮ൽ അടങ്ങുന്ന വൃത്താന്തങ്ങൾ ഒക്കയും ഒരു ചങ്ങലയുടെ കണ്ണികൾ എന്ന പോലെ ഒന്നോടൊന്ന ചേൎന്നിരിക്കുന്ന എന്നും, അതേപ്രകാരം §§ ൭൯—൮൬ൽ വിവരിച്ച അവസ്ഥകളും ആ ക്രമത്തിൽ തന്നെ ഒന്നോടൊന്ന തുടൎന്ന വന്ന എന്നും ബോധിപ്പാൻ സംഗതി ഉണ്ടാകും. എന്നാൽ വെവ്വേറെയുള്ള ൟ രണ്ടു വൃത്താന്തമാലകളിൽ ഒന്നാമതു ഏതു രണ്ടാമതു ഏതു എന്ന ചോദ്യത്തിന്ന ഇട ഉണ്ടു. ഗലീലസഞ്ചാരവും പൎവ്വതപ്രസംഗാദികളും അടങ്ങുന്ന കഥാമാല തന്നെ (§§ ൭൯—൮൬) ഒന്നാമതോ? അല്ല കഫൎന്നഹൂമിലേ ഉപമാവാക്യങ്ങളേയും അത്ഭുതപ്രവൃത്തികളേയും വൎണ്ണിക്കുന്ന മാലയോ (§§ ൬൫—൭൮) മുമ്പുള്ളതു? ഇതിനെ ചൊല്ലി § ൬൪ൽ വിവരിച്ച ഒരു സംഗതിയെ ഒത്തു നോക്കേണ്ടു. ശേഷം സകല സംശയങ്ങളേയും തീൎപ്പാൻ മതിയായൊരു സൂചകം സുവിശേഷത്തിൽ കാണായി വരുന്നു. അത് എന്തെന്നാൽ മത്തായുടെ വിളി തന്നെ. ശിഷ്യനായി ഗുരുവെ പിഞ്ചെല്ലേണ്ടതിന്ന യേശു ചുങ്കസ്ഥലത്തിൽനിന്ന അവനെ വിളിച്ചു എന്നും (§ ൭൭), ശിഷ്യക്കൂട്ടത്തിൽനിന്ന അവനെ വരിച്ചു പന്തിരുവൎക്കുള്ള അപോസ്തലസ്ഥാനത്തിൽ ആക്കി എന്നും (§ ൮൦) കേൾക്കുന്നു. എന്നാൽ ശിഷ്യത്വം മുമ്പിൽ അപോസ്തലത്വം പിമ്പിൽ എന്നതു എത്രയോ സ്പഷ്ടം. ആയതുകൊണ്ടു ശിഷ്യത്വത്തിന്നായി ഉണ്ടായ വിളിയെ വിവരിക്കുന്ന വൃത്താന്തമാല ഒന്നാമതു, അപോസ്തലത്വത്തിന്നായി വരിച്ച് എന്ന വൎണ്ണിക്കുന്ന മാല രണ്ടാമതു എന്നേ വേണ്ടു. ഇതിന്നൊത്തവണ്ണമേ നാം ൟ വൃത്താന്തങ്ങളെ വഴിപ്പെടുത്തിയിരിക്കുന്നു. ൟ ക്രമത്തിൽ ഓരൊന്ന അപൂൎവ്വമായി തോന്നുകിലും വായിക്കുന്നവർ ദയ വിചാരിച്ചു ൟ രചനയെ ക്ഷണത്തിൽ തള്ളാതെ കഥകളുടെ സന്ധികളേയും സംബന്ധത്തേയും ശോധന ചെയ്യുതാക.

അനന്തരം പിശാചിന്റെ കഠോരകെട്ടിനാൽ കുരുടനും ഊമനും ആയൊരു മനുഷ്യനെ യേശു കഫൎന്നഹൂമിൽ സൌഖ്യമാക്കി, ജനങ്ങൾ സ്തംഭിച്ചു ഇവൻ ദാവിദ്പുത്രനല്ലോ എന്നു പറകയും ചെയ്തു (മത്ത.). എന്നാറെ യരുശലേമിൽനിന്നു വന്ന വൈദികന്മാർ ധൈൎയ്യം വരുത്തുകയാൽ (മാൎക്ക.) പറീശർ യേശുവിന്നു ജനരഞ്ജന ഇല്ലാതെ ആക്കുവാൻ ഉത്സാഹിച്ചു ഇവനിലുള്ള (മാൎക്ക.) ബെൾജബൂലെ കൊണ്ടല്ലാതെ ഭൂതങ്ങളെ അകററുകയില്ല എന്നു ദൂഷിച്ചുകൊണ്ടിരുന്നു. അപ്പോൾ യേശു ആത്മശക്തിയാൽ അവരെ വിളിച്ചു പറഞ്ഞിതു: സാത്താൻ തന്നെത്താൻ എങ്ങിനെ ആട്ടിക്കളയും (മാൎക്ക.)? രാജ്യമോ ഊരോ കുടിയോ തങ്ങളിൽ ഇടഞ്ഞു ഛിദ്രിച്ചു പോയാൽ നിൽക്കുക ഇല്ല വീഴകേ ഉള്ളു (ലൂക്ക.), സാത്താൻ സാത്താനെ പുറത്താക്കി എങ്കിൽ അവൻ രണ്ടായി പോയി, അവന്റെ രാജ്യകഥയും തീൎന്നു സ്പഷ്ടം (മാൎക്ക.). നിങ്ങളുടെ ശിഷ്യന്മാരും ഭൂതങ്ങളെ നീക്കുന്നുവല്ലോ*; അതുവും ദുൎഭ്ഭൂതസഹായത്താൽ എന്നുണ്ടോ? അവർ അപ്രകാരം അല്പം മാത്രം സാധിപ്പിച്ചാലും ദേവനാമത്താലും വെളിച്ചശക്തിയാലും അല്ലാതെ വരികയില്ലല്ലോ. ആകയാൽ അവർ നിങ്ങൾക്ക് ന്യായം വിധിക്കും. ഞാനോ ശത്രുക്കൾക്കും തിരിയുന്ന ദേവവിരലിനാലും (ലൂക്ക.; വ.മോ. ൮, ൧൯) ആത്മാവിനാലും നീക്കുന്നു എങ്കിൽ ദേവവാഴ്ചയും മശീഹകാലവും ഉദിച്ചു സ്പഷ്ടം (മത്ത. ലൂക്ക.). അത് ഒർ ഉപമയാൽ തെളിയിച്ചതു (യശ. ൪൯, ൨൪ f): തന്റെ കോട്ടയെ സൂക്ഷിച്ചു രക്ഷിക്കുന്ന ഒരു വീരനെ ജയിച്ചു ആയുധങ്ങളെ എടുത്തു കെട്ടിവെച്ചതല്ലാതെ അവൻ കവൎന്നു സ്വരൂപിച്ചതിനെ എടുപ്പാൻ കഴികയില്ല. ഇപ്രകാരം പിശാചിന്റെ കൊള്ളയെ പറിച്ചെടുക്കുന്ന ഒരുവനെ കാണുന്നുവല്ലോ. ആകയാൽ അവൻ സാത്താനെ ജയിച്ചു തുടങ്ങിയ മഹാവീരൻ എന്നു പ്രസിദ്ധം (യശ. ൫൩, ൧൨).

ഇങ്ങിനെ രണ്ടു രാജ്യങ്ങൾ തമ്മിൽ എതിൎക്കുന്ന യുദ്ധത്തിൽ മൂന്നാമതൊരു പക്ഷം ഇല്ല. എന്നോടു കൂടെ ചേൎക്കാത്തവൻ ചിതറിക്കുന്നു. ആകയാൽ എന്റെ പക്ഷത്തിൽ നില്ക്കാത്ത നിങ്ങൾ സാത്താനെ സേവിക്കയത്രെ ചെയ്യുന്നു (മത്താ. ലൂക്ക.). എല്ലാ പാപത്തിന്നും ദേവദൂഷണത്തിന്നും മോചനം ഉണ്ടു, പുത്രനെ ദൂഷിച്ചാലും ക്ഷമിക്കപ്പെടും. സദാത്മാവെ ദൂഷിക്കുന്നവന്നോ ഈ യുഗത്തിലും വരുന്നതിലും ക്ഷമയില്ല തീരാത്ത കുററമേ ഉള്ളു. അതിന്റെ അൎത്ഥം എന്തെന്നാൽ: അറിയായ്മയാൽ ഉണ്ടാകുന്ന പാപങ്ങൾക്കും ദൂഷണങ്ങൾക്കും സത്യപ്രകാശനത്താൽ പാപബോധവും അനുതാപവും ജനിച്ചാൽ ദേവകരുണയാൽ പരിഹാരം ഉണ്ടു. ദേവപുത്രനെ ഹിംസിച്ച ശൌലിന്നും വന്നുവല്ലൊ. സദാത്മാവ് ഒരു മനുഷ്യനെ പ്രകാശിപ്പിച്ചു സത്യത്തെ തോന്നിച്ച ശേഷം ദൂഷിച്ചാലോ ആ മനുഷ്യനെ യഥാസ്ഥാനത്താക്കേണ്ടതിന്നു ഒർ ഉപായവും ഇല്ല: കരുണ അവനെ വലിച്ചാലും ശിക്ഷകൾ തെളിച്ചാലും ഒന്നും ഏശുകയില്ല, പൈശാചമായ ഒരു ഭ്രാന്ത് അവനിൽ വേരൂന്നി

*പറീശന്മാരുടെ മഠങ്ങളിൽ ദേവനാമകീൎത്തനം ശലൊമോന്യമന്ത്രം ഔഷധം മുതലായവകൊണ്ടു ഭൂതങ്ങളെ ഇളക്കി രോഗികളുടെ മൂക്കിൽനിന്നു വലിച്ചെടുക്കുന്ന ഒരു വിധമായ വിദ്യ ഉണ്ടായി എന്നു യോസേഫ് പറയുന്നു (അപോ. ൧൯, ൧൩).

യല്ലോ. പറീശന്മാർ ആ കുററത്തിൽ അകപ്പെട്ടു എന്നു യേശു പറഞ്ഞില്ല, അതിൽ കുടുങ്ങുമാറാകുന്നു എന്നു സൂചിപ്പിച്ചതേ ഉള്ളു*.

(മത്ത.) ശിഷ്യന്മാരോടു പിന്നത്തേതിൽ പറഞ്ഞത് ഒന്നു (മത്ത. ൭, ൧൫) യേശു പറീശന്മാരോടും അന്നു പറഞ്ഞു: ഫലത്താൽ മരം അറിയും. ആ വാക്കുകളാൽ നിങ്ങൾ സൎപ്പജാതി എന്ന് തെളിയുന്നു. ദുഷ്ടന്മാരാകയാൽ ഗുണം എങ്ങിനെ പറയും; നിങ്ങളുടെ വേരും സാരവും മാറീട്ടല്ലാതെ ഹൃദയനിക്ഷേപത്തിൽനിന്നു ദോഷമത്രെ വിടാതെ ജനിച്ചു വരും. ഇതു വാക്കത്രെ ക്രിയയല്ലല്ലോ എന്നു നിരൂപിക്കേണ്ടാ: ഏതു നിസ്സാരവാക്കിന്നായിട്ടും കണക്കു ബോധിപ്പിക്കേണ്ടി വരും. ഹൃദയത്തിന്റെ ഗുരുലാഘവം വെളിപ്പെടുത്തി നീതിമാൻ എന്നോ ദുഷ്ടൻ എന്നോ വിധിക്കേണ്ടതിന്നു ഓരോരുത്തരുടെ വാക്കുകൾ തന്നെ ദൈവവിസ്താരത്തിൽ മതിയാകും.

---

§ 66.

A Woman lifting up her Voice in Eulogy.

ഒരു സ്ത്രീയുടെ പുകഴ്ചയെ വഴിപ്പെടുത്തിയതു.

LUKE XI.

27 And it came to pass, as he spake these things, a certain woman of the company lifted up her voice, and said unto him, Blessed *is* the womb that bare thee, and the paps which thou hast sucked.

28 But he said, Yea rather, blessed *are* they that hear the word of God, and keep it.

ഇപ്രകാരം ചീറുന്ന ശത്രുക്കൾ്ക്കും ചഞ്ചലിക്കുന്ന പുരുഷാരങ്ങൾ്ക്കും യേശു ഏകനായി ധൈൎയ്യത്തോടെ എതിൎത്തു സത്യവചനത്തെ ഘോഷിച്ചു കണ്ടിട്ടു ഒരു സ്ത്രീ വിസ്മയം പൂണ്ടു നിന്നെ വഹിച്ച ഗൎഭവും നീ കുടിച്ച മുലയും ധന്യം അത്രെ എന്നു വിളിച്ചു പറഞ്ഞു. അതു സത്യമായിരുന്ന് എങ്കിലും മശീഹയെ പെററതിനാൽ അല്ല ദേവവചനത്തെ കേട്ടു സൂക്ഷിച്ചതിനാൽ അത്രെ മറിയ ധന്യ എന്നും, അവളുടെ ഭാഗ്യം മനസ്സുള്ളവൎക്ക് എല്ലാവൎക്കും കിട്ടുവാൻ സംഗതി ഉണ്ടെന്നും, മറിയസ്തുതി പ്രമാണം അല്ല ദേവവചനമേ നിത്യ പ്രമാണം എന്നും കാട്ടേണ്ടിവന്നു.

---

* ഇത്തര പരസ്യ വിരോധദൂഷണാദികളെ യേശു നേരിട്ടതു കഫൎന്നഹൂമിലേ വാസാരംഭത്തിൽ അല്ലെന്നും, ജനരഞ്ജന അല്ലാതെ വൈരലക്ഷണങ്ങൾ അന്നു ഒന്നും കാണായി വന്നില്ലെന്നും ചൊല്ലുന്നവർ ഓൎക്കേണ്ടതാവിതു: ഇവ്വണ്ണം കൎത്താവിനെ ദുഷിച്ച പറീശർ ഗലീലക്കാർ അല്ല യരുശലേമിൽനിന്നു വന്നിരുന്ന വൈദികന്മാർ തന്നെ (മാൎക്ക). യരുശലേമ്യ പ്രമാണികൾക്കോ യേശുവോടു ഈൎഷ്യ ഉണ്ടായി തുടങ്ങിയതു പൂരിംപെരുന്നാളിൽ (യോ. ൫) മാത്രം അല്ല, ഒന്നാം പെസഹയാത്രയിൽ തന്നെ (യോ. ൨). യേശു ദേവാലയത്തെ ശുദ്ധീകരിച്ച നാൾമുതൽ ഇവൻ തങ്ങൾക്കു ഹിതനായ മശിഹ അല്ല എന്ന് അവൎക്കു കേവലം ബോധിച്ചിരുന്നു. അന്നേത്ത ചോദ്യത്തേയും യേശു ഉത്തരം ചൊല്ലിയ വിധത്തേയും വിചാരിച്ചാൽ (§ ൫൫) ഇതേ വൈരോത്ഭവം എന്ന് അറിയാം. പിന്നെ വൃദ്ധനായ ശാസ്ത്രി യേശുവെ ചെന്നു കണ്ടതു പകലിൽ അല്ല രാത്രിയിൽ അത്രെ എന്നും (§ ൫൬), യേശു യഹൂദനാട്ടിനെ വിട്ടു ഗലീലെക്കാമാറു പുറപ്പെട്ടതു (§ ൫൭) പറീശർ നിമിത്തം അത്രെ എന്നും കേൾക്കുന്നു. ഈ സൂചകങ്ങളെ ഒക്ക കരുതിക്കൊണ്ടാൽ യരുശലേമ്യ പറീശരുടെ ഇടയിൽ കൎത്താവിന്നു ആദ്യകാലത്തിലും ജനരഞ്ജന ഉണ്ടായില്ല എന്നതു സ്പഷ്ടം. പുത്രനെ കണ്ടറിഞ്ഞ നാൾമുതൽ "ഇവൻ അവകാശി തന്നെ! നാം അവനെ കൊന്നു അവന്റെ അവകാശത്തെ അടക്കിക്കൊൾക" എന്ന ഭാവത്തോടത്രെ അവനെ എതിരേററതു. ആദ്യം അതിനെ അസാരം മറെച്ചു വെച്ചെങ്കിലും വേഗം സ്പഷ്ടമാവാൻ സംഗതി വന്നു.

§ 67.

THE FIRST DEMAND OF A SIGN. THE SIGN OF JONAS.

ഒന്നാം അടയാളചോദ്യവും യോനാവിൻ അടയാളവാക്യവും.

MATT. XII.

38 Then certain of the scribes and of the Pharisees answered, saying, Master, we would see a sign from thee.

39 But he answered and said unto them, An evil and adulterous generation seeketh after a sign; and there shall no sign be given to it, but the sign of the prophet Jonas:

40 For as Jonas was three days and three nights in the whale's belly; so shall the Son of man be three days and three nights in the heart of the earth.

41 The men of Nineveh shall rise in judgment with this generation, and shall condemn it: because they repented at the preaching of Jonas; and, behold, a greater than Jonas *is* here.

42 The queen of the south shall rise up in the judgment with this generation, and shall condemn it: for she came from the uttermost parts of the earth to hear the wisdom of Solomon; and, behold, a greater than Solomon *is* here.

43 When the unclean spirit is gone out of a man, he walketh through dry places, seeking rest, and findeth none.

44 Then he saith, I will return into my house from whence I came out; and when he is come, he findeth *it* empty, swept, and garnished.

45 Then goeth he, and taketh with himself seven other spirits more wicked than himself, and they enter in and dwell there: and the last *state* of that man is worse than the first. Even so shall it be also unto this wicked generation.

LUKE XI.

29 And when the people were gathered thick together, he began to say, This is an evil generation: they seek a sign; and there shall no sign be given it, but the sign of Jonas the prophet.

30 For as Jonas was a sign unto the Ninevites, so shall also the Son of man be to this generation.

31 The queen of the south shall rise up in the judgment with the men of this generation, and condemn them: for she came from the utmost parts of the earth to hear the wisdom of Solomon; and, behold, a greater than Solomon *is* here.

32 The men of Nineveh shall rise up in the judgment with this generation, and shall condemn it: for they repented at the preaching of Jonas; and, behold, a greater than Jonas *is* here.

33 No man, when he hath lighted a candle, putteth *it* in a secret place, neither under a bushel, but on a candlestick, that they which come in may see the light.

34 The light of the body is the eye: therefore when thine eye is single, thy whole body also is full of light; but when *thine eye* is evil, thy body also *is* full of darkness.

35 Take heed therefore that the light which is in thee be not darkness.

36 If thy whole body therefore *be* full of light, having no part dark, the whole shall be full of light, as when the bright shining of a candle doth give thee light.

കേട്ട അനുതാപവിളിയെ അശേഷം കൂട്ടാക്കാതെ വിരോധികളിൽ ചിലർ ലജ്ജയെ മറെച്ചു മശീഹ കാട്ടേണ്ടുന്ന ഒർ അടയാളത്തെ ചോദിച്ചു. കൎത്താവോ അവരെ വിഗ്രഹാരാധനയാകുന്ന വ്യഭിചാരത്തിൽ വീണവർ എന്നു ശാസിച്ചു (മത്ത. ൧൨, ൩൯). നിനവക്കാരെ കാണിച്ചതിനെ കാട്ടാം; അത് ഉയരത്തിലേ അടയാളമല്ല ആഴത്തിൽനിന്നുള്ളതത്രെ. മൂന്നു രാപ്പകൽ ഭൂമിയുടെ ഉള്ളിൽ മറഞ്ഞു നിന്ന ശേഷം (മത്ത.) മനുഷ്യപുത്രൻ ഈ ജാതിക്ക് അടയാളമായി എഴുനീല്ക്കും. എങ്കിലും നിനവയിൽ കണ്ടതു പോലെ അനുതാപഫലങ്ങൾ ഇങ്ങു കാണ്മാറില്ല കഷ്ടം. ആകയാൽ ന്യായവിധിയിൽ ആ നഗരക്കാരും ശബാരാജ്ഞിയും (൧ രാജ. ൧൦, ൧) ഈ മൂഢ ജാതിക്കു കുററം വിധിക്കും (മത്ത.). അശുദ്ധാത്മാവ് മനുഷ്യനെ വിട്ട ശേഷം മരുഭൂമികളിൽ ഉഴന്നു ആശ്വാസം കാണാഞ്ഞു മടങ്ങി വരുവാൻ തക്കം നോക്കുന്നു. എന്നാൽ സ്ഥലം അടിച്ചു തളിച്ചും അലങ്കരിച്ചും കാണുമ്പോൾ ഉടയവന്റെ പ്രമാദം നിമിത്തം ദുരാത്മാവു തനിയെ അല്ല അധികം ദോഷസൂക്ഷ്മമുള്ള ൭ ആത്മാക്കളെ കൂട്ടി കൊണ്ടു അകത്തു പ്രവേശിക്കുന്നു. ആയാളുടെ ആദിയെക്കാൾ അന്തം വല്ലാത്തതാകും. ഇപ്രകാരം യഹൂദൎക്ക് മുമ്പിൽ ഉണ്ടായി: ബിംബാൎച്ചനാദോഷം ബാബേല്യബാധയാലും ദേവകരുണയാലും മാറിയ ശേഷം കപടഭക്തി മുതലായ

പറീശ ദുരാത്മാക്കൾ നുഴഞ്ഞു. പിന്നെ യേശു പിശാചിൻ കെട്ടുകളെ പല വിധം അഴിച്ചു സ്വാതന്ത്ര്യം വരുത്തിയപ്പോൾ ആ വിടക്ക കരുന്തല അതി സൂക്ഷ്മപിശാചുകൾക്കു തക്ക വാസസ്ഥലമായ്തീൎന്നു.

(ലൂക്ക.) യോനാ ശലൊമോൻ എന്നവരേക്കാളും ഞാൻ വലിയവനെന്നുള്ള ആത്മപ്രശംസയാൽ അതിശയം തോന്നിയപ്പോൾ, വിളക്കുള്ളവൻ അതിനെ വിളക്കുതണ്ടിന്മേൽ വെച്ചു വരുന്നവൎക്ക് പ്രകാശിപ്പാറാക്കും (മത്ത. ൫, ൧൫) എന്നു യേശു പറഞ്ഞാറെ, നിന്റെ വെളിച്ചം പലൎക്കും പ്രകാശിക്കാത്തത് എന്തു എന്നു ചൊന്നതിന്നു വെളിച്ചത്തെ കാണ്മാന്തക്ക കണ്ണും വേണമല്ലോ എന്നു (മത്ത. ൬, ൨൨. എന്ന പോലെ) വിവരമായി ഉപദേശിച്ചു. കണ്ണു ശരീരത്തിൻ വെളിച്ചം തന്നെയല്ല "വിളക്കു" എന്നത്രെ, അതായതു സൂൎയ്യചന്ദ്ര നക്ഷത്രാദി വെളിച്ചത്തെ ധരിച്ചും ശരീരപ്രകാശനത്തിന്നായി ഉപയോഗിച്ചും കൊണ്ടിരിക്കുന്ന ഇന്ദ്രിയമാകുന്നു. എന്നിട്ടും വെളിച്ചത്തിന്നു കണ്ണും കണ്ണിന്നു വെളിച്ചവും എന്നു സ്രഷ്ടാവു അന്യോന്യം കൊള്ളിച്ചതുകൊണ്ടു രണ്ടിന്നും ഒരു വിധമായ ബന്ധുത്വം ഉണ്ടു സ്പഷ്ടം. വെളിച്ചത്തെ പരിഗ്രഹിപ്പാൻ കണ്ണിന്നും വെളിച്ചഗുണം ഉണ്ടായിട്ടു വേണം. ആകയാൽ വിളക്കു എന്നതിന്നു പകരം നേരെ "വെളിച്ചം" എന്നും പറഞ്ഞിട്ടുണ്ടു (മത്ത. ൬, ൨൩; ലൂക്ക. ൧൧, ൩൫). എന്നാൽ പുറമേയുള്ള വെളിച്ചഇന്ദ്രിയവും വെളിച്ചപാത്രവുമായ കണ്ണു ശരീരത്തിന്നു എന്താകുന്നുവോ അതു തന്നെ ദിവ്യവെളിച്ചേന്ദ്രിയമായിരിക്കുന്ന ഉൾക്കണ്ണു ദേഹിക്കു ആകുന്നു. ഒന്നു ശരീരത്തെ പ്രകാശിപ്പിക്കുന്നതു പോലെ മറേറതു അകമേ മനുഷ്യനെ പ്രകാശിപ്പിക്കുന്നു. സ്രഷ്ടാവു ആദ്യം വിളക്കായി നമ്മിൽ വെച്ചിരിക്കുന്ന ഈ ഉൾക്കണ്ണു എത്രയോ പതിതനായ മനുഷ്യനിലും അല്പം എങ്കിലും ശേഷിച്ചതുകൊണ്ടു മറെറാന്നും തിരിയാത്ത കാട്ടാളൎക്കും കൂടെ സത്യാസത്യങ്ങളേയും ന്യായാന്യായങ്ങളേയും വക തിരിച്ചറിവാൻ കഴിവുണ്ടു. അതു പോലെ ദിവ്യ അരുളപ്പാട് എന്ന രശ്മികളേയും കണ്ടു പരിഗ്രഹിപ്പാൻ ഈ ഉൾക്കണ്ണാകുന്ന വരംകൊണ്ടു മനുഷ്യൻ പ്രാപ്തനാകുന്നു. സകല അരുളപ്പാടുകളിൽ അതിശ്രേഷ്ഠമായതോ ജഡോത്ഭവത്താൽ നമ്മുടെ മദ്ധ്യേ വിളങ്ങി വന്ന ഏകജാതൻ തന്നെ (യോ. ൧). ഇവനേ സാക്ഷാൽ ലോകവെളിച്ചം (യോ. ൮, ൧൨). ഗുണസമ്പൂൎണ്ണനും വെളിച്ചസ്വരൂപനുമായ ഈ യേശുക്രിസ്തനെ കണ്ടിട്ടുള്ള ഏവൎക്കും ഇതേ ഉണ്മയായ വെളിച്ചം, ഇതേ തികഞ്ഞ സൽഗുണം, ഇതേ നിൎമ്മല വിശുദ്ധി എന്നു ക്ഷണത്തിൽ ബോധിപ്പാൻ സംഗതി ഉണ്ടായി. അതിനായിട്ടു തന്നെ ജ്ഞാനേന്ദ്രിയമാകുന്ന ഈ ഉൾക്കണ്ണു ഉതകുന്നതു. എന്നാൽ അന്ധകാരസ്നേഹത്താൽ (യോ. ൩, ൧൯) ഈ വെളിച്ചേന്ദ്രിയം കാലക്രമേണ ഇരുളായി പോവാൻ പാടുള്ളതാകകൊണ്ടു അതു ഇരുളായി പോകാതവണ്ണം നോക്കുവിൻ, സൂക്ഷിപ്പിൻ എന്ന ഘനമേറിയ പ്രബോധനത്തെ (ലൂക്ക. ൧൧, ൩൫) യേശു ചൊല്ലി. അതുവും അനേകരിൽ പഴതിലായി പോയി. വെളിച്ചവൈരികളായ പറീശൎക്കു തേജോമയ ക്രിസ്തവെളിച്ചം മേല്ക്കുമേൽ അസഹ്യമായി തോന്നിയതുകൊണ്ടു ഒടുക്കം യേശുവെ കേവലം തള്ളി കളയുമാറു അവരുടെ വെളിച്ചേന്ദ്രിയം കൂരിരുട്ടായി പോയി. മനഃകാഠിന്യത്താൽ ഉൾവെളിച്ചം ഇരുളിച്ചു

പോയ ശേഷമോ, ദിവ്യപ്രകാശം എത്ര ശക്തിയോടെ തട്ടിയാലും മനസ്സിൽ ഒന്നും സാധിപ്പിപ്പാൻ വഹിയാ. ഉൾക്കണ്ണ് കുരുടായി എന്നത്രെ. ആകയാൽ ഉൾക്കണ്ണാകുന്ന ഹൃദയം ഏകാഗ്രമാവാൻ (മര്) സൂക്ഷിക്കേണ്ടു അത്ഥാൽ ഇരുമനസ്സും ചാപല്യവും ഇല്ലാതെ കണ്ടു ദൈവം എന്ന ഏകനിധിയെ ചിന്തിച്ചു കരുതിക്കൊള്ളേണ്ടു. ഇങ്ങിനെത്തവർ അകമ്പുറം ദിവ്യ വെളിച്ചവ്യാപനത്തിന്നായി തുറന്നു നില്ക്കുന്നതു കൊണ്ടു ഇരുൾ ഒന്നും ശേഷിക്കാതവണ്ണം (ന്ന) തേജസ്സിൽനിന്നു തേജസ്സിലേക്കു രൂപാന്തരപ്പെടുന്നു (൨ കൊ. ൩, ൧൮).

---

§ 68.

His Mother and Brothers want to see him.

അമ്മയും സഹോദരരും യേശുവെ കാണ്മാൻ വന്നതു.

MATT. XII.

46 While he yet talked to the people, behold, *his* mother and his brethren stood without, desiring to speak with him.
47 Then one said unto him, Behold, thy mother and thy brethren stand without, desiring to speak with thee.
48 But he answered and said unto him that told him, Who is my mother? and who are my brethren?
49 And he stretched forth his hand toward his disciples, and said, Behold my mother and my brethren!
50 For whosoever shall do the will of my Father which is in heaven, the same is my brother, and sister, and mother.

MARK III.

31 There come then his brethren and his mother, and, standing without, sent unto him, calling him.
32 And the multitude sat about him, and they said unto him, Behold, thy mother and thy brethren without seek for thee.
33 And he answered them, saying, Who is my mother, or my brethren?
34 And he looked round about on them which sat about him, and said, Behold my mother and my brethren!
35 For whosoever shall do the will of God, the same is my brother, and my sister, and mother.

LUKE VIII.

19 Then came to him *his* mother and his brethren, and could not come at him for the press.
20 And it was told him *by certain* which said, Thy mother and thy brethren stand without, desiring to see thee.
21 And he answered and said unto them, My mother and my brethren are these which hear the word of God, and do it.

ഇവ്വണ്ണം യേശു ഉപദേശിച്ചു കൊണ്ടിരിക്കേ നചറത്തിൽനിന്നു വന്നിരുന്ന അവന്റെ അമ്മയും സഹോദരരും അവനോട് സംസാരിപ്പാൻ അന്വേഷിച്ചു പുറത്തു നിന്നിട്ടു തിങ്ങിയ പുരുഷാരം നിമിത്തം അവനോളം കടപ്പാൻ കഴിയായ്കയാൽ (ലൂക്ക.) അവനെ വിളിപ്പാൻ ആൾ അയച്ചു (മാർക്ക.). ആകയാൽ അമ്മയും സഹോദരരും പുറത്തു നിന്നു വിളിക്കുന്നു എന്ന വർത്തമാനം കേട്ടാറെ യേശു എന്റെ കുഡുംബം ആർ എന്നു ചൊല്ലി കൈ നീട്ടി ശിഷ്യന്മാരെ വെവ്വേറെ നോക്കി (മാർക്ക.) ഇവർ അത്രെ എനിക്കു അമ്മയും സഹോദരരും എന്നും, ദേവവചനം കേട്ടു സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടം ചെയ്യുന്നതിനാൽ അല്ലാതെ എനിക്കു മനുഷ്യബന്ധം ഒന്നും സ്ഥിരമാകയില്ല എന്നും അറിയിച്ചു.

ദേവേഷ്ടം ചെയ്ക പ്രമാണം തന്നെ എന്നതിൽ ചേർച്ചക്കാർക്കായിട്ടും കൂടെ സാരമുള്ള ഒരു പ്രബോധനം അടങ്ങി എങ്കിലും യേശു അതിനാൽ വിശേഷിച്ചു പുറത്തുനിന്നു കൊണ്ടിരുന്ന കുഡുംബക്കാരെ ശാസിപ്പാൻ ഭാവിച്ചു എന്നു തോന്നുന്നില്ല; ശാസന തട്ടിയതു പ്രത്യേകം ആർക്കെന്നാൽ വെറുപ്പുള്ളോരം പ്രസംഗാക്ഷേപണങ്ങളെ തടഞ്ഞു നിർത്തുവാൻ തഞ്ചം കിട്ടിയാൽ കൊള്ളാം എന്ന ദുർമ്മനസ്സോടെ ബന്ധുക്കൾ വന്ന വാർത്തയെ ബദ്ധപ്പെട്ടു അറി

യിച്ച വിരോധികൾക്കു തന്നെ. തൽക്ഷണം ൟ ഡംഭികളുടെ വായി അടെക്കേ
ണ്ടതിന്നു യേശു ശിഷ്യരെ ചൂണ്ടി കാട്ടീട്ടു, ഞാൻ ബന്ധുക്കളില്ലാത്തവൻ
തന്നെയോ, അല്ല ബന്ധുക്കൾക്കായി കാത്തിരിക്കുന്നവനോ? ഇതാ രക്തചേ
ൎച്ചയേക്കാൾ ആത്മചേൎച്ച പ്രമാണം; സാധുക്കളായ ൟ ശിഷ്യൎക്കും എനിക്കും
തമ്മിൽ ഉള്ള സ്നേഹക്കെട്ടിന്റെ മൎമ്മം നിങ്ങൾക്കു അല്പം ഗ്രഹിച്ചെങ്കിൽ എത്ര
നന്നായിരുന്നു, അപ്പോൾ ദേവേഷ്ടത്തെ ചെയ്യുന്ന ഏവൎക്കും ദൂരസ്ഥരായ
നിങ്ങൾക്കും കൂടെ ഭാഗ്യമുള്ള ൟ കുഡുംബത്തോട് ചേരുവാൻ കഴിവുണ്ട് എന്നു
ബോധിക്കുമായിരുന്നു എന്നും മററും ബുദ്ധി പറവാൻ സംഗതി വന്നു.

---

§ 69.

PARABLES DELIVERED AND EXPOUNDED.

(*vide page* 12, *note No.* 2.)

ഉപമാബോധനയും വ്യാഖ്യാനവും.

a.) Eight parables delivered by the sea-side.

		Matt.	Mark	Luke
Text vide §§ 22-28.	1. The sower	Matt. 13, 1-9	Mark 4, 1-9	Luke 8, 4-8
	2. The tares among the wheat .	,, 13, 24-30	....	....
	3. The ripening grain . . .	....	,, 4, 26-29	....
	4. The mustard-seed	,, 13, 31-32	,, 4, 30-32	,, 13, 18-19
	5. The leaven	,, 13, 33	....	,, 13, 20-21
	6—8. The treasure, the pearl & the net	,, 13, 44-53	....	....

b.) Further instruction given to the disciples at home.

1. The reason why Jesus spake in parables.

MATT. XIII.

10 And the disciples came, and said unto him, Why speakest thou unto them in parables?

11 He answered and said unto them, because it is given unto you to know the mysteries of the kingdom of heaven, but to them it is not given.

12 For whosoever hath to him shall be given, and he shall have more abundance: but whosoever hath not, from him shall be taken away even that he hath.

13 Therefore speak I to them in parables: because they seeing see not; and hearing they hear not, neither do they understand.

14 And in them is fulfilled the prophecy of Esaias, which saith, By hearing ye shall hear, and shall not understand; and seeing ye shall see, and shall not perceive:

15 For this people's heart is waxed gross, and *their* ears are dull of hearing, and their eyes they have closed; lest at any time they should see with *their* eyes, and hear with *their* ears, and should understand with *their* heart, and should be converted, and I should heal them.

16 But blessed *are* your eyes, for they see: and your ears, for they hear.

17 For verily I say unto you, That many prophets and righteous *men* have desired to see *those things* which ye see, and have not seen *them;* and to hear *those things* which ye hear, and have not heard *them.*

. . . .

34 All these things spake Jesus unto the multitude in parables; and without a parable spake he not unto them;

35 That it might be fulfilled which was spoken by the prophet, saying, I will open my mouth in parables; I will utter things which have been kept secret from the foundation of the world.

MARK IV.

10 And when he was alone, they that were about him with the twelve asked of him the parable.

11 And he said unto them, Unto you it is given to know the mystery of the kingdom of God: but unto them that are without, all *these* things are done in parables:

12 That seeing they may see, and not perceive; and hearing they may hear, and not understand; lest at any time they should be converted, and *their* sins should be forgiven them.

13 And he said unto them, Know ye not this parable? and how then will ye know all parables?

. . . .

33 And with many such parables spake he the word unto them, as they were able to hear *it.*

34 But without a parable spake he not unto them: and when they were alone, he expounded all things to his disciples.

LUKE VIII.

9 And his disciples asked him, saying, What might this parable be?

10 And he said, Unto you it is given to know the mysteries of the kingdom of God: but to others in parables; that seeing they might not see, and hearing they might not understand.

2. The parable of the sower expounded. Matt. 13, 18-23. Mark 4, 14-20. Luke 8, 11-15. (*Text vide* § 22).

3. The responsibility of hearing: light received must be both diffused and increased.

MARK IV.

21 And he said unto them, Is a candle brought to be put under a bushel, or under a bed? and not to be set on a candlestick?
22 For there is nothing hid, which shall not be manifested; neither was any thing kept secret, but that it should come abroad.
23 If any man have ears to hear, let him hear.
24 And he said unto them, Take heed what ye hear: with what measure ye mete, it shall be measured to you: and unto you that hear shall more be given.
25 For he that hath, to him shall be given: and he that hath not, from him shall be taken even that which he hath.

LUKE VIII.

16 No man, when he hath lighted a candle, covereth it with a vessel, or putteth *it* under a bed; but setteth *it* on a candlestick, that they which enter in may see the light.
17 For nothing is secret, that shall not be made manifest; neither *any thing* hid, that shall not be known and come abroad.
18 Take heed therefore how ye hear: for whosoever hath, to him shall be given; and whosoever hath not, from him shall be taken even that which he seemeth to have.

4. The parable of the tares expounded. Matt. 13, 36-43. (*Text vide* § 23).

മേൽവിവരിച്ച (§ ൬൫—൬൮) സംഭാഷണാദികൾ നടന്ന ദിവസത്തിൽ തന്നെ (മത്ത.) യേശു ഉപദേശിപ്പാൻ വേണ്ടി കടൽപുറത്തു ചെന്നു പടകിൽ കയറി കടലരികെ കരമേൽ തിങ്ങിനില്ക്കുന്ന സമൂഹങ്ങളെ ഉപമകൾകൊണ്ടു പഠിപ്പിക്കയും ചെയ്തു. ദേവരാജ്യത്തിൻ സ്വരൂപവ്യാപനാദികളെ വൎണ്ണിക്കുന്ന എട്ടു ഉപമകളുടെ വ്യാഖ്യാനത്തെ §§ ൨൨—൨൯ നോക്ക.

ഉപമകളുടെ സൂക്ഷ്മാൎത്ഥം ഇന്നതെന്നു യേശു ജനങ്ങളോടല്ല "താൻ പ്രത്യേകം ആയപ്പോൾ" (മാൎക്ക. ൪, ൧൦) തന്റെ ശിഷ്യരോട് അത്രെ (൩൪) അറിയിച്ചതു; അതോ പുരുഷാരങ്ങളെ അയച്ചിട്ടു വീട്ടിൽ വന്നശേഷം തന്നെ (മത്ത. ൧൩, ൩൬). ആകയാൽ മേൽകാണിച്ച പ്രകാരം ഉപമകളെ എട്ടും ഒരുമിച്ചു കടൽപുറത്തു ഭാഷിച്ചു എന്നും, പിന്നേതിൽ ഒക്ക വീട്ടിൽ വെച്ചു വ്യാഖ്യാനിച്ചു കൊടുത്തു എന്നും തോന്നുന്നു. അതേ വൈകുന്നേരം യേശു ശിഷ്യരുമായി തിരികെ പടകിൽ ഏറി അക്കരെക്കു യാത്രയായല്ലോ (മാൎക്ക. ൪, ൩൫). അതിന്നിടെ വീട്ടിലേക്കു വന്നതു (മത്ത.) ഊൺ കഴിക്കേണ്ടതിന്ന് ആയിരിക്കും.

---

§ 70.

THREE WOULD-BE-FOLLOWERS.

മൂവരുടെ അനുഗമനഭാവവും ശിഷ്യലക്ഷണവൎണ്ണനയും.

MATT. VIII.

18 Now when Jesus saw great multitudes about him, he gave commandment to depart unto the other side.
19 And a certain scribe came, and said unto him, Master, I will follow thee whithersoever thou goest.
20 And Jesus saith unto him, The foxes have holes, and the birds of the air *have* nests; but the son of man hath not where to lay *his* head.

LUKE IX.

57 And it came to pass, that, as they went in the way, a certain *man* said unto him, Lord, I will follow thee whithersoever thou goest.
58 And Jesus said unto him, Foxes have holes, and birds of the air *have* nests; but the Son of man hath not where to lay *his* head.
59 And he said unto another, Follow me. But he said, Lord, suffer me first to go and bury my father.
60 Jesus said unto him, Let the dead bury their dead: but go thou and preach the kingdom of God.

Matt. VIII.

21 And another of his disciples said unto him, Lord, suffer me first to go and bury my father.
22 But Jesus said unto him, Follow me: and let the dead bury their dead.

Luke IX.

61 And another also said, Lord, I will follow thee; but let me first go bid them farewell, which are at home at my house.
62 And Jesus said unto him, No man, having put his hand to the plough, and looking back, is fit for the kingdom of God.

ഉപമാപ്രസംഗം കഴിച്ച നാൾ സന്ധ്യയായാറെ (മാൎക്ക. ൪, ൩൫) യേശു പിന്നേയും വളരെ പുരുഷാരങ്ങളെ തന്നെ ചൂഴന്നതു കണ്ടിട്ടു പൊയ്കയുടെ അക്കരെ കടപ്പാൻ കല്പിച്ചു. പടകിൽ കയറുമാറായപ്പോൾ ചില അദ്ധ്യശിഷ്യന്മാർ മുൽപുക്കു യേശുവോടു കൂടെ ചെല്ലുവാൻ മനസ്സു കാട്ടി. അതാർ എന്നാൽ മുമ്പെ ഒരു വൈദികൻ (മത്ത). നീ എവിടെ എല്ലാം പോകുന്നു എങ്കിലും ഞാൻ പിൻവരാം എന്നതിന്നു യേശു കുറുനരികൾക്കു കുഴികളും പക്ഷികൾക്കു പാൎപ്പിടവും ഉണ്ടു, മനുഷ്യപുത്രന്നു തല ചായ്പാനും സ്ഥലം ഇല്ല എന്നു ചൊല്ലി ആയാളുടെ ഹൃദയത്തിൽ ഒളിച്ചു കാണുന്ന ദുരാശയെ ആക്ഷേപിച്ചു. മറ്റവനെ യേശു താൻ വിളിച്ചു (ലൂക്ക). അവനും പോരുവാൻ മനസ്സായപ്പോൾ അന്നു മരിച്ച അഛ്ശനെ കുഴിച്ചിടുവാൻ ഇട തരേണ്ടതിന്നു അപേക്ഷിച്ചു പക്ഷെ യേശുവിന്റെ യാത്രയെ അല്പം താമസിപ്പിപ്പാൻ വിചാരിച്ചു. എങ്കിലും ആത്മമരണത്തിൽ ഉള്ളവർ ശവസംസ്കാരത്തിന്നു മതി, നീ ജീവവിത്തുള്ളവനാകയാൽ ദുഃഖം മറന്നു ദേവരാജ്യത്തെ അറിയിപ്പാൻ കൂടെ വരിക എന്നു യേശു അരുളിച്ചെയ്തു. മൂന്നാമൻ (ലൂക്ക.) മനസ്സായിരുന്നിട്ടും മുമ്പെ വീട്ടുകാരെ സല്കരിപ്പാൻ ഭാവിച്ചു. അവനെ യേശു രാജ്യകൃഷിക്കു കൈയിട്ടവൻ പിന്നോക്കം നോക്കി പണ്ടേത്ത കാൎയ്യാദികളെ വിചാരിച്ചാൽ ഈ പ്രവൃത്തിക്ക് അയോഗ്യനായി വരുന്നു എന്നു ശാസിച്ചു വിട്ടുകയും ചെയ്തു.

ഈ മൂവർ ആരെന്നാൽ പന്തിരുവരുടെ കൂട്ടത്തിൽ അടങ്ങുന്ന മൂന്നു ശിഷ്യർ എന്ന് ഒരു പക്ഷം ഉണ്ടു. ദ്രവ്യാസക്തി വിടാത്ത വൈദികൻ എന്ന ഒന്നാമൻ കറിയൊത്ത് ഉൗക്കാരനായ യഹൂദാവും, ഖിന്നഭാവമുള്ള രണ്ടാമൻ തോമാവും (യോ. ൧൧, ൧൬), മൂന്നാമൻ സ്വജനങ്ങളെ അന്നല്ല പിന്നേതിൽ അത്രെ സല്കരിച്ചു (ലൂക്ക. ൫, ൨൯) വിട്ടുപോയ മത്തായും ആയിരിക്കും എന്ന് ചൊല്ലുന്നു. അതിന്നു യാതൊരു നിശ്ചയവും ഇല്ല താനും.

---

§ 71.

THE LAKE CROSSED. THE TEMPEST STILLED.

കടൽയാത്രയും കൊടുങ്കാറ്റിൻ ശാന്തിയും.

MATT. VIII.

23 And when he was entered into a ship, his disciples followed him.
24 And, behold, there arose a great tempest in the sea, insomuch that the ship was covered with

MARK IV.

35 And the same day, when the even was come, he saith unto them, Let us pass over unto the other side.
36 And when they had sent away the multitude, they took him even as he was in the ship. And there were also with him other little ships.

LUKE VIII.

22 Now it came to pass on a certain day, that he went into a ship with his disciples: and he said unto them, Let us go over unto the other side of the lake. And they launched forth.
23 But as they sailed he fell

Matt. VIII.

the waves: but he was asleep.

25 And his disciples came to *him*, and awoke him, saying, Lord, save us: we perish.

26 And he saith unto them, Why are ye fearful, O ye of little faith? Then he arose, and rebuked the winds and the sea; and there was a great calm.

27 But the men marvelled, saying, What manner of man is this, that even the winds and the sea obey him!

Mark IV.

37 And there arose a great storm of wind, and the waves beat into the ship, so that it was now full.

38 And he was in the hinder part of the ship, asleep on a pillow: and they awake him, and say unto him, Master, carest thou not that we perish?

39 And he arose, and rebuked the wind, and said unto the sea, Peace, be still. And the wind ceased, and there was a great calm.

40 And he said unto them, Why are ye so fearful? how is it that ye have no faith?

41 And they feared exceedingly, and said one to another, What manner of man is this, that even the wind and the sea obey him?

Luke VIII.

asleep: and there came down a storm of wind on the lake; and they were filled *with water*, and were in jeopardy.

24 And they came to him, and awoke him, saying, Master, master, we perish. Then he arose, and rebuked the wind and the raging of the water: and they ceased, and there was a calm.

25 And he said unto them. Where is your faith? And they being afraid wondered, saying one to another, What manner of man is this! for he commandeth even the winds and water, and they obey him.

അനന്തരം യേശു ഏതും കൂടാതേയും മറ്റൊന്നും ഭാവിയാതേയും "താൻ ആയപ്രകാരം" (മാൎക്ക. ൪, ൩൬) ശിഷ്യരോട് ഒന്നിച്ചു കയറി ഓട്ടുമ്പോൾ മറ്റെ പടവുകളും കൂടെ ഓടി. ക്ഷണത്തിൽ ഒരു ചുഴലിക്കാറ്റുണ്ടായി തിരകൾ അലച്ചു പടവിൽ വെള്ളം നിറഞ്ഞു വരികയും ചെയ്തു. അതിനാൽ ശിഷ്യന്മാർ എല്ലാവരും കടൽത്തഴക്കം ഉള്ള നാല്വരും വളരെ വലഞ്ഞു, യേശു അമരത്തിൽ ഒരു തലയണമേൽ (മാ.) ഉറങ്ങുന്നതു കണ്ടു അതിശയിച്ചുണൎത്തി ഗുരോ ഗുരോ രക്ഷ രക്ഷ, നാം നശിച്ചു പോകുന്നു, നിനക്കു ചിന്ത ഇല്ലയോ എന്നു വിളിച്ചു. അവനും എഴുനീറ്റു അല്പവിശ്വാസികളേ എന്തിന്നു പേടി എന്നു അവരേയും (മത്ത.), പിന്നെ "അടങ്ങു സ്വസ്ഥമായിരു" എന്നു കാറ്റിനേയും കടലിനേയും (ലൂക്ക.) ശാസിച്ചു, ഉടനെ മഹാശാന്തത ഉണ്ടാകയും ചെയ്തു. പിന്നെ അവൻ നിങ്ങളുടെ വിശ്വാസം എവിടെ എന്നു ചോദിച്ചു (ലൂക്ക.). എല്ലാവരും ഇങ്ങിനെ കാറ്റും കടലും കല്പിച്ചടക്കുന്നവൻ ആരുപോൽ എന്നു തങ്ങളിൽ ചൊല്ലി വിസ്മയിച്ചു. സഭയാകുന്ന പടവിൽ സംശയമുള്ളവരും പക്ഷെ ഒരു ദ്രോഹിയും വസിച്ചാലും സാത്താൻ എത്ര കയൎത്താലും യേശു ഉള്ളേടം മുങ്ങുമാറില്ല എന്നതിന്നു ഈ അത്ഭുതം മുദ്രയായി ഭവിച്ചു.

---

§ 72.

The Demoniacs of Gadara.

ഗദരയിലേ ഭൂതഗ്രസ്തരെ സ്വസ്ഥമാക്കിയതു.

MATT. VIII.

28 And when he was come to the other side into the country of the Gergesenes, there met him two possessed with devils, coming out of the tombs, exceeding fierce, so that no man might pass by that way.

MARK. V.

1 And they came over unto the other side of the sea, into the country of the Gadarenes.

2 And when he was come out of the ship, immediately there met him out of the tombs a man with an unclean spirit,

3 Who had *his* dwelling among the tombs; and no man could bind him, no, not with chains:

4 Because that he had been often bound with fetters and chains, and the chain had been plucked asunder by him, and the

LUKE VIII.

26 And they arrived at the country of the Gadarenes, which is over against Galilee.

27 And when he went forth to land, there met him out of the city a certain man, which had devils long time, and ware no clothes, neither abode in *any* house, but in the tombs.

28 When he saw Jesus, he cried out, and fell down before him, and with a loud voice said, What have I to do with thee, Jesus, *thou* Son

Matt. VIII.

29 And, behold, they cried out, saying, What have we to do with thee, Jesus, thou Son of God? art thou come hither to torment us before the time?

30 And there was a good way off from them an herd of many swine feeding.

31 So the devils besought him, saying, If thou cast us out, suffer us to go away into the herd of swine.

32 And he said unto them, Go. And when they were come out, they went into the herd of swine: and, behold, the whole herd of swine ran violently down a steep place into the sea, and perished in the waters.

33 And they that kept them fled, and went their ways into the city, and told every thing, and what was befallen to the possessed of the devils.

34 And, behold, the whole city came out to meet Jesus: and when they saw him, they besought *him* that he would depart out of their coasts.

MATT. IX.

1 And he entered into a ship, and passed over, and came into his own city.

Mark V.

fetters broken in pieces: neither could any *man* tame him.

5 And always, night and day, he was in the mountains, and in the tombs, crying, and cutting himself with stones.

6 But when he saw Jesus afar off, he ran and worshipped him,

7 And cried with a loud voice, and said, What have I to do with thee, Jesus, *thou* Son of the most high God? I adjure thee by God, that thou torment me not.

8 For he said unto him, Come out of the man, *thou* unclean spirit.

9 And he asked him, What *is* thy name? And he answered, saying, My name *is* Legion: for we are many.

10 And he besought him much that he would not send them away out of the country.

11 Now there was there nigh unto the mountains a great herd of swine feeding.

12 And all the devils besought him, saying, Send us into the swine, that we may enter into them.

13 And forthwith Jesus gave them leave. And the unclean spirits went out, and entered into the swine: and the herd ran violently down a steep place into the sea, (they were about two thousand;) and were choked in the sea.

14 And they that fed the swine fled, and told *it* in the city, and in the country. And they went out to see what it was that was done.

15 And they come to Jesus, and see him that was possessed with the devil, and had the legion, sitting, and clothed, and in his right mind: and they were afraid.

16 And they that saw *it* told them how it befell to him that was possessed with the devil, and *also* concerning the swine.

17 And they began to pray him to depart out of their coasts.

18 And when he was come into the ship, he that had been possessed with the devil prayed him that he might be with him.

19 Howbeit Jesus suffered him not, but saith unto him, Go home to thy friends, and tell them how great things the Lord hath done for thee, and hath had compassion on thee.

20 And he departed, and began to publish in Decapolis how great things Jesus had done for him: and all *men* did marvel.

21 And when Jesus was passed over again by ship unto the other side, much people gathered unto him: and he was nigh unto the sea.

Luke VIII.

of God most high? I beseech thee, torment me not.

29 (For he had commanded the unclean spirit to come out of the man. For oftentimes it had caught him: and he was kept bound with chains and in fetters; and he brake the bands, and was driven of the devil into wilderness.)

30 And Jesus asked him saying, What is thy name? And he said, Legion: because many devils were entered into him.

31 And they besought him that he would not command them to go out into the deep.

32 And there was there an herd of many swine feeding on the mountain: and they besought him that he would suffer them to enter into them. And he suffered them.

33 Then went the devils out of the man, and entered into the swine: and the herd ran violently down a steep place into the lake, and were choked.

34 When they that fed *them* saw what was done, they fled, and went and told *it* in the city and in the country.

35 Then they went out to see what was done; and came to Jesus, and found the man, out of whom the devils were departed, sitting at the feet of Jesus, clothed, and in his right mind: and they were afraid.

36 They also which saw *it* told them by what means he that was possessed of the devils was healed.

37 Then the whole multitude of the country of the Gadarenes round about besought him to depart from them; for they were taken with great fear: and he went up into the ship, and returned back again.

38 Now the man out of whom the devils were departed besought him that he might be with him: but Jesus sent him away, saying,

39 Return to thine own house, and shew how great things God hath done unto thee. And he went his way, and published throughout the whole city how great things Jesus had done unto him.

40 And it came to pass, that, when Jesus was returned, the people *gladly* received him: for they were all waiting for him.

അനന്തരം അവർ കരെക്കിറങ്ങി പരാച്യനഗരമായ ഗദര സമീപത്ത് എത്തി. അതു മലമുകളിൽ ഉള്ളൊരു യവനപുരം തന്നെ. ശോഭയുള്ള പുരാണ നിൎമ്മാണങ്ങൾ ഇപ്പോഴും കാണ്മാനുണ്ടു. രോമക്കാർ പലരും ഗദരയിൽ വന്നു ൨ നാഴിക വടക്കു ഗന്ധകരസമുള്ള ചൂട്ടുറവിൽ കുളിച്ചു വ്യാധി മാറ്റുവാനായി വസിക്കും. മരിച്ചവൎക്കു വെളുത്ത കുമ്മായപ്പാറയിൽ എത്രയും ചിത്രമായി

കൊത്തി ഉണ്ടാക്കിയ ഗുഹകൾ ആയിരത്തോളം ഉണ്ടു. ആ പ്രേതപുരത്തിൽ കരിങ്കല്ലാൽ തീൎത്തു മിനുസം വരുത്തിയ ശവപ്പെട്ടികൾ ഇപ്പോൾ ഇരുനൂററിൽ അധികം കാണ്മാൻ ഉണ്ടു. ആ വഴിക്കേ പോകുവാൻ ഗുഹകളിൽ പാൎക്കുന്ന ഭൂതഗ്രസ്തരാൽ തന്നെ പലൎക്കും മുടക്കം വന്നിരുന്നു. ഇരുവരേയും യേശു സൌഖ്യമാക്കി (മത്ത.). അവരിൽ വിശിഷ്ടൻ വളരെ കാലം ഉറഞ്ഞു പരവശനായി, ഒരിക്കലും ഉടുക്കാതെ തന്നെത്താൻ കല്ലുകൊണ്ടടിച്ചും നിലവിളിച്ചും മലകളിലും ഗുഹകളിലും വസിച്ചു (മാൎക്ക. ലൂക്ക.). അവനെ പിടിച്ചു കെട്ടിയാലും ചങ്ങലകളെ തകൎത്തു ചാടും. യേശുവെ ദൂരത്തുനിന്നു കണ്ടപ്പോൾ അവൻ ഓടിവന്നു, യേശുവും അശുദ്ധാത്മാവോട് അവനെ വിട്ടു പോ എന്നു കല്പിച്ചു. എന്നാറെ ഏകവചനമായി കല്പിച്ചതു പോരാതെ ആയി. ദേവപുത്ര ഞങ്ങൾക്കും നിണക്കും എന്തു ഞങ്ങളെ പീഡിപ്പിപ്പാൻ വന്നുവോ എന്നും, ഞങ്ങൾ ഒരു പട്ടാളം ഉണ്ട് എന്നും, തങ്ങളെ അഗാധത്തിലേക്ക്* അയക്കരുത് എന്നും, പക്ഷേ സമീപിച്ചിട്ടുള്ള പന്നിക്കൂട്ടത്തിൽ അയക്ക എന്നും അപേക്ഷിച്ചപ്പോൾ പോയ്ക്കൊൾ്വിൻ എന്നു കല്പിച്ചു (മത്ത.). ഉടനെ പന്നികൾ ൨൦൦൦ത്തോളം (മാൎക്ക.) കിഴക്കാന്തൂക്കമായി പാഞ്ഞിറങ്ങി പൊയ്കയിൽ ചാടി ചാകയും ചെയ്തു. മേച്ചവർ ഓടി ആയ്തു നഗരത്തിലും നാട്ടിലും അറിയിച്ചപ്പോൾ പലരും വന്നു, ആയാൾ ഉടുത്തും സുബുദ്ധിയോടു കൂടിയും യേശു കാല്ക്കൽ ഇരിക്കുന്നതു കണ്ടു, കാണികളോടു വസ്തുത ചോദിച്ചറിഞ്ഞു വളരെ ഭയപ്പെട്ടു തങ്ങളെ വിട്ടുപോകേണം എന്നു യേശുവോടു അപേക്ഷിക്കയും ചെയ്തു. ആകയാൽ പടവിലേക്കു തിരിയുമ്പോൾ സ്വസ്ഥനായവൻ കൂട പോകുവാൻ യാചിച്ചു. യേശു അതു സമ്മതിക്കാതെ അവിടത്തു സമ്മിശ്രജാതികളിൽ കൎത്താവിന്റെ മഹാകൎമ്മത്തിന്നും കരുണെക്കും ഒരു സാക്ഷി വേണം എന്നു കണ്ടു (മാൎക്ക.), നിന്നിൽ കാണിച്ച കനിവിനെ നീ പോയി ചാൎച്ചക്കാരോടറിയിക്ക എന്നു കല്പിച്ചു. അവൻ അപ്രകാരം ചെയ്തു ദശപുരിയിൽ എങ്ങും യേശുവിന്റെ നാമത്തെ പരത്തുകയും ചെയ്തു. യേശു തിരികേ ഓടി പലരും കാത്തുനില്ക്കുന്ന (ലൂക്ക.) ഗലിലകരെക്ക് എത്തുകയും ചെയ്തു.

---

§ 73.

JOHN'S DISCIPLES ENQUIRE ABOUT FASTING.

യോഹനാന്യരുടെ ഉപവാസചോദ്യം.

MATT. IX.

14 Then came to him the disciples of John, saying, Why do we and the Pharisees fast oft, but thy disciples fast not?

15 And Jesus said unto

MARK II.

18 And the disciples of John and of the Pharisees used to fast: and they come and say unto him, Why do the disciples of John and of the Pharisees fast, but thy disciples fast not?

LUKE V.

33 And they said unto him, Why do the disciples of John fast often, and make prayers, and likewise *the disciples* of the Pharisees: but thine eat and drink?

34 And he said unto them, Can

---

* ഇവിടെ "അഗാധം" എന്നതും (ലൂക്ക.) രോമ. ൧൦, ൭. വെളിപ്പ. ൯, ൧൧. മുതലായ സ്ഥലങ്ങളിൽ അധോലോകത്തെ കുറിക്കുന്ന വാക്കും ഒന്നു തന്നെ. മനുഷ്യാത്മാക്കൾ ചെല്ലുന്ന പാതാളസ്ഥലത്തിന്നു (ഭാ. ൪൦) വേറേ നാമം ഉണ്ടു. ഇവിടേയും ൨ പേ. ൨, ൪. യഹൂ. ൬ വാക്യങ്ങളിലും സൂചിപ്പിച്ച അധോലോകം അധികം ഭയങ്കരവും ദുഷ്ടന്മാൎക്കു തടവാടവും എന്നു തോന്നുന്നു.

Matt. IX.

them, Can the children of the bridechamber mourn, as long as the bridegroom is with them? but the days will come, when the bridegroom shall be taken from them, and then shall they fast.

16 No man putteth a piece of new cloth unto an old garment, for that which is put in to fill it up taketh from the garment, and the rent is made worse.

17 Neither do men put new wine into old bottles: else the bottles break, and the wine runneth out, and the bottles perish: but they put new wine into new bottles, and both are preserved.

Mark II.

19 And Jesus said unto them, Can the children of the bridechamber fast, while the bridegroom is with them? as long as they have the bridegroom with them, they cannot fast.

20 But the days will come, when the bridegroom shall be taken away from them, and then shall they fast in those days.

21 No man also seweth a piece of new cloth on an old garment: else the new piece that filled it up taketh away from the old, and the rent is made worse.

22 And no man putteth new wine into old bottles: else the new wine doth burst the bottles, and the wine is spilled, and the bottles will be marred: but new wine must be put into new bottles.

Luke V.

ye make the children of the bridechamber fast, while the bridegroom is with them?

35 But the days will come, when the bridegroom shall be taken away from them, and then shall they fast in those days.

36 And he spake also a parable unto them, No man putteth a piece of a new garment upon an old; if otherwise, then both the new maketh a rent, and the piece that was *taken* out of the new agreeth not with the old.

37 And no man putteth new wine into old bottles: else the new wine will burst the bottles, and be spilled, and the bottles shall perish.

38 But new wine must be put into new bottles; and both are preserved.

39 No man also having drunk old *wine* straightway desireth new: for he saith, The old is better.

യേശു ഗദരയിൽനിന്നു മടങ്ങി വന്നു കരെക്ക് ഇറങ്ങി വലിയ പുരുഷാരത്തിൻ മദ്ധ്യേ നില്ക്കുമ്പോൾ തന്നെ യായിർ എന്ന പള്ളിമൂപ്പൻ അണഞ്ഞു മരിപ്പാറായ മകൾക്കു വേണ്ടി കെഞ്ചിയാചിച്ചു എന്നു മാൎക്ക. ൫, ൨൧ *f* ലൂക്ക. ൮, ൪൦ *f* കേൾക്കുന്നു. മത്തായോ (൯, ൧൮; "അകത്തുവന്നു" എന്നു തന്നെ അല്ല "വന്നു" എന്നത്രെ കാണ്മു) ഉപവാസചോദ്യം തൊട്ടു യേശു സ്നാപകശിഷ്യരോട് സംഭാഷിക്കുമ്പോൾ തന്നെ യായിർ വന്നു എന്നു പറയുന്നു. എന്നിട്ടും സുവിശേഷകർ മൂവരും ചൊല്ലുന്നതു തമ്മിൽ വിപരീതമുള്ളതല്ല. എങ്ങിനെ എന്നാൽ യേശു പടകിൽനിന്നു കിഴിഞ്ഞു കാത്തു നില്ക്കുന്ന പുരുഷാരത്തോട് ചേൎന്ന ഉടനെ അടുത്തു നില്ക്കുന്ന യോഹനാന്യർ ഉപവാസത്തെ കുറിച്ചു ചോദിച്ചു തുടങ്ങി എന്നും, സംഭാഷണം കുറഞ്ഞോന്നു നടന്നതിൽ പിന്നെ യായിരും എത്തി തന്റെ അപേക്ഷയെ കഴിച്ചു എന്നും നിനെപ്പാൻ സംഗതി ഉണ്ടു. ഇപ്രകാരം മൂവരും ചൊന്നതു വഴിയായി വന്നു. പിന്നെ മൂവരും ഈ ഉപവാസചോദ്യത്തെ ലേവിയുടെ വീട്ടിൽ ഉണ്ടായ സദ്യയോട് ചേൎത്തു വൎണ്ണിച്ചതു ആശ്ചൎയ്യമല്ല: അതിലും ഇതിലും ഒരു പോലെ യേശുവിന്റെ കാൎയ്യപുതുക്കത്തോട് എതിൎത്തു നില്ക്കുന്ന പഴയ യഹൂദാത്മാവു വിളങ്ങി വരുന്നു. കൎമ്മനീതിയിലും യമദമങ്ങളിലും രസിക്കുന്ന പറീശൎക്കും യോഹനാന്യൎക്കും ഒരു പോലെ യേശുവിന്റെ ദിവ്യസൌമ്യതയും നീതിഹീനരോട് ഉണ്ടായ കനിവും മററും വെറുപ്പു തോന്നുകയും അതിൻ നിമിത്തം ഗുരുവിൽ കുററം ചുമത്തുകയും ചെയ്കതു കൊണ്ടു സുവിശേഷകർ കാലസൂക്ഷ്മത്തെ അല്ല കാൎയ്യസംബന്ധത്തെ പ്രമാണിച്ചിട്ടു ഇരുപക്ഷക്കാൎക്കും യേശുവിൻ നേരെ ഉണ്ടായ നീരസത്തെ ഒന്നോടൊന്നു ചേൎത്തു വിവരിക്കുന്നു. കാലക്രമത്തെ സൂക്ഷിച്ചാലോ മേൽ കാണിച്ച വിധത്തിൽ അല്ലാതെ വൃത്താന്തങ്ങളെ വഴിപ്പെടുത്തുവാൻ കഴികയില്ല. മത്ത. ൯, ൧൫ൽ "അപ്പോൾ" എന്ന കാലവാചിയും അതിനെ തടുക്കുന്നില്ല. "അപ്പോൾ" എന്നു വെച്ചാൽ അതേ നിമിഷം, അതേ മണിക്കൂറ്, അതേ ദിവസം, അതേ ആഴ്ചവട്ടം, അക്കാലം, എന്നിങ്ങിനെ നാനാവിധമായ അൎത്ഥങ്ങൾ അടങ്ങുന്നുണ്ടല്ലോ. അതുകൊണ്ടു ക്ഷണത്തിൽ തീൎച്ച വരുത്തുവാൻ ഇത്തര കാലവാചികൾ മതിയല്ല; കാലക്രമത്തെ ഉദ്ദേശിക്കുന്ന സൂചകങ്ങളെ ഒക്കത്തക്ക ശോധന ചെയ്കിട്ടു വേണം നിശ്ചയിപ്പാൻ.

സ്നാപകന്റെ ശിഷ്യന്മാർ (മത്ത.) ഗുരു തടവിൽ ഇരിക്കുന്നതും ഇസ്രയേൽ ശുദ്ധീകരണത്തിന്നു മുടക്കം വന്നതും വിചാരിച്ചിട്ടു സദ്യകൾ അല്ല ഉപവാസം തന്നെ വേണ്ടത് എന്നു നിരൂപിച്ചു. പറീശന്മാരും (മാൎക്ക. ലൂക്ക.) യേശുവെ താഴ്ത്തേണ്ടതിന്നു അവരോടു കൂടി ഉപവാസക്കുറവിനെ ശാസിച്ചു. എന്നാറെ യേശു സ്നാപകന്റെ അന്ത്യസാക്ഷ്യത്തെ ഓൎപ്പിച്ചു (യോ. ൩, ൨൯). മണവാളൻ ഉള്ളേടം കല്യാണക്കാർ ഖേദിക്കയും നോല്ക്കുകയും ഇല്ലല്ലോ.

ഇപ്പോൾ തുടങ്ങിയ മശീഹകല്യാണത്തിലേ സന്തോഷത്തെ ആർ എങ്കിലും കുറെച്ചാൽ ദോഷമത്രെ; മണവാളൻ മറവാനുള്ള ദിവസങ്ങൾ വരുമ്പോൾ നോല്ക്കാതിരിക്കയും ഇല്ല എന്നു ചൊന്നതിനാൽ ഇപ്പോൾ ഉദിച്ച നല്ല നാളുകൾക്കു സ്ഥാപകന്റെ കഷ്ടതയാലും സ്വമരണനിശ്ചയത്താലും സന്തോഷം കുറഞ്ഞു പോകരുത് എന്നു കാണിച്ചു.

പിന്നെ രണ്ടു ഉപമകളാൽ തന്റെ കാൎയ്യപുതുക്കത്തെ വിളങ്ങിച്ചു കാട്ടിയത് ഇപ്രകാരം: പറീശന്മാരുടെ ഭാവവും യോഹനാന്യപക്ഷവും തന്റെ പുതുമയോടു ചേരുകയില്ല. അതു പഴകി കീറുന്ന വസ്ത്രമത്രെ; തന്റേതോ കോടിവസ്ത്രം. പുതുഖണ്ഡം പഴയതിൽ തുന്നിയാലും ഇതു ചുരുങ്ങുമ്പോൾ മററതും കീറും. ആകയാൽ പഴയ മതങ്ങളെ അല്പം ഉറപ്പിപ്പാൻ വിചാരിച്ചാൽ ക്രിസ്തീയത്വത്തിന്റെ ഒർ അംശവും കൊള്ളുന്നില്ല. പിന്നെ നിന്റെ ഉപദേശത്തെ പഴയ വെപ്പുകൾ ആകുന്ന പാത്രങ്ങളിൽ അടച്ചു കൂടയോ എന്നു ചോദിച്ചാൽ അതുവും ആകാ. പതെച്ചു പൊങ്ങുന്ന പുതുരസത്തെ പഴയ തുരുത്തികളിൽ പകരുമാറില്ല. അതു ചെയ്താൽ തോലിന്നും രസത്തിന്നും ചേതം വരും. ആകയാൽ പാരമ്പൎയ്യന്യായം കൎമ്മനീതി ദേവാലയഘോഷം പുരോഹിതപ്രാമാണ്യം മുതലായ പൂൎവ്വാചാരങ്ങൾ എല്ലാം ക്രിസ്തീയത്വത്തിന്റെ തോൽ ആകുമാറില്ല (അപോ. ൧൫, ൭—൧൦). സുവിശേഷഘോഷണം ആത്മാവിലേ പാട്ടു തിരുവത്താഴം അന്യോന്യസേവയും ശിക്ഷയും ഈ വകയത്രെ പുതുരസത്തിന്നു തക്ക ഘടങ്ങൾ ആകുന്നതു. പിന്നെ പുതുസാരത്തെ കൊള്ളേണ്ടതിന്നു പഴയ മനുഷ്യൻ ഒട്ടും പോരാ, പുതിയവനേ വേണ്ടു എന്നുള്ള അൎത്ഥവും കൊള്ളിക്കാം. ഇവ്വണ്ണം ഉള്ള ഉപദേശം യോഹനാന്യൎക്ക് രസക്കേടുണ്ടാക്കുന്നതു കണ്ടാറെ കൎത്താവ് താൻ അവൎക്കായി അല്പം ഒഴിച്ചൽ പറഞ്ഞു (ലൂക്ക.): പഴയതു ശീലിച്ചവൻ പുതിയതിൽ തൽക്ഷണം രസിക്കുന്നില്ല സ്പഷ്ടം എന്നത്രെ.

---

§ 74.

JAIRUS'S DAUGHTER AND THE WOMAN WITH AN ISSUE OF BLOOD.

യായിർപുത്രിയും രക്തവാൎച്ചയുള്ളവളും.

MATT. IX.

18 While he spake these things unto them, behold, there came a certain ruler, and worshipped him, saying, My daughter is even now dead: but come and lay thy hand upon her, and she shall live.

19 And Jesus

MARK V.

22 And, behold, there cometh one of the rulers of the synagogue, Jairus by name; and when he saw him, he fell at his feet,

23 And besought him greatly, saying, My little daughter lieth at the point of death: *I pray thee*, come and lay thy hands on her, that she may be healed; and she shall live.

24 And *Jesus* went with him; and much people followed him, and thronged him.

25 And a certain woman, which had an issue of blood twelve years,

26 And had suffered many things of many physicians, and had spent all that she had, and was nothing bettered, but rather grew worse,

LUKE VIII.

41 And, behold, there came a man named Jairus, and he was a ruler of the synagogue: and he fell down at Jesus' feet, and besought him that he would come into his house:

42 For he had one only daughter, about twelve years of age, and she lay a dying. But as he went the people thronged him.

43 And a woman having an issue of blood twelve years, which had spent all her living upon physicians, neither could be healed of any,

44 Came behind *him*, and touch-

Matt. IX.

arose, and followed him, and *so did* his disciples.

20 And, behold, a woman, which was diseased with an issue of blood twelve years, came behind *him*, and touched the hem of his garment:

21 For she said within herself, If I may but touch his garment, I shall be whole.

22 But Jesus turned him about and when he saw her, he said, Daughter, be of good comfort; thy faith hath made thee whole. And the woman was made whole from that hour.

23 And when Jesus came into the ruler's house, and saw the minstrels and the people making a noise,

24 He said unto them, Give place: for the maid is not dead, but sleepeth. And they laughed him to scorn.

25 But when the people were put forth, he went in, and took her by the hand, and the maid arose.

26 And the fame hereof went abroad into all that land.

Mark V.

27 When she had heard of Jesus, came in the press behind, and touched his garment.

28 For she said, If I may touch but his clothes, I shall be whole.

29 And straightway the fountain of her blood was dried up; and she felt in *her* body that she was healed of that plague.

30 And Jesus, immediately knowing in himself that virtue had gone out of him, turned him about in the press, and said, Who touched my clothes?

31 And his disciples said unto him, Thou seest the multitude thronging thee, and sayest thou, Who touched me?

32 And he looked round about to see her that had done this thing.

33 But the woman fearing and trembling, knowing what was done in her, came and fell down before him, and told him all the truth.

34 And he said unto her, Daughter, thy faith hath made thee whole; go in peace, and be whole of thy plague.

35 While he yet spake, there came from the ruler of the synagogue's *house certain* which said, Thy daughter is dead: why troublest thou the Master any further?

36 As soon as Jesus heard the word that was spoken, he saith unto the ruler of the synagogue, Be not afraid, only believe.

37 And he suffered no man to follow him, save Peter, and James, and John the brother of James.

38 And he cometh to the house of the ruler of the synagogue, and seeth the tumult, and them that wept and wailed greatly.

39 And when he was come in, he saith unto them, Why make ye this ado, and weep? the damsel is not dead, but sleepeth.

40 And they laughed him to scorn. But when he had put them all out, he taketh the father and the mother of the damsel, and them that were with him, and entereth in where the damsel was lying.

41 And he took the damsel by the hand, and said unto her, TALITHACUMI; which is being interpreted, Damsel, I say unto thee, arise.

42 And straightway the damsel arose, and walked; for she was *of the age* of twelve years. And they were astonished with a great astonishment.

43 And he charged them straitly that no man should know it; and commanded that something should be given her to eat.

Luke VIII.

ed the border of his garment: and immediately her issue of blood stanched.

45 And Jesus said, Who touched me? When all denied, Peter and they that were with him said, Master, the multitude throng thee and press *thee*, and sayest thou, Who touched me?

46 And Jesus said, Somebody hath touched me: for I perceive that virtue is gone out of me.

47 And when the woman saw that she was not hid, she came trembling, and falling down before him, she declared unto him before all the people for what cause she had touched him, and how she was healed immediately.

48 And he said unto her, Daughter, be of good comfort: thy faith hath made thee whole; go in peace.

49 While he yet spake, there cometh one from the ruler of the synagogue's *house*, saying to him, Thy daughter is dead; trouble not the Master.

50 But when Jesus heard *it*, he answered him, saying, Fear not: believe only, and she shall be made whole.

51 And when he came into the house, he suffered no man to go in, save Peter, and James, and John, and the father and the mother of the maiden.

52 And all wept, and bewailed her: but he said, Weep not; she is not dead, but sleepeth.

53 And they laughed him to scorn, knowing that she was dead.

54 And he put them all out, and took her by the hand, and called, saying, Maid, arise.

55 And her spirit came again, and she arose straightway: and he commanded to give her meat.

56 And her parents were astonished: but he charged them that they should tell no man what was done.

ഇവ്വണ്ണം യേശു കടലരികത്ത് നിന്നു (മാൎക്ക. ൫, ൨൨) യോഹനാന്യരോട് സംസാരിച്ചു കൊണ്ടിരിക്കേ (മത്ത.) പള്ളിമൂപ്പനായ യായിർ വന്നു വണങ്ങി (മാൎക്ക.), ൧൨ വയസ്സായ ഒരു മകളേ ഉള്ളു (ലൂ.) അവൾ മരിപ്പാറായിരിക്കുന്നു എന്നും, പക്ഷെ ഇപ്പോൾ മരിച്ചു എന്നും (മത്ത.), നീ വന്നു കൈവെച്ചാൽ അവൾ ജീവിക്കും എന്നും അപേക്ഷിച്ചാറെ, യേശു കനിഞ്ഞു ശിഷ്യരോടും മറ്റും കൂടി ചെല്ലുന്ന സമയം ൧൨ വൎഷം രക്തവാൎച്ചയാൽ വലഞ്ഞു മുതൽ എല്ലാം ചെലവഴിച്ചിട്ടും ഫലം ഒന്നും വരാതെ കഷ്ടിച്ചു പോയ ഒരു സ്ത്രീ അശുദ്ധ വ്യാധിയെ പ്രസിദ്ധമാക്കുവാൻ നാണിച്ചു യേശുവിന്റെ വസ്ത്രം തൊട്ടാൽ മതി എന്നു നിനെച്ചു, ഈ തിരക്ക നന്നു എന്നു കണ്ടു യേശുവസ്ത്ര

ത്തിലേ നീലനൂൽചെണ്ടിനെ (൪ മോ. ൧൫, ൩൮) തൊട്ടു. ഉടനെ അവൾക്കു ഭേദം വന്നു എന്നു ബോധിച്ചു (മാൎക്ക.). യേശുവും തങ്കൽനിന്നു ശക്തി പുറപ്പെട്ടു എന്നറിഞ്ഞു എന്നെ തൊട്ടത് ആർ എന്നു ചോദിച്ചു, കേഫാ മുതലായവർ ചോദ്യംനിമിത്തം ആശ്ചൎയ്യപ്പെട്ടപ്പോൾ താൻ ചുററും നോക്കി. ഉടനെ സ്ത്രീ വിറെച്ചു കാല്ക്കൽ വീണു പരമാൎത്ഥം എല്ലാം അറിയിച്ചു. ധൈൎയ്യപ്പെടുക എന്മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു, സമാധാനത്തോടെ പോയി ഈ ബാധയിൽനിന്നു സ്വസ്ഥയായ്വസിക്ക എന്നു യേശു അനുഗ്രഹിച്ചു വിടുകയും ചെയ്തു. പക്ഷവാതക്കാരൻ ആണായിട്ടു രക്ഷയെ തുരന്നു കവൎന്നും ഇവൾ പെണ്ണായിട്ടു കൌശലത്താലെ അപഹരിച്ചും കൊൾകയാൽ ഇരുവരും വിശ്വാസധൈൎയ്യത്തിന്നു എന്നും ദൃഷ്ടാന്തമായിരിക്കും.

ഇതിനാൽ ഉണ്ടായ താമസത്തെ പള്ളിമൂപ്പൻ ദുഃഖേന സഹിച്ചപ്പോൾ മകൾ മരിച്ച പ്രകാരം വൎത്തമാനം വന്നു. ഇനി ഗുരുവെ എന്തിന്നു അസഹ്യപ്പെടുത്തുന്നു (മാൎക്ക.) എന്നു കേട്ടാറെ, യേശു പേടിക്കൊല്ലാ വിശ്വസിക്ക മാത്രം ചെയ്ക എന്നു പറഞ്ഞു വീട്ടിൽ എത്തി അമ്മയച്ഛന്മാർ അല്ലാതെ (ലൂക്ക.) കേഫാ യോഹനാൻ യാക്കോബ് എന്ന ഉററ മിത്രങ്ങളെ മാത്രം ചേൎത്തുകൊണ്ടു കടന്നു. അവിടെ കുഴലൂതി പാടി തൊഴിച്ചും കേണും നില്ക്കുന്നവരെ യേശു ശാസിച്ചു; അവർ പരിഹസിച്ചപ്പോൾ ആ കൂലിയാളുകളെ എല്ലാം പുറത്താക്കി കുട്ടിയുടെ കൈപിടിച്ചു തലീഥ കൂമി ("കുഞ്ഞി എഴുനീല്ക്ക", മാൎക്ക.) എന്നു പറഞ്ഞു. ഉടനെ അവൾ എഴുനീററു നടന്നു മററവർ സ്തംഭിച്ചുനിന്നു. യേശു അവൾക്കു തിന്മാൻ കൊടുപ്പിച്ചു ഉണ്ടായ വിവരത്തെ പറയാതിരിപ്പാൻ കല്പിക്കയും ചെയ്തു.

---

§ 75.

Two blind Men and a dumb Demoniac healed.

രണ്ടു കുരുടരെയും ഒരു ഭൂതഗ്രസ്തനെയും സൌഖ്യമാക്കിയതു.

MATT. IX.

27 And when Jesus departed thence, two blind men followed him, crying, and saying, *Thou* Son of David, have mercy on us.

28 And when he was come into the house, the blind men came to him: and Jesus saith unto them, Believe ye that I am able to do this? They said unto him, Yea, Lord.

29 Then touched he their eyes, saying, According to your faith be it unto you.

30 And their eyes were opened; and Jesus straitly charged them, saying, See *that* no man know *it*.

31 But they, when they were departed, spread abroad his fame in all that country.

32 As they went out, behold, they brought to him a dumb man possessed with a devil.

33 And when the devil was cast out, the dumb spake: and the multitudes marvelled, saying, It was never so seen in Israel.

34 But the Pharisees said, He casteth out devils through the prince of the devils.

പള്ളിപ്രമാണിയുടെ വീട്ടിൽനിന്നു യേശു തന്റെ ഭവനത്തിൽ പോകുമ്പോൾ ൨ കുരുടന്മാർ നിലവിളിച്ചു ദാവിദ്പുത്രനായ മശീഹ എന്നു സ്തുതിച്ചു പിന്തുടൎന്നു. വീട്ടിൽ എത്തിയശേഷമത്രെ യേശു അവൎക്കു ചെവികൊടുത്തു വിശ്വാസത്തെ പരീക്ഷിച്ചു കണ്ണു തൊട്ടു കാഴ്ച ഉണ്ടാക്കി. മശീഹനാമം നിമിത്തം ജനകലഹം വരാതെ ഇരിപ്പാൻ കാൎയ്യത്തെ മറെപ്പാൻ കല്പിച്ചാറെയും അവൻ ഇന്നവൻ എന്നു അവർ പരസ്യമാക്കി. അനന്തരം ഭൂതോ

പദ്രവത്താൽ ഊമനായവന്നു ഭേദം വരുത്തിയപ്പോൾ ജനങ്ങൾ ഇപ്രകാരം ഇസ്രയേലിൽ ഒരു സമയവും ഉണ്ടായില്ല എന്നു വാഴ്ത്തി. പറീശന്മാരോ അസൂയ പൊറുക്കാതെ ഇവൻ ഭൂതനാഥന്റെ സേവയാൽ അത്രെ ഭൂതങ്ങളെ നീക്കുന്നു എന്നു ൨ ദിവസങ്ങൾക്കു മുമ്പെ (§ ൬൯) ചൊല്ലിയ ദൂഷണത്തെ നില്ലജ്ജയോടെ ആവർത്തിച്ചു പറഞ്ഞു. ദൂഷികൾക്കു അന്നു തട്ടിയ ആക്ഷേപണാദികൾ തൽകാലം പോരും എന്നും ഹൃദയകാഠിന്യം മാറാത്ത ദ്രോഹികളെ ഇനി എത്ര ശാസിച്ചാലും എല്ലാം വ്യർത്ഥമേ എന്നും ഓർത്തിട്ടു യേശു ദൂഷണത്തെ പൊറുത്തു മിണ്ടാതിരിക്കയും ചെയ്തു.

---

§ 76.

THE PARALYTIC HEALED.

വാതശാന്തി.

MATT. IX.

2 And, behold, they brought to him a man sick of the palsy, lying on a bed: and Jesus seeing their faith said unto the sick of the palsy; Son, be of good cheer; thy sins be forgiven thee.

3 And, behold, certain of the scribes said within themselves, This *man* blasphemeth.

4 And Jesus knowing their thoughts said, Wherefore think ye evil in your hearts?

5 For whether is easier, to say, *Thy* sins be forgiven thee; or to say, Arise, and walk?

6 But that ye may know that the Son of man hath power on earth to forgive sins, (then saith he to the sick of the palsy,) Arise, take up thy bed, and go unto thine house.

7 And he arose, and departed to his house.

8 But when the multitudes saw *it*, they marvelled, and glorified God, which had given such power unto men.

MARK II.

1 And again he entered into Capernaum, after *some* days; and it was noised that he was in the house.

2 And straightway many were gathered together, insomuch that there was no room to receive *them*, no, not so much as about the door: and he preached the word unto them.

3 And they come unto him, bringing one sick of the palsy, which was born of four.

4 And when they could not come nigh unto him for the press, they uncovered the roof where he was: and when they had broken *it* up, they let down the bed wherein the sick of the palsy lay.

5 When Jesus saw their faith, he said unto the sick of the palsy, Son, thy sins be forgiven thee.

6 But there were certain of the scribes sitting there, and reasoning in their hearts,

7 Why doth this *man* thus speak blasphemies? who can forgive sins but God only?

8 And immediately when Jesus perceived in his spirit that they so reasoned within themselves, he said unto them, Why reason ye these things in your hearts?

9 Whether is it easier to say to the sick of the palsy, *Thy* sins be forgiven thee; or to say, Arise, and take up thy bed, and walk?

10 But that ye may know that the Son of man hath power on earth to forgive sins, (he saith to the sick of the palsy,)

11 I say unto thee, Arise, and take up thy bed, and go thy way into thine house.

12 And immediately he arose, took up the bed, and went forth before them all; insomuch that they were all amazed, and glorified God, saying, We never saw it on this fashion.

LUKE V.

17 And it came to pass on a certain day, as he was teaching, that there were Pharisees and doctors of the law sitting by, which were come out of every town of Galilee, and Judæa, and Jerusalem: and the power of the Lord was *present* to heal them.

18 And, behold, men brought in a bed a man which was taken with a palsy: and they sought *means* to bring him in, and to lay *him* before him.

19 And when they could not find by what *way* they might bring him in because of the multitude, they went upon the housetop, and let him down through the tiling with *his* couch into the midst before Jesus.

20 And when he saw their faith, he said unto him, Man, thy sins are forgiven thee.

21 And the scribes and the Pharisees began to reason, saying, Who is this which speaketh blasphemies? Who can forgive sins, but God alone?

22 But when Jesus perceived their thoughts, he answering said unto them, What reason ye in your hearts?

23 Whether is easier, to say, Thy sins be forgiven thee; or to say, Rise up and walk?

24 But that ye may know that the Son of man hath power upon earth to forgive sins, (he said unto the sick of the palsy,) I say unto thee, Arise, and take up thy couch, and go into thine house.

25 And immediately he rose up before them, and took up that whereon he lay, and departed to his own house, glorifying God.

26 And they were all amazed, and they glorified God, and were filled with fear, saying, We have seen strange things to day.

ഗദരയാത്രയിൽനിന്നു (§൭൫) സ്വപട്ടണത്തിൽ മടങ്ങി വന്ന നാൾ തന്നെ (മത്ത. ൯, ൧) യേശു തെരുവീഥിയിലും യായിർഭവനത്തിലും അത്ഭുതങ്ങളെ പ്രവൃത്തിക്കയും (§൭൩), താൻ പാൎക്കുന്ന വീട്ടിൽ എത്തീട്ടു രണ്ടു കുരുടന്മാരേയും ഒരു ഭൂതഗ്രസ്തനേയും (§൭൪) സ്വസ്ഥമാക്കുകയും ചെയ്തപ്പോൾ പുരുഷാരങ്ങളോടു കൂടെ യഹൂദയിൽനിന്നും ചില പറീശന്മാരും വൈദികരും (ലൂക്ക.) അവനെ കേൾപ്പാൻ വന്നതിനാൽ വാതിൽപ്രവേശത്തിന്നു വഴിയില്ലാതെ ആയി. അവൎക്കു യേശു ഉപദേശിച്ചു സ്വസ്ഥമാക്കുവാൻ ദേവശക്തിയുള്ളവനായി വിളങ്ങുമ്പോൾ (ലൂക്ക.), ഒരു പക്ഷവാതക്കാരൻ യേശുവിൽ വിശ്വാസം മുഴുത്തുകൊണ്ടു വേറെ വഴി കാണാഞ്ഞു താമസം വെറുത്തു, തന്നെ ചുമക്കുന്ന നാല്വരെകൊണ്ടു മേല്പുരയുടെ കല്പലകകളെ പൊളിപ്പിച്ചു കിടക്കയോടും കൂടെ തന്നെ ഇറക്കിച്ചു യേശുസന്നിധിയിൽ ആകയും ചെയ്തു. രോഗശാന്തിക്കു മാത്രമല്ല വിശേഷാൽ പാപക്ഷമയെ പ്രാപിപ്പാൻ ഇപ്രകാരം വന്നത് എന്നു യേശു അറിഞ്ഞു, മകനേ ധൈൎയ്യപ്പെട്ടുക, നിന്റെ പാപങ്ങൾക്കു മോചനം ആയി എന്നരുളിച്ചെയ്തു. വൈദികന്മാർ അതു കേട്ടു ഞെട്ടി ഇതു ദേവദൂഷണമല്ലോ, ധൎമ്മലംഘനത്തിന്ന് ഒക്കെക്കും കുററബലിയും യഹോവാലയത്തിലേ ആചാൎയ്യന്മാർ കല്പിക്കുന്ന പരിഹാരവും തന്നെ വേണ്ടു എന്നും മററും ഉള്ളുകൊണ്ടു വിചാരിച്ചു. എന്നാൽ യേശു അത് അറിഞ്ഞു, നിങ്ങൾ ദോഷം നിരൂപിക്കുന്നത് എന്തു, പാപമോചനമോ രോഗശാന്തിയോ എന്തു കല്പിപ്പാൻ പ്രയാസം ചുരുങ്ങിയത് എന്നു ചോദിച്ചു, ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ടെന്ന് എല്ലാവരും അറിയേണ്ടതിന്നു പക്ഷവാതക്കാരനെ നോക്കി, നീ എഴുനീററു കിടക്കയെ എടുത്തുകൊണ്ടു പോക എന്നു കല്പിച്ചു. അപ്രകാരം അവൻ ചെയ്തു എല്ലാവരുടെ നടുവിലും കൂടി കടന്നു പുറപ്പെട്ടപ്പോൾ (മാൎക്ക.) മനുഷ്യൎക്ക് ഇത്ര അധികാരം നല്കിയ ദൈവത്തെ പുരുഷാരത്തോട് ഒന്നിച്ചു സ്തുതിക്കയും ചെയ്തു (ലൂക്ക.). മുടവൻ മാൻ എന്ന പോലെ തുള്ളും എന്ന വാഗ്ദത്തം നിവൃത്തിയായി പോൽ (യശ. ൩൫, ൬).

---

§ 77.

The Call of Levi and the Feast in his House.

ലേവിയുടെ വിളിയും വിരുന്നും.

MATT. IX.

9 And as Jesus passed forth from thence, he saw a man, named Matthew, sitting at the receipt of custom: and he saith unto him, Follow me. And he arose, and followed him.
10 And it came to pass, as Jesus sat at meat in the house, behold, many publicans and sinners came and sat down with him and his disciples.
11 And when the Pharisees

MARK II.

13 And he went forth again by the sea side; and all the multitude resorted unto him, and he taught them.
14 And as he passed by, he saw Levi the *son* of Alphæus sitting at the receipt of custom, and said unto him, Follow me. And he arose and followed him.
15 And it came to pass, that, as Jesus sat at meat in his house, many publicans and sinners sat also together with Jesus and his disciples:

LUKE V.

27 And after these things he went forth, and saw a publican, named Levi, sitting at the receipt of custom: and he said unto him, Follow me.
28 And he left all, rose up, and followed him.
29 And Levi made him a great feast in his own house: and there was a great company of publicans and of others that sat down with them.

Matt. IX.

saw *it*, they said unto his disciples, Why eateth your Master with publicans and sinners?

12 But when Jesus heard *that*, he said unto them, They that be whole need not a physician, but they that are sick.

13 But go ye and learn what *that* meaneth, I will have mercy, and not sacrifice: for I am not come to call the righteous, but sinners to repentance.

Mark II.

for there were many, and they followed him.

16 And when the scribes and Pharisees saw him eat with publicans and sinners, they said unto his disciples, How is it that he eateth and drinketh with publicans and sinners?

17 When Jesus heard *it*, he saith unto them, They that are whole have no need of the physician, but they that are sick: I came not to call the righteous, but sinners to repentance.

Luke V.

30 But their scribes and Pharisees murmured against his disciples, saying, Why do ye eat and drink with publicans and sinners?

31 And Jesus answering said unto them, They that are whole need not a physician; but they that are sick.

32 I came not to call the righteous, but sinners to repentance.

വാതശാന്തി (§ ൬൭) ഉണ്ടായ ദിവസത്തിലോ പിറേറ നാളോ (മത്താ.) യേശു പുറപ്പെട്ടു തീരത്തു ചെന്നു ചുങ്കസ്ഥലത്തു കണ്ട ലേവിയെ (മാൎക്ക. ലൂക്ക.) ശിഷ്യനാക്കി വരിച്ചു. അവൻ മുമ്പിൽ കൂട്ടി യേശുവെ കേട്ടനുസരിച്ചു വന്നും അന്നുമുതൽ മത്തായി (മതത്ഥ്യ, "ദേവദാനം") എന്ന നാമം ലഭിച്ചു വന്നും ആകുന്നു (മത്ത.). സകലവും ഉപേക്ഷിച്ചു തന്റെ കൂട്ടരെ വിട്ടും മുമ്പെ അവൻ ഒരു സദ്യ കഴിച്ചു, ചുങ്കക്കാരോടും നാനാജാതിസംസൎഗ്ഗത്താലും മററും ഭ്രഷ്ടരായി പോയ പാപികളോടും യേശുവും ഒരുമിച്ചിരുന്നു ഭക്ഷിച്ചു. ആയ്തു പറീശന്മാർ ആക്ഷേപിച്ചു ശിഷ്യരെ ശാസിച്ചപ്പോൾ വൈദ്യനെക്കൊണ്ടു സ്വസ്ഥന്മാൎക്കല്ല ദുസ്ഥന്മാൎക്കേ ആവശ്യം ഉള്ളു; ഈ ഹീനന്മാൎക്കില്ലാത്ത ബലികൎമ്മങ്ങൾ നിങ്ങൾക്കു ഉണ്ടു സത്യം എങ്കിലും ദൈവം പ്രസാദിക്കുന്നതു സഹോദരപ്രീതിയിലും കരുണാകൎമ്മങ്ങളിലും അത്രെ (ഹൊശ. ൬, ൬), അതു നിങ്ങൾ ഇനി പഠിക്കേണ്ടതു (മത്ത.); നീതിമാന്മാരെ അല്ല മാനസാന്തരത്തിന്നായി പാപികളെ വിളിപ്പാനത്രെ ഞാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

---

§ 78.

JESUS AGAIN AT NAZARETH AND AGAIN REJECTED.

യേശു തിരികെ നചറത്തിൽ വന്നു തള്ളപ്പെട്ടതു.

MATT. XIII.

53 And it came to pass, *that* when Jesus had finished these parables, he departed thence.

54 And when he was come into his own country, he taught them in their synagogue, insomuch that they were astonished, and said, Whence hath this *man* this wisdom, and *these* mighty works?

55 Is not this the carpenter's son? is not his mother called Mary? and his brethren, James, and Joses, and Simon, and Judas?

56 And his sisters, are they not all with us? Whence then hath this *man* all these things?

57 And they were offended in him. But Jesus said unto them, A prophet is not without honour, save in his own country, and in his own house.

58 And he did not many mighty works there because of their unbelief.

MARK VI.

1 And he went out from thence, and came into his own country; and his disciples follow him.

2 And when the sabbath day was come, he began to teach in the synagogue: and many hearing *him* were astonished, saying, From whence hath this *man* these things? and what wisdom *is* this which is given unto him, that even such mighty works are wrought by his hands?

3 Is not this the carpenter, the son of Mary, the brother of James, and Joses, and of Juda, and Simon? and are not his sisters here with us? And they were offended at him.

4 But Jesus said unto them, A prophet is not without honour, but in his own country, and among his own kin, and in his own house.

5 And he could there do no mighty work, save that he laid his hands upon a few sick folk, and healed *them*.

6 And he marvelled because of their unbelief. And he went round about the villages, teaching.

യഹൂദനാട്ട വിട്ട ശമൎയ്യയിൽകൂടി കടന്ന ഗലീലയിൽ എത്തിയ ഉടനെ യേശു നചറത്തിൽവന്ന ശബ്ബത്തിൽ പ്രസംഗം കഴിച്ചു, കോപപരവശരായ ഊർക്കാരുടെ കൈയാൽ പ്രാണസങ്കടം ഉണ്ടാകുമാറു തള്ളപ്പെട്ടുകയും ചെയ്തു എന്ന മീതെ ചൊല്ലി കേട്ടുവല്ലോ (§ ൬൫). അന്ന അനുഭവിച്ച ധിക്കാര സാഹസങ്ങളെ കണക്കിടാതെ യേശു തിരികെ താൻ വളൎന്ന പിതൃനഗരത്തിൽ ചെന്ന സുവിശേഷം ഘോഷിപ്പാൻ നിശ്ചയിച്ചു. അതു സംഭവിച്ചതു ഉപമാപ്രസംഗം കഴിച്ച ദിവസത്തിൽ പിന്നെ എന്ന മത്തായും, യായിറ്പുത്രിയെ ജീവിപ്പിച്ച ശേഷം എന്ന മാൎക്കും പറയുന്നു. രണ്ടും ശരി തന്നെ. എങ്ങിനെ എന്നാൽ മേലിലേ വൃത്താന്തക്രമപ്രകാരം (§§ ൬൮—൭൪) യേശു ഉപമകളിൽ ഉപദേശിച്ചതിന്നും പള്ളിമൂപ്പന്റെ മകളെ എഴുനീല്പിച്ചതിന്നും ഇടേ ഗദരയാത്ര എന്ന് ഒരേകദിവസമേ കിടന്നുള്ളു. അതുകൂടാതെ യായിറ്പുത്രിയെ എഴുനീല്പിച്ച ഉടനെ, അഥവാ ഉപമാപ്രസംഗം കഴിച്ച ഉടനെ നചറത്തേക്കു യാത്രയായി എന്ന് ഇത്ര തിട്ടമായല്ലല്ലോ സുവിശേഷകർ കാലത്തെ വിവരിച്ചതു; ഇന്നിന്നതിൽ പിന്നെ പുറപ്പെട്ടു എന്നത്രെ പറയുന്നതു. അതിന്നിടെക്കുള്ള മൂന്നോ നാലോ ദിവസങ്ങളിൽ മറ്റോരൊന്ന സംഭവിച്ചായിരിക്കും എന്ന നിരൂപണത്തെ വിരോധിപ്പാൻ തക്ക സംഗതികൾ ഒന്നും ഇല്ല.

എന്നാൽ ശിഷ്യന്മാരോടു കൂടെ യേശു നചറത്തിൽ വന്ന പള്ളിയിൽ ഉപദേശിച്ചു തുടങ്ങിയപ്പോൾ ഊൎക്കാർ സ്തംഭിച്ചു, ൟ ജ്ഞാനവും ശക്തിയും അവന്ന എവിടെനിന്ന എന്നും, അവൻ തച്ചന്റെ മകനല്ലയോ (താനും തച്ചൻ, മാൎക്ക.), അമ്മയും നാലു സഹോദരന്മാരും സഹോദരികളും നമ്മോടു കൂടെ ഉണ്ടല്ലോ എന്നും ചൊല്ലി അവങ്കൽ ഇടറിപ്പോകയും ചെയ്തു. യേശുവോ അവരുടെ അവിശ്വാസംകൊണ്ടു വിസ്മയിച്ചു, ഒരു ദിവ്യന്ന തന്റെ ഊരിലും വംശത്തിലും കുടിയിലും മാത്രം മാനം ഇല്ല എന്ന ദുഃഖത്തോടെ പറഞ്ഞു, അല്പം ചില രോഗികളെ സൌഖ്യമാക്കിയതല്ലാതെ ഊൎക്കാരുടെ നീരസം കണ്ട നിമിത്തം അത്ഭുതങ്ങളെ ചെയ്വാൻ കഴിഞ്ഞതും ഇല്ല.

---

§ 79.

Jesus on a Circuit, followed by great Multitudes.

ഒന്നാം ഘോഷണയാത്രയും പുരുഷാരങ്ങൾ യേശുവെ പിന്തുടൎന്നതും.

MATT. IV.

23 And Jesus went about all Galilee, teaching in their synagogues, and preaching the gospel of the kingdom, and healing all manner of sickness and all manner of disease among the people.

24 And his fame went throughout all Syria: and they brought unto him all sick people that were taken with divers diseases and torments, and those which were possessed with devils, and those which were lunatick, and those that had the palsy: and he healed them.

25 And there followed him great multitudes of people from Galilee, and *from* Decapolis, and *from* Jerusalem, and *from* Judæa, and *from* beyond Jordan.

LUKE VI.

17 . . . and a great multitude of people out of all Judæa and Jerusalem, and from the sea coast of Tyre and Sidon, which came to hear him, and to be healed of their diseases;

18 And they that were vexed with unclean spirits; and they were healed.

19 And the whole multitude sought to touch him: for there went virtue out of him, and healed *them* all.

നചറത്തിൽ രണ്ടാം പ്രാവശ്യം തള്ളപ്പെട്ട ശേഷം യേശു ചുററുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊണ്ടു സഞ്ചരിക്കയും ചെയ്തു എന്നു മാൎക്ക. (ന്ന, ന്ന) ചൊല്ലുന്നു. ഇതു പൎവ്വതപ്രസംഗത്തിൻ മുമ്പെയുള്ള ഘോഷണയാത്ര തന്നെ എന്നതിനെ കുറിച്ചു §ന്ദ്ര്ലേ സൂചകത്തെ ഒത്തു നോക്ക. ഗലീലപ്രയാണവിവരങ്ങൾ അടങ്ങുന്ന ആ രണ്ടാം വൃത്താന്തമാലയുടെ (§§൭ൻ—വൃന്ന) ആരംഭം ഇതു തന്നെ. ഒന്നാം വൃത്താന്തമാലയിൽ (§§ന്ദ്ര—൭൭) വിശേഷാൽ കഫൎന്നഹൂമിൽ തന്നെ നടന്ന കൎത്തൃവേല വൎണ്ണിച്ചിരിക്കേ ഇനിമേലാൽ ഊൎസഞ്ചാരമേ പ്രധാനം. പൎവ്വതപ്രസംഗത്തിൽ പിന്നെ യേശു തിരികെ സ്വപട്ടണത്തിൽ വന്നു ചില അതിശയങ്ങളെ ചെയ്തെങ്കിലും ഒരേക ദിവസത്തിൽ അധികം അവിടെ പാൎപ്പാൻ മനസ്സില്ലാതേയും ശിഷ്യരുടെ അപേക്ഷയെ കൂട്ടാക്കാതേയും ക്ഷണത്തിൽ പുതു പ്രയാണത്തിന്നു പുറപ്പെട്ടു എന്നു കേൾക്കുന്നു (§വൃന്ന).

എന്നാൽ നചറത്തെ വിട്ടിട്ടു യേശു ഗലീലയിൽ ഊരും നാടും കടന്നു ദേവരാജ്യം ആരംഭിച്ചു എന്നു പള്ളിതോറും ഘോഷിച്ചു പല ബാധാരോഗശാന്തികളാലും വചനത്തെ പ്രമാണിപ്പിച്ചു, സുറിയ നാട് എങ്ങും കീൎത്തിതനായി, ഗലീല ദശപുരി * യരുശലെം യഹൂദ പരായ്മ്യ മുതലായ ദേശങ്ങളിൽനിന്നും ജനങ്ങൾ വന്നു കൂടി ചെല്ലുകയും ചെയ്തു.

---

§ 80.

A Night in Prayer on the Mount. The Twelve chosen.

പൎവ്വതത്തിലേ പ്രാൎത്ഥനയും പന്തിരുവരെ വരിച്ചതും.

MATT. V.

1 And seeing the multitudes, he went up into a mountain: and when he was set, his disciples came unto him:

MARK III.

13 And he goeth up into a mountain, and calleth *unto him* whom he would: and they came unto him.

14 And he ordained twelve, that they should be with him, and that he might send them forth to preach,

15 And to have power to heal sicknesses, and to cast out devils:

16 And Simon he surnamed Peter:

17 And James the *son* of Zebedee, and John the brother of James; and he surnamed them Boanerges, which is, The sons of thunder:

18 And Andrew, and Philip, and Bartholomew, and Matthew, and Thomas, and James the *son* of Alphæus, and Thaddæus, and Simon the Canaanite.

19 And Judas Iscariot, which also betrayed him: . . .

LUKE VI.

12 And it came to pass in those days, that he went out into a mountain to pray, and continued all night in prayer to God.

13 And when it was day, he called *unto him* his disciples: and of them he chose twelve, whom also he named apostles;

14 Simon, (whom he also named Peter,) and Andrew his brother, James and John, Philip and Bartholomew,

15 Matthew and Thomas, James the *son* of Alphæus, and Simon called Zelotes,

16 And Judas *the brother* of James, and Judas Iscariot, which also was the traitor.

17 And he came down with them, and stood in the plain, and the company of his disciples, . . .

എന്നാൽ ഒരു വലിയ പുരുഷാരങ്ങളെ കണ്ടിട്ടു യേശു ഗലീലക്കടലിൻ അരികത്തുള്ള താണപ്രദേശത്തെ വിട്ടു പടിഞ്ഞാറെ മലനാട്ടിൽ ചെന്നു (മത്ത. മാൎക്ക.). ഇന്ന ദിക്ക എന്നു സുവിശേഷത്തിൽ കേൾക്കുന്നില്ല; എന്നാൽ അതു

---

* ആ ൧൦ രോമപട്ടണങ്ങളിൽ ബെത്ത്ശാൻ (൧ ശമു. ൩൧, ൧൦) മാത്രം യൎദ്ദനിക്കരയിൽ ഉള്ളതു, ശേഷം ഗദര (§ ൭൨) ഗരസ, പെല്ല, ഹിപ്പൂ, കനഥ, റബ്ബത്ത്, അബീല മുതലായതു യൎദ്ദനക്കരയിൽ ഫിലിപ്പിന്റെ ഇടവകയിൽ തന്നെ. അവററിന്നു ദമസ്കിനോടും ഒരു വിധമായ ചേൎച്ച ഉണ്ടായി.

കഫൎന്നഹൂമിൽനിന്നു ൫ നാഴിക ദൂരമുള്ള കൎന്ൻഹത്തിൻ എന്നും ധന്യവാദപൎവ്വതം എന്നും പേർ ധരിച്ച ഉയൎന്നിലം തന്നെ എന്ന് ഒരു പുരാണസമ്പ്രദായം പറയുന്നു. അതിന്റെ ചുവട്ടിൽ ഹത്തിൻ എന്ന വലിയൊരു മൈതാനം ഉണ്ടു. യേശു പൎവ്വതപ്രസംഗത്തെ കഴിച്ച സ്ഥലം ഇതു തന്നെ എന്ന് ഊഹിക്കാം. അതു താണപ്രദേശം അല്ല, മലനാട്ടിലേ ഒരു സമഭൂമി തന്നെ. ആയതുകൊണ്ടു യേശു മലമേൽ കരേറി പ്രസംഗം കഴിച്ചു എന്നു മത്തായി പറയുന്നതും (൫, ൧), മലയിൽനിന്ന് ഇറങ്ങി സമഭൂമിയിൽ പ്രസംഗം കഴിച്ചു എന്നു ലൂക്ക. (൬, ൧൭) ചൊല്ലുന്നതും തമ്മിൽ വിപരീതമുള്ളതല്ല. താണപ്രദേശം വേറെ, മലനാട്ടിലേ മൈതാനം വേറെ, പൎവ്വതശിഖരവും വേറെ എന്നീ വ്യത്യാസത്തെ ഓൎക്കേ വേണ്ടു.

എന്നാൽ പൎവ്വതപ്രസംഗത്തിൻ തലനാളിൽ വൈകുന്നേരം യേശു ആ ശിഖരത്തിൽ കയറി രാത്രി മുഴുവനും പ്രാൎത്ഥിച്ചു കൊണ്ടിരുന്നു (ലൂക്ക.) ഇങ്ങിനെ ശിഷ്യക്കൂട്ടത്തിൽനിന്നു അപോസ്തലസ്ഥാനത്തിന്നായി പന്ത്രണ്ടു ശ്രേഷ്ഠന്മാരെ തെരിഞ്ഞെടുക്കുന്നതിലും പുത്രൻ സ്വേച്ഛയെ ഒക്ക തള്ളി, പിതാവിന്നു ബോധിച്ചവർ ആർ എന്നു മാത്രം നോക്കി ദേവേഷ്ടത്തിന്നു കേവലം കീഴടങ്ങിയതു കൊണ്ടു ഒടുക്കത്തേ പ്രാൎത്ഥനാരാത്രിയിൽ (യോ. ൧൭) "അവർ നിന്റെവരായിരുന്നു, നീ അവരെ എനിക്കു തന്നു, നീ എനിക്കു തന്നവരെ ഞാൻ സൂക്ഷിക്കയും ചെയ്തു, നാശപുത്രൻ ഒഴികെ അവരിൽ ഒരുത്തനും നശിച്ചു പോയതും ഇല്ല" എന്ന് ആനന്ദിച്ചു പുകഴ്ത്തുവാൻ സംഗതിവന്നു. എന്നാൽ ൟ രണ്ടു രാത്രികളിലും അതിന്നിടെക്കുള്ള ആണ്ടിലും യേശു പന്തിരുവരുടെ ഗുണാഗുണങ്ങളേയും യോഗ്യായോഗ്യങ്ങളേയും പാൎത്തിട്ടു ചിന്തിച്ചു ദുഃഖിച്ചും പൊറുത്തു ക്ഷമിച്ചും പ്രാൎത്ഥിച്ച് അദ്ധ്യാനിച്ചുംകൊണ്ടു ചുമന്ന ഭാരത്തെ ആർ ചൊല്ലു. നാശപുത്രനിലും ഇടവിടാതെ നടത്തി പോന്ന ഇടയവേലയുടെ കണക്കു ആൎക്ക് അറിയാം!

പകലായ ശേഷം യേശു ശിഷ്യന്മാരെ വിളിച്ചുകൂട്ടി അവരിൽ പന്തിരുവരെ തന്നോടു കൂടെ ഇരിപ്പാൻ (മാൎക്ക. ൩) വേൎത്തിരിച്ചു തന്റെ പ്രേരിതരാകുന്ന സ്ഥാനത്തേയും കല്പിച്ചു കൊടുത്തു (ലൂക്ക.). [അതു സുറിയഭാഷയിൽ ശ്ലീഹന്മാർ, യവനഭാഷയിൽ അപോസ്തലർ എന്നത്രെ]. അവർ ൧൨ ആയിരിക്കുന്നത് ഇസ്രയേൽ ൧൨ ഗോത്രങ്ങളെ മശീഹയുടെ സ്ഥാനികളായി വാഴേണ്ടതിന്നു തന്നെ (മത്ത. ൧൯, ൨൮). പിന്നെ ആ എണ്ണത്താൽ തന്നെ അവർ വിശുദ്ധ പാളയവും ദേവനഗരവും നിത്യസഭയുടെ വേരും സാരാംശവും കൎത്താവിൻ പലവിധമായ തേജസ്സ് ലോകത്തിൽ വിളങ്ങുവാന്തക്ക (യോ. ൨൦, ൨൧) ൧൨ രത്നങ്ങളും (വെളിപ്പ. ൨൧) എന്നത്രെ സിദ്ധാന്തം.

അവരുടെ പേരുകളെ ൪വിധേന പറഞ്ഞിരിക്കുന്നു (മത്ത. ൧൦, ൨; മാൎക്ക. ൩, ൧൬; ലൂക്ക. ൬, ൧൪; അപോ. ൧, ൧൩). നാലു ദിക്കിലും നന്നാലു പേൎക്കു ൩ തലവന്മാർ ഒരു പോലെ കാണുന്നു. ഒന്നാമൻ കെഫാ (പേത്രൻ, "പ്രസ്തരൻ") എന്ന ശീമോൻ. യഹൂദരിലും (അപോ. ൨) ജാതികളിലും (അപോ. ൧൦) തിരുസഭെക്ക് അടിസ്ഥാനം ഇടുവാൻ ദേവകരുണയാൽ പൎയ്യാപ്തൻ തന്നെ. അന്ത്രയാ എന്ന സഹോദരൻ മുമ്പെ തന്നെ യേശുവെ അനുഗമി

ച്ചവനും, യവനരെ യേശുവിന്നടുക്കൽ വരുത്തിയവനും (യോ. ൧൨, ൨൨), യരുശലേമിന്റെ ശിക്ഷാകാലത്തെ കുറിച്ചു ചോദിച്ചവനും (മാൎക്ക. ൧൩, ൩) തന്നെ. പിന്നെ ജബെദി ശലൊമ എന്നവരുടെ മക്കളായ യാകോബും യോഹനാനും "ഇടി പുത്രർ" എന്ന നാമം ലഭിച്ചവർ (മാൎക്ക.; ലൂക്ക. ൯, ൫൪). അവരിൽ ഒന്നാമൻ യരുശലെംസഭയെ നടത്തി രക്തസാക്ഷിയായി മുൻകഴിഞ്ഞു (അപോ. ൧൨); മററവൻ പന്തിരുവരിൽ ഒടുക്കത്തവനായി ഭൂമിയിൽ പാൎത്തു കൎത്താവിന്റെ ഇടികളെ സഭയെ കേൾപ്പിച്ചവൻ തന്നെ (വെളിപ്പ.). ഇങ്ങിനെ മീൻപിടിക്കാർ നാലുപേരും.

രണ്ടാം പകുപ്പിന്റെ തലയിൽ ബെത്ത്ചൈദക്കാരനായ ഫിലിപ്പ് ആകുന്നു. അവൻ നഥാന്യേലെ "നീ വന്നു കാണ്ക" എന്നു യേശുവിന്നടുക്കൽ വിളിച്ചു, പിന്നെ യവനരെ വരുത്തിയ ശേഷവും "പിതാവെ കാണിക്ക" എന്ന വചനത്താലെ (യോ. ൧൪, ൮) കൎത്താവെ ദുഃഖിപ്പിച്ചവൻ. അവൻ വിളിച്ച സ്നേഹിതൻ തൊല്മായ്പുത്രൻ അത്രെ (തൊല്മായി, "ശൂരൻ", ൨ ശമു. ൧൩, ൩൭). ഖിന്നഭാവത്താൽ പ്രസിദ്ധനായ തോമാ ("ഇരട്ടി", യോ. ൧൧, ൧൬; ൨൦, ൨൪) ഗാഢാത്മാവുള്ളവനാകുന്നു. മത്തായി തനിക്കു താൻ ചുങ്കക്കാരൻ എന്ന പേർ കൊടുത്തവൻ (മത്ത.). ഇതു രണ്ടാം പകുപ്പു.

മൂന്നാമതിൽ ഹല്പായ്പുത്രനായ യാക്കോബ് ഒന്നാമൻ. അവൻ വേദധൎമ്മത്തിലേ അനുസരണത്തെ സുബോധത്തോടെ ശീലിച്ചും ശീലിപ്പിച്ചും പോന്നു (യാക്ക.) യരുശലെംസഭെക്കു ഒന്നാം യാക്കൊബിന്റെ മരണശേഷം തലവനായ്പാൎത്തു. ചുറുക്കും കരുത്തും അധികം ഉള്ള ലബ്ബായി (മത്ത.) തദ്ദായി (മാൎക്ക.) എന്ന യഹൂദ ജ്യേഷ്ഠന്റെ കീഴടങ്ങിയതാൽ "യാക്കോബിൻ യഹൂദ" (ലൂക്ക.) എന്ന പേർ കൊണ്ടു. രണ്ടു സഹോദരന്മാരുടെ ഗുണവിവരം അവരുടെ ലേഖനങ്ങളാൽ അറിയാം. മൂന്നാം സഹോദരൻ ഊഷ്മാവേറിയ ശിമോൻ തന്നെ. കനാനി (മാൎക്ക.) ജെലോതാ (ലൂക്ക.) എന്ന നാമങ്ങൾക്കു വാശിക്കാരൻ എന്ന അൎത്ഥം ആകുന്നു; അതു ദേവധൎമ്മത്തിന്നായോ വംശസ്വാതന്ത്ര്യത്തിന്നായോ (ഭാഗ. ൫൭) എന്നറിയുന്നില്ല. ജ്യേഷ്ഠന്റെ സാക്ഷിമരണശേഷം അവൻ യരുശലെംസഭെക്ക് അദ്ധ്യക്ഷനായി ത്രയാന്റെ കീഴിൽ മരിച്ചു.* ഇവർ എല്ലാവരും ഗലീലക്കാർ. കറിയൊത്ത് ഊർ യഹൂദയിൽ ആകകൊണ്ടു കറിയോത്യനായ യഹൂദ എന്ന പേർ ധരിച്ചവൻ പക്ഷെ ആദി മുതൽ ശിഷ്യരിൽ കുറയ സാന്നിദ്ധ്യമുള്ളവനായി വിളങ്ങി. അവൻ പണകാൎയ്യത്തെ സാമൎത്ഥ്യത്തോടെ നോക്കുന്നവനും ബെത്ഥന്യയിൽ ഉള്ള അഭിഷേകകാൎയ്യത്തിൽ ശേഷം ശിഷ്യന്മാരെ ഇളക്കി വശീകരിച്ചവനും ആയ്തോന്നു. അവന്റെ ദ്രോഹം അനുതാപം മരണം മുതലായത് എല്ലാം വിചാരിച്ചാൽ താനായി ഉപായം വിചാരിച്ചു നടത്തുവാൻ എത്രയും ശക്തിയുള്ള ആത്മാവ് എന്നു തോന്നുന്നു. ആകയാൽ അവന്റെ കണ്ണു നേരായിരുന്നു എങ്കിൽ ദേവരാജ്യത്തിൽ എത്രയും വലിയവനായി വൎദ്ധിപ്പാൻ സംഗതി ഉണ്ടായിരുന്നു.

* അപോസ്തലസ്ഥാനം കയറാത്ത യാക്കോബ്, യൂദാ, ശിമോൻ എന്ന യേശുവിന്റെ ഉടപ്പിറന്നവരായി മൂവർ ഉണ്ടെന്നും, മേലിൽ സംക്ഷേപിച്ച ജീവചരിത്രം ഇവരുടെത് അത്രെ എന്നും ഒരു പക്ഷവും കൂടെ ഉണ്ടല്ലോ. അതിനെ ചൊല്ലി § ൧൪൧ൽ വിവരിച്ചതിനെ ഒത്തു നോക്ക.

§ 81.

The Sermon on the Mount.

പൎവ്വതപ്രസംഗം.

a.

MATT. V.

2 And he opened his mouth, and taught them, saying,

LUKE VI.

20 And he lifted up his eyes on his disciples, and said, . . .

പൎവ്വതശിഖരത്തിന്മേൽ രാത്രി മുഴുവനും പ്രാൎത്ഥിച്ചു പാൎത്തു രാവിലെ പന്ത്രണ്ടു അപോസ്തലരെ വരിച്ചു ശേഷം യേശു ശിഷ്യരുമായി ഹത്തിൻ എന്ന സമഭൂമിക്ക് ഇറങ്ങി (§൭൦) ആശ്രിതരോടും പിഞ്ചെന്ന പുരുഷാരങ്ങളോടും സ്വൎഗ്ഗരാജ്യത്തിൻ വസ്തുതയെ അറിയിക്കയും ചെയ്തു. അന്നുദിച്ച അനുഗ്രഹവൎഷത്തിന്നു "യോബെലാണ്ടു" തന്നെ മുങ്കുറിയായിരുന്നു (൩ മോ. ൨൫). അത് എങ്ങിനെ എന്നാൽ ഭൂമിക്ക് ൭ വൎഷം കഴിഞ്ഞ ഉടനെ വിതയും മൂൎച്ചയും ഇല്ലാതെ മഹാസ്വസ്ഥത കൊണ്ടാടുക അത്രേ ന്യായം. ആ കാലത്തെ അനുഭവം ഉടയവൎക്കല്ല സഭെക്കും ദരിദ്രൎക്കും പരദേശികൾക്കും മൃഗങ്ങൾക്കും ആക. ഏഴേഴ കൊല്ലം ചെന്നാൽ പാപപരിഹാരദിവസം മുതൽ ഒർ അമ്പതാം വൎഷം യോബെലാണ്ടു (കാഹളവൎഷം) തന്നെ. ദൈവം കടം ഇളെച്ചു കൊടുത്തതിന്നു മുദ്രയായിട്ടു സഭക്കാരും തമ്മിൽ തമ്മിൽ ഉള്ള കടം മുതലായ ഇടവാട് ഒക്കയും വിട്ടു, അടിമയായി പോയവരെ വിട്ടുതലയാക്കി, വിററുപോയ അവകാശങ്ങളെ പുരാണജന്മികൾക്ക മടക്കികൊടുത്തു, ഇപ്രകാരം താഴ്ചയും വീഴ്ചയും വന്നു പോയത് എല്ലാം മാററി ദേശംതോറും തിരുസഭയുടെ അവസ്ഥകൾ പുതുക്കം വരുത്തേണ്ടതു. ഈ സ്വൎഗ്ഗീയാചാരത്തെ നടത്തുവാൻ രാജപ്രഭു ലേവ്യർ മുതലായവരുടെ കുററത്താൽ വളരെ മുടക്കം വന്നു. ബാബെലിലേ ഭയം തട്ടുമ്പോൾ അപ്രകാരം ആചരിപ്പാൻ യരുശലേമിൽ ഭാവിച്ചിട്ടും (യിറ. ൩൪), പാപവാഴ്ച നിമിത്തം കഴിവുണ്ടായില്ല. ആകയാൽ പ്രവാചകന്മാർ വിചാരിച്ചു, ഉടയവനായ യഹോവ താൻ കടങ്ങളെ വീട്ടി ബദ്ധരെ വിട്ടു കുടിയാരെ രക്ഷിച്ചു തിരുസഭയെ പുതുക്കി മഹോത്സവവൎഷം വരുത്തേണ്ടത് എന്നു കണ്ടറിയിച്ചു (യശ. ൬൧. ദാനി. ൯, ൨൪). സ്വൎഗ്ഗരാജ്യം എന്ന ശബ്ദത്തിന്നു ഈ പ്രത്യാശയാൽ തന്നെ അൎത്ഥം അധികം പ്രകാശിച്ചു വരും (ലൂക്ക. ൪, ൧൬—൨൧).

b.

MATT. V.

3 Blessed *are* the poor in spirit: for theirs is the kingdom of heaven.

4 Blessed *are* they that mourn: for they shall be comforted.

5 Blessed *are* the meek: for they shall inherit the earth.

6 Blessed *are* they which do hunger and thirst after righteousness: for they shall be filled.

7 Blessed *are* the merciful: for they shall obtain mercy.

8 Blessed *are* the pure in heart: for they shall see God.

9 Blessed *are* the peacemakers: for they shall be called the children of God.

LUKE VI.

. . . Blessed *be ye* poor: for yours is the kingdom of God.

21 Blessed *are ye* that hunger now: for ye shall be filled. Blessed *are ye* that weep now: for ye shall laugh.

22 Blessed are ye, when men shall hate you, and when they shall separate you *from their company*, and shall reproach *you*, and cast out your name as evil, for the Son of man's sake.

23 Rejoice ye in that day, and leap for joy: for, behold, your reward *is* great in heaven: for in the like manner did their fathers unto the prophets.

Matt. V.

10 Blessed *are* they which are persecuted for righteousness' sake: for theirs is the kingdom of heaven.
11 Blessed are ye, when *men* shall revile you, and persecute *you*, and shall say all manner of evil against you falsely, for my sake.
12 Rejoice, and be exceeding glad: for great *is* your reward in heaven: for so persecuted they the prophets which were before you.

Luke VI.

24 But woe unto you that are rich! for ye have received your consolation.
25 Woe unto you that are full! for ye shall hunger. Woe unto you that laugh now! for ye shall mourn and weep.
26 Woe unto you, when all men shall speak well of you! for so did their fathers to the false prophets.

അന്നു യേശു സീനായ്മലയിൽനിന്നുള്ള ഇടിമുഴക്കം മുതലായ ഭയങ്കരങ്ങളെ എല്ലാം ഒഴിച്ചു തന്റെ രാജ്യത്തിന്റെ ആദിധൎമ്മമായിട്ടു സാധുക്കൾക്കു ഒരു പുതുഭാഗ്യത്തെ അറിയിച്ചു കൊടുത്തു (മത്ത. ൫, ൩—൧൦). ദേവരാജ്യക്കാരുടെ ഉത്ഭവം ആത്മാവിലേ ദാരിദ്ര്യം തന്നെ. വിദ്യ കൎമ്മം ഭക്തി മുതലായ ഗുണങ്ങൾ ഒന്നും അവൎക്കു ഒട്ടും പ്രശംസിപ്പാൻ ഇല്ല. അതിനാൽ അവർ ഖേദിച്ചു കരഞ്ഞു, അയ്യോ ദൈവവും ഞങ്ങളുമായി എത്ര ദൂരം എന്നു സങ്കടപ്പെടുന്നു. ആകയാൽ അഹംഭാവം വിട്ടു പരിപാകവും സൌമ്യതയും ജനിക്കുന്നു. ദേവനീതിയിലേ ദാഹവും വിശപ്പും വളരുന്തോറും തൃപ്തിയും വന്നു കൊണ്ടിരിക്കുന്നു. നീതി തികയുമ്പോഴോ മുമ്പെ ദീനരിൽ മനസ്സലിവും, പിന്നെ സ്വഹൃദയത്തിലേ പലദൂഷ്യങ്ങളെ നീക്കി ശുദ്ധി വരുത്തുവാൻ ഉത്സാഹവും, ഭൂമിയിൽ ദേവസമാധാനത്തെ സ്ഥാപിച്ചു നടത്തുവാനുള്ള ശക്തിയും, ഒടുക്കം യേശുവോടു ഒന്നിച്ചു കഷ്ടം അനുഭവിക്കുന്നതിനാൽ വിശ്വാസജയവും മരണത്തിൽ ആനന്ദവും ജനിക്കുന്നു.

ഇപ്രകാരം ഉള്ളവർ ധന്യന്മാരത്രെ. എങ്ങിനെ എന്നാൽ ആത്മാവിൽ ദരിദ്രനായവന്നു അറിയാതെ കണ്ടു സ്വൎഗ്ഗരാജ്യാവകാശം അപ്പോൾ തന്നെ ഉണ്ടു. ദിവ്യദുഃഖത്തിന്നും കണ്ണീൎക്കും ആശ്വാസവും ഉണ്ടു. ഇപ്പോൾ സാഹസക്കാൎക്കു എങ്ങും ഇടം കൊടുത്തു ഒതുങ്ങിയവർ ഭൂമിയെ അടക്കും (സങ്കീ. ൩൭, ൧൧. യശ. ൫, ൧൫). നീതിയിലേ ദാഹത്തിന്നു നീതിയാൽ മാത്രമല്ല നീതിഫലങ്ങളാലും അനവധി തൃപ്തി ഉണ്ടാകും. താൻ കരുണ കാട്ടുമ്പോൾ ഒക്കയും ദേവകരുണയിലേ നിശ്ചയം ഏറും. ഹൃദയം ശുദ്ധ കണ്ണാടി പോലെ വന്നാൽ ദേവമഹത്വം എല്ലാം അതിൽ നിഴലിക്കും, ഇഹപരങ്ങളിൽ ദൈവത്തെ തെളിഞ്ഞു കാണും, ഹൃദയശുദ്ധി സകല ജ്ഞാനത്തിന്നും ഉറവാകും. അതിനാൽ രാജാവെ പോലെ ഭൂമിയിൽ സമാധാനത്തെ പരത്തുവാൻ അധികാരം വന്നപ്പോൾ ദേവപുത്രരുടെ സ്ഥാനത്തു വാഴുവാൻ തുടങ്ങും (വെളിപ്പ. ൧, ൬; മത്ത. ൧൯, ൨൮). ഒടുവിൽ വിശ്വാസി വീരന്മാരുടെ മേഘത്തെ നോക്കി, കഷ്ടിച്ചവൎക്കു അവരോടു ഒന്നിച്ചു സ്വൎഗ്ഗരാജ്യത്തിന്റെ അനുഭവവും ഉണ്ടാകും. എന്നാൽ ധനവാന്മാർ പരിപൂൎണ്ണർ ചിരിക്കുന്നവർ എന്നിവൎക്കല്ലാതെ ഇഹലോകത്തിന്നു സമ്മതന്മാൎക്കു പ്രത്യേകം ഹാ കഷ്ടം! അവൎക്കു ദേവരാജ്യത്തിൻ വരവു ന്യായവിധി അത്രെ.

c.

MATT. V.

13 Ye are the salt of the earth: but if the salt have lost his savour, wherewith shall it be salted? it is thenceforth good for nothing, but to be cast out, and to be trodden under foot of men.
14 Ye are the light of the world. A city that is set on an hill cannot be hid.
15 Neither do men light a candle, and put it under a bushel, but on a candlestick; and it giveth light unto all that are in the house.
16 Let your light so shine before men, that they may see your good works, and glorify your Father which is in heaven.

മേൽ പറഞ്ഞ കൂലി ലോകത്തിന്റെ ഉപ്പും വെളിച്ചവും ആയവൎക്കു തന്നെ ലഭിക്കുന്നതു. ഉപ്പു മാംസത്തിന്റെ കേടു വൎജ്ജിച്ചു ജീവനേയും രസത്തേയും രക്ഷിക്കുന്നതു പോലെ സ്വൎഗ്ഗരാജ്യക്കാർ മനുഷ്യജാതിയെ താങ്ങി, ഉള്ളതിനെ ഒക്കയും രക്ഷിക്കുന്നതല്ലാതെ വെളിച്ചമായി പ്രകാശിച്ചു ലോകത്തിന്റെ അന്ധകാരത്തെ മാറേറണ്ടുന്നവർ. ഉപ്പും വെളിച്ചവും സാരമല്ലാതെ വരുന്നതു വിശേഷാൽ കഷ്ടമരണങ്ങളെ വിട്ടൊഴിയുന്ന ഭയത്താൽ തന്നെ. വടക്കോട്ടു സഫെത്ത് എന്ന നഗരം മലമുകളിൽ നില്ക്കുന്നതാകയാൽ ദൂരത്തു നിന്നു കാണാം. അപ്രകാരം ഓരോരു ശിഷ്യന്ന് ഒരുവക ശൊല്ലുഥയും ക്രൂശും വിളക്കുതണ്ടായിട്ടു വേണം. മശീഹനാമത്തെ ദുഷിച്ചവരും അതിനാൽ ഉണ്ടായ സൽക്രിയാസമൂഹത്തെ കണ്ടാൽ ഇപ്രകാരമുള്ള സാധുക്കളെ ജനിപ്പിച്ച ദൈവത്തെ ഒടുവിൽ സ്തുതിക്കേണ്ടി വരും.

d.

MATT. V.

17 Think not that I am come to destroy the law, or the prophets: I am not come to destroy, but to fulfil.

18 For verily I say unto you, Till heaven and earth pass, one jot or one tittle shall in no wise pass from the law, till all be fulfilled.

19 Whosoever therefore shall break one of these least commandments, and shall teach men so, he shall be called the least in the kingdom of heaven: but whosoever shall do and teach *them*, the same shall be called great in the kingdom of heaven.

20 For I say unto you, That except your righteousness shall exceed *the righteousness* of the scribes and Pharisees, ye shall in no case enter into the kingdom of heaven.

21 Ye have heard that it was said by them of old time, Thou shalt not kill; and whosoever shall kill shall be in danger of the judgment:

22 But I say unto you, That whosoever is angry with his brother without a cause shall be in danger of the judgment: and whosoever shall say to his brother, Raca, shall be in danger of the council: but whosoever shall say, Thou fool, shall be in danger of hell fire.

23 Therefore if thou bring thy gift to the altar, and there rememberest that thy brother hath ought against thee;

24 Leave there thy gift before the altar, and go thy way; first be reconciled to thy brother, and then come and offer thy gift.

25 Agree with thine adversary quickly, whiles thou art in the way with him; lest at any time the adversary deliver thee to the judge, and the judge deliver thee to the officer, and thou be cast into prison.

26 Verily I say unto thee, Thou shalt by no means come out thence, till thou hast paid the uttermost farthing.

27 Ye have heard that it was said by them of old time, Thou shalt not commit adultery:

28 But I say unto you, That whosoever looketh on a woman to lust after her hath committed adultery with her already in his heart.

29 And if thy right eye offend thee, pluck it out, and cast *it* from thee: for it is profitable for thee that one of the members should perish, and not *that* thy whole body should be cast into hell.

30 And if thy right hand offend thee, cut it off, and cast *it* from thee: for it is profitable for thee that one of thy members should perish, and not *that* thy whole body should be cast into hell.

31 It hath been said, Whosoever shall put away his wife, let him give her a writing of divorcement:

32 But I say unto you, That whosoever shall put away his wife, saving for the cause of fornication, causeth her to commit adultery: and whosoever shall marry her that is divorced commiteth adultery.

33 Again, ye have heard that it hath been said by them of old time, Thou shalt not forswear thyself, but shalt perform unto the Lord thine oaths:

34 But I say unto you, Swear not at all; neither by heaven; for it is God's throne:

35 Nor by the earth; for it is his footstool: neither by Jerusalem; for it is the city of the great King.

36 Neither shalt thou swear by thy head, because thou canst not make one hair white or black.

37 But let your communication be, Yea, yea; Nay, nay: for whatsoever is more than these cometh of evil.

കൎത്താവ് തന്റെ ഉപദേശം പുരാണധൎമ്മത്തിന്റെ നിവൃത്തി എന്നും പറീശന്മാരുടെ വെപ്പുകൾക്കു മാത്രം പ്രതികൂലം എന്നും കാണിച്ചതു (൫, ൧൭—൨, ൩). വേദശബ്ദം ഒന്നും വ്യൎത്ഥമാകയില്ല, മശീഹെക്ക് വല്ലതും കെട്ടഴിപ്പാനല്ല

അതു മുഴുവൻ നിവൃത്തിച്ചു കുറവുള്ളതിന്നു നിറവു വരുത്തുവാൻ കല്പന ഉണ്ടു. അവന്റെ രാജ്യത്തിൽ ദേവോക്തങ്ങളെ ലേശം പോലും തള്ളുന്നവൎക്കല്ല ഉപദേശത്താലും ക്രിയയാലും അവറ്റെ ഉറപ്പിക്കുന്നവൎക്കേ മാനം ഉള്ളു. പറീശന്മാരോ സമ്പ്രദായങ്ങളെ ചേൎക്കയാൽ ദേവധൎമ്മത്തെ വഷളാക്കിയത് ഇപ്രകാരം:

കുല ചെയ്യരുത് എന്ന ദേവകല്പനയെ അവർ വ്യാഖ്യാനിച്ചപ്പോൾ കൊല്ലുന്നവനെ ഊർകോട്ടിൽ വരുത്തി വിസ്തരിക്കേണ്ടു പോൽ എന്നുള്ള അൎത്ഥം പൂൎവ്വന്മാൎക്കു മതിയായി തോന്നി. അതു പോരാ, വെറുതെ കോപിക്കുന്നവൻ ആ ന്യായവിധിക്കു തന്നെ യോഗ്യനാകും. "റക്കാ" (=തുപ്പേണ്ടവൻ, അഥവ ചപ്പൻ, നിസ്സാരൻ) എന്നു ദുഷിച്ചു പറയുന്നവൻ ൭൰ ന്യായാധിപതിമാർ കൂടി വിസ്തരിക്കുന്ന സൻഹെദ്രിൻ സഭെക്കു യോഗ്യനാകും. ദോഷ, പൊട്ട എന്നു സഹോദരനെ നിസ്സാരനാക്കിയവൻ ഹിന്നോം താഴ്വര ആകുന്ന ചുടലക്കാട്ടിൽ വെന്തുപോവാൻ യോഗ്യനാകുന്നു*. അതിന്റെ അൎത്ഥം: കുത്തി കൊല്ലുന്നവൻ മാത്രം അല്ല സ്നേഹം ഇല്ലാതെ വിധിപ്പവൻ കൂടെ അതാത് ശിക്ഷാവിധിക്കു താൻ ഹേതുവാകുന്നു എന്ന് ഒരു ദേവന്യായം ഉണ്ടു. ആകയാൽ ദൈവത്തോട് അടുക്കുമ്പോൾ ഒക്കയും തന്റെ സ്നേഹക്കുറവുകളെ ഓൎത്തു ക്ഷമ ചോദിച്ചും ക്ഷമിച്ചും കൊണ്ടു നിരപ്പു വരുത്തുക അത്രെ വേണ്ടുവതു, ന്യായത്തിന്നായിട്ടല്ല ഇണക്കത്തിന്നു കേവലം നോക്കി നിത്യം ഉത്സാഹിക്ക തന്നെ കൊല്ലരുത് എന്ന കല്പനയുടെ അൎത്ഥം.

വ്യഭിചാരം ചെയ്യായ്ക എന്ന കല്പനയുടെ അഭിപ്രായം ജഡക്രിയയെ മാത്രമല്ല നിഷേധിക്കുന്നതു. മോഹത്തെ വേരറുക്കേണ്ടു. സുന്ദരരൂപത്തെ കാണ്കയാലോ സംസൎഗ്ഗത്താലോ പരീക്ഷ തോന്നുമളവിൽ ബന്ധം ഛേദിക്ക തന്നെ നല്ലു. വിവാഹത്യാഗം ദൈവത്തിന്ന് അനിഷ്ടം (മല. ൨, ൧൬), അതു കൊണ്ടു ഉപേക്ഷണപത്രിക എഴുതേണം എന്നു കല്പനയായതു (൫ മോ. ൨൪, ൧) ഉപേക്ഷണത്തെ അല്പം തടുപ്പാനത്രെ. യഹൂദരോ പുരുഷന്ന് ഇഷ്ടം പോലെ ഉപേക്ഷിക്കാം എന്നു നിരൂപിച്ചു പോയി. ആകയാൽ വ്യഭിചാരം നിമിത്തം അല്ലാതെ ഭാൎയ്യയെ ഉപേക്ഷിച്ചാൽ വ്യഭിചാരദോഷമത്രെ എന്നതു യേശുവിന്റെ വ്യാഖ്യാനം.

പിന്നെ ആണയെ മോശ സമ്മതിച്ചു എങ്കിലും (൨ മോ. ൨൨, ൧൧) കള്ളസ്സത്യത്തെ നിഷേധിച്ചും (൩ മോ. ൧൯, ൧൨), സത്യം ചെയ്തത് എല്ലാം ഒപ്പിപ്പാൻ കല്പിച്ചും (൪ മോ. ൩൦, ൩), യഹോവാനാമത്തെ മാത്രം ആണെക്കു കൊള്ളുന്നതാക്കി വെച്ചും (൫ മോ. ൬, ൧൩), ഇപ്രകാരം സത്യം ചെയ്യുന്ന മൎയ്യാദയെ ആവോളം വിരോധിച്ചു. യഹൂദരോ വെറുതെ ആണയിടുന്നതിൽ വളരെ രസിച്ചു പുതിയ ആണകളേയും നിത്യം സങ്കല്പിച്ചു പോയി (മത്ത. ൨൩, ൧൬ *ff*).

---

* ഇതു ൩ സുവിശേഷകന്മാരും യാക്കോബും (൩, ൬) ഇപ്പോഴുള്ള യഹൂദരും അഗ്നിനരകത്തിന്ന് ഉപമയായി വിളിച്ച നാമം. ഹിന്നോം താഴ്വര മോലൊക്ക് ആരാധനെക്കു സ്ഥലമായ ശേഷം (൧ രാജ. ൧൧, ൭; ൨ രാജ. ൧൬, ൩) യൊശിയ രാജാവ് അത് അസ്ഥികളെ ഇട്ടു വെറുപ്പാക്കി (൨ രാജ. ൨൩, ൧൩ *f.*), നഗരത്തിന്റെ ചുടലക്കാടായി വേൎത്തിരിച്ച തോഫത്ത് (തുപ്പൽ, നിന്ദ്യം) എന്ന പേർ ഇടുകയും ചെയ്തു (യിറ. ൭, ൩൧ *ff.* ൧൯, ൬—൧൩).

ദേവസമ്മുഖത്തു നിന്നുകൊണ്ടു അതെ എന്നും ഇല്ല എന്നും ഉള്ള പ്രകാരം പറഞ്ഞാൽ മതി എന്നു യേശു വെച്ച വെപ്പു. ഹൃദയത്തിൽ ഉള്ള ദേവസാക്ഷിയെ കൊണ്ടു സത്യം ചെയ്താലോ ദോഷം ഇല്ല (൨ കൊ. ൧൧, ൧൦; രോ. ൯, ൧). ദൈവവും തന്നെ തൊട്ടു സത്യം ചെയ്യുന്നു (൧ മോ. ൨൨, ൧൬; യശ. ൪൫, ൨൩; എബ്ര. ൬, ൧൩ *ff.*).

e.

MATT. V.

38 Ye have heard that it hath been said, An eye for an eye, and a tooth for a tooth:
39 But I say unto you, That ye resist not evil: but whosoever shall smite thee on thy right cheek, turn to him the other also.
40 And if any man will sue thee at the law, and take away thy coat, let him have *thy* cloke also.
41 And whosoever shall compel thee to go a mile, go with him twain.
42 Give to him that asketh thee, and from him that would borrow of thee turn not thou away.
43 Ye have heard that it hath been said, Thou shalt love thy neighbour, and hate thine enemy.
44 But I say unto you, Love your enemies, bless them that curse you, do good to them that hate you, and pray for them which despitefully use you, and persecute you;
45 That ye may be the children of your Father which is in heaven: for he maketh his sun to rise on the evil and on the good, and sendeth rain on the just and on the unjust.
46 For if ye love them which love you, what reward have ye? do not even the publicans the same?
47 And if ye salute your brethren only, what do ye more *than others*? do not even the publicans so?
48 Be ye therefore perfect, even as your Father which is in heaven is perfect.

LUKE VI.

27 But I say unto you which hear, Love your enemies, do good to them which hate you,
28 Bless them that curse you, and pray for them which despitefully use you.
29 And unto him that smiteth thee on the *one* cheek offer also the other; and him that taketh away thy cloke forbid not *to take thy* coat also.
30 Give to every man that asketh of thee; and of him that taketh away thy goods ask *them* not again.
31 And as ye would that men should do to you, do ye also to them likewise.
32 For if ye love them which love you, what thank have ye? for sinners also love those that love them.
33 And if ye do good to them which do good to you, what thank have ye? for sinners also do even the same.
34 And if ye lend *to them* of whom ye hope to receive, what thank have ye? for sinners also lend to sinners, to receive as much again.
35 But love ye your enemies, and do good, and lend, hoping for nothing again; and your reward shall be great, and ye shall be the children of the Highest: for he is kind unto the unthankful and *to* the evil.
36 Be ye therefore merciful, as your Father also is merciful.

കണ്ണിന്നു പകരം കണ്ണു എന്നു തുടങ്ങിയുള്ള ശിക്ഷാജ്ഞയെ അധികാരികൾ സഭാന്യായമായി നടത്തിയ ശേഷം (൨ മോ. ൨൧, ൨൩ *ff.*) പറീശന്മാർ അപ്രകാരം താന്താൻ ഉചിതം കാട്ടാം എന്നു വെറുതെ നിരൂപിച്ചു തങ്ങൾ തന്നെ പകവീളുവാൻ തുനിഞ്ഞു (൫ മോ. ൩൨, ൩൫). പകരം ചെയ്ക അല്ല ദോഷത്തോട് എതിൎക്കയും അല്ല, ക്ഷമിക്ക തന്നെ ദിവ്യനീതി ആകുന്നു. അടിച്ചാൽ സഹിക്കയും, അന്യായപ്പെട്ടു ഒന്നിനെ എടുക്കുന്നവനു മറെറാന്നു കൂടെ വിടുകയും, ഒരു പ്രഭു ഹേമിച്ചു ചുമട് എടുപ്പിച്ചു കൊണ്ടുപോയാൽ മനഃപൂൎവ്വമായി അതിദൂരത്തു പോകയും, അപേക്ഷിക്കുന്നവന്നു കൊടുക്കയും, മടക്കി വരാത്ത ദിക്കിലും വായ്പ കൊടുക്കയും (അനുഗ്രഹവൎഷം ഉദിച്ചുവല്ലോ), ഈവക ആകുന്നതു ക്രിസ്ത്യാനൻ ചെയ്യുന്ന പ്രതിക്രിയ. ഇതുവും അക്ഷരപ്രകാരം അല്ല ആത്മപ്രകാരം കൊള്ളിക്കേണ്ടു (യോ. ൧൮, ൨൨ *ff.* അപോ. ൨൩, ൩; ൨൨, ൨൪ *f.*).

അടുത്തവനെ സ്നേഹിക്ക എന്ന വചനത്തെ (൩ മോ. ൧൯, ൧൮; ൨൪, ൨൨) കള്ളവൈദികന്മാർ വിചാരിച്ചപ്പോൾ മാററാനെ പകെക്കാം എന്ന വ്യാഖ്യാനത്തെ ചമെച്ചു, അതിന്ന് ഒഴികഴിവായിട്ടു (൫ മോ. ൨൩, ൬) ചില ദൃഷ്ടാ

ന്നങ്ങളേയും വകതിരിയാതെ ചൊല്ലികൊണ്ടിരുന്നു. അങ്ങിനെ കേവലം അല്ല, ശത്രുവെ കൂട്ടുകാരൻ എന്നു വിചാരിച്ചു സ്നേഹം ആശീൎവ്വാദം ഉപകാരം പ്രാൎത്ഥനകളേയും പ്രയോഗിച്ച് അവരെ സേവിച്ചും സ്വഭാവസ്നേഹത്തിന്നു മേല്പെട്ട ആത്മസ്നേഹത്തെ ശീലിച്ചും കൊണ്ടു വൈരിവത്സലനായ ദൈവത്തിന്നു താൻ മകൻ എന്നു കാണിക്കേണ്ടു. ഒട്ടുക്കം വൈദികന്മാർ "ഇത്ര അനുഷ്ഠിച്ചാൽ മതി" എന്നു പറയുന്ന വ്യാഖ്യാനത്തെ എല്ലാം തള്ളി തികഞ്ഞ പിതാവിന്നു തികഞ്ഞ മകനായ്ചമവാൻ (൩ മോ. ൧൧, ൪൪) പൊരുതുകൊള്ളേണ്ടതു. പാപികളും കാട്ടുന്ന ഒരു മമത ശിഷ്യൎക്ക് പോരാ. മഹോന്നതന്റെ മക്കൾ ആകുവാനുള്ള കരുണ അവൎക്ക ലഭിച്ച പ്രകാരം ലോകത്തിന്നു കാട്ടേണ്ടു.

f.

MATT. VI.

1 Take heed that ye do not your alms before men, to be seen of them: otherwise ye have no reward of your Father which is in heaven.

2 Therefore when thou doest *thine* alms, do not sound a trumpet before thee, as the hypocrites do in the synagogues and in the streets, that they may have glory of men. Verily I say unto you, They have their reward.

3 But when thou doest alms, let not thy left hand know what thy right hand doeth:

4 That thine alms may be in secret: and thy Father which seeth in secret himself shall reward thee openly.

5 And when thou prayest, thou shalt not be as the hypocrites *are*: for they love to pray standing in the synagogues and in the corners of the streets, that they may be seen of men. Verily I say unto you, They have their reward.

6 But thou, when thou prayest, enter into thy closet, and when thou hast shut thy door, pray to thy Father which is in secret; and thy Father which seeth in secret shall reward thee openly.

7 But when ye pray, use not vain repetitions, as the heathen *do*: for they think that they shall be heard for their much speaking.

8 Be not ye therefore like unto them: for your Father knoweth what things ye have need of, before ye ask him.

9 After this manner therefore pray ye: Our Father which art in heaven, Hallowed be thy name.

10 Thy kingdom come. Thy will be done in earth, as *it is* in heaven.

11 Give us this day our daily bread.

12 And forgive us our debts, as we forgive our debtors.

13 And lead us not into temptation, but deliver us from evil: For thine is the kingdom, and the power, and the glory, for ever. Amen.

14 For if ye forgive men their trespasses, your heavenly Father will also forgive you:

15 But if ye forgive not men their trespasses, neither will your Father forgive your trespasses.

16 Moreover when ye fast, be not, as the hypocrites, of a sad countenance: for they disfigure their faces, that they may appear unto men to fast. Verily I say unto you, They have their reward.

17 But thou, when thou fastest, anoint thine head, and wash thy face;

18 That thou appear not unto men to fast, but unto thy Father which is in secret: and thy Father, which seeth in secret, shall reward thee openly.

19 Lay not up for yourselves treasures upon earth, where moth and rust doth corrupt, and where thieves break through and steal:

20 But lay up for yourselves treasures in heaven, where neither moth nor rust doth corrupt, and where thieves do not break through nor steal:

21 For where your treasure is, there will your heart be also.

22 The light of the body is the eye: if therefore thine eye be single, thy whole body shall be full of light.

23 But if thine eye be evil, thy whole body shall be full of darkness. If therefore the light that is in thee be darkness, how great *is* that darkness!

24 No man can serve two masters: for either he will hate the one, and love the other: or else he will hold to the one, and despise the other. Ye cannot serve God and mammon.

25 Therefore I say unto you, Take no thought for your life, what ye shall eat, or what ye shall drink; nor yet for your body, what ye shall put on. Is not the life more than meat, and the body than raiment?

26 Behold the fowls of the air: for they sow not, neither do they reap, nor gather into barns; yet your heavenly Father feedeth them. Are ye not much better than they?

27 Which of you by taking thought can add one cubit unto his stature?

28 And why take ye thought for raiment? Consider the lilies of the field, how they grow; they toil not, neither do they spin:

29 And yet I say unto you, That even Solomon in all his glory was not arrayed like one of these.

30 Wherefore, if God so clothe the grass of the field, which to day is, and to morrow is cast into the oven, *shall he* not much more *clothe* you, O ye of little faith?

31 Therefore take no thought, saying, What

Matt. VI.

shall we eat? or, What shall we drink? or, Wherewithal shall we be clothed?

32 (For after all these things do the Gentiles seek:) for your heavenly Father knoweth that ye have need of all these things.

33 But seek ye first the kingdom of God, and his righteousness; and all these things shall be added unto you.

34 Take therefore no thought for the morrow: for the morrow shall take thought for the things of itself. Sufficient unto the day *is* the evil thereof.

പിന്നെ നീതിയുടെ സകല അഭ്യാസത്തിലും പുറമേ ഉള്ള കാഴ്ചയല്ല, ദൈവം കാണാകുന്ന വസ്തുത തന്നെ സാരം എന്നു കാട്ടുവാൻ (൬, ൧—൧൮) ധൎമ്മം പ്രാൎത്ഥന ഉപവാസം ഈ മൂന്നിനേയും വിവേചിച്ചു. ആരോടും അറിയിക്കാതെ കണ്ടും താനും വേഗത്തിൽ മറന്നു വിട്ടും ദൈവത്തിന്നു എന്നുവെച്ചു മുട്ടുള്ളവൎക്ക് കൊടുക്കേണം.

പ്രാൎത്ഥനയും നിരത്തിൽ കാണേന്ന നിസ്സാരമായിട്ടല്ല, ദൈവം മാത്രം കണ്ടു കേട്ടു കൊൾ്വാൻ തന്നെ രഹസ്യത്തിൽ ആകേണ്ടു. മന്ത്രജപത്താൽ ദൈവത്തെ ഹേമിക്കയുമല്ല ആവശ്യമുള്ളതിനെ മുമ്പിൽ തന്നെ അറിയുന്ന പിതാവെ ഓൎപ്പിക്ക അത്രെ പ്രാൎത്ഥന ആകുന്നതു. സകല പ്രാൎത്ഥനയുടെ മാതൃക തന്നെ കൎത്തൃപ്രാൎത്ഥന: ക്രിസ്തോപദേശവും ദേവവാഗ്ദത്തവും മനുഷ്യാപേക്ഷയും എല്ലാം അതിൽ അടങ്ങിയതു. നാം എല്ലാവൎക്കും പിതാവായി വാനങ്ങളിൽ വാഴുന്നവനെ വിളിച്ച ശേഷം ൩ അപേക്ഷകളാൽ അവനെ ഭൂമിയിലേക്കു വരുത്തുകയും, നാലിനാൽ താൻ ഇവിടെനിന്നു അവനോളം കരേറുകയും തന്നെ പ്രമാണം. ദൈവം ഭൂമിയിലും ഉണ്ടു എങ്കിലും പല ദുൎമ്മതങ്ങളാൽ അവന്റെ നാമത്തിന്നു ദൂഷ്യവും തിരുലക്ഷണങ്ങൾ്ക്കു മറവും വരികയാൽ ആ നാമം വിശുദ്ധമായ്വിളങ്ങേണ്ടതിന്നു യാചിക്കെയാവു. മനുഷ്യർ ആ നാമത്തെ പ്രതിഷ്ഠിച്ചാൽ (യശ. ൨൯, ൨൩; ൧ പേത്ര. ൩, ൧൫) ദേവരാജ്യം വാനങ്ങളിൽനിന്നു ഭൂമിയിൽ വരുന്നു, സകല ഹൃദയവും അവന്റെ സിംഹാസനവും ആകും. സാത്താൻ എത്ര വിരോധിച്ചാലും ഈ രാജ്യം തന്നെ വരേണ്ടു. പിന്നെ എല്ലാവരും സ്വൎഗ്ഗസ്ഥന്മാർ എന്ന പോലെ ദേവഹിതം ചെയ്കയാൽ ഭൂമിയും വാനമായി ചമയേണ്ടു. ഇപ്രകാരം പിതാവിൻ നാമം, പുത്രന്റെ രാജത്വം, ആത്മാവിൻ വ്യാപാരം, ഈ മൂന്നിന്നായി പ്രാൎത്ഥിച്ച ശേഷം താന്താനിക്കായി അപേക്ഷിക്ക. എന്തെന്നാൽ മക്കളുടെ ഭാവത്തിന്നു പററുന്ന ആഹാരം ഇന്നു തരേണമേ എന്നുള്ളതാൽ പിതാവു ദേഹിദേഹങ്ങൾ്ക്ക് അവസ്ഥെക്കു തക്കവണ്ണം തൃപ്തിവരുത്തുന്ന പ്രകാരം എല്ലാം അടങ്ങി ഇരിക്കുന്നു. അത് ഇന്നു തന്നെ വേണ്ടതു. പിന്നെ നാളെക്കല്ല ഇന്നലേത്തതിന്നു വിചാരം വേണം: കടങ്ങളെ പിതാവ് ഇളെച്ചു തന്നിട്ടും എണ്ണമില്ലാത്തത് ഓൎമ്മയിൽ വന്നു ബാധിക്കുന്നുണ്ടു, സഹോദരുടെ കുററങ്ങളാലും പീഡ ജനിക്കുന്നു. ആകയാൽ ക്ഷമിപ്പാൻ മനസ്സു തനിക്കു തോന്നേണം എന്നും, താൻ ക്ഷമിപ്പാൻ കൂടിയതിനാൽ ദേവക്ഷമ മനസ്സിൽ അധികം തെളിഞ്ഞു അനുഭവമായി വരേണം എന്നും യാചിക്ക. കഴിഞ്ഞ കാലത്തിന്നു ദേവകരുണ വന്നതു പോലെ ഭാവിക്കു കൂടേ വേണം എന്നു കണ്ടു പാപസൈന്യത്തെ ഭയപ്പെട്ടും കൊണ്ടു താൻ ദൈവത്തെ പരീക്ഷിച്ചു പോകയും അതിന്നു ന്യായശിക്ഷയാൽ താൻ പരീക്ഷയിൽ ഏല്പിക്കപ്പെടുകയും അരുതേ എന്നു വിളിച്ച ഉടനെ അവൻ

മനസ്സലിഞ്ഞു ദുഷ്ടനിൽനിന്നും സകല ദോഷത്തിൽനിന്നും തന്നേയും സൎവ്വ സഭയേയും ഉദ്ധരിക്കേണമേ എന്നു പ്രാൎത്ഥനയുടെ തീൎപ്പു. അന്ത്യവാചകത്തെ യോഗ്യമുള്ള സ്തുതിക്കായിട്ടു (൧ നാൾ. ൨൯, ൧൧; ൨ തിമ. ൪, ൧൮) ശിഷ്യന്മാർ പിന്നെ ചേൎത്തു എന്നു തോന്നുന്നു. ആമെൻ എന്നതു വാദത്തസ്ഥിരതയെ ഓൎപ്പിച്ചു നിവൃത്തിയുടെ നിശ്ചയത്തെ കാട്ടുന്നു. ഇപ്രകാരം പ്രാൎത്ഥിക്കുമ്പോൾ ഒക്കയും (മാൎക്ക. ൧൧, ൨൫ *f.*) സകല മനുഷ്യരോടും ക്ഷമിച്ചിണങ്ങി വന്ന പ്രകാരം ഒരു ബോധം വേണം; അല്ലാഞ്ഞാൽ പ്രാൎത്ഥന വ്യൎത്ഥം എന്നറിക.

പിന്നെ ഉപവാസം പാപപരിഹാരദിവസത്തിൽ മാത്രം ധൎമ്മപ്രകാരം ആചരിക്കേണ്ടതു (൩ മോ. ൧൬, ൨൯). യഹൂദരോ അതു പുണ്യവൎദ്ധനം എന്നു നിരൂപിച്ചു ആഴ്ചവട്ടത്തിൽ രണ്ടും നാലും ദിവസം നോറ്റു, വേഷത്തിലും മറ്റും ഉപേക്ഷ നടിച്ചു തങ്ങടെ വൈരാഗ്യശക്തിയെ കാട്ടി നടന്നു. ഈ വക സന്ന്യാസം എല്ലാം പരബോധം വരുത്തുവാനായി ചെയ്തതാകയാൽ ദോഷമത്രെ എന്നു യേശു കാണിച്ചു ദൈവത്തിന്നായി മാത്രം സന്തോഷത്തോടെ ആചരിപ്പാൻ ഉപദേശിച്ചു.

വൈരാഗ്യലക്ഷണങ്ങളോടു പലപ്പോഴും പ്രപഞ്ചസക്തി ചേരുകയാൽ യേശു ഏകാഗ്രമായ കണ്ണിന്റെ നിത്യഭാഗ്യവും മമ്മോനെ സേവിച്ചും നാളെക്കു കരുതികൊണ്ടും ഇരിക്കുന്ന ഹൃദയത്തിന്റെ ചാപല്യവും വൎണ്ണിച്ചു (൬, ൧൯—൩൪. ലൂക്ക. ൧൨, ൨൨—൩൧), നാം ദേവരാജ്യത്തേയും നീതിയേയും ഏകമായ പുരുഷാൎത്ഥം ആക്കിയാൽ ശേഷം എല്ലാം കൂടെ കിട്ടും എന്നു കല്പിച്ചു.

g.

MATT. VII.

1 Judge not that ye be not judged.
2 For with what judgment ye judge, ye shall be judged: and with what measure ye mete, it shall be measured to you again.
3 And why beholdest thou the mote that is in thy brother's eye, but considerest not the beam that is in thine own eye?
4 Or how wilt thou say to thy brother, Let me pull out the mote out of thine eye; and, behold, a beam *is* in thine own eye?
5 Thou hypocrite, first cast out the beam out of thine own eye; and then shalt thou see clearly to cast out the mote out of thy brother's eye.
6 Give not that which is holy unto the dogs, neither cast ye your pearls before swine, lest they trample them under their feet, and turn again and rend you.

LUKE VI.

37 Judge not, and ye shall not be judged: condemn not, and ye shall not be condemned: forgive, and ye shall be forgiven:
38 Give, and it shall be given unto you; good measure, pressed down, and shaken together, and running over, shall men give into your bosom. For with the same measure that ye mete withal it shall be measured to you again.
39 And he spake a parable unto them, Can the blind lead the blind? shall they not both fall into the ditch?
40 The disciple is not above his master: but every one that is perfect shall be as his master.
41 And why beholdest thou the mote that is in thy brother's eye, but perceivest not the beam that is in thine own eye?
42 Either how canst thou say to thy brother, Brother, let me pull out the mote that is in thine eye, when thou thyself beholdest not the beam that is in thine own eye? Thou hypocrite, cast out first the beam out of thine own eye, and then shalt thou see clearly to pull out the mote that is in thy brother's eye.

ഇപ്രകാരം പറീശന്മാരിലും കണ്ട (ലൂക്ക. ൧൬, ൧൪) ദ്രവ്യാഗ്രഹത്തെ ആക്ഷേപിച്ച ശേഷം ഇവർ കൂട്ടുകാരുടെ കണ്ണിലേ കരടും കണ്ടു മടിയാതെ വിസ്തരിച്ചു കൊള്ളുന്ന കുരുടന്മാരത്രെ, ആകയാൽ സഹോദരന്മാരെ വെറുതെ തള്ളുമ്പോൾ ബലിമാംസങ്ങളെ നായ്ക്കൾക്കും സഭാസംസൎഗ്ഗത്തിന്റെ നന്മകളെ പന്നികൾക്കും ചാടിക്കളവാൻ അവർ മടിക്കയില്ല എന്നും, ഇതിന്റെ ഫലം

അന്തഃകലഹങ്ങളാൽ കള്ളഇടയന്മാൎക്ക തന്നെ നാശം എന്നും കാട്ടിയതു. എന്നാൽ വിധിക്കയും ശപിക്കയും ചെയ്യാതെ ക്ഷമിക്കയിലും കൊടുക്കുന്നതിലും രസിച്ചാൽ ഇങ്ങിനെത്തവന്നു പ്രതിഫലമായി സകലവും നിറഞ്ഞും വഴിഞ്ഞും ലഭിക്കും (ലൂക്ക.)

പിന്നെ പറീശന്മാരെ പത്തുക്കെ ആക്ഷേപിപ്പാൻ ഒർ ഉപമ പറഞ്ഞു. കുരുടനെ നടത്തുന്ന കുരുടൻ കുഴിയിൽ വീഴുകേ ഉള്ളൂ. നിങ്ങളും കള്ളഗുരുക്കന്മാരെ അനുസരിച്ചാൽ അവരേക്കാൾ ഉത്തമന്മാർ അല്ല സമന്മാർ അത്രെ ആകും (ലൂക്ക.).

h.

MATT. VII.

7 Ask, and it shall be given you; seek, and ye shall find; knock, and it shall be opened unto you:

8 For every one that asketh receiveth; and he that seeketh findeth; and to him that knocketh it shall be opened.

9 Or what man is there of you, whom if his son ask bread, will he give him a stone?

10 Or if he ask a fish, will he give him a serpent?

11 If ye then, being evil, know how to give good gifts unto your children, how much more shall your Father which is in heaven give good things to them that ask him?

12 Therefore all things whatsoever ye would that men should do to you, do ye even so to them: for this is the law and the prophets.

13 Enter ye in at the strait gate: for wide *is* the gate, and broad *is* the way, that leadeth to destruction, and many there be which go in thereat:

14 Because strait *is* the gate, and narrow *is* the way, which leadeth unto life, and few there be that find it.

i.

MATT. VII.

15 Beware of false prophets, which come to you in sheep's clothing, but inwardly they are ravening wolves.

16 Ye shall know them by their fruits. Do men gather grapes of thorns, or figs of thistles?

17 Even so every good tree bringeth forth good fruit; but a corrupt tree bringeth forth evil fruit.

18 A good tree cannot bring forth evil fruit, neither *can* a corrupt tree bring forth good fruit.

19 Every tree that bringeth not forth good fruit is hewn down, and cast into the fire.

20 Wherefore by their fruits ye shall know them.

21 Not every one that saith unto me, Lord, Lord, shall enter into the kingdom of heaven; but he that doeth the will of my Father which is in heaven.

22 Many will say to me in that day, Lord, Lord, have we not prophesied in thy name? and in thy name have cast out devils? and in thy name done many wonderful works?

23 And then will I profess unto them, I never knew you: depart from me, ye that work iniquity.

24 Therefore whosoever heareth these sayings of mine, and doeth them, I will liken him unto a wise man, which built his house upon a rock:

25 And the rain descended, and the floods came, and the winds blew, and beat upon that house; and it fell not: for it was founded upon a rock.

26 And every one that heareth these sayings of mine, and doeth them not, shall be likened unto a foolish man, which built his house upon the sand:

27 And the rain descended, and the floods came, and the winds blew, and beat upon that house; and it fell: and great was the fall of it.

28 And it came to pass, when Jesus had ended these sayings, the people were astonished at his doctrine:

29 For he taught them as *one* having authority, and not as the scribes.

LUKE VI.

43 For a good tree bringeth not forth corrupt fruit; neither doeth a corrupt tree bring forth good fruit.

44 For every tree is known by his own fruit. For of thorns men do not gather figs, nor of a bramble bush gather they grapes.

45 A good man out of the good treasure of his heart bringeth forth that which is good; and an evil man out of the evil treasure of his heart bringeth forth that which is evil: for of the abundance of the heart his mouth speaketh.

46 And why call ye me, Lord, Lord, and do not the things which I say?

47 Whosoever cometh to me, and heareth my sayings, and doeth them, I will shew you to whom he is like:

48 He is like a man which built an house, and digged deep, and laid the foundation on a rock: and when the flood arose, the stream beat vehemently upon that house, and could not shake it: for it was founded upon a rock.

49 But he that heareth, and doeth not, is like a man that without a foundation built an house upon the earth; against which the stream did beat vehemently, and immediately it fell; and the ruin of that house was great.

ഇപ്രകാരം യേശു ഒന്നാം ഭാഗത്തിൽ (മത്ത. ൫, ൨—൧൬) സ്വൎഗ്ഗരാജ്യത്തിൽ സാധുക്കൾക്കുള്ള പുതുഭാഗ്യത്തെ അറിയിച്ചു കൊടുക്കയും, പറീശനീതിയിൽനിന്നു എല്ലാം സൂക്ഷിച്ചു കൊള്ളേണ്ടത് എന്നു ൨ാം അംശത്തിൽ (൫, ൧൭—൭, ൬) ഉപദേശിക്കയും ചെയ്ത ശേഷം ഇപ്പോൾ മൂന്നാമതിൽ (൭, ൭—൨൭) ദുൎമ്മാൎഗ്ഗത്തെ ഒഴിച്ചു നല്ല വഴിയെ വരിക്കേണ്ടുന്ന പ്രകാരത്തെ കാട്ടികൊടുക്കുന്നു. യാചിക്ക തിരയുക മുട്ടുക ഇതത്രെ ദേവനീതിയെ സാധിപ്പാനുള്ള വഴി. ആയ്ത ദൈവത്തോടു ചെയ്യുമ്പോൾ മനുഷ്യരുടെ സങ്കടങ്ങളേയും ബുദ്ധിമുട്ടുകളേയും ഗ്രഹിച്ചു തന്റേത് എന്നു പോലെ വിചാരിക്കയും വേണ്ടതു. പിന്നെ ആ രണ്ടിന്നായി ഉത്സാഹിക്കുന്നളവിൽ രണ്ടിനെ ഒഴിക്കേണം. ആയ്ത് എന്തെന്നാൽ "നാട് ഓടുമ്പോൾ നടുവെ" എന്നല്ല, ഭൂരിപക്ഷത്തെ വിട്ടു വിസ്താരം കുറഞ്ഞ വഴിയിൽ കൂടി നടക്കയത്രെ നല്ലതു. പിശാചിന്റെ ചേകവരായ ഉപദേഷ്ടാക്കന്മാരെ വാക്കും ഭാവവും പ്രമാണിക്കാതെ ഫലങ്ങളാൽ തിരിച്ചറിഞ്ഞു വിടുകയും വേണം. വൃക്ഷം തന്റെ സാരത്തിൽനിന്നു ഫലം ജനിപ്പിക്കുന്നതു പോലെ മനുഷ്യന്റെ ഹൃദയത്തിൽ പൊങ്ങിവരുന്ന ഭാവസാരം തന്നെ അവന്റെ വാക്കു മുതലായ ക്രിയകളെ പുറപ്പെടീക്കുന്നു. ആകയാൽ കൎത്തൃജനം ആകുവാൻ മനസ്സുള്ളവർ കൎത്തൃവചനം ഹൃദയത്തിൽ കാത്തു സകല ക്രിയെക്കും ഉറവാക്കേണ്ടു. ഇതേ പ്രമാണം. ഹൃദയം ചേരാത്ത സ്വീകാരവും സേവയും എല്ലാം വ്യൎത്ഥമത്രെ. ക്രിസ്തനാമത്തിൽ പ്രവചിക്ക, ഭൂതങ്ങളെ ആട്ടുക, ശക്തികളെ പ്രവൃത്തിക്ക ഇത്യാദി ക്രിയകൾ ഓരോന്നു ശുഭമായി വന്നെങ്കിലും ഒരുവൻ സാക്ഷാൽ പിതാവിൻ ഇഷ്ടം ചെയ്തുവോ ഇല്ലയോ എന്ന് അന്ത്യദിവസത്തിൽ മാത്രം തെളിഞ്ഞു വരും. ആകയാൽ ബുദ്ധിമാനായ ശിഷ്യൻ വചനം കേട്ട ഉടനെ ആഴ കുഴിച്ചു (ലൂക്ക.), യേശു മശീഹ എന്ന പാറെക്ക് എത്തി അടിസ്ഥാനം ഇട്ടാൽ മഴയും കൊടുങ്കാറ്റും ഉള്ള ദുഷ്കാലങ്ങളിലും ഭവനത്തിന്നു ഛേദം വരികയില്ല. ജഡപ്രകാരമുള്ള ഇസ്രയേലോ നാമശിഷ്യനോ വചനത്തെ കേട്ടിട്ടും കാത്തുകൊള്ളാതെ ഇരുന്നാൽ കൊടുങ്കാറ്റുള്ള സമയത്തു ഭൂമി കുലുങ്ങുമാറുള്ള വീഴ്ച സംഭവിക്കേ ഉള്ളൂ.

ഇങ്ങിനെ യേശു പൎവ്വതപ്രസംഗത്തെ തീൎത്തു, വൈദികരെ പോലെ അല്ല അധികാരം ഉള്ളവനായി ഉപദേശിക്കകൊണ്ടു എല്ലാവൎക്കും വിസ്മയം ജനിപ്പിക്കയും ചെയ്തു.

---

§ 82.

A Leper healed.

കുഷ്ഠരോഗശാന്തി.

MATT. VIII.

1 When he was come down from the mountain, great multitudes followed him.

2 And, behold, there came a leper and worshipped him, saying, Lord, if thou

MARK I.

40 And there came a leper to him, beseeching him, and kneeling down to him, and saying unto him, If thou wilt, thou canst make me clean.

41 And Jesus, moved with compassion, put forth *his* hand, and touched him, and saith unto him, I will; be thou clean.

42 And as soon as he had spoken,

LUKE V.

12 And it came to pass, when he was in a certain city, behold a man full of leprosy: who seeing Jesus fell on *his* face, and besought him, saying, Lord, if thou wilt, thou canst make me clean.

13 And he put forth *his* hand,

Matt. VIII.

wilt, thou canst make me clean.

3 And Jesus put forth *his* hand, and touched him, saying, I will; be thou clean. And immediately his leprosy was cleansed.

4 And Jesus saith unto him, See thou tell no man; but go thy way, shew thyself to the priest, and offer the gift that Moses commanded, for a testimony unto them.

Mark I.

immediately the leprosy departed from him, and he was cleansed.

43 And he straitly charged him, and forthwith sent him away;

44 And saith unto him, See thou say nothing to any man: but go thy way, shew thyself to the priest, and offer for thy cleansing those things which Moses commanded, for a testimony unto them.

45 But he went out, and began to publish *it* much, and to blaze abroad the matter, insomuch that Jesus could no more openly enter into the city, but was without in desert places: and they came to him from every quarter.

Luke V.

and touched him, saying, I will: be thou clean. And immediately the leprosy departed from him.

14 And he charged him to tell no man: but go and shew thyself to the priest, and offer for thy cleansing, according as Moses commanded, for a testimony unto them.

15 But so much the more went there a fame abroad of him: and great multitudes came together to hear, and to be healed by him of their infirmities.

16 And he withdrew himself into the wilderness, and prayed.

അനന്തരം യേശു മലയിൽനിന്ന ഇറങ്ങിയാറെ വളരെ പുരുഷാരങ്ങൾ അവനെ പിഞ്ചെന്നു. എന്നാൽ ഒരു ഗലീലപട്ടണത്തിൻ സമീപത്തുനിന്ന (ലൂക്ക.) ഒരു കുഷ്ഠരോഗി വിളിച്ചു, പിന്നെ അടുക്കെ വന്ന സാഷ്ടാംഗം വണങ്ങി, നിനക്കു മനസ്സ് ഉണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്ന് അപേക്ഷിച്ചു. യേശു ഉള്ളം കനിഞ്ഞു (മാൎക്ക.) കൈയും നീട്ടി അവനെ തൊട്ടു, മനസ്സുണ്ടു ശുദ്ധനാക എന്നു കല്പിച്ചു, കുഷ്ഠം വിട്ടു മാറുകയും ചെയ്തു. എന്നാറെ യേശു (അശുദ്ധനെ തൊട്ട സംഗതിയാൽ) മനസ്സ് കുറയ ഇളകി അവനെ നീക്കി (മാൎക്ക.), ആരോടും ഒന്നും പറയരുത്, അഹരോന്യരെ ചെന്നു കണ്ടു ബലികഴിച്ചു (൩ മോ. ൧൪) സഭയോടു ചേരുവാൻ സമ്മതം വരുത്തേണം എന്നു കല്പിച്ചു വിട്ടയച്ചു. ആയാൾ കല്പിച്ചപ്രകാരം അനുസരിയാതെ യേശു തൊട്ടതും കൂടെ പ്രസിദ്ധമാക്കിയതിനാൽ അക്ഷരസേവകന്മാരിൽ അശുദ്ധിശങ്ക ജനിക്കാതെ ഇരിക്കേണ്ടതിന്നു യേശു പട്ടണത്തിൽ പ്രവേശിക്കാതെ (മാൎക്ക.) ഏകാന്തത്തിൽ മാറി പ്രാൎത്ഥിച്ചു വസിച്ചു. അത് ഏഴദിവസം തന്നെയോ (൩ മോ. ൧൪, ൯), അല്ല പക്ഷേ ആ നാൾ മാത്രമോ എന്ന് അറിയാ. എങ്കിലും സങ്കടക്കാർ പലരും അത്ര കൂട്ടാക്കാതെ എവിടെനിന്നും വന്നു അവനോടു രോഗശാന്തിയെ അന്വേഷിക്കയും ചെയ്തു (മാൎക്ക. ലൂക്ക.).

---

§ 83.

His Friends go out to lay hold on Him.

ചേൎച്ചക്കാർ യേശുവെ പിടിപ്പാൻ നോക്കിയതു.

MARK III.

19 . . . and they went into an house.

20 And the multitude cometh together again, so that they could not so much as eat bread.

21 And when his friends heard *of it*, they went out to lay hold on him: for they said, He is beside himself.

യേശു മലയിൽ കരേറി ൧൨ അപോസ്തലരെ വരിച്ച് എന്നു വൎണ്ണിച്ചതിൽ പിന്നെ (൩, ൧൩ *ff.*) മാൎക്ക. പൎവ്വതപ്രസംഗത്തിൻ വസ്തുതയെ അറിയിക്കാതെ, ഗുരു ശിഷ്യരുമായി "വീട്ടിൽ" (കഫൎന്നഹൂമിൽ എന്നു തോന്നുന്നു) എത്തീട്ടു സംഭവിച്ച ഒർ അവസ്ഥയെ വിവരിക്കുന്നു. അതെന്തെന്നാൽ പൎവ്വതപ്രസംഗത്തിന്നു മുമ്പിലും പിമ്പിലും കുഷ്ഠശാന്തിയായ ശേഷവും (§ ൮൨)

യേശുവെ വിടാതെ പിഞ്ചെന്നുകൊണ്ടിരുന്ന പുരുഷാരങ്ങൾ അവന്റെ ഒപ്പം കഫൎന്നഹൂമിൽ എത്തി, ഭക്ഷിപ്പാൻ പോലും വഹിയാത്തവണ്ണം പിന്നേയും അകമ്പുറം തിങ്ങി നിന്നിരുന്നു. എന്നാൽ പണ്ടു യാക്കോബിൻ കിണററിന്നരികിൽ എന്ന പോലെ (§ ൨൬) യേശു ഇപ്പോഴും തീനും കുടിയും മറന്നു പുറത്തു ചെന്നു തളരാതെ സാധുക്കളുടെ ഗുണത്തിന്നായി പ്രയത്നിച്ച് ഉപദേശിച്ചു പോരുകയും ചെയ്തു പോൽ. ഇവ്വണ്ണം ശരീരരക്ഷയെ ഒക്ക ഉപേക്ഷിച്ചു നിത്യം അന്യൎക്ക് വേണ്ടി അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്നതു ശുദ്ധ ഭ്രാന്തു എന്നു വെച്ചിട്ടു വീട്ടുകാരിൽ ചിലർ നീരസപ്പെട്ടു പുറത്തു വന്നു ബലാൽക്കാരേണ കൎത്താവിനെ അകത്തേക്കു വലിപ്പാൻ ഭാവിച്ചു. സാക്ഷാൽ അവനെ പിടിച്ചു എന്നു കേൾക്കുന്നില്ല താനും. അങ്ങിനെ തുനിഞ്ഞവർ ഇന്നവർ എന്നും തിട്ടമായി പറഞ്ഞു കൂടാ. മൂലഭാഷയിൽ പ്രയോഗിച്ച ശബ്ദത്തെ നോക്കിയാൽ ബന്ധുക്കൾ എന്നും, സ്നേഹിതർ എന്നും ആവു. എന്നാൽ സഹോദരരോ ശിഷ്യരോ ആർ ആയിരുന്നു എങ്കിലും, തികഞ്ഞ സ്നേഹശുശ്രൂഷയിൽ ദേഹക്ഷേമസൈ്വരാദിസുഖത്തെ കേവലം മറന്നു ജീവത്യാഗത്തിന്നു പോലും മുതിൎന്ന കൎത്തൃഭാവം തന്റെവൎക്കും കൂടെ എത്ര അല്പമായി ബോധിച്ചുള്ളു എന്നതു ഈ വൃത്താന്തത്താൽ തെളിയുന്നു. അവനിൽ ഭ്രാന്ത് ഇളകി എന്ന് ഇവിടെ പഴിച്ചതും, കഷ്ടാനുഭവം സംബന്ധിച്ചു "അതരുതു, നിണക്ക് അങ്ങിനെ വരികയില്ല" എന്നു പേത്രൻ പിന്നേതിൽ ഗുരുവെ ശാസിച്ചതും (മത്ത. ൧൬, ൨൨) അതേ ജഡഭാവത്തിൽനിന്നു ഉത്ഭവിച്ചതു സ്പഷ്ടം.

---

§ 84.

THE CENTURION'S SERVANT HEALED.

ശതാധിപദാസനെ സൌഖ്യമാക്കിയതു.

MATT. VIII.

5 And when Jesus was entered into Capernaum, there came unto him a centurion, beseeching him,

6 And saying, Lord, my servant lieth at home sick of the palsy, grievously tormented.

7 And Jesus saith unto him, I will come and heal him.

8 The centurion answered and said, Lord, I am not worthy that thou shouldest come under my roof: but speak the word only, and my servant shall be healed.

9 For I am a man under authority, having soldiers under me: and I say to this *man*, Go, and he goeth; and to another, Come, and he cometh; and to my servant, Do this, and he doeth *it*.

10 When Jesus heard *it*, he marvelled, and said to them that followed, Verily I say unto you, I have not found so great faith, no, not in Israel.

11 And I say unto you, That many shall come from the east and west, and shall sit down with Abraham, and Isaac, and Jacob, in the kingdom of heaven.

12 But the children of the kingdom shall be

LUKE VII.

1 Now when he had ended all his sayings in the audience of the people, he entered into Capernaum.

2 And a certain centurion's servant, who was dear unto him, was sick, and ready to die.

3 And when he heard of Jesus, he sent unto him the elders of the Jews, beseeching him that he would come and heal his servant.

4 And when they came to Jesus, they besought him instantly, saying, That he was worthy for whom he should do this:

5 For he loveth our nation, and he hath built us a synagogue.

6 Then Jesus went with them. And when he was now not far from the house, the centurion sent friends to him, saying unto him, Lord, trouble not thyself: for I am not worthy that thou shouldest enter under my roof:

7 Wherefore neither thought I myself worthy to come unto thee: but say in a word, and my servant shall be healed.

8 For I also am a man set under authority, having under me soldiers, and I say unto one, Go, and he goeth; and to another, Come, and he cometh; and to my servant, Do this, and he doeth *it*.

9 When Jesus heard these things, he marvel-

Matt. VIII.

cast out into outer darkness: there shall be weeping and gnashing of teeth.

13 And Jesus said unto the centurion, Go thy way; and as thou hast believed, *so* be it done unto thee. And his servant was healed in the selfsame hour.

Luke VII.

led at him, and turned him about, and said unto the people that followed him, I say unto you, I have not found so great faith, no, not in Israel.

10 And they that were sent, returning to the house, found the servant whole that had been sick.

ഇപ്രകാരം യേശു ഗലീലയാത്രയിൽനിന്നു മടങ്ങി വന്ന വാൎത്ത കഫൎന്നഹൂമിൽ പരസ്യമായ ഉടനെ നഗരമൂപ്പന്മാർ അവനെ ചെന്നു കണ്ടു ഹെരോദാ പടയിലെ ഒരു ശതാധിപന്റെ ദാസന്നു വാതരോഗം അതിക്രമിച്ചു എന്നും, അവൻ പരദേശി എങ്കിലും യഹൂദപ്രിയനും പള്ളിയെ തീൎത്തു കൊട്ടത്തവനും ആകയാൽ സഹായത്തിന്നു പാത്രം എന്നും അറിയിച്ചു രോഗശാന്തിക്ക് അപേക്ഷിച്ചപ്പോൾ യേശു ഒന്നിച്ചു ചെന്നു. പിന്നെ ആ വിനീതൻ തന്റെ അയോഗ്യതയെ വിചാരിച്ചു താൻ വരുവാൻ തുനിയാത്തതുമല്ലാതെ തനിക്കു ൧൦൦ ആൾ അധീനരാകുന്നതു പോലെ ജീവമരണശക്തികൾ എല്ലാം യേശുവിന്റെ ചൊല്ക്കീഴമൎന്ന ചേകവർ അത്രെ എന്നു നിശ്ചയിച്ചു കൊണ്ടു, അടിയന്റെ വീട്ടിൽ വരേണ്ടാ, ഒരു വാക്കു പറഞ്ഞാൽ മതി എന്ന് ആൾ അയച്ചു പറയിച്ചു. എന്നാറെ യേശു ഇസ്രയേലിലും കാണാത്ത വിശ്വാസവലിപ്പം നിമിത്തം അതിശയിച്ചു, കിഴക്കിൽനിന്നും പടിഞ്ഞാറിൽനിന്നും പലരും അബ്രഹാം ഇഛ്ശാക്ക് യാക്കോബ് എന്നവരോടു കൂട സ്വൎഗ്ഗരാജ്യത്തിൻ പന്തിയിൽ ചേരും (മത്ത.), രാജ്യപുത്രന്മാരോ ഏററം പുറത്തുള്ള ഇരുളിലേക്കു തള്ളപ്പെടും (ലൂക്ക. ൧൩, ൨൮ *f*) എന്നു ചൊല്ലി, ശതാധിപനോടു നീ വിശ്വസിച്ച പ്രകാരം നിണക്കു ഭവിക്കട്ടെ എന്നു പറയിച്ചു ഭൃത്യന്നു തൽക്ഷണം സൌഖ്യം ഉണ്ടാക്കുകയും ചെയ്തു (മത്ത.).

ഈ അതിശയം നടന്നതു പള്ളിയിലെ ഭൂതഗ്രസ്തനേയും പേത്രന്റെ അമ്മാവിയേയും സ്വസ്ഥമാക്കിയ ശബ്ബത്തിൽ തന്നെ (§ ൮൫) എന്നു നിശ്ചയിക്കാം. എങ്ങിനെ എന്നാൽ "വൈകുന്നേരം ആയപ്പോൾ" എന്ന കാലസൂക്ഷ്മത്താൽ (മത്ത. ൮, ൧൬) അല്പം മുമ്പെ വിവരിച്ചതും ഒടുക്കം ചൊല്ലിയതും എല്ലാം ഒരേ ദിവസത്തിൽ സംഭവിച്ചു എന്നു മത്തായി സൂചിപ്പിക്കുന്നു. ശതാധിപദാസനെ സൌഖ്യമാക്കിയതും മററും (൮, ൫—൧൩) യേശു ചെയ്തതു കഫൎന്നഹൂമിൽ പ്രവേശിച്ചതിന്നും (൮, ൫) തിരികെ യാത്രയായതിന്നും* (൮, ൧൮) ഇടെക്കുള്ള ദിവസത്തിൽ, എന്നത്രെ ഭാവം. അതുകൂടാതെ ശതാധിപദാസനെ സ്വസ്ഥമാക്കിയതിൻ പിറേറനാൾ യേശു നയിനിലെ വിധവാപുത്രനെ ജീവിപ്പിച്ചെഴുനീല്പിച്ചു എന്നു ലൂക്ക. (൭, ൧൧) ചൊല്ലിയതിനാലും അന്നു കഫൎന്നഹൂമിൽ നടന്നതെല്ലാം ഒരേ ദിവസത്തിന്റെ പണി ആയിരുന്നു എന്നു തെളിയുന്നു. ബാധാരോഗശാന്തികൾ പലതും നടന്നിട്ടുള്ള ഈ ശബ്ബത്ത് പൎവ്വതപ്രസംഗത്തിൻ ശേഷമേ ഉണ്ടായുള്ളു എന്നു മത്തായി അനുസരിച്ചു വരുന്ന ക്രമം പ്രമാണമായിരിക്കുന്നപ്രകാരം മുമ്പെ ചൊല്ലിയതിനെ (§ ൬൪) ഒത്തു നോക്ക.

---

*അക്കരെക്കുള്ള യാത്രയും (മത്ത. ൮, ൧൮; § ൯൦ *f*) മാൎക്ക. ലൂക്ക. ഈ സംബന്ധത്തിൽ വിവരിക്കുന്ന പുതു പ്രയാണവും (§ ൮൬) കേവലം വെവ്വേറെ എന്നു വരികിലും, യേശു അന്നു പട്ടണവാസത്തെ കഴിയുന്നെടത്തോളം ചുരുക്കി. ബദ്ധപ്പെട്ടു തിരികെ യാത്രയായി എന്ന വിശേഷതയെ മൂവരും ഒരു പോലെ തെളിയിക്കുന്നു.

§ 85.

SABBATH MIRACLES IN THE SYNAGOGUE AND PETER'S HOUSE.

പള്ളിയിലും കേഫാഗൃഹത്തിലും നടന്ന അതിശയങ്ങൾ.

a) *The demoniac in the synagogue healed.*

പള്ളിയിലേ ഭൂതോപദ്രവശാന്തി.

MARK I.

23 And there was in their synagogue a man with an unclean spirit; and he cried out,

24 Saying, Let *us* alone; what have we to do with thee, thou Jesus of Nazareth? art thou come to destroy us? I know thee who thou art, the Holy One of God.

25 And Jesus rebuked him, saying, Hold thy peace, and come out of him.

26 And when the unclean spirit had torn him, and cried with a loud voice, he came out of him.

27 And they were all amazed, insomuch that they questioned among themselves, saying, What thing is this? what new doctrine *is* this? for with authority commandeth he even the unclean spirits, and they do obey him.

28 And immediately his fame spread abroad throughout all the region round about Galilee.

LUKE IV.

33 And in the synagogue there was a man, which had a spirit of an unclean devil, and cried out with a loud voice,

34 Saying, Let *us* alone; what have we to do with thee, *thou* Jesus of Nazareth? art thou come to destroy us? I know thee who thou art; the Holy One of God.

35 And Jesus rebuked him, saying, Hold thy peace, and come out of him. And when the devil had thrown him in the midst, he came out of him, and hurt him not.

36 And they were all amazed, and spake among themselves, saying, What a word *is* this! for with authority and power he commandeth the unclean spirits, and they come out.

37 And the fame of him went out into every place of the country round about.

b) *Peter's wife's mother healed, many others too.*

പേത്രന്റെ അമ്മാവി മുതലായവരെ സ്വസ്ഥമാക്കിയതു.

MATT. VIII.

14 And when Jesus was come into Peter's house, he saw his wife's mother laid, and sick of a fever.

15 And he touched her hand, and the fever left her: and she arose, and ministered unto them.

16 When the even was come, they brought unto him many that were possessed with devils: and he cast out the spirits with *his* word, and healed all that were sick:

17 That it might be fulfilled which was spoken by Esaias the prophet, saying, Himself took our infirmities, and bare *our* sicknesses.

MARK I.

29 And forthwith, when they were come out of the synagogue, they entered into the house of Simon and Andrew, with James and John.

30 But Simon's wife's mother lay sick of a fever, and anon they tell him of her.

31 And he came and took her by the hand, and lifted her up; and immediately the fever left her, and she ministered unto them.

32 And at even, when the sun did set, they brought unto him all that were diseased, and them that were possessed with devils.

33 And all the city was gathered together at the door.

34 And he healed many that were sick of divers diseases, and cast out many devils; and suffered not the devils to speak, because they knew him.

LUKE IV.

38 And he arose out of the synagogue, and entered into Simon's house. And Simon's wife's mother was taken with a great fever; and they besought him for her.

39 And he stood over her, and rebuked the fever; and it left her and immediately she arose and ministered unto them.

40 Now when the sun was setting, all they that had any sick with divers diseases brought them unto him; and he laid his hands on every one of them, and healed them.

41 And devils also came out of many, crying out, and saying, Thou art Christ the Son of God. And he rebuking *them* suffered them not to speak: for they knew that he was Christ.

അന്നേത്ത ശബ്ബത്തിൽ യേശു കഫൎന്നഹൂംപള്ളിയിൽ വന്നപ്പോൾ പെട്ടന്ന് ഒരു ഭൂതഗ്രസ്തൻ "വിടു, നീ ഞങ്ങളെ സംഹരിപ്പാൻ വന്നു, നീ ദൈവത്തിന്റെ ആ വിശുദ്ധൻ ആകുന്നു പോൽ" എന്നു വിളിച്ചു. യേശുവും ആ ഭൂതത്തെ മിണ്ടാതാക്കി പുറപ്പെടുവാൻ കല്പിച്ചു ഉടനെ അത് ഉറഞ്ഞവനെ വലിച്ചു ചേതം വരുത്താതെ (ലൂക്ക.) നിലവിളിയോടെ ഒഴിഞ്ഞു പോയി.

അപ്പോൾ പള്ളിയിൽ ഉള്ളവർ എല്ലാം വിസ്മയിച്ചു, ഭൂതങ്ങളേയും അനുസരിപ്പിക്കുന്ന ഈ പുതിയ ഉപദേശം എവിടെനിന്ന് എന്നു പറഞ്ഞു അവന്റെ കീർത്തിയെ പരത്തി.

യേശു പള്ളിയിൽനിന്നു ൪ ശിഷ്യന്മാരോടു കൂടെ പുറപ്പെട്ടു ശിമോന്റെ വീട്ടിൽ ചെന്നു. അവൻ പക്ഷെ വിവാഹം കഴിപ്പാനായി ബെത്ത്ചൈദയെ വിട്ടു അടുക്കെ ഉള്ള കഫൎന്നഹൂമിൽ കുടി ഇരുന്നു (അപോസ്തലനായ ശേഷവും അവൻ ഗൃഹസ്ഥൻ ആയ്പാൎത്തു, ൧ കൊ. ൯, ൫). ഭാൎയ്യയുടെ അമ്മെക്കു പനി ഉള്ളതു കേട്ടാറെ യേശു അവളുടെ കൈയെ പിടിച്ചു ജ്വരത്തെ ശാസിച്ചു (ലൂക്ക.), അവൾ എഴുനീറ്റു യേശുവെ സേവിക്കയും ചെയ്തു.

അസ്തമിച്ചാറെ രോഗികൾ മുതലായ ഊക്കാർ എല്ലാം ഭവനത്തെ വളഞ്ഞു യേശുവും ഹസ്താൎപ്പണത്താലെ (ലൂക്ക.) എല്ലാവരേയും സ്വസ്ഥമാക്കി, "നീ ദൈവപുത്രൻ" എന്നു വിളിക്കുന്ന ഭൂതങ്ങളെ ശാസിച്ചു മിണ്ടാതാക്കി നീക്കിയതിനാൽ, നമ്മുടെ ബലക്ഷയങ്ങളെ അവൻ ഏറ്റു വ്യാധികളെ ചുമന്നു എന്ന പ്രവാചകത്തെ (യശ. ൫൩, ൪ *f.*) ഒപ്പിക്കയും ചെയ്തു (മത്ത.).

---

§ 86.

The Following Day's March to Nain.

നയിനിലേ മഹാകൎമ്മം.

a) *Jesus sought by many, declines to stay. A fresh circuit.*

യേശുവെ തടുത്തു നിൎത്തുവാൻ നോക്കിയതും, രണ്ടാം ഘോഷണയാത്രയുടെ ആരംഭവും.

MARK I.

35 And in the morning, rising up a great while before day, he went out, and departed into a solitary place, and there prayed.
36 And Simon and they that were with him followed after him.
37 And when they had found him, they said unto him, All *men* seek for thee.
38 And he said unto them, Let us go into the next towns, that I may preach there also: for therefore came I forth.
39 And he preached in their synagogues throughout all Galilee, and cast out devils.

LUKE IV.

42 And when it was day, he departed and went into a desert place: and the people sought him, and came unto him, and stayed him, that he should not depart from them.
43 And he said unto them, I must preach the kingdom of God to other cities also: for therefore am I sent.
44 And he preached in the synagogues of Galilee.

b) *The widow's son at Nain raised.*

നയിനിലേ വിധവാപുത്രനെ ജീവിപ്പിച്ചതു.

LUKE VII.

11 And it came to pass the day after, that he went into a city called Nain: and many of his disciples went with him, and much people.
12 Now when he came nigh to the gate of the city, behold, there was a dead man carried out, the only son of his mother, and she was a widow: and much people of the city was with her.
13 And when the Lord saw her, he had compassion on her, and said unto her, Weep not.
14 And he came and touched the bier: and they that bare *him* stood still. And he said, Young man, I say unto thee, Arise.
15 And he that was dead sat up, and began to speak. And he delivered him to his mother.
16 And there came a fear on all: and they glorified God, saying, That a great prophet is risen up among us; and, That God hath visited his people.
17 And this rumour of him went forth throughout all the region round about.

ഈ ജയദിവസം കഴിഞ്ഞാറെ യേശു നന്ന രാവിലെ പ്രാൎത്ഥിപ്പാൻ ഏകാന്തത്തിൽ ചെന്നു പാൎത്തു. പിന്നെ പുരുഷാരം ശീമോനേയും മററും മുട്ടിച്ച് അന്വേഷണം കഴിച്ചു യേശുവെ കണ്ടപ്പോൾ ഈ ഊരിൽ പാൎക്കേണം എന്നു വളരെ അപേക്ഷിച്ചു, തങ്ങളെ വിട്ടുപോകാതവണ്ണം അവനെ നിറുത്തുകയും ചെയ്തു. അതിനാൽ അവൻ നചറക്കാരുടെ അവിശ്വാസം ഓൎത്തു സന്തോഷിച്ചു എങ്കിലും മറേറ ഊരുകളിലും ദേവരാജ്യത്തെ അറിയിപ്പാൻ എനിക്കു നിയോഗം ഉണ്ടെന്നു ചൊല്ലി താമസിയാതെ യാത്രയാകയും ചെയ്തു.

ഇത്രമേൽ ബദ്ധപ്പെട്ടു കഫൎന്നഹൂമിൽനിന്നു പുറപ്പെട്ടതിൻ കാരണമോ, നാലഞ്ചു കാതം വഴിദൂരവും താബോർ മലയുടെ തെക്കേ ഭാഗത്തും ഉള്ള നയിൻ ഗ്രാമത്തിൽ അന്നു പുനരുത്ഥാപനം എന്ന വങ്കാൎയ്യം ചെയ്വാനുണ്ട് എന്നു പിതാവു പുത്രന്നു കാണിച്ചു കൊടുത്തിരുന്നു (യോ. ൫, ൨൦). അതു ശതാധിപദാസനെ സ്വസ്ഥമാക്കിയതിൻ പിറേറനാൾ തന്നെ സംഭവിച്ചു എന്നു ലൂക്ക. (൭, ൧൧) തിട്ടമായി പറയുന്നു. ഇപ്രകാരം കഥാസംബന്ധത്തിൻ സൂക്ഷ്മം അറിഞ്ഞാലെ യേശു കഫൎന്നഹൂംകാരുടെ അപേക്ഷയെ അശേഷം കൂട്ടാക്കാതെ തൽക്ഷണം യാത്രയായതു എന്തിന്നു എന്നു പൂൎണ്ണമായി ഗ്രഹിപ്പാൻ പാടുള്ളു. അതുപോലെ ഏകാന്തത്തിൽ പ്രാൎത്ഥിപ്പാൻ പോയവനെ ജനങ്ങൾ പെട്ടന്നു തിരഞ്ഞു, തങ്ങളിൽനിന്നു വാങ്ങി പോകരുതു എന്നു യാചിച്ചു തടുത്തതിൻ കാരണവും കൂടെ ഈ സംബന്ധത്താൽ അധികം തെളിഞ്ഞു വരുന്നു. യേശു ചില ആഴ്ചവട്ടം കഫൎന്നഹൂമിൽ വസിക്കാതെ ഗലീലയിൽ എങ്ങും സഞ്ചരിച്ചു കൊണ്ടിരുന്നപ്പോൾ, ഇവൻ ഇല്ലാഞ്ഞിട്ടു നാം വെറുതെ നഷ്ടം തിരിയുന്നു എന്നും, അവൻ നമ്മോടുള്ളന്നു എത്ര ആദായവും ഭാഗ്യവും ഉണ്ടെന്നും ബോധിച്ചിട്ടു നഗരക്കാർ കാവൽക്കാർ എന്നപോലെ അവനെ സൂക്ഷിച്ചു പുതുയാത്രയെ മുടക്കുവാൻ ശ്രമിച്ചതു.

എന്നാൽ അന്നു പകൽ മുഴുവൻ ഞെരുങ്ങി നടന്നിട്ടു യേശുവും ശിഷ്യന്മാർ പലരും നയിൻ ഊരിന്റെ വാതിലോട് അണയുമ്പോൾ തന്നെ ഒരു ശവത്തെ ചുമന്നു കൊണ്ടുപോകുന്നവരുടെ കൂട്ടം എതിരിട്ടു വന്നു. ചത്തവനോ ഒററ പെററ ഒരു വിധവയുടെ മകൻ തന്നെ. ഉടനെ യേശു അമ്മയോടു "കരയല്ലേ" എന്നു ചൊല്ലി ശവപ്പെട്ടിമേൽ കൈ വെച്ചു നിറുത്തി ബാല്യക്കാരനെ ജീവിച്ചെഴുനീല്പിച്ചു തിരികെ അമ്മെക്കു കൊടുക്കയും ചെയ്തു. ഇത്ര പരസ്യമായി മരണത്തെ ജയിക്കുന്ന പ്രകാരം യേശു മുമ്പെ കാണിച്ചിട്ടില്ല. ആകയാൽ പുത്രന്മാരെ ഭയങ്കരമായ മശീഹസേവെക്കായി ഏല്പിച്ചിട്ടുള്ള ശലോമ മറിയ മുതലായ അമ്മമാൎക്കു വിശ്വാസധൈൎയ്യം വൎദ്ധിച്ചതുമല്ലാതെ ഇസ്രയേലിന്നു വൈധവ്യകാലം കഴിഞ്ഞു (യശ. ൫൪, ൪) എന്നും, ദൈവം സ്വജനത്തെ ദൎശിക്കേണ്ടുന്ന കാലം ഉദിച്ചു വന്നു എന്നും ഉള്ള ശ്രുതി എവിടയും പരന്നു പ്രസാദം ജനിപ്പിക്കയും ചെയ്തു.

§ 87.

THE BAPTIST'S MESSAGE FROM PRISON.

സ്നാപകന്റെ ദൂതും ഗുണവർണ്ണനവും.

MATT. XI.

2 Now when John had heard in the prison the works of Christ, he sent two of his disciples,
3 And said unto him, Art thou he that should come, or do we look for another?
4 Jesus answered and said unto them, Go and shew John again those things which ye do hear and see:
5 The blind receive their sight, and the lame walk, the lepers are cleansed, and the deaf hear, the dead are raised up, and the poor have the gospel preached to them.
6 And blessed is *he*, whosoever shall not be offended in me.
7 And as they departed, Jesus began to say unto the multitudes concerning John, What went ye out into the wilderness to see? A reed shaken with the wind?
8 But what went ye out for to see? A man clothed in soft raiment? behold, they that wear soft *clothing* are in kings' houses.
9 But what went ye out for to see? A prophet? yea, I say unto you, and more than a prophet.
10 For this is *he*, of whom it is written, Behold, I send my messenger before thy face, which shall prepare thy way before thee.
11 Verily I say unto you, Among them that are born of women there hath not risen a greater than John the Baptist: notwithstanding he that is least in the kingdom of heaven is greater than he.
12 And from the days of John the Baptist until now the kingdom of heaven suffereth violence, and the violent take it by force.
13 For all the prophets and the law prophesied until John.
14 And if ye will receive *it*, this is Elias, which was for to come.
15 He that hath ears to hear, let him hear.
16 But whereunto shall I liken this generation? It is like unto children sitting in the markets, and calling unto their fellows,
17 And saying, We have piped unto you, and ye have not danced; we have mourned unto you, and ye have not lamented.
18 For John came neither eating nor drinking, and they say, He hath a devil.
19 The Son of man came eating and drinking, and they say, Behold a man gluttonous, and a wine-bibber, a friend of publicans and sinners. But wisdom is justified of her children.

LUKE VII.

18 And the disciples of John shewed him of all these things.
19 And John calling *unto him* two of his disciples sent *them* to Jesus, saying, Art thou he that should come? or look we for another?
20 When the men were come unto him, they said, John Baptist hath sent us unto thee, saying, Art thou he that should come? or look we for another?
21 And in that same hour he cured many of *their* infirmities and plagues, and of evil spirits; and unto many *that were* blind he gave sight.
22 Then Jesus answering said unto them, Go your way, and tell John what things ye have seen and heard; how that the blind see, the lame walk, the lepers are cleansed, the deaf hear, the dead are raised, to the poor the gospel is preached.
23 And blessed is *he*, whosoever shall not be offended in me.
24 And when the messengers of John were departed, he began to speak unto the people concerning John, What went ye out into the wilderness for to see? A reed shaken with the wind?
25 But what went ye out for to see? A man clothed in soft raiment? Behold, they which are gorgeously apparelled, and live delicately, are in kings' courts.
26 But what went ye out for to see? A prophet? Yea, I say unto you, and much more than a prophet.
27 This is *he*, of whom it is written, Behold, I send my messenger before thy face, which shall prepare thy way before thee.
28 For I say unto you, Among those that are born of women there is not a greater prophet than John the Baptist: but he that is least in the kingdom of God is greater than he.
29 And all the people that heard *him*, and the publicans, justified God, being baptized with the baptism of John.
30 But the Pharisees and lawyers rejected the counsel of God against themselves, being not baptized of him.
31 And the Lord said, Whereunto then shall I liken the men of this generation? and to what are they like?
32 They are like unto children sitting in the marketplace, and calling one to another, and saying, We have piped unto you, and ye have not danced; we have mourned to you, and ye have not wept.
33 For John the Baptist came neither eating bread nor drinking wine; and ye say, He hath a devil.
34 The Son of man is come eating and drinking; and ye say, Behold a gluttonous man, and a winebibber, a friend of publicans and sinners!
35 But wisdom is justified of all her children.

സ്നാപകൻ ആ ശീതകാലത്ത് ഏകദേശം നാലു മാസം തടവിൽ പാൎത്ത ശേഷം എലീയാവിന്നു വന്നപ്രകാരം (൧രാജ. ൧൯, ൪ *ff*) മനഃപീഡ അസഹ്യമായി വൎദ്ധിച്ചു തുടങ്ങി സംശയഭാവങ്ങൾ ഓരോന്നു ഉദിക്കയും ചെയ്തു. അതിനാൽ അതിശയിക്കേണ്ടാ: പഴയ നിയമത്തിലേ വീരന്മാൎക്കു സഹിപ്പാ

നല്ല പ്രവൃത്തിപ്പാൻ അധികം വരം കിട്ടിയല്ലോ. പിതാക്കന്മാർ ദൈവത്തോടു സങ്കടപ്പെട്ടു വ്യവഹരിച്ച വചനങ്ങൾ പലതും ഉണ്ടു (൨മോശ ൧൭, ൪; യോബ് ൩, ൧; യിറ. വിലാപ. ൩;—മത്ത. ൨൬, ൩൯ കൂടെ നോക്കുക). ആകയാൽ അവൻ ശിഷ്യന്മാരാൽ (ലൂക്ക.) യേശുവിന്റെ ക്രിയകളെ ചുങ്കക്കാരോടു കൂടെ ഉള്ള സദ്യമുതൽ നയിനിലേ ഉയിൎപ്പോളം എല്ലാം കേട്ടപ്പോൾ തനിക്കും ശിഷ്യന്മാൎക്കും പൂൎണ്ണനിശ്ചയം ഉറപ്പിച്ചു കിട്ടേണ്ടതിന്നു ൨ പേരെ നിയോഗിച്ചു, വരേണ്ടുന്നവൻ നീ തന്നെയൊ, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കയോ എന്നു യേശുവോടു ചോദിപ്പിക്കയാൽ തന്റെ സങ്കടത്തെ ഏറ്റു പറഞ്ഞു.

അവരെ യേശു രോഗശാന്തികളെ കാണിച്ചു (ലൂക്ക.), കുരുടർ കാണ്ക, ചെവിടർ കേൾ്ക്ക, ഊമർ സ്തുതിക്ക, മുടവർ നടക്ക (യശ. ൩൫, ൫ff), കുഷ്ഠാദി അശുദ്ധികൾ മാറുക, ചത്തവർ ജീവിക്ക (ഹജ. ൩൭), സാധുക്കൾ്ക്ക അനുഗ്രഹവൎഷം അറിയിക്ക (യശ. ൬൧), മുതലായ പ്രവാചകങ്ങൾ്ക്കു വന്ന നിവൃത്തിയെ കാട്ടി, മശീഹരാജ്യത്തിന്നു മഹാജയങ്ങളും ന്യായവിധികളും അല്ല കരുണാപ്രവൃത്തികൾ ആദിസ്വരൂപം എന്നു ബോധം വരുത്തുകയും ചെയ്തു. പിന്നെ അവൻ യശ. ൮, ൧൪ ഓൎപ്പിച്ചു, എങ്കൽ ഇടറി പോകാത്തവൻ ധന്യൻ എന്നു ചൊല്ലി യോഹനാന്റെ പരീക്ഷാജയത്തേയും ഭാഗ്യത്തേയും മുന്നറിഞ്ഞു വാഴ്ത്തുകയും ചെയ്തു.

യോഹനാന്യർ വിട്ടു പോയ ശേഷം യേശു കഷ്ടമരണങ്ങളിലും തനിക്കു മുന്നടപ്പവനായ മഹാത്മാവെ വൎണ്ണിപ്പാൻ തുടങ്ങി. അവന്റെ ശിഷ്യർ പക്ഷെ കാററിനാൽ അലയുന്ന മുളയായി തോന്നിയാലും ഗുരുവിൻ സ്വഭാവം അങ്ങിനെ അല്ല, മനുഷ്യരിൽ ദേവദാരു പോലെ ഉറെച്ചെഴുന്നവൻ അത്രെ; ആകയാൽ അവൻ മുൻ പറഞ്ഞ സാക്ഷ്യത്തിന്നു നീക്കം വരികയില്ല. അവൻ രാജവസ്ത്രും ആഗ്രഹിക്കുന്ന മുഖസ്തുതിക്കാരനും അല്ല; ആകയാൽ ഇടപ്രഭുവോടു ഖണ്ഡിതമായി ഉരെച്ചതിനെ തടവിൽ ലാളിച്ചു പുലമ്പിക്കയില്ല. അവൻ മശീഹയെ പ്രവചിച്ചതല്ലാതെ വെളിപ്പെടുത്തിയവനും ആകയാൽ പ്രവാചകരിലും സ്ത്രീകളിൽനിന്നു ജനിച്ച എല്ലാവരിലും ജ്യേഷ്ഠൻ തന്നെ. എങ്കിലും അവൻ പഴയ നിയമത്തിന്റെ സമാപ്തി അത്രെ, ആകയാൽ ഇപ്പോൾ ഉദിക്കുന്ന മശീഹരാജ്യത്തിൽ ആത്മജാതനായ ചെറിയവനും യോഹനാനിൽ വലിയവൻ ആകുന്നു. എന്നിട്ടും സ്നാപകന്റെ വലിപ്പത്തിന്നു ഒരു സാക്ഷ്യം ഇതാ: അവന്റെ നാൾ മുതൽ ഇസ്രയേൽ എന്തൊരു പടക്കളമായി തീൎന്നു! അവന്റെ ഘോഷണത്താൽ എന്തൊരു അന്വേഷണവും കലക്കവും വന്നു തുടങ്ങി! ഒരു കോട്ടയെ എന്ന പോലെ സ്വൎഗ്ഗരാജ്യത്തെ വളെച്ച് അടക്കുവാൻ ആക്രമികൾ ഇങ്ങും അങ്ങും ഉദിച്ചു പലരും അതിനെ വശത്താക്കുകയും ചെയ്തു! യോഹനാന്റെ വേല ഇത്ര സഫലമായ്വന്നതിന്റെ കാരണമോ, അവന്റെ നാളോളമേ പ്രവചനകാലം നടക്കേണ്ടതു; മശീഹയുടെ അഗ്രേസരനായ ഈ എലീയ വന്ന ശേഷമോ ഇനി പ്രവചനം അല്ല നിവൃത്തിയേ ഉള്ളു.

പിന്നെ ചുങ്കക്കാർ മുതലായ സാധുക്കൾ മാത്രം യോഹനാന്റെ സ്നാനം ഏററും ദൈവഭാവത്തെ അംഗീകരിച്ചതും വൈദികരും പറീശരും അതിനെ നിരസിച്ചതും (ലൂക്ക.) വിചാരിച്ചു യേശു ഖണ്ഡിതവാക്കു പറഞ്ഞു. ഈ

പുതുകാലത്തിൻ വലിപ്പത്തെ അറിയാത്തവരുടെ ദുൎഗ്ഗുണമോ: അവർ ദൈവത്തെ അനുസരിക്കുന്നവരല്ല നടത്തുവാൻ ഭാവിക്കുന്ന ചപലന്മാരത്രെ. അനുതാപഘോഷകൻ വന്നപ്പോൾ അവർ കുഴൽ ഊതി, ഇപ്പോൾ കളിച്ചു തുള്ളെണ്ടതാകുന്നു എന്നു വിപരീതമായി നിശ്ചയിച്ചു, യോഹനാനെ പഠിപ്പിച്ചു അവസാനത്തിൽ ഭ്രാന്തൻ എന്നു തള്ളി. പിന്നെ മണവാളൻ വന്നു പാപികളോടു സംസൎഗ്ഗം ചെയ്തു സന്തോഷഭാവത്തിന്ന് ഇടം കൊടുത്തപ്പോൾ അവർ മനസ്സ് ഭേദിച്ചു വിലാപം തുടങ്ങി, നോമ്പും ഖേദവും അത്യാവശ്യം തന്നെ, ധൎമ്മലംഘനത്തിന്നു ശിക്ഷ വേണ്ടേ, ചുങ്കക്കാരേയും പാപികളേയും അകറ്റേണ്ടേ എന്നു യേശുവിന്നു ഉപദേശിപ്പാൻ തുനിഞ്ഞു. കല്പനാന്യായമോ സുവിശേഷകൃപയോ ഏത് അറിയിച്ചാലും തെററ് എന്നേ ഉള്ളു. എങ്കിലും സ്വൎഗ്ഗീയ ജ്ഞാനത്തെ അമ്മയാക്കി അനുസരിക്കുന്നവർ എല്ലാ കാലത്തും ഉണ്ടു (സുഭ. ൮, ൩൨). ആ അഹങ്കാരികൾ ദുഷിക്കുന്തോറും ഇവർ അമ്മയുടെ വഴി എല്ലാം ശരി എന്നു വാക്കിനാലും നടപ്പിനാലും കാട്ടി അവൾക്കായി പ്രതിവാദം കഴിക്കുന്നു.

---

§ 88.

The Unbelieving Cities upbraided, the Father magnified.

അവിശ്വാസമുള്ള പട്ടണങ്ങളുടെ ആക്ഷേപണാദികൾ.

MATT. XI.

20 Then began he to upbraid the cities wherein most of his mighty works were done, because they repented not:
21 Woe unto thee, Chorazin! woe unto thee, Bethsaida! for if the mighty works, which were done in you, had been done in Tyre and Sidon, they would have repented long ago in sackcloth and ashes.
22 But I say unto you, it shall be more tolerable for Tyre and Sidon at the day of judgment, than for you.
23 And thou, Capernaum, which art exalted unto heaven, shalt be brought down to hell: for if the mighty works, which have been done in thee, had been done in Sodom, it would have remained until this day.
24 But I say unto you, That it shall be more tolerable for the land of Sodom in the day of judgment, than for thee.
25 At that time Jesus answered and said, I thank thee, O Father, Lord of heaven and earth, because thou hast hid these things from the wise and prudent, and hast revealed them unto babes.
26 Even so, Father: for so it seemed good in thy sight.
27 All things are delivered unto me of my Father: and no man knoweth the Son, but the Father; neither knoweth any man the Father, save the Son, and *he* to whomsoever the Son will reveal *him*.
28 Come unto me, all *ye* that labour and are heavy laden, and I will give you rest.
29 Take my yoke upon you, and learn of me; for I am meek and lowly in heart: and ye shall find rest unto your souls.
30 For my yoke *is* easy, and my burden is light.

ഇപ്രകാരം യോഹനാന്നും തനിക്കും ഉള്ള ഐക്യത്തേയും വ്യത്യാസത്തേയും കാട്ടി താന്തോന്നികളായ തലമുറയെ ആക്ഷേപിച്ചതിന്റെ ശേഷം യേശു തന്നെ വിശ്വസിക്കാത്ത ഗലീലദേശങ്ങളെ പ്രത്യേകം ഓൎത്തു, കോരജീൻ ബെത്‌ചൈദ ഈ രണ്ടിൽ വെച്ചു കാണിച്ച അതിശയങ്ങൾ തുർ ചിദോനുകളിൽ സംഭവിച്ചു എങ്കിൽ അനുതപിക്കുമായിരുന്നു, അതുകൊണ്ടു നിങ്ങൾക്കു ശിക്ഷയേറും എന്നും, സ്വൎഗ്ഗത്തോളം ഉയൎന്നു ചമഞ്ഞ കഫൎന്നഹൂം പാതാളം വരെ തള്ളപ്പെടും (ഹജ. ൧൪, ൧൩ ff) എന്നും മററും ശാപത്തിന്നടുത്തതു ഖേദത്തോടെ പറഞ്ഞു. ഇങ്ങും അങ്ങും ചില സാധുക്കൾ ദേവരക്ഷയിൽ സന്തോ

ഷിച്ച യേശുവെ മനസ്സോടെ അംഗീകരിച്ചെങ്കിലും അനുതാപപ്രസംഗവും അത്ഭുതക്രിയകളും ഗലീലയിലും മിക്കവാറും നിഷ്ഫലമായി പോകും എന്നും, ജാതിയായിട്ട അവർ മശീഹരാജ്യത്തിൽ കടപ്പാൻ കഴിയാത്തവണ്ണം അവിശ്വാസത്തിലും പ്രപഞ്ചസക്തിയിലും മുഴുകി പോയി എന്നും അന്ന കൎത്താവിന്ന തീരെ ബോധിച്ച് എന്നതു സ്പഷ്ടം.

എന്നിട്ടും ഇപ്രകാരം ഖേദിച്ചിരുന്ന സമയത്തു തന്നെ ശിഷ്യരുടെ വിശ്വാസത്തെ നോക്കി ആനന്ദിപ്പാൻ സംഗതിവന്നു. യഹോവ ശിശുക്കളുടെ വായാലും (സങ്കീ. ൨൫) ഏകാഗ്രതയുള്ളവരുടെ ഹൃദയങ്ങളിലും ഇനി നടത്തേണ്ടുന്ന മഹാക്രിയകളെ ആത്മാവിൽ കണ്ടു ഗലീലയുടെ അവിശ്വാസവും അല്പം മറന്നു സന്തോഷപൂൎണ്ണനായി സ്തുതിപ്പാൻ തുടങ്ങി: സ്വൎഭൂമികളുടയ നാഥനായ പിതാവേ, നീ ഈ സുവിശേഷവാക്കും ശക്തിയും ജ്ഞാനികളിൽനിന്ന മറെച്ചു ൟ ശിശുക്കൾക്ക വെളിപ്പെടുത്തുകയാൽ ഞാൻ സ്തുതിച്ചു വണങ്ങുന്നു! അങ്ങിനെ തന്നെ പിതാവേ, ഇപ്രകാരം നിണക്ക് പ്രസാദമായല്ലോ. മഹത്തുകൾ ശത്രുക്കളായ്തിരിഞ്ഞാലും അബദ്ധം ഏതും ഇല്ല; സൎവ്വവും പിതാവ് പുത്രനിൽ ഏല്പിച്ചു കിടക്കുന്നുവല്ലോ. ൟ സൎവ്വശക്തിയെ അറിയേണ്ടതിന്ന ആരും പാത്രമല്ല, പുത്രനെ പിതാവ് മാത്രം അറിയും. പുത്രനെ അറിയാത്തവർ ആരും പിതാവേയും അറികയില്ല, പുത്രന്മൂലമേ അവനെ അറിക ഉള്ളു.

ഇവ്വണ്ണം പിതാവിനെ മഹത്വീകരിച്ച ശേഷം യേശു നാനാ ദുഃഖകഷ്ടങ്ങളിൽ ഞെരങ്ങികൊണ്ടിരിക്കുന്നവരെ നോക്കി മനസ്സലിഞ്ഞു, തികഞ്ഞ വിശ്രാന്തിക്കായി ക്ഷണിച്ചതിവ്വണ്ണം: പ്രയാസപ്പെട്ടു ധൎമ്മവെപ്പുകളും പല ലംഘനങ്ങളും ആകുന്ന ഭാരം ചുമന്നു നടക്കുന്നവർ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. എന്റെ ധൎമ്മം ആകുന്ന ലഘുനുകത്തെ (അപോ. ൧൫, ൧൦) ഏററുകൊണ്ടാൽ ആശ്വാസം വരും. വിശേഷാൽ ഞാൻ ശപിച്ചാലും അഹങ്കാരി അല്ല, സൌമ്യതയും മനസ്സാലെ (ക്രൂശു വരെ) താഴ്മയുള്ളവനും ആകുന്ന പ്രകാരം അറിഞ്ഞും ശിശുക്കളായി പഠിച്ചും ശീലിച്ചും കൊൾവിൻ. എന്നാൽ സത്യജ്ഞാനവും ദിവ്യസമാധാനവും ഉണ്ടാകും.

---

§ 89.

Christ's Ministration to a Woman and Women's Ministration to Christ.

സ്ത്രീകളോട്ട യേശുവിന്നുണ്ടായ പെരുമാററവിശേഷം.

a) *Christ's lovingkindness to a penitent woman.*

അനുതപിക്കുന്നൊരു പാപസ്ത്രീയെ യേശു കനിഞ്ഞതു.

LUKE VII.

36 And one of the Pharisees desired him that he would eat with him. And he went into the Pharisee's house, and sat down to meat.

37 And, behold, a woman in the city, which was a sinner, when she knew that *Jesus* sat at meat in the Pharisee's house, brought an alabaster box of ointment,

38 And stood at his feet behind *him* weeping, and began to wash his feet with tears, and did wipe *them* with the hairs of her head, and kissed his feet, and anointed *them* with the ointment.

39 Now when the Pharisee which had bidden him saw *it*, he spake within himself, saying, This man, if he were a prophet, would have known who and what manner of woman *this is* that toucheth him: for she is a sinner.

40 And Jesus answering said unto him, Simon,

Luke VII.

I have somewhat to say unto thee. And he saith, Master, say on.

41 There was a certain creditor which had two debtors: the one owed five hundred pence, and the other fifty.

42 And when they had nothing to pay, he frankly forgave them both. Tell me therefore, which of them will love him most?

43 Simon answered and said, I suppose that *he*, to whom he forgave most. And he said unto him, Thou hast rightly judged.

44 And he turned to the woman, and said unto Simon, Seest thou this woman? I entered into thine house, thou gavest me no water for my feet: but she hath washed my feet with tears, and wiped *them* with the hairs of her head.

45 Thou gavest me no kiss: but this woman since the time I came in hath not ceased to kiss my feet.

46 My head with oil thou didst not anoint: but this woman hath anointed my feet with ointment.

47 Wherefore I say unto thee, Her sins, which are many, are forgiven; for she loved much: but to whom little is forgiven, *the same* loveth little.

48 And he said unto her, Thy sins are forgiven.

49 And they that sat at meat with him began to say within themselves, Who is this that forgiveth sins also?

50 And he said to the woman, Thy faith hath saved thee; go in peace.

b) *Women's ministration unto Christ, while journeying.*

സ്ത്രീകൾ പ്രയാണത്തിൽ വെച്ചു യേശുവെ ശുശ്രൂഷിച്ചതു.

LUKE VIII.

1 And it came to pass afterward, that he went throughout every city and village, preaching and shewing the glad tidings of the kingdom of God: and the twelve *were* with him,

2 And certain women, which had been healed of evil spirits and infirmities, Mary called Magdalene, out of whom went seven devils,

3 And Joanna the wife of Chuza Herod's steward, and Susanna, and many others, which ministered unto him of their substance.

അനന്തരം (മഗ്ദല എന്നോ) ഒർ ഊരിൽ എത്തിയപ്പോൾ ശീമോൻ എന്ന ഒരു പറീശൻ യേശുവെ ക്ഷണിച്ചു, അവനും സൎവ്വവത്സലനാകകൊണ്ടു അവന്റെ വീട്ടിൽ ചെന്നു. അപ്പോൾ പാപപ്രസിദ്ധിയുള്ള ഒരു സ്ത്രീ പറീശനെ കൂട്ടാക്കാതെ യേശു ചാരി ഇരുന്നതിന്റെ പിറകിൽ ചെന്നു തൃക്കാലുകളെ അഭിഷേകം ചെയ്വാൻ ഭാവിച്ചപ്പോൾ പൊട്ടിക്കരഞ്ഞു കണ്ണീരാൽ കാൽ കഴുകി, ലജ്ജനിമിത്തം തലമുടികൊണ്ടു തുടച്ചു, അതു വിചാരിച്ചും നാണിച്ചും കാലുകളെ ചുംബിച്ചു, ഒടുക്കം തൈലാഭിഷേകം കഴിക്കയും ചെയ്തു. ആയതു പറീശഗൃഹത്തിൽ എത്രയും അപൂൎവ്വമായ സാഹസം അത്രെ. ജഡത്തെ ജയിച്ചിട്ടുള്ള ആത്മാവിൽ ചെയ്തതാകകൊണ്ടു യേശുവിന്നും ദേവദൂതന്മാൎക്കും എത്രയും ഗ്രാഹ്യം. ഇവൻ ആത്മാക്കളെ തിരിച്ചറിയാത്തവൻ ആകയാൽ പ്രവാചകനല്ല എന്നു പറീശൻ വ്യസനത്തോടെ നിനെച്ചപ്പോൾ യേശു കടക്കാരുടെ ഉപമയെ (§൮൭) പറഞ്ഞു, അവന്റെ സ്നേഹക്കുറവിനേയും അവളുടെ സ്നേഹസമൃദ്ധിയേയും വിവരിച്ചു കാട്ടി, സ്ത്രീയുടെ പാപങ്ങളെ വിട്ടുകൊടുത്തു. അതിനാൽ വിരുന്നുകാർ ദ്വേഷ്യപ്പെട്ടപ്പോൾ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു, സമാധാനത്തോടെ പോക എന്നു യേശു ചൊല്ലി അവളെ വിട്ടയച്ചു.

അവിടെനിന്ന് അപ്പുറത്തു പോയി ഊരുകളെ കടക്കുമ്പോൾ *ചില

* ഈ പ്രയാണം മേൽകാണിച്ച (§൮൮) രണ്ടാം ഘോഷണയാത്രയുടെ തുടൎച്ച അത്രെ എന്നു തോന്നുന്നു. യാത്രാവിശേഷങ്ങൾ ഏറെ കേൾക്കുന്നില്ലെങ്കിലും കഫൎന്നഹൂമിൽ പല അത്ഭുതങ്ങളേയും ചെയ്ത ശബ്ബത്തിന്റെ പിറേറ നാളിൽ യേശു താമസിയാതെ പുറപ്പെട്ടു "ഗലീലയിൽ മുഴുവനും അവരുടെ പള്ളികളിൽ ഘോഷിച്ചു" (മാൎക്ക. ൧, ൩൯) എന്ന സൂക്ഷ്മമായ സാക്ഷ്യം പോരും. പിന്നെ നയിൻ മഗ്ദല ഇത്യാദി ഗലീലഗ്രാമങ്ങളിൽ സഞ്ചരിച്ചതിന്റെ ശേഷം യേശു മെല്ലേ തെക്കോട്ടു യാത്രയായി (§൯൦) എന്നും, കഫൎന്നഹൂമിലേക്കു തിരിച്ചു വന്നപ്രകാരം (മത്ത. ൮, ൫ എന്ന പോലെ) കേൾക്കാത്തതു ഈ സംഗതിയാൽ അത്രെ എന്നും വിചാരിപ്പാൻ സംഗതി ഉണ്ടു. അന്ത്യപെസഹയാത്രാവസ്ഥകൾ ഒഴികെ യരുശലേമ്യവൃത്താന്തങ്ങൾ യാതൊന്നും മത്ത. മാൎക്ക. ലൂക്ക. എന്ന മൂവരിൽ കാണ്മാൻ ഇല്ലല്ലോ.

സ്ത്രീകളും ശുശ്രൂഷ ചെയ്തു കൂടി നടന്നു. അതാർ എന്നാൽ മുമ്പെ ൭ പിശാചുകളെ അകററി യേശു രക്ഷിച്ച ആ മഗദലക്കാരത്തിയായ മറിയ ഒന്നാമവൾ (മാൎക്ക. ൧൬, ൯ മറേറാരോ വാക്യങ്ങളാലും അവൾ ശിഷ്യമാരിൽ ആദ്യയായ്തി ളങ്ങുന്നു). പിന്നെ ഹെരോദാ കോയിലധികാരിയുടെ ഭാൎയ്യയായ യൊഹന്നയും ശുശന്ന എന്നവളും; ഈ മൂവരും കൎത്താവ് സൌഖ്യമാക്കിയവർ തന്നെ. അവർ ഒഴികെ യേശുവിൻ മാതാവും ഹല്പായിപുത്രരുടെ അമ്മയായ മറിയയും ജബെദിഭാൎയ്യയായ ശലൊമയും (മാൎക്ക. ൧൫, ൪൦ *f.*) മററു ചിലരും (ലൂക്ക.) ഉണ്ടായിരുന്നു. അവരുടെ ദ്രവ്യത്താലെ തനിക്കും വന്നു പോകുന്ന ശിഷ്യന്മാൎക്കും വൃത്തി കഴിപ്പാനും അവരുടെ ശുശ്രൂഷയെ അംഗീകരിപ്പാനും വിശുദ്ധനായ കൎത്താവു മടുത്തില്ല. ദോഷത്തിന്റെ കാഴ്ചയേയും ഒഴിക്കുന്ന ശുദ്ധന്മാൎക്കു എല്ലാം ശുദ്ധമല്ലോ.

B.

JESUS AT JERUSALEM, ATTENDING THE FESTIVAL OF PURIM.

(*19th March* 29 *A. D.*)

പൂരിം ഉത്സവയാത്ര.

(ക്രി. ൨൯, മാൎച്ച് ൧൯.)

§ 90.

THE MIRACLE OF BETHESDA. CONFLICT WITH THE HIERARCHY.

ബെഥസ്ദയിലെ രോഗശാന്തിയും വിരോധജനനവും.

JOHN V.

1 After this there was a feast of the Jews; and Jesus went up to Jerusalem.

2 Now there is at Jerusalem by the sheep *market* a pool, which is called in the Hebrew tongue Bethesda, having five porches.

3 In these lay a great multitude of impotent folk, of blind, halt, withered, waiting for the moving of the water.

4 For an angel went down at a certain season into the pool, and troubled the water: whosoever then first after the troubling of the water stepped in was made whole of whatsoever disease he had.

5 And a certain man was there, which had an infirmity thirty and eight years.

6 When Jesus saw him lie, and knew that he had been now a long time *in that case*, he saith unto him, Wilt thou be made whole?

7 The impotent man answered him, Sir, I have no man, when the water is troubled, to put me into the pool: but while I am coming, another steppeth down before me.

8 Jesus saith unto him, Rise, take up thy bed, and walk.

9 And immediately the man was made whole, and took up his bed, and walked: and on the same day was the sabbath.

10 The Jews therefore said unto him that was cured, It is the sabbath day: it is not lawful for thee to carry *thy* bed.

11 He answered them, He that made me whole, the same said unto me, Take up thy bed, and walk.

12 Then asked they him, What man is that which said unto thee, Take up thy bed, and walk?

13 And he that was healed wist not who it was: for Jesus had conveyed himself away, a multitude being in *that* place.

14 Afterward Jesus findeth him in the temple, and said unto him, Behold, thou art made whole: sin no more, lest a worse thing come unto thee.

15 The man departed, and told the Jews that it was Jesus, which had made him whole.

16 And therefore did the Jews persecute Jesus, and sought to slay him, because he had done these things on the sabbath day.

17 But Jesus answered them, My Father worketh hitherto, and I work.

18 Therefore the Jews sought the more to kill him, because he not only had broken the sabbath, but said also that God was his Father making himself equal with God.

19 Then answered Jesus and said unto them,

John V.

Verily, Verily, I say unto you, The Son can do nothing of himself, but what he seeth the Father do: for what things soever he doeth, these also doeth the Son likewise.

20 For the Father loveth the Son, and sheweth him all things that himself doeth: and he will show him greater works than these, that ye may marvel.

21 For as the Father raiseth up the dead, and quickeneth *them;* even so the Son quickeneth whom he will.

22 For the Father judgeth no man, but hath committed all judgment unto the Son:

23 That all *men* should honour the Son, even as they honour the Father. He that honoureth not the Son honoureth not the Father which hath sent him.

24 Verily, verily, I say unto you, He that heareth my word, and believeth on him that sent me, hath everlasting life, and shall not come into condemnation; but is passed from death unto life.

25 Verily, verily, I say unto you, The hour is coming, and now is, when the dead shall hear the voice of the Son of God: and they that hear shall live.

26 For as the Father hath life in himself; so hath he given to the Son to have life in himself;

27 And hath given him authority to execute judgment also, because he is the Son of man.

28 Marvel not at this: for the hour is coming, in the which all that are in the graves shall hear his voice,

29 And shall come forth; they that have done good, unto the resurrection of life: and they that have done evil, unto the resurrection of damnation.

30 I can of mine own self do nothing: as I hear, I judge: and my judgment is just; because I seek not mine own will, but the will of the Father which hath sent me.

31 If I bear witness of myself, my witness is not true.

32 There is another that beareth witness of me: and I know that the witness which he witnesseth of me is true.

33 Ye sent unto John, and he bare witness unto the truth.

34 But I receive not testimony from man: but these things I say, that ye might be saved.

35 He was a burning and a shining light: and ye were willing for a season to rejoice in his light.

36 But I have greater witness than *that* of John: for the works which the Father hath given me to finish, the same works that I do, bear witness of me, that the Father hath sent me.

37 And the Father himself, which hath sent me, hath borne witness of me. Ye have neither heard his voice at any time, nor seen his shape.

38 And ye have not his word abiding in you: for whom he hath sent, him ye believe not.

39 Search the Scriptures; for in them ye think ye have eternal life: and they are they which testify of me.

40 And ye will not come to me, that ye might have life.

41 I receive not honour from men.

42 But I know you, that ye have not the love of God in you.

43 I am come in my Father's name, and ye receive me not: if another shall come in his own name, him ye will receive.

44 How can ye believe, which receive honour one of another, and seek not the honour that *cometh* from God only?

45 Do not think that I will accuse you to the Father: there is *one* that accuseth you, *even* Moses, in whom ye trust.

46 For had ye believed Moses, ye would have believed me: for he wrote of me.

47 But if ye believe not his writings, how shall ye believe my words?

യേശു യരുശലേമിൽ വന്നപ്പോൾ "ഒർ ഉത്സവം" ഉണ്ടായിരുന്നു. അത് ഏത് എന്നു പൂൎണ്ണ നിശ്ചയത്തോടെ പറവാൻ പാടില്ല. എങ്കിലും കാലക്രമത്തേയും മററും (ഭാഗ. ൧൩ *f.*) വിചാരിച്ചാൽ അതു (ചീട്ടുത്സവം എന്ന്) പൂരിം പെരുനാൾ അല്ലാതെ മറെറാന്നും അല്ല എന്നു തോന്നുന്നു. അത് എസ്ഥരുടെ കാലത്ത് ഹാമാൻെറ ചീട്ടു കുറിച്ച നാളിൽ യഹൂദൎക്ക് വന്ന രക്ഷയുടെ ഓൎമ്മെക്കായി ആദാർ മാസം ൧൪—൧൫ തിയ്യതിക്കു സങ്കല്പിച്ചു വെച്ചിരുന്നു. അതു പെസഹയുള്ള നിസാൻ പൌൎണ്ണമിക്കു മുമ്പെയുള്ള പൌൎണ്ണമി തന്നെ. ആവൻ വൎഷത്തിലേ പെസഹ (യോ. ൩, ൪) എപ്രിൽ ൧൭ തിയ്യതി, പൂരിം ദിനം മാൎച്ച് ൧൯ ആമതു ശനിയാഴ്ച തന്നെ.

ആ ശബ്ബത്തിൽ തന്നെ യേശു തനിയെ നടന്നു ആട്ടുവാതിൽസമീപത്തു (നെഹമി. ൩, ൧. ൩൨; ൧൨, ൩൯) ഉള്ള ഒർ ഉറവിന്നരികിൽ പോയി. ആയ്തു ശലൊമോന്റെ കുളം (നെഹ. ൨, ൧൪) എന്നും, പാറമേൽ വെട്ടിക്കുഴിച്ച തോടിനാൽ ശിലോഹ കുളത്തോടു ചേൎന്നത് എന്നും കേൾക്കുന്നു. വെള്ളത്തിന്റെ ഉറവ് ഇന്നും ഒരുപോലെ അല്ല, ചിലപ്പോൾ അധികമായി പൊങ്ങുന്നതാകകൊണ്ടു ആ സമയം കുളിച്ചാൽ രോഗികൾക്കുപകാരം എന്നു കണ്ടതിനാൽ

ചിലർ ദീനക്കാരുടെ ഗുണത്തിന്നായി മണ്ഡപങ്ങളെ നിൎമ്മിച്ചു, ബെത്ഥസ്ദ ("ദയാപുരം") എന്ന പേർ വിളിച്ചിരുന്നു. ൩൮ വൎഷം വ്യാധിതനായ ഒരു മനുഷ്യനെ യേശു അവിടെ കണ്ടു, വാതത്തെയോ മുടവിനെയോ ഒരു വാക്കിനാൽ മാററി, കിടക്കയെ എടുത്തുകൊണ്ടു പോവാൻ കല്പിക്കയും ചെയ്തു.

ഇതു ശബ്ബത്തിൽ ആകാ എന്നു യഹൂദർ കണ്ടു പറഞ്ഞപ്പോൾ സ്വസ്ഥമാക്കിയത് ആർ എന്ന് അന്വേഷിപ്പാൻ സംഗതി വന്നു. യേശുവെ ഉടനെ അല്ല കുറയ പിന്നെ ദേവാലയത്തിൽ കണ്ടപ്പോൾ ചഞ്ചലഭാവത്തിന്നു പററുന്ന ഒർ ഉപദേശം ആയാൾ കേട്ടു യേശുവിന്റെ പേർ അറിഞ്ഞു അന്വേഷിച്ചവരോടു ബോധിപ്പിക്കയും ചെയ്തു. അന്നുമുതൽ സൻഹെദ്രിനിലേ പ്രമാണികൾ യേശുവിൽ വൈരം ഭാവിച്ചു ഈ ധൎമ്മലംഘനത്തിന്നു പൈതൃകന്യായപ്രകാരം മരണശിക്ഷ വേണം എന്ന് വിചാരം ഗതിച്ചു വരികയും ചെയ്തു (൭, ൧൯—൨൪). അവർ യേശുവെ (ചെറിയ ന്യായസ്ഥലത്തു) വരുത്തി വിസ്തരിച്ചപ്പോൾ, ദൈവം താൻ ൭ാം ദിവസത്തിൽ സ്വസ്ഥനായിരുന്നു എന്ന വാക്യത്തെ യേശു വ്യാഖ്യാനിച്ചു. യഹോവ അന്നുമുതൽ പുതിയത് ഒന്നും സൃഷ്ടിക്കാതെ പാൎത്തവൻ എങ്കിലും മഹാസ്വസ്ഥതയോടും കൂടെ വിടാതെ രക്ഷിച്ചും ഊനങ്ങളെ തീൎത്തും പഴകുന്നതു പുതുതായി ജീവിപ്പിച്ചും പോന്നു നിത്യം പോരുകയും ചെയ്യുന്നു. അപ്രകാരം അനുഷ്ഠിപ്പാൻ അവൻ പുത്രനെ ഉത്സാഹിപ്പിച്ചു നിത്യം പ്രവൃത്തി ചെയ്യിച്ചു പോരുന്നതും ഉണ്ടു.

അതിനാൽ ദേവദൂഷണത്തിന്റെ ശങ്ക ജനിച്ചപ്പോൾ (യോ. ൫, ൧൮) അവൻ തനിക്കും പിതാവിന്നും ഉള്ള സംബന്ധം അറിയിച്ചത് ഇപ്രകാരം: പിതാവു ചെയ്യിക്കുന്നതല്ലാതെ പുത്രൻ ഒന്നും ചെയ്യുകയില്ല; അവൻ സ്നേഹത്താലെ പുത്രനെ ചെയ്യിക്കുന്നതോ അതിശയമുള്ള സ്നേഹപ്രവൃത്തികൾ അത്രെ ആകുന്നു. അവററെ കണ്ടാൽ ഇവങ്കൽ ശബ്ബത്തതിക്രമമോ ദേവദൂഷണമോ ഒട്ടും പററുകയില്ല, പിതാവോടു തന്നെ അന്യായപ്പെടേണ്ടി വരും എന്നു ബോധിപ്പാൻ സംഗതി ഉണ്ടു.

ഈ സ്നേഹപ്രവൃത്തികൾ മൂന്നു വിധം: യേശു ജഡത്തിൽ സഞ്ചരിക്കും കാലം തനിക്ക് ഇഷ്ടന്മാരെ സൌഖ്യമാക്കി ജീവിപ്പിച്ചും പോരുന്നത് ഒരു വിധം (൨൧—൨൩). അതിന്നായി ബോധിച്ചവരെ തെരിഞ്ഞെടുപ്പാൻ പിതാവിങ്കൽനിന്നു അധികാരം കിട്ടിയതുകൊണ്ടു വേൎത്തിരിക്കുന്ന ഒരു ന്യായവിധി ഇപ്പോഴം പുത്രന്റെ മാനത്തിന്നായി നടക്കുന്നു. വ്യത്യാസം കൂടാതെ എല്ലാവരേയും അല്ലല്ലോ യേശു സ്വസ്ഥരാക്കി പോന്നത്. രണ്ടാമതു, സഭയിൽ നടക്കുന്ന വചനത്താൽ ആത്മാക്കളെ ജീവിപ്പിക്ക തന്നെ (൨൪—൨൭). യേശുവാക്യം കേട്ടു വിശ്വസിച്ചു സൂക്ഷിക്കുന്നവന്നു ന്യായവിധിയിൽ വരാത്ത നിത്യജീവൻ ഉണ്ടു. പിതാവിന്ന് എന്നപോലെ പുത്രനിലും തീരാത്ത ജീവന്റെ ഉറവും പുതിയ മനുഷ്യജാതിമേൽ ന്യായാധിപത്യവും ഉണ്ടുപോൽ. മൂന്നാമത് അന്ത്യമായ ഉയിൎപ്പു തന്നെ (൨൮ *f.*). അന്ന് അവന്റെ വചനശക്തി കുഴികളിൽ ഉള്ള ദുഷ്ടന്മാരേയും ജീവിപ്പിക്കും, നല്ലവർ പൂൎണ്ണ ജീവനായും ദുഷ്ടന്മാർ ന്യായതീൎപ്പിന്നായും എഴുനീല്ക്കും. ഇപ്രകാരം ൩ വിധത്തിൽ ഉള്ള ഉയിൎപ്പോടു ത്രിവിധമായ ന്യായവിധിയും ചേൎന്നിരിക്കുന്നു.

എങ്കിലും ഇത്ര വലിയത് എല്ലാം പുത്രൻ തന്നാൽ അല്ല പിതാവിന്റെ തീൎപ്പ് നിത്യം കേട്ടിട്ടത്രെ അനുഷ്ഠിച്ചു പോരുന്നു. എന്നിട്ടും വിശ്വാസം ജനിക്കുന്നില്ല എന്നു വന്നാൽ അതു പ്രമാണങ്ങളുടെ കുറവിനാൽ അല്ല. തന്നെ കുറിച്ചു താൻ സാക്ഷ്യം പറഞ്ഞാൽ അതുവും തള്ളേണ്ടതല്ല (൩൧, ൩൪), എങ്കിലും അതു പോകട്ടെ, മറ്റൊരുത്തൻ എനിക്കു സാക്ഷി, പിതാവു തന്നെ. മനുഷ്യന്റെ സാക്ഷി എനിക്ക് വേണ്ടാ, നിങ്ങളുടെ രക്ഷെക്കായിട്ടു ഒന്ന് ഓൎപ്പിക്കേണ്ടത് താനും. നിങ്ങൾ സ്നാപകന്റെ അടുക്കൽ ദൂതരെ അയച്ചപ്പോൾ അവൻ എനിക്ക് സാക്ഷ്യം പറഞ്ഞുവല്ലോ; നിങ്ങളോ ആ ജ്വലിച്ചു വിളങ്ങുന്ന തീവട്ടിയുടെ ചുറ്റും കുറയ നേരം പാറിക്കളിച്ചു അനുതാപവിശ്വാസങ്ങൾക്ക് ഇടം കൊടുക്കാതെ അവങ്കൽ രസം വിട്ടുപോയി. അവനാൽ ഒഴികെ മഹാക്രിയകളാൽ തന്നെ പിതാവ് എനിക്ക് സാക്ഷ്യം തരുന്നു (൫, ൩൬; ൧, ൪൪; കുഷ്ഠരോഗികളെ ഗുണമാക്കിയ ശേഷം അഹരോന്യരടുക്കൽ അയച്ചത് ആ സാക്ഷ്യത്തിന്നായി തന്നെ). പിന്നെ അവൻ പണ്ടു സാക്ഷ്യം തന്നത് (൩൯) പഴയ നിയമത്തിന്റെ വെളിപ്പാടുകളാൽ അത്രെ. നിങ്ങളോ മോശെ മുതലായവരെന്ന പോലെ ദൎശനങ്ങളെ കണ്ടും ദേവശബ്ദങ്ങളെ കേട്ടും കിട്ടിയവരല്ല, അവർ നിങ്ങളിൽ ഏല്പിച്ച എഴുത്തുകളെ വിശ്വസിക്കുന്നതും ഇല്ല. ആ പഴയവരെ നിങ്ങൾ മനസ്സിൽ ആക്കി എങ്കിൽ എന്റെ കാൎയ്യവും ബോധിക്കുമായിരുന്നു. ആകയാൽ നിങ്ങൾ നിത്യജീവനോടു സമമായ ഉടമ എന്നു പ്രശംസിക്കുന്ന വേദത്തെ ആരാഞ്ഞു നോക്കുവാൻ തുടങ്ങുവിൻ; അതിങ്കലേ അക്ഷരവും താല്പൎയ്യവും എല്ലാം എനിക്കു സാക്ഷി നില്ക്കുന്നു.

എന്നാറെ കാൎയ്യസാരം ഞെരങ്ങി പറഞ്ഞു: ജീവനുള്ളവരാകുവാൻ എന്റെ അടുക്കൽ വരേണ്ടതിന്നു നിങ്ങൾക്കു മനസ്സില്ല. എന്റെ മാനം പോകട്ടെ, നിങ്ങൾക്കു ദേവസ്നേഹം ഇല്ല കഷ്ടം. പിതാവിൻ നാമത്തിൽ വന്നവൻ നിങ്ങൾക്കു ബോധിക്കായ്കകൊണ്ടു നിങ്ങൾ സ്വനാമപ്രശംസികളായവരുടെ (൫, ൪൩) കൈവശമായി പോകും (അതിൻവണ്ണം കള്ള മശീഹമാർ ഏകദേശം ൬൪ ക്രമത്താലെ ഉദിച്ചു, മാനത്തേയും ലൌകികത്തേയും കൊതിക്കുന്ന മനപ്പൊരുത്തത്താൽ അവൎക്ക് എല്ലാവൎക്കും ആശ്രിതന്മാർ ലഭിക്കയും ചെയ്തു). തല്കാലതേജസ്സിനെ ആഗ്രഹിക്കുന്നവർ ആരും വരുവാനുള്ള ദേവതേജസ്സിനെ വിശ്വസിക്കയും പ്രാപിക്കയും ഇല്ല.

ഞങ്ങൾക്കു പുതിയ വേദം ഒട്ടും വേണ്ടാ, മോശമതി എന്നതിന്നുള്ള ഉത്തരമോ: ഞാനല്ല നിങ്ങൾ ആശ്രയിക്കുന്ന മോശെ തന്നെ നിങ്ങളിൽ കുറ്റം ചുമത്തും; അവന്റെ ചരിത്രവും ഉപദേശവും എല്ലാം എനിക്കായി മുങ്കുറിയും വാഗ്ദത്തവും ആകുന്നുവല്ലോ, അവനെ വിശ്വസിക്കാത്തവരായാൽ എന്നെ എങ്ങിനെ വിശ്വസിക്കും എന്നു തീൎച്ച പറഞ്ഞു. ആകയാൽ നീ കല്പനകളിൽ നാലാമതിനേയും ഒന്നാമതിനേയും ലംഘിച്ചു എന്നതിന്നു നിങ്ങൾ മുഴുവേദത്തേയും ലംഘിച്ചു എന്നും, കൊല്ലുവാൻ ഭാവിച്ചതിന്നു ഞാൻ വിടാതെ ജീവിപ്പിച്ചുകൊണ്ടിരിക്കും എന്നും ഉത്തരം പറഞ്ഞതിനാൽ അവരെ മിണ്ടാതെ ആക്കി വിരോധം കൂടാതെ പുറപ്പെട്ടു പോകയും ചെയ്തു.

C.

FURTHER SEVEN MONTHS' LABOURS IN GALILEE.

(*March—October* 29 *A. D.*)

ഗലീല്യപ്രവൎത്തനത്തിൻ തുടൎച്ച.

(ക്രി. ൨൯, മാൎച്ച് തുടങ്ങി ഒക്തോബർവരെ).

§ 91.

A THIRD GENERAL CIRCUIT THROUGH GALILEE. THE TWELVE INSTRUCTED AND SENT OUT.

മൂന്നാം ഘോഷണയാത്രയും പന്തിരുവരെ നിയോഗിച്ചയച്ചതും.

a) *Another circuit. Christ's compassion on shepherdless Israel.*

മൂന്നാം ഘോഷണയാത്രയും ഇടയനില്ലാത്ത ആട്ടുകളിലേ കരളലിവും.

MATT. IX.

35 And Jesus went about all the cities and
villages, teaching in their synagogues, and
preaching the gospel of the kingdom, and
healing every sickness and every disease among
the people.
36 But when he saw the multitudes, he was
moved with compassion on them, because they
fainted, and were scattered abroad, as sheep
having no shepherd.
37 Then saith he unto his disciples, The harvest truly *is* plenteous, but the labourers *are*
few;
38 Pray ye therefore the Lord of the harvest,
that he will send forth labourers into his harvest.

b) *The Twelve instructed and sent out.*

പന്തിരുവരെ നിയോഗിച്ചയച്ചതു.

MATT. X.

1 And when he had called unto *him* his twelve disciples, he gave them
power *against* unclean spirits, to cast them out, and to heal all manner
of sickness and all manner of disease.
2 Now the names of the twelve apostles are these; The first, Simon, who
is called Peter, and Andrew his brother; James *the son* of Zebedee,
and John his brother;
3 Philip, and Bartholomew; Thomas, and Matthew the publican; James
the son of Alphæus, and Lebbæus, whose surname was Thaddæus;
4 Simon the Canaanite, and Judas Iscariot, who also betrayed him.
5 These twelve Jesus sent forth, and commanded them, saying, Go not
into the way of the Gentiles, and into *any* city of the Samaritans enter ye not:
6 But go rather to the lost sheep of the house of Israel.
7 And as ye go, preach, saying, The kingdom of heaven is at hand.
8 Heal the sick, cleanse the lepers, raise the dead, cast out devils: freely
ye have received, freely give.
9 Provide neither gold, nor silver, nor brass in your purses,
10 Nor scrip for *your* journey, neither two coats, neither shoes, nor
yet staves: for the workman is worthy of his meat.
11 And into whatsoever city or town ye shall enter, inquire who in it
is worthy; and there abide till ye go thence.
12 And when ye come into an house, salute it.
13 And if the house be worthy, let your peace come upon it: but if it
be not worthy, let your peace return to you.
14 And whosoever shall not receive you, nor hear your words, when
ye depart out of that house or city, shake off the dust of your feet.
15 Verily I say unto you, It shall be more tolerable for the land of Sodom
and Gomorrha in the day of judgment, than for that city.
16 Behold, I send you forth as sheep in the midst of wolves: be ye therefore wise as serpents, and harmless as doves.
17 But beware of men: for they will deliver you up to the councils, and
they will scourge you in their synagogues;

MARK VI.

7 And he
called *unto him* the
twelve, and
began to
send them
forth by
two and
two; and
gave them
power over
unclean
spirits;
8 And
commanded them
that they
should take
nothing for
their journey, save
a staff only;
no scrip, no
bread, no
money in
their purse:
9 But *be*
shod with
sandals;
and not put
on two coats.

LUK. IX.

1 Then
he called
his twelve
disciples
together,
and gave
them power and
authority
over all
devils,
and to
cure diseases.
2 And
he sent
them to
preach the
kingdom
of God,
and to
heal the
sick.
3 And
he said
unto them,
Take nothing for
your jour-

Matt. X.

18 And ye shall be brought before governors and kings for my sake, for a testimony against them and the Gentiles.
19 But when they deliver you up, take no thought how or what ye shall speak: for it shall be given you in that same hour what ye shall speak.
20 For it is not ye that speak, but the Spirit of your Father which speaketh in you.
21 And the brother shall deliver up the brother to death, and the father the child: and the children shall rise up against *their* parents, and cause them to be put to death.
22 And ye shall be hated of all *men* for my name's sake; but he that endureth to the end shall be saved.
23 But when they persecute you in this city, flee ye into another: for verily I say unto you, Ye shall not have gone over the cities of Israel, till the Son of man be come.
24 The disciple is not above *his* master, nor the servant above his lord.
25 It is enough for the disciple that he be as his master, and the servant as his lord. If they have called the master of the house Beelzebub, how much more *shall they call* them of his household?
26 Fear them not therefore: for there is nothing covered, that shall not be revealed; and hid, that shall not be known.
27 What I tell you in darkness, *that* speak ye in light: and what ye hear in the ear, *that* preach ye upon the housetops.
28 And fear not them which kill the body, but are not able to kill the soul: but rather fear him which is able to destroy both soul and body in hell.
29 Are not two sparrows sold for a farthing? and one of them shall not fall on the ground without your Father.
30 But the very hairs of your head are all numbered.
31 Fear ye not therefore, ye are of more value than many sparrows.
32 Whosoever therefore shall confess me before men, him will I confess also before my Father which is in heaven.
33 But whosoever shall deny me before men, him will I also deny before my Father which is in heaven.
34 Think not that I am come to send peace on earth: I came not to send peace, but a sword.
35 For I am come to set a man at variance against his father, and the daughter against her mother, and the daughter in law against her mother in law.
36 And a man's foes *shall be* they of his own household.
37 He that loveth father or mother more than me is not worthy of me: and he that loveth son or daughter more than me is not worthy of me.
38 And he that taketh not his cross, and followeth after me, is not worthy of me.
39 He that findeth his life shall lose it: and he that loseth his life for my sake shall find it.
40 He that receiveth you receiveth me, and he that receiveth me receiveth him that sent me.
41 He that receiveth a prophet in the name of a prophet shall receive a prophet's reward; and he that receiveth a righteous man in the name of a righteous man shall receive a righteous man's reward.
42 And whosoever shall give to drink unto one of these little ones a cup of cold *water* only in the name of a disciple, verily I say unto you, he shall in no wise lose his reward.

MATT. XI.

1 And it came to pass, when Jesus had made an end of commanding his twelve disciples, he departed thence to teach and to preach in their cities.

Mark VI.

10 And he said unto them, In what place soever ye enter into an house, there abide till ye depart from that place.
11 And whosoever shall not receive you, nor hear you, when ye depart thence, shake off the dust under your feet for a testimony against them. Verily I say unto you, It shall be more tolerable for Sodom and Gomorrha in the day of judgment, than for that city.
12 And they went out, and preached that men should repent.
13 And they cast out many devils, and anointed with oil many that were sick, and healed *them.*

Luke IX.

ney neither staves, nor scrip, neither bread, neither money; neither have two coats apiece.
4 And whatsoever house ye enter into, there abide, and thence depart.
5 And whosoever will not receive you, when ye go out of that city, shake off the very dust from your feet for a testimony against them.
6 And they departed, and went through the towns, preaching the gospel, and healing every where.

പൂരിം ഉത്സവത്തിൽ യരുശലേമിൽ ശിക്ഷ പററാതെ പ്രമാണികളുടെ ഹിംസാനിണ്ണയത്തെ വേണ്ടുവോളം അറിഞ്ഞിട്ടു യേശു ഗലീലെക്കു മടങ്ങി വന്നു താമസിയാതെ മൂന്നാം പ്രസംഗയാത്രെക്കായി പുറപ്പെട്ടുകയും ചെയ്തു (ഒന്നാം യാത്ര §§൬൯—൭൨, രണ്ടാമത്തു §§൭൩—൭൯). ഊർതോറും സഞ്ചരിച്ചു പള്ളികളിൽ ഉപദേശിച്ചും രാജ്യസുവിശേഷത്തെ ഘോഷിച്ചും സങ്കടങ്ങളെ ശമിപ്പിച്ചും നടക്കുമ്പോൾ പുരുഷാരങ്ങളെ നോക്കി കരളലിഞ്ഞു. ഈ ചിതറി തളൎന്നുഴലുന്ന ആട്ടുകൾക്കു നല്ല ഇടയന്മാരെകൊണ്ട് ആവശ്യം ഉണ്ടെന്നും, താൻ ജഡത്തിൽ ഇരിക്കുംവരെ എല്ലാവരുടെ സങ്കടങ്ങൾക്കും എത്തുവാൻ കഴി

യാത്തവൻ എന്നും കണ്ടു താനും കൊയ്ത്തിന്റെ യജമാനനോടു വേലക്കാരെ അയച്ചു കളയേണ്ടതിന്നു അപേക്ഷിച്ചു ശിഷ്യരേയും പ്രാൎത്ഥിപ്പാൻ ഉത്സാഹിപ്പിച്ചതല്ലാതെ പൎവ്വതപ്രസംഗത്തിന്നു മുമ്പെ അപോസ്തലസ്ഥാനത്തിന്നായി വേൎതിരിച്ച പന്തിരുവരെ (§൭൦) സുവിശേഷവേലെക്കു നിയോഗിച്ച് അയക്കയും ചെയ്തു. പണ്ടു മോശ അഹരോൻ എന്നവരെ പോലെ കേഫാവോടു യാക്കോബും, ഊഷ്മാവുള്ള ശീമോനോടു ഉപായക്കാരനായ യഹൂദാവും മററും ചേരുമാറു തന്നെ കൎത്താവു പന്തിരുവരെ ഇണെച്ച് അയച്ചതു അവർ അന്യോന്യം താങ്ങി പരസ്പരം കാണുന്ന ഊനങ്ങൾ്ക്കു സംസൎഗ്ഗത്താൽ ഭേദം വരുത്തേണ്ടതിന്നു തന്നെ.

അയക്കുമ്പോൾ താൻ ചെയ്യുന്ന പ്രകാരം ഒക്കയും ചെയ്വാൻ അവൎക്ക് അധികാരം കൊടുത്തു. അതു രാജ്യസുവിശേഷത്തെ അറിയിക്ക, ദുൎഭൂതങ്ങളെ നീക്കുക, ദീനങ്ങളെ ശമിപ്പിക്ക, ഇങ്ങിനെ സത്യവചനത്തോടും കൂടെ ജീവനേയും ശുദ്ധിയേയും വരുത്തുക എന്നത്രെ. ഈ ഉപകാരം സൎവ്വലോകത്തിന്ന് ആവശ്യം എങ്കിലും, അന്നു ചെല്ലേണ്ടുന്ന വഴി ശമൎയ്യ മുതലായ ജാതികളെ അല്ല മുമ്പിൽ തന്നെ ഇസ്രയേൽആടുകളെ (യിറ. ൫൦, ൬) തിരയേണ്ടതിന്നത്രെ പോകേണ്ടതു. സുവിശേഷം അറിയിക്കേണ്ടുന്ന വിധമോ, സൌജന്യമായി കിട്ടിയതു, സൌജന്യമായി കൊടുക്കേണ്ടു. ആകയാൽ സുവിശേഷം ഒരുനാളും ലൌകികവ്യാപാരമാക്കരുത് (അപോ. ൨, ൧൨), മനഃപൂൎവ്വമായ സ്നേഹത്താൽ ദേവരാജ്യത്തിന്റെ നന്മകളെ എല്ലാം ഇല്ലാത്തവൎക്കു കൊടുക്കുന്നത് ആദിന്യായം തന്നെ. അഹോവൃത്തിക്കു വേണ്ടേ എന്നാൽ ദുഃഖവിചാരത്തോടും നടക്കേണ്ടതല്ല; പണം കെട്ടു പൊതിച്ചോറു വസ്ത്രം ചെരിപ്പു വടി ഈ വക ഒരുമ്പാടു യാത്രെക്കു വേണ്ടാ (കയ്യിൽ ഉണ്ടെങ്കിൽ വടിയും ചെരിപ്പും ചാടേണ്ടതുമല്ല, മാൎക്ക.). പോകുന്നതു പരദേശത്തല്ലല്ലോ, ഇസ്രയേൽഭൂമിയിൽ അത്രെ. അതിൽ ചിതറി ഇരിക്കുന്ന സഹോദരന്മാരിൽനിന്നു വേണ്ടുന്നത് അന്വേഷിയാതെ കിട്ടും (൧ കൊര. ൯, ൭ *ff*). വേലക്കാരൻ കൂലി കൂടാതെ ഇരിക്കയില്ല, വേലയെ കല്പിച്ചവനെ ആശ്രയിച്ചു നടന്നാൽ വയററിന്നായി കരുതിക്കൊണ്ടു ദുഃഖിപ്പാൻ ഒട്ടും സംഗതി വരികയും ഇല്ല. പിന്നെ ഒർ ഊരിൽ പ്രവേശിച്ചാൽ മുമുക്ഷുക്കളായ ആത്മാക്കളെ ആരാഞ്ഞു കണ്ടു ശലോം (സലാം) എന്ന സമാധാനം അനുഗ്രഹമായി പറയേണം. അതു വീട്ടുകാർ ചിലർ എങ്കിലും കൈക്കൊണ്ടാൽ എന്റെ അനുഗ്രഹം അവിടെ ചേരും; അവർ അതു തള്ളി എങ്കിൽ അനുഗ്രഹഫലം നിങ്ങൾ്ക്കു അധികമാകും (മത്ത.). നിങ്ങളെ ഒരു വീട്ടിൽ ചേൎത്തുകൊണ്ടാൽ ഊർ വിട്ടു പോകുവോളം പാൎപ്പു മാററാതെ ആ വീട്ടുകാരെ മുഴുവനും ആത്മവിളവാക്കി നേടുവാൻ നോക്കേണം. ഒരു ദേശത്തിൽ നിങ്ങളെ ചേൎത്തുകൊള്ളാതെ ഇരുന്നാൽ പുറപ്പെട്ടു കാലിലേ പൊടി കുടഞ്ഞു കളഞ്ഞു, ഇത് അജ്ഞാനഭൂമിയായ്പോയി എന്നു കാട്ടുവിൻ. അതിന്റെ ശിക്ഷ സിദ്ദിം താഴ്വരയുടേതിലും അതിഘോരമാകും (മത്ത.).

എന്നതിന്റെ ശേഷം യേശു പറഞ്ഞതു: (മത്ത.) മനുഷ്യർ എങ്ങിനെ എങ്കിലും രക്ഷാദൂതന്മാരെ ക്രമത്താലെ വെറുത്തു നിരസിക്കും. ലോകരുടെ പകയും ദുഷ്ടതയും പുതിയ സുവിശേഷകന്മാൎക്കു ബോധിക്കയില്ല, അതിശയ

വരം നിമിത്തം സകലവും സാധിക്കും എന്ന നിരൂപണവും തോന്നും. അങ്ങിനെ അല്ല: നിങ്ങൾ ആട്ടുകൾ, അവർ ചെന്നായ്ക്കൾ; നിങ്ങൾ അല്പം ജനം, അവർ വലിയ കൂട്ടം. എന്നാൽ അവർ നിങ്ങളെ വിഴുങ്ങാതെ ഇരിക്കേണ്ടതിന്നു പാമ്പുകളെ പോലെ നോക്കി വിചാരിച്ചു വളഞ്ഞു തെററിക്കൊള്ളേണം, പ്രാവുകളെ പോലെ ശത്രുവെ അടുത്തു നിൎമ്മലസ്നേഹഭാവം കാട്ടി, ദോഷം തോന്നുമളവിൽ പറന്നു പോകയും വേണം. എങ്ങിനെ ആയാലും നടുക്കൂട്ടം തിരുപള്ളി രാജസന്നിധി നാടുവാഴി മണ്ഡപം മുതലായ ന്യായസ്ഥലങ്ങൾ്ക്കു തെററി പോകയില്ല. അവിടെ എന്ത് വേണ്ടത് എന്നാൽ വിചാരപ്പെടരുതു; ആത്മാവിൽ ജീവിക്കേ വേണ്ടു, എന്നാൽ വിചാരിയാതെ നല്ല ഉത്തരം വരും (ലൂക്ക. ൧൨, ൧൧). പിന്നെ പ്രമാണികൾ മാത്രമല്ല, വേദക്കളും നിമിത്തം കുഞ്ഞിക്കുട്ടികളും കയൎത്തു നിങ്ങളെ ദ്രോഹിക്കും, ഒടുക്കം എന്നാമം മൂലം എല്ലാവരും നിങ്ങളെ പകെക്കും. ഇതറിഞ്ഞിട്ടു വേണം അന്തത്തോളം നിലനില്പാൻ.

ഈ ദുഃഖവൎണ്ണനത്തോടു ചേൎത്തു ൭ ആശ്വാസങ്ങൾ തന്നെ: ൧.) ഹിംസാസ്ഥലങ്ങളിൽനിന്നു മണ്ടി പോയി സുവിശേഷത്തിന്ന് അധികം നല്ല ഭൂമിയെ അന്വേഷിക്കാം. നിങ്ങൾ ഇപ്പോൾ ഇസ്രയേൽപട്ടണങ്ങളെ കടന്നു തീരുമ്മുമ്പെ ഞാൻ നിങ്ങളോട് എത്തും; എല്ലാ യഹൂദരോടും സുവിശേഷം അറിയിച്ചു തീരുമ്മുമ്പെ യരുശലേമിൽ ന്യായവിധിയെ കഴിപ്പാൻ വരും; ഭൂമിയിൽ എന്നാമത്തിൻ ഘോഷണം വ്യാപിച്ചു തീരുമ്മുമ്പെ മനുഷ്യപുത്രൻ മഹത്വത്തോടു കൂടെ വരും.—൨.) നിങ്ങളുടെ കഷ്ടാനുഭവം എന്റെ കഷ്ടങ്ങളുടെ തുടൎച്ചയത്രെ. ഗുരുവോട് ഇങ്ങിനെ ചേൎന്നിരിക്കുന്നതു ശിഷ്യന്മാൎക്കു മാനമല്ലോ. എന്നെ ബെൽജബൂബ് എന്നു വിളിച്ചു എങ്കിൽ (§൩൫) നിങ്ങളേയും വിളിക്കും (അത് “ഈച്ചസ്വാമി” എന്നൎത്ഥമുള്ള എക്രോനിലേ ദേവർ, ൨ രാജ. ൧, ൨; യഹൂദർ ബെൽജബൂൽ (“കാഷ്ഠസ്വാമി”) എന്നും പരിഹാസനാമം ആക്കി മാററി ദുൎഭൂതനാഥനെ അങ്ങിനെ വിളിക്കും).—൩.) ശത്രുക്കളുടെ വല്ലാത്ത രഹസ്യങ്ങളും സുവിശേഷത്തിന്റെ നല്ല രഹസ്യങ്ങളും എല്ലാം വെളിപ്പെടേണ്ടുന്നതാകയാൽ യേശു തൽകാലത്തു ഗൂഢമായി അറിയിച്ചതും (മലയിൽ മറുരൂപമായതും ഗഥ്ശമനിയിൽ ക്ലേശിച്ചതും) മററും പല മൎമ്മോപദേശങ്ങളെ ഭയത്തോടെ ചരതിച്ചു കാത്തുകൊള്ളുകയല്ല, പ്രസിദ്ധമാക്കുകേ വേണ്ടു. സകലവും ഒരിക്കൽ വെളിച്ചത്താകും പോൽ (ലൂക്ക. ൧൨, ൧ff).—൪.) ഇപ്രകാരം ഘോഷിക്കുമ്പോൾ ശരീരഹിംസ്രന്മാരായ മനുഷ്യരിൽ ഭയമരുതു; ആത്മാവേയും അഗ്നിനരകത്തിൽ സംഹരിപ്പാൻ കഴിയുന്നവനായ ദൈവം എന്ന ഏക ന്യായാധിപനെ (യാക്കൊ. ൪, ൧൨) ഭയപ്പെടുകേ ഉള്ളു. ദേഹത്തിന്നു ഛേദം വരുത്തുവാനും അഛ്ശന്റെ ഇഷ്ടം കൂടാതെ വഹിയാ. ചെറുപക്ഷികളേയും വെവ്വേറെ എണ്ണി താങ്ങുന്നവൻ നിങ്ങളുടെ ജീവന്റെ വിലയെ മതിച്ചു അതിനെ രോമത്തോളം മറക്കാതെ ഉദ്ധരിച്ചു പുതുക്കും (ലൂക്ക. ൧൨, ൪ff).—൫.) എന്റെ നാമത്തെ ശങ്കകൂടാതെ അറിയിച്ചാൽ ഞാനും നാണം കൂടാതെ നിങ്ങളുടെ നാമങ്ങളെ പിതാവിൻ സിംഹാസനംമുമ്പാകെ സ്വീകരിച്ചു കൊള്ളും (ലൂക്ക. ൧൨, ൮ff). എന്നെ മറുത്തു പറഞ്ഞാലോ ഞാനും മറുത്തു പറയും. ഈ എന്റെ സാക്ഷ്യം ലോകത്തോട് ഒരിക്കലും ചേരുകയില്ല, ഭൂമിക്കു സമാധാനത്തെ ഒരു ഭിക്ഷ എന്ന പോലെ

ചാടി കൊട്ടപ്പാൻ കഴിയുന്നതും അല്ല. വചനം എന്ന വാൾകൊണ്ടു പ്രപഞ്ചത്തോടു പട കൂടേണം; ഹിംസയാകുന്ന വാൾ വചനത്തോട് എതിൎപ്പാൻ തുടങ്ങും (ലൂക്ക. ൧൨, ൫൧ff). അതിനാൽ വമ്പടകളും വീട്ടുതോറും ചെറുപടകളും ഛിദ്രങ്ങളും ജനിച്ചു വൎദ്ധിക്കും, എന്നിട്ടും മടുത്തു പോകരുതെ. ബന്ധുക്കളുടെ രക്ഷിതാവും വഴിയും ജീവനും ആയവനേക്കാൾ ബന്ധുക്കളുടെ ക്ഷണികമായ പ്രസാദത്തെ അധികം ഇച്ശിക്കുന്നവൻ എനിക്കു യോഗ്യനല്ല.—൬.) ക്രൂശിന്റെ ഘോരരഹസ്യം കൂടെ ആശ്വാസകാരണമായ്വരുന്നു. രോമരുടെ ഈ നിന്ദ്യശിക്ഷയെ മശീഹെക്കും അവന്റെ ആശ്രിതന്മാൎക്ക് എല്ലാവൎക്കും ലോകാരംഭം മുതൽ മുൻ വിധിച്ചതത്രെ; എങ്കിലും യേശു നിമിത്തം ജീവനെ കളഞ്ഞാൽ പുതുജീവന്റെ പൂൎണ്ണത ലഭിക്കും. അവൻ താൻ തന്നെ നമ്മുടെ ജീവൻ (കൊല. ൩, ൪). ൩൦ വെള്ളിയെ തന്റെ ജീവനാക്കിയവൻ സത്യജീവനെ കളഞ്ഞു. പഴയ ജീവനെ ബലികഴിച്ചേല്പിച്ചവർ കൎത്താവിന്റെ ഉയിൎപ്പിൽ കൂടി ജീവിച്ചെഴുനീറ്റുവല്ലോ.—൭.) നിങ്ങൾ ഇന്നവർ എന്നു ബോധിക്കേണ്ടു. എനിക്കും പിതാവിന്നും പകരം ലോകത്തിലേക്ക് അയക്കപ്പെട്ടവർ തന്നെ ആകയാൽ നിങ്ങളെ കൈക്കൊള്ളുന്നവന്ന് എല്ലാം നിങ്ങൾക്കു ഉള്ളതു ലഭിക്കും. ദേവരാജ്യത്തിൻ ആശയും ദിവ്യനിശ്ചയവും പ്രവാചകന്നുള്ളതു; അവനെ കൈക്കൊള്ളുന്നവൎക്കും അതു ലഭിക്കും. വിശ്വാസനീതിയുടെ കൂലി നിത്യജീവൻ തന്നെ; ആ നീതി നിമിത്തം നീതിമാനെ കൈക്കൊണ്ടാൽ നീതിയുടെ ജീവഫലം അങ്ങോട്ടു പകരും. ചെറുശിഷ്യരിൽ നിക്ഷേപിച്ച വെളിച്ചവരങ്ങളും എല്ലാം അവരെ കൈക്കൊള്ളുന്നവരിൽ വന്നു വിളങ്ങും. നിങ്ങൾ ഇപ്പോൾ ചെറിയവരത്രെ, എങ്കിലും നിങ്ങളിൽ ഒടുക്കത്തവനെ എങ്കിലും (പക്ഷെ യൂദാവെ) യേശുവിന്നു ശിഷ്യൻ എന്നു വെച്ചു വല്ലവർ ചേൎത്തുകൊണ്ട് ആശ്വസിപ്പിച്ചാൽ ഫലം ഉണ്ടു നിശ്ചയം.

ഇപ്രകാരം സകലവും വിചാരിച്ചു നോക്കുന്നവനും എല്ലാവരിലും പ്രവൃത്തിക്കുന്നവനും ആയ കൎത്താവിൽ ആശ്രയിച്ചു ലോകാന്ധകാരത്തിൽ സമാധാനത്തെ അറിയിപ്പാൻ ഇറങ്ങി പോകേണ്ടതു (യശ. ൫൨, ൭).

അനന്തരം ശിഷ്യന്മാർ വെവ്വേറെ പുറപ്പെട്ടു സ്വൎഗ്ഗരാജ്യത്തെ അറിയിച്ചു അനുതാപത്തെ ചോദിച്ചു (എണ്ണെയും പ്രയോഗിച്ചു, മാൎക്ക.) രോഗശാന്തി വരുത്തി ഭൂതങ്ങളെ നീക്കി ഊർതോറും കടന്നു പോന്നു. യേശു താനും പുറപ്പെട്ടു ഘോഷണയാത്രയെ തികെക്കേണ്ടതിന്നു ഗലീലയിൽ എങ്ങും പ്രസംഗിച്ചു പോന്നു. അപോസ്തലർ പോയിരുന്ന ഊരുകളിലും (മത്ത. ൧൧, ൧) കൎത്താവു പിന്നെ ചെന്നു ഉപദേശശേഷം കഴിച്ചു, അവരാൽ തീരാത്ത സങ്കടങ്ങളെ മാററി എന്നു വിചാരിപ്പാനും ഇട ഉണ്ടു.

§ 92.

Herod alarmed. Account of the Baptist's End.

ഹെരോദാവിന്റെ ഭയവും സ്നാപകന്റെ മരണവാൎത്തയും.

MATT. XIV.

1 At that time Herod the tetrarch heard of the fame of Jesus,

2 And said unto his servants, This is John the Baptist; he is risen from the dead; and therefore mighty works do shew forth themselves in him.

. . (*Vide* § 59.) . .

6 But when Herod's birthday was kept, the daughter of Herodias danced before them, and pleased Herod.

7 Whereupon he promised with an oath, to give her whatsoever she would ask.

8 And she, being before instructed of her mother, said, Give me here John Baptist's head in a charger.

9 And the king was sorry: nevertheless for the oath's sake, and them which sat with him at meat, he commanded *it* to be given *her*.

10 And he sent, and beheaded John in the prison.

11 And his head was brought in a charger, and given to the damsel: and she brought *it* to her mother.

12 And his disciples came, and took up the body, and buried it, and went and told Jesus.

MARK VI.

14 And king Herod heard *of him*; (for his name was spread abroad:) and he said, That John the Baptist was risen from the dead, and therefore mighty works do shew forth themselves in him.

15 Others said, That it is Elias. And others said, That it is a prophet, or as one of the prophets.

16 But when Herod heard *thereof*, he said, It is John, whom I beheaded: he is risen from the dead.

. . (*Vide* § 59.) . .

21 And when a convenient day was come, that Herod on his birthday made a supper to his lords, high captains, and chief *estates* of Galilee;

22 And when the daughter of the said Herodias came in, and danced, and pleased Herod and them that sat with him, the king said unto the damsel, Ask of me whatsoever thou wilt, and I will give *it* thee.

23 And he sware unto her, Whatsoever thou shalt ask of me, I will give *it* thee, unto the half of my kingdom.

24 And she went forth, and said unto her mother, What shall I ask? And she said, The head of John the Baptist.

25 And she came in straightway with haste unto the king, and asked, saying, I will that thou give me by and by in a charger the head of John the Baptist.

26 And the king was exceeding sorry; *yet* for his oath's sake, and for their sakes which sat with him, he would not reject her.

27 And immediately the king sent an executioner, and commanded his head to be brought: and he went and beheaded him in the prison,

28 And brought his head in a charger, and gave it to the damsel: and the damsel gave it to her mother.

29 And when his disciples heard *of it*, they came and took up his corpse, and laid it in a tomb.

LUKE IX.

7 Now Herod the tetrarch heard of all that was done by him: and he was perplexed, because that it was said of some, that John was risen from the dead;

8 And of some, that Elias had appeared; and of others, that one of the old prophets was risen again.

9 And Herod said, John have I beheaded: but who is this, of whom I hear such things? And he desired to see him.

അന്നു അപൂൎവ്വമായ ഒരു വാൎത്ത കേൾപ്പാറായി. ഹെരോദാ യേശുവിന്റെ ശ്രുതിയേയും അവൻ എലീയാവോ യിറമിയാവോ പക്ഷെ ജീവിച്ചെഴുനീറ്റ സ്നാപകൻ തന്നെയോ ആരോ എന്നുള്ള കേൾവിയേയും വിചാരിച്ചു വലഞ്ഞു, ഒടുവിൽ ഇവൻ ഞാൻ കൊല്ലിച്ചവന്റെ ആത്മാവെങ്കിലും അവനിൽ വ്യാപരിച്ച ശക്തികൾ ഉള്ളവൻ എങ്കിലും ആകുന്നു എന്നു നിശ്ചയിച്ചു (മാൎക്ക.), പാപലജ്ജയെ എല്ലാം അകറ്റി അതിശയകാരിയെ കാണ്മാൻ ആഗ്രഹിക്കയും ചെയ്തു (ലൂക്ക.).

സ്നാപകൻ മരിച്ചതിന്റെ കാരണമോ: ഇടപ്രഭു സ്നാപകനെ കൊല്ലുവാൻ വിചാരിച്ചപ്പോൾ പ്രജകൾ അവനെ മാനിക്കയാൽ ഭയപ്പെട്ടടങ്ങി (മത്ത.). പിന്നെ താനും അവനെ മഹാവിശുദ്ധൻ എന്നു ശങ്കിച്ചു തുടങ്ങി, ഹെരോദ്യ എത്ര നിൎബ്ബന്ധിച്ചിട്ടും കൊല്ലുവാൻ സമ്മതിക്കാതെ ബഹുമാനിച്ചു, കൂടക്കൂടെ കേട്ടു ചിലതിൽ അനുസരിച്ചും തുടങ്ങി (മാൎക്ക.). പിന്നെ ജന്മദിവസ

ത്തിൽ ഹെരോദാ പരായ്യയിലുള്ള യൂല്യനഗരത്തിൽ തന്റെ മഹാന്മാൎക്കും സഹസ്രാധിപന്മാൎക്കും ഗലീലപ്രമാണികൾക്കും ഒരു സദ്യ കഴിച്ചപ്പോൾ വ്യഭിചാരിണിയുടെ മകൾ ശാലയിൽ വന്നു ഒരു നാടകം തുള്ളി കളിച്ചു എല്ലാവൎക്കും വിഭ്രമം വരുത്തി, ഇടപ്രഭു തന്റെ രാജ്യത്തിന്റെ പാതിയോളം വരിച്ചാലും തരാം എന്നു സത്യം ചെയ്തു. ഉടനെ അവൾ അമ്മയോടു ചോദിച്ചു മടിയാതെ വന്നു ഒരു തളികമേൽ സ്നാപകന്റെ തല എന്നു വരിച്ചു. അവൻ വിഷാദിച്ചു എങ്കിലും മഹാജനങ്ങളെ ശങ്കിച്ചു ഘാതകനെ മക്കൈർ കോട്ടയിൽ അയച്ചു തലയെ അറുത്തു കൊടുപ്പിക്കയും ചെയ്തു. യോഹനാൻ കൎത്താവിന്റെ വഴികളിൽ ഇടറാതെ യേശുവോടുള്ള സമാധാനത്തിൽ ഉറങ്ങിപ്പോയി എന്നു വിചാരിപ്പാൻ സംഗതി ഉണ്ടു. മുമ്പെ യേശുവിൽ അസൂയ ഭാവിച്ച ശിഷ്യന്മാർ ഗുരുവെ മറ ചെയ്ത ശേഷം വന്നു വസ്തുത അറിയിച്ചു, ഉത്തമന്മാർ അന്നുമുതൽ യേശുവെ അനുഗമിച്ചിട്ടുണ്ടായിരിക്കും.

അവരെ കൂടാതെ പന്തിരുവരും യഹൂദഗ്രാമങ്ങളിലുള്ള യാത്രയെ തികെച്ചു യേശുവോടു ചേൎന്നുവന്നു (മാൎക്ക.). ആ മരണവൎത്തമാനം കേട്ടിട്ടു അധികം ബദ്ധപ്പെട്ടു ദുഃഖത്തിന്നു പരിശാന്തി അന്വേഷിച്ചുവോ എന്നറിയുന്നില്ല. അവർ ചെയ്തതും പറഞ്ഞതും ഒക്കയും നല്ല അവസരം കിട്ടാതെ ചുരുക്കി ബോധിപ്പിച്ചപ്പോൾ യേശു അവരോടു കൂട ഏകാന്തത്തിൽ പോയി ആശ്വസിപ്പാൻ നിശ്ചയിച്ചു (മാൎക്ക.). മുന്നടപ്പവന്റെ മരണം തനിക്കും മരണത്തിന്നായി ഒരുങ്ങി ഇരിപ്പാൻ ഒരു ദേവവിളി പോലെ ആയി.

---

§ 93.

The Miraculous Feeding of Five Thousand.

അയ്യായിരം ആളെ പോഷിപ്പിച്ചതു.

a) Jesus retires across the lake. Five thousand fed.

യേശു കടലക്കരെ പോയി അയ്യായിരം ആളെ പോഷിപ്പിച്ചതു.

MATT. XIV.

6 And he commanded the people to sit down on the ground: and he took the seven loaves, and gave thanks, and brake, and gave to his disciples to set before *them*; and they did set *them* before the people.
7 And they had a few small fishes: and he blessed, and commanded to set them also before *them*.
8 So they did eat, and were filled: and they took up of the broken *meat* that was left seven baskets.
9 And they that had eaten were about four thousand: and he sent them away.
10 And straightway he entered into a ship with his disciples, and came into the parts of Dalmanutha.

അനന്തരം യേശു വാശത്തദേശത്തിൽ വ്യാപിച്ചു കാണുന്ന അശുദ്ധാത്മാവിൽനിന്നു തെററി വടക്കപടിഞ്ഞാറു ചെന്നു, എലീയാ ചപ്പ്ത്തേക്ക് എന്ന പോലെ (൧ രാജ. ൧൭) ചിദോൻ സമീപത്തോളം വാങ്ങിപോയി, മറഞ്ഞിരിപ്പാൻ മനസ്സുണ്ടായിട്ടും കഴിവ് വന്നതും ഇല്ല. ഒരു കനാന്യസ്ത്രീ വന്നു യവനഭാഷയിൽ വിളിച്ചു: ദാവിദ്പുത്ര കനിവുണ്ടാകേണമേ, എന്റെ മകൾ ഭൂതോപദ്രവത്താൽ വലഞ്ഞു പോയി, ഭൂതത്തെ പുറത്താക്കേണമേ എന്നു കേട്ടാറേയും യേശു ഉത്തരം പറയാതെ നടന്നു. ശിഷ്യന്മാർ മുറവിളിയെ വിചാരിച്ചു ജാതിധൎമ്മത്തെ മറന്നു സ്ത്രീക്കു വേണ്ടി അപേക്ഷിച്ചപ്പോൾ യേശു ഇസ്രയേലിലേക്കു മാത്രം തനിക്ക് നിയോഗം ഉണ്ടു എന്നു പറഞ്ഞു (മത്ത.). അപ്പോൾ തന്നെ അവൾ വന്നു കാല്ക്കൽ വീണു, കൎത്താവേ സഹായിക്കേണമേ എന്നു വിളിച്ചു (മത്ത.). യേശു അവളെ പരീക്ഷിച്ചു പറഞ്ഞു: ഭവനത്തിലേ കുട്ടികൾക്കു മുമ്പെ തൃപ്തി വരട്ടെ (മാൎക്ക.); അവരുടെ അപ്പം എടുത്തു ചെറുനായ്ക്കൾക്ക് ചാടുന്നതു നന്നല്ല. എന്നതു കേട്ടാറെ അവൾ വ്യസനം അകററി, ഇസ്രയേലിന്നു തൃപ്തി വന്നു പോയപ്രകാരം തോന്നുന്നുവല്ലോ, യേശു അതിരോളം വന്നതു തനിക്ക് കല്പ്പവാന്തക്ക കഷണമായിട്ടത്രെ മേശയിൽനിന്നു വീണതു; ഭവനത്തിലേ മക്കൾക്കു മുമ്പുണ്ടായിരിക്കട്ടേ, പിന്നെ ഭോജനസമൃദ്ധിയിൽനിന്നു ചിലത് എത്രയും നികൃഷ്ട ജാതികൾക്കും വരുവാൻ ന്യായമുണ്ടല്ലോ

എന്നു നിശ്ചയിച്ചു വലിയ വിശ്വാസത്തെ (മത്ത.) കാട്ടിയപ്പോൾ കൎത്താവ് തോററപ്രകാരം നടിച്ചു പിതാവിൻ ഹിതത്തെ അറിഞ്ഞു അവളുടെ ഇഷ്ടപ്രകാരം ചെയ്തു, അവളും വീട്ടിൽ ചെന്നു ഉപദ്രവം ഇല്ലാതെ മകൾ കട്ടിലിന്മേൽ കിടക്കുന്നതു കാണ്കയും ചെയ്തു (മാൎക്ക.).

ഈ വൎത്തമാനം പരസ്യമായാറെ യേശു നിൎജ്ജനദേശത്തൂടെ ലിബനോൻ ഹെൎമ്മോൻ മലകളുടെ ചുവട്ടിൽ കൂടി കടന്നു, ഗലീലപ്പൊയ്കെക്കു മടങ്ങി ചെന്നു. ആ മലപ്രദേശത്തിൽ തന്നെ "ഹെഫതഃ" (തുറന്നു വരിക) എന്നു വിളിച്ചു ഒരു ചെവിടനെ സൌഖ്യമാക്കി, തനിക്കനിഷ്ടമാംവണ്ണം കീൎത്തി പരത്തുകയും ചെയ്തു. ഇവൻ സകലവും നന്നാക്കുന്നു എന്നുള്ള ശ്രുതി ഉണ്ടായിട്ടു ഗോലാനിലേ പുരുഷാരം രോഗികളെ കൊണ്ടുവന്നു യേശുവിന്റെ കാല്ക്കൽ ചാടി നിത്യാത്ഭുതങ്ങൾ കാണ്കനിമിത്തം ഭ്രമിച്ചു ദൈവത്തെ സ്തുതിക്കയും ചെയ്തു (മത്ത.). ൩ ദിവസം അവരോടു കൂട ഇരുന്ന ശേഷം യേശു ജനങ്ങളെ വിട്ടയക്കും മുമ്പെ പിന്നേയും മനസ്സലിഞ്ഞു ഭോജനം കൊടുത്തു. അന്നു ൭ അപ്പങ്ങളെ വിഭാഗിച്ചു കൊടുത്തു ൪൦൦൦ ആളുകൾക്ക് തൃപ്തി വരുത്തി ശേഷിപ്പുള്ള കഷണങ്ങൾ ൭ കൊട്ട നിറയ എടുക്കയും ചെയ്തു. ജനങ്ങളെ പറഞ്ഞയച്ച ശേഷം യേശു പടകിലേറി കഫൎന്നഹൂമിലേക്കല്ല അതിന്നു തെക്കുള്ള മഗ്ദലെക്ക് ഓടി എത്തുകയും ചെയ്തു. ദല്മനൂഥ എന്നതു (മാൎക്ക.) മഗ്ദലയിലേ ഒർ അംശമത്രെ.

---

§ 98.

A Sign from Heaven demanded. The Leaven of the Pharisees.

ആകാശചിഹ്നത്തെ ചോദിച്ചതു. പറീശരുടെ പുളിച്ചമാവു.

MATT. XVI.

1 The Pharisees also with the Sadducees came, and tempting desired him that he would shew them a sign from heaven.

2 He answered and said unto them, When it is evening, ye say, *It will be* fair weather: for the sky is red.

3 And in the morning, *It will be* foul weather to day: for the sky is red and lowring. O *ye* hypocrites, ye can discern the face of the sky; but can ye not *discern* the signs of the times?

4 A wicked and adulterous generation seeketh after a sign; and there shall no sign be given unto it, but the sign of the prophet Jonas. And he left them, and departed.

5 And when his disciples were come to the other side, they had forgotten to take bread.

6 Then Jesus said unto them, Take heed and beware of the leaven of the Pharisees and of the Sadducees.

7 And they reasoned among themselves, saying, *It is* because we have taken no bread.

8 *Which* when Jesus perceived, he said unto them, O ye of little faith, why reason ye among yourselves, because ye have brought no bread?

9 Do ye not yet understand, neither remember the five loaves of the five thousand, and how many baskets ye took up?

MARK VIII.

11 And the Pharisees came forth, and began to question with him, seeking of him a sign from heaven, tempting him.

12 And he sighed deeply in his spirit, and saith, Why doth this generation seek after a sign? verily I say unto you, There shall no sign be given unto this generation.

13 And he left them, and entering into the ship again departed to the other side.

14 Now *the disciples* had forgotten to take bread, neither had they in the ship with them more than one loaf.

15 And he charged them, saying, Take heed, beware of the leaven of the Pharisees, and *of* the leaven of Herod.

16 And they reasoned among themselves, saying, *It is* because we have no bread.

17 And when Jesus knew *it*, he saith unto them, Why reason ye, because ye have no bread? perceive ye not yet, neither understand? have ye your heart yet hardened?

18 Having eyes, see ye not? and having ears, hear ye not? and do ye not remember?

19 When I brake the five loaves among

Matt. XVI.

10 Neither the seven loaves of the four thousand, and how many baskets ye took up?

11 How is it that ye do not understand that I spake *it* not to you concerning bread, that ye should beware of the leaven of the Pharisees and of the Sadducees?

12 Then understood they how that he bade *them* not beware of the leaven of bread, but of the doctrine of the Pharisees and of the Sadducees.

Mark VIII.

five thousand, how many baskets full of fragments took ye up? They say unto him, Twelve.

20 And when the seven among four thousand, how many baskets full of fragments took ye up? And they said, Seven.

21 And he said unto them, How is it that ye do not understand?

യേശു ഗലീലകരെക്ക് എത്തിയ ഉടനെ വിരോധികൾ എതിൎത്തു, നീ മശീഹ എങ്കിൽ ആകാശചിഹ്നം കാട്ടേണം എന്നു പരീക്ഷിച്ചു പറഞ്ഞു. ദാനി. ൭, ൧൩; യോവെൽ ൨, ൩൦ *ff.* മുതലായ പ്രവാചകങ്ങളെ അവിശ്വാസത്തിന്നു ഒഴിച്ചലാക്കി യഹൂദർ ആ ചോദ്യം ആവൎത്തിച്ചു പറഞ്ഞു (§§ ൫൫, ൬൭, ൯൪ ഒത്തു നോക്ക). അന്നു പറീശന്മാരും ഹെരോദ്യർ മുതലായ ചദ്ദൂക്യരും (മാൎക്ക.) അവനെ പരീക്ഷിപ്പാൻ ഒന്നിച്ചു ചേരുകകൊണ്ടു യേശു വൈരവൎദ്ധന വിചാരിച്ചു ആത്മാവിൽ ഞെരങ്ങി, ഹോ മായാഭക്തിക്കാരേ, ഈ കാണുന്ന ആകാശത്തിലേ കുറികളെ നിങ്ങൾ കണ്ടു വകതിരിച്ചു ലക്ഷണം പറയുന്നു; കാലലക്ഷണങ്ങളേയും ഹൃദയക്കുറികളേയും നിങ്ങൾ വിവേചിക്കുന്നില്ല താനും. പഴയ നിയമത്തിന്റെ സായങ്കാലം യേശുജനനത്താൽ നല്ല ചെമ്മാനമായി വന്നിട്ടും ഇനി തെളിവു വരും എന്ന് ആരും ഊഹിച്ചില്ല. പുതുനിയമത്തിലേ ഉഷസ്സിന്നു ചെമ്മാനവും മൂടലും വരുവാൻ തുടങ്ങീട്ടും ന്യായവിധിയാകുന്ന കൊടുങ്കാററ് അണയുന്നപ്രകാരം നിങ്ങൾ അറിയുന്നതും ഇല്ല. അതുകൊണ്ടു പുറജാതികൾക്കു സമമായ ഈ ജാതിക്ക് യോനാസമമായ അടയാളം മാത്രം കാണ്മായി വരും (മത്ത.) എന്നു ചൊല്ലി അവരെ വിട്ടു പടകേറി തിരികെ കിഴക്കേ കരെക്ക് ഓടുകയും ചെയ്തു (മാൎക്ക.).

ഇപ്രകാരം ദേശഭ്രഷ്ടർ എന്ന പോലെ ഗലീലയിൽനിന്നു ഓടിപ്പോയപ്പോൾ യേശു പറീശചദ്ദൂക്യന്മാരുടെ പുളിച്ചമാവ് പററാതിരിപ്പാൻ സൂക്ഷിക്കേണ്ടു എന്നു കല്പിക്കയാൽ മിസ്രയിൽനിന്നു പുറപ്പെടുന്നവൎക്ക് തക്ക ശുദ്ധിയെ ചോദിച്ചു (൨ മോ. ൧൨, ൧൫ *ff.*; ൧ കൊ. ൫, ൬ *ff.*), ആകാശചിഹ്നം സ്വസ്ഥവാസം മുതലായ പ്രപഞ്ചാശകളും ഇനി വേണ്ടാ, കേവലം പുറപ്പാടിന്നായി ഒരുമ്പെടേണം എന്നു സൂചിപ്പിക്കയും ചെയ്തു. ശിഷ്യന്മാർ അതു ഗ്രഹിയാതെ ഇനിമേൽ ആ കള്ളരോടു കൊള്ളക്കൊടുക്കയും അരുത് എന്നു നിരൂപിച്ചു, പിന്നെ പടകിൽ ഒർ അപ്പമേ ഉള്ളൂ എന്നു കണ്ടു (മാൎക്ക.), പക്ഷേ നാം അപ്പങ്ങളെ കൊണ്ടുവരായ്കയാൽ ആയിരിക്കും എന്നു വിചാരിച്ചു പോയി. അതിന്നിമിത്തം യേശു അവരെ ശാസിച്ചു, അല്പവിശ്വാസികളേ (മത്ത.), കണ്ണും ചെവിയും ഹൃദയവും ഉണ്ടായിട്ടും കാഴ്ചയും കേൾവിയും ഉണൎച്ചയും ഇല്ലാത്തവരാകുന്നുവോ (മാൎക്ക.) എന്നു ചൊല്ലി, രണ്ടു വട്ടം ജനസംഘങ്ങളെ ഭക്ഷിപ്പിച്ച വിവരം ചോദിച്ചു, ൫ അപ്പങ്ങളാൽ ൫൦൦൦ ജനങ്ങൾക്കു തൃപ്തി വരുത്തിയ ശേഷം ൧൨ കൊട്ട നിറയ കഷണങ്ങൾ ഉള്ളതും ൭ അപ്പങ്ങളാൽ ൪൦൦൦ ജനങ്ങൾക്കു തൃപ്തി വരുത്തിയപ്പോൾ ൭ കൊട്ട നിറയ ശേഷിച്ചിട്ടുള്ളതും ഓൎപ്പിച്ചു, തന്റെ രക്ഷാമഹത്വം ബുദ്ധിമുട്ടിന്നു തക്കവണ്ണം വിളങ്ങുന്നപ്രകാരം സംഖ്യയാൽ കാണിക്കയും ചെയ്തു. അപ്പോൾ അവൎക്കു ഇത് ഉപദേശത്തിലേ പുളിച്ചമാവത്രെ എന്ന ബോധം ഉണ്ടായി.

---

§ 99.

THE JOURNEY TO THE REGION OF CÆSAREA PHILIPPI.

യൎദ്ദനുറവിലേക്കുള്ള യാത്ര.

a) *A blind man healed at Bethsaida Julias.*

ബെഥ്ചൈദയിലേ കുരുടന്നു കാഴ്ച കൊടുത്തതു.

MARK VIII.

22 And he cometh to Bethsaida; and they bring a blind man unto him, and besought him to touch him.

23 And he took the blind man by the hand, and led him out of the town; and when he had spit on his eyes, and put his hands upon him, he asked him if he saw ought.

24 And he looked up, and said, I see men as trees, walking.

25 After that he put *his* hands again upon his eyes, and made him look up: and he was restored, and saw every man clearly.

26 And he sent him away to his house, saying, Neither go into the town, nor tell *it* to any in the town.

b) *Peter's confession and Christ's promises.*

പേത്രന്റെ സ്വീകാരവചനാദികൾ.

MATT. XVI.

13 When Jesus came into the coasts of Cæsarea Philippi, he asked his disciples, saying, Whom do men say that I the Son of man am?

14 And they said, Some *say that thou art* John the Baptist: some, Elias; and others, Jeremias, or one of the prophets.

15 He saith unto them, But whom say ye that I am?

16 And Simon Peter answered and said, Thou art the Christ, the Son of the living God.

17 And Jesus answered and said unto him, Blessed art thou, Simon Bar-jona: for flesh and blood hath not revealed *it* unto thee, but my Father which is in heaven.

18 And I say also unto thee, That thou art Peter, and upon this rock I will build my church; and the gates of hell shall not prevail against it.

19 And I will give unto thee the keys of the kingdom of heaven: and whatsoever thou shalt bind on earth shall be bound in heaven: and whatsoever thou shalt loose on earth shall be loosed in heaven.

20 Then charged he his disciples that they should tell no man that he was Jesus the Christ.

MARK VIII.

27 And Jesus went out, and his disciples, into the towns of Cæsarea Philippi: and by the way he asked his disciples, saying unto them, Whom do men say that I am?

28 And they answered, John the Baptist: but some *say*, Elias; and others, One of the prophets.

29 And he saith unto them, But whom say ye that I am? And Peter answereth and saith unto him, Thou art the Christ.

30 And he charged them that they should tell no man of him.

LUKE IX.

18 And it came to pass, as he was alone praying, his disciples were with him: and he asked them, saying, Whom say the people that I am?

19 They answering said, John the Baptist: but some *say*, Elias; and others *say*, that one of the old prophets is risen again.

20 He said unto them, But whom say ye that I am? Peter answering said, The Christ of God.

21 And he straitly charged them, and commanded *them* to tell no man that thing.

(മാൎക്ക.) ഫിലിപ്പിന്റെ ഇടവകയിൽ എത്തിയപ്പോൾ അവർ വടക്കോട്ടു തിരിഞ്ഞു ബെത്ത്ചൈദയിൽ വന്നാറെ യേശു ഒരു കുരുടന്മേൽ രണ്ടുവട്ടം കൈ വെച്ചു കാഴ്ച വരുത്തി. കൎത്താവ് ആ ദേശത്തുനിന്നു മുമ്പെ തന്നെ ഒരു പൊട്ടനെ സൌഖ്യമാക്കിയപ്പോഴും വിജനത്തിങ്കൽ കൊണ്ടുപോയി ഉമിനീർ പ്രയോഗിച്ചുവല്ലോ (മാൎക്ക. ൭, ൩൨ *ff.*). അതുകൊണ്ടു ആ ദേശത്തു ശ്രദ്ധമായിരിക്കേണ്ടതിന്നു അത്ഭുതശക്തിയെ അല്പം മറെച്ചപ്രകാരം തോന്നുന്നു.

യൎദ്ദൻ ഉറവിന്നരികിൽ ഫിലിപ്പ് വിസ്താരം വരുത്തിയ കൈസരയ്യയുടെ തറകളിൽ (ഭാഗം ൯൮) വന്നപ്പോൾ യേശു ഏകാന്തത്തിൽ പ്രാൎത്ഥിച്ച ശേഷം (ലൂക്ക.) വഴിയിൽവെച്ചു തന്നെ (മാൎക്ക.) ശിഷ്യന്മാരോടു ചോദിച്ചു: മനുഷ്യപുത്രനായ ഠരം എന്നെ ജനങ്ങൾ ആർ എന്നു പറയുന്നു. അതിന്നു അവർ ചൊല്ലിയ ഉത്തരം: ജനങ്ങൾ മടുത്തുപോയി മശീഹ എന്നല്ല അനുതാപത്തെ പ്രസംഗിക്കുന്ന സ്നാപകൻ എന്നും, വിരോധികളെ ശാസിക്കുന്ന ഒർ

എലിയാവെന്നും, ജനപാപം നിമിത്തം കരയുന്ന ഒരു യിറമിയാവ് എന്നും, വല്ല മഹാത്മാവെന്നും മറ്റും പറയുന്നേ ഉള്ളൂ. നിങ്ങളോ എന്തു പറയുന്നു എന്നു കേട്ടാറെ ശീമോൻ എല്ലാവൎക്കും മുല്പെട്ടു നീ മശീഹയും ജീവനുള്ള ദൈവത്തിന്റെ പുത്രനും തന്നെ എന്നുള്ള സ്വീകാരം പറഞ്ഞു (മത്ത.). ഇപ്രകാരം ശിഷ്യന്മാർ യഹൂദഭാവത്തോടു വിപരീതമായിട്ടു യേശുവെ അറികയാൽ തന്റെ ഉപദേശം സഫലമായപ്രകാരം തെളിഞ്ഞു വന്നു. ഇത് അച്ഛനായ യോനാവിൽനിന്നല്ല ജാതിക്കാരുടെ സമ്മതത്തിൽനിന്നുമല്ല ഭൂമിയിൽനിന്നുമല്ല സ്വൎഗ്ഗീയ പിതാവിൻ ആത്മാവ് വെളിപ്പെടുത്തുകയാൽ അത്രെ സാധിച്ച അറിവ് ആകകൊണ്ടു യേശു അവനെ ധന്യൻ എന്നു വാഴ്ത്തി. പിന്നെ നീ കേഫാവാകും എന്നല്ല (യോ. ൧) ഇന്നു നീ കേഫാ തന്നെ ആയ്ച്ചമഞ്ഞു എന്നും, ഇങ്ങിനെ സാധിച്ച പാറമേൽ ഞാൻ എന്റെ സഭയെ പണിയിക്കും എന്നും (അപോ. ൨; ൧൦) അരുളിച്ചെയ്തു. ആ ഉപമയെ അല്പം മാറ്റി അപോസ്തലന്മാർ യേശു തന്നെ അടിസ്ഥാനം എന്നും, തങ്ങൾ അവന്റെ ആലയത്തെ കെട്ടുന്നവർ എന്നും (൧ കൊരി. ൩, ൯ *ff.*), ആ മുഖ്യക്കല്ലോടു ചേൎന്നു വരുന്ന സഭക്കാർ എല്ലാവരും ജീവനുള്ള കല്ലുകൾ എന്നും (൧ പേ. ൨, ൪ *f*) പറഞ്ഞിരിക്കുന്നു.

അന്നു തന്നെ ക്രിസ്തസഭെക്ക് അടിസ്ഥാനം വെച്ചതാകകൊണ്ടു "(എക്ലെസിയ") സഭ എന്ന പേർ സുവിശേഷത്തിൽ ആദ്യമായി കേൾക്കുന്നു. അതു മുമ്പെ സ്വൎഗ്ഗരാജ്യം എന്നു ചൊല്ലിയത്. ഇഹത്തിൽ സ്ഥാപിച്ച നാൾമുതൽ അതിന്നു ഈ പുതുപേർ കൊള്ളുന്നു. അതിൻ അൎത്ഥം ലോകത്തിൽനിന്നു വിളിച്ചെടുത്ത കൂട്ടം എന്നത്രെ. ആയതിനോടു പാതാളദ്വാരങ്ങൾക്കു് ഒർ ആവതും ഇല്ല എന്ന വാഗ്ദത്തം ചൊല്ലിക്കിടക്കുന്നു. പിശാചിൻ രാജ്യം മശീഹയുടെ കഷ്ടാനുഭവം മുതൽ മരണശക്തികളെ പ്രയോഗിച്ചു പ്രാണഭയത്താലും യഹൂദാദി രാജ്യവിനാശത്താലും അവിശ്വാസം മുതലായ ആത്മമരണങ്ങളാലും ജയിപ്പാൻ നോക്കുന്നു. അധോലോകത്തിന്റെ ദ്വാരങ്ങളും പിളൎപ്പുകളും ഭൂമിയിൽ എവിടയും തുറന്നു കാണുന്നു, എന്നിട്ടും പാറമേൽ നില്ക്കുന്ന സഭ തന്റെ ശില്പിയുടെ ജീവശക്തിയാൽ എന്നും നിലനില്ക്കും (മത്ത.).

വേറൊരു വാഗ്ദത്തവും ഉണ്ടു: സ്വൎഗ്ഗരാജ്യത്തിന്റെ താക്കോലുകളെ നിണക്കു തരും എന്നുള്ളത്. ന്യായവിധിക്കായി ഒരുത്തന്റെ പാപങ്ങളെ കെട്ടി ഒരു മാറാപ്പാക്കി അവന്റെ മേൽ ചുമത്തുകയോ (ഹോശ. ൧൩, ൧൨; യോബ. ൧൪, ൧൭) ആ കെട്ടിനെ അഴിച്ചു പാപങ്ങളെ വെവ്വേറെ പരിഹരിക്കയോ ചെയ്യുന്നത് സഭയുടെ തീൎപ്പുപ്രകാരം തന്നെ. ഒരുത്തന്റെ പാപങ്ങളെ കെട്ടിയാൽ അവന്നു സ്വൎഗ്ഗരാജ്യത്തെ അടെച്ചു എന്നും, അവറ്റെ അഴിച്ചാൽ രാജ്യത്തെ തുറന്നു സഭയിൽ ചേൎത്തു എന്നും അനുഭവമായ്വന്നു. ഈ അധികാരത്തെ യേശു കേഫാവിന്നു മാത്രമല്ല ക്രമത്താലെ സകല ശിഷ്യന്മാൎക്കും കല്പിച്ചുകൊടുത്തു (മത്ത. ൧൬, ൧൮; യോ. ൨൦, ൨൩). ശമൎയ്യയിലേ ശീമോനെ തള്ളുന്നതിലും കൊൎന്നേല്യനെ ചേൎക്കുന്നതിലും കേഫാ ആ അധികാരത്തെ നടത്തിയപ്രകാരം കാണാം (അവ്വണ്ണം പൌൽ ൧ കൊ. ൫; ൨ കൊ. ൨). എങ്കിലും യേശു മാത്രം തെറ്റുകൂടാതെ ജീവദ്വാരത്തെ തുറക്കുന്നവനും അടെക്കുന്നവനും

തന്നെ (വെളിപ്പ. ൩, ൬; യശ. ൨൨, ൨൧*f*). ആകയാൽ അവന്റെ ആത്മാവ് സഭയിൽ വ്യാപരിക്കുന്നേടത്തോളമേ സഭക്കാരുടെ ന്യായവിധി തന്നെ സ്വൎഗ്ഗത്തിലും സാരമായ്വരും. അവസാനത്തിൽ അവർ യേശുവിന്റെ രാജാചാൎയ്യരായി അതിനെ വൈകല്യം കൂടാതെ നടത്തും (യഹൂദ ൧൪; വെളിപ്പ. ൨൦, ൩). എന്നാൽ താൻ മശിഹ എന്ന വാൎത്തയെ തൽക്ഷണം പരസ്യമാക്കരുതു എന്നു യേശു അമൎച്ചയായി കല്പിച്ചു. അനുതാപവിശ്വാസങ്ങളാൽ ക്രിസ്തനോടു ചേരാത്തതും ജഡികവുമായ ഇസ്രയേലിന്നു വ്യൎത്ഥമശീഹഘോഷവും അരുതു എന്നത്രെ.

---

§ 100.

Christ's first Foretelling of His Death and Resurrection.

കഷ്ടമരണാദികളുടെ പ്രവചനവും ശാസനാപ്രബോധനങ്ങളും.

MATT. XVI.

21 From that time forth began Jesus to shew unto his disciples, how that he must go unto Jerusalem, and suffer many things of the elders and chief priests and scribes, and be killed, and be raised again the third day.

22 Then Peter took him, and began to rebuke him, saying, Be it far from thee, Lord: this shall not be unto thee.

23 But he turned, and said unto Peter, Get thee behind me, Satan: thou art an offence unto me: for thou savourest not the things that be of God, but those that be of men.

24 Then said Jesus unto his disciples, If any *man* will come after me, let him deny himself, and take up his cross, and follow me.

25 For whosoever will save his life shall lose it: and whosoever will lose his life for my sake shall find it.

26 For what is a man profited, if he shall gain the whole world, and lose his own soul? or what shall a man give in exchange for his soul?

27 For the Son of man shall come in the glory of his Father with his angels; and then he shall reward every man according to his works.

28 Verily I say unto you, There be some standing here, which shall not taste of death, till they see the Son of man coming in his kingdom.

MARK VIII.

31 And he began to teach them, that the Son of man must suffer many things, and be rejected of the elders, and *of* the chief priests, and scribes, and be killed, and after three days rise again.

32 And he spake that saying openly. And Peter took him, and began to rebuke him.

33 But when he had turned about and looked on his disciples, he rebuked Peter, saying, Get thee behind me, Satan: for thou savourest not the things that be of God, but the things that be of men.

34 And when he had called the people *unto him* with his disciples also, he said unto them, Whosoever will come after me, let him deny himself, and take up his cross, and follow me.

35 For whosoever will save his life shall lose it; but whosoever shall lose his life for my sake and the gospel's, the same shall save it.

36 For what shall it profit a man, if he shall gain the whole world, and lose his own soul?

37 Or what shall a man give in exchange for his soul?

38 Whosoever therefore shall be ashamed of me and of my words in this adulterous and sinful generation; of him also shall the Son of man be ashamed, when he cometh in the glory of his Father with the holy angels.

MARK IX.

1 And he said unto them, Verily I say unto you, That there be some of them that stand here, which shall not taste of death, till they have seen the kingdom of God come with power.

LUKE IX.

22 Saying, The Son of man must suffer many things, and be rejected of the elders and chief priests and scribes, and be slain, and be raised the third day.

23 And he said to *them* all, If any *man* will come after me, let him deny himself, and take up his cross daily, and follow me.

24 For whosoever will save his life shall lose it; but whosoever will lose his life for my sake, the same shall save it.

25 For what is a man advantaged, if he gain the whole world, and lose himself, or be cast away?

26 For whosoever shall be ashamed of me and of my words, of him shall the Son of man be ashamed, when he shall come in his own glory, and *in his* Father's, and of the holy angels.

27 But I tell you of a truth, there be some standing here, which shall not taste of death, till they see the kingdom of God.

ഇവ്വണ്ണം യേശു തിരുസഭെക്ക് അടിസ്ഥാനം ഇട്ട ഉടനെ ഇനി ഞാൻ യരുശലേമിലേക്കു ചെന്നു (മത്ത.) പ്രമാണികളാൽ നിസ്സാരൻ എന്നു തള്ളപ്പെട്ടു പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം ദിവസം ഉയിൎത്തെഴുനീല്ക്കുയും ചെയ്യേണ്ടത് എന്ന് ഒന്നും മൂടാതെ (മാൎക്ക.) സ്പഷ്ടമായി അറിയിച്ചു തുടങ്ങി. യേശു മുമ്പിൽ കൂട്ടി പലവിധേന സ്വമരണത്തെ സൂചിപ്പിച്ചതു (യോ. ൨, ൧൯; ൩, ൧൪; ൬, ൫൧ ഇത്യാദി) ശിഷ്യന്മാർ നല്ലവണ്ണം ഗ്രഹിയായ്കകൊണ്ടു അന്നു വളരെ ഭ്രമിച്ചു, കേഫാവും മനോവിശ്വാസത്താൽ അവനെ വേറെ കൂട്ടിക്കൊണ്ടു, കൎത്താവേ ദൈവം നിന്നെ കനിഞ്ഞു കാക്കട്ടെ, ഇതു നിനക്കു വരരുത് എന്നു (മത്ത.) ശാസിച്ചു തുടങ്ങി. പെട്ടന്നു യേശു അവനെ വിട്ടു ശിഷ്യരെ നോക്കിക്കൊണ്ടു, സാത്താനേ വഴിയെ പോ, ദൈവത്തിന്റേതല്ല മനുഷ്യരുടേതു മാത്രം കരുതുകയാൽ നീ എനിക്ക് ഇടൎച്ച ആകുന്നു എന്നു ചൊല്ലി ശാസിച്ചു. മുമ്പെ അവനിൽ കണ്ട ദേവവെളിച്ചത്തെ സ്തുതിച്ചേടത്തോളം ഭാവം പകൎന്നുണ്ടായ ഇരുൾ്ച്ചയേയും വെളിപ്പെടുത്തി നാണിപ്പിക്കയും ചെയ്തു (മത്ത. മാൎക്ക.).

പിന്നെ അവൻ ശിഷ്യന്മാരേയും മറ്റുള്ള ആശ്രിതന്മാരേയും (മാൎക്ക.) വിളിച്ചുകൂട്ടി ഇനി കഷ്ടപ്പെടുന്ന മശീഹയോടും കൂടി കഷ്ടപ്പെടുവാൻ മനസ്സുണ്ടോ എന്നു ചോദിച്ചതിപ്രകാരം: ശിഷ്യനായി പിഞ്ചെല്ലുവാൻ ഒരുമ്പെട്ടാൽ തന്നെത്താൻ മറുത്തു ദിവസേന (ലൂക്ക.) തന്റെ ക്രൂശിനെ എടുത്തുകൊണ്ടു, (പാളയത്തിൽനിന്നു പുറപ്പെട്ടു) യേശുവെ അനുഗമിക്ക അത്രെ ശിഷ്യന്റെ മൂന്നു മുറ. ജീവനെ രക്ഷിപ്പാനും ഇതു തന്നെ വഴി (മത്ത. ൧൦, ൩൭ff എന്ന പോലെ). മനുഷ്യൻ ലോകം മുഴുവനെ നേടിയാലും ആത്മനാശം വരുത്തി തന്നെത്താൻ കളഞ്ഞാൽ എന്തു ലാഭം (സങ്കീ. ൪൯, ൭f). ലോകത്തെ നേടുവാൻ ആത്മാവെ കളഞ്ഞു എങ്കിൽ ആയതിനെ ഇങ്ങോട്ട് എടുപ്പാൻ എന്തു പകരം കൊടുക്കും (യേശുവിന്റെ ആത്മബലി മാത്രം അതിന്ന് ഒരുമ്പെടായ്വരും). ആകയാൽ ആ വ്യഭിചാരികളായ കിടക്കാർ നിമിത്തം എന്നേയും എൻ വചനങ്ങളേയും കുറിച്ചു ആർ എങ്കിലും നാണിച്ചാൽ മനുഷ്യപുത്രൻ പിതൃതേജസ്സിൽ വിശുദ്ധദൂതരോടും കൂടെ വരുമ്പോൾ അവനെ കുറിച്ചും നാണിക്കും (മാൎക്ക. ലൂക്ക.; മത്ത. ൧൦, ൩൨ *f* എന്ന പോലെ). കഷ്ടത നിമിത്തം ഭാവിതേജസ്സെ മറക്കരുത്. മനുഷ്യപുത്രൻ അപ്രകാരം വരും, ഓരോരുത്തന്നു സ്വകൎമ്മങ്ങൾക്കു തക്കവാറു പകരവും ചെയ്യും നിശ്ചയം (മത്ത.).

എന്നിങ്ങിനെ അല്പം ആശ്വസിപ്പിച്ചതല്ലാതെ മരണം ഉടനെ എല്ലാവൎക്കും ഭവിക്കയില്ല എന്നും, (താനും ഇഷ്കൎയ്യോത്യനും അല്ലാതെ) ഈ നില്ക്കുന്നവർ മിക്കവാറും മരിക്കും മുമ്പെ യേശുവിൻ പുനരുത്ഥാനത്താലും ആത്മശക്തിയാലും (മാൎക്ക.) സ്വരാജ്യത്തിന്റെ ഉദയം കാണും എന്നും അറിയിക്കയും ചെയ്തു.

§ 101.

The Transfiguration of Christ.

യേശുവിന്റെ രൂപാന്തരാദികൾ.

a) *The Transfiguration.* രൂപാന്തരം.

MATT. XVII.

1 And after six days Jesus taketh Peter, James, and John his brother, and bringeth them up into an high mountain apart,

2 And was transfigured before them: and his face did shine as the sun, and his raiment was white as the light.

3 And, behold, there appeared unto them Moses and Elias talking with him.

4 Then answered Peter, and said unto Jesus, Lord, it is good for us to be here: if thou wilt, let us make here three tabernacles; one for thee, and one for Moses, and one for Elias.

5 While he yet spake, behold, a bright cloud overshadowed them: and behold a voice out of the cloud, which said, This is my beloved Son, in whom I am well pleased; hear ye him.

6 And when the disciples heard *it*, they fell on their face, and were sore afraid.

7 And Jesus came and touched them, and said, Arise, and be not afraid.

8 And when they had lifted up their eyes, they saw no man, save Jesus only.

9 And as they came down from the mountain, Jesus charged them, saying, Tell the vision to no man, until the Son of man be risen again from the dead.

MARK IX.

2 And after six days Jesus taketh *with him* Peter, and James, and John, and leadeth them up into an high mountain apart by themselves: and he was transfigured before them.

3 And his raiment became shining, exceeding white as snow; so as no fuller on earth can white them.

4 And there appeared unto them Elias with Moses: and they were talking with Jesus.

5 And Peter answered and said to Jesus, Master, it is good for us to be here: and let us make three tabernacles; one for thee, and one for Moses, and one for Elias.

6 For he wist not what to say; for they were sore afraid.

7 And there was a cloud that overshadowed them: and a voice came out of the cloud, saying, This is my beloved Son: hear him.

8 And suddenly, when they had looked round about, they saw no man any more, save Jesus only with themselves.

9 And as they came down from the mountain, he charged them that they should tell no man what things they had seen, till the Son of man were risen from the dead.

10 And they kept that saying with themselves, questioning one with another what the rising from the dead should mean.

LUKE IX.

28 And it came to pass about an eight days after these sayings, he took Peter and John and James, and went up into a mountain to pray.

29 And as he prayed, the fashion of his countenance was altered, and his raiment *was* white *and* glistering.

30 And, behold, there talked with him two men, which were Moses and Elias:

31 Who appeared in glory, and spake of his decease which he should accomplish at Jerusalem.

32 But Peter and they that were with him were heavy with sleep: and when they were awake, they saw his glory, and the two men that stood with him.

33 And it came to pass, as they departed from him, Peter said unto Jesus, Master, it is good for us to be here: and let us make three tabernacles; one for thee, and one for Moses, and one for Elias: not knowing what he said.

34 While he thus spake, there came a cloud, and overshadowed them: and they feared as they entered into the cloud.

35 And there came a voice out of the cloud, saying, This is my beloved Son: hear him.

36 And when the voice was past, Jesus was found alone. And they kept *it* close, and told no man in those days any of those things which they had seen.

b) *The coming of Elias explained.* എലീയാവിൻ വരവിനെ വ്യാഖ്യാനിച്ചതു.

MATT. XVII.

10 And his disciples asked him, saying, Why then say the scribes that Elias must first come?

11 And Jesus answered and said unto them, Elias truly shall first come, and restore all things.

12 But I say unto you, That Elias is come already, and they knew him not, but have done unto him whatsoever they listed. Likewise shall also the Son of man suffer of them.

13 Then the disciples understood that he spake unto them of John the Baptist.

MARK IX.

11 And they asked him, saying, Why say the scribes that Elias must first come?

12 And he answered and told them, Elias verily cometh first, and restoreth all things; and how it is written of the Son of man, that he must suffer many things, and be set at nought.

13 But I say unto you, That Elias is indeed come, and they have done unto him whatsoever they listed, as it is written of him.

പിന്നെ ൬ ദിവസം കഴിഞ്ഞാറെ യേശു ദുഃഖിതരായ ശിഷ്യന്മാരിൽനി
ന്നു ൩ വിശ്വസ്തന്മാരെ കൂട്ടിക്കൊണ്ടു (നിത്യഹിമത്തോളം ഉയൎന്ന ഹെൎമ്മോൻ

എന്ന) വന്മലയിൽ കയറി പ്രാൎത്ഥിക്കയും ചെയ്തു (ലൂക്ക.). ഉടനെ അവൻ അവ ൎക്കു മറുരൂപമായി തോന്നി, മുഖം സൂൎയ്യപ്രകാശമായും വസ്ത്രങ്ങൾ ഹിമം പോലെ മിന്നുന്നതായും കണ്ടു. ദേവപുത്രന്റെ തേജസ്സു പൊങ്ങി മാനുഷവേഷത്തിൽ കൂടി പുറപ്പെട്ടപ്രകാരമായി (യോ. ൧, ൧൪), മോശയുടെ മുഖത്തിൽ പ്രതിബിംബിച്ചു കണ്ട തേജസ്സിന്നു നിവൃത്തി വരികയും ചെയ്തു (൨ മോശ ൩൪, ൨൯ *ff.* ൨ കൊ. ൩, ൭ *ff.*). പെട്ടന്നു രണ്ടു പുരുഷന്മാർ തേജസ്സോടെ കൂട പ്രത്യക്ഷരായി. അവർ യേശുവോടു സംസാരിച്ചു യരുശലേമിൽ നിവൃത്തിക്കേണ്ടുന്ന നിൎയ്യാണത്തെ കുറിച്ചു പറഞ്ഞു (ലൂക്ക.). അവർ മോശെ എലീയാ എന്നവർ തന്നെ. ശിഷ്യന്മാർ ഒരു വിധമുള്ള നിദ്രാഭാരത്താൽ മയങ്ങിയും പിന്നെയും ജാഗരിച്ചും പഴയ നിയമം പുതിയതിനോടു ചേരുന്നപ്രകാരം കണ്ടും കേട്ടും ഭ്രമിച്ചും ഇരുന്നു (ലൂക്ക.) ആ ഇരുവരും പോവാറായതു ശീമോൻ കണ്ടു, കൎത്താവേ നാം ഇങ്ങിനെ ഇരുന്നാൽ നല്ലതു, മൂന്നു കുടിലുകളെ കെട്ടി പാൎക്കാമല്ലോ എന്നു പറഞ്ഞതിനാൽ ലോകസംസൎഗ്ഗം അരുത് ക്രൂശമരണവും അരുത്, നീയും പുരാണസിദ്ധന്മാരും ഞങ്ങളും ആയി ഒന്നിച്ചു സഭയായി വാഴേണം എന്നുള്ള ആഗ്രഹത്തെ കാണിച്ചു. പറയുമ്പോൾ തന്നെ വെളിച്ചമേഘം (മത്ത.) ഇരുവരേയും യേശുവേയും ആഛാദിച്ചു തുടങ്ങി. അതു സാക്ഷാൽ ദേവസാന്നിദ്ധ്യത്തിന്റെ പാൎപ്പു. ശിഷ്യന്മാർ ആ പ്രഭയെ സഹിയാതെ ഭയപ്പെട്ടു, ഇവൻ എൻ പ്രിയപുത്രൻ അവങ്കൽ ഞാൻ പ്രസാദിച്ചു (മത്ത.) അവനെ ചെവിക്കൊൾ്വിൻ എന്നു സ്നാപകൻ കേട്ടപ്രകാരം (സങ്കീ. ൨; ൫ മോശ ൧൮, ൧൫) കേട്ടു കവിണ്ണു വീഴകയും ചെയ്തു. യേശു അവരെ തൊട്ടു എഴുനീല്പിൻ ഭയപ്പെടരുതേ എന്നു ചൊല്ലിയപ്പോൾ അവർ മേല്പെട്ടും ചുറ്റും നോക്കി (മാൎക്ക.) യേശു തനിയെ നില്ക്കുന്നതു കാണ്മൂതും ചെയ്തു.

ഇപ്രകാരം സ്വൎഗ്ഗീയാശ്വാസം ഉണ്ടായ ശേഷം മലയിൽനിന്ന് ഇറങ്ങി പാപലോകത്തിലേക്കു മടങ്ങി ചെല്ലുമ്പോൾ മനുഷ്യപുത്രന്റെ പുനരുത്ഥാനംവരെ ഈ കണ്ടതു നിങ്ങൾ ആരോടും പറയരുത് എന്നു യേശു കല്പിച്ചു. ആയത് അവർ അനുസരിച്ചു പുനരുത്ഥാനം എന്ത് എന്നു തങ്ങളിൽ വിചാരിച്ചു ചോദിച്ചു (മാൎക്ക.).

(മത്ത. മാൎക്ക.) പിന്നെ എലീയാ സകലവും യഥാസ്ഥാനത്താക്കാതെ എഴുന്നെള്ളിയത് എന്തു, അവൻ നമ്മോടു കൂടെ യരുശലേമിലേക്ക് കയറി എങ്കിൽ മശീഹയെ ആർ വിരോധിക്കും, അവൻ ഇന്നു പ്രത്യക്ഷനായതിനാൽ തന്നെ മല. ൪, ൫ എന്നതിന്നു നിവൃത്തി വന്നുവോ എന്നും മറ്റും പറയുമ്പോൾ എലീയാ ഇസ്രയേൽരാജാവിൻ മുന്നടക്കേണം എന്നതിന്നു സംശയം ഇല്ല എങ്കിലും അവന്റെ വരവു മശീഹെക്കു കഷ്ടാനുഭവത്തെ ഇല്ലാതാക്കി വെക്കുന്നില്ല, അവൻ വളരെ പാടുപെടേണം എന്നു വേദത്തിൽ ഉണ്ടല്ലോ (മാൎക്ക.; യശ. ൫൩), എന്നു വേണ്ടാ മശീഹയുടെ മുന്നടപ്പവനും (മുങ്കുറിയായ എലീയാവിന്ന് എന്ന പോലെ) കഷ്ടാനുഭവം തന്നെ വിധിച്ചിരുന്നു (മാൎക്ക.); അപ്രകാരം അവന്നു വന്നുവല്ലോ നിരൂപിച്ചാൽ. എന്നു കേട്ടാറെ ഇതു സ്നാപകൻ തന്നെ എന്നു ബോധം ജനിച്ചു (മത്ത.).

---

§ 102.

The Homeward-Journey from the Mount of Transfiguration.

രൂപാന്തരമലയിൽനിന്നു തിരിച്ചു സ്വദേശത്തേക്കു യാത്രയായതു.

a) *A dumb demoniac healed.* ഭൂതാപസ്മാരശാന്തി.

MATT. XVII.

14 And when they were come to the multitude, there came to him a *certain* man, kneeling down to him, and saying,

15 Lord, have mercy on my son: for he is lunatick, and sore vexed: for ofttimes he falleth into the fire, and oft into the water.

16 And I brought him to thy disciples, and they could not cure him.

17 Then Jesus answered and said, O faithless and perverse generation, how long shall I be with you? how long shall I suffer you? bring him hither to me.

18 And Jesus rebuked the devil; and he departed out of him: and the child was cured from that very hour.

19 Then came the disciples to Jesus apart, and said, Why could not we cast him out?

20 And Jesus said unto them, Because of your unbelief: for verily I say unto you, If ye have faith as a grain of mustard seed, ye shall say unto this mountain, Remove hence to yonder place; and it shall remove; and nothing shall be impossible unto you.

21 Howbeit this kind goeth not out but by prayer and fasting.

MARK IX.

14 And when he came to *his* disciples, he saw a great multitude about them, and the scribes questioning with them.

15 And straightway all the people, when they beheld him, were greatly amazed, and running to *him* saluted him.

16 And he asked the scribes, What question ye with them?

17 And one of the multitude answered and said, Master, I have brought unto thee my son, which hath a dumb spirit;

18 And wheresoever he taketh him, he teareth him: and he foameth, and gnasheth with his teeth, and pineth away: and I spake to thy disciples that they should cast him out; and they could not.

19 He answereth him, and saith, O faithless generation, how long shall I be with you? how long shall I suffer you? bring him unto me.

20 And they brought him unto him: and when he saw him, straightway the spirit tare him; and he fell on the ground, and wallowed foaming.

21 And he asked his father, How long is it ago since this came unto him? And he said, Of a child.

22 And ofttimes it hath cast him into the fire, and into the waters, to destroy him: but if thou canst do any thing, have compassion on us, and help us.

23 Jesus said unto him, If thou canst believe, all things *are* possible to him that believeth.

24 And straightway the father of the child cried out, and said with tears, Lord, I believe; help thou mine unbelief.

25 When Jesus saw that the people came running together, he rebuked the foul spirit, saying unto him, *Thou* dumb and deaf spirit, I charge thee, come out of him, and enter no more into him.

26 And *the spirit* cried, and rent him sore, and came out of him: and he was as one dead; insomuch that many said, He is dead.

27 But Jesus took him by the hand, and lifted him up; and he arose.

28 And when he was come into the house, his disciples asked him privately, Why could not we cast him out?

29 And he said unto them, This kind can come forth by nothing, but by prayer and fasting.

LUKE IX.

37 And it came to pass, that on the next day, when they were come down from the hill, much people met him.

38 And, behold, a man of the company cried out, saying, Master, I beseech thee, look upon my son: for he is mine only child.

39 And, lo, a spirit taketh him, and he suddenly crieth out; and it teareth him that he foameth again, and bruising him hardly departeth from him.

40 And I besought thy disciples to cast him out; and they could not.

41 And Jesus answering said, O faithless and perverse generation, how long shall I be with you, and suffer you? Bring thy son hither.

42 And as he was yet a coming, the devil threw him down, and tare *him*. And Jesus rebuked the unclean spirit, and healed the child, and delivered him again to his father.

43 And they were all amazed at the mighty power of God. But while they wondered every one at all things which Jesus did . . .

b) *The second foretelling of His death and resurrection.*

സ്വമരണാദികളെ പിന്നേയും അറിയിച്ചതു.

MATT. XVII.

22 And while they abode in Galilee, Jesus said unto them, The Son of man shall be betrayed into the hands of men:

MARK IX.

30 And they departed thence, and passed through Galilee; and he would not that any man should know *it*.

31 For he taught his disciples, and said unto them, The Son of man is delivered

LUKE IX.

43 . . . He said unto his disciples,

44 Let these sayings sink down into your ears: for the Son of man shall be

Matt. XVII.	Mark IX.	Luke IX.
23 And they shall kill him, and the third day he shall be raised again. And they were exceeding sorry.	into the hands of men, and they shall kill him; and after that he is killed, he shall rise the third day. 32 But they understood not that saying, and were afraid to ask him.	delivered into the hands of men. 45 But they understood not this saying, and it was hid from them.

പിറേറ ദിവസം അവർ മലയുടെ ചുവട്ടിൽ എത്തിയപ്പോൾ ഒമ്പതു ശിഷ്യന്മാരുടെ ചുററും വളരെ ജനങ്ങളും പരിഹസിച്ചു വാദിക്കുന്ന വൈദികരും (മാൎക്ക.) തിങ്ങി നില്ക്കുന്നതു കണ്ടു. രൂപാന്തരത്തിന്റെ ഒരു ഛായയെ യേശുവിൽ കാണുകകൊണ്ടു ജനങ്ങൾ ഭ്രമിച്ചു എതിരെ ഓടി വന്ദിച്ചു അവനും വാദത്തിന്റെ കാരണം ചോദിച്ചു. വൈദികർ മിണ്ടാതെ ഇരുന്നപ്പോൾ ഒരുത്തൻ അടുത്തു മുട്ടു കുത്തി പറഞ്ഞു: എനിക്ക് ഒരു പുത്രനേ ഉള്ളു (ലൂക്ക.), അവൻ ചന്ദ്രബാധയാൽ വളരെ വലഞ്ഞു പോയതുകൊണ്ടു ഞാൻ അവനെ കൊണ്ടുവന്നു, (വാവിലോ വെളുത്ത പക്ഷത്തിലോ) അവനെ ഒരു ദുരാത്മാവ് പിടിച്ചു വലിക്കുന്തോറും അവൻ ഒന്ന് ആൎത്തുരുണ്ടു നുരച്ചും പല്ലുകടിച്ചും പോകുന്നു; പിന്നെ നന്ന തകൎത്തു ആ ഭൂതം പ്രയാസത്തോടെ പുറപ്പെട്ടു (ലൂക്ക.) അവനെ ക്ഷയിപ്പിച്ചു വിടുന്നു (മാൎക്ക.); തിരുശിഷ്യന്മാരോടു ഞാൻ അപേക്ഷിച്ചു, ഭൂതത്തെ നീക്കുവാൻ അവരാൽ കഴിഞ്ഞതും ഇല്ല. എന്നു കേട്ടാറെ യേശു മലമുകളിൽനിന്ന് അനുഭവിച്ചത് ഓൎത്തു ശിഷ്യർ തുടങ്ങിയുള്ളവരോടു ക്രുദ്ധിച്ചു, അവിശ്വാസവും കോട്ടവും ഉള്ള കരുന്തലയേ എത്രകാലം ഞാൻ നിങ്ങളോടു കൂട ഇരിക്കും, എത്രോടം നിങ്ങളെ പൊറുക്കും, അവനെ കൊണ്ടു വരുവിൻ എന്നു പറഞ്ഞു.

(മാൎക്ക.) യേശുവെ കണ്ടു ഉടനെ ഭൂതം വലിച്ചു മറിച്ചു കുട്ടി ഉരുണ്ടു നുരച്ചു കിടക്കയും ചെയ്തു. ഇതുണ്ടായത് എത്രകാലം ആയി എന്നു യേശു സാവധാനത്തോടെ ചോദിച്ചാറെ ബാല്യംമുതൽ തന്നെ എന്നും, അത് അവനെ പലപ്പോഴും തീയിലേക്കും വെള്ളത്തിലേക്കും തള്ളുന്നു, നിന്നാൽ കഴിയും എങ്കിൽ കനിഞ്ഞു തുണെക്കേണമേ എന്നും അപേക്ഷിച്ചു. "നിന്നാൽ കഴിയും എങ്കിൽ എന്നോ"? ആകട്ടെ, വിശ്വസിപ്പാൻ കഴിയും എങ്കിൽ എന്നത്രെ; വിശ്വസിച്ചവനാൽ എല്ലാം കഴിയും. എന്നു കേട്ടപ്പോൾ ആയാൾ പൊട്ടിക്കരഞ്ഞു, ഞാൻ വിശ്വസിക്കുന്നു എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ എന്നു വിളിച്ചു. ഇങ്ങിനെ വിശ്വാസത്തിൻ വിളി ഈററുവിളി പോലെ കേട്ടിട്ടു ജനങ്ങൾ തിക്കിക്കൂടുമ്പോൾ യേശു ഭൂതത്തോടു ഇവനെ വിട്ടുപോ ഇനി അകമ്പൂകയും അരുതു എന്നു ഞാൻ കല്പിക്കുന്നു എന്നു ശാസിച്ചു ചൊല്ലി. ആയതു ആൎത്തു വലെച്ചു പോയപ്പോൾ ബാലൻ ചത്തപ്രകാരം കിടന്നു, യേശു അവനെ പിടിച്ചു നിവിൎത്തി നില്പിക്കയും ചെയ്തു.

അന്നുമുതൽ ബാലൻ സൌഖ്യമായി (മത്ത.), യേശു അവനെ അഛ്ശന്നു കൊടുക്കയും ചെയ്തു (ലൂക്ക.). ജനങ്ങളിൽ ആശ്ചൎയ്യവും പല സ്തുതിവാക്കുകളും കേൾക്കുമ്പോൾ യേശു ശിഷ്യന്മാരോട് ഈ വചനങ്ങളെ ഓൎത്തുകൊണ്ടു മനുഷ്യരെ അറിഞ്ഞു കൊള്ളേണം; മനുഷ്യപുത്രൻ മനുഷ്യകൈകളിൽ ഏല്പിച്ചു കൊല്ലപ്പെടും താനും എന്നു പറഞ്ഞു. അവരോ ആ വചനത്തെ ഒട്ടും ഗ്രഹിക്കാതെ അൎത്ഥത്തിന്നു ഭയപ്പെട്ടു ചോദിപ്പാനും ശങ്കിച്ചു പാൎത്തു (ലൂക്ക.).

ശിഷ്യന്മാരോട് ഒന്നിച്ചു വീട്ടിൽ പോകുമ്പോൾ അവർ വിചാരിച്ചു, ഞങ്ങെക്കു ആവത് ഇല്ലാഞ്ഞത് എന്ത് എന്നു ചോദിച്ചു. കാരണം അവിശ്വാസം തന്നെ. നല്ല വിശ്വാസം കടുമണിയോളം ആയാലും അതു ദൈവത്തോടു യോജിക്കുന്നതാകയാൽ മല പോലെ കിടന്നു ഗതിയെ തടുക്കുന്ന തന്റെ മോഹമായകളേയും മററവരുടെ വിശ്വാസവിഘ്നങ്ങളേയും വെവ്വേറെ സങ്കടങ്ങളേയും ദൈവരാജ്യത്തോട് എതിൎക്കുന്ന ശത്രുയന്ത്രങ്ങളേയും ഒടുവിൽ ഭൂമിയിലേ പൎവ്വതാദികളേയും മാററി വെപ്പാൻ മതിയാകും. ഈ ക്രമത്തിൽ മലകളെ വാങ്ങിപ്പോകുമാറാക്കാം* എന്നു കാട്ടിയ ശേഷം (മത്ത.), വിശേഷാൽ ദുൎഭൂതങ്ങളോടുള്ള പടയിൽ ഉപവാസത്താൽ ലോകത്തോടു വേൎവ്വിട്ടും പ്രാൎത്ഥനയാൽ ദൈവത്തോടു യോഗം ചെയ്തും കൊണ്ടു വിശ്വാസം തികഞ്ഞു വന്നാലേ ജയശക്തി ഭവിക്കും എന്നുപദേശിക്കയും ചെയ്തു. അനന്തരം ഗലീലെക്കു മടങ്ങിപ്പോയി എങ്കിലും ആരും അറിയരുതു എന്നുവെച്ചു രാജമാൎഗ്ഗത്തൂടെ അല്ല ഗൂഢമായി കടന്നുപോയി (മാൎക്ക.). വഴിയിൽവെച്ചു മനുഷ്യരുടെ കൈയാലെ മരണവും മൂന്നാം ദിവസത്തെ ഉയിൎത്തെഴുനീല്പും അറിയിക്കയാൽ ശിഷ്യന്മാർ വളരെ വിഷാദിച്ചു പോയി വാക്കിന്റെ അൎത്ഥം ഗ്രഹിക്കാതെയും ഇരുന്നു.

---

§ 103.

AT CAPERNAUM: THE TRIBUTE-MONEY MIRACULOUSLY PROVIDED.

ദേവാലയനിൎമ്മാണപണത്തെ സമ്പാദിച്ചതു.

MATT. XVII.

24 And when they were come to Capernaum, they that received tribute *money* came to Peter, and said, Doth not your master pay tribute?

25 He saith, Yes. And when he was come into the house, Jesus prevented him, saying, What thinkest thou, Simon? of whom do the kings of the earth take custom or tribute? of their own children, or of strangers?

26 Peter saith unto him, Of strangers. Jesus saith unto him, Then are the children free.

27 Notwithstanding, lest we should offend them, go thou to the sea, and cast an hook, and take up the fish that first cometh up; and when thou hast opened his mouth, thou shalt find a piece of money: that take, and give unto them for me and thee.

യൎദ്ദനുറവിലേക്കുള്ള യാത്രയിൽനിന്നു യേശു മടങ്ങിവന്നു കഫൎന്നഹൂമിൽ എത്തിയപ്പോൾ ദേവാലയനിൎമ്മാണത്തിന്നായി യഹൂദർ ആണ്ടുതോറും കൊടുത്തു പോന്ന ദിദ്രഹ്മ പണത്തെ (=മുക്കാലുറുപ്പിക) ചേൎക്കുന്നവർ ശീമോനെ പരീക്ഷിച്ചു, നിങ്ങളുടെ ഗുരു അതു കൊടുക്കുന്നില്ലയോ എന്നു ചോദിച്ചു. അവൻ അപമാനം സഹിയാഞ്ഞു കൊടുക്കുന്നുവല്ലോ എന്നു വെറുതെ പറഞ്ഞു. അനന്തരം യേശു അതിനെ ബോധം വരുത്തി, രാജഭവനം തീൎപ്പാൻ അവന്റെ ആത്മാവുള്ള മക്കൾ അല്ല അവൻ അടക്കി സേവിക്കുന്ന പ്രജകൾ അത്രെ കപ്പം കൊടുക്കുന്നു (യോ. ൮, ൩൫) എന്ന് അറിയിച്ചിട്ടും കേഫാവിന്റെ വാക്കു നിമിത്തം അടങ്ങി, തന്റെ സ്വാതന്ത്ര്യം കുറിപ്പാൻ മാത്രം മടിശ്ശീലയിൽനിന്നല്ല പൊയ്കയിലേ മത്സ്യത്തിൻ വായിൽനിന്ന് ഒരു സ്താതർ ആകുന്ന നാലു ദ്രഹ്മപണം (=ഫ്] ഉറുപ്പിക) എടുപ്പിച്ചു ഇരുവൎക്കു വേണ്ടി കൊടുപ്പിക്കയും ചെയ്തു (മത്ത.).

---

* യഹൂദരിൽ ഒരു വാചാലനായ റബ്ബിക്കു "മലനീക്കി" (=പൎവ്വതം ഉന്മൂലനം ചെയ്യുന്നവൻ) എന്ന് പേർ ഇടുന്നപ്രകാരം കേൾക്കുന്നു.

§ 104.

The Disciples' Dispute for Primacy. On Offences.

ശിശുഭാവത്തിന്റെ സാരവും ഇടൎച്ചകളുടെ സങ്കടവും.

MATT. XVIII.

1 At the same time came the disciples unto Jesus, saying, Who is the greatest in the kingdom of heaven?

2 And Jesus called a little child unto him, and set him in the midst of them,

3 And said, Verily I say unto you, Except ye be converted, and become as little children, ye shall not enter into the kingdom of heaven.

4 Whosoever therefore shall humble himself as this little child, the same is greatest in the kingdom of heaven.

5 And whoso shall receive one such little child in my name receiveth me.

6 But whoso shall offend one of these little ones which believe in me, it were better for him that a millstone were hanged about his neck, and *that* he were drowned in the depth of the sea.

7 Woe unto the world because of offences! for it must needs be that offences come; but woe to that man by whom the offence cometh!

8 Wherefore if thy hand or thy foot offend thee, cut them off, and cast *them* from thee: it is better for thee to enter into life halt or maimed, rather than having two hands or two feet to be cast into everlasting fire.

9 And if thine eye offend thee, pluck it out, and cast *it* from thee: it is better for thee to enter into life with one eye, rather than having two eyes to be cast into hell fire.

10 Take heed that ye despise not one of these little ones; for I say unto you, That in heaven their angels do always behold the face of my Father which is in heaven.

11 For the Son of man is come to save that which was lost.

12 How think ye? if a man have an hundred sheep, and one of them be gone astray, doth he not leave the ninety and nine, and goeth into the mountains, and seeketh that which is gone astray?

13 And if so be that he find it, verily I say unto you, he rejoiceth more of that *sheep*, than of the ninety and nine which went not astray.

14 Even so it is not the will of your Father which is in heaven, that one of these little ones should perish.

MARK IX.

33 And he came to Capernaum: and being in the house he asked them, What was it that ye disputed among yourselves by the way?

34 But they held their peace: for by the way they had disputed among themselves, who *should be* the greatest.

35 And he sat down, and called the twelve, and saith unto them, If any man desire to be first, *the same* shall be last of all, and servant of all.

36 And he took a child, and set him in the midst of them: and when he had taken him in his arms, he said unto them,

37 Whosoever shall receive one of such children in my name, receiveth me: and whosoever shall receive me, receiveth not me, but him that sent me.

38 And John answered him, saying, Master, we saw one casting out devils in thy name, and he followeth not us: and we forbad him, because he followeth not us.

39 But Jesus said, Forbid him not: for there is no man which shall do a miracle in my name, that can lightly speak evil of me.

40 For he that is not against us is on our part.

41 For whosoever shall give you a cup of water to drink in my name, because ye belong to Christ, verily I say unto you, he shall not lose his reward.

42 And whosoever shall offend one of *these* little ones that believe in me, it is better for him that a millstone were hanged about his neck, and he were cast into the sea.

43 And if thy hand offend thee, cut it off: it is better for thee to enter into life maimed, than having two hands to go into hell, into the fire that never shall be quenched:

44 Where their worm dieth not, and the fire is not quenched.

45 And if thy foot offend thee, cut it off: it is better for thee to enter halt into life, than having two feet to be cast into hell, into the fire that never shall be quenched:

46 Where their worm dieth not, and the fire is not quenched.

47 And if thine eye offend thee, pluck it out: it is better for thee to enter into the kingdom of God with one eye, than having two eyes to be cast into hell fire:

48 Where their worm dieth not, and the fire is not quenched.

49 For every one shall be salted with fire, and every sacrifice shall be salted with salt.

50 Salt *is* good: but if the salt have lost his saltness, wherewith will ye season it? Have salt in yourselves, and have peace one with another.

LUKE IX.

46 Then there arose a reasoning among them, which of them should be greatest.

47 And Jesus, perceiving the thought of their heart, took a child, and set him by him,

48 And said unto them, Whosoever shall receive this child in my name receiveth me: and whosoever shall receive me receiveth him that sent me: for he that is least among you all, the same shall be great.

49 And John answered and said, Master, we saw one casting out devils in thy name; and we forbad him, because he followeth not with us.

50 And Jesus said unto him, Forbid *him* not: for he that is not against us is for us.

ഇങ്ങിനെ യേശു തന്റെ കാൎയ്യത്തിന്നു തീൎച്ച അണയുന്നപ്രകാരം വഴിയിൽ വെച്ചു പറകകൊണ്ടു ശിഷ്യന്മാർ അപ്പോൾ തന്നെ (മത്ത.) മശീഹരാജ്യത്തിലുള്ള സ്ഥാനമഹത്വത്തെ കുറിച്ചു പതുക്കെ സംസാരിച്ചു. വീട്ടിൽ വന്നപ്പോൾ (മാൎക്ക.) യേശു അവൎക്കു സമാധാനം ഇല്ല എന്നു കണ്ടു കാരണം അറിഞ്ഞിട്ടും എന്തു സംഭാഷിച്ചു എന്നു ചോദിച്ചു. അവരോ മിണ്ടാതെ ഇരുന്നു, (മാൎക്ക.) സ്വൎഗ്ഗരാജ്യത്തിൽ ആർ വലിയവൻ എന്നുള്ള വിചാരം വിട്ടതും ഇല്ല (മത്ത.). ഉടനെ യേശു ഒരു കുട്ടിയെ വിളിച്ചു നടുവിൽ നിറുത്തി തലോടിക്കൊണ്ടു പറഞ്ഞിതു: ൧.) നിങ്ങൾ തിരിച്ചു കുട്ടികളെ പോലെ ആയ്വരുന്നില്ല എങ്കിൽ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല (മത്ത.).—൨.) ഒരുത്തൻ തന്നെത്താൻ ഈ കുട്ടിയോളം താഴ്ത്തി (മത്ത.) എല്ലാവരിൽ ചെറിയവനും (ലൂക്ക.) ഒടുക്കത്തവനും സൎവ്വന്മാരുടെ ഭൃത്യനും (മാൎക്ക.) ആയാൽ അവൻ ദേവരാജ്യത്തിൽ വലിയവനും ഒന്നാമനും ആകും.—൩.) ഇങ്ങിനത്തെ കുട്ടിയെ എന്നാമത്തിൽ ചേൎത്തുകൊള്ളുന്നവൻ എന്നെ ചേൎത്തുകൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവനോ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു (മാൎക്ക. ലൂക്ക.). ആകയാൽ പാപ്പാവായ്തീരുവാനുള്ള ഇച്ശെക്കു മൂന്നു ഔഷധങ്ങൾ ഉണ്ടു: ഒന്നു ഉണ്മയായ മാനസാന്തരവും പുനൎജ്ജന്മവും, രണ്ടാമതു സഹോദരന്മാർ അന്യോന്യസേവയിൽ സ്പൎദ്ധ പിടിച്ചിറങ്ങിക്കൊള്ളുന്ന സ്നേഹവിനയവും, മൂന്നാമത് ചെറിയവരെ ഒട്ടൊഴിയാതെ ദൈവത്തിന്നും അവന്റെ അഭിഷിക്തന്നും എന്നു വെച്ചു ചേൎത്തു വളൎത്തുന്ന ആചാൎയ്യവേലയും. ഈ മൂന്നു തന്നെ വിശ്വാസിയുടെ മുമ്മുടിയും സഭാവാഴ്ചയുടെ സാരവും ആകുന്നു (ഫിലി. ൨, ൯ *ff.*).

(മാൎക്ക. ലൂക്ക.) യേശുവിന്റെ വചനത്താൽ യോഹനാൻ ഒന്ന് ഓൎത്തു അല്പം വലഞ്ഞു, ഗുരോ ഒരുത്തൻ നിന്നാമത്തിൽ ഭ്രുതങ്ങളെ നീക്കുന്നതു ഞങ്ങൾ കണ്ടു അവൻ ഞങ്ങളോടു കൂട അനുഗമിക്കാത്തവനാകയാൽ വിരോധിച്ചു എന്നു ബോധിപ്പിച്ചാറെ വിരോധിക്കരുത് എന്നും, എന്നാമത്തിൽ അതിശയശക്തി കാട്ടീട്ടു വേഗത്തിൽ എന്നെ ദുൎവ്വാക്കു പറയുന്നവൻ ആരും ഇല്ല (മാൎക്ക.) എന്നും കല്പിച്ചു. എന്റെ പക്ഷം ചേരാത്തവൻ മറുപക്ഷക്കാരൻ എന്നുള്ള വചനം (മത്ത. ൧൨, ൩൦) താൻ മുമ്പെ ശത്രുക്കളോടരുളിച്ചെയ്തുവല്ലോ. ഇപ്പൊഴോ അതിനെ മറിച്ചു, നമുക്ക് എതിരല്ലാത്തവൻ നമുക്കു വേണ്ടിയവൻ എന്നുള്ളതു ശിഷ്യന്മാൎക്ക് പ്രമാണമാക്കി വെച്ചു. അവർ വിശ്വാസത്തിന്റെ ഏററവും ചെറിയ ആരംഭങ്ങളേയും ഏവരിലും ബഹുമാനിക്കേണ്ടതിന്നു ഒരുത്തൻ ശിഷ്യനെ തണ്ണീർ കുടിപ്പിച്ചാലുള്ള ഫലത്തെ (മത്ത. ൧൦, ൪൨) പിന്നേയും ഓൎപ്പിക്കയും ചെയ്തു (മാൎക്ക.).

അനന്തരം കൎത്താവ് തന്റെ രാജ്യക്കാരാൽ ജനിക്കേണ്ടുന്ന ഇടൎച്ചകളേയും അവർ ചെറിയവരുടെ പ്രവേശത്തെ പലവിധേന തടുക്കുന്ന തെററുകളേയും വിചാരിച്ചു ദുഃഖിച്ചു പറഞ്ഞിതു: എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനെ ഇടറിക്കുന്നവനെ തിരിക്കല്ലു കെട്ടി മുക്കിക്കളഞ്ഞാൽ കൊള്ളായിരുന്നു. ഇടൎച്ചകൾ നിമിത്തം ലോകത്തിന്ന് അയ്യോ കഷ്ടം! സഭക്കാരിൽനിന്നു ജനിക്കുന്ന ഇടൎച്ചകളാൽ ലോകം നശിക്കേണ്ടി വരും എങ്കിലും ഇടൎച്ചയെ വരുത്തുന്ന മനുഷ്യന്നു ഹാ കഷ്ടം! (മത്ത.) എന്നതിന്റെ ശേഷം മനു

ഷ്യർ മററുള്ളവക്ക് വരുത്തുന്ന ഇടൎച്ചകൾ എല്ലാം തങ്ങൾ ഉള്ളിൽ ഇടറിയതി നാൽ അത്രെ ഉണ്ടാകുന്നു എന്നു യേശു കണ്ടു ശിഷ്യൎക്കു ബുദ്ധി പറഞ്ഞതി പ്രകാരം: ദൈവരാജ്യത്തിൽ രക്ഷാശിക്ഷകളെ നടത്തുന്ന കൈകൾ വേണം സത്യം; എങ്കിലും യോഹനാൻ ചെയ്തപ്രകാരം അരുതാത്ത കാൎയ്യം തുടങ്ങി ഇ ടൎച്ചകളെ വരുത്തുന്നതിനേക്കാൾ ഒരു കൈ അറുത്താൽ നല്ലതു തന്നെ. സഭ യിൽ തന്നിഷ്ടം വ്യാപരിച്ചു ൨ കൈകളോടു കൂട അഗ്നിനരകത്തിൽ അകപ്പെ ടേണമോ?— ജ്ഞാനവും ഉപദേശനിശ്ചയവും ആകുന്ന കണ്ണും സഭയിൽ വേ ണം; എങ്കിലും കാൎയ്യമൂലം മറക്കുന്ന ഒരു ജ്ഞാനാശയാൽ അഗ്നിനരകത്തിന്നു സംഗതി വരുന്നതാകകൊണ്ടു ഒററ കണ്ണുള്ളവനായി ജീവങ്കലേക്കു കടക്കു ന്നത് ഏറെ നല്ലതു.— എല്ലാടവും നടന്നു സമാധാനത്തെ അറിയിച്ചു മഹാ ഭോജനത്തിന്നായി ക്ഷണിപ്പാൻ കാലും വേണം; എങ്കിലും രാജാവ് അയക്കാ തെ കണ്ട് ഓടുന്നതിനാൽ വരുന്ന ശിക്ഷയേക്കാളും ഒരു കാലെ ഛേദിക്കുന്നതു നല്ലതു (മാൎക്ക.)*. സഭെക്ക് നാശം പിണെയുന്ന ഇടൎച്ചകൾ പ്രത്യേകം മൂന്ന് ആവിതു: എല്ലാം ഭരിക്കേണ്ടുന്ന ആഗ്രഹവും, എല്ലാം അറിവാനുള്ള ഇഛ്ശയും, എല്ലാവരേയും ചേൎത്തുകൊള്ളേണം എന്നുള്ള വാഞ്ഛയും തന്നെ. ഈ വക ദോ ഷങ്ങൾക്ക് ഭേദം വരാഞ്ഞാൽ, (യശ. ൬൬, ൨൪ വൎണ്ണിച്ചപ്രകാരം) ഹിന്നോം താഴ്വരയിലേ ശവപ്പുഴുവിന്നും നിത്യാഗ്നിക്കും ഇരയാകും.

എങ്കിലും കൎത്താവിന്നായി വേവുന്നത് എല്ലാം ദോഷമെന്നല്ല, ബലിക്ക് ഒത്ത ശുദ്ധാഗ്നിയേ ആവു. സകല ബലികൾക്കും ഉപ്പു വേണമല്ലോ (൩ മോശ. ൨, ൧൩). ഉപ്പിനെ തീയിൽ ഇട്ടാലും അഴിയാത്ത ഒരു സ്ഥിരഭാവം ഉണ്ടു. അതു ബലിയെ സാരമാക്കി, ദഹനത്തിന്റെ ശേഷമുള്ള ഉയിൎപ്പിന്നു നിശ്ചയം വരു ത്തുന്ന ദേവവചനത്തെ കുറിക്കുന്നു. മനുഷ്യനെ ബലിയാക്കേണ്ടതിന്നു ഉപ്പു പോരാ താനും; ആത്മസ്നാനവും കഷ്ടതയും ആകുന്ന ഇരട്ടിച്ച തീ എല്ലാവനേ യും സാരനാക്കും. ശിഷ്യരിൽ ഏല്പിച്ച സത്യവചനം ആകുന്ന ഉപ്പിനെ സൂ ക്ഷിപ്പാൻ വഴി എന്തെന്നാൽ: ഉപ്പിനെ നിങ്ങളുടെ അകത്തു കരുതി തമ്മിൽ തമ്മിൽ അധികം സമാധാനത്തിന്നായി ഉത്സാഹിപ്പിൻ! ചവൎപ്പു പ്രത്യേകം ത ന്നിലും, മധുരം മററവരിലും പ്രയോഗിക്കേണം എന്നത്രെ (മാൎക്ക.).

പിന്നെ വിശ്വാസത്തിൽ ചെറിയവരെ അപമാനിക്കാതെ ഇരിപ്പാൻ ഒ രു സംഗതി ആകുന്നിതു: ലോകത്തിൽ ചെറിയവൎക്ക് ഗുരുജനങ്ങൾ മുതലായ നിഴലും തുണയും ഉള്ളതു പോലെ സ്വൎഗ്ഗത്തിന്നായുള്ള ശിശുക്കൾക്കു് പിതൃമുഖ ത്തെ നിത്യം നോക്കുന്ന ദൂതന്മാർ സേവെക്കുണ്ടു എന്നു വേണ്ടാ, മനുഷ്യപു ത്രൻ താൻ അവൎക്കു വേണ്ടി ഇറങ്ങീട്ടും ഉണ്ടു. അവരും നഷ്ടർ തന്നെ. എ ന്നാൽ നഷ്ടരെ മനസ്സലിഞ്ഞു രക്ഷിക്കുന്ന ദേവകരുണയെ വൎണ്ണിപ്പാൻ യേശു ൧൦൦ ആടുകളുടെ ഉപമയെ ചേൎത്തു പറഞ്ഞു (§§ ൩൨, ൧൨൫ നോക്ക).

* അപോസ്തലരിൽ കേഫാവിന്നു കൈയും യോഹനാന്നു കണ്ണും പൌലിന്നു കാലും മുഖ്യവരം എന്നു പറയാം.

§ 105.

ON CHURCH-DISCIPLINE AND MUTUAL FORBEARANCE. PARABLE OF THE UNMERCIFUL FELLOW-SERVANT.

സഭാശിക്ഷാരക്ഷയേയും ക്ഷമാഭാവത്തേയും വൎണ്ണിച്ചതു.

MATT. XVIII.

15 Moreover if thy brother shall trespass against thee, go and tell him his fault between thee and him alone: if he shall hear thee, thou hast gained thy brother.

16 But if he will not hear *thee, then* take with thee one or two more, that in the mouth of two or three witnesses every word may be established.

17 And if he shall neglect to hear them, tell *it* unto the church: but if he neglect to hear the church, let him be unto thee as an heathen man and a publican.

18 Verily I say unto you, Whatsoever ye shall bind on earth shall be bound in heaven: and whatsoever ye shall loose on earth shall be loosed in heaven.

19 Again I say unto you, That if two of you shall agree on earth as touching any thing that they shall ask, it shall be done for them of my Father which is in heaven.

20 For where two or three are gathered together in my name, there am I in the midst of them.

21 Then came Peter to him, and said, Lord, how oft shall my brother sin against me, and I forgive him? till seven times?

22 Jesus saith unto him, I say not unto thee, Until seven times: but, Until seventy times seven.

23 Therefore is the kingdom of heaven likened unto a certain king which would take account of his servants.

24 And when he had begun to reckon, one was brought unto him, which owed him ten thousand talents.

25 But forasmuch as he had not to pay, his lord commanded him to be sold, and his wife, and children, and all that he had, and payment to be made.

26 The servant therefore fell down, and worshipped him, saying, Lord, have patience with me, and I will pay thee all.

27 Then the lord of that servant was moved with compassion, and loosed him, and forgave him the debt.

28 But the same servant went out, and found one of his fellowservants, which owed him an hundred pence: and he laid hands on him, and took *him* by the throat, saying, Pay me that thou owest.

29 And his fellowservant fell down at his feet, and besought him, saying, Have patience with me, and I will pay thee all.

30 And he would not: but went and cast him into prison, till he should pay the debt.

31 So when his fellowservants saw what was done, they were very sorry, and came and told unto their lord all that was done.

32 Then his lord, after that he had called him, said unto him, O thou wicked servant, I forgave thee all that debt, because thou desiredst me:

33 Shouldest not thou also have had compassion on thy fellowservant, even as I had pity on thee?

34 And his lord was wroth, and delivered him to the tormentors, till he should pay all that was due unto him.

35 So likewise shall my heavenly Father do also unto you, if ye from your hearts forgive not every one his brother their trespasses.

എന്നാൽ സഭയിൽ ശിക്ഷാരക്ഷകളെ നടത്തേണ്ടുന്ന ക്രമത്തെ ചൊല്ലി യേശു ശിഷ്യൎക്ക ഉപദേശിച്ചതാവിതു: എത്രയും ചെറിയത് ഒന്നും നശിച്ചു പോകുന്നതു സ്വൎഗ്ഗസ്ഥപിതാവിന്റെ ഇഷ്ടമല്ലായ്കയാൽ സഭക്കാർ ദൈവത്തിന്റെ മനസ്സലിവിന്നു തക്കവണ്ണം പിഴയാളികളെ നേടുവാനായി കേവലം രക്ഷാശിക്ഷകളെ പ്രയോഗിക്കേണം. സഭാക്രമം ആവിത്: ൧.) സഭക്കാരൻ തെറ്റു ചെയ്യുന്നതു കണ്ടാൽ ആരോടും അറിയിക്കാതെ അവനെ കണ്ടു ബോധം വരുത്തേണം. ൨.) അവൻ കേൾക്കാതെ പോയാൽ സാക്ഷിമുഖാന്തരമായി ആക്ഷേപിക്ക. ൩.) രണ്ടുമൂന്നു സഹോദരരെ കൂട്ടാക്കാതെ ഇരുന്നാൽ സഭയെ അറിയിക്ക. ൪.) സഭയേയും നിരസിച്ചാൽ അവനെ നിരസിക്കേ ആവു. അതു യഹൂദർ ചുങ്കക്കാരിലും പുറജാതികളിലും ചെയ്യുന്നപ്രകാരം സംബന്ധം അറുക്കയാൽ അത്രെ (പാപ്പാമതക്കാർ ചെയ്തു നടന്നതു പോലെ നിൎബ്ബന്ധവും ദേഹദണ്ഡവും ഒട്ടും അരുത്).

ഈ ക്രമപ്രകാരം നടത്തുവാൻ മുമ്പെ കേഫാവിന്ന് എന്നപോലെ എല്ലാ ശിഷ്യന്മാൎക്കും ഭൂമിയിൽ വെച്ചു കെട്ടുവാനും കെട്ടഴിപ്പാനും കല്പന കൊടുത്തതും അല്ലാതെ സഭാപ്രമാണികൾ വല്ലപ്പോഴും തന്നിഷ്ടം വ്യാപരിച്ചു സഭാക്രമത്തെ മറിച്ചു വെച്ചാൽ സഭയെ യഥാസ്ഥാനത്താക്കേണ്ടതിന്നു ഒരു വഴിയെ സൂചിപ്പിച്ചതിപ്രകാരം: യാതൊരു കാൎയ്യത്തെ കുറിച്ച് എങ്കിലും നിങ്ങളിൽ ഇരുവർ മാത്രം ഐകമത്യപ്പെട്ട് അപേക്ഷിച്ചാൽ അഛ്ശനാൽ ആകും എന്നും, രണ്ടുമൂന്നു പേർ എന്നാമത്തിലേക്ക് ഒരുമിച്ചു കൂടിയ ഏതു സ്ഥലത്തും ഞാൻ അവരുടെ നടുവിൽ ഉണ്ടെന്നും കല്പിക്കയാൽ സഭ ക്ഷയിക്കുന്ന സമയം സ്ഥാനികളാൽ അല്ല യേശു നാമത്തെ ധരിക്കുന്ന വിശ്വാസികളുടെ ഐകമത്യത്താൽ അത്രെ ഉണ്ണീകരണത്തിന്ന് സംഗതി വരുന്നു.

ഈ വചനങ്ങളെ കേഫാ അധികം സൂക്ഷിക്കാതെ സഹോദരനിൽ അനുതാപം കണ്ടാൽ ഉടനെ ക്ഷമിക്കേണം എന്ന വാക്കു പിടിച്ചു കരുണയുടെ ആധിക്യത്താൽ സഭാശുദ്ധിക്ക് കുറവ് വരുമോ എന്നു സംശയിച്ചു ൭ വട്ടം ക്ഷമിച്ചാൽ പോരേ എന്നു ചോദിച്ചു (റബ്ബികൾ ആമോസ് ൧, ൩; ൨, ൬; യോബ് ൩൩, ൨൯*f.* എന്ന മൊഴികളെ വ്യാഖ്യാനിക്കയിൽ ഒരുത്തന്റെ പാപം ൩ വട്ടം ക്ഷമിക്ക, നാലാമതിൽ അരുത് എന്നു വിധിച്ചിരുന്നു). അല്ല, ഏഴ് എഴുപതു (മത്താ. ൧൮, ൨൨) എന്നുള്ള ഉത്തരം വിചാരിച്ചാൽ കേവലം എണ്ണേണ്ടതല്ല, ക്ഷമയും മനസ്സലിവും അനവധി കവിഞ്ഞു വരേണം എന്നു യേശുവിന്റെ മതം എന്നു തെളിയുന്നു. അതിന്നു ദൃഷ്ടാന്തം ക്ഷമിക്കാത്ത കടക്കാരന്റെ ഉപമ തന്നെ (§൯൦).

D.

JESUS AT JERUSALEM, ATTENDING THE FEAST OF TABERNACLES.

(12. *Oct.* 29 *A. D.*)

കൂടാരപ്പെരുന്നാൾ യാത്ര.

(ക്രിസ്ത്വാബ്ദം ൨൯. ൧൨ ഒക്തോബർ.)

§ 106.

The Brethren's Unbelief. Christ's secret Journey to Jerusalem.

സഹോദരന്മാരുടെ അവിശ്വാസവും യേശുവിന്റെ ഗൂഢയാത്രയും.

JOHN VII.

1 After these things Jesus walked in Galilee: for he would not walk in Jewry, because the Jews sought to kill him.

2 Now the Jews' feast of tabernacles was at hand.

3 His brethren therefore said unto him, Depart hence, and go into Judæa, that thy disciples also may see the works that thou doest.

4 For *there is* no man *that* doeth any thing in secret, and he himself seeketh to be known openly. If thou do these things, shew thyself to the world.

5 For neither did his brethren believe in him.

6 Then Jesus said unto them, My time is not yet come: but your time is alway ready.

7 The world cannot hate you; but me it hateth, because I testify of it, that the works thereof are evil.

8 Go ye up unto this feast: I go not up yet unto this feast; for my time is not yet full come.

9 When he had said these words unto them, he abode *still* in Galilee.

10 But when his brethren were gone up, then went he also up unto the feast, not openly, but as it were in secret.

യരുശലേമിലേ പ്രമാണികളുടെ ദ്വേഷം നിമിത്തം (§൯൦) യേശു യഹൂദെക്കു പോകാതെ ക്രി. ൨൯ എപ്രിൽ തുടങ്ങി ഒക്തോബർവരെ ഗലീലയിൽ സഞ്ചരിച്ചും പ്രവൃത്തിച്ചും പോന്ന ശേഷം കൂടാരപ്പെരുനാൾ അടുത്തു വന്നപ്പോൾ ഇങ്ങിനെ ഗലീലയിൽ മറഞ്ഞു നടക്കുന്നതു സാരമല്ല, ധൈൎയ്യം പൂണ്ടു മൂലസ്ഥാനത്തേക്കു ചെന്നു അവിടെയുള്ള ശിഷ്യന്മാരേയും (൩, ൨൨; ൪, ൧) ഉറപ്പിച്ചു തന്റെ മഹത്വത്തെ ആവോളം വിളങ്ങിക്കേണം എന്നു അവിശ്വാസികളായ സഹോദരന്മാർ (§൧൪) മന്ത്രിച്ചു തുടങ്ങി. ഇതു പരിഹസിച്ചു പറഞ്ഞതല്ല, അത്ഭുതങ്ങളെ ചെയ്വാൻ ശ്രേഷ്ഠമായ ദിവ്യവരം ലഭിച്ചെന്നു അവർ സമ്മതിക്കുന്നുവല്ലോ (൩). എങ്കിലും യരുശലേമിൽ സ്വമഹത്വത്തെ വെളിപ്പെടുത്താതെ കണ്ടു മശീഹകാൎയ്യം ശോഭിക്കയില്ല കീൎത്തിസാധിക്കയുമില്ല എന്ന് ആയിരുന്നു അവരുടെ ജഡികനിരൂപണം. യഹൂദക്ക് മിക്കവാറും എന്ന പോലെ ഇവൎക്കും ക്രിസ്തന്റെ പുറമെയുള്ള ദാരിദ്ര്യതാഴ്ചകളിൽ ഇടച്ചു തോന്നി എന്നത്രെ. ആകയാൽ യേശു അവരോട് ബുദ്ധി പറഞ്ഞതിവ്വണ്ണം: നിങ്ങളുടെ അവസ്ഥയും എന്റേതും കേവലം വെവ്വേറെ. നിങ്ങൾ പെരുനാൾക്കു ചെന്നാലും ആരും നിങ്ങളുടെമേൽ ദൃഷ്ടി ഇടുന്നില്ല, ചെല്ലാഞ്ഞാലും നിങ്ങളെ ആരും അന്വേഷിക്കുന്നതും ഇല്ല, നിങ്ങളും ലോകക്കാരത്രെ. എന്റെ അവസ്ഥയോ, എൻ സാക്ഷ്യം നിമിത്തം ലോകം എന്നെ പകെച്ചു സങ്കടം പിണെപ്പാൻ നോക്കുന്നു. വേലയെ തികെച്ച ശേഷം ശത്രുകൈയിൽ അകപ്പെട്ടാലും ചിന്തയില്ല; തൽകാലമോ എന്റെ വേലയും സമയവും തികയായ്കകൊണ്ടു വെറുതെ അനൎത്ഥം സംഭവിപ്പാനുള്ള സ്ഥലത്തേക്കു* പോകുന്നതു ശരിയല്ലല്ലോ. ഇങ്ങിനെ തിട്ടമായി പറഞ്ഞെങ്കിലും കുറയനാൾ കഴിഞ്ഞാറെ താനും കൂടെ യാത്രയായതു ചാപല്യം ഉണ്ടായിട്ടല്ല. പിതാവു കാണിച്ചിട്ട് ഒഴികെ പുത്രൻ ഒന്നും ചെയ്യാതെ സകലത്തിലും പിതാവു നടത്തുംപ്രകാരമേ നടക്കുന്നുള്ളു എന്നുണ്ടല്ലോ (യോ. ൫, ൧൯). എന്നാൽ സഹോദരന്മാരോടു സംഭാഷണം ചെയ്യുമ്പൊഴെക്കു ഉത്സവയാത്രയെ ചൊല്ലി പിതാവു ഒന്നും അരുളിച്ചെയ്യായ്കകൊണ്ടു "ഞാൻ പോകയില്ല" എന്നു യേശു തീൎച്ചയായി പറഞ്ഞു. അതിൽ പിന്നെ "നീയും പെരുനാൾക്കു പോക, തൽക്ഷണം ഹാനി വരാത്തവണ്ണം ഞാൻ തുണ നില്ക്കുമല്ലോ" എന്നു പിതാവു ഉള്ളിൽ മന്ത്രിച്ചിട്ടു യേശുവും താമസിയാതെ പുറപ്പെട്ടു. എന്നാൽ പന്തിരുവരോട് ഒന്നിച്ചല്ല എന്നു തോന്നുന്നു, "രഹസ്യത്തിൽ എന്ന പോലെ" പക്ഷേ രണ്ടു മൂന്നു സ്നേഹിതരെ മാത്രം ചേൎത്തുകൊണ്ടും ഉത്സവസഞ്ചാരികൾ ചുരുങ്ങിയ സമയത്തും പ്രയാണം ചെയ്തു.

കൂടാരപ്പെരുനാൾ ആ ൨൯ ആമതിൽ ഒക്തോബർ ൧൨ തന്നെ തുടങ്ങി. അതു മരുഭൂമിയിലേ കടപ്പിനേയും അതിശയമായ നീരുറവുദാനത്തേയും ഓൎക്കേണ്ടതിന്നു സ്ഥാപിച്ചതു (൩ മോ. ൨൩, ൪൩). അതുകൊണ്ടു ൭ ദിവസം ഇലക്കുടിഞ്ഞിലിൽ പാൎക്കും, മുന്തിരിങ്ങാക്കൊയ്ത്തിൻ സന്തോഷം കൊണ്ടാടും, ഉഷസ്സുതോറും ഒർ ആചാൎയ്യൻ ശിലോഹയിൽനിന്നു വെള്ളം പൊൻപാത്ര

* അന്നേത്ത പ്രയാണശങ്കെക്കു മതിയായ കാരണം ഉണ്ടായി എന്നു ൭, ൧൩. ൩൦. ൩൨. ൪൪; ൮, ൫൯ മുതലായതിനാൽ തെളിയുന്നു.

ത്തിൽ കോരി കൊണ്ടുവന്നു വാദ്യഘോഷങ്ങളും ഹല്ലലൂയാഗാനവും മുഴങ്ങെ ബലിപീഠത്തിന്മേൽ ഒഴിക്കും. അതു സംവത്സരത്തിലേ മഴെക്കും ആത്മദാനത്തിന്നും (യശ. ൧൨, ൩) സ്തുതിക്കായിട്ടു തന്നെ. യഹോവ മരുഭൂമിയിൽ കൊടുത്ത വെളിച്ചത്തിന്നും ഒർ ഓൎമ്മെക്കായി പ്രാകാരത്തിൽ ൨ വലിയ പൊൻവിളക്കുതണ്ടും നിറുത്തി നഗരത്തിൽ എങ്ങും കാണ്മാൻ തക്കവണ്ണം ജ്വലിപ്പിച്ചു ചുററും നൃത്തം വെച്ചു ആനന്ദിക്കും.

---

§ 107.

Christ's sudden Appearance and public Teaching in the Temple.

ഉത്സവമദ്ധ്യത്തിങ്കൽ യേശു വന്നു ദേവാലയത്തിൽ ഉപദേശിച്ചതു.

JOHN VII.

11 Then the Jews sought him at the feast, and said, Where is he?

12 And there was much murmuring among the people concerning him: for some said, He is a good man: others said, Nay; but he deceiveth the people.

13 Howbeit no man spake openly of him for fear of the Jews.

14 Now about the midst of the feast Jesus went up into the temple, and taught.

15 And the Jews marvelled, saying, How knoweth this man letters, having never learned?

16 Jesus answered them, and said, My doctrine is not mine, but his that sent me.

17 If any man will do his will, he shall know of the doctrine, whether it be of God, or *whether* I speak of myself.

18 He that speaketh of himself seeketh his own glory: but he that seeketh his glory that sent him, the same is true, and no unrighteousness is in him.

19 Did not Moses give you the law, and *yet* none of you keepeth the law? Why go ye about to kill me?

20 The people answered and said, Thou hast a devil: who goeth about to kill thee?

21 Jesus answered and said unto them, I have done one work, and ye all marvel.

22 Moses therefore gave unto you circumcision; (not because it is of Moses, but of the fathers;) and ye on the sabbath day circumcise a man.

23 If a man on the sabbath day receive circumcision, that the law of Moses should not be broken; are ye angry at me, because I have made a man every whit whole on the sabbath day?

24 Judge not according to the appearance, but judge righteous judgment.

25 Then said some of them of Jerusalem, Is not this he, whom they seek to kill?

26 But, lo, he speaketh boldly, and they say nothing unto him. Do the rulers know indeed that this is the very Christ?

27 Howbeit we know this man whence he is: but when Christ cometh, no man knoweth whence he is.

28 Then cried Jesus in the temple as he taught, saying, Ye both know me, and ye know whence I am: and I am not come of myself, but he that sent me is true, whom ye know not.

29 But I know him: for I am from him, and he hath sent me.

30 Then they sought to take him: but no man laid hands on him, because his hour was not yet come.

31 And many of the people believed on him, and said, When Christ cometh, will he do more miracles than these which this *man* hath done?

32 The Pharisees heard that the people murmured such things concerning him; and the Pharisees and the chief priests sent officers to take him.

33 Then said Jesus unto them, Yet a little while am I with you, and *then* I go unto him that sent me.

34 Ye shall seek me, and shall not find *me*: and where I am, *thither* ye cannot come.

35 Then said the Jews among themselves, Whither will he go, that we shall not find him? will he go unto the dispersed among the Gentiles, and teach the Gentiles?

36 What *manner of* saying is this that he said, Ye shall seek me, and shall not find *me*: and where I am, *thither* ye cannot come?

37 In the last day, that great *day* of the feast, Jesus stood and cried, saying, If any man thirst, let him come unto me, and drink.

38 He that believeth on me, as the scripture hath said, out of his belly shall flow rivers of living water.

39 (But this spake he of the Spirit, which they that believe on him should receive: for the Holy Ghost was not yet *given;* because that Jesus was not yet glorified.)

40 Many of the people therefore, when they heard this saying, said, Of a truth this is the Prophet.

41 Others said, This is the Christ. But some said, Shall Christ come out of Galilee?

42 Hath not the scripture said, That Christ cometh of the seed of David, and out of the town of Bethlehem, where David was?

43 So there was a division among the people because of him.

John VII.

44 And some of them would have taken him; but no man laid hands on him.
45 Then came the officers to the chief priests and Pharisees; and they said unto them, Why have ye not brought him?
46 The officers answered, Never man spake like this man.
47 Then answered them the Pharisees, Are ye also deceived?
48 Have any of the rulers or of the Pharisees believed on him?
49 But this people who knoweth not the law are cursed.
50 Nicodemus saith unto them, (he that came to Jesus by night, being one of them,)
51 Doth our law judge *any* man, before it hear him, and know what he doeth?
52 They answered and said unto him, Art thou also of Galilee? Search, and look: for out of Galilee ariseth no prophet.
53 And every man went unto his own house.

എന്നാൽ ആ വൎഷത്തേ ഉത്സവസന്തോഷം വലിയതല്ല. സ്നേഹിതരും ശത്രുക്കളും യേശുവെ അന്വേഷിച്ചു കാണായ്കയാൽ പലതും വിചാരിച്ചു പറഞ്ഞു ഛിദ്രിച്ചു പോയി. ഉടനെ ഉത്സവത്തിന്റെ നാലാം ദിവസം യേശു ദേവാലയത്തിന്റെ പ്രാകാരത്തിൽ എഴുന്നീറ്റുപദേശിച്ചു തുടങ്ങി. അപ്പോൾ ഇവൻ റബ്ബികൾക്കു ശിഷ്യനല്ലാഞ്ഞിട്ടും വിദ്വാനായതു എങ്ങിനെ എന്നു ചോദിച്ചാറെ യേശു തന്റെ ഉപദേശം സ്വയങ്കൃതമല്ല അയച്ചവനിൽനിന്നു ആകുന്നു എന്നും, താന്താൻ അറിയുന്ന ദേവേഷ്ടത്തെ മാത്രം ചെയ്വാൻ മനസ്സുണ്ടെങ്കിൽ ൟ ഉപദേശത്തിന്റെ ദിവ്യത്വം ബോധിക്കും എന്നും, തനിക്കല്ല തന്നെ അയച്ചവന്റെ സാന്നിദ്ധ്യം മാത്രം അന്വേഷിക്കുന്നവൻ സാക്ഷാൽ സത്യവാൻ എന്നും പറകയാൽ ഹൃദയത്തിന്റെ ഏകാഗ്രനിൎമ്മലതയെ ഉപദേശശുദ്ധിക്കും ഉപദേശശുദ്ധിയെ ഗുരുസ്ഥാനത്തിന്നും ആധാരം ആക്കി, നിങ്ങളോ എങ്ങിനെ ഉള്ള വൈദികന്മാർ! വേദത്തിലേ ദേവേഷ്ടം അറിഞ്ഞിട്ടും എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നുവല്ലോ (യോ. ൭, ൧൯) എന്നുരെച്ചു.

എന്നാറെ നീ ഭ്രാന്തനായി, ആരും അങ്ങിനെ വിചാരിക്കുന്നില്ല എന്നു വിരോധികൾ പറഞ്ഞപ്പോൾ യേശു ബെത്ഥെസ്ദയിലേ ക്രിയെക്ക് ദോഷമില്ല എന്നു കാട്ടിയതിപ്രകാരം: ശബ്ബത്തിന്നു മേല്പെട്ടതല്ലോ അൎദ്ധചികിത്സയാകുന്ന ചേലാകൎമ്മം തന്നെ. ആകയാൽ അതിശയമുള്ള മുഴുചികിത്സയും ശബ്ബത്തിന്റെ ലംഘനമല്ല. അനന്തരം ചില നഗരക്കാർ "ഇവനെ പ്രമാണികൾ കൊല്ലുവാൻ ഭാവിച്ചുവല്ലോ, അവൎക്കു പക്ഷെ മനസ്സു ഭേദിച്ചു വന്നുവോ" എന്നു പറഞ്ഞാറേയും യേശുവിന്റെ ഉത്ഭവഹീനത നിമിത്തം മശീഹ അല്ല എന്നു വിധിച്ചു. ഗലീലയിൽനിന്നല്ല ബെത്ലഹേമിൽനിന്നു മശീഹ വരേണം എന്നു ചിലരും (൭, ൪൨), അവൻ അമ്മയച്ഛന്മാരില്ലാതെ ദേവദൂതനെ പോലെ ഇറങ്ങി വരും എന്നാൽ എലീയാ അവനെ അഭിഷേകം ചെയ്തു പ്രസിദ്ധനാക്കും എന്നു ചിലരും, അവൻ മേഘങ്ങളിൽ വരും എന്നു മററവരും പ്രമാണിച്ചു പോന്നു. തന്റെ സ്വഭാവത്തെ അറിയായ്കയാൽ ഉൽപത്തിയേയും അറിയുന്നില്ല എന്നു യേശു തിണ്ണം പറഞ്ഞപ്പോൾ ചിലർ ശഠിച്ചു അവനെ പിടിപ്പാൻ വിചാരിച്ചു എങ്കിലും അവന്റെ ദിവ്യസാന്നിദ്ധ്യം നിമിത്തം ധൈൎയ്യം വന്നില്ല.

മററ് അനേകർ അതിശയാധിക്യം വിചാരിച്ചു അവൻ പക്ഷെ മശീഹയായിരിക്കും എന്നു പറഞ്ഞപ്പോൾ പ്രാകാരത്തിൽ ഉള്ളൊരു കല്മറിയിൽ കൂടി വിചാരിക്കുന്ന സൻഹെദ്രീൻ എന്ന ന്യായാധിപതികൾ കലഹശങ്ക ഉള്ള പ്രകാരം നടിച്ചു അവനെ പിടിപ്പാൻ ആൾ അയച്ചു. ഇവൻ മശീഹ

എന്നു സമ്മതിച്ചാൽ പള്ളിഭ്രംശം ഉണ്ട്* എന്ന് അന്നു തന്നെ നിരൂപിച്ചു കല്പിച്ചു പരസ്യമാക്കീട്ടും ഉണ്ടു (൯, ൨൨). സേവകരെ കണ്ടാറെ യേശു അഭിപ്രായം അറിഞ്ഞു, ഇനി കുറയ കാലം നിങ്ങളോടു കൂട ഇരിക്കും, അതിന്റെ ശേഷം എന്നെ പിടിച്ചു കൂട്ടും, അന്നു പിടിച്ചാലും നിൎബ്ബന്ധത്താലല്ല താൻ പിതാവോടു ചേരുവാനുള്ള ആഗ്രഹത്താൽ തന്നെ സാധിക്കും, ഇങ്ങിനെ വിട്ടു പോയതിൽ പിന്നെ തന്നെ കാണുകയില്ല ഇനി പിടികൂടുകയും ഇല്ല (അന്നു മുതൽ യഹൂദർ മശീഹയുടെ വരവു നോക്കി നടന്നു ആശിച്ചുകൊണ്ടാലും അവനെ കാണ്മാൻ കഴിയാതെയും ഇരിക്കും), എന്നിങ്ങിനെ ഗൂഢമായ ചില വാക്കുകളെ പറഞ്ഞാറെ ശത്രുക്കൾ അൎത്ഥം നല്ലവണ്ണം ഗ്രഹിയാതെ പക്ഷെ യഹൂദർ ചിതറി പാൎക്കുന്ന പരദേശത്തു അവൻ ചെന്നുപദേശിക്കുമോ എന്നു പരിഹസിച്ചു പറഞ്ഞു. ഇതിലും അവർ അറിയാത്ത ഒർ അൎത്ഥം ഉണ്ടു: യേശുവിന്റെ ആത്മാവ് യഹൂദരെ വിട്ടു പുറജാതികളെ പഠിപ്പിപ്പാൻ പുറപ്പെട്ടുവല്ലോ.

ഉത്സവത്തിൻ എട്ടാം നാളിൽ ആ വെള്ളം കോരുന്ന മൎയ്യാദ (ഭാഗ. ൨൰൭) നടന്നുവോ ഇല്ലയോ എന്നു നിശ്ചയം ഇല്ല. ൭ ദിവസങ്ങളോളം ഇസ്രയേലിന്റെ പ്രയാണങ്ങളെ ഓൎത്തുകൊണ്ടതിൽ പിന്നെ വൃത്തമതിൽ കനാനിലേ പ്രവേശത്തേയും അനുഗ്രഹം പെരുകിയ വാസത്തേയും സ്മരിക്കുന്നതു പ്രമാണം. ഇസ്രയേൽ അല്ലോ ജാതികൾക്കുള്ള ജീവനീരിന്റെ ഉറവ് തന്നെ. വരണ്ട വംശത്തിന്റെ മേൽ ആത്മാവാകുന്ന വെള്ളത്തെ ഒഴിക്കും എന്നും (യശ. ൪൪, ൩), അവർ ചോലയും നിത്യ ഉറവും ആകും എന്നും (൫൮, ൧൧), ദൈവാലയത്തിൽനിന്നു സദോം താഴ്വരയോളം നനെച്ചൊഴുകുന്ന ഉറവു ജനിക്കും എന്നും (യോവെൽ ൩, ൧൮; ഹെസ. ൪൭), നിത്യം ഒഴുകുന്ന ജീവവെള്ളങ്ങൾ യരുശലേമിൽനിന്നു സൎവ്വലോകത്തിലേക്കും പുറപ്പെട്ടും എന്നും (ജക. ൧൪, ൮) ഉള്ള പ്രവാചകങ്ങളെ വിശേഷാൽ ഓൎക്കുകകൊണ്ടു ആ എട്ടാം നാൾ മഹാദിനം എന്നു പ്രസിദ്ധം. അന്നു യേശു ഇരുന്നല്ല നിന്നുകൊണ്ടു വിളിച്ചു പറഞ്ഞിതു: ഒരുത്തനു ദാഹിക്കുന്നെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ എന്നാൽ വിശ്വാസം ജനിച്ചിട്ടു ദാഹം തീരും എന്നു വേണ്ടാ, വാഗ്ദത്തപ്രകാരമുള്ള ജീവനീരുറവ് അവനിൽ ഒഴുകി തുടങ്ങും. ദേവാലയമലയിൽനിന്നു എന്നു വായിച്ചു കേൾക്കുന്നതു പോലെ അവനവന്റെ വയററിൽനിന്നു ജീവപ്രദമായ നദികൾ പുറപ്പെട്ടും. എന്നുള്ളതിനാൽ ആത്മജീവൻ ശിഷ്യന്മാരിൽ ദാഹം തീൎപ്പാൻ അന്ന് ആരംഭിച്ചത് എങ്കിലും അതുറവായി മററവരിലും വരേണ്ടതിന്നു മശീഹാമരണത്താലും പുനരുത്ഥാനത്താലും മാത്രം സംഗതി വരും എന്നുദ്ദേശിച്ചു പറഞ്ഞു.

ഇവ്വണ്ണം ഓരോന്നു കേട്ടാറെ ചിലർ ഇവൻ ദേവാഭിപ്രായം അറിയുന്ന പ്രവാചകൻ (൧, ൨൧) എന്നും, അതിനെ നിവൃത്തിക്കയും ചെയ്യുന്ന മശീഹ എന്നും ഊഹിച്ചു. ഗലീലോത്ഭവം നിമിത്തം മററുള്ളവൎക്ക് ഇടച്ചു തോന്നി. സേവകർ യേശുവെ പിടിക്കാത്തതിന്റെ കാരണം ഇവനെ പോലെ ഒരു മനു

* അടി കൂടിയ (അപോ. ൫, ൪൰) ഒരു മാസത്തേ പള്ളിഭ്രംശം തുടങ്ങി നിത്യമായ ഇസ്രയേൽസഭാഭ്രഷ്ട് വരേയും വൎദ്ധിക്കുന്ന പല ശാപശിക്ഷകളും യഹൂദരിൽ ഉണ്ടു.

ഷ്യനും ഒരുനാളും സംസാരിച്ചില്ല എന്നു പറഞ്ഞപ്പോൾ സൻഹെദ്രിനിലെ പറീശന്മാർ ചൊടിച്ചു, പ്രമാണികൾ ആരാനും അവനിൽ വിശ്വസിക്കുന്നുവോ? അല്ല വേദം അറിയാത്ത മൂഢന്മാർ അത്രെ, അവർ ശാപഗ്രസ്തർ* എന്നു കേട്ടാറെ നിക്കോദേമൻ യേശുവിൽ വിശ്വസിക്കുന്നു എന്നു പറയാതെ ധൎമ്മപ്രകാരം ന്യായവിസ്താരം വേണ്ടേ (൫ മോ. ൧൯, ൧൫) എന്നു ബുദ്ധി പറഞ്ഞു. അവരോ ഇത്തിരി വിരോധം സഹിയാഞ്ഞു, എലീയാ യോനാ (നാഹും ഹൊശയ) എന്നവരുടെ ജനനത്തെ കോപമൂലം മറന്നോ മറച്ചോ, നീയും ഗലീലക്കാരനോ? ഗലീലയിൽനിന്നു പ്രവാചകൻ സാക്ഷാൽ ഉദിക്കുന്നില്ല എന്നു പറഞ്ഞു.

---

§ 108.

THE WOMAN TAKEN IN ADULTERY.

വ്യഭിചാരിണിക്കുള്ള വിധി.

JOHN VIII.

1 Jesus went unto the mount of Olives.

2 And early in the morning he came again into the temple, and all the people came unto him; and he sat down, and taught them.

3 And the scribes and Pharisees brought unto him a woman taken in adultery: and when they had set her in the midst,

4 They say unto him, Master, this woman was taken in adultery, in the very act.

5 Now Moses in the law commanded us, that such should be stoned: but what sayest thou?

6 This they said, tempting him, that they might have to accuse him. But Jesus stooped down, and with *his* finger wrote on the ground, *as though he heard them not.*

7 So when they continued asking him, he lifted up himself, and said unto them, He that is without sin among you, let him first cast a stone at her.

8 And again he stooped down, and wrote on the ground.

9 And they which heard *it*, being convicted by *their own* conscience, went out one by one, beginning at the eldest, *even* unto the last: and Jesus was left alone, and the woman standing in the midst.

10 When Jesus had lifted up himself, and saw none but the woman, he said unto her, Woman, where are those thine accusers? hath no man condemned thee?

11 She said, No man, Lord. And Jesus said unto her, Neither do I condemn thee: go, and sin no more.

ബലാൽക്കാരേണ പിടിപ്പാൻ കഴിയാഞ്ഞപ്പോൾ ഉപായേന യേശുവെ വാക്കിൽ കുടുക്കേണ്ടതിന്നു പറീശർ വൈദികരോടു കൂടി നിരൂപിച്ചിതു: നാം ആരെയും കൊല്ലരുത് എന്നു രോമകല്പന ഉണ്ടല്ലോ. വ്യഭിചാരിണിയെ കൊല്ലുവാൻ മോശെ കല്പിച്ചു (൩ മോശ. ൨൦, ൧൦). ഈ വകയിൽ കൈസരോ ദേവാജ്ഞയോ ഏതു പ്രമാണം എന്നിങ്ങിനെ പരീക്ഷിക്കേണ്ടതിന്നു ഒരു വ്യഭിചാരിണിയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവൻ ചോദ്യം കേട്ട ഉടനെ കുനിഞ്ഞു വിരൽകൊണ്ടു നിലത്തിൽ എഴുതി (വാക്ക് എഴുതിയോ എന്നറിയുന്നില്ല, വെറുതെ കുനിഞ്ഞു എഴുതി എന്നു തോന്നുന്നു). അവർ പിന്നേയും ചോദിച്ചാറെ പാപം ഇല്ലാത്തവൻ അവളിൽ ഒന്നാമത്തേ കല്ല് എറിക എന്നു ചൊല്ലി അവൾക്കു മരണഭയവും പരീക്ഷകൎക്ക് പാപബോധവും നാണവും മുഴുത്തുവരുവോളം പിന്നേയും കുനിഞ്ഞെഴുതി. തീൎപ്പിന്റെ സൂക്ഷ്മമോ: വെറും ധൎമ്മപ്രകാരം വിസ്തരിച്ചാൽ കല്ലെറിക എന്ന ശിക്ഷെക്കു അവൾ പാത്രം എന്ന് ഒരു വിധേന സമ്മതിച്ചെങ്കിലും, ഇങ്ങിനെ

* പഠിക്കാത്തവന്നു ദേവഭക്തി ഇല്ല ജീവിച്ചെഴുനീല്പും ഇല്ല എന്നതു റബ്ബിമാരുടെ ഡംഭവാചകം.

വെറും ധൎമ്മം നടത്തുവാൻ ധൎമ്മലംഘികളായ നിങ്ങൾക്കു അശേഷം പറ്റുന്നതല്ല എന്നു ഖണ്ഡിതമായി ശാസിച്ചു. എന്നാൽ ഈ നിയമപ്രകാരമേ ന്യായം വിധിപ്പാൻ പാടുള്ളു എന്നു വരികിൽ ദുഷ്ടരെ ശിക്ഷിപ്പാൻ തക്കവണ്ണം പാപം ഇല്ലാത്തവൻ ആരുപോൽ എന്നു ചോദിച്ചാൽ ദേവനിയോഗത്താൽ വാൾ വഹിച്ചിരിക്കുന്ന അധികാരസ്ഥന്മാരുടെ കാൎയ്യത്തെ അല്ല (രോമ. ൧൩, ൪), അധികാരം ഏതും ഇല്ലാഞ്ഞിട്ടു തൽക്ഷണം അപരാധികളെ പിടിച്ചു ശിക്ഷിപ്പാൻ അത്യുത്സാഹം കാട്ടുന്നവരുടെ അവസ്ഥയെ മാത്രം യേശു നോക്കി വിധിച്ചതു എന്നു് ഓൎക്കേണ്ടു. വാദികളും സാക്ഷിക്കാരും ക്രമത്താലെ വിട്ടുപോയപ്പോൾ സ്ത്രീ മാത്രം ശേഷിച്ചുനിന്നു, യേശുവും ന്യായം വിധിപ്പാൻ മനസ്സില്ലാതെ അനുതാപത്തിന്നായി വിളിച്ചു വിട്ടയക്കയും ചെയ്തു.

---

§ 109.

Christ the Light of the World. Discourses and Debates.

ക്രിസ്തൻ ലോകവെളിച്ചം എന്നും മറ്റുമുള്ള സംഭാഷണാതൎക്കങ്ങൾ.

JOHN VIII.

12 Then spake Jesus again unto them, saying, I am the light of the world: he that followeth me shall not walk in darkness, but shall have the light of life.

13 The Pharisees therefore said unto him, Thou bearest record of thyself; thy record is not true.

14 Jesus answered and said unto them, Though I bear record of myself, *yet* my record is true: for I know whence I came, and whither I go; but ye cannot tell whence I come, and whither I go.

15 Ye judge after the flesh; I judge no man.

16 And yet if I judge, my judgment is true: for I am not alone, but I and the Father that sent me.

17 It is also written in your law, that the testimony of two men is true.

18 I am one that bear witness of myself, and the Father that sent me beareth witness of me.

19 Then said they unto him, Where is thy Father? Jesus answered, Ye neither know me, nor my Father: if ye had known me, ye should have known my Father also.

20 These words spake Jesus in the treasury, as he taught in the temple: and no man laid hands on him; for his hour was not yet come.

21 Then said Jesus again unto them, I go my way, and ye shall seek me, and shall die in your sins: whither I go, ye cannot come.

22 Then said the Jews, Will he kill himself? because he saith, Whither I go, ye cannot come.

23 And he said unto them, Ye are from beneath; I am from above: ye are of this world; I am not of this world.

24 I said therefore unto you, that ye shall die in your sins: for if ye believe not that I am *he*, ye shall die in your sins.

25 Then said they unto him, Who art thou? And Jesus saith unto them, Even *the same* that I said unto you from the beginning.

26 I have many things to say and to judge of you: but he that sent me is true; and I speak to the world those things which I have heard of him.

27 They understood not that he spake to them of the Father.

28 Then said Jesus unto them, when ye have lifted up the Son of man, then shall ye know that I am *he*, and *that* I do nothing of myself; but as my Father hath taught me, I speak these things.

29 And he that sent me is with me: the Father hath not left me alone; for I do always those things that please him.

30 As he spake these words, many believed on him.

31 Then said Jesus to those Jews which believed on him, If ye continue in my word, *then* are ye my disciples indeed;

32 And ye shall know the truth, and the truth shall make you free.

33 They answered him, We be Abraham's seed, and were never in bondage to any man: how sayest thou, Ye shall be made free?

34 Jesus answered them, Verily, verily, I say unto you, Whosoever committeth sin is the servant of sin.

35 And the servant abideth not in the house for ever: *but* the Son abideth ever.

36 If the Son therefore shall make you free, ye shall be free indeed.

37 I know that ye are Abraham's seed; but ye seek to kill me, because my word hath no place in you.

38 I speak that which I have seen with my

John VIII.

Father: and ye do that which ye have seen with your father.

39 They answered and said unto him, Abraham is our father. Jesus saith unto them, If ye were Abraham's children, ye would do the works of Abraham.

40 But now ye seek to kill me, a man that hath told you the truth, which I have heard of God: this did not Abraham.

41 Ye do the deeds of your father. Then said they to him, We be not born of fornication; we have one Father, *even* God.

42 Jesus said unto them, If God were your Father, you would love me: for I proceeded forth and came from God; neither come I of myself, but he sent me.

43 Why do ye not understand my speech? *even* because ye cannot hear my word.

44 Ye are of *your* father the devil, and the lusts of your father ye will do. He was a murderer from the beginning, and abode not in the truth, because there is no truth in him. When he speaketh a lie, he speaketh of his own: for he is a liar, and the father of it.

45 And because I tell *you* the truth, ye believe me not.

46 Which of you convinceth me of sin? And if I say truth, why do ye not believe me?

47 He that is of God heareth God's words: ye therefore hear *them* not because ye are not of God.

48 Then answered the Jews, and said unto him, Say we not well that thou art a Samaritan, and hast a devil?

49 Jesus answered, I have not a devil; but I honour my Father, and ye do dishonour me.

50 And I seek not mine own glory: there is one that seeketh and judgeth.

51 Verily, verily, I say unto you, If a man keep my saying, he shall never see death.

52 Then said the Jews unto him, Now we know that thou hast a devil. Abraham is dead, and the prophets; and thou sayest, If a man keep my saying, he shall never taste of death.

53 Art thou greater than our father Abraham, which is dead? and the prophets are dead: whom makest thou thyself?

54 Jesus answered, If I honour myself, my honour is nothing: it is my Father that honoureth me; of whom ye say, that he is your God:

55 Yet ye have not known him; but I know him: and if I should say, I know him not, I shall be a liar like unto you: but I know him, and keep his saying.

56 Your father Abraham rejoiced to see my day: and he saw *it*, and was glad.

57 Then said the Jews unto him, Thou art not yet fifty years old, and hast thou seen Abraham.

58 Jesus said unto them, Verily, verily, I say unto you, Before Abraham was, I am.

59 Then took they up stones to cast at him: but Jesus hid himself, and went out of the temple, going through the midst of them, and so passed by.

അതിന്റെ ശേഷം യേശു സ്ത്രീപ്രാകാരത്തിൽ കാഹളമുഖമായ്തീൎത്ത ഭണ്ഡാരപ്പെട്ടികൾ ഉള്ള സ്ഥലത്തു നിന്നുകൊണ്ടു (൮, ൨൦) അതിൽ കത്തിപ്പോയ വിളക്കതണ്ടുകളെ ഉദ്ദേശിച്ചു* പറഞ്ഞത്: ഞാൻ ലോകത്തിന്റെ വെളിച്ചം, എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവപ്രകാശത്തെ പ്രാപിക്കും. ഇത്യാദി (യശ. ൪൨, ൬; ൪൯, ൬ *ff.*) കേട്ടപ്പോൾ പറീശന്മാർ ആത്മപ്രശംസ നിമിത്തം ആക്ഷേപിച്ചു. യേശു തന്റെ സ്ഥാനത്തെ കുറിച്ചു താൻ പ്രശംസിച്ചാൽ പ്രമാണിപ്പാൻ പോരാ എന്നു മുമ്പെ കല്പിച്ചിട്ടും (൫, ൩൧), തന്റെ ആത്മബോധത്തെ കുറിച്ചു താൻ പറയുന്ന സാക്ഷ്യം സത്യം എന്നു തൎക്കിച്ചു. താൻ അച്ഛനിൽനിന്നു പുറപ്പെട്ടു വന്നതും, ആത്മബലി വഴിയായി അച്ഛങ്കലേക്ക് മടങ്ങി ചെല്ലുന്നതും പൂൎണ്ണമായി അറിയുന്നവനാകയാൽ തന്റെ സാക്ഷ്യത്തിന്നു ഒരു കുറവും ഇല്ല. പറീശന്മാർ ഒരുത്തന്റെ ഉത്ഭവം റബ്ബിസ്ഥാനം മുതലായതു ശങ്ക കൂടാതെ ജഡപ്രകാരം നിദാനിക്കുന്നു (൭, ൨൮); താൻ (൫, ൨൨) മനസ്സോടെ ആരേയും നിദാനിച്ചു വിധിക്കുന്നില്ല. അച്ഛനോടു ഒന്നിച്ചു വിധിക്കുമ്പോഴോ സത്യപ്രകാരം തീൎച്ച പറയും. പാപികൾ ൨ ആൾ സാക്ഷിക്ക മതി എന്നു വന്നാൽ (൫ മോ. ൧൭, ൬) ഈ ഒരു ശുദ്ധൻ വചനംകൊണ്ടും പിതാവ് അതിശയങ്ങളെ കൊണ്ടും ഉറപ്പിക്ക

* വിളക്കതണ്ടുകളെ നോക്കിയതല്ലാതെ മരുഭൂമിയിൽ പണ്ടു ഇസ്രയേൽപാളയത്തെ പ്രകാശിപ്പിച്ചു പോന്ന അഗ്നിത്തൂണിനെ പ്രത്യേകം ഓൎത്തിട്ടുണ്ടായിരിക്കും. ആരും തെററി കൂടാത്തവണ്ണം അന്നു ദിവ്യസന്നിധാനത്തിൻ ലക്ഷണമാകുന്ന അഗ്നിത്തൂൺ ജനത്തിൻ മുമ്പിൽ നടന്നു വഴികാട്ടിയതു പോലെ യേശുവെ പിന്തുടരുന്നവർ ഇരിട്ടിൽ അകപ്പെടാതെ ജീവവെളിച്ചമുള്ളവരായിരിക്കും എന്നത്രെ.

ന്ന സാക്ഷ്യം മതിയല്ലോ എന്നു കേട്ടാറെ ശത്രുക്കൾ പരിഹസിച്ചു അച്ഛനെ കാണേണം എന്നു ചോദിച്ചതിന്നു നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ പിതാവേയും അറിയുമായിരുന്നു (ഞാൻ അവന്റെ പ്രതിബിംബം അത്രെ), ഇപ്പോൾ എന്നേയും അവനേയും അറിയുന്നില്ല എന്നു കല്പിച്ചു. ഇങ്ങിനെ മൂന്നാം വട്ടം (൭, ൩൦. ൪൪; ൮, ൨൦) അവനെ ആരും പിടിച്ചതും ഇല്ല.

ഉത്സവം തീൎന്നിട്ടു പലരും യാത്രയാകുമ്പോൾ യേശുവും പോകുന്ന ഭാവം കാട്ടി, യഹൂദർ ആപൽകാലത്ത് മശീഹയെ അന്വേഷിക്കും എങ്കിലും അവനെ കാണാതെ സ്വപാപങ്ങളിൽ നശിക്കും, തന്റെ മരണത്തിൽ തന്നെ അനുഗമിപ്പാൻ കഴികയും ഇല്ല എന്നു വിഷാദിച്ചു പറഞ്ഞപ്പോൾ പരിഹാസക്കാർ അവൻ പക്ഷെ തന്നെത്താൻ കൊല്ലും, എന്നാൽ ശ്യോലിന്റെ ഏററവും ഇരിട്ടുള്ളേടം പ്രാപിക്കും, അവിടെ നാം ആരും അവനോടു എത്തുകയും ഇല്ല എന്നു സൂചിപ്പിച്ചു. അതിന്നു യേശുവിന്റെ ഉത്തരം: നൈരാശ്യവും ആത്മഹത്ത്യയും ചേരുന്ന അധോലോകം നിങ്ങളുടെ സ്ഥാനം; നിങ്ങൾ ഇഹലോകക്കാരല്ലോ. ഞാൻ രണ്ടിന്നും മേല്പെട്ട ഉപരിലോകത്തിൽനിന്നുള്ളവൻ. ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ സ്വപാപങ്ങളിൽ മരിക്കും. എന്നു കേട്ടു ചിലർ ലൌകികമായ മശീഹാഗ്രഹത്തോടെ നീ ആർ എന്നു ചോദിച്ചപ്പോൾ യേശു പറഞ്ഞിതു: കേവലം (ലോകവെളിച്ചം എന്നും മററും) പറയുന്നതു തന്നെ. അധികം പറവാനുള്ളതു നിങ്ങളുടെ കുറവു നിമിത്തം വെളിപ്പെടുത്തുവാൻ സമയം ഇല്ല. എന്നെ നിയോഗിച്ചവൻ കേൾപ്പിക്കുന്നതെ ഞാൻ ലോകത്തോടു പറകേ ഉള്ളു. എന്നതും അവൎക്കു ബോധിക്കാത്തതിൽ പിന്നെ മനുഷ്യപുത്രനെ നിങ്ങൾ (ക്രൂശിന്മേൽ) ഉയൎത്തിയതിന്റെ ശേഷം അത്രെ ഞാൻ ഇന്നവൻ എന്നു ക്രമത്താലെ ബോധിക്കും; ഇപ്പോൾ ബോധം വരുത്തുവാൻ കഴികയില്ല. ഞാനായിട്ടു ഒന്നും ചെയ്യുന്നില്ല. പറയുന്നതും ചെയ്യുന്നതും അച്ഛന്റെ ഹിതംപോലെ അത്രെ ആകയാൽ അവൻ എന്നെ ഏകനായി വിട്ടതും ഇല്ല എന്നു കല്പിച്ചപ്പോൾ പലരും ഒരു പ്രകാരത്തിൽ വിശ്വസിച്ചു തുടങ്ങി. നാം തന്നെ മുതിൎന്നു അവനെ (സിംഹാസനത്തിൽ ഇരുത്തി) ഉയൎത്തുവാൻ ഒരുങ്ങിയാൽ അധികം സ്പഷ്ടമായി മശീഹ എന്നു കാട്ടും, അപ്പോൾ സ്വൎഗ്ഗീയ തുണ വിളങ്ങുമാറാകും എന്നുള്ളതു യേശുവിന്റെ അഭിപ്രായം എന്ന് അവർ നിരൂപിച്ചു, പ്രമാണികളുടെ പരസ്യം കൂട്ടാക്കാതെ യേശുവെ ആശ്രയിച്ചു തുടങ്ങി.

ഇപ്രകാരം വിശ്വസിച്ചവരുടെ ഉള്ളു യേശു അറിഞ്ഞു, എന്റെ വചനത്തിൽ നിലനിന്നുകൊണ്ടാൽ നിങ്ങൾ എന്റെ ശിഷ്യരായ്ചമഞ്ഞു സത്യത്തെ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നരുളിച്ചെയ്കയാൽ അവർ വ്യസനപ്പെട്ടു, അബ്രഹാംബീജത്തിൽനിന്നുള്ള തോല്പണിക്കാരനും രാജാക്കന്മാൎക്ക് സമനാകുന്നു എന്ന റബ്ബിവാക്കിന്നു തക്കവണ്ണം ജനനത്താൽ ഭൂദേവന്മാരായ്തീൎന്നപ്രകാരം ഗൎവ്വിച്ചു തുടങ്ങി. യേശുവോ പാപം ചെയ്യുന്നവൻ എല്ലാം പാപദാസൻ ആകയാൽ നിങ്ങളും പുത്രൻ സ്വാതന്ത്ര്യം വരുത്താഞ്ഞാൽ ദേവഭവനത്തിലേ ദാസന്മാരത്രെ. അടിയാരെ വല്ലപ്പോഴും പുറത്താക്കുവാനും സംഗതി ഉണ്ടു; മക്കളേ നിത്യം പാൎക്കും. നിങ്ങൾ അബ്രഹാമ്യർ എങ്കിലും

എന്റെ വചനം നിങ്ങളിൽ ചെല്ലായ്കയാൽ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു; അതുകൊണ്ടു വേറെ അച്ഛൻ ഉണ്ടു. അബ്രഹാം ദേവസ്നേഹിതൻ ആകയാൽ അവന്റെ മക്കൾക്കും ദേവമകന്നും തമ്മിൽ മമത വേണ്ടിയതല്ലോ. നിങ്ങൾക്കോ മനുഷ്യനെ കൊല്ലുക, സത്യവാക്കു നിമിത്തം കൊല്ലുക, ദേവവായിൽനിന്നുള്ള പരമസത്യം നിമിത്തം കൊല്ലുക, ഇങ്ങിനെ ൩ ദുരാഗ്രഹങ്ങൾ ഉള്ളത് അബ്രഹാമ്യഭാവത്തോട് എത്രയും വിപരീതം. എന്ന് അവർ കേട്ടാറെ അബ്രഹാം ഒഴികെ ദൈവം മാത്രം ജനകൻ എന്നു ചൊല്ലിയപ്പോൾ യേശു ഉത്തരം പറഞ്ഞിതു: ദൈവം നിങ്ങളുടെ ജനകൻ എന്നു വരികിൽ നിങ്ങൾ പണ്ടു തന്നെ എന്നെ സ്നേഹിക്കുമായിരുന്നു. ഞാൻ സ്വമേധയാൽ പുറപ്പെടാതെ അച്ഛൻ അയക്കയാൽ അത്രെ വന്നതു. എന്റെ വചനത്തെ കേൾ്പാൻ കഴിയായ്കയാൽ എന്റെ കൂറ്റും നിങ്ങൾക്ക് ബോധിക്കുന്നില്ല. കള്ളത്തിന്റെ അച്ഛനും ആദിമുതൽ ആളക്കൊല്ലിയും ആയവൻ തന്നെ നിങ്ങളുടെ അച്ഛൻ. അവന്റെ ഈ ൨ ഭാവങ്ങളിൽ നിങ്ങൾ രസിക്കുന്നു, ഞാൻ സത്യം പറകയാൽ തന്നെ എന്നെ വിശ്വസിക്കുന്നതും ഇല്ല. ഞാൻ ഒന്നിങ്കലും പിഴെച്ച പ്രകാരം നിങ്ങൾക്ക് കാട്ടുവാൻ കഴികയില്ല എങ്കിലും നിങ്ങൾ എന്റെ സത്യത്തെ പ്രമാണിക്കാത്തത് ദേവജാതിയല്ലാത്തവർ ആകയാൽ വന്നതു.

അതിന്നു അവർ കോപിച്ചു, ജാതിസങ്കരം ഞങ്ങളിൽ അല്ല നിന്നിൽ ഉണ്ടു, നീ ശമൎയ്യൻ, നീ പിശാചുള്ളവൻ എന്നു നാണം കെടുത്തപ്പോൾ ഞാൻ പിതാവെ ബഹുമാനിക്ക അത്രെ ചെയ്യുന്നു, എന്റെ മാനത്തെ ഞാനല്ല അവൻ തന്നെ അന്വേഷിക്കുന്നു; അവന്റെ ന്യായവിധിയിൽനിന്നു തെറ്റുവാൻ ഏകവഴിയായ്തു എന്റെ വചനം കാത്തുകൊൾക എന്നുള്ളതത്രെ എന്നു പറകയാൽ അബ്രഹാമെക്കാളും തന്നെ വലിയവൻ ആക്കുന്നതു നിമിത്തം ദ്വേഷ്യം അധികം തോന്നിയപ്പോൾ യേശു മാനരക്ഷെക്കായിട്ടല്ല സത്യരക്ഷെക്കായി പറഞ്ഞിതു: അബ്രഹാം (പണ്ടു ഭൂമിയിൽ വെച്ചു) വാഗ്ദത്തം കേട്ട് ആനന്ദിച്ചതല്ലാതെ (ഇപ്പോൾ പരത്തിൽനിന്നു) എന്റെ വരവുദിവസത്തെ കണ്ടു സന്തോഷിച്ചു എന്നും, അബ്രഹാം ഉണ്ടായതിന്നു മുമ്പെ ഞാൻ ഉണ്ട് എന്നും അരുളിച്ചെയ്തു ഉടനെ കല്ലെറിവാൻ ഭാവിക്കുന്നവരുടെ കൂട്ടത്തിൽ കൂടി കടന്നു ദേവാലയത്തിൽനിന്നു പുറപ്പെടുകയും ചെയ്തു.

---

§ 110.

A MAN BORN BLIND HEALED ON THE SABBATH.

പിറവിക്കുരുടന്നു കാഴ്ചവന്നതിനാൽ ഉണ്ടായ വിവാദങ്ങൾ.

JOHN IX.

1 And as *Jesus* passed by, he saw a man which was blind from *his* birth.

2 And his disciples asked him, saying, Master, who did sin, this man, or his parents, that he was born blind?

3 Jesus answered, Neither hath this man sinned, nor his parents: but that the works of God should be made manifest in him.

4 I must work the works of him that sent me, while it is day: the night cometh, when no man can work.

5 As long as I am in the world, I am the light of the world.

6 When he had thus spoken, he spat on the ground, and made clay of the spittle, and he anointed the eyes of the blind man with the clay,

7 And said unto him, Go, wash in the pool

John IX.

of Siloam, (which is by interpretation, Sent.) He went his way therefore, and washed, and came seeing.

8 The neighbours therefore, and they which before had seen him that he was blind, said, Is not this he that sat and begged?

9 Some said, This is he: others *said*, He is like him: *but* he said, I am *he*.

10 Therefore said they unto him, How were thine eyes opened?

11 He answered and said, A man that is called Jesus made clay, and anointed mine eyes, and said unto me, Go to the pool of Siloam, and wash: and I went and washed, and I received sight.

12 Then said they unto him, Where is he? He said, I know not.

13 They brought to the Pharisees him that aforetime was blind.

14 And it was the sabbath day when Jesus made the clay, and opened his eyes.

15 Then again the Pharisees also asked him how he had received his sight. He said unto them, He put clay upon mine eyes, and I washed, and do see.

16 Therefore said some of the Pharisees, This man is not of God, because he keepeth not the sabbath day. Others said, How can a man that is a sinner do such miracles? And there was a division among them.

17 They say unto the blind man again, What sayest thou of him, that he hath opened thine eyes? He said, He is a prophet.

18 But the Jews did not believe concerning him, that he had been blind, and received his sight, until they called the parents of him that had received his sight.

19 And they asked them, saying, Is this your son, who ye say was born blind? how then doth he now see?

20 His parents answered them and said, We know that this is our son, and that he was born blind:

21 But by what means he now seeth, we know not; or who hath opened his eyes, we know not; he is of age; ask him: he shall speak for himself.

22 These *words* spake his parents, because they feared the Jews: for the Jews had agreed already, that if any man did confess that he was Christ, he should be put out of the synagogue.

23 Therefore said his parents, He is of age; ask him.

24 Then again called they the man that was blind, and said unto him, Give God the praise: we know that this man is a sinner.

25 He answered and said, Whether he be a sinner *or no*, I know not: one thing I know, that, whereas I was blind, now I see.

26 Then said they to him again, What did he to thee? how opened he thine eyes?

27 He answered them, I have told you already, and ye did not hear: wherefore would ye hear *it* again? will ye also be his disciples?

28 Then they reviled him, and said, Thou art his disciple; but we are Moses' disciples.

29 We know that God spake unto Moses: *as for* this *fellow*, we know not from whence he is.

30 The man answered and said unto them, Why herein is a marvellous thing, that ye know not from whence he is, and *yet* he hath opened mine eyes.

31 Now we know that God heareth not sinners: but if any man be a worshipper of God, and doeth his will, him he heareth.

32 Since the world began was it not heard that any man opened the eyes of one that was born blind.

33 If this man were not of God, he could do nothing.

34 They answered and said unto him, Thou wast altogether born in sins, and dost thou teach us? And they cast him out.

35 Jesus heard that they had cast him out; and when he had found him, he said unto him, Dost thou believe on the Son of God?

36 He answered and said, Who is he, Lord, that I might believe on him?

37 And Jesus said unto him, Thou hast both seen him, and it is he that talketh with thee.

38 And he said, Lord, I believe. And he worshipped him.

39 And Jesus said, For judgment I am come into this world, that they which see not might see; and that they which see might be made blind.

40 And *some* of the Pharisees which were with him heard these words, and said unto him, Are we blind also?

41 Jesus said unto them, If ye were blind, ye should have no sin: but now ye say, We see; therefore your sin remaineth.

അന്നു ശബ്ബത്തു തന്നെ. അത് ആ ഉത്സവത്തിലേ ൨൭ാം നാൾ ഒക്തോബർ (വ്യാഴാഴ്ച) അല്ലെങ്കിൽ ൨൯ാം തിയ്യതി (ശനി). ദേവാലയസമീപത്തു തന്നെ കടക്കുമ്പോൾ പിറവിക്കുരുടനെ കണ്ടു ഉടനെ ശിഷ്യരുടെ ബദ്ധപ്പാടു കൂട്ടാക്കാതെ നിന്നു, ഈ ആന്ധ്യത്തിന്നു പിതൃദോഷവും അല്ല മുജ്ജന്മവാസനയുമല്ല കാരണം, ദേവമഹത്വം വിളങ്ങുവാൻ ഇവൻ കുരുടനായി ജനിച്ചു; അതു വിളങ്ങിപ്പാൻ ഞാൻ വന്നതു; എന്റെ ആയുസ്സാകുന്ന പകൽ തീൎന്നിട്ടുമില്ല, ഞാൻ ഉള്ളേടം ലോകത്തിൽ വെളിച്ചത്തിൻ ഉറവായി കാട്ടേണ്ടത് എന്നു ചൊല്ലി, തന്റെ ഉമിനീർകൊണ്ടും തന്റെ ജീവനീക്ക് അടയാളമായ ശിലോഹക്കുളത്തിലേ വെള്ളംകൊണ്ടും കാഴ്ചവരുമാറാക്കി.

അതിന്നിമിത്തം അന്നോ പിറെറന്നാളോ വിസ്താരം ഉണ്ടായപ്പോൾ ന്യായാധിപതികൾ യേശുവെ ചൊല്ലി തങ്ങളിലും ഇടഞ്ഞു പോയി. ആയാളുടെ അമ്മയപ്പന്മാരെ വിളിച്ചു വിസ്തരിച്ചതിനാലും വസ്തുതെക്ക് ഇളക്കം വരുത്തുവാൻ സംഗതി വന്നില്ല, കുരുടൻ താൻ പരമാൎത്ഥത്തെ മാററി പറവാൻ അനുസരിച്ചതും ഇല്ല. വാദത്താൽ ശക്തി മുഴുത്തപ്പോൾ ഇതു ചെയ്തവൻ സാക്ഷാൽ ദേവപ്രവാചകൻ എന്നു സ്ഥിരമായി ചൊല്ലിയ ഉടനെ "നീ ശരീരത്തിലും ആത്മാവിലും അന്ധനായി ജനിച്ചു" എന്നു ദൂഷണത്തോടെ അവനെ ന്യായസ്ഥലത്തിൽനിന്നു നീക്കി പള്ളിയിൽനിന്നു പിഴുക്കുകയും ചെയ്തു. ഇവ്വണ്ണം ഗഭിച്ച വിശ്വാസം നിമിത്തം ഹിംസയനുഭവിച്ചവനെ യേശു തിരഞ്ഞു, തന്നെ ദേവപുത്രൻ എന്നു ക്ഷണത്തിൽ ബോധം വരുത്തി ആത്മകണ്ണിനെ തുറന്നു കൊടുക്കുകയും ചെയ്തു. ഇങ്ങിനെ അകമ്പുറം പ്രകാശിതനായി വന്നിട്ടു വിശ്വാസപൂൎവ്വമായി രക്ഷിതാവെ കുമ്പിടുന്ന ആ സാധുവിനേയും വെളിച്ചവൈരികളായ ലോകമഹത്തുകളേയും നോക്കികൊണ്ടു യേശു ആനന്ദവ്യസനങ്ങൾ ഇടകലൎന്ന മനോവികാരങ്ങൾ പൂണ്ടു, കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടരാവാനും എന്നീ ന്യായവിധിക്കായി ഞാൻ ഇഹത്തിൽ വന്നു എന്നു് അരുളിച്ചെയ്തു. അതിൻെറ ഭാവമോ: ക്രിസ്തൻെറ വരവിൽ "കാണാത്തവർ" എന്നും "കാണുന്നവർ" എന്നും ഇരുവകക്കാർ ഇസ്രായേലിൽ ഉണ്ടായിരുന്നു. കാണാത്തവർ ആരെന്നാൽ പിറവിക്കുരുടനു ഒത്തവരും, ധൎമ്മത്തെ അറിയായ്കകൊണ്ടു പ്രമാണികളാൽ നിന്ദിച്ചു ശപിക്കപ്പെട്ടവരും (൭, ൪൯) ആയ സാധുക്കൾ തന്നെ. ലൂക്ക. ൧൦, ൨൧ൽ യേശു അവൎക്ക് "ശിശുക്കൾ" എന്ന പേർ ഇട്ടു, പിതാവു ജ്ഞാനികൾക്കും വിവേകികൾക്കും അല്ല ഈ ശിശുക്കൾക്കു തന്നെ ദേവരാജ്യമൎമ്മങ്ങളെ വെളിപ്പെടുത്തിയ സംഗതിയാൽ ആനന്ദിച്ചു വാഴ്ത്തുകയും ചെയ്തു. ധൎമ്മചോദ്യങ്ങളിൽ ഇവർ ഇടത്തും വലത്തും തിരിയാത്ത പൈതങ്ങൾക്കും തപ്പി നടക്കുന്ന കുരുടൎക്കും ഒത്തവർ തന്നെ. രണ്ടാം വകക്കാരോ "കാണുന്നവർ" അതായതു ശാസ്ത്രവിജ്ഞാനത്താൽ ഉൾദൃഷ്ടിവന്നവരും യേശു താൻ ജ്ഞാനികളും വിവേകികളും എന്നു പേർവിളിച്ചവരുമായ വൈദികർ തന്നെ. ആത്മപ്രശംസയോടെ അന്നു പിന്നേയും പിന്നേയും "ഞങ്ങൾ അറിയുന്നു" (൨൪. ൨൯) എന്നു ചൊല്ലി ഞെളിഞ്ഞും അറിയാത്തവരെ ധിക്കരിച്ചും കൊണ്ടു പറീശന്മാർ ദൃഷ്ടാന്തമായി വിളങ്ങുന്നു. എന്നാൽ ലോകവെളിച്ചമാകുന്ന ക്രിസ്തനെ മനസ്സോടെ കൈക്കൊണ്ടിട്ടു കാണാത്തവർ കാണുന്നവരായി ചമഞ്ഞു (൧, ൩൭—൫൧; ൨, ൧൧; ൪, ൨൯. ൩൯—൪൨, ൫൩; ൬, ൬൮ *f*; ൮, ൩൦; ൯, ൩൮ *ff*). കാണുന്നവരായ ശാസ്ത്രികളോ പുതുവെളിച്ചത്തെ വെറുത്തു അന്ധകാരപ്രിയരായി കൺ അടെച്ചു (൩, ൧൯) തങ്ങളെ തന്നെ മേല്ക്കുമേൽ കഠിനപ്പെടുത്തി ഒടുക്കം കേവലം കുരുടരായി തീരുകയും ചെയ്തു.

ഒററുകാരായി അടുത്തു നില്ക്കുന്ന ചില പറീശർ യേശു ചൊല്ലിയതിൻെറ ഗൌരവാൎത്ഥം പൂൎണ്ണമായി ഗ്രഹിക്കാതെ "പക്ഷേ ഞങ്ങളും കുരുടരോ" എന്നു ചോദിച്ചു തുടങ്ങി. തങ്ങൾ കുരുടർ അല്ല എന്നു് കേൾപ്പാൻ ആശിച്ചതു; അങ്ങിനെ കേട്ടാലേ തുഷ്ടി വരു എന്നു് അവൎക്കു തോന്നി. യേശുവോ അവർ

കുരുടർ അല്ലെന്നു കേവലം സമ്മതിച്ചു. സമ്മതിച്ചിട്ടും നിങ്ങൾ കുരുടരായിരുന്നെങ്കിൽ കൊള്ളായിരുന്നു എന്നു ചൊല്ലി ആശ്വാസത്തിന്റെ ഒരു നിഴൽ പോലും ശേഷിക്കാത്തവണ്ണം ഖണ്ഡിതമായി അവരുടെ കുറ്റം തെളിയിച്ചതിവ്വണ്ണം: വെറും അറിയായ്മകൊണ്ടു എന്നെ ധിക്കരിച്ചു തള്ളിയെങ്കിൽ ആ പാപത്തിന്നു ക്ഷമ സാദ്ധ്യമായിരുന്നു, ജന്മാന്ധൻ എന്ന പോലെ വിശ്വാസത്തിൽ വരുവാൻ ഒരു വഴി ശേഷിക്കയുമായിരുന്നു. എന്നാൽ വിശ്വാസം ആകുന്ന ചികിത്സ ചെയ്യാതെ "കാണുന്നു" എന്നു വെറുതെ ചൊല്ലി ലോകവെളിച്ചത്തോടു എതിർക്കുന്നവരാകയാൽ നിങ്ങളുടെ പാപം നിലനില്ക്കുന്നു.

---

§ 111.

THE GOOD SHEPHERD.

നല്ല ഇടയന്റെ ലക്ഷണാദികൾ.

JOHN X.

1 Verily, verily, I say unto you, He that entereth not by the door into the sheepfold, but climbeth up some other way, the same is a thief and a robber.

2 But he that entereth in by the door is the shepherd of the sheep.

3 To him the porter openeth; and the sheep hear his voice: and he calleth his own sheep by name, and leadeth them out.

4 And when he putteth forth his own sheep, he goeth before them, and the sheep follow him: for they know his voice.

5 And a stranger will they not follow, but will flee from him: for they know not the voice of strangers.

6 This parable spake Jesus unto them: but they understood not what things they were which he spake unto them.

7 Then said Jesus unto them again, Verily, verily, I say unto you, I am the door of the sheep.

8 All that ever came before me are thieves and robbers: but the sheep did not hear them.

9 I am the door: by me if any man enter in, he shall be saved, and shall go in and out, and find pasture.

10 The thief cometh not, but for to steal, and to kill, and to destroy: I am come that they might have life, and that they might have *it* more abundantly.

11 I am the good shepherd: the good shepherd giveth his life for the sheep.

12 But he that is an hireling, and not the shepherd, whose own the sheep are not, seeth the wolf coming, and leaveth the sheep, and fleeth: and the wolf catcheth them, and scattereth the sheep.

13 The hireling fleeth, because he is an hireling, and careth not for the sheep.

14 I am the good shepherd, and know my *sheep*, and am known of mine.

15 As the Father knoweth me, even so know I the Father: and I lay down my life for the sheep.

16 And other sheep I have, which are not of this fold: them also I must bring, and they shall hear my voice; and there shall be one fold, *and* one shepherd.

17 Therefore doth my Father love me, because I lay down my life, that I might take it again.

18 No man taketh it from me, but I lay it down of myself. I have power to lay it down, and I have power to take it again. This commandment have I received of my Father.

19 There was a division therefore again among the Jews for these sayings.

20 And many of them said, He hath a devil, and is mad; why hear ye him?

21 Others said, These are not the words of him that hath a devil. Can a devil open the eyes of the blind?

ഇപ്രകാരം യേശു വൈരികളായ പറീശരുടെ കുറ്റത്തെ സ്ഥാപിച്ചു ഉടനെ പിറവിക്കുരുടന്റെ കഥയിൽ വിളങ്ങി വന്ന ചില അവസ്ഥകളെ ഉപമാവാക്യങ്ങളാൽ ഒരു കണ്ണാടിയിൽ എന്ന പോലെ എതിരാളികൾക്കും ശിഷ്യർക്കും കാണിച്ചു കൊടുത്തു. അതെന്തെന്നാൽ: ൧.) പറീശർ ഇസ്രയേലിൽ സർവ്വാധികാരം പൂണ്ടു ദേഹികളെ ഉപായേന വശീകരിക്കയും ബലാൽകാരേണ ഭേമിച്ച് അടിമപ്പെടുത്തുകയും ചെയ്യുന്നതു ഏതിന്നു സമം എന്നാൽ: കള്ളരും കവർച്ചക്കാരും ആട്ടാലയിൽ പുക്കു ആടുകളെ പിടിച്ചു പറിക്കുന്നതിന്നു തന്നെ. ൨.) ആ കുരുടൻ പറീശനയഭയംകൊണ്ടു ഒട്ടും ഭ്രമിച്ചു പോകാതെ യേശുവെ

മാത്രം നോക്കി മാനിച്ചും സ്വീകരിച്ചുംകൊണ്ടു വിശ്വാസത്തിൽ ഉറെച്ചു നിന്നതു ആടുകൾ ഇടയശബ്ദം മാത്രം കേട്ട് അനുസരിച്ചു നടക്കുന്നതിന്നു സദൃശമത്രെ. ൩.) നിന്ദിച്ചും ഹിംസിച്ചും ഭ്രഷ്ടനാക്കിയ ആയാളെ യേശു ദയാലുവായി തിരഞ്ഞു കൈക്കൊണ്ട വിധം നല്ല ഒർ ഇടയൻ ആടുകളെ നോക്കി സംരക്ഷണ ചെയ്യുന്നതിന്നു തുല്യം അത്രെ.

ഇസ്രയേൽ യഹോവയുടെ ആട്ടിങ്കൂട്ടം (൪ മോ. ൨൭, ൧൭; ൧ രാജ. ൨൨, ൧൭; സങ്കീ. ൮൦, ൨) പ്രമാണികൾ ഇടയന്മാർ (യിറ. ൨൩, ൧ ff) മശീഹ ഇടയശ്രേഷ്ഠൻ (ഹജ. ൩൪, ൨൩; യശ. ൪൦, ൧൧) എന്നതു പണ്ടേ പ്രസിദ്ധമല്ലോ. കനാനിൽ ആട്ടിങ്കൂട്ടങ്ങളെ വെയ്യിട്ടു കല്ലുകെട്ടുള്ള സ്ഥലത്താക്കി അടെക്കും; ഒർ ആയുധക്കാരൻ വാതില്ക്കൽ കാവലും ഉണ്ടാം. ആട്ടിങ്കൂട്ടം ഒന്നു മാത്രം അല്ല, രണ്ടു മൂന്നു ഒരുമിച്ചു ഇങ്ങിനെത്തൊരു തൊഴത്തിൽ രാത്രികാലത്ത് അടെച്ചിരിക്കും. വെവ്വേറെ കൂട്ടങ്ങൾക്കു കാവല്ക്കാരൻ ഒരുത്തനേയുള്ളു. ആയവൻെറ കൈയിൽ വൈകുന്നേരം ഇടയന്മാർ തങ്ങളുടെ ആടുകളെ ഭരമേല്പിച്ചിട്ടു താന്താങ്ങടെ വീട്ടിലേക്കു പോകും. പുലച്ചെക്കു അവർ വന്നു വാതില്ക്കൽ മുട്ടുവോളം കാവലാളി ആടുകളോട് ഒന്നിച്ചു തൊഴത്തിൽ ഇരിക്കേണം. മുട്ടുന്ന ഇടയന്മാൎക്കു കാവല്ക്കാരൻ വാതിൽ തുറന്നിട്ടു ഓരോ ഇടയൻ താന്താൻെറ ആടുകളെ വിളിച്ചു ചേൎക്കുകയും മേച്ചലിന്നു കൊണ്ടുപോകയും ചെയ്യുന്നു. മുഖ്യമായ ചില ആടുകളെ മാത്രം പേർ വിളിച്ചു പുറത്തു കൊണ്ടുപോകുന്നു, മററുള്ളതു വെറുതെ വഴിയെ ചെല്ലുന്നു എന്നും കേൾക്കുന്നു. കള്ളരോ തൊഴത്തിൽ അകമ്പൂകുവാൻ വാതിലൂടെ അല്ല മതിൽ കയറി മറിഞ്ഞിട്ടു വേണം. ഇതിൻവണ്ണം യേശു ൩ വിശേഷങ്ങളെ മുമ്പെ സൂചിപ്പിച്ചും പിന്നെ വിവരിച്ചും പറഞ്ഞു. ഇസ്രയേൽസഭയായതു ആട്ടിങ്കൂട്ടത്തിൻെറ വേലി. വാതിൽ മശീഹ, കാവല്ക്കാരൻ കൎത്താവിൻെറ ആത്മാവത്രെ. യേശുമശീഹയെ മുന്നിട്ടു കടക്കാതെ ഗുരുക്കളായെഴുന്നവർ എല്ലാം ആടുകളുടെ സൌഖ്യത്തിന്നായിട്ടല്ല നാശത്തിന്നായി വന്ന കള്ളന്മാർ അത്രെ. നല്ല ആടുകൾ അവരെ വിചാരിച്ചതും ഇല്ല (യോഹനാനെ പോലെ യേശുവിന്നു പിമ്പർ എന്നറിഞ്ഞു മുന്നടന്നു അവൻെറ മാൎഗ്ഗം ഒരുക്കിയവർ സാക്ഷാൽ ൧൦ം വകക്കാരിൽ കൂടുകയില്ല). മശീഹയാൽ ഇടയന്മാരായി വരുന്നവരോ അവൻെറ ആടുകളും കൂട ആകുന്നു. അവൎക്കു യേശു വാതിലായി കാക്കുന്നവനും മേച്ചലിന്നു വഴിയും ആകുന്നു. ഇങ്ങിനെ ആടുകളുടെ ശത്രുമിത്രങ്ങളെ അറിയാം (൬—൧൦). രണ്ടാമത് കാവല്ക്കാരൻ നല്ല ഇടയനെ അറികകൊണ്ടു അവനായി തുറക്കുന്നു, കള്ളന്മാരേയും ദുഷ്ടജന്തുക്കളേയും തടുപ്പാൻ ആയുധം പ്രയോഗിക്കുന്നു. ജന്മാന്ധൻ പറീശരെ അനുസരിയാതെ യേശുവെ ആശ്രയിച്ചു വന്നതു ആ ആത്മാവിൻ ക്രിയ തന്നെ (൯, ൩൭). മൂന്നാമത് ഇടയശ്രേഷ്ഠൻ പ്രവേശിച്ചു വിളിക്കുമ്പോൾ ആടുകൾ എല്ലാം അവൻെറ ശബ്ദം അറിയുന്നു. തനിക്ക് വിശേഷാൽ തെളിഞ്ഞിട്ടുള്ള ചിലവററിൻെറ പേർ വിളിക്കുന്നു. എന്നാൽ അവ മുമ്പോട്ട് പായുമ്പോൾ മററുള്ള ആടുകളും പിഞ്ചെല്ലുന്നു. യേശു താൻ വന്നാൽ ശേഷം ഇടയന്മാരും ആടുകൾ ആയി. താൻ മാത്രം പ്രാണനെ വെച്ച് ആട്ടിങ്കൂട്ടത്തെ രക്ഷിക്കുന്ന ഇടയൻ. ആടുകൾക്കു വേണ്ടി വിചാരമില്ലാത്ത കൂലിക്കാരനും

ചീന്തുന്ന ചെന്നായും കടക്കുന്ന കള്ളനും കിട തന്നെ. നല്ല ഇടയനോ അശ്ശനോട്ടുള്ളതു പോലെ ആട്ടകളുമായി പരിചയവും സംബന്ധവും ഉണ്ടു. ഇപ്രകാരമുള്ള വലിയ കൂട്ടം ഇസ്രയേലിൽനിന്നു മാത്രമല്ല ജാതികളിൽനിന്നും ചേൎന്നു വന്നു ഏകസഭയായ്തീരും. ആയതിന്നു ഇടയന്റെ ആത്മബലി തന്നെ വഴി. ആയതു ഘോരമരണത്തിൽ അകപ്പെടുന്നതല്ല ഉയിൎപ്പിന്റെ നിശ്ചയത്തോടെ ജീവനെ വെക്കുന്ന ഒരു കൎമ്മം ആകകൊണ്ടു പിതാവിന്റെ സ്നേഹം എല്ലാം തന്നിൽ ഉണ്ടു. എന്നുള്ളതു കേട്ടാറെ പിന്നേയും ചിലൎക്ക് ഭ്രാന്ത് എന്നു തോന്നി, മററവൎക്ക സ്പഷ്ടമല്ല എങ്കിലും കുരുടരുടെ കണ്ണു പ്രകാശിപ്പിപ്പാൻ പ്രാപ്തനായവന്റെ വാക്കാകയാൽ ഏകദേശം ബോധിച്ചു.

മറെറാരു വ്യാഖ്യാനത്തേയും പറയാം. ഉപമ ഒന്നല്ല മൂന്നു തന്നെ. ൧.) ൧—൫; ൨.) ൬—൧൦; ൩.) ൧൧—൧൮. ൧.) ദിവ്യ ആജ്ഞയും ഉദ്യോഗവും ഇല്ലാതെ കണ്ടു വെറും അധികാരകാംക്ഷയാൽ ധൂൎത്ത പറീശർ ഇസ്രയേലിൽ നുഴഞ്ഞു മെല്ലേ സകല സ്ഥാനമാനങ്ങളേയും വശാക്കി എങ്ങും പിടിച്ചുപറിക്കയും ജനങ്ങളെ ദാസ്യപ്പെടുത്തി കൎത്തൃത്വം നടത്തുകയും ചെയ്തുകൊണ്ടിരിക്കേ യേശു ദേവനിയോഗത്താലെ ന്യായമുള്ള വഴിയായി ഇസ്രയേൽ തൊഴുത്തിൽ പ്രവേശിച്ചു. വാതില്ക്കാരൻ അവന്നു ക്രമം പോലെ വാതിൽ തുറന്നിട്ടേ അവൻ അകമ്പുക്കുള്ളു. വാതിലാളനോ ഉടമസ്ഥനിലും ഇടയനിലും താണവനായിരിക്കേണം. യേശുവിന്നു വാതിൽ തുറന്നു ആട്ടിങ്കൂട്ടത്തെ ഭരമേല്പിച്ച കാവൽകാരൻ ആരെന്നാൽ അഗ്രേസരനായ യോഹനാൻ അത്രെ. മശീഹ വരുമ്പോഴേക്ക കാവൽനിന്നു ജനത്തെ അവന്നായി ഒരുക്കി വെക്കുകയും തന്റെ ഉത്തമ ശിഷ്യൎക്ക ക്രിസ്തനോടു പരിചയം ഉണ്ടാവാൻ പ്രയത്നിച്ചു വാതിൽ തുറക്കുകയും ചെയ്തതു സ്നാപകൻ തന്നെ (൧, ൩൬—൩൯; ൩, ൨൭—൩൦). ഇപ്രകാരം യേശു ഇടയനായിട്ടു ഇവനേയും അവനേയും (൧, ൩൯—൫൦) വിളിച്ചു ചെറിയ ആട്ടിങ്കൂട്ടത്തെ മേച്ചലിന്നു കൊണ്ടുപോകയും ചെയ്തു. ഇടയശബ്ദം അല്ലാതെ ഇടവലം തെററിക്കുന്ന ഓരോ അന്യശബ്ദങ്ങളും വഴിയിൽ കേളായി വന്നെങ്കിലും ആട്ടകൾ വഞ്ചന എന്ന് അറിഞ്ഞു മണ്ടി പോകേയുള്ളു. ദൃഷ്ടാന്തം "ആ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവൻ അല്ല" (൯, ൧൬), "ദൈവത്തിന്നു തേജസ്സു കൊടുക്ക, ആ മനുഷ്യൻ പാപി എന്നു ഞങ്ങൾ അറിയുന്നു" (൨൪) എന്നും മററും കുരുടനോടു ചൊല്ലിയതു അന്യശബ്ദം തന്നെ. അതുവും എല്ലാം വ്യൎത്ഥമായല്ലോ.

൨.) ഇങ്ങിനെ യേശു ന്യായപ്രകാരം തൊഴുത്തിൽ പുക്കു തനിക്കു ഒർ ആട്ടിങ്കൂട്ടത്തെ ചേൎത്തു സമ്പാദിക്കയും ചെയ്തു എന്നു വൎണ്ണിച്ച ശേഷം (൧—൬) ഇവ്വണ്ണം തന്റെ വിളിയെ കേട്ടനുസരിച്ചു നടക്കുന്ന ആട്ടകൾക്കു എങ്ങിനെത്തൊരു സുഖവും നിൎഭയസ്ഥിതിയും ഉണ്ടെന്നു രണ്ടാം ഉപമയിൽ (൬—൧൦) വിവരിക്കുന്നു. ഇതിൽ യേശു ഇടയൻ അല്ല വാതിൽ തന്നെ ആകുന്നു, അതായ്തു വേറെ ഇടയന്മാർ ആട്ടിങ്കൂട്ടത്തിലേക്ക പ്രവേശിപ്പാൻ തക്ക വാതിൽ എന്നല്ല, ആട്ടകൾ തന്നെ ഇഷ്ടം പോലെ സൈ്വരത്തിന്നായി അകമ്പുകുകയും മേച്ചലിന്നായി പുറപ്പെടുകയും ചെയ്യുന്ന വാതിൽ തന്നെ. ക്രിസ്തനു മുമ്പെ വാതിലായി വന്നവർ (൮) ആരെന്നാൽ: അറിവിന്റെ താ

ക്കോൽ എടുത്തുകളഞ്ഞിട്ടു (ലൂക്ക. ൧൧, ൫൨) വേദപ്പൊരുൾ ഇന്നതു, ദേവേഷ്ടം ഇന്നതു, കല്പനാസൂക്ഷ്മം ഇന്നതു, നീതിമാൎഗ്ഗം ഇന്നത് എന്നും മററും താന്തോന്നികളായി ഉപദേശിക്കയും സമ്മതിക്കാത്തവരെ ഹിംസിച്ചു തള്ളുകയും, അസഹ്യമായ ഭാരങ്ങളെ ചുമപ്പിച്ചു കൊണ്ടു (ലൂക്ക. ൧൧, ൪൬) മനുഷ്യൎക്കു സ്വൎഗ്ഗരാജ്യത്തെ അടെച്ചു വെക്കുകയും (മത്ത. ൨൩, ൧൩), ഇങ്ങിനെ ദൈവത്തിന്നും മനുഷ്യൎക്കും മദ്ധ്യസ്ഥന്മാരായി നില്ക്കുകയും ചെയ്യുന്ന പറീശരും വൈദികരും തന്നെ. കവൎച്ച, ഹിംസ, കുല, സംഹാരം (൧൦) എന്നീവക അല്ലാതെ മറെറാന്നും അവരാൽ ഉണ്ടാകയില്ല. യേശു എന്ന വാതിലൂടെ കടക്കുന്ന ആടുകൾ്ക്കോ ഒരുനാളും മുട്ടു വരാതെ നിത്യ മേച്ചലും സുഖവും വഴിഞ്ഞും കവിഞ്ഞും വരുന്നു.

൩.) മൂന്നാം ഉപമയിലും (൧൧—൧൫) യേശു ഒന്നാമതിൽ എന്ന പോലെ നല്ല ഇടയനോടു തന്നെ താൻ സദൃശപ്പെടുത്തുന്നു. എന്നിട്ടും രണ്ടും സമം അല്ല. ഒന്നാമതിൽ പ്രമാണം എന്തെന്നാൽ: വാതിലൂടെ കടക്കാതെ കവൎച്ചക്കാരായി ആട്ടാലയിൽ കടന്ന പറീശൎക്കും വാതിലാളൻ തുറന്നിട്ടു ന്യായപ്രകാരം ഇടയസ്ഥാനത്തിൽ കയറിയ ക്രിസ്തനും ഉള്ള ഭേദാഭേദം തന്നെ. മൂന്നാം ഉപമയിൽ ഒത്തു നോക്കുന്നതോ ഇടയനേയും കവൎച്ചക്കാരേയും എന്നല്ല, നല്ല ഇടയനേയും നിസ്സാര കൂലിക്കാരനേയും ഇരുവൎക്കുള്ള മഹാ വലിയ വ്യത്യാസത്തേയും തന്നെ. കൂലിക്കാരൻ വേറെ, കവൎച്ചക്കാരൻ വേറെ. ഇവനെ പോലെ അവനും ന്യായംകെട്ട വിധത്തിലും ദുഷ്പ്രവൃത്തിക്കായിട്ടും ആട്ടാലയിൽ പുക്കു എന്നല്ലല്ലോ, ഉടമസ്ഥൻ ക്രമപ്രകാരം അവനെ വിളിച്ചു കൂലി നിശ്ചയിച്ചു ആടുകളുടെ മേൽവിചാരണയെ തൽകാലം അവന്റെ കൈയിൽ ഏല്പിക്കയും ചെയ്തു. പിന്നെ കവൎച്ച അല്ല അവന്റെ കുററം, ചെന്നായെ കണ്ടിട്ടു മണ്ടിപ്പോക എന്ന ഭീരുത്വം ഉപേക്ഷ ഉദാസീനത ഇതേ അവന്റെ അപരാധം. അനൎത്ഥകാലത്തിൽ ആടുകൾ്ക്കു വേണ്ടി പൊരുതു കഷ്ടിച്ചു ചാവാൻ മനസ്സില്ലാതെ ആടുകളെ വെറുതെ വിട്ടു ഓടി പോകും. നല്ല ഇടയനോ ചെന്നായെ കണ്ടിട്ടു ആടുകളുടെ രക്ഷെക്കായി പൊരുതു സ്വപ്രാണനേയും അവൎക്കു വേണ്ടി വിടും. ചെന്നായി ആരെന്നാൽ ഒന്നാം ഉപമയിൽ കള്ളനും കവൎച്ചക്കാരനും എന്ന പേർ ഇട്ട പറീശപക്ഷം തന്നെ. ഇവർ അല്ലയോ ആദ്യം മുതൽ അവസാനംവരെ നല്ല ഇടയനായ യേശുവെ ദ്വേഷിച്ചു കഷ്ടഹിംസാദികളെ അനുഭവിപ്പിച്ചതു. പറീശദുരാത്മാവിനോട് അല്ലയോ പൊരുതിട്ടു യേശു സ്വപ്രാണനെ വിട്ടതു. മേല്ക്കുമേൽ അവരിൽ വൎദ്ധിച്ചും മുഴുത്തും വന്ന കുലപാതക കാംക്ഷ നിമിത്തം തന്നെ (യോ. ൮, ൪൪) ആദ്യം "കള്ളൻ" എന്നു പേർ ധരിച്ചവൎന്നു ഇപ്പോൾ "ചെന്നായി" എന്ന നാമധേയം ഉണ്ടു; മാനുഷഗുണങ്ങളെ മിക്കതും വിട്ടു ചെന്നായ്ക്കു ഒത്ത മൃഗപ്രായനും രക്തപ്രിയനുമായി ചമഞ്ഞല്ലോ. പിന്നെ കൂലിക്കാരൻ ആരെന്നു ചോദിച്ചാൽ ആടുകളെ മേച്ചു പരിപാലിക്കേണ്ടതിന്നു ദിവ്യ നിയോഗവും അധികാരവും ലഭിച്ചിരുന്ന അഹരോന്യരും ലേവ്യരും ആകുന്ന പ്രമാണികൾ തന്നെ. ചീന്തുന്ന ചെന്നായ്ക്കു തുല്യ പറീശപക്ഷം ഇസ്രയേലിൽ കൎത്തൃത്വം നടത്തുവാൻ കഴിയാത്തവണ്ണം സഭാമൂപ്പന്മാരായ ഇവർ എതിൎത്തുനിന്നു ജന

സ്വാതന്ത്ര്യത്തിന്നും ജീവരക്ഷെക്കും വേണ്ടി പൊരുതേണ്ടതായിരുന്നു. എന്നാൽ ഭീരുക്കളും ഉദാസീനതുമായ ആചാൎയ്യർ ഇത് ഒന്നും ചെയ്യാതെ വെറുതെ മണ്ടിപ്പോയി എന്നു മാത്രം അല്ല, അവരിലും അനേകർ പറീശാത്മാവിന്നു സ്വാധീനമായി കേവലം പറീശരെ പോലെ അഹങ്കാരികളായി വാണു തുടങ്ങി (൭, ൩൨. ൪൮; ൧൧, ൪൭ *ff*). എന്നിട്ടും വശീകരിക്കുന്ന പറീശർ വേറെ, വശീകരിക്കപ്പെട്ട പ്രമാണികളും വേറെ എന്നു കരുതി കൊള്ളേണ്ടതു. ഇതിന്നു ദൃഷ്ടാന്തമായി സുവിശേഷകൻ താൻ ൧൨, ൪൨ൽ പറയുന്നിതു: "പ്രമാണികളിലും അനേകർ അവനിൽ വിശ്വസിച്ചു എങ്കിലും പള്ളിഭ്രഷ്ടർ ആകായ്വാൻ പറീശർ ഹേതുവായി ഏററു പറഞ്ഞിട്ടില്ല, കാരണം അവർ ദേവതേജസ്സിലും മനുഷ്യതേജസ്സെ ഏററം സ്നേഹിച്ചു". ഇങ്ങിനെ വൈരവും അവിശ്വാസവും അല്ല, വിശേഷാൽ മാനുഷഭയവും ദുരഭിമാനവും അവരുടെ കുററം. എന്നാൽ നല്ല ഇടയൻ ആടുകൾ്ക്കു വേണ്ടി സ്വപ്രാണനെ വിട്ട ശേഷം അഹരോന്യരിലും അനേകർ മനന്തിരിഞ്ഞു ആട്ടിങ്കൂട്ടത്തോടു ചേൎന്നു എന്നു കേൾ്ക്കുന്നു. "പുരോഹിതരിലും വലിയ സമൂഹം വിശ്വാസത്തിന്നു സ്വാധീനമായി വന്നു" (അപോ. ൬, ൭).

E.

THE CLOSE OF THE GALILEAN MINISTRY.

(Oct.—Dec. 29 A. D.)

ഗലീലക്രിയാസമൎപ്പണം.

(ക്രിസ്താബ്ദം ൨൯ ഒക്തോബർ തുടങ്ങി ദിസെംബർ വരെ.)

§ 112.

Unkind Reception met with in a Samaritan Village.

ശമൎയ്യയിൽ കൂടി കടക്കുന്നതിന്നു മുടക്കം വന്നതു.

LUKE IX.

51 And it came to pass, when the time was come that he should be received up, he stedfastly set his face to go to Jerusalem,
52 And sent messengers before his face: and they went, and entered into a village of the Samaritans, to make ready for him.
53 And they did not receive him, because his face was as though he would go to Jerusalem.
54 And when his disciples James and John saw *this*, they said, Lord, wilt thou that we command fire to come down from heaven, and consume them, even as Elias did?
55 But he turned, and rebuked them, and said, Ye know not what manner of spirit ye are of.
56 For the Son of man is not come to destroy men's lives, but to save *them*. And they went to another village.

കൂടാരപ്പെരുന്നാളിൽനിന്നു ഗലീലെക്കു മടങ്ങിവന്ന ശേഷം യേശു തിരികെ ദിസെംബർ മാസത്തിൽ പ്രതിഷ്ഠാനാളിന്നായി യരുശലേമിലേക്കു ചെന്നതല്ലാതെ (§ ൧൧൩) കുറയ കാലം കഴിഞ്ഞാറെ ലാജരെ എഴുനീല്പിക്കേണ്ടതിന്നു ഒന്നു ബെഥന്യെക്കു യാത്രയാകയും (§ ൧൨൧) ശേഷം മാൎച്ച് മാസത്തിൽ അന്ത്യപെസഹെക്കായി പുറപ്പെടുകയും ചെയ്തു (§ ൧൩൭) എന്നിങ്ങിനെ മൂന്നു വട്ടം യരുശലേമെക്കു യാത്രയായപ്രകാരം യോഹനാൻ വിവരിക്കുന്നു. ഇതിന്നൊത്ത

വണ്ണും ലൂക്കാവും കൂടെ കൎത്തൃക്രിയാസമൎപ്പണം സംബന്ധിച്ച യരുശലേംയാത്രകളെ മൂന്നിനേയും വൎണ്ണിക്കുന്നു (൯, ൫൧; ൧൩, ൨൨; ൧൭, ൧൧). അതിൽ ഒന്നാമത്തു മേൽപറഞ്ഞ പ്രതിഷ്ഠാനാൾയാത്രയേയും, രണ്ടാമത്തു ബെഥന്യയാത്രയേയും, മൂന്നാമത്തു ഒടുക്കത്തേ പെസഹയാത്രയേയും കുറിക്കുന്നു എന്നും, യോഹനാൻ പ്രയാണലാക്കിനെ കാണിച്ചിരിക്കേ ലൂക്കാ വഴിയിൽവെച്ച് ഉണ്ടായ വിശേഷങ്ങളെ വിവരിക്കുന്നു എന്നും നിരൂപിപ്പാൻ സംഗതി ഉണ്ടു.

എന്നാൽ യേശു മേലോട്ടു എടുത്തുകൊള്ളപ്പെടുന്നതിന്റെ നാളുകൾ ഏകദേശം തികഞ്ഞപ്പോൾ യരുശലേമിലേക്ക് പോവാൻ നിശ്ചയിച്ചു, വളരെ ശിഷ്യന്മാരോടും കൂട ഗലീലയെ വിട്ട് ഒരു ശമൎയ്യഗ്രാമത്തിൽ രാത്രി പാൎപ്പാനായി ദൂതരെ മുന്നയച്ചു. ആ ഗ്രാമക്കാർ അവനെ കുലവൈരം നിമിത്തം കൈക്കൊള്ളാതെ ഇരുന്നപ്പോൾ യേശു മററ് വഴിക്കു തിരിഞ്ഞു. അന്നു ജബെദിപുത്രന്മാർ കൎത്താവിന്നായി വെന്തു എലീയാവിന്റെ അഗ്നിശിക്ഷയേയും (൨ രാജ. ൧) മശീഹവാഗ്ദത്തങ്ങളേയും (സങ്കീ. ൨, ൧൨ ഇത്യാദി) ഓൎത്തു ദുഷ്ടനിഗ്രഹത്തിന്നായി പ്രാൎത്ഥിപ്പാൻ മുതിരുകയും ചെയ്തു. യേശുവോ തിരിഞ്ഞു നിങ്ങൾ ഇന്ന് ആത്മാവിന്റെ മക്കൾ എന്നറിയുന്നില്ലയോ എന്നു ചൊല്ലി ഭത്സിച്ചു. മനുഷ്യരക്ഷെക്കു വേണ്ടി നശിക്കുന്ന ഒർ ആത്മാവ് തന്നെ മശീഹെക്കുള്ളത്. (ആയത്തു പിന്നെ ശമൎയ്യരുടെ മേൽ ഇറക്കേണ്ടതിന്ന് യോഹനാൻ താനും പ്രാൎത്ഥിച്ചിരിക്കുന്നു; അപോ. ൮, ൧൪ *f.*).

---

§ 113.

Seventy Disciples instructed and sent out.

എഴുപതു ശിഷ്യരെ നിയോഗിച്ചയച്ചതു.

LUKE X.

1 After these things the Lord appointed other seventy also, and sent them two and two before his face into every city and place, whither he himself would come.

2 Therefore said he unto them, The harvest truly *is* great, but the labourers *are* few: pray ye therefore the Lord of the harvest, that he would send forth labourers into his harvest.

3 Go your ways: behold, I send you forth as lambs among wolves.

4 Carry neither purse, nor scrip, nor shoes: and salute no man by the way.

5 And into whatsoever house ye enter, first say, Peace *be* to this house.

6 And if the son of peace be there, your peace shall rest upon it: if not, it shall turn to you again.

7 And in the same house remain, eating and drinking such things as they give: for the labourer is worthy of his hire. Go not from house to house.

8 And into whatsoever city ye enter, and they receive you, eat such things as are set before you:

9 And heal the sick that are therein, and say unto them, The kingdom of God is come nigh unto you.

10 But into whatsoever city ye enter, and they receive you not, go your ways out into the streets of the same, and say,

11 Even the very dust of your city, which cleaveth on us, we do wipe off against you: notwithstanding be ye sure of this, that the kingdom of God is come nigh unto you.

12 But I say unto you, that it shall be more tolerable in that day for Sodom, than for that city.

13 Woe unto thee, Chorazin! woe unto thee, Bethsaida! for if the mighty works had been done in Tyre and Sidon, which have been done in you, they had a great while ago repented, sitting in sackcloth and ashes.

14 But it shall be more tolerable for Tyre and Sidon at the judgment, than for you.

15 And thou, Capernaum, which art exalted to heaven, shalt be thrust down to hell.

16 He that heareth you heareth me; and he that despiseth you despiseth me; and he that despiseth me despiseth him that sent me.

17 And the seventy returned again with joy, saying, Lord, even the devils are subject unto us through thy name.

18 And he said unto them, I beheld Satan as lightning fall from heaven.

Luke X.

19 Behold, I give unto you power to tread on serpents and scorpions, and over all the power of the enemy; and nothing shall by any means hurt you.
20 Notwithstanding in this rejoice not, that the spirits are subject unto you; but rather rejoice, because your names are written in heaven.
21 In that hour Jesus rejoiced in spirit, and said, I thank thee, O Father, Lord of heaven and earth, that thou hast hid these things from the wise and prudent, and hast revealed them unto babes: even so, Father; for so it seemed good in thy sight.
22 All things are delivered to me of my Father: and no man knoweth who the Son is, but the Father; and who the Father is, but the Son, and *he* to whom the Son will reveal *him*.
23 And he turned him unto *his* disciples, and said privately, Blessed *are* the eyes which see the things that ye see:
24 For I tell you, that many prophets and kings have desired to see those things which ye see, and have not seen *them*; and to hear those things which ye hear, and have not heard *them*.

ഗലീലപ്രവൎത്തനത്തിൻ അന്ത്യകാലത്തിൽ യേശു തന്റെ ആശ്രിതന്മാരിൽനിന്നു ൭൦ ഉത്തമന്മാരെ വരിച്ചു താൻ ചെല്ലുവാനുള്ള ഓരോ നഗരഗ്രാമങ്ങളിലേക്കു തന്റെ മുഖത്തിൻ മുമ്പാകെ ഈരണ്ടായി നിയോഗിച്ചയച്ചു. ഇതേ ഗലീല ശമൎയ്യ നാടുകളിലേ ഒടുക്കത്തേ ഘോഷണയാത്ര. പന്തിരുവരോട് ചൊല്ലിയത് ഓരോന്നു (§൯൧) ഈ ൭൦ പേരോടും കല്പിച്ചു എങ്കിലും ശമൎയ്യദേശങ്ങളിൽ പോകരുത് എന്നു മുമ്പെ പറഞ്ഞ നിഷേധം ഇതിലില്ല. ദുർഭൂതങ്ങളെ നീക്കുവാനുമല്ല രോഗശാന്തികളെ ചെയ്വാൻ മാത്രം കല്പന ആയി. ഭൂമിയിൽ ഉള്ള ജാതികൾ ൭൦ ആകുന്നു എന്നു യഹൂദരുടെ മതം (൧ മോ. ൧൦). ഇസ്രയേൽ ൧൨ പുത്രന്മാർ മിസ്രയാത്രയിൽ ൭൦ ആയ്പ്പന്മ്ധിച്ചതു പോലെ കൎത്താവ് ൧൨ ആളുകളുടെ ശേഷം ൭൦ ശിഷ്യരെ അയച്ചതിനാൽ സകല ജാതികൾക്കും വരേണ്ടുന്ന ദേവരാജത്വത്തെ സൂചിപ്പിച്ചിരിക്കുന്നു.

നിങ്ങളെ കേൾക്കാത്ത ഊരുകൾക്കു സൊദോമിന്നു വന്നതിനേക്കാളും കഠിനശിക്ഷ തട്ടും എന്നു പറഞ്ഞപ്പോൾ ഗലീലപട്ടണങ്ങളുടെ അവിശ്വാസത്തെ (§൮൭ എന്ന പോലെ) പിന്നേയും ഓൎത്തു വിലാപിച്ചു ഘോര ന്യായവിധിയെ അറിയിപ്പാൻ സംഗതി വന്നു.

൭൦ ശിഷ്യർ ഊരും നാടും കടന്നു കൎത്തൃനാമത്തിൽ സുവിശേഷവേലയെ കുറയ കാലം നടത്തി പോന്ന ശേഷം മടങ്ങി വന്നു മററുള്ള ഫലങ്ങളേക്കാൾ അധികം ഭൂതങ്ങളുടെ തോല്വിയെ വിചാരിച്ചു സന്തോഷപ്പെട്ടു. ശിഷ്യന്മാർ ദുർഭൂതങ്ങളെ നീക്കിയതിന്റെ കാരണം എന്തെന്നാൽ സാത്താനേ എന്നെ വിട്ടു പോ എന്നു പരീക്ഷാദിവസം ശാസിക്കയാൽ (§൧൨൮) കൎത്താവ് അന്നു തന്നെ അവനെ സ്വൎഗ്ഗത്തിൽനിന്നു തള്ളി താഴോട്ടു വീഴുന്നതും കണ്ടു*

*പരീക്ഷാദിവസത്തിൽ അല്ല എഴുപതു പേർ ദുർഭൂതങ്ങളെ നീക്കിയ അക്കാലത്തു തന്നെ യേശു പിശാചിന്റെ തോല്വിയെ കണ്ടു എന്നും ഒരു പക്ഷം. ശിഷ്യരോട് ചൊല്ലിയതിന്റെ ഭാവമോ: ദുർഭൂതങ്ങൾ ആകുന്ന പടസൈന്യം തോററു പോയി എന്നേ നിങ്ങൾ കണ്ടുള്ളു; ഞാനോ അദൃശ്യ സേനാപതിയായവന്റെ അപജയത്തേയും കൂടെ ആത്മകണ്ണുകൊണ്ടു ദൎശിച്ചതു, ആകയാൽ നിങ്ങൾ കണ്ടനുഭവിച്ചതു വെറും തോന്നൽ അല്ല ഉണ്മയായ കാൎയ്യം തന്നെ എന്നത്രെ. അതുവും അന്ത്യകാലത്തിലേ സംപൂൎണ്ണ അധഃപതനത്തിന്റെ ഒരു മുങ്കുറി തന്നെ ആയിരുന്നു.—"സ്വൎഗ്ഗത്തിൽനിന്നു വീഴുക" അൎത്ഥാൽ ഉന്നതസ്ഥിതിയിൽനിന്നും അധികാരശിഖരത്തിൽനിന്നും പിഴുകിപ്പോക എന്നത്രെ (മത്ത ൧൧, ൨൩; യിറ. ൫൧, ൫൩). ദുർഭൂതരാജ്യത്തിൻ വാസസ്ഥലം ആകുന്നതു സ്വൎഗ്ഗം തന്നെ അല്ല ഭൂമിയെ ചൂഴുന്ന ആകാശം അത്രെ (എഫെ. ൨, ൨). അതു മീത്തലേ വിണ്ണോളം എത്തി വാനത്തോടു ഒരു വിധേന ചേൎന്നിരിക്കുന്നപ്രകാരം തോന്നുന്നതു കൊണ്ടു പിശാചിന്റെ ഈ പാൎപ്പിടത്തിന്നു സ്വൎഗ്ഗം എന്നും (വെളിപ്പ. ൧൨, ൭), സ്വൎല്ലോകങ്ങൾ എന്നും (എഫെ. ൬, ൧൨) പേർ വിളിച്ചു കാണുന്നു

(യശ. ൧൪, ൧൨ — ൧൫); അതു മിന്നൽ പോലെ ആയതു (ലൂക. ൰, ൧൮). അന്നു മുതൽ അവൻ ഭൂമിയിൽ വാണു പാമ്പുകളും തേളുകളും ആകുന്ന ആത്മിക വിഷജാതിയെ ജനിപ്പിച്ചു നടത്തി പോരുന്നു. തമോരാജാവെ ജയിച്ചു കളകയാലേ ശിഷ്യന്മാൎക്ക് അവന്റെ ബലത്തെ തോല്പിച്ചു കൂട്ട. ആ വക വിഷത്താൽ നാശം വരാതെ കണ്ടു പിശാചിനേയും അവന്റെ സൈന്യത്തേയും വിശ്വാസത്താൽ കാല്ക്കീഴാക്കി ചവിട്ടുവാനും അധികാരം കൊടുത്തു കിടക്കുന്നു (സങ്കീ. ൯൧, ൧൩; മാൎക്ക. ൧൬, ൧൮). പിശാചിൻ പരിഭവം നിമിത്തം ശിഷ്യന്നു മാനം അരുത്, ഗുരുവിന്നത്രെ ഉള്ളു. സന്തോഷവുമധികമരുത്; വാനങ്ങളിൽ തങ്ങളുടെ പേർ എഴുതി വെച്ച സംഗതിയാൽ നിത്യാനന്ദം വേണം താനും (൨ മോശ. ൩൨, ൩൨ f; സങ്കീ. ൬൯, ൨൮; എബ്ര. ൧൨, ൨൩). അതിനാൽ അല്ലോ ദൈവത്തോടും സകല സൽഭൃത്യങ്ങളോടും നിത്യ സഖ്യതയും സ്നേഹവും സാധിച്ചു വരുന്നു.

അനന്തരം ശിഷ്യരുടെ വിശ്വാസജയത്താൽ യേശുവും സന്തോഷപൂൎണ്ണനായി പിതാവിനെ പുകഴ്ത്തി, പുത്രന്നും പിതാവിന്നും ഉള്ള ഉററ സംബന്ധത്തേയും വിശ്വാസികൾക്കും അതിൽ ഉള്ള കൂട്ടവകാശത്തേയും വൎണ്ണിച്ചു തുടങ്ങി (§ ൯൯ എന്ന പോലെ). ഇങ്ങിനെ പുത്രൻ പിതാവേയും പിതാവ് പുത്രനേയും മഹത്വപ്പെടുത്തുന്നതിന്നു ശിഷ്യന്മാർ കാണികൾ ആകകൊണ്ടു അനേകം രാജപ്രവാചകന്മാരേക്കാളും ധന്യരാകുന്നു (ലൂക്ക.) എന്നു ചൊല്ലി ആ ൭൰ പേരേയും അന്നു മുതൽ തന്റെ ക്രിയാശേഷത്തിന്നു സാക്ഷികളും അംശക്കാരുമാക്കി വെക്കുകയും ചെയ്തു (അപോ. ൧, ൮).

---

§ 114.

The Lawyer's Question. The good Samaritan.

വൈദികന്റെ ചോദ്യവും കനിവുള്ള ശമൎയ്യന്റെ ഉപമയും.

LUKE X.

25 And, behold, a certain lawyer stood up, and tempted him, saying, Master, what shall I do to inherit eternal life?

26 He said unto him, What is written in the law? how readest thou?

27 And he answering said, Thou shalt love the Lord thy God with all thy heart, and with all thy soul, and with all thy strength, and with all thy mind; and thy neighbour as thyself.

28 And he said unto him, Thou hast answered right: this do, and thou shalt live.

29 But he, willing to justify himself, said unto Jesus, And who is my neighbour?

30 And Jesus answering said, A certain *man* went down from Jerusalem to Jericho, and fell among thieves, which stripped him of his raiment, and wounded *him*, and departed, leaving *him* half dead.

31 And by chance there came down a certain priest that way: and when he saw him, he passed by on the other side.

32 And likewise a Levite, when he was at the place, came and looked *on him*, and passed by on the other side.

33 But a certain Samaritan, as he journeyed, came where he was: and when he saw him, he had compassion *on him*,

34 And went to *him*, and bound up his wounds, pouring in oil and wine, and set him on his own beast, and brought him to an inn, and took care of him.

35 And on the morrow when he departed, he took out two pence, and gave *them* to the host, and said unto him, Take care of him; and whatsoever thou spendest more, when I come again, I will repay thee.

36 Which now of these three, thinkest thou, was neighbour unto him that fell among the thieves?

37 And he said, He that shewed mercy on him. Then said Jesus unto him, Go, and do thou likewise.

ആ ഉണ്ടായതിന്റെ സാരം ഒന്നും അറിയാതെ ഒരു വൈദികൻ നിത്യജീവനെ കിട്ടുവാൻ എന്തു വേണം എന്നു പെട്ടെന്നു ചോദിച്ചുകൊണ്ടു ഗുരുവെ പരീക്ഷിപ്പാൻ തുനിഞ്ഞു. യേശു അവനെ ധൎമ്മഗ്രന്ഥത്തിലും യഹൂദർ കെട്ടുന്ന ഓൎമ്മപ്പട്ടങ്ങളിലും എഴുതിയതിനെ വായിപ്പിച്ചപ്പോൾ (൫ മോ. ൬, ൫ *ff.* ൩ മോ. ൧൯, ൧൮) ആയാൾ ദേവസ്നേഹമാകുന്ന ധൎമ്മസാരത്തെ അറിയുന്നവനായി കണ്ടു എങ്കിലും കൎത്താവ് അവനോട് ഇതു ചെയ്തേ ജീവിക്കാവു എന്നു ചൊല്ലിയപ്പോൾ അവൻ പക്ഷെ ശമൎയ്യരോടുള്ള സമ്പൎക്കത്തെ സൂചിപ്പിച്ചു, എല്ലാവനും കൂട്ടുകാരനല്ലല്ലോ എന്ന് ഒരു ഭാവം കാട്ടി. ആയതിനെ യേശു പിടിച്ചു കഥയായിട്ടോ ഉപമയായിട്ടോ കനിവുള്ള ശമൎയ്യന്റെ വൃത്താന്തത്തെ (§ ൩൦) അറിയിച്ചു, പരന്മാരിലേ സ്നേഹം ഇന്നത് എന്നും, ജാതിയും സ്ഥാനവും അല്ല സേവെക്കുള്ള മുതിൎച്ച തന്നെ സ്നേഹത്തിന്റെ സാരം എന്നും കാണിക്കയും ചെയ്തു (ലൂക്ക.).

---

§ 115.

Jesus at Bethany. The One Thing Needful.

ഒന്നേ ആവശ്യമുള്ളു എന്നു ബെഥന്യയിൽ ഉരെച്ചതു.

LUKE X.

38 Now it came to pass, as they went, that he entered into a certain village: and a certain woman named Martha received him into her house.
39 And she had a sister called Mary, which also sat at Jesus' feet, and heard his word.
40 But Martha was cumbered about much serving, and came to him, and said, Lord, dost thou not care that my sister hath left me to serve alone? bid her therefore that she help me.
41 And Jesus answered and said unto her, Martha, Martha, thou art careful and troubled about many things:
42 But one thing is needful: and Mary hath chosen that good part, which shall not be taken away from her.

അനന്തരം യേശു തെക്കോട്ടുള്ള യാത്രയെ തികെച്ചു യരുശലേമിൽനിന്നു ൨ നാഴിക (യോ. ൧൧, ൧൮) ദൂരമുള്ള ബെഥന്യ ("താഴിടം") എന്ന ഗ്രാമത്തിൽ എത്തി, "യജമാനിച്ചി" എന്ന് അൎത്ഥമുള്ള മൎത്ഥയുടെ വീട്ടിൽ പ്രവേശിക്കയും ചെയ്തു. അവൾ പക്ഷേ കുഷ്ഠരോഗിയായ ശീമോന്റെ വിധവ തന്നെ (മത്ത. ൨൬, ൬). ലാജർ എന്ന സഹോദരനും അവിടെ ഉണ്ടു. ആ കുഡുംബത്തോടു യേശുവിന്നു ഉണ്ടായ മമത ആരംഭിച്ചത് എപ്പോളെന്നു അറിയുന്നില്ല. എന്നാൽ യേശുവിനെ കണ്ടിട്ടു അനുജയായ മറിയ തന്റെ വേലയെ വിട്ടു യേശുകാല്ക്കൽ ഇരുന്നു ഗുരുവചനം കേട്ടു വീടും ലോകവും മറ്റും മറന്നപ്പോൾ മൎത്ഥ അതിഥിസല്ക്കാരത്തിന്നായി വളരെ കഷ്ടിച്ചു മുഷിഞ്ഞാറെ അനുജയുടെ മടിവിനെ ശാസിക്കേണം എന്നു കൎത്താവോടു പറഞ്ഞു. അപ്പോൾ അവൻ മൎത്ഥേ മൎത്ഥേ, നീ പലതിന്നായിട്ടും കരുതി ക്ലേശിക്കുന്നു, ഒന്നേ ആവശ്യം ഉള്ളു (ഏകഗതിയെ ഏകാഗ്രതയോടെ നോക്കുന്ന മനസ്സത്രെ); ഇതിനെ മറിയ തന്റെ അംശമായി വരിച്ചത് അവളിൽനിന്ന് എടുക്കപ്പെടുകയില്ല എന്നു പറഞ്ഞു. ഇവരിൽ ജ്യേഷ്ഠ യേശുവെ സ്നേഹിച്ചു നാനാപ്രവൃത്തിയാൽ സേവിക്കുന്നവൾ എങ്കിലും ഈ മറിയ ശിഷ്യമാരിൽ ഏററവും ശ്ലാഘ്യ തന്നെ. അവളിൽ യഹൂദഭാവവും ഇവളിൽ ക്രിസ്തീയഭാവവും ഏറെ കാണുന്നു. പ്രവൃ

ത്തിക്കുക അല്ല വാങ്ങുക തന്നെ ദേവഭക്തിയുടെ രഹസ്യം എന്നിവറ്റിന്ന് അന്നു ബോധിച്ചതല്ലാതെ പിറേറ വൎഷത്തിൽ അവൾ മനസ്സിന്റെ നല്ല നിക്ഷേപത്തിൽനിന്നു മൂല്യമായ തൈലാഭിഷേകം ആകുന്ന സൽക്രിയയെ കണ്ടു നടത്തി. ഇപ്രകാരം ഒന്നിനെ ആഗ്രഹിക്കുന്ന മനസ്സിന്നിമിത്തം കൎത്താവ് ൨ വട്ടം അവളുടെ പക്ഷം എടുത്തും ഇരിക്കുന്നു.

F.

JESUS AT JERUSALEM, ATTENDING THE FEAST OF THE DEDICATION.

(20*th Dec.* 29 *A. D.*)

പ്ര തി ഷ്ഠാ നാ ൾ യാ ത്ര.

(ക്രിസ്തു. ൨൯, ൨൦ ഡിസെംബർ.)

§ 116.

Debate in the Temple. Unbelief the only Cause of Israel's Disappointment.

അവിശ്വാസമേ ഇസ്രയേലിൻ നിൎഭാഗ്യകാരണം എന്നു ദേവാലയത്തിൽ ഉപദേശിച്ചതു.

JOHN X.

22 And it was at Jerusalem the feast of the dedication, and it was winter.

23 And Jesus walked in the temple in Solomon's porch.

24 Then came the Jews round about him, and said unto him, How long dost thou make us to doubt? If thou be the Christ, tell us plainly.

25 Jesus answered them, I told you, and ye believed not: the works that I do in my Father's name, they bear witness of me.

26 But ye believe not, because ye are not of my sheep, as I said unto you.

27 My sheep hear my voice, and I know them, and they follow me:

28 And I give unto them eternal life; and they shall never perish, neither shall any *man* pluck them out of my hand.

29 My Father, which gave *them* me, is greater than all; and no *man* is able to pluck *them* out of my Father's hand.

30 I and *my* Father are one.

31 Then the Jews took up stones again to stone him.

32 Jesus answered them, Many good works have I shewed you from my Father; for which of those works do ye stone me?

33 The Jews answered him, saying, For a good work we stone thee not; but for blasphemy; and because that thou, being a man, makest thyself God.

34 Jesus answered them, Is it not written in your law, I said, ye are gods?

35 If he called them gods, unto whom the word of God came, and the scripture cannot be broken;

36 Say ye of him, whom the Father hath sanctified, and sent into the world, Thou blasphemest; because I said, I am the Son of God?

37 If I do not the works of my Father, believe me not.

38 But if I do, though ye believe not me, believe the works: that ye may know, and believe, that the Father *is* in me, and I in him.

39 Therefore they sought again to take him: but he escaped out of their hand.

പണ്ടു മക്കാബ്യനായ യഹൂദ യവനസുറിയാണികളേയും ജയിച്ചു ദേവാലയത്തിൽ കയറി, ൩ വൎഷത്തോളം നടന്ന ബിംബാരാധനയെ മുടിച്ചു ബലിപീഠം പുതുതാക്കിയതിന്റെ ഓൎമ്മെക്കായിട്ടു (ക്രി. മു. ൧൬൫, കിസ്ലെവ്മാസം ൨൫-) യഹൂദർ ആണ്ടുതോറും ൮ ദിവസമുള്ള പ്രതിഷ്ഠപെരുനാളെ സങ്കല്പിച്ചു കൊണ്ടാടി നടന്നു. അതിന്നു നവീകരണദിവസം എന്നും ദീപോത്സവം

എന്നും പേരുകൾ ഉണ്ടു. ആ വൻ ആണ്ടിൽ ദിസെംബർ ൨൦ാം നു- തന്നെ ഉത്സവാരംഭം. അന്നു ശീതവികാരം നിമിത്തം യേശു ഒരു സ്ഥലം അന്വേഷിച്ചു ശലോമൊൻറ പണിയായി ശേഷിച്ച കിഴക്കേ മണ്ഡപത്തിൽ പുക്ക ഉടനെ യഹൂദർ അവനെ വളഞ്ഞുകൊണ്ടു, എത്ര കാലം നീ ഞങ്ങളുടെ ആത്മാക്കളെ ആടിക്കുന്നു! നീ മശീഹ എങ്കിൽ നേർ പറക എന്നു ചോദിച്ചു. ആ യഹൂദാവെന്നപോലെ പുതുക്കം വരുത്തുന്ന വീരനിൽ ലോകപ്രകാരം ആശ ഉണ്ടായതിനാൽ ഇപ്രകാരം പറഞ്ഞിരുന്നു.

അവൎക്കു ബോധിച്ച മശീഹഭാവത്തെ താൻ തള്ളീട്ടും, യേശു മുമ്പിൽ അറിയിച്ചപ്രകാരം അവൎക്കു മശീഹ ആവാൻ ഇഛ്ശിച്ചു എങ്കിലും തൻെറ വാക്കും ക്രിയകളും രണ്ടും അവർ വിശ്വസിക്കാത്തതു തന്നെ തടവാകുന്നു എന്നു കാട്ടി. ഈ അവിശ്വാസത്താൽ അവർ തൻെറ ആട്ടുകൾ അല്ലാത്തവർ എന്നു കാണിക്കയാൽ നല്ല ആട്ടുകളുടെ ഭാഗ്യത്തെ മുമ്പെത്ത പെരുനാളിൽ എന്നപോലെ വൎണ്ണിപ്പാൻ സംഗതി വന്നു. ഇവർ യേശുവെ നടത്തുന്നവരല്ല, അവൻ ഇടയനായി നടത്തുന്ന ആട്ടുകൾ കണക്കെ അനുസരിച്ചു എങ്കിൽ രോമരുടെ പാളയത്താലും മറ്റും നാശം വരുന്നതിന്നു ഭയപ്പെടേണ്ടതില്ലയായിരുന്നു (൧൧, ൨൮). സ്വന്ത ആട്ടുകളെ ഏതു വിരോധത്തിൽനിന്നും ഉദ്ധരിപ്പാൻ തനിക്ക് ശക്തി ഉണ്ടാകുന്നത് അവരെറെ തന്ന പിതാവിൻെറ മഹത്വം മൂലം സാധിച്ചു: ഞാനും പിതാവും ഒന്നത്രെ.

എന്നു കേട്ട ഉടനെ യഹൂദദുൎവ്വാശി പൊങ്ങീട്ടു അവർ കല്ലെടുപ്പാൻ തുടങ്ങി. ഞാൻ കാട്ടിയ ഏതൊരു സൽക്രിയ നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ശാന്തതയോടെ ചോദിച്ചത് അവൎക്ക് അല്പം ബോദ്ധ്യം വരുത്തിയപ്പോൾ ദേവപുത്രൻ എന്ന നാമധേയം കൂടെ ദിവ്യ മുദ്ര ഉള്ള മദ്ധ്യസ്ഥന്നു പറ്റുന്നു എന്നു വേദവാക്യങ്ങളെ കൊണ്ടു കാട്ടി (സങ്കീ. ൮൨, ൬; ദേവജാതിയിലേ സ്ഥാനികൾ യഹോവയുടെ പ്രതിബിംബം പോലെ ആകകൊണ്ടു ദേവർ എന്ന പേർ ഉണ്ടു; ൨ മോ. ൪, ൧൬ പിന്നെ ൨ മോശ. ൨൧, ൬; ൨൨, ൮ "ന്യായാധിപതികൾ" എന്ന വാക്കു മൂലഭാഷയിലില്ല, "ദേവകൾ" എന്ന വാക്കേ ഉള്ളു). എന്നിൽ കാണുന്ന ദിവ്യഭാവത്തെ വിശ്വസിക്കാതെ ഇരുന്നാലും ദേവകൃതമായ പ്രവൃത്തികളാൽ പോലും വിശ്വാസം ജനിക്കേണ്ടതായിരുന്നു. എന്നതു കേട്ടാറെ അവർ അല്പം അടങ്ങീട്ടും പിടിച്ചു വിസ്തരിപ്പാൻ ഭാവിച്ചപ്പോൾ യേശു തനിക്ക് ൩ മാസത്തേ പണി ശേഷിപ്പുണ്ടു എന്നറിഞ്ഞു പിന്നേയും അവരിൽനിന്നു തെററി പരായ്യെക്കു മടങ്ങി പോരുകയും ചെയ്തു.

CHAPTER III.

The last three Months' Ministry, principally in Peræa.

(*January—March* 30 *A. D.*)

മൂന്നാം അദ്ധ്യായം.

ഒടുക്കത്തെ മൂന്നു മാസങ്ങളിലെ പ്രവൎത്തനം

(വിശേഷാൽ പരായ്യനാട്ടിൽ വെച്ച്).

(ക്രിസ്ത്വാബ്ദം ൩൦, ജനുവരി തുടങ്ങി മാൎച്ച് വരെ).

A.

CHRIST'S SOJOURN AT BETHABARA.

(*Jan.—Febr.* 30 *A. D.*)

പരായ്യനാട്ടിലേ വാസം.

(ക്രിസ്ത്വാബ്ദം ൩൦, ജനുവരിയും ഫെബ്രുവരിയും).

§ 117.

Christ's stay in Peræa. Instruction on Prayer.

യേശു യൎദ്ദനക്കരെ പാൎത്തുപദേശിച്ചതു.

a) *Jesus retires to Bethabara beyond Jordan.* യേശു യൎദ്ദനക്കരെ പോയി പാൎത്തു.

MATT. XIX.

1 And it came to pass, *that* when Jesus had finished these sayings, he departed from Galilee, and came into the coasts of Judæa beyond Jordan;

2 And great multitudes followed him; and he healed them there.

MARK X.

1 And he arose from thence, and cometh into the coasts of Judæa by the farther side of Jordan: and the people resort unto him again; and, as he was wont, he taught them again.

JOHN X.

40 And went away again beyond Jordan into the place where John at first baptized; and there he abode.

41 And many resorted unto him, and said, John did no miracle: but all things that John spake of this man were true.

42 And many believed on him there.

b) *Instruction on Prayer.* പ്രാൎത്ഥനോപദേശം.

LUKE XI.

1 And it came to pass, that, as he was praying in a certain place, when he ceased, one of his disciples said unto him, Lord, teach us to pray, as John also taught his disciples.

2 And he said unto them, When ye pray, say, Our Father which art in heaven, Hallowed be thy name. Thy kingdom come. Thy will be done, as in heaven, so in earth.

3 Give us day by day our daily bread.

4 And forgive us our sins; for we also forgive every one that is indebted to us. And lead us not into temptation; but deliver us from evil.

5 And he said unto them, Which of you shall have a friend and shall go unto him at midnight, and say unto him, Friend, lend me three loaves;

6 For a friend of mine in his journey is come to me, and I have nothing to set before him?

7 And he from within shall answer and say, Trouble me not: the door is now shut, and my children are with me in bed; I cannot rise and give thee.

8 I say unto you, Though he will not rise and give him, because he is his friend, yet because of his importunity he will rise and give him as many as he needeth.

9 And I say unto you, Ask, and it shall be given you; seek, and ye shall find; knock, and it shall be opened unto you.

10 For every one that asketh receiveth; and he that seeketh findeth; and to him that knocketh it shall be opened.

11 If a son shall ask bread of any of you that is a father, will he give him a stone? or if *he ask* a fish, will he for a fish give him a serpent?

12 Or if he shall ask an egg, will he offer him a scorpion?

13 If ye then, being evil, know how to give good gifts unto your children: how much more shall *your* heavenly Father give the Holy Spirit to them that ask him?

പ്രതിഷ്ഠാനാളിൽ പിന്നെ (§ ൧൧൩) യേശു യൎദ്ദനക്കര പോയി പരായ്യയിൽ പാൎത്തു എന്നു കേൾക്കുന്നു. യോഹനാൻ സ്നാനം കഴിച്ചു ഓട്ടം തീൎത്ത നാട്ട പരായ്യ അല്ലോ.* ആയതിൽ പണ്ടു യേശു ആദ്യശിഷ്യരെ കണ്ടു ചേൎത്തു പോലെ (§ ൫൬) ഇപ്പോഴും ക്രിയാസമൎപ്പണത്തിൽ മുന്നടന്നവന്റെ ഓൎമ്മ (യോ. ൧൦, ൪൧; ലൂക്ക. ൧൧, ൧) കൎത്താവിന്നു പല ഹൃദയങ്ങളിൽ വഴി ഒരുക്കി. പിഞ്ചെല്ലുന്ന പുരുഷാരങ്ങളിൽ ചെയ്തു വരുന്ന അത്ഭുതങ്ങളേയും കണ്ടിട്ടു (മത്ത. ൧൯, ൨) പലരും ഇവൻ യോഹനാന്റെ വേലെക്കു തികവു വരുത്തുന്നവൻ എന്നു ഗ്രഹിച്ചു വിശ്വസിക്കയും ചെയ്തു (യോ.).

ലാജരെ എഴുനീല്പിക്കേണ്ടതിന്നു തിരികെ തെക്കോട്ടു പ്രയാണം ചെയ്യുംവരേക്കു (§ ൧൨൧ ff) യേശു പരായ്യനാട്ടിൽ പാൎത്തു. ൦രം വാസത്തേ വിഷയങ്ങൾ ചുരുക്കം അത്രെ. എങ്കിലും ലൂക്ക. ൧൧, ൧—൧൩, ൧൦ വിവരിച്ച വൃത്താന്തങ്ങൾ മിക്കതും ഇങ്ങു ചേരുന്നു എന്നു തോന്നുന്നു (§ ൧൧൨ നോക്ക).

അന്നു ഒരു ദിക്കിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്ന ശേഷം, യോഹനാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതു പോലെ ഞങ്ങൾക്കു പ്രാൎത്ഥിപ്പാൻ ഉപദേശിക്കേണമേ എന്നു ഒരു ശിഷ്യൻ അപേക്ഷിച്ചു. ആകയാൽ പൎവ്വതപ്രസംഗത്തിൽ എന്നപോലെ സൎവ്വ പ്രാൎത്ഥനയുടെ മാതൃക ആകുന്ന കൎത്തൃപ്രാൎത്ഥനയെ പിന്നേയും ഉപദേശിക്കയും ശേഷം ഓരോ പ്രബോധനങ്ങളാൽ വിശ്വാസധൈൎയ്യങ്ങളെ ശിഷ്യരിൽ ജ്വലിപ്പിക്കയും ചെയ്തു. § ൮൧ g & h, § ൩൩ ഒത്തുനോക്ക.

---

§ 118.

JESUS DINING WITH A PHARISEE AND DENOUNCING WOES AGAINST THE PHARISEES AND SCRIBES.

മുത്താഴത്തിങ്കൽ പറീശരെ ആക്ഷേപിച്ചതു.

LUKE XI.

37 And as he spake, a certain Pharisee besought him to dine with him: and he went in, and sat down to meat.
38 And when the Pharisee saw *it*, he marvelled that he had not first washed before dinner.
39 And the Lord said unto him, Now do ye Pharisees make clean the outside of the cup and the platter; but your inward part is full of ravening and wickedness.
40 *Ye* fools, did not he that made that which is without make that which is within also?
41 But rather give alms of such things as ye have; and, behold, all things are clean unto you.
42 But woe unto you, Pharisees! for ye tithe mint and rue and all manner of herbs, and pass over judgment and the love of God: these ought ye to have done, and not to leave the other undone.
43 Woe unto you, Pharisees! for ye love the uppermost seats in the synagogues, and greetings in the markets.
44 Woe unto you, scribes and Pharisees, hypocrites! for ye are as graves which appear not, and the men that walk over *them* are not aware *of them*.
45 Then answered one of the lawyers, and said unto him, Master, thus saying thou reproachest us also.
46 And he said, Woe unto you also, *ye* lawyers! for ye lade men with burdens grievous to be borne, and ye yourselves touch not the burdens with one of your fingers.
47 Woe unto you! for ye build the sepulchres of the prophets, and your fathers killed them.
48 Truly ye bear witness that ye allow the deeds of your fathers: for they indeed killed them, and ye build their sepulchres.
49 Therefore also said the wisdom of God, I will send them prophets and apostles, and *some* of them they shall slay and persecute:
50 That the blood of all the prophets, which

---

* പിന്നെ യരുശലേമിൻ നാശകാലത്തു ശിഷ്യൎക്കു സങ്കേതസ്ഥാനം കിട്ടിയതു ആ നാട്ടിൽ തന്നെ ആകുന്നു.

Luke XI.

was shed from the foundation of the world, may be required of this generation;

51 From the blood of Abel unto the blood of Zacharias, which perished between the altar and the temple: verily I say unto you, It shall be required of this generation.

52 Woe unto you, lawyers! for ye have taken away the key of knowledge: ye entered not in yourselves, and them that were entering in ye hindered.

53 And as he said these things unto them, the scribes and the Pharisees began to urge *him* vehemently, and to provoke him to speak of many things:

54 Laying wait for him, and seeking to catch something out of his mouth, that they might accuse him.

യേശു ഒരു ദിവസം പുരുഷാരത്തോടു സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ ഒരു പറീശൻ ഉപായം വിചാരിച്ചിട്ടു അടുക്കെ എന്റെ ഭവനത്തിൽ ചെന്നു കത്തൽ അടക്കാം എന്നു ചൊല്ലി വീട്ടിൽ വരുത്തുകയും ചെയ്തു. ശത്രുക്കൾ ഒററു നോക്കുന്നതു യേശു അറിഞ്ഞു സ്നാനം ചെയ്യാതെ ഉടനെ ഇരുന്നു. ഒർ അപ്പം മാത്രം തിന്നാലും മുമ്പെ കൈകളെ നരിയാണിയോളവും, തിന്നതിൽ പിന്നെ നരിയാണി തൊട്ടു വിരലോളവും കഴുകേണം എന്നു മൂപ്പന്മാരുടെ വെപ്പു തന്നെ. ആകയാൽ പറീശൻ ഭ്രമിച്ചപ്പോൾ യേശു ഉള്ളം തുറന്നു ശാസിപ്പാൻ തുടങ്ങി. കിണ്ണം കിണ്ടി മുതലായ്തിന്റെ പുറം നിങ്ങൾ ശുദ്ധമാക്കുന്നു, അതിൻ ഉള്ളിൽ കവൎച്ചയും ചതിയും നിറഞ്ഞതു. അജ്ഞന്മാരേ, പുറം ഉണ്ടാക്കിയവൻ അകവും ഉണ്ടാക്കിയില്ലയോ? ഉള്ളിൽ ആക്കിയ കവൎച്ചയെ കൊടുത്തു വിട്ടാലെ ഇരുപുറവും ശുദ്ധി വരും. പറീശരേ, നിങ്ങൾക്കു ഹാ കഷ്ടം! തുളസി ചീരകങ്ങളിൽ പോലും പതാരം കൊടുത്തു നിങ്ങൾ ന്യായവിധിയും ദേവസ്നേഹവും വിട്ടു കളയുന്നു. ഇവ ചെയ്കയും അവ ഒഴിക്കാതെ ഇരിക്കയും വേണ്ടിയതല്ലോ. പള്ളികളിൽ മുഖ്യാസനവും അങ്ങാടികളിൽ വന്ദനവും ആഗ്രഹിക്കയാൽ നിങ്ങൾക്കു ഹാ കഷ്ടം! മനുഷ്യൎക്കറിയാതെ തീണ്ടൽ വരുത്തുന്ന ശ്മശാനസ്ഥലങ്ങൾക്കു ഒത്തവർ ആകയാൽ നിങ്ങൾക്ക് ഹാ കഷ്ടം! ഈ മൂന്നു ധിക്കാരവും കേട്ടാറെ വെപ്പുകളെ ആക്ഷേപിച്ചതിന്നിമിത്തം ഒരു വൈദികൻ കോപിച്ചു ഈ വാക്കിനാൽ ഞങ്ങളേയും നിന്ദിക്കുന്നു എന്നു പറഞ്ഞു. യേശുവും അതു സമ്മതിച്ചു, നിങ്ങൾ തൊടാതെ കണ്ടുള്ള അസഹ്യഭാരങ്ങളെ സാധുക്കളിൽ ചുമത്തുന്നത് കൊണ്ടും പൂൎവ്വന്മാർ കൊന്നിട്ടുള്ള പ്രവാചകന്മാൎക്ക് കല്ലറകളെ കെട്ടുന്നതു കൊണ്ടും നിങ്ങൾക്കും ഹാ കഷ്ടം! എന്നു പറഞ്ഞു. മുമ്പേത്തവർ അവരെ കൊന്നു നീക്കിയതും, നിങ്ങൾ അവരെ കാഴ്ചെക്കായി മാനിക്കുമ്പോൾ അവരുടെ വാക്കും എഴുത്തുകളും വ്യാഖ്യാനങ്ങളിൽ മൂടി വെച്ചു മറചെയ്യുന്നതും ഒരേ ക്രിയ തന്നെ. ആകയാൽ ദേവജ്ഞാനത്തിന്റെ നിത്യാഭിപ്രായം ഇതത്രെ: ഇസ്രയേലിന്നു ദൂതന്മാരേയും പ്രവാചകരേയും അയക്കും; അവരെ ഹിംസിക്കയും കൊല്ലുകയും ചെയ്കയാൽ ഹാബെൽ മുതൽ ജകൎയ്യ* പൎയ്യന്തം ഉള്ള സകല ദേവദാസന്മാരുടെ രക്തവും അവരിൽ ശ്രേഷ്ഠനെ കൊല്ലുവാനിരിക്കുന്ന ഈ കരുന്തലയോടു ചോദിക്കപ്പെടും. സത്യരാജ്യത്തിൽ നിങ്ങൾ പ്രവേശിക്കാതെ പ്രവേശിപ്പാൻ ഭാവിക്കുന്നവരെ മുടക്കി ജ്ഞാനത്തിന്റെ താക്കോലെ

* ഇത് ആർ എന്നാൽ ൨ നാള. ൨൪, ൩൦ പറഞ്ഞവനത്രെ ഇതു വേദ ചരിത്രത്തിൽ കാണുന്ന സാക്ഷി മരണങ്ങളിൽ ഒടുക്കത്തേത്. അവൻ ബറക്യ്യയുടെ മകൻ എന്നു (മത്ത. ൨൩, ൩൫) കേൾക്കുന്നതിനാൽ കുറയ വൈഷമ്യം ജനിക്കുന്നു അവൻ യോയദാവിൻ പുത്രൻ എന്നും ഉണ്ടല്ലോ മറെറാരു ജകൎയ്യ ബറക്യ്യയുടെ പുത്രൻ തന്നെ (ജക. ൧, ൧) അവൻ മരണവൎത്തമാനം ഒന്നും അറിയുന്നില്ല.

എടുത്തു കളകയാൽ, വൈദികരേ, നിങ്ങൾക്കു ഹാ കഷ്ടം! എന്നു നധിക്കാരം വൈദികരുടെ നേരെ ചൊല്ലിയപ്പോൾ ഭോജനത്തിന്നു മുടക്കം വന്നു, വിരുന്നുകാർ എഴുനീറ്റു അവനെ വളഞ്ഞു നിൎബ്ബന്ധിച്ചു ചോദ്യങ്ങളാൽ കുടുക്കുവാൻ ഒന്നിച്ചു നോക്കുകയും ചെയ്തു.

---

§ 119.

ON HYPOCRISY, FEAR OF MAN, COVETOUSNESS, ANXIETY, ETC.

പരിശവ്യാജം മാനുഷഭയം ലോഭം ഇത്യാദികളെ കുറിച്ച് ഉപദേശിച്ചതു.

LUKE XII.

1 In the mean time, when there were gathered together an innumerable multitude of people, insomuch that they trode one upon another, he began to say unto his disciples first of all, Beware ye of the leaven of the Pharisees, which is hypocrisy.

2 For there is nothing covered, that shall not be revealed; neither hid, that shall not be known.

3 Therefore whatsoever ye have spoken in darkness shall be heard in the light; and that which ye have spoken in the ear in closets shall be proclaimed upon the housetops.

4 And I say unto you my friends, Be not afraid of them that kill the body, and after that have no more that they can do.

5 But I will forewarn you whom ye shall fear: Fear him, which after he hath killed hath power to cast into hell; yea, I say unto you, Fear him.

6 Are not five sparrows sold for two farthings, and not one of them is forgotten before God?

7 But even the very hairs of your head are all numbered. Fear not therefore: ye are of more value than many sparrows.

8 Also I say unto you, Whosoever shall confess me before men, him shall the Son of man also confess before the angels of God:

9 But he that denieth me before men shall be denied before the angels of God.

10 And whosoever shall speak a word against the Son of man, it shall be forgiven him: but unto him that blasphemeth against the Holy Ghost it shall not be forgiven.

11 And when they bring you unto the synagogues, and *unto* magistrates, and powers, take ye no thought how or what thing ye shall answer, or what ye shall say:

12 For the Holy Ghost shall teach you in the same hour what ye ought to say.

13 And one of the company said unto him, Master, speak to my brother, that he divide the inheritance with me.

14 And he said unto him, Man, who made me a judge or a divider over you?

15 And he said unto them, Take heed, and beware of covetousness: for a man's life consisteth not in the abundance of the things which he possesseth.

16 And he spake a parable unto them, saying, The ground of a certain rich man brought forth plentifully:

17 And he thought within himself, saying, What shall I do, because I have no room where to bestow my fruits?

18 And he said, This will I do: I will pull down my barns, and build greater; and there will I bestow all my fruits and my goods.

19 And I will say to my soul, Soul, thou hast much goods laid up for many years: take thine ease, eat, drink, *and* be merry.

20 But God said unto him, *Thou* fool, this night thy soul shall be required of thee: then whose shall those things be, which thou hast provided?

21 So *is* he that layeth up treasure for himself, and is not rich toward God.

22 And he said unto his disciples, Therefore I say unto you, Take no thought for your life, what ye shall eat; neither for the body, what ye shall put on.

23 The life is more than meat, and the body *is more* than raiment.

24 Consider the ravens: for they neither sow nor reap; which neither have storehouse nor barn; and God feedeth them: how much more are ye better than the fowls?

25 And which of you with taking thought can add to his stature one cubit?

26 If ye then be not able to do that thing which is least, why take ye thought for the rest?

27 Consider the lilies how they grow: they toil not, they spin not; and yet I say unto you, that Solomon in all his glory was not arrayed like one of these.

28 If then God so clothe the grass, which is to day in the field, and to morrow is cast into the oven; how much more *will he clothe* you, O ye of little faith?

29 And seek not ye what ye shall eat, or what ye shall drink, neither be ye of doubtful mind.

30 For all these things do the nations of the world seek after: and your Father knoweth that ye have need of these things.

31 But rather seek ye the kingdom of God; and all these things shall be added unto you.

Luke XII.

32 Fear not, little flock; for it is your Father's good pleasure to give you the kingdom.
33 Sell that ye have, and give alms; provide yourselves bags which wax not old, a treasure in the heavens that faileth not, where no thief approacheth, neither moth corrupteth.
34 For where your treasure is, there will your heart be also.
35 Let your loins be girded about, and *your* lights burning;
36 And ye yourselves like unto men that wait for their lord, when he will return from the wedding; that when he cometh and knocketh, they may open unto him immediately.
37 Blessed *are* those servants, whom the lord when he cometh shall find watching: verily I say unto you, that he shall gird himself, and make them to sit down to meat, and will come forth and serve them.
38 And if he shall come in the second watch, or come in the third watch, and find *them* so, blessed are those servants.
39 And this know, that if the goodman of the house had known what hour the thief would come, he would have watched, and not have suffered his house to be broken through.
40 Be ye therefore ready also: for the Son of man cometh at an hour when ye think not.
. . . v. 41—48 *Text vide* § 50. . . .
49 I am come to send fire on the earth; and what will I, if it be already kindled?
50 But I have a baptism to be baptized with; and how am I straitened till it be accomplished!
51 Suppose ye that I am come to give peace on earth? I tell you, Nay; but rather division:
52 For from henceforth there shall be five in one house divided, three against two, and two against three.
53 The father shall be divided against the son, and the son against the father; the mother against the daughter, and the daughter against the mother; the mother in law against her daughter in law, and the daughter in law against her mother in law.
54 And he said also to the people, When ye see a cloud rise out of the west, straightway ye say, There cometh a shower; and so it is.
55 And when *ye see* the south wind blow, ye say, There will be heat; and it cometh to pass.
56 *Ye* hypocrites, ye can discern the face of the sky and of the earth; but how is it that ye do not discern this time?
57 Yea, and why even of yourselves judge ye not what is right?
58 When thou goest with thine adversary to the magistrate, *as thou art* in the way, give diligence that thou mayest be delivered from him; lest he hale thee to the judge, and the judge deliver thee to the officer, and the officer cast thee into prison.
59 I tell thee, thou shalt not depart thence, till thou hast paid the very last mite.

അതിന്നിടേ പുരുഷാരങ്ങൾ അവനെ കാണ്മാൻ ആശിച്ചു വാതുക്കൽ തിങ്ങിവിങ്ങി നിന്നു. അതു കണ്ടു ശത്രുക്കളും കുറയ അടങ്ങിയപ്പോൾ യേശു പുറപ്പെട്ടു വിശ്വസ്തന്മാരുടെ കൂട്ടത്തിൽ ചേൎന്നു. ഈ വക സല്ക്കാരങ്ങളേയും പറീശന്മാരുടെ മായാഭക്തിയേയും സൂക്ഷിച്ച് ഒഴിക്കേണം, ശത്രുക്കളെ ഭയപ്പെടരുത് താനും എന്നു മുമ്പറഞ്ഞ ന്യായത്തിൻപ്രകാരം ഉപദേശിച്ചു (മത്ത. ൧൦, ൨൬*ff*; ൧൨, ൩൨; ൧൦, ൧൯*f*.) ആശ്രിതന്മാൎക്ക് ധൈൎയ്യം വൎദ്ധിപ്പിക്കയും ചെയ്തു.

ജനങ്ങൾ മനസ്സോടെ കേട്ടുകൊണ്ടിരുന്നപ്പോൾ കൂട്ടത്തിൽനിന്നു ഒരുവൻ യേശു ഇസ്രയേലിന്നു ന്യായം വിധിപ്പാൻ മതിയായുള്ളവൻ എന്നു നിശ്ചയിച്ചു, അവകാശപ്പകുതിയെ സഹോദരനോടു കല്പിക്കേണം എന്ന് അപേക്ഷിച്ചു. അതിനെ യേശു അധികാരികൾ ഉണ്ടാകനിമിത്തവും ചാതിക്കാരത്തിന്നായി രണ്ടു പക്ഷങ്ങളുടെ സമ്മതം വേണ്ടുന്നതിന്നിമിത്തവും കേവലം വെറുത്തു, വാദത്തിന്റെ വേർ ദ്രവ്യാഗ്രഹം അത്രെ എന്നു വെളിപ്പെടുത്തി, സമ്പത്തുകൾ നിറഞ്ഞു കവിയുന്നതിനാൽ ജീവൻ ജനിക്കുന്നതല്ല എന്ന് ജന്മിയുടെ ഉപമയാൽ കാട്ടി (§൱൮) ഭാവിവിചാരത്തെ പൎവ്വതപ്രസംഗവാക്കുകളാൽ തള്ളുകയും ചെയ്തു. ചെറിയ ആട്ടിങ്കൂട്ടം പിതാവ് രാജ്യം നല്കിയതുകൊണ്ടു ആവശ്യമില്ലാത്തതു വിററും ധൎമ്മം കൊടുത്തും മശീഹരാജ്യത്തെ സേവിച്ചു കൎത്താവിൻ വരവിനെ കാത്തുകൊള്ളുന്ന നല്ല പണിക്കാർ ആകേണം (§൫൦). എന്നു കേട്ടാറെ ഇത് എല്ലാവൎക്കും പററുമോ എന്നു കേഫാ ചോദിച്ചതിന്നു പ്രത്യേകം വിചാരണ ഉള്ള ശുശ്രൂഷക്കാൎക്ക് പററുന്നു എന്ന് വിവരമായി കാട്ടി, പഴയ നിയമത്തിന്റെ വിചാരണ ലഭിച്ച മൂപ്പന്മാരെ പോലെ തന്റെ

ശിഷ്യന്മാർ പിഴകിപ്പോകായ്വാൻ പ്രത്യേകം ഉത്സാഹിപ്പിച്ചു, കല്പന അറിഞ്ഞു പിഴച്ച ദുഷ്ടന്മാൎക്ക് ശിക്ഷ അധികം എങ്കിലും അറിയാതെ ലംഘിച്ചവൎക്കും ചിലതു കൊള്ളേണ്ടതാകയാൽ ഈ ഉപദേശം എല്ലാവൎക്കും പററുന്നതാക്കി വെക്കയും ചെയ്തു.

ആ വലുതായ പോരാട്ടം അകമ്പുറം തുടങ്ങിയതുകൊണ്ടു കൎത്താവ് തനിക്കുണ്ടായ വിളിയെ സ്പഷ്ടമായി പറഞ്ഞു: ഭൂമിമേൽ തീ ഇടുവാൻ ഞാൻ വന്നു. ഭൂമി ഇപ്പോൾ കത്തി എങ്കിൽ എത്ര കൊള്ളായിരുന്നു! എങ്കിലും മുമ്പെ ഞാൻ ഒരു സ്നാനത്തിൽ മുഴുകേണ്ടു; അതു തികവോളം ഞാൻ എത്ര ക്ലേശിക്കുന്നു! സ്വമരണം തന്നെ മുമ്പെ സംഭവിച്ചു, ജലപ്രളയത്തിന്നു ഒത്ത സ്നാനം തന്നിൽ നടക്കേണം; എന്നതിന്റെ ശേഷം ഓരോരോ ഹൃദയങ്ങളിലും മുഴുജാതികളിലും ഒടുക്കം പഞ്ചഭൂതങ്ങളിലും പരന്നും സകലവും ശോധന കഴിച്ചും ന്യായം വിധിച്ചും ഉലകിന്നു പുതുക്കം വരുത്തുന്ന ഒർ അഗ്നിസ്നാനത്തെ താൻ കഴിപ്പിക്കും. സമാധാനം അല്ല ഛിദ്രം വരുത്തുവാൻ വന്നുവല്ലോ (മത്ത. ൧൦, ൩൪ *ff*). സകല മനുഷ്യജാതിയും യേശുവിൻ കൂട്ടരും വിരോധികളും എന്നിങ്ങിനെ ൨ പക്ഷമായി വേൎപിരിയേണ്ടതത്രെ. ആയതുകൊണ്ടു മേഘവും കാററും നോക്കുന്ന കൃഷിക്കാരൻ എന്നപോലെ കാലഛിഹ്നങ്ങളെ വിവേചിപ്പാൻ ഇസ്രയേൽ അഭ്യസിക്കേണ്ടതിന്നു സമയം ആയി (§൯൭). പടിഞ്ഞാറു (രോമയിൽ) നിന്നു വരുന്ന വന്മാരിയും, തെക്ക് (യരുശലേമിൽ)നിന്നു ഊതുവാനുള്ള തീക്കാററും വിചാരിച്ചു ന്യായവിധികൾ എത്തുമ്മുമ്പെ അഭിഷിക്തനായ പുത്രനോട് ഇണങ്ങി ചേരെണം (മത്ത. ൫, ൨൫).

---

§ 120.

A solemn Call to Repentance. A Sabbath-Miracle.

അനുതാപവിളിയും ശബ്ബത്തിലെ രോഗശാന്തിയും.

a) The slaughter of certain Galileans. The unfruitful fig tree.

അനുതാപവിളിയും കായ്ക്കാത്ത അത്തിമരത്തിൻ ഉപമയും.

LUKE XIII.

1 There were present at that season some that told him of the Galileans, whose blood Pilate had mingled with their sacrifices.

2 And Jesus answering said unto them, Suppose ye that these Galileans were sinners above all the Galileans, because they suffered such things?

3 I tell you, Nay: but, except ye repent, ye shall all likewise perish.

4 Or those eighteen, upon whom the tower in Siloam fell, and slew them, think ye that they were sinners above all men that dwelt in Jerusalem?

5 I tell you, Nay: but, except ye repent, ye shall all likewise perish.

... v. 6—9 The fig tree. *Text vide* § 45. ...

b) The healing of an infirm woman on the Sabbath.

കൂനിയായ അബ്രഹാംപുത്രിയെ കെട്ടഴിച്ചു സൌഖ്യമാക്കിയതു.

LUKE XIII.

10 And he was teaching in one of the synagogues on the sabbath.

11 And, behold, there was a woman which had a spirit of infirmity eighteen years, and was bowed together, and could in no wise lift up *herself*.

12 And when Jesus saw her, he called *her to him*, and said unto her, Woman, thou art loosed from thine infirmity.

13 And he laid *his* hands on her: and immediately she was made straight, and glorified God.

Luke XIII.

14 And the ruler of the synagogue answered with indignation, because that Jesus had healed on the sabbath day, and said unto the people, There are six days in which men ought to work: in them therefore come and be healed, and not on the sabbath day.

15 The Lord then answered him, and said, *Thou* hypocrite, doth not each one of you on the sabbath loose his ox or *his* ass from the stall, and lead *him* away to watering?

16 And ought not this woman, being a daughter of Abraham, whom Satan hath bound, lo, these eighteen years, be loosed from this bond on the sabbath day?

17 And when he had said these things, all his adversaries were ashamed: and all the people rejoiced for all the glorious things that were done by him.

പിലാതൻ പല സാഹസങ്ങളേയും ചെയ്തു നടന്നവൻ എന്നറിയുന്നുവല്ലോ (ഭാഗം ൩൭ *f.*) ആ ൨൯ വൎഷത്തിലേ പെന്തകൊസ്തനാളിൽ ഉണ്ടായിരിക്കും ദേവാലയത്തിൽ ചില ഗലീലക്കാർ മശീഹയെ ചൊല്ലി കലഹഭാവം കാട്ടീട്ടോ യഹൂദപ്രമാണികൾ നാടുവാഴിയോടു സങ്കടപ്പെട്ടിട്ടോ പിലാതൻ ചേകവരെ ബലികഴിക്കുന്ന പ്രാകാരത്തിനുള്ളിൽ അയച്ചു ചിലരെ കൊല്ലിച്ചു അവരുടെ ചോര യാഗരക്തത്തോടു ചേൎന്നൊഴുകുവാൻ സംഗതി വരുത്തിയതു. ആ വൃത്താന്തം ചിലർ യേശുവോടു അറിയിച്ചു, ഇവർ പ്രായശ്ചിത്തം കഴിക്കുന്ന സമയം തന്നെ ഘോരശിക്ഷയിൽ ഉൾപ്പെട്ടവരാകയാൽ എത്രയും പാപിഷ്ഠരല്ലോ എന്നുള്ള ഭാവത്തെ സൂചിപ്പിക്കയും ചെയ്തു. ആയ്തു സ്വനീതിയുടെ വികാരം അത്രെ എന്നു കൎത്താവ് കാണിച്ചു, അവർ മാത്രമല്ല ശേഷം ഗലീലക്കാരും അനുതപിക്കുന്നില്ല എങ്കിൽ ന്യായവിധിക്കായി പഴുത്തു നില്ക്കുന്നു. യഹൂദരുടെ അവസ്ഥയും അധികം ശുഭമായ്തല്ല: ശിലോഹഗോപുരം വീഴകയാൽ ൧൮ പേർ തകൎന്നു മരിച്ചു എന്നു കേട്ടാൽ അവർ മററ യരുശലേമ്യരിലും പാപികൾ എന്നു നിരൂപിക്കേണ്ടാ, അനുതപിക്കുന്നില്ല എങ്കിൽ എല്ലാവൎക്കും അപമൃത്യുവും അതിവേഗമുള്ള ന്യായവിധിയും വരും നിശ്ചയം.

ഫലിക്കാത്ത അത്തിമരം അതിന്നു ദൃഷ്టാന്തം (§ ൧൭). ക്രിസ്താബ്ദം ൨൯—വൻ, ഈ മൂന്നു വൎഷത്തിന്നകം ദൈവം മുമ്പെ യോഹനാനേയും പിന്നെ പുത്രനേയും നിയോഗിച്ചു ഫലം അന്വേഷിപ്പിച്ചതു പഴുതിൽ ആയി. താൻ തോട്ടക്കാരനായി ജനത്തിന്നു വേണ്ടി അപേക്ഷിക്കയാൽ അത്രെ ഒരു വൎഷത്തേ താമസം സാധിച്ചു. പിന്നെ മശീഹയെ കൊന്നതിനാൽ ഇസ്രയേലെ വെട്ടിക്കളവാൻ അവൻ താൻ സമ്മതിക്കയും ചെയ്തു.

അനന്തരം ഒരു പള്ളിയിൽ പഠിപ്പിക്കുമ്പോൾ ൧൮ വൎഷം കൂനിയായ സ്ത്രീയെ കണ്ടു അവളിൽ ഉള്ള പിശാചബന്ധം വചനത്താൽ അഴിച്ചു, പിന്നെ രോഗത്തേയും ഹസ്താൎപ്പണത്താലെ മാററി, അവളും അബ്രഹാമിൻ പുത്രിക്കു യോഗ്യമാകുംവണ്ണം യഹോവയെ സ്തുതിച്ചു. പള്ളിപ്രമാണി യേശുവെ കുറിച്ചു ധൈൎയ്യമില്ലാതെ ജനങ്ങളെ ശാസിച്ചു, പ്രാണഭയം ചേലാകൎമ്മം ചേലാശാന്തി ഈ മൂന്നിൽ അല്ലാതെ ചികിത്സിപ്പാൻ ശബ്ബത്ത് ആകാ, ൬ ആഴ്ച മതി എന്ന പാരമ്പൎയ്യവാക്കു പറഞ്ഞപ്പോൾ യേശു എതിൎത്തു, വ്യാജക്കാരേ, ശബ്ബത്തിൽ കന്നുകാലികളെ വെള്ളം കൊടുപ്പാൻ കെട്ടഴിക്കുന്നില്ലയോ? സാത്താൻ ൧൮ വൎഷം മുഴുവൻ ബന്ധിച്ചിട്ടുള്ള സഹോദരിയെ ഇന്നു തന്നെ അഴിക്കേണ്ടതല്ലയായിരുന്നുവോ? എന്നു കേട്ടാറെ വിരോധികൾ എല്ലാവരും നാണിച്ചു പുരുഷാരം സന്തോഷിക്കയും ചെയ്തു.

B.

THE JOURNEY TO BETHANY TO RAISE LAZARUS, AND SUBSEQUENT WITHDRAWAL TO EPHRAIM.

(*Febr.—March* 30 *A. D.*)

ലാജരിന്റെ പുനരുത്ഥാപനത്തിന്നായി ബെത്ഥന്യെക്ക യാത്രയായതും എഫ്രയിമിൽ വാങ്ങി പാൎത്തതും.

(ക്രിസ്ത്വാബ്ദം ൩൦, ഫെബ്രുവരിയും മാൎച്ചം).

§ 121.

THE MESSAGE OF LAZARUS'S ILLNESS REACHES OUR LORD.

ലാജരിന്റെ രോഗവൎത്തമാനം.

JOHN XI.

1 Now a certain *man* was sick, *named* Lazarus, of Bethany, the town of Mary and her sister Martha.
2 (It was *that* Mary which anointed the Lord with ointment, and wiped his feet with her hair, whose brother Lazarus was sick.)
3 Therefore his sisters sent unto him, saying, Lord, behold, he whom thou lovest is sick.
4 When Jesus heard *that*, he said, This sickness is not unto death, but for the glory of God, that the Son of God might be glorified thereby.
5 Now Jesus loved Martha and her sister, and Lazarus.
6 When he had heard therefore that he was sick, he abode two days still in the same place where he was.
7 Then after that saith he to *his* disciples, Let us go into Judæa again.
8 *His* disciples say unto him, Master, the Jews of late sought to stone thee; and goest thou thither again?
9 Jesus answered, Are there not twelve hours in the day? If any man walk in the day, he stumbleth not, because he seeth the light of this world.
10 But if a man walk in the night, he stumbleth, because there is no light in him.
11 These things said he: and after that he saith unto them, Our friend Lazarus sleepeth; but I go, that I may awake him out of sleep.
12 Then said his disciples, Lord, if he sleep, he shall do well.
13 Howbeit Jesus spake of his death: but they thought that he had spoken of taking of rest in sleep.
14 Then said Jesus unto them plainly, Lazarus is dead.
15 And I am glad for your sakes that I was not there, to the intent ye may believe; nevertheless let us go unto him.
16 Then said Thomas, which is called Didymus, unto his fellow disciples, Let us also go, that we may die with him.

യരുശലേമിന്നരികിൽ ബെത്ഥന്യ („ബെത്ഥീനി" = ഈന്തപ്പുരം) എന്ന ഒർ ഊർ ഉണ്ടു (§ ൮൭). അവിടെ ൨ സഹോദരിമാർ ലാജരുടെ വ്യാധിനിമിത്തം ക്ലേശിച്ചു പരായ്യയിൽ ആൾ അയച്ചു കൎത്താവെ അറിയിച്ചു. അവനും ഇതു മരണത്തിന്നല്ല ദൈവപുത്രന്നു മഹത്വം വരുത്തുവാനുള്ള വ്യാധി അത്രെ എന്നു ഉടനെ കല്പിച്ചു ദൂതന്നും ശിഷ്യൎക്കും ആശ്വാസം വരുത്തിയ ശേഷം, നന്ന സ്നേഹിച്ചിട്ടും അന്നു തന്നെ മരണം എന്നറിഞ്ഞിട്ടും ഉടനെ പുറപ്പെടാതെ പരായ്യയിലുള്ള വേലയെ തീൎപ്പാൻ പിന്നേയും ൨ ദിവസം പാൎത്തു, പിന്നെ യഹൂദെക്ക് പോവാൻ നിശ്ചയിക്കയും ചെയ്തു. ദൂരത്തുനിന്നു അത്ഭുതം ചെയ്തു സൌഖ്യം വരുത്തേണം എന്നു ശിഷ്യർ നിരൂപിച്ചതാകകൊണ്ടും യഹൂദയിലേ ശത്രുസംഘത്തെ കുറിച്ചു പേടിക്കകൊണ്ടും വിരോധം പറഞ്ഞപ്പോൾ, തന്റെ ആയുസ്സാകുന്ന പകൽ (൩൦ നാഴിക) തീരുവോളം കല്പിച്ച വേലയെ ചെയ്തു പോരേണം; ദൈവം വിളിക്കാതെയും പ്രസാദിക്കാതെയും ഉള്ളതിൽ ആരെങ്കിലും നടന്നാൽ അതു രാത്രിസഞ്ചാരമത്രെ, അതിനാൽ ഇടറി വീണുപോകേ

ഉള്ളു, ദൈവം അവന്നു സൂൎയ്യനായി വിളങ്ങുകയും ഇല്ല, വിശേഷാൽ ശിഷ്യന്മാൎക്ക് താൻ പകലോനായി വിളങ്ങുകയാൽ തന്നെ ആശ്രയിച്ചു നടക്കുന്നേടത്തോളം അവർ ഇടറുകയില്ല എന്നുപദേശിച്ചു. പിന്നെ സഖി ഉറങ്ങുന്നു, അവനെ ഉണൎത്തുവാൻ പോകുന്നുണ്ടു എന്നു പറഞ്ഞപ്പോൾ ദീനം ശമിക്കുന്ന നിദ്രയായിരിക്കും, പിന്നെ യാത്ര വേണ്ടാ അല്ലോ എന്ന് അവർ ചൊല്ലിയശേഷം യേശു സ്പഷ്ടമായി പറഞ്ഞിതു: ലാജർ മരിച്ചു, ഞാൻ അപ്പോൾ കൂടാഞ്ഞത് സന്തോഷമത്രെ, നിങ്ങൾക്ക് വിശ്വാസം വൎദ്ധിപ്പാൻ ഇതു വേണ്ടുന്ന വഴിയല്ലോ. എന്നു കേട്ടപ്പോൾ തോമാ വിഷാദിച്ചു യേശുവിന്റെ മരണത്തേയും ഊഹിച്ചു ദുഃഖപ്പെട്ടിട്ടും കൂട മരിപ്പാനും ഒരുമ്പെട്ടു, മറ്റ് ശിഷ്യരും ദുഃഖിച്ചു നടന്നു.

---

§ 122.

JOURNEY-INCIDENTS. WHETHER FEW SHALL BE SAVED. HEROD'S MENACE.

തെക്കോട്ടേ യാത്ര. രക്ഷെക്കായി പോരാടേണ്ടതു. ഹെരോദാവേയും യരുശലേമ്യരേയും ആക്ഷേപിച്ചതു.

LUKE XIII.

22 And he went through the cities and villages, teaching, and journeying toward Jerusalem.
23 Then said one unto him, Lord, are there few that be saved? And he said unto them,
24 Strive to enter in at the strait gate: for many, I say unto you, will seek to enter in, and shall not be able.
25 When once the master of the house is risen up, and hath shut to the door, and ye begin to stand without, and to knock at the door, saying, Lord, Lord, open unto us; and he shall answer and say unto you, I know you not whence ye are:
26 Then shall ye begin to say, We have eaten and drunk in thy presence, and thou hast taught in our streets.
27 But he shall say, I tell you, I know you not whence ye are; depart from me, all *ye* workers of iniquity.
28 There shall be weeping and gnashing of teeth, when ye shall see Abraham, and Isaac, and Jacob, and all the prophets, in the kingdom of God, and you *yourselves* thrust out.
29 And they shall come from the east, and *from* the west, and from the north, and *from* the south, and shall sit down in the kingdom of God.
30 And, behold, there are last which shall be first, and there are first which shall be last.
31 The same day there came certain of the Pharisees, saying unto him, Get thee out, and depart hence: for Herod will kill thee.
32 And he said unto them, Go ye, and tell that fox, Behold, I cast out devils, and I do cures to day and to morrow, and the third *day* I shall be perfected.
33 Nevertheless I must walk to day, and to morrow, and the *day* following: for it cannot be that a prophet perish out of Jerusalem.
34 O Jerusalem, Jerusalem, which killest the prophets, and stonest them that are sent unto thee: how often would I have gathered thy children together, as a hen *doth gather* her brood under *her* wings, and ye would not!
35 Behold your house is left unto you desolate: and verily I say unto you, Ye shall not see me, until *the time* come when ye shall say, Blessed *is* he that cometh in the name of the Lord.

ഇങ്ങിനെ ലാജരെ എഴുനീല്പിക്കേണ്ടതിന്നു യേശു ഒട്ടും ബദ്ധപ്പെടാതെ മെല്ലേ (യോ. ൧൧, ൫൪) തെക്കോട്ടു യാത്രയായി ഊരും നാടും കടന്നു ഉപദേശിച്ചു പോരുമ്പോൾ മശീഹയാൽ രക്ഷ പ്രാപിക്കുന്നവർ ചുരുക്കമോ എന്ന് ഒരുത്തൻ വെറുതെ ചോദിച്ചു. അതിന്നു യേശു ഇടുക്കുവാതില്പൂടെ പ്രവേശിപ്പാൻ പൊരുതുകൊൾ്വിൻ എന്നു ശാസിച്ചു. വീട്ടെജമാനൻ നേരം വിചാരിച്ചു വാതിൽ പൂട്ടിയ ശേഷം അത്രെ നിങ്ങൾ ഓരോരുത്തൻ വന്നു മുമ്പിലുള്ള മുഖപരിചയം ചൊല്ലി തുറക്കേണം എന്നു യാചിപ്പാനും വളരെ മുട്ടിപ്പാ

നും തുടങ്ങും, എങ്കിലും പണ്ടു അയല്ക്കാരും നാട്ടുകാരും ആയിരുന്നിട്ടും അക്രമക്കാരെ അന്ന് അറിയാതെ ഇരിക്കും. അപ്പോൾ വിശ്വാസപിതാക്കന്മാൎക്കും പ്രവാചകന്മാൎക്കും എല്ലാ പുറജാതികളിൽനിന്നും ദത്തുപുത്രന്മാർ ഉണ്ടായി ഒന്നിച്ചു രാജ്യപന്തിയിൽ കൂടുന്നതിനെ നിങ്ങൾ പുറത്തുനിന്നു കണ്ടു ദുഃഖിക്കേണ്ടി ഇരിക്കും (മത്ത. ൮, ൧൧ *f*). എല്ലാ സമയത്തും ചില മുമ്പന്മാർ പിമ്പരും പിമ്പന്മാർ മുമ്പരും ആയ്തീരുകയും ചെയ്യും. എന്നിവണ്ണം ഉരെച്ചു കള്ളആശ്രയത്തെ ആക്ഷേപിച്ചു കരുണാസമയം ഉള്ളേടം നിത്യം ഉത്സാഹം വേണ്ടുന്ന വിധത്തെ പഠിപ്പിക്കയും ചെയ്തു.

പിന്നെ യേശുവിന്നു ഉണ്ടായ ജനരഞ്ജനയേയും സാന്നിദ്ധ്യത്തേയും ഭയപ്പെട്ടിട്ടോ (൯, ൭. ൯) ഹെരോദ അന്തിപാ അവനെ ഗലീല പരായ്യനാട്ടുകളിൽനിന്നു ആട്ടിക്കളവാൻ ഭാവിച്ചു പറീശർ മുഖാന്തരം ഭീഷണി കേൾപിച്ചപ്പോൾ യേശു ആ കുറുനരിയെ ഉണൎത്തിപ്പിച്ചിതു: ൧.) ഇനി ൩ നാളോളം ഇവിടെ ബാധാരോഗശാന്തികളെ കഴിപ്പാനുണ്ടു; എന്തായാലും ഈ ക്രിയാസമൎപ്പണത്തിന്നു മുമ്പെ ഞാൻ പരായ്യനാട്ടിനെ വിടുകയില്ല നിശ്ചയം. ൨.) എന്നിട്ടും ഈ മൂന്നു ദിവസത്തിന്നകം ഹെരോദാവിൻ ഇടവകയെ വിട്ടു യഹൂദെക്കു വാങ്ങി ചെല്ലുന്നതു അത്യാവശ്യം തന്നെ. അതോ, നിങ്ങൾ സൂചിപ്പിച്ചപ്രകാരം കഷ്ടമരണങ്ങളെ തെറ്റി ഒഴിക്കേണ്ടതിന്നു എന്റെ മുറവും അല്ല, തക്ക സ്ഥലത്തിൽ അവറ്റെ ഏല്ക്കേണ്ടതിന്നു എന്നത്രെ. ൩.) കഷ്ടമരണങ്ങൾക്കു തക്ക ദിക്കോ ഗലീല അല്ല പരായ്യയും അല്ല, പ്രവാചകവൈരവും ഹത്യയും നിറഞ്ഞ യരുശലെം അത്രെ. കള്ളരുടെ ഗുഹയും കുലനിലവുമായ ദേവനഗരത്തിന്നു പുറത്തു ഒരു പ്രവാചകൻ നശിക്കുന്നതു ശരിയല്ലല്ലോ. ശേഷം വിലാപവാക്കു മത്ത. ൨൩, ൩൭ *ff.* എന്ന പോലെ.

---

§ 123.

A SABBATH-MEAL WITH A PHARISEE. DROPSY HEALED. PARABLE OF THE GREAT SUPPER.

പറീശവീട്ടിലെ മഹോദരശാന്തിയും മൂന്നു ഉപമകളും.

LUKE XIV.

1 And it came to pass, as he went into the house of one of the chief Pharisees to eat bread on the sabbath day, that they watched him.

2 And, behold, there was a certain man before him which had the dropsy.

3 And Jesus answering spake unto the lawyers and Pharisees, saying, Is it lawful to heal on the sabbath day?

4 And they held their peace. And he took *him*, and healed him, and let him go;

5 And answered them, saying, Which of you shall have an ass or an ox fallen into a pit, and will not straightway pull him out on the sabbath day?

6 And they could not answer him again to these things.

7 And he put forth a parable to those which were bidden, when he marked how they chose out the chief rooms; saying unto them,

8 When thou art bidden of any *man* to a wedding, sit not down in the highest room; lest a more honourable man than thou be bidden of him;

9 And he that bade thee and him come and say to thee, Give this man place; and thou begin with shame to take the lowest room.

10 But when thou art bidden, go and sit down in the lowest room; that when he that bade thee cometh, he may say unto thee, Friend, go up higher: then shalt thou have worship in the presence of them that sit at meat with thee.

11 For whosoever exalteth himself shall be abased; and he that humbleth himself shall be exalted.

12 Then said he also to him that bade him, When thou makest a dinner or a supper, call not thy friends, nor thy brethren, neither thy

Luke XIV.

kinsmen, nor *thy* rich neighbours; lest they also bid thee again, and a recompence be made thee.
13 But when thou makest a feast, call the poor, the maimed, the lame, the blind:
14 And thou shalt be blessed; for they cannot recompense thee: for thou shalt be recompensed at the resurrection of the just.
15 And when one of them that sat at meat with him heard these things, he said unto him, Blessed *is* he that shall eat bread in the kingdom of God.
16 Then said he unto him, A certain man made a great supper, and bade many:
17 And sent his servant at supper time to say to them that were bidden, Come; for all things are now ready.
18 And they all with one *consent* began to make excuse. The first said unto him, I have bought a piece of ground, and I must needs go and see it: I pray thee have me excused.
19 And another said, I have bought five yoke of oxen, and I go to prove them: I pray thee have me excused.
20 And another said, I have married a wife, and therefore I cannot come.
21 So that servant came, and shewed his lord these things. Then the master of the house being angry said to his servant, Go out quickly into the streets and lanes of the city, and bring in hither the poor, and the maimed, and the halt, and the blind.
22 And the servant said, Lord, it is done as thou hast commanded, and yet there is room.
23 And the lord said unto the servant, Go out into the highways and hedges, and compel *them* to come in, that my house may be filled.
24 For I say unto you, That none of those men which were bidden shall taste of my supper.

എന്നതിൽ പിന്നെ ഒരു പറീശൻ ശബ്ബത്തിൽ അവനെ തീനിന്നു നിമന്ത്രിച്ചു മഹോദരമുള്ള ഒരു രോഗിയെ പരീക്ഷെക്കായി മുമ്പിൽ നിറുത്തി. അവനെ യേശു ഉടനെ സൌഖ്യമാക്കി, മുമ്പെ പോലെ (മത്ത. ൧൨, ൯ *ff* ലൂക്ക. ൧൩, ൧൫) കാളു കഴുതകളെ നോക്കുന്ന രക്ഷയെ തന്റെ ക്രിയെക്ക് ഒഴികഴിവാക്കി, സ്വസ്ഥനായവനെ വിട്ടയക്കയും ചെയ്തു.

അനന്തരം ൩ ഉപമകളെ ചൊല്ലി വിരുന്നുകാരുടെ ഭാവം ദൈവരാജ്യത്തോടു ചേരാതപ്രകാരം കാട്ടിയതു. ൧.) ദൈവത്തിന്റെ വിരുന്നുകാർ പലരും മുഖ്യസ്ഥലത്തിൽ ഇരിപ്പാൻ ഇച്ഛിച്ചു തങ്ങളുടെ അയോഗ്യതയും കൎത്താവിന്നുററ ചങ്ങാതികളുടെ പാത്രതയും ഒട്ടും ഊഹിക്കാതെ ഡംഭിക്കകൊണ്ടു നാണിച്ചു കിഴിയേണ്ടി വരും. അവർ ധിക്കരിച്ച യേശു മുതലായവൎക്കു പ്രധാനസ്ഥലം കിട്ടുകയുമാം (൭—൧൧). ൨.) ദേവരാജ്യത്തിന്റെ കലവറക്കാർ തങ്ങളുടെ വകക്കാരെ മാത്രം ക്ഷണിച്ചു അതിന്റെ നന്മകളെ അനുഭവിക്കുമാറാക്കിയാൽ പോരാ. ദേവരാജ്യത്തിൽ പക്ഷഭേദമില്ലാത്ത സ്നേഹം പ്രമാണം. ദരിദ്രർ ചുങ്കക്കാർ ശമൎയ്യർ പുറജാതികൾ മുതലായവൎക്ക് അതിലേ അംശം എത്തിച്ചാൽ ഇവിടെ അല്ല നീതിമാന്മാരുടെ ഉയിൎപ്പിങ്കൽ വേണ്ടുവോളം പകരം ലഭിക്കും (൧൨—൧൪). ൩.) മശീഹരാജ്യത്തിൽ ഭക്ഷണത്തിന്നിരിക്കുന്നവൻ ധന്യൻ എന്ന് ഒരുത്തൻ പറഞ്ഞപ്പോൾ നിങ്ങൾ വാഴ്ത്തിയാൽ പോരാ, പ്രവേശിക്കേണം; അല്ലാഞ്ഞാൽ നിങ്ങൾക്ക് തന്നെ ഛേദം എന്നു വലിയ വിരുന്നിന്റെ ഉപമയാൽ കാട്ടിയതു (§൩൧).

---

§ 124.

ENTHUSIASTIC FOLLOWERS WARNED TO COUNT THE COST.

ലഘുബുദ്ധികളായ അനുഗാമികൾ ചെല്ലും ചെലവും കണക്കു നോക്കേണ്ടു.

LUKE XIV.

25 And there went great multitudes with him: and he turned, and said unto them,
26 If any *man* come to me, and hate not his father, and mother, and wife, and children, and brethren, and sisters, yea, and his own life also, he cannot be my disciple.

Luke XIV.

27 And whosoever doth not bear his cross, and come after me, cannot be my disciple.

28 For which of you, intending to build a tower, sitteth not down first, and counteth the cost, whether he have *sufficient* to finish *it*?

29 Lest haply, after he hath laid the foundation, and is not able to finish *it*, all that behold *it* begin to mock him,

30 Saying, This man began to build, and was not able to finish.

31 Or what king, going to make war against another king, sitteth not down first, and consulteth whether he be able with ten thousand to meet him that cometh against him with twenty thousand?

32 Or else, while the other is yet a great way off, he sendeth an ambassage and desireth conditions of peace.

33 So likewise, whosoever he be of you that forsaketh not all that he hath, he cannot be my disciple.

34 Salt *is* good: but if the salt have lost his savour, wherewith shall it be seasoned?

35 It is neither fit for the land, nor yet for the dunghill; *but* men cast it out. He that hath ears to hear, let him hear.

അനന്തരം യേശു തന്റെ ആശ്രിതന്മാരോടു കൂട ബെത്ഥന്യക്കാമാറു യാത്ര ചെയ്യുമ്പോൾ പുരുഷാരങ്ങൾ അധികം കൂടുന്നതിനെ കണ്ടു അവരുടെ മിശ്രഭാവങ്ങൾ നിമിത്തം ശങ്കിച്ചു അല്പം പാറ്റുവാൻ തുടങ്ങിയതിവ്വണ്ണം: ഒരുത്തൻ എന്റെ അടുക്കൽ വരികിൽ അമ്മയച്ഛന്മാർ ഭാൎയ്യാപുത്രന്മാർ ഉടപ്പിറന്നവർ എന്നതല്ലാതെ സ്വപ്രാണനേയും ദ്വേഷിക്കാഞ്ഞാൽ എന്റെ ശിഷ്യനാവാൻ കഴികയില്ല എന്നു പറഞ്ഞതു മുമ്പേത്ത വാക്കിനേക്കാളും (മത്ത. ൧൦, ൩൭) കഠിനം തന്നെ. കൎത്താവെ ആ വകയിലും അധികം സ്നേഹിച്ചാലും പോരാ; അവന്റെ സ്നേഹത്തോട് വിരോധിക്കുന്ന സ്നേഹത്തെ മുറ്റും ദ്വേഷിപ്പാനും ബലികഴിപ്പാനും പഠിക്കേണം, എന്നാലെ ക്രൂശ് എടുക്കേണ്ടുന്ന ശിഷ്യധൎമ്മത്തിന്നു നിവൃത്തി ഉള്ളൂ.

ആയ്ത് ഏല്പാൻ ഒരുങ്ങി ഇരിക്കുന്നുവോ എന്നു തന്നെത്താൻ പരീക്ഷിക്കേ ആവു. അതിന്ന് ൨ ഉപമകളാൽ വഴി കാണിച്ചിരിക്കുന്നു. ഒരു ഗോപുരമോ എഴുനിലമാളികയോ എടുപ്പിക്കുന്നവൻ പണി തീൎപ്പാൻ വക ഉണ്ടോ എന്നറിവാൻ ചെലവ് കണക്ക് നോക്കുന്നുവല്ലോ. അതു ചെയ്യാതെ തറ കെട്ടിയിട്ടാൽ പരിഹാസമേ വരും. പ്രാപ്തി അധികം ഉള്ളൊരു രാജാവും പട കൂട്ടുമ്മുമ്പെ അധികം ആളുകളോടു ഏല്പാൻ ആവതുണ്ടോ എന്നു വിചാരിച്ചു സംശയം തോന്നുമ്പൊഴെക്ക് തല്ക്കാലത്തേക്കു ശരണം അപേക്ഷിക്കുമല്ലോ. ആകയാൽ യേശുവിൻ ശിഷ്യന്മാൎക്കു വലിയ പണി തീൎപ്പാനും ഘോരയുദ്ധം ഏല്പാനും ഉണ്ടെന്നറിഞ്ഞാൽ താൻതന്റെ ഉള്ളിൽ തീൎച്ച വരുത്തീട്ടു വേണം. ലോകത്തോടു പുതുകാൎയ്യത്തെ അനുസരിച്ചു പറവാൻ തനിക്ക് പ്രാപ്തി പോരാ എന്നു കണ്ടാൽ പ്രസിദ്ധമായ്ത് ഒന്നും ചെയ്യാതെ താമസിച്ചു ദൈവത്തിന്മുമ്പാകെ തന്നെത്താൻ താഴ്ത്തി നാണിച്ചും പ്രാൎത്ഥിച്ചുംകൊണ്ടു വകയും സന്നാഹങ്ങളും എത്തിപ്പാൻ ശ്രമിക്കും. അപോസ്തലന്മാർ ഉള്ളത് എല്ലാം ഉപേക്ഷിച്ചു കളകയാൽ സമ്പാദിച്ചൊരു വിശ്വാസനിശ്ചയം തന്നെ പണി തീൎപ്പാനും പട ജയിപ്പാനും മതി ആകുന്നു. ഇസ്രയേൽ ലോകത്തിന്റെ ഉപ്പായ്തീരേണ്ടതായിരുന്നു. യേശുവെ അനുഗമിക്കുന്നവർ ഉപ്പു തന്നെയോ എന്നു താന്താൻ പരീക്ഷിക്കേണം. ഉപ്പല്ലാതെ ചമഞ്ഞവരോ ജാതികൾക്കു ചവിട്ടുവാൻ പുറത്തു കളയപ്പെടേണ്ടി വരും. കേൾപ്പാൻ ചെവിയുള്ളവൻ കേൾപ്പൂതാക.

§ 125.

The Parables in Luke XV. and XVI.

ലൂക്ക ൧൫—൧൬ലെ ഉപമകൾ.

LUKE XV.

1 Then drew near unto him all the publicans and sinners for to hear him.
2 And the Pharisees and scribes murmured, saying, This man receiveth sinners, and eateth with them.
3 And he spake this parable unto them, saying,

a) *The Lost Sheep* നഷ്ടമായ ആട്. xv. 4-7 } *Text vide* § 32.
b) „ „ *Piece of Silver* കാണാതെ പോയ ദ്രഹ്മ. xv. 8-10 } *Text vide* § 32.
c) „ *Prodigal Son* മുടിയനായ മകൻ. xv. 11-32 „ „ § 33.
d) „ *Unjust Steward* അനീതിയുള്ള വീട്ടുവിചാരകൻ. xvi. 1-12 „ „ § 38.

e) *The Pharisees rebuked* പറീശരെ ആക്ഷേപിച്ചതു.

LUKE XVI.

13 No servant can serve two masters: for either he will hate the one, and love the other; or else he will hold to the one, and despise the other. Ye cannot serve God and mammon.

14 And the Pharisees also, who were covetous, heard all these things: and they derided him.

15 And he said unto them, Ye are they which justify yourselves before men; but God knoweth your hearts: for that which is highly esteemed among men is abomination in the sight of God.

16 The law and the prophets *were* until John: since that time the kingdom of God is preached, and every man presseth into it.

17 And it is easier for heaven and earth to pass, than one tittle of the law to fail.

18 Whosoever putteth away his wife, and marrieth another, committeth adultery: and whosoever marrieth her that is put away from *her* husband committeth adultery.

f) *The Rich Man and Lazarus* ധനവാനും ലാജരിന്നും സംഭവിച്ചതു. v. 19-31. *Text vide* § 39.

ആശ്രിതന്മാരെ ആ കഠിന വാക്കുകളാൽ (§ ൧൨൪) പേടിപ്പിച്ചാറെയും ഓരോ ചുങ്കക്കാരും പാപികളും ലോകം വെറുത്തു യേശുവെ അനുഗമിച്ചു പോന്നു. ഇങ്ങിനെ ചേൎന്നു വരുന്ന സമൂഹത്തെ പറീശന്മാർ കണ്ടു പരിഹസിക്കയാൽ കൎത്താവ് ദൈവത്തിന്റെ മനസ്സലിവും രക്ഷാമാഹാത്മ്യവും ൩ ഉപമകളാൽ വൎണ്ണിച്ചു (ഭാ. ൨൫ *f*) പറീശന്മാരുടെ സ്വനീതിയെ ആക്ഷേപിക്കയും ചെയ്തു.

അക്കാലം ശിഷ്യന്മാർ പാപികളെ ചേൎത്തുകൊള്ളുന്ന മനസ്സലിവിനെ പലവിധം പഠിക്കേണ്ടതല്ലാതെ ദേവരാജ്യത്തിൽ ദ്രവ്യത്തെ ചെലവഴിക്കേണ്ടുന്ന വകയേയും കൎത്താവ് ഗ്രഹിപ്പിച്ചു കൊടുത്തു. സഭയിൽ ദ്രവ്യാശ ഒട്ടും അരുതെന്ന് അനീതിയുള്ള കലവറക്കാരന്റെ ഉപമയാൽ കാണിച്ചു (ഭാഗ. ൨൨ *f*). ഇത്രോളം അനുരാഗത്തോടെ സേവിച്ചു പോയ മമ്മോൻ എന്ന ദേവരെ ഇനി നന്ന ചതിച്ചു സത്യദൈവത്തിന്നു വിശ്വസ്തരായി തന്നെ ഇരിക്കേണം. കള്ളധനംകൊണ്ടു ദൈവത്തെ സേവിപ്പാൻ അറിയാഞ്ഞാൽ സത്യധനം നിങ്ങളിൽ ഏല്പിക്കയില്ല; ആത്മാവോട് അന്യമായതിൽ വിശ്വസ്തത ഇല്ലാഞ്ഞാൽ ആത്മികത്തിലും ഇല്ല. ഇഹത്തിലേ ദ്രവ്യം കണ്ടു മോഹിച്ചു പിഴെക്കുന്നവൻ ദിവ്യവരങ്ങളെ പ്രാപിച്ചാൽ ഉടനെ സാത്താൻ എന്ന പോലെ അഹങ്കരിച്ചു വഷളാക്കി കളയും. ആകയാൽ മണ്ണാശ ഉള്ളെടത്തോളം സത്യപൊരുൾ ഒന്നും കൈക്കൽ വരികയില്ല എന്നു സ്വൎഗ്ഗരാജ്യത്തിലേ വ്യവസ്ഥ. രണ്ടു യജമാനന്മാരെ ഒരുമിച്ചു സേവിച്ചു കൂടാ (മത്ത. ൬, ൨൪).

എന്നത് ശിഷ്യന്മാരോടു പറഞ്ഞത് എങ്കിലും ചില പറീശന്മാരും കേട്ടു, പത്താരം ഭിക്ഷ മുതലായത് ധൎമ്മപ്രകാരം കൊടുത്താൽ മതി, പണം സ്വത്ര

പിച്ചു കരുതിയാലും ദോഷം ഇല്ല എന്നു നിനെച്ചപ്പോൾ കൎത്താവ് അവരെ ശാസിച്ചു: മനുഷ്യരെ നിങ്ങൾ സമ്മതം വരുത്തുന്നു, ദൈവമോ ഹൃദയങ്ങളെ അറിയുന്നതാനും; നിങ്ങൾ അഹങ്കരിച്ചും ജനങ്ങളെ മയക്കി വെച്ചും കൊള്ളുന്ന നടപ്പ് എല്ലാം ന്യായവിധിക്കായി പഴുത്തിരിക്കുന്നു. സ്നാപകന്റെ നാൾ മുതൽ സുവിശേഷം അതിക്രമിച്ചു പോരുന്നുവല്ലോ (മത്ത. ൧൧, ൧൨; §൯൭). വിവാഹം തുടങ്ങിയുള്ള വെപ്പുകളിൽ അതിന്നും പറീശപക്ഷത്തിന്നും ഒട്ടും ചേരാത്ത വിപരീതം ഉണ്ടു. ആകയാൽ മനസ്സു തിരിയാതെ പാൎത്താൽ നിങ്ങളുടെ ഭാവി ധനവാന്റെ അവസ്ഥ പോലെ (ഭാ. ൯൯f). നിങ്ങൾ ആശ്രയിക്കുന്ന അബ്രഹാം മോശെ മുതലായ ശ്രേഷ്ഠന്മാർ അന്നു നിങ്ങൾക്ക് ന്യായം വിധിക്കും (യോ. ൫, ൪൫) എന്നു ദുഃഖത്തോടെ അരുളിച്ചെയ്തു.

---

§ 126.

How to overcome Offences.

വിശ്വാസവിനയങ്ങളാൽ ഇടൎച്ചകളെ ജയിക്കേണ്ടതു.

LUKE XVII.

1 Then said he unto the disciples, It is impossible but that offences will come: but woe *unto him*, through whom they come!

2 It were better for him that a millstone were hanged about his neck, and he cast into the sea, than that he should offend one of these little ones.

3 Take heed to yourselves: If thy brother trespass against thee, rebuke him; and if he repent, forgive him.

4 And if he trespass against thee seven times in a day, and seven times in a day turn again to thee, saying, I repent; thou shalt forgive him.

5 And the apostles said unto the Lord, Increase our faith.

6 And the Lord said, If ye had faith as a grain of mustard seed, ye might say unto this sycamine tree, Be thou plucked up by the root, and be thou planted in the sea; and it should obey you.

7 But which of you, having a servant plowing or feeding cattle, will say unto him by and by, when he is come from the field, Go and sit down to meat?

8 And will not rather say unto him, Make ready wherewith I may sup, and gird thyself, and serve me, till I have eaten and drunken; and afterward thou shalt eat and drink?

9 Doth he thank that servant because he did the things that were commanded him? I trow not.

10 So likewise ye, when ye shall have done all those things which are commanded you, say, We are unprofitable servants: we have done that which was our duty to do.

ഇളിച്ചു കാട്ടിയ പറീശരുടെ അവസ്ഥയേയും (ലൂക്ക. ൧൬, ൧൪) അനുജന്മാരുടെ രക്ഷെക്കായി ഇഹത്തിൽ ചിന്തിക്കാതെ പരത്തിൽ ദുഃഖിച്ചു വലഞ്ഞ ധനവാന്റെ വിലാപത്തേയും (§൧൨൫) ഓൎത്തിട്ടു യേശു തിരികെ ഇടൎച്ചകളാൽ ഉള്ള സങ്കടത്തെ (§൧൦൪ എന്ന പോലെ) വൎണ്ണിച്ചതിന്റെ ശേഷം അക്ഷമാഭാവത്തേയും ആക്ഷേപിച്ചതിവ്വണ്ണം: സഹോദരൻ പിഴെച്ചാൽ ശാസിക്കേണം, അനുതപിച്ചാൽ ക്ഷമിക്കേണം; ഒരു ദിവസത്തിൽ ൭ വട്ടം വന്നാലും ഇവ്വണ്ണം പൊറുക്കേണ്ടു. ഇതു കഴിയാതപ്രകാരം തോന്നുകകൊണ്ടു ശിഷ്യന്മാർ അതിന്ന് വേണ്ടുന്ന വിശ്വാസത്തെ കൂട്ടി തരേണം എന്ന് അപേക്ഷിച്ചാറെ കൎത്താവ് ഈ അക്ഷമാഭാവം ആകുന്ന വിഷമരത്തേയും വേരോടു കൂട പറിച്ചു (മത്ത. ൧൭, ൨൦) കരുണാസാഗരത്തിൽ ചാടി മരിപ്പിപ്പാൻ വിശ്വാസത്താൽ കഴിയും എന്നു ചൊല്ലി, ഹൃദയത്തിൽ പൊങ്ങുന്ന രാഗാദി തിരമാലകളെ ശമിപ്പിപ്പാൻ ഒർ ഉപായം ഉപദേശിച്ചു കൊടുത്തു. അത്

എന്തെന്നാൽ, നാം കൎത്താവിന്ന് പ്രയോജനമില്ലാത്ത പണിക്കാരും കടക്കാരും അത്രെ എന്നു ബോധിക്കയാൽ തന്നെ. അതു ലൌകികമായ സേവയുടെ ദൃഷ്ടാന്തത്താൽ തെളിയുന്നു. വെളിയിൽ വെയിൽകൊണ്ടു കന്നുകാലികളെ മേച്ചോ ഉഴുതുകൊണ്ടോ പ്രയത്നം ചെയ്തശേഷവും ഭൃത്യനെ വീട്ടിൽവെച്ചും പണിചെയ്യിക്കുമാറുണ്ടു; പണി എല്ലാം തീൎന്നതിൽ പിന്നെ ഉപചാരവാക്കുമില്ലല്ലോ. അപ്രകാരം നാമും കുട്ടികളായി കൎത്താവിന്നു വേണ്ടപ്പെട്ടവർ എങ്കിലും ഭൃത്യരായി ഒട്ടും ആവശ്യമുള്ളവർ അല്ല എന്നു ബോധിച്ചാൽ മഹാപുണ്യം എന്നു വെച്ചല്ല, കടം തീൎപ്പാൻ ഒരിക്കലും പോരാത്തവർ എന്നത്രെ നിനെച്ചു സേവ കഴിച്ചു നടക്കും.

---

§ 127.

Jesus at Bethany. The Raising of Lazarus.

ലാജരിന്റെ പുനരുത്ഥാപനം.

JOHN XI.

17 Then when Jesus came, he found that he had *lain* in the grave four days already.

18 Now Bethany was nigh unto Jerusalem, about fifteen furlongs off:

19 And many of the Jews came to Martha and Mary, to comfort them concerning their brother.

20 Then Martha, as soon as she heard that Jesus was coming, went and met him: but Mary sat *still* in the house.

21 Then said Martha unto Jesus, Lord, if thou hadst been here, my brother had not died.

22 But I know, that even now, whatsoever thou wilt ask of God, God will give *it* thee.

23 Jesus saith unto her, Thy brother shall rise again.

24 Martha saith unto him, I know that he shall rise again in the resurrection at the last day.

25 Jesus said unto her, I am the resurrection, and the life: he that believeth in me, though he were dead, yet shall he live:

26 And whosoever liveth and believeth in me shall never die. Believest thou this?

27 She saith unto him, Yea, Lord: I believe that thou art the Christ, the Son of God, which should come into the world.

28 And when she had so said, she went her way, and called Mary her sister secretly, saying, The Master is come, and calleth for thee.

29 As soon as she heard *that*, she arose quickly, and came unto him.

30 Now Jesus was not yet come into the town, but was in that place where Martha met him.

31 The Jews then which were with her in the house, and comforted her, when they saw Mary, that she rose up hastily and went out, followed her, saying, She goeth unto the grave to weep there.

32 Then when Mary was come where Jesus was, and saw him, she fell down at his feet, saying unto him, Lord, if thou hadst been here, my brother had not died.

33 When Jesus therefore saw her weeping, and the Jews also weeping which came with her, he groaned in the spirit, and was troubled,

34 And said, Where have ye laid him? They said unto him, Lord, come and see.

35 Jesus wept.

36 Then said the Jews, Behold how he loved him!

37 And some of them said, Could not this man, which opened the eyes of the blind, have caused that even this man should not have died?

38 Jesus therefore again groaning in himself cometh to the grave. It was a cave, and a stone lay upon it.

39 Jesus said, Take ye away the stone. Martha, the sister of him that was dead, saith unto him, Lord, by this time he stinketh: for he hath been *dead* four days.

40 Jesus saith unto her, Said I not unto thee, that, if thou wouldest believe, thou shouldest see the glory of God?

41 Then they took away the stone *from the place* where the dead was laid. And Jesus lifted up *his* eyes, and said, Father, I thank thee that thou hast heard me.

42 And I knew that thou hearest me always: but because of the people which stand by I said *it*, that they may believe that thou hast sent me.

43 And when he thus had spoken, he cried with a loud voice, Lazarus, come forth.

44 And he that was dead came forth, bound hand and foot with graveclothes: and his face was bound about with a napkin. Jesus saith unto them, Loose him, and let him go.

അനന്തരം യേശു പ്രയാണം (§ ൧൨൧ *ff.*) തികെച്ചു ബൈഥാന്യയിൽ എത്തീട്ടു ലാജരെ കുഴിച്ചിട്ടതു നാലു ദിവസമായി എന്നു കേട്ടു. സഹോദരിമാരോ

ലാജരുടെ മരണശേഷവും ആശ കളയാതെ ഇരുന്നപ്രകാരം മൎത്ഥയുടെ വചനത്താൽ തോന്നുന്നു. ശവത്തെ അഭിഷേകം ചെയ്വാൻ മറിയ പക്ഷെ മൂല്യതൈലം വാങ്ങിയതു കഴിക്കാതെ പിന്നേയും പിന്നേയും കരുതിവെച്ചു കൎത്താവിൻ വരവ് കാത്തിരുന്നു. ആ ഊരിന്നും യരുശലേമിന്നും ൨ നാഴിക ദൂരം മാത്രമാകയാൽ നഗരക്കാർ പലരും വന്നു, ഖേദം ശമിപ്പിക്കേണ്ടതിന്നും പക്ഷെ യേശു വരാഞ്ഞതെ ആക്ഷേപിച്ചു കുഡുംബക്കാരെ പുരാണാചാരത്തിൽ തിരികെ ആക്കേണ്ടതിന്നും ശ്രമിച്ചുകൊണ്ടിരുന്നു. യേശു എത്തിയപ്പോൾ ഊരും വീടും പ്രവേശിക്കാതെ ഗ്രഹാസമീപത്തു പാൎത്തിരിക്കുന്ന വൎത്തമാനം മൎത്ഥ അറിഞ്ഞ ഉടനെ സഹോദരിയെ ബദ്ധപ്പാടു നിമിത്തം ഗ്രഹിപ്പിക്കാതെ വിരഞ്ഞു ചെന്നു കണ്ടു, കൎത്താവേ, നീ കൂടെ ഇരുന്നു എങ്കിൽ സഹോദരൻ മരിക്ക ഇല്ലയായിരുന്നു; ഇപ്പോഴും നീ എന്തു ചോദിച്ചാലും ദൈവം തരും എന്നു പറഞ്ഞപ്പോൾ യേശു ഉയിൎപ്പിന്റെ നിശ്ചയം ചൊന്നാറെയും അവൾ ദൂരേ ഭാവി എന്നു വിചാരിച്ചു. അതുകൊണ്ടു കൎത്താവ് താൻ പുനരുത്ഥാനവും ജീവനും ആകുന്നു എന്നും, തന്നെ വിശ്വസിച്ചു മരിച്ചവർ പിന്നേയും ജീവിക്കും എന്നും, ജീവിക്കുന്ന വിശ്വാസികൾ മരണത്തിൽ മുഴുകയില്ല എന്നും ചൊല്ലി മശീഹവിശ്വാസത്തെ പുതുതായി ജ്വലിപ്പിച്ചപ്പോൾ അവൾ ഓടി സഹോദരിയെ വിളിച്ചു ഗൂഢമായി അറിയിക്കയും ചെയ്തു.

മറിയയും യഹൂദരുടെ ആശ്വാസവാക്കുകളിൽ സഞ്ജിക്കാതെ എഴുനീറ്റു ചെന്നു യേശുവോട് സഹോദരിയുടെ വാക്കുകളെ ആവൎത്തിച്ചു പറഞ്ഞു പൊട്ടിക്കരഞ്ഞപ്പോൾ പിഞ്ചെന്ന യഹൂദരും ചിലർ കനിവിനാലും ചിലർ മൎയ്യാദപ്രകാരവും കൂടെ കരയുന്നതു കണ്ടു യേശു മാനുഷമായി മനസ്സുരുകികൊണ്ടും ആത്മപ്രകാരം വിലാപത്തിലേ അവിശ്വാസം നിമിത്തം ക്രുദ്ധിച്ചും ഉള്ളിൽ പതെച്ചുംകൊണ്ടു ഖേദത്തെ അമൎത്തു, ശവം വെച്ച സ്ഥലത്തെ ചോദിച്ചറിഞ്ഞു കണ്ണീർ വാൎക്കയും ചെയ്തു. അതു സ്നേഹത്താൽ എന്നു ചിലൎക്ക് തോന്നിയപ്പോൾ ജന്മാന്ധനിൽ ചെയ്ത അത്ഭുതം മററവർ ഓൎത്തു ഉദാസീനതയെ ആക്ഷേപിച്ചു. അതിനാൽ യേശു പിന്നേയും മനസ്സിന്റെ പതപ്പ് അമൎത്തു കുഴിക്കൽ ചെന്നാറെ ശവത്തിന്നു നാററം ഉണ്ടാകും എന്നു മൎത്ഥാ വിചാരിച്ചു ശങ്കിക്കയാൽ, നീ വിശ്വസിച്ചാൽ ദേവതേജസ്സ് കാണും എന്നുള്ള വാഗ്ദത്തം ഓൎപ്പിച്ചു. കല്ലിനെ നീക്കിയപ്പോൾ അവൻ പിതാവോടു പ്രാൎത്ഥിച്ചു, നീ എന്നെ നിയോഗിച്ചത് ഇവർ വിശ്വസിക്കേണ്ടതിന്നു ഞാൻ മുമ്പെ ചെയ്ത സകല അതിശയങ്ങൾക്കും ഈ ഒർ അത്ഭുതം മുദ്ര ആക്കിത്തീൎക്കേണം എന്ന് അപേക്ഷിച്ചു. ലാജരേ, പുറത്തു വാ എന്നു വിളിച്ചപ്പോൾ മരിച്ചവൻ പുറപ്പെട്ടു വന്നു കൎത്താവ് ശവബന്ധം അഴിക്കയും ചെയ്തു.

[ഈ വൃത്താന്തം സകല അതിശയങ്ങളിലും ഏററം വലുതായിട്ടും മററ് സുവിശേഷകന്മാർ എഴുതി വെക്കാത്തതിന്നു സംഗതി എന്തെന്നാൽ, യരുശലേമിലേ പ്രമാണികൾ ലാജരെ കൊല്ലുവാൻ കൂടെ വിചാരിച്ചതാകയാൽ (യോ. ൧൨, ൧൦) സഭയുടെ ആദികാലത്തു ബെത്ഥന്യയിലേ അവസ്ഥയെ സ്പഷ്ടമായി പറയാതെ ഇരുന്നു എന്നു തോന്നുന്നു].

---

§ 128.

The Sanhedrim's Decree. Caiaphas. Jesus retires to Ephraim.

വിസ്താരസഭ മരണവിധിയെ കല്പിച്ചതും യേശു എഫ്രയിമിൽ മറഞ്ഞു പാൎത്തതും.

JOHN XI.

45 Then many of the Jews which came to Mary, and had seen the things which Jesus did, believed on him.
46 But some of them went their ways to the Pharisees, and told them what things Jesus had done.
47 Then gathered the chief priests and the Pharisees a council, and said, What do we? for this man doeth many miracles.
48 If we let him thus alone, all *men* will believe on him: and the Romans shall come and take away both our place and nation.
49 And one of them, *named* Caiaphas, being the high priest that same year, said unto them, Ye know nothing at all,
50 Nor consider that it is expedient for us, that one man should die for the people, and that the whole nation perish not.
51 And this spake he not of himself: but being high priest that year, he prophesied that Jesus should die for that nation;
52 And not for that nation only, but that also he should gather together in one the children of God that were scattered abroad.
53 Then from that day forth they took counsel together for to put him to death.
54 Jesus therefore walked no more openly among the Jews; but went thence unto a country near to the wilderness, into a city called Ephraim, and there continued with his disciples.
55 And the Jews' passover was nigh at hand: and many went out of the country up to Jerusalem before the passover, to purify themselves.
56 Then sought they for Jesus, and spake among themselves, as they stood in the temple, What think ye, that he will not come to the feast?
57 Now both the chief priests and the Pharisees had given a commandment, that, if any man knew where he were, he should shew *it*, that they might take him.

അന്നു നഗരക്കാർ പലരും യേശുവിൽ വിശ്വസിച്ചു അവന്റെ സാക്ഷികളായി യരുശലേമിലേക്ക് മടങ്ങി ചെന്നു. മറ്റ് ചിലർ ഹൃദയകാഠിന്യം മാറാതെ പറീശരെ അറിയിച്ചപ്പോൾ ന്യായസംഘക്കാർ കൂടി നിരൂപിച്ചു, ഇനി എന്തു വേണ്ടു എന്നു തങ്ങളിൽ ആലോചിച്ച സമയം ഇങ്ങിനെ അത്ഭുതങ്ങളെ ചെയ്തു പോന്നാൽ രോമരുമായി പട ഉണ്ടാകും, എന്നാൽ അവർ വംശത്തേയും ദേവഭൂമിയേയും നശിപ്പിക്കും എന്നു ചിലർ ചൊന്നപ്പോൾ ഹന്നാവിൻ പുത്രിയെ വേട്ട കയഫാ ധൎമ്മപ്രകാരമല്ല രോമരുടെ കല്പനയാൽ മഹാചാൎയ്യനാകകൊണ്ടു നിഷ്കൎഷയോടെ ഖണ്ഡിച്ചതാവിതു: നിങ്ങൾ ഒന്നും അറിയുന്നില്ല, ഈ വംശത്തിന്നു വേണ്ടി ഒർ ആൾ മരിച്ചാൽ നല്ലു, അല്ലാഞ്ഞാൽ ദേവജാതി മുഴുവനും ക്ഷയിക്കും. ഇങ്ങിനെ അവൻ രാജ്യരക്ഷെക്ക് നരബലി വേണ്ടുന്നപ്രകാരം സാത്താന്റെ പ്രവാചകനും പുരോഹിതനുമായി ഉപദേശിച്ചിട്ടും ദൈവത്തിന്റെ അനുവാദത്താൽ ആ കള്ളന്മാരോടു നിത്യരക്ഷയുടെ വഴിയേയും അറിയിച്ചിരിക്കുന്നു. ഇസ്രയേലിന്നു മാത്രമല്ല ജാതികളുടെ ഇടയിൽ ചിതറി പാൎക്കുന്ന ദേവവംശത്തിന്നൊക്കെക്കും ഒരു മനുഷ്യന്റെ ആത്മബലി തന്നെ രക്ഷെക്ക് വേണ്ടിയതായിരുന്നുവല്ലോ. അന്നു മുതൽ ഇസ്രയേലിലുള്ള മഹാചാൎയ്യസ്ഥാനം ആ ധൂൎത്തനിൽനിന്നു മാറി നിത്യാചാൎയ്യനായ യേശുവിലേക്കായി എന്നു വിചാരിക്കാം. രോമർ വന്നു സംഹരിക്കും അല്ലോ, അതു വരരുത് എന്ന് ഒഴികഴിവ് പറഞ്ഞതും വിരോധം കൂടാതെ സംഭവിച്ചു താനും, മശീഹയെ ചേരുകയാൽ അല്ല തള്ളുകയാൽ അത്രെ (൪ മോ. ൨൭, ൧൮*ff*).

ഇങ്ങിനെ നിശ്ചയിച്ച മരണവിധിയെ സമ്മതിക്കാത്തവർ ചിലർ ഉണ്ടായിരുന്നു (ലൂക്ക. ൨൩, ൫൦ *f*) എങ്കിലും മിക്കവാറും മരണത്തിന്നുള്ള കുററം ആരോപിപ്പാൻ അന്നു മുതൽ വിചാരിച്ചുകൊണ്ടിരുന്നു. ശത്രുക്കൾ മടിയാതെ കൊല്ലുവാൻ വിചാരിക്കുന്നതു യേശു ഗ്രഹിച്ചു പെസഹയിലേ ആടായ്പമയേണം എന്നറിഞ്ഞു തല്ക്കാലത്തിങ്കൽ തെററി ബെഥെലിന്നു അല്പം കിഴക്ക് ഉള്ള എഫ്രെം ഊരിൽ പോയി ഒളിച്ചു പാൎത്തു. അതു യരുശലേമിൽനിന്നു ഏകദേശം ൩ കാതം ദൂരം. കുറയ കാലം കഴിഞ്ഞ ശേഷം യാത്രക്കാർ വല്ല ശുദ്ധീകരണത്തിന്നായിട്ടും ഓരോരൊ കാൎയ്യസംഗതിയായിട്ടും പെരുനാൾക്കു മുമ്പെ യരുശലേമിൽ വന്നു കൂടി തുടങ്ങി. അവർ കാൎയ്യങ്ങളെ തന്നെ അല്ല യേശു വരുമോ ഇല്ലയോ എന്നു ചൊല്ലി മമതയാൽ ആകട്ടെ ദ്വേഷ്യത്താൽ ആകട്ടെ അന്വേഷിച്ചു വങ്കാൎയ്യത്തിന്റെ തീൎച്ചെക്കായി കാത്തുകൊണ്ടിരുന്നു.

C.

OUR LORD'S LAST JOURNEY TO JERUSALEM.

(*March* 30 *A. D.*)

ഒടുക്കത്തെ പെസഹയാത്ര.

§ 129.

JESUS ON THE BOUNDARIES BETWEEN SAMARIA AND GALILEE. THE TEN LEPERS.

അന്ത്യയാത്രയിൽ ൧൦ കുഷ്ഠരോഗികളെ ശുദ്ധമാക്കിയതു.

LUKE XVII.

11 And it came to pass, as he went to Jerusalem, that he passed through the midst of (*between*) Samaria and Galilee.

12 And as he entered into a certain village, there met him ten men that were lepers, which stood afar off.

13 And they lifted up *their* voices, and said, Jesus, Master, have mercy on us.

14 And when he saw *them*, he said unto them, Go shew yourselves unto the priests. And it came to pass, that, as they went, they were cleansed.

15 And one of them, when he saw that he was healed, turned back, and with a loud voice glorified God,

16 And fell down on *his* face at his feet, giving him thanks: and he was a Samaritan.

17 And Jesus answering said, Were there not ten cleansed? but where *are* the nine?

18 There are not found that returned to give glory to God, save this stranger.

19 And he said unto him, Arise, go thy way: thy faith hath made thee whole.

പെസഹ അടുത്തു വന്നിട്ടു യേശു എഫ്രയിമിൽനിന്നു പുറപ്പെട്ടു ഗലീലശമൎയ്യ ഇങ്ങിനെ ൨ നാടുകളുടെ ഇടയിൽ കടന്നു പോന്നു. ഒർ ഊരിന്നരികിൽ കുഷ്ഠരോഗികൾ ൧൦ ആൾ എതിരേററു മൎയ്യാദപ്രകാരം അകലേ നിന്നുകൊണ്ടു രക്ഷെക്കായി വിളിച്ചു. യേശു അവരെ കണ്ട ഉടനെ ദൂരത്തുനിന്നു ഒരു വചനം ചൊല്കയാൽ ൧൦ ആളുകളേയും സൌഖ്യമാക്കി. കല്പനപ്രകാരം ആചാൎയ്യരെ കാണ്മാൻ ചെല്ലുമ്പോൾ അവർ ശുദ്ധരായ്ചമഞ്ഞു. എന്നാൽ ശേഷമുള്ളവർ മുമ്പെ തങ്ങളുടെ ഊരിലും (൩ മോ. ൧൪, ൧—൩൨) പിന്നെ ദേവാലയത്തിലും മടങ്ങി ചേരേണ്ടതിന്നു (മേല്പടിൻ *ff.*) ശ്രമിച്ചുകൊള്ളുമ്പോൾ ഉപകാരത്തിന്നായി സ്തുതിപ്പാൻ ഗലീലക്കാർ ആരും വന്നതും ഇല്ല. ഒരു ശമൎയ്യൻ

മാത്രമേ (പക്ഷെ തന്റെ ആചാൎയ്യനെ തന്നെ കാണിച്ച ശേഷം) മടങ്ങി വന്നു ദൈവത്തെ സ്തുതിച്ചു യേശുവിൻ കാല്ക്കൽ വീണു വന്ദിച്ചു. ൯ പേർ എവിടെ എന്നു കൎത്താവ് ദുഃഖത്തോടെ പറഞ്ഞ ശേഷം അന്യജാതിക്കാരൻ എങ്കിലും കൃതജ്ഞത ആകുന്ന ഭക്തിസാരമുള്ളവനെ വിശ്വാസികളുടെ ആശീൎവ്വചനത്തോടും കൂടെ വിട്ടയക്കുകയും ചെയ്തു.

---

§ 130.

ADDRESS ON THE LAST TIMES. TWO PARABLES ON PRAYER.

ദേവരാജ്യവരവിനേയും പ്രാൎത്ഥനയേയും കുറിച്ചു ഉപദേശിച്ചതു.

a) LUKE XVII.

20 And when he was demanded of the Pharisees, when the kingdom of God should come, he answered them and said, The kingdom of God cometh not with observation:
21 Neither shall they say, Lo here! or, lo there! for, behold, the kingdom of God is within you.
22 And he said unto the disciples, The days will come, when ye shall desire to see one of the days of the Son of man, and ye shall not see *it*.
23 And they shall say to you, See here; or, see there: go not after *them*, nor follow *them*.
24 For as the lightning, that lighteneth out of the one *part* under heaven, shineth unto the other *part* under heaven; so shall also the Son of man be in his day.
25 But first must he suffer many things, and be rejected of this generation.
26 And as it was in the days of Noe, so shall it be also in the days of the Son of man.
27 They did eat, they drank, they married wives, they were given in marriage, until the day that Noe entered into the ark, and the flood came, and destroyed them all.
28 Likewise also as it was in the days of Lot; they did eat, they drank, they bought, they sold, they planted, they builded;
29 But the same day that Lot went out of Sodom it rained fire and brimstone from heaven, and destroyed *them* all.
30 Even thus shall it be in the day when the Son of man is revealed.
31 In that day, he which shall be upon the housetop, and his stuff in the house, let him not come down to take it away: and he that is in the field, let him likewise not return back.
32 Remember Lot's wife.
33 Whosoever shall seek to save his life shall lose it; and whosoever shall lose his life shall preserve it.
34 I tell you, in that night there shall be two *men* in one bed; the one shall be taken, and the other shall be left.
35 Two *women* shall be grinding together; the one shall be taken, and the other left.
36 Two *men* shall be in the field; the one shall be taken, and the other left.
37 And they answered and said unto him, Where, Lord? And he said unto them, Wheresoever the body *is*, thither will the eagles be gathered together.

b) LUKE XVIII.

The Judge and the Widow ന്യായാധിപനും വിധവയും. v. 1-8. *Text vide* § 35.

The Pharisee and the Publican പറീശനും ചുങ്കക്കാരനും പ്രാൎത്ഥിച്ചതു. v. 9-14. *Text vide* § 34.

ദേവരാജ്യം എപ്പോൾ വരുമെന്നു ചില പറീശന്മാർ ചോദിച്ചു പരീക്ഷിച്ചു. അതിന്നു യേശു പറഞ്ഞിതു: നോക്കുവാന്തക്കവണ്ണമല്ല ദേവരാജ്യം വരുന്നത്, ശകുനവും ജ്യോതിസ്സും നോക്കുന്നവരെ പോലെ ഇതാ എന്നും അതാ എന്നും വിളിച്ചു ചൂണ്ടുവാറുമില്ല. അതു മുകളിൽനിന്നു ഇറങ്ങി വരുന്നതും അല്ല പുറമേ കാണുന്നതും അല്ല, ഹൃദയങ്ങളിൽനിന്നു ഉദിച്ചു വരുന്നതത്രെ. യേശു നമ്മുടെ ഉള്ളിൽ ആൎയ്ച്ചമഞ്ഞിട്ടല്ലാതെ അവൻ വഴിയായി ദേവരാജ്യം ഇങ്ങോട്ടു വന്നിട്ടുള്ളതു ബോധിക്കയും ഇല്ല.

പിന്നെ വാശി പിടിച്ച യഹൂദരും ക്രമത്താലെ തന്റെ സഭക്കാരും പലവിധം "ഇതാ ദേവരാജ്യം ഇവിടെ ഞങ്ങളുടെ പക്കൽ തന്നെ" എന്നു വിളിക്കുന്നതി

നേയും അതിനാൽ സത്യശിഷ്യന്മാൎക്ക് വരുന്ന ക്ലേശത്തേയും എല്ലാം കൎത്താവ് മുങ്കണ്ടു പറഞ്ഞിതു: മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളുകൾ ഒന്നു പോലും കാണ്മാൻ വളരെ ആഗ്രഹം ജനിപ്പാന്തക്ക മനഃപീഡ ഉണ്ടാകും എങ്കിലും മനുഷ്യരുടെ വാക്ക് ഒന്നു പ്രമാണിക്കാതേയും അങ്ങിടിങ്ങിട് ഓടാതേയും അവൻ മിന്നൽ പോലെ വിളങ്ങി വരുന്നതിനെ സ്വസ്ഥരായി കാത്തിരിക്കേണം. അവൻ ഇങ്ങിനെ മഹത്വത്തോടെ വെളിപ്പെടുന്ന കാലത്തിന്മുമ്പെ നിരസിക്കപ്പെടുന്ന കാലം കഴിയേണം താനും. ആ മിന്നല്ക്കൊത്ത പ്രത്യക്ഷതയോ സദോമ്യർ സ്വൈരമായ്വാഴുമ്പോൾ വന്ന അഗ്നിവൎഷം പോലെ ആകയാൽ തിന്നു കുടിക്ക കൊള്ളകൊടുക്ക നടുക പണിയിക്ക മുതലായ പണികളിൽ ലയിച്ചു പോകാതെ ലോകത്തോട് വേൎവ്വിടുന്ന ഒരു മുതിൎച്ചെക്കായി ഉത്സാഹിക്കേണം. അതിന്നായി ലോത്തിന്റെ ഭാൎയ്യയെ ഓൎക്കേണ്ടു. ഒരുത്തൻ ചെവിക്കൊണ്ടു തന്റെ ജീവനെ കളഞ്ഞാൽ അതിനെ ഉയിൎപ്പിക്കും (മത്ത. ൧൦, ൩൯). ആ ന്യായവിധി നടക്കുന്ന രാത്രിയിൽ സംഭവിപ്പാനുള്ളതു: ഒരു കട്ടിലിന്മേൽ കിടക്കുന്ന ഇരുവരിൽ ഒരുവൻ ചേൎക്കപ്പെടും ഒരാളെ വിടും. ഒരു തിരികല്ലിലേ പണി എടുക്കുന്ന ൨ സ്ത്രീകളിലും ഇപ്രകാരം ഒരു വേൎതിരിവ് ഉണ്ടാകും. ആകയാൽ ഇപ്പോൾ താന്താൻ ശുദ്ധി വരുത്തുവാനായി വേൎതിരിക്കേണ്ടതല്ല; വിവാഹത്തിലും കൂററുപണിയിലും ഗുണദോഷങ്ങളുടെ കലൎച്ച വിടുകയില്ല. കൎത്താവ് താൻ വന്നു വകതിരിപ്പോളം താന്താന്റെ ഉള്ളത്തിൽ ദേവരാജ്യത്തിന്റെ വളൎച്ചെക്കായി ശ്രമിക്കെ ആവു. (മററ ചില വാക്കുകൾ മത്ത. ൨൪ ആമതിൽ ചേൎത്തു കാണും.)

എന്നു കേട്ടാറെ ഇസ്രയേലിലും ഇപ്രകാരമുള്ള വേൎതിരിവ് ആവശ്യമാകുമോ എന്നു ശിഷ്യർ സംശയിച്ചു എവിടെ എന്നു ചോദിച്ചപ്പോൾ ശവം ഉള്ളേടം കഴു കൂടും എന്നു കൎത്താവ് ചൊല്ലി, ദോഷത്തിന്നു പഴപ്പും തികവും വന്നവരിൽ ന്യായവിധി തുടങ്ങും എന്നു സൂചിപ്പിച്ചു.

ഇപ്രകാരം ഭാവികാലത്തു വിധവയെ പോലെ വലഞ്ഞു പോകുന്ന സഭെക്ക് ഇടവിടാത്ത പ്രാൎത്ഥന അത്യാവശ്യം. ഇപ്പോൾ നീതികെട്ട ന്യായാധിപതിയായി തോന്നുന്നവൻ ഒടുവിൽ വിശ്വസിച്ചു കൂടാത വേഗതയിൽ രക്ഷാകൎമ്മത്തെ നിവൃത്തിക്കും (§ ൩൬).

എങ്കിലും കാണാതെ വിശ്വസിക്കുന്ന ഭാവം തന്റെ സഭക്കാരിലും ദുൎല്ലഭം അത്രെ എന്നു വീൎത്തു പറഞ്ഞു.

പിന്നെ പറീശർ മാത്രമല്ല തന്റെ ഒന്നിച്ചു നടക്കുന്നവർ ചിലരും മററുള്ളവരെ അപമാനിച്ചു തങ്ങളെത്തന്നെ നല്ലവർ എന്നു വിചാരിച്ചപ്പോൾ കൎത്താവ് താഴ്മയെ ഉപദേശിച്ചതു പറീശൻ ചുങ്കക്കാരൻ എന്നവരുടെ പ്രാൎത്ഥനാകഥയാൽ തന്നെ (§ ൩൪). അതു യരുശലേമിലേ ദേവാലയത്തേക്ക് യാത്രയാകുന്ന സമയം തന്റെ അനുഗാമികൾക്ക് എത്രയും പത്ഥ്യമായ ഉപദേശമത്രെ.

§ 131.

On Divorce and Celibacy.

വിവാഹം ബ്രഹ്മചൎയ്യം എന്നിവറെറ കുറിച്ചു.

MATT. XIX.

3 The Pharisees also came unto him, tempting him, and saying unto him, Is it lawful for a man to put away his wife for every cause?

4 And he answered and said unto them, Have ye not read, that he which made *them* at the beginning made them male and female,

5 And said, For this cause shall a man leave father and mother, and shall cleave to his wife: and they twain shall be one flesh?

6 Wherefore they are no more twain, but one flesh. What therefore God hath joined together, let not man put asunder.

7 They say unto him, Why did Moses then command to give a writing of divorcement, and to put her away?

8 He saith unto them, Moses because of the hardness of your hearts suffered you to put away your wives: but from the beginning it was not so.

9 And I say unto you, Whosoever shall put away his wife, except *it be* for fornication, and shall marry another, committeth adultery: and whoso marrieth her which is put away doth commit adultery.

10 His disciples say unto him, If the case of the man be so with *his* wife, it is not good to marry.

11 But he said unto them, All *men* cannot receive this saying, save *they* to whom it is given.

12 For there are some eunuchs, which were so born from *their* mother's womb: and there are some eunuchs, which were made eunuchs of men: and there be eunuchs, which have made themselves eunuchs for the kingdom of heaven's sake. He that is able to receive *it*, let him receive *it*.

MARK X.

2 And the Pharisees came to him, and asked him, Is it lawful for a man to put away *his* wife? tempting him.

3 And he answered and said unto them, What did Moses command you?

4 And they said, Moses suffered to write a bill of divorcement, and to put *her* away.

5 And Jesus answered and said unto them, For the hardness of your heart he wrote you this precept.

6 But from the beginning of the creation God made them male and female.

7 For this cause shall a man leave his father and mother, and cleave to his wife;

8 And they twain shall be one flesh: so then they are no more twain, but one flesh.

9 What therefore God hath joined together, let not man put asunder.

10 And in the house his disciples asked him again of the same *matter*.

11 And he saith unto them, Whosoever shall put away his wife, and marry another, committeth adultery against her.

12 And if a woman shall put away her husband, and be married to another, she committeth adultery.

എന്നാൽ ഈ ഒടുക്കത്തേ യാത്രയിലും പറീശരാൽ ഉണ്ടായ പരീക്ഷകൾ ഒടുങ്ങീട്ടില്ല. പക്ഷേ ഇടപ്രഭുവായ ഹെരോദാവിന്റെ പാപത്തെ ഉദ്ദേശിച്ചു (§൫൯) വിവാഹസംഗതിയെ ചൊല്ലി ചോദ്യങ്ങൾ ഉണ്ടായി. ഒരുമിച്ചു വകെട്ടുന്ന മൎയ്യാദ അന്ന് അധികം നടപ്പായിട്ടുള്ളതല്ല, ഒരുത്തിയെ ഉപേക്ഷിച്ചു മറെറവളെ വേൾക്ക തന്നെ നല്ല ന്യായമായി തോന്നി. ഇങ്ങിനെ ഉപേക്ഷിച്ചു പോരുമ്പോൾ ൫ മോ. ൨൪, ൧ലേ ഒരു വചനത്തെ ചൊല്ലി വിദ്വാന്മാരിൽ കഠിനവാദം ജനിച്ചു. "ലജ്ജാകാൎയ്യം" എന്നുള്ളതു വ്യഭിചാരഭാവത്തിന്നടുത്തതത്രെ എന്നു ശമ്മായി റബ്ബി തൎക്കിച്ചു. ഹില്ലേൽ റബ്ബിയോ ഭൎത്താവിന്നു അനിഷ്ടമായത് എന്തെങ്കിലും ഉപേക്ഷാകാരണമായി കൊള്ളാം എന്നും, അക്കീബ റബ്ബി മറെറാരുത്തിയിൽ അധികം രസം തോന്നുന്നതു മുമ്പേത്തവളെ തള്ളുവാൻ മതി എന്നും നിശ്ചയിച്ചു. ഏതുകാരണം ചൊല്ലിയും (മത്ത.) ഉപേക്ഷിക്കാമോ എന്നു പറീശർ ചോദിക്കയാൽ കൎത്താവെ വലെച്ചു വെപ്പാൻ ഭാവിച്ചാറെ വിവാഹത്തിന്റെ തത്വം അറിയിപ്പാൻ സംഗതി വന്നു.

ആദിയിൽ മനുഷ്യരെ പടച്ചന്നേ ദൈവം ആണും പെണ്ണുമായി സൃഷ്ടിച്ചതിനാൽ (൧ മോ. ൧, ൨൭) ദൈവം സ്ത്രീയെ പുരുഷന്നായും സ്ത്രീക്കു പുരുഷനേയും നിശ്ചയിച്ചു എന്നു വിളങ്ങുന്നു. പിന്നെ (൧ മോ. ൨, ൨൪) ദൈവം

ആദാമിന്റെ വായാൽ അരുളിച്ചെയ്യുന്നിതു: അമ്മയച്ഛന്മാരോടുള്ള ചേൎച്ചയേക്കാളും വിവാഹസംബന്ധത്തിന്നത്രെ വൈഭവം ഏറിയതു. അതു ബഹുഭാൎയ്യതയായിട്ടല്ല, ഇരുവൎക്ക് മാത്രമേ ഒരു ജഡമായ്ചമവാൻ ദിവ്യകല്പന ഉള്ളു. ഇപ്രകാരം ദൈവം പിണെച്ചത് മനുഷ്യൻ വേർപിരിക്കരുത്; എന്നിങ്ങിനെ വിവാഹത്തിന്റെ മൂലവാക്യം (മത്ത. മാൎക്ക.).

അതിന്നു പറീശർ കൌശലം വിചാരിച്ചു, ഉപേക്ഷണചീട്ടിന്റെ സംഗതി മോശയിൽ കല്പിച്ചു കിടക്കുന്നുവല്ലോ, അത് എങ്ങിനെ എന്നു ചോദിച്ചാറെ അതു കല്പന അല്ല, മോശയുടെ മുമ്പിൽ ഹൃദയകാഠിന്യത്താൽ ഉണ്ടായ മൎയ്യാദകൾ പലതും ഉണ്ടു (൧ മോ. ൪, ൧൯; ൩, ൨); അതിൽ ചിലതു മോശ ഒരു വിധമായി അനുവദിച്ചു സത്യം (൫ മോ. ൨൪) എങ്കിലും മേൽ വിവരിച്ച ദിവ്യാവസ്ഥയേയും കൂടെ അവൻ എഴുതി ചൊല്ലുന്നുവല്ലോ. ആകയാൽ ഇതത്രെ പ്രമാണം (മത്ത. മാൎക്ക.).

ദേവരാജ്യത്തിലേ വ്യവസ്ഥയോ, വ്യഭിചാരം നിമിത്തം അല്ലാതെ ആരെങ്കിലും ഭാൎയ്യയെ ഉപേക്ഷിച്ചാലും മറെറാരുത്തിയെ കെട്ടിയാലും വ്യഭിചാരം ചെയ്കയും ചെയ്യിക്കയും ഉണ്ടു. അപ്രകാരം ഉപേക്ഷിച്ചവളെ കെട്ടുന്നവനും വ്യഭിചാരി ആയ്തീൎന്നു (മത്ത. മാൎക്ക.). ഭൎത്താവെ വിട്ടു അന്യനെ കെട്ടുന്നവളും വ്യഭിചാരം ചെയ്യുന്നു (മാൎക്ക.). ആകയാൽ ഉപേക്ഷിക്കുന്നതിനാൽ മാത്രമല്ല ഉപേക്ഷിച്ചതിന്റെ ശേഷം കെട്ടുന്നതിനാൽ തന്നെ വിശേഷദോഷം സംഭവിക്കുന്നു. എന്നതിൽ പിന്നെ വീട്ടിൽ എത്തിയപ്പോൾ ശിഷ്യന്മാർ അതിന്നിമിത്തം ചോദിച്ചു, വിവാഹന്യായം ഇങ്ങിനെ ആയാൽ കെട്ടാതെ ഇരിക്ക നല്ലു എന്നു പറഞ്ഞപ്പോൾ യേശു ഉരെച്ചിതു: ദേവവരത്താൽ അല്ലാതെ വിവാഹന്യായത്തെ ഗ്രഹിക്കുമാറില്ല. വിവാഹം ഇല്ലാതെ കഴിപ്പാൻ മൂന്നു വഴി ഉണ്ടു. ചിലരുടെ ജനനകാലത്തും ദേഹിദേഹങ്ങളുടെ അവസ്ഥാവിശേഷത്താൽ മുടക്കം വരുന്നു. മറേറ ചിലൎക്ക് കെട്ടുവാൻ സംഗതി വരാത്തതു മാനുഷനിഷേധത്താൽ തന്നെ. പിന്നേയും ചിലർ ദേവരാജ്യം നിമിത്തം വിവാഹം ഇല്ലാതെ ഇരിക്കുന്നു (ഭാൎയ്യ ഉള്ളവർ എങ്കിലും രാജ്യത്തിന്റെ യുദ്ധയാത്രാകഷ്ടങ്ങൾ നിമിത്തം ഇല്ലാത്തവരായി നടക്കുന്നവർ ഒരം മൂന്നാം പക്ഷത്തിൽ കൂട്ടും ൧ കൊ. ൭, ൨൯). ആകയാൽ ദേവരാജ്യത്തിലുള്ളവൎക്ക് വിവാഹം ശുദ്ധമാകേണ്ടതിന്നു ഒരു പ്രകാരത്തിലുള്ള സന്ന്യാസവും ഷണ്ഡത്വവും ആവശ്യം തന്നെ (മത്ത.).

---

§ 132.

JESUS BLESSES LITTLE CHILDREN.

ശിശുക്കളെ അനുഗ്രഹിച്ചതു.

MATT. XIX.

13 Then were there brought unto him little children, that he should put *his* hands on them, and pray: and the disciples rebuked them.

MARK X.

13 And they brought young children to him, that he should touch them; and *his* disciples rebuked those that brought *them*.

14 But when Jesus saw *it*, he was much displeased, and said unto them, Suffer the little children to come unto me,

LUKE XVIII.

15 And they brought unto him also infants, that he would touch them: but when *his* disciples saw *it*, they rebuked them.

16 But Jesus called them *unto him*, and said, Suffer

Matt. XIX.

14 But Jesus said, Suffer little children, and forbid them not, to come unto me: for of such is the kingdom of heaven.

15 And he laid *his* hands on them, and departed thence.

Mark X.

and forbid them not: for of such is the kingdom of God.

15 Verily I say unto you, Whosoever shall not receive the kingdom of God as a little child, he shall not enter therein.

16 And he took them up in his arms, put *his* hands upon them, and blessed them.

Luke XVIII.

little children to come unto me, and forbid them not: for of such is the kingdom of God.

17 Verily I say unto you, Whosoever shall not receive the kingdom of God as a little child shall in no wise enter therein.

അക്കാലം (മത്ത.) ചിലർ ചെറു കുട്ടികളെ കൊണ്ടു വന്നു, കൎത്താവ് ദേശത്തെ വിട്ടുമുമ്പെ അവരെ തൊട്ടും കൈ വെച്ചും പ്രാൎത്ഥിപ്പാൻ അപേക്ഷിച്ചു. ഇതിനാൽ ഗംഭീരസംഭാഷണത്തിന്നു കുറവ് വരും എന്നു പേടിച്ചോ, ശിശുക്കൾക്ക് അനുഗ്രഹം ആവശ്യം അല്ല എന്നു വെച്ചോ യേശുവിന്റെ ശിഷ്യന്മാർ മനസ്സിൽ വിചാരിച്ചു ആയതിനെ വിലക്കി ഭയപ്പെടുത്തുവാൻ തുടങ്ങി. കൎത്താവോ എന്റെ അടുക്കൽ വരുവാൻ ശിശുക്കളെ വിരോധിക്കാതെ വിടുവിൻ, ഇപ്രകാരമുള്ളവൎക്കല്ലോ സ്വൎഗ്ഗരാജ്യം ആകുന്നു; ദേവരാജ്യത്തെ കുട്ടിയെ പോലെ ഏറ്റുകൊള്ളാത്തവൻ അതിൽ കടക്കയില്ല സത്യം (മാൎക്ക. ലൂക്ക.) എന്നു ചൊല്ലി അവരെ അണെച്ചുകൊണ്ടു കൈകൾ അൎപ്പിച്ചു ആശീൎവ്വദിക്കയും ചെയ്തു (മാൎക്ക).

---

§ 133.

THE RICH YOUNG MAN. PETER'S QUESTION. THE LABOURERS IN THE VINEYARD.

ധനവാനായ യുവാവോടുള്ള സംഭാഷണാദികൾ.

a) *The rich young man. Peter's question as to reward.*

ധനവാനായ യുവാവോടുള്ള സംഭാഷണവും പേത്രന്റെ ചോദ്യവും.

MATT. XIX.

16 And, behold, one came and said unto him, Good Master, what good thing shall I do, that I may have eternal life?

17 And he said unto him, Why callest thou me good? *there is* none good but one, *that is*, God: but if thou wilt enter into life, keep the commandments.

18 He saith unto him, Which? Jesus said, Thou shalt do no murder, Thou shalt not commit adultery, Thou shalt not steal, Thou shalt not bear false witness,

19 Honour thy father and *thy* mother: and, Thou shalt love thy neighbour as thyself.

20 The young man saith unto him, All these things have I kept from my youth up: what lack I yet?

21 Jesus said unto him, If thou wilt be perfect, go *and* sell that thou hast, and give to the poor, and thou shalt have treasure in heaven: and come *and* follow me.

22 But when the young man heard

MARK X.

17 And when he was gone forth into the way, there came one running, and kneeled to him, and asked him, Good Master, what shall I do that I may inherit eternal life?

18 And Jesus said unto him, Why callest thou me good? *there is* none good but one, *that is*, God.

19 Thou knowest the commandments, Do not commit adultery, Do not kill, Do not steal, Do not bear false witness, Defraud not, Honour thy father and mother.

20 And he answered and said unto him, Master, all these have I observed from my youth.

21 Then Jesus beholding him loved him, and said unto him, One thing thou lackest: go thy way, sell whatsoever thou hast, and give to the poor, and thou shalt have treasure in heaven: and come, take up the cross, and follow me.

22 And he was sad at that saying, and went away grieved: for he had great possessions.

23 And Jesus looked round about,

LUKE XVIII.

18 And a certain ruler asked him, saying, Good Master, what shall I do to inherit eternal life?

19 And Jesus said unto him, Why callest thou me good? none *is* good, save one, *that is*, God.

20 Thou knowest the commandments, Do not commit adultery, Do not kill, Do not steal, Do not bear false witness, Honour thy father and thy mother.

21 And he said, All these have I kept from my youth up.

22 Now when Jesus heard these things, he said unto him, Yet lackest thou one thing: sell all that thou hast, and distribute unto the poor, and thou shalt have treasure in heaven: and come, follow me.

Matt. XIX.

that saying, he went away sorrowful: for he had great possessions.
23 Then said Jesus unto his disciples, Verily I say unto you, That a rich man shall hardly enter into the kingdom of heaven.
24 And again I say unto you, It is easier for a camel to go through the eye of a needle, than for a rich man to enter into the kingdom of God.
25 When his disciples heard *it*, they were exceedingly amazed, saying, Who then can be saved?
26 But Jesus beheld *them*, and said unto them, With men this is impossible; but with God all things are possible.
27 Then answered Peter and said unto him, Behold, we have forsaken all, and followed thee; what shall we have therefore?
28 And Jesus said unto them, Verily I say unto you, That ye which have followed me, in the regeneration when the Son of man shall sit in the throne of his glory, ye also shall sit upon twelve thrones, judging the twelve tribes of Israel.
29 And every one that hath forsaken houses, or brethren, or sisters, or father, or mother, or wife, or children, or lands, for my name's sake, shall receive an hundredfold, and shall inherit everlasting life.
30 But many *that are* first shall be last; and the last *shall be* first.

Mark X.

and saith unto his disciples, How hardly shall they that have riches enter into the kingdom of God!
24 And the disciples were astonished at his words. But Jesus answereth again, and saith unto them, Children, how hard is it for them that trust in riches to enter into the kingdom of God!
25 It is easier for a camel to go through the eye of a needle, than for a rich man to enter into the kingdom of God.
26 And they were astonished out of measure, saying among themselves, Who then can be saved?
27 And Jesus looking upon them saith, With men *it is* impossible, but not with God: for with God all things are possible.
28 Then Peter began to say unto him, Lo, we have left all, and have followed thee.
29 And Jesus answered and said, Verily I say unto you, There is no man that hath left house, or brethren, or sisters, or father, or mother, or wife, or children, or lands, for my sake, and the gospel's,
30 But he shall receive an hundredfold now in this time, houses, and brethren, and sisters, and mothers, and children, and lands, with persecutions; and in the world to come eternal life.
31 But many *that are* first shall be last; and the last first.

Luke XVIII.

23 And when he heard this, he was very sorrowful: for he was very rich.
24 And when Jesus saw that he was very sorrowful, he said, How hardly shall they that have riches enter into the kingdom of God?
25 For it is easier for a camel to go through a needle's eye, than for a rich man to enter into the kingdom of God.
26 And they that heard *it* said, Who then can be saved?
27 And he said, The things which are impossible with men are possible with God.
28 Then Peter said, Lo, we have left all, and followed thee.
29 And he said unto them, Verily I say unto you, There is no man that hath left house, or parents, or brethren, or wife, or children, for the kingdom of God's sake,
30 Who shall not receive manifold more in this present time, and in the world to come life everlasting.

b) *Parable of the labourers in the vineyard.* പറമ്പിലേ കൂലിക്കാരുടെ ഉപമ.

Matt. XX. 1—16. *Text vide* § 41.

പിന്നെ യാത്ര ആയപ്പോൾ (മത്ത. മാൎക്ക.) വയസ്സ് കുറഞ്ഞ ഒരു പള്ളി
പ്രമാണി അനുരാഗം ഭാവിച്ച വഴിയിൽ നേരിട്ടു മുട്ടുകുത്തി, നല്ല ഗുരുവാ
യുള്ളോവേ, ഞാൻ നിത്യജീവനെ സമ്പാദിപ്പാൻ എന്തു നന്മ ചെയ്യേണ്ടു എ
ന്നു ചോദിച്ചാറെ കൎത്താവ് എന്നെ നല്ലവൻ എന്നു വിളിപ്പാൻ കാരണം
എന്തു, നന്മയെ ചൊല്ലി ചോദിക്കുന്നതും എന്തു (മത്ത.), നന്മയും നല്ലവനും ഒ
രുവനത്രെ ദൈവം തന്നെ എന്നു പറകയാൽ തന്റെ നല്ല ഗുണം എല്ലാം
പിതാവോടുള്ള ഐക്യത്തിൽ ആകുന്ന പ്രകാരം സൂചിപ്പിച്ചു. പിന്നെ ജീവ
പ്രാപ്തി വേണം എങ്കിൽ കല്പനകളെ അനുസരിക്കേണം (മത്ത.) എന്നു പറ
ഞ്ഞു. ഏവ എന്നു ചോദിച്ചപ്പോൾ കൊല്ലരുത് വ്യഭിചാരമരുത് മോഷ്ടിക്കരുത്
കള്ളസ്സാക്ഷി അരുത് എന്നിവയും മാതാപിതാക്കന്മാരെ ബഹുമാനിക്ക നിന്നെ
പോലെ കൂട്ടുകാരനെ സ്നേഹിക്ക (മത്ത.) എന്നും പറഞ്ഞു. ആയത് എല്ലാം
ഞാൻ എന്റെ ബാല്യമ്മുതൽ പ്രമാണിച്ചു വരുന്നു, ഇനി എന്തു കുറവുണ്ടു
എന്നു കേട്ടാറെ യേശു അവന്റെ ആസ്ഥ്യം നിമിത്തം മനസ്സലിഞ്ഞും കുറവു
ള്ളപ്രകാരം ബോധിക്കകൊണ്ടു സ്നേഹിച്ചും (മാൎക്ക.) നോക്കി കല്പിച്ചിതു:
ഒന്നു കൂടെ ചെയ്വാനുണ്ടു (ലൂക്ക.), തികഞ്ഞവനാവാൻ ഇച്ഛിച്ചാൽ ഉള്ളത്

എല്ലാം വിററു ദരിദ്രക്ക് കൊടുക്ക, എന്നാൽ സ്വൎഗ്ഗത്തിൽ നിക്ഷേപം ലഭിക്കും; പിന്നെ ക്രൂശ് എടുത്തു (മാൎക്ക.) എന്റെ പിന്നാലെ വരിക. എന്നതുകൊണ്ടു തന്നെ താൻ അറിഞ്ഞു മനസ്സ് തിരിവാൻ വഴികാട്ടിയതിന്റെ ഫലം എന്തെന്നാൽ, ബാല്യക്കാരൻ ധനസമൃദ്ധിയാൽ ഒന്നാം കല്പനെക്കും കൂടെ ഭേദം വന്നു എന്നു ഊഹിച്ചു തുടങ്ങി വിഷാദിച്ചു വിട്ടു പോകയും ചെയ്തു.

അതുകൊണ്ടു ശിഷ്യർ തങ്ങളെ തന്നെ പരീക്ഷിപ്പാൻ നല്ല പാങ്ങ് എന്നു കൎത്താവ് അറിഞ്ഞു അവരെ ചുററും നോക്കി, സമ്പത്തുള്ളവർ ദേവരാജ്യത്തിൽ കടപ്പാൻ എത്ര വൈഷമ്യം എന്നും, അവർ കേട്ടതിശയിച്ചപ്പോൾ സമ്പത്തിൽ ആശ്രയിക്കുന്നവൎക്ക് (മാൎക്ക.) എത്ര വൈഷമ്യം എന്നും പറഞ്ഞു, സമ്പത്തുള്ളതിനാൽ അതിൽ ആശ്രയിച്ചു പോവാനും മനസ്സു ചെല്ലും എന്നു സൂചിപ്പിച്ചു. ദേവരാജ്യത്തിന്റെ വാതിൽ സൂചിക്കുഴ പോലെ ഉള്ളതു. ധനവാന്മാർ സമ്പത്തും നിത്യവിചാരവും ആകുന്ന വഞ്ചുമട്ടു ഭരിക്കുകയാൽ ഒട്ടകം പോലെ ആകുന്നു; പിന്നെ അകമ്പൂകുവാൻ പരാധീനം ഉണ്ടല്ലോ. എന്നതു കേട്ടു ശിഷ്യർ തങ്ങളിലും ഒട്ടകഭാവം നിനെച്ചു അധികം ഭ്രമിച്ചു, ഇനി രക്ഷപ്പെടുവാൻ ആൎക്കു കഴിയും എന്നു തങ്ങളിൽ പറഞ്ഞു. യേശുവും അവരെ നോക്കി, അതു മനുഷ്യരാൽ അസാദ്ധ്യം ദൈവത്താൽ അസാദ്ധ്യം അല്ല, ഒട്ടകം പോലെ ഉള്ളവരെ ക്രൂശിന്റെ അഭ്യാസത്താൽ ചരടുപ്രമാണമാക്കുവാനും ദൈവത്തിന്നു കഴിയും എന്നു ചൊല്ലി ആശ്വസിപ്പിച്ചു.

ഇതു തങ്ങൾക്കും പററുന്ന ഉപമ എന്നു ശീമോൻ ഗ്രഹിച്ചു, എങ്ങിനെ ആയാലും ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ എന്നാൽ എന്തു കിട്ടും (മത്ത.) എന്നു ചൊല്ലിയതിന്നു ലോകത്തിന്റെ പുനൎജ്ജനനത്തിൽ മനുഷ്യപുത്രൻ സിംഹാസനത്തിന്മേൽ ഇരിക്കുന്ന സമയം നിങ്ങളും ദേവജാതിയുടെ ൧൨ ഗോത്രങ്ങൾക്കും നായകന്മാരായി വാഴും (മത്ത.; ലൂക്ക. ൨൨, ൨൮ ff; അറി. ൨൧, ൧൨). എന്നുള്ള ഉത്തരം അല്ലാതെ ഈ ലോകത്തിൽ യേശുനാമം നിമിത്തം വല്ലതും ഉപേക്ഷിച്ചാൽ അതു തന്നെ ഇഹത്തിൽ ഉപദ്രവങ്ങളോടു കൂടെ നൂറിരട്ടിച്ചു കിട്ടും, പരത്തിൽ നിത്യജീവൻ ഉണ്ടാകയും ചെയ്യും എന്ന് എല്ലാ ശിഷ്യന്മാൎക്കും പറഞ്ഞു കൊടുത്തു. അതിൽ ഒരു വിശേഷം ഉണ്ടു: അഛ്ശനു പകരം അഛ്ശന്മാർ കിട്ടും എന്നല്ല (മത്ത. ൨൩, ൯), ഭാൎയ്യെക്ക് പകരം ഭാൎയ്യമാർ കിട്ടും എന്നും അല്ല പറഞ്ഞത്; വീട്ടിന്നു പകരം വീടുകളും, അമ്മമാർ സഹോദരർ പലരും, നൂറോളം ആത്മപുത്രരും, ദേവവേല നടക്കുന്ന നിലങ്ങളും മററും ലഭിക്കും. "സകലവും നിങ്ങൾക്കുള്ളതല്ലോ" (൧ കൊ. ൩, ൨൨) എന്ന വചനപ്രകാരം തന്നെ (മാൎക്ക.).

എങ്കിലും മുമ്പർ പലരും വിശ്വാസവഴിയെ വിട്ടു കൂലിയെ എണ്ണി വിഷാദിച്ച് അസൂയപ്പെട്ടു പിമ്പരായും, പിമ്പർ കരുണയിൽ മുററും ആശ്രയിച്ചു മുമ്പരായും തീരുന്ന പ്രകാരത്തെ പറമ്പിലേ പണിക്കാരുടെ കൂലിവിവരത്താൽ (ഭാ. ൯൨) കാട്ടിയതു (മത്ത).

§ 134.

CHRIST'S WILLINGNESS TO SUFFER CONTRASTED WITH THE DISCIPLES' LOFTY ASPIRATIONS.

കഷ്ടാനുഭവത്തിന്നായി മുതിൎന്ന കൎത്താവിന്നും മഹത്വാകാംക്ഷികളായ ശിഷ്യൎക്കും ഉള്ള ഭേദാഭേദം.

a) *Christ's third foretelling of his sufferings.*

യേശു മൂന്നാമതും സ്വകഷ്ടമരണാദികളെ അറിയിച്ചതു.

MATT. XX.

17 And Jesus going up to Jerusalem took the twelve disciples apart in the way, and said unto them,

18 Behold, we go up to Jerusalem; and the Son of man shall be betrayed unto the chief priests and unto the scribes, and they shall condemn him to death,

19 And shall deliver him to the Gentiles to mock, and to scourge, and to crucify *him*: and the third day he shall rise again.

MARK X.

32 And they were in the way going up to Jerusalem; and Jesus went before them: and they were amazed; and as they followed, they were afraid. And he took again the twelve, and began to tell them what things should happen unto him,

33 *Saying*, Behold, we go up to Jerusalem; and the Son of man shall be delivered unto the chief priests, and unto the scribes; and they shall condemn him to death, and shall deliver him to the Gentiles:

34 And they shall mock him, and shall scourge him, and shall spit upon him, and shall kill him: and the third day he shall rise again.

LUKE XVIII.

31 Then he took *unto him* the twelve, and said unto them, Behold, we go up to Jerusalem, and all things that are written by the prophets concerning the Son of man shall be accomplished.

32 For he shall be delivered unto the Gentiles, and shall be mocked, and spitefully entreated, and spitted on:

33 And they shall scourge *him*, and put him to death: and the third day he shall rise again.

34 And they understood none of these things: and this saying was hid from them, neither knew they the things which were spoken.

b) *The ambitious request of the sons of Zebedee.* ജബദിമക്കളുടെ അഭിമാനിത്വം.

MATT. XX.

20 Then came to him the mother of Zebedee's children with her sons, worshipping *him*, and desiring a certain thing of him.

21 And he said unto her, What wilt thou? She saith unto him, Grant that these my two sons may sit, the one on thy right hand, and the other on the left, in thy kingdom.

22 But Jesus answered and said, Ye know not what ye ask. Are ye able to drink of the cup that I shall drink of, and to be baptized with the baptism that I am baptized with? They say unto him, We are able.

23 And he saith unto them, Ye shall drink indeed of my cup, and be baptized with the baptism that I am baptized with: but to sit on my right hand, and on my left, is not mine to give, but *it shall be given to them* for whom it is prepared of my Father.

24 And when the ten heard *it*, they were moved with indignation against the two brethren.

25 But Jesus called them *unto him*, and said, Ye know that the princes of the Gentiles exercise dominion over them, and they that are great exercise authority upon them.

26 But it shall not be so among you: but whosoever will be great among you, let him be your minister;

27 And whosoever will be chief among you, let him be your servant:

28 Even as the Son of man came not to be ministered unto, but to minister, and to give his life a ransom for many.

MARK X.

35 And James and John, the sons of Zebedee, come unto him, saying, Master, we would that thou shouldest do for us whatsoever we shall desire.

36 And he said unto them, What would ye that I should do for you?

37 They said unto him, Grant unto us that we may sit, one on thy right hand, and the other on thy left hand, in thy glory.

38 But Jesus said unto them, Ye know not what ye ask: can ye drink of the cup that I drink of? and be baptized with the baptism that I am baptized with?

39 And they said unto him, We can. And Jesus said unto them, Ye shall indeed drink of the cup that I drink of; and with the baptism that I am baptized withal shall ye be baptized:

40 But to sit on my right hand and on my left hand is not mine to give; but *it shall be given to them* for whom it is prepared.

41 And when the ten heard *it*, they began to be much displeased with James and John.

42 But Jesus called them *to him*, and saith unto them, Ye know that they which are accounted to rule over the Gentiles exercise lordship over them and their great ones exercise authority upon them.

43 But so shall it not be among you: but whosoever will be great among you, shall be your minister:

44 And whosoever of you will be the chiefest, shall be servant of all.

45 For even the Son of man came not to be ministered unto, but to minister, and to give his life a ransom for many.

യേശു ഗലീലയിൽനിന്നു പോകുന്ന യാത്രക്കാരോട് ഒന്നിച്ചു യരുശലേമിന്റെ നേരെ ചെല്ലുന്ന സമയം അവൻ കാൎയ്യനിവൃത്തി വരും എന്നറിഞ്ഞു മുമ്പിൽ കാണെ നടന്നു (മാൎക്ക.), ശിഷ്യരും ഗുരുവിൻ മുഖവികാരത്തിൽ നിഴലിച്ച മരണമുതിച്ചയെ കണ്ടിട്ടോ സ്തംഭിച്ചും ഭയപ്പെട്ടും കൊണ്ടു പിഞ്ചെന്നു (മാൎക്ക.). അന്നു യേശു അവരോടു അറിയിച്ചതു: ഇപ്പോൾ യരുശലേമിലേക്ക് ചെല്ലുന്നുവല്ലോ; മനുഷ്യപുത്രനെ കുറിച്ചു എഴുതിക്കിടക്കുന്നതു എല്ലാം നിവൃത്തിക്കപ്പെട്ടും (ലൂക്ക.). അവനെ ദ്രോഹിച്ചു മഹാചാൎയ്യരിൽ ഏല്പിക്കും (മത്ത.), ആയവർ മരണശിക്ഷ വിധിച്ചു പുറജാതികളിൽ സമൎപ്പിക്കും, ഇവർ നിന്ദിച്ചും പരിഹസിച്ചും തുപ്പിക്കൊണ്ടും അടിച്ചശേഷം ക്രൂശിൽ തറെക്കും, മൂന്നാം നാൾ അവൻ എഴുനീല്ക്കയും ചെയ്യും. എന്നതു കേട്ടു ശിഷ്യന്മാർ സാരം വിചാരിക്കാതെയും ബോധിക്കാതെയും ഇരുന്നു (ലൂക്ക.; അതും ൯, ൪൫ എന്ന പോലെ, § ൱൦൨.).

അത്താഴമാളികയിൽ യേശു ശീമോന്റെ വീഴ്ചയെ അറിയിച്ചതല്ലാതെ (ലൂക്ക. യോ. § ൧൪൮) നഗരം വിട്ടു ഗഥ്ശമനതോട്ടത്തേക്കുള്ള വഴിയിൽവെച്ചും (മത്ത. മാൎക്ക.) വിശ്വസ്തരക്ഷിതാവു വീണ്ടും അവനേയും മറെറല്ലാവരേയും ഉണൎത്തി ബുദ്ധി ചൊല്ലിയതിവ്വണ്ണം: നിങ്ങൾ എല്ലാവരും ഈ രാത്രിയിൽ വിശ്വാസം ഇളകി എങ്കൽ ഇടറി പോകും. യഹോവ അല്ലോ തന്റെ കൂട്ടുകാരനായ വീരനെ അടിപ്പാൻ (ലോകാധികാരികളുടെ) വാളിനെ വിളിക്കും, അത് ഇടയനെ വെട്ടുമ്പോൾ ആട്ടിങ്കൂട്ടം ചിതറി പോകും (ജക. ൧൩, ൭) എന്ന് എഴുതി കിടക്കുന്നു. എങ്കിലും ഞാൻ ജീവിച്ചെഴുനീററ ശേഷം നിങ്ങളെ പിന്നേയും ഒന്നിച്ചു ചേൎപ്പാൻ ഗലീലെക്ക് മുന്നടക്കും. അതിന്നു ശീമൊൻ "എല്ലാവരും നിങ്കൽ ഇടറി പോയാലും ഞാനല്ല താനും" എന്നു ചൊല്ലിയതിന്നു യേശു ആദിയേ അവന്റെ വീഴ്ചയെ തിട്ടമായി അറിയിച്ചപ്പോൾ "നിന്നോടു കൂടെ മരിപ്പാനും ഞാൻ ഒരുമ്പെട്ടിരിക്കുന്നു" എന്നു പേത്രൻ പറകകൊണ്ടു മറെറ ശിഷ്യരും അപ്രകാരം തന്നെ മൊഴിഞ്ഞു, യേശു അവന്റെ വീഴ്ച അറിയിച്ചതും വ്യൎത്ഥമായിരുന്നു.

കിദ്രോനെ കടന്ന ശേഷം യേശു ബെത്ഥന്യെക്ക് പോകാതെ ഉത്സവമൎയ്യാദപ്രകാരം പട്ടണസമീപത്തു തന്നെ പാൎത്തു. ഒലീവ്മലയുടെ താഴ്വരയിൽ ഗഥ്ശമന "(എണ്ണച്ചക്ക") എന്ന പേരുള്ള ഒരു തോട്ടം ഉണ്ടു. അതിൽ യേശു പലപ്പോഴും ശിഷ്യന്മാരോട് കൂടി ചെന്നതു പോലെ അന്നും പ്രവേശിച്ചു ഉടനെ ഏകനായി ഒരു ചക്ക മെതിക്കേണ്ടി വന്നു (യശ. ൫൩). അവന്ന് അപൂൎവ്വമായ കലക്കം സംഭവിച്ചിട്ടു, നിങ്ങൾ ഇവിടെ ഇരിപ്പിൻ, ഞാൻ അങ്ങോട്ടു ചെന്നു പ്രാൎത്ഥിക്കട്ടെ എന്നു ചൊല്ലി, മൂവരെ കൂട്ടിക്കൊണ്ട് അപ്പുറം ചെന്നാറെ അതിശയമുള്ള ദുഃഖവും (മാൎക്ക.) അഴിനിലയും മനസ്സിൽ അതിക്രമിച്ചു. അപ്പോൾ അവൻ അവരോടു നിന്നുകൊണ്ടു എന്റെ ദേഹി മരണപൎയ്യന്തം അതിദുഃഖപ്പെട്ടിരിക്കുന്നു എന്നും, ഇവിടെ പാൎത്തു കൂട ജാഗരിപ്പിൻ (മത്ത. മാൎക്ക.), പരീക്ഷയിൽ വീഴാതെ ഇരിപ്പാൻ പ്രാൎത്ഥിപ്പിൻ (ലൂക്ക.) എന്നും പറഞ്ഞു വേൎപ്പിരിഞ്ഞ് ഓടി, ഒരു കല്ലേറു ദൂരമാത്രത്തിൽ എത്തി (ലൂക്ക.) നിലത്തു വീണു മുട്ടുകുത്തി, കഴിയുന്നതായിരുന്നാൽ ഈ മുഹൂൎത്തം തന്നിൽനിന്നു നീങ്ങി പോകേണ്ടതിന്നു പ്രാൎത്ഥിച്ചു (മാൎക്ക.; യോ. ൧൨, ൨൭): അബ്ബാ പിതാവേ, നിന്നാൽ എല്ലാം കഴിയുന്നതല്ലോ (മാൎക്ക.)! കഴിയുന്നു എങ്കിൽ ("നിനക്കു മനസ്സായാൽ", ലൂക്ക.) ഈ പാനപാത്രം എന്നിൽനിന്നു കടന്നു പോവാറാക്കേണമേ! എന്നാലും എന്റെ ഇഷ്ടമല്ല നിന്റേതു അത്രെ ആകേണ്ടു!

എന്നു പ്രാൎത്ഥിച്ച ശേഷം സ്വൎഗ്ഗത്തിൽനിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി ശക്തിയെ പുതുക്കി കൊടുത്തു (ലൂക്ക). ആകയാൽ യേശു മൂവരുടെ അടുക്കെ വന്നു അവർ വിഷാദത്താൽ (ലൂക്ക.) ഉറങ്ങുന്നതു കണ്ടാറെ, ശീമോനേ, ഉറങ്ങുന്നുവോ (മാൎക്ക.)? നിങ്ങൾക്കു എന്നോടു കൂട ഒരു മുഹൂൎത്തം എങ്കിലും ഉണൎന്നിരിപ്പാൻ കഴിഞ്ഞില്ലയോ (മത്ത.)? പരീക്ഷയിൽ പ്രവേശിയാതിരിപ്പാൻ ഉണൎന്നെഴുനീററു പ്രാൎത്ഥിപ്പിൻ! ആത്മാവു മനഃപൂൎവ്വമുള്ളതു തന്നെ ജഡം ക്ഷീണമുള്ളത് താനും (മത്ത. മാൎക്ക.).

എന്നു ചൊല്ലിയതിൽ പിന്നെ പ്രാണയാതന തിരികെ വന്നപ്പോൾ

(ലൂക്ക.) അവൻ എൻ പിതാവേ, ഈ പാത്രം ഞാൻ കുടിക്കാതെ എന്നിൽനിന്നു കടന്നു പോവാൻ കഴിയുന്നതല്ല എങ്കിൽ നിന്റെ ഇഷ്ടം ഭവിപ്പൂതാക (മത്ത.) എന്നു അതിശ്രദ്ധയോടെ പ്രാൎത്ഥിച്ചു (ലൂക്ക.), മടങ്ങി വന്നു, ആ മൂവർ പിന്നേയും നിദ്രാഭാരത്താൽ ഉറങ്ങുന്നതു കാണ്കയും ചെയ്തു. അവർ ഉണൎന്നപ്പോൾ ഏത് ഉത്തരം പറയേണം എന്ന് അറിഞ്ഞതും ഇല്ല (മാൎക്ക.).

ഉത്തരം പറയുമ്മുമ്പെ അവാച്യവേദന പിന്നേയും അതിക്രമിച്ചിട്ടു യേശു അവരെ വിട്ടു പിന്നേയും പ്രാൎത്ഥിച്ചു, തന്റെ ഇഷ്ടം പിതാവിന്നു ബലി കഴിച്ചു, ആ പാനപാത്രം തീരെ കുടിക്കയും ചെയ്തു. എങ്ങിനെ എന്നാൽ അത്യാസന്നത്തിലായി പോരാടി പ്രാൎത്ഥിക്കുമ്പോൾ അവന്റെ വിയൎപ്പു വലിയ ചോരത്തുള്ളികളെ പോലെ ഇററിററു വീണു (ലൂക്ക.). പിന്നെ മൂന്നാമത് ജയം കൊണ്ടിട്ടു അവൻ എഴനീററു മടങ്ങി വന്നു, ശിഷ്യന്മാരോട് നിങ്ങൾ ശേഷിച്ച കാലത്തേയും ഉറങ്ങി വ്യൎത്ഥമാക്കുന്നുവോ? അതു തീൎന്നു (മാൎക്ക.), ഇതാ മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏല്പിക്കപ്പെടുന്ന മുഹൂൎത്തം വന്നു; എഴനീല്പിൻ, നാം ചെല്ലുക, കണ്ടാലും എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു എന്നു പൂൎണ്ണസമാധാനത്തോടെ പറകയും ചെയ്തു.

ആ രാത്രിയിൽ യേശു സൎവ്വലോകത്തിന്റെ വിപരീതദുഃഖങ്ങളേയും തന്റെ പരിശുദ്ധദേഹിയിൽ ഏററു പാപികളിലേ ദൈവകോപവും ന്യായവിധിയും കലൎന്നുള്ള പാനീയത്തെ കുടിച്ചുകൊൾകയാൽ കണ്ണുനീരും നിലവിളിയും കൂടിയ പ്രാൎത്ഥനെക്ക് സിദ്ധി പ്രാപിച്ചും (എബ്ര്യ. ൫, ൭) ജയസമാധാനം നിറഞ്ഞുംകൊണ്ടു തന്റെ ആശ്രിതന്മാൎക്ക് തികഞ്ഞ മഹാചാൎയ്യനും നിത്യരക്ഷയുടെ കാരണനുമായ്തീൎന്നു.

---

§ 150.

Jesus arrested. The Disciples escape.

(*Friday, 7th April.* വെള്ളിയാഴ്ച, ഏപ്രിൽ ൭)

യേശു ശിഷ്യരെ രക്ഷിച്ച് പാപികളുടെ കൈയിൽ അകപ്പെട്ടതു.

MATT. XXVI.

47 And while he yet spake, lo, Judas, one of the twelve, came, and with him a great multitude with swords and staves, from the chief priests and elders of the people.

48 Now he that betrayed him gave them a sign, saying, Whomsoever I shall kiss, that same is he: hold him fast.

49 And forthwith he came to Jesus, and said, Hail, master; and kissed him.

50 And Jesus said unto him, Friend, wherefore art thou come? Then came they, and laid hands on Jesus, and took him.

51 And, behold, one of

MARK XIV.

43 And immediately, while he yet spake, cometh Judas, one of the twelve, and with him a great multitude with swords and staves, from the chief priests and the scribes and the elders.

44 And he that betrayed him had given them a token, saying, Whomsoever I shall kiss, that same is he; take him, and lead *him* away safely.

45 And as soon as he was come, he goeth straightway to him, and saith, Master, master; and kissed him.

46 And they laid

LUKE XXII.

47 And while he yet spake, behold a multitude, and he that was called Judas, one of the twelve, went before them, and drew near unto Jesus to kiss him.

48 But Jesus said unto him, Judas, betrayest thou the Son of man with a kiss?

49 When they which were about him saw what would follow, they said unto him, Lord, shall we

JOHN XVIII.

1 When Jesus had spoken these words, he went forth with his disciples over the brook Cedron, where was a garden, into the which he entered, and his disciples.

2 And Judas also, which betrayed him, knew the place: for Jesus ofttimes resorted thither with his disciples.

3 Judas then, having received a band *of men* and officers from the chief priests and Pharisees, cometh thither with lanterns and torches and weapons.

4 Jesus therefore, knowing all things that should come upon him, went forth, and said unto them, Whom seek ye?

5 They answered him, Jesus of Nazareth. Jesus saith

Matt. XXVI.

them which were with Jesus stretched out *his* hand, and drew his sword, and struck a servant of the high priest's, and smote off his ear.

52 Then said Jesus unto him, Put up again thy sword into his place: for all they that take the sword shall perish with the sword.

53 Thinkest thou that I cannot now pray to my Father, and he shall presently give me more than twelve legions of angels?

54 But how then shall the scriptures be fulfilled, that thus it must be?

55 In that same hour said Jesus to the multitudes, Are ye come out as against a thief with swords and staves for to take me? I sat daily with you teaching in the temple, and ye laid no hold on me.

56 But all this was done, that the scriptures of the prophets might be fulfilled. Then all the disciples forsook him, and fled.

Mark XIV.

their hands on him, and took him.

47 And one of them that stood by drew a sword, and smote a servant of the high priest, and cut off his ear.

48 And Jesus answered and said unto them, Are ye come out, as against a thief, with swords and *with* staves to take me?

49 I was daily with you in the temple teaching, and ye took me not: but the scriptures must be fulfilled.

50 And they all forsook him, and fled.

51 And there followed him a certain young man, having a linen cloth cast about *his* naked *body*; and the young men laid hold on him:

52 And he left the linen cloth, and fled from them naked.

Luke XXII.

smite with the sword?

50 And one of them smote the servant of the high priest, and cut off his right ear.

51 And Jesus answered and said, Suffer ye thus far. And he touched his ear, and healed him.

52 Then Jesus said unto the chief priests, and captains of the temple, and the elders, which were come to him, Be ye come out, as against a thief, with swords and staves?

53 When I was daily with you in the temple, ye stretched forth no hands against me: but this is your hour, and the power of darkness.

John XVIII.

unto them, I am *he*. And Judas also, which betrayed him, stood with them.

6 As soon then as he had said unto them, I am *he*, they went backward, and fell to the ground.

7 Then asked he them again, Whom seek ye? And they said, Jesus of Nazareth.

8 Jesus answered, I have told you that I am *he*: if therefore ye seek me, let these go their way:

9 That the saying might be fulfilled, which he spake, Of them which thou gavest me have I lost none.

10 Then Simon Peter having a sword drew it, and smote the high priest's servant, and cut off his right ear. The servant's name was Malchus.

11 Then said Jesus unto Peter, Put up thy sword into the sheath: the cup which my Father hath given me, shall I not drink it?

12 Then the band and the captain and officers of the Jews took Jesus, and bound him.

ഇതിന്റെ ഇടയിൽ യഹൂദാ സൻഹെദ്രിനിലേ മൂപ്പന്മാരെ ചെന്നു കണ്ടു, യേശു പോകുന്ന സ്ഥലത്തേയും നല്ല തക്കത്തേയും അറിയിച്ചു (യോ.) കാൎയ്യബോധം വരുത്തിയാറെ അവർ ദൈവാലയക്കാവലിന്നുള്ള ആയുധപാണികളെ വിളിച്ചതുമല്ലാതെ (ലൂക്ക.) നാടുവാഴിയോടു കല്പന വാങ്ങി അന്നു യരുശലേം കോട്ടയിലുള്ള രോമപ്പട്ടാളത്തിന്റെ ഒർ അംശത്തേയും (യോ. ൧൮, ൩) കൂട്ടിക്കൊണ്ടു, ഞാൻ കുറിക്കുന്ന പുരുഷനെ എത്രയും സൂക്ഷ്മത്തോടെ പിടിക്കേണം എന്നു കല്പിച്ചു (മാൎക്ക.), വെളുത്ത വാവായിരുന്നു എങ്കിലും പന്തവും വിളക്കും മറ്റും ആവോളം എടുപ്പിച്ചു, ഓരോരോ വടിക്കാരേയും കൂടെ നടപ്പാൻ സമ്മതിച്ചു, ഏകദേശം പടെക്കാമാറു യാത്ര ആകയും ചെയ്തു.

തോട്ടത്തെ വളഞ്ഞപ്പോൾ താൻ ബദ്ധപ്പെട്ടു മുന്നടന്നു കൎത്താവിന്റെ നേരെ വന്നു, റബ്ബീ റബ്ബീ വാഴുക എന്നു ചൊല്ലി ചുംബിപ്പാൻ തുനിഞ്ഞാറെ യേശു ഹേ തോഴ, നീ ഇവിടെ വന്നതു എന്തിന്നു (മത്ത.)? മനുഷ്യപുത്രനെ ചുംബിച്ചു ദ്രോഹിക്കുമോ (ലൂക്ക.) എന്നു പറഞ്ഞു. ആ സൎപ്പത്തിൻ കടിയിൽനിന്നു തെറ്റി, തോട്ടത്തിൻ വാതുക്കൽ തന്നെ ശിഷ്യരെ മുൻനിന്നു പാലിക്കേണ്ടതിന്നു മാറ്റാന്മാരെ എതിരേറ്റു, നിങ്ങൾ ആരെ അന്വേഷിക്കുന്നു എന്നു ചോദിച്ചു. അവർ നചറക്കാരനായ യേശുവെ എന്നു പറഞ്ഞപ്പോൾ "ഞാൻ ആകുന്നു" എന്നു കേട്ട ഉടനെ പിൻവാങ്ങി വീണു. യേശു മുമ്പിൽ (യോ. ൧൮, ൬) ചെയ്തത്പോലെ തെറ്റിപ്പോവാൻ അന്ന് ഇച്ഛിക്കാതെ നിന്നു അവരുടെ ഉത്തരം കേട്ടാറെ, എങ്കിൽ ഇവർ പോകട്ടെ എന്നു കല്പിച്ചു, താൻ പ്രാൎത്ഥിച്ചപ്രകാരം ശിഷ്യരുടെ രക്ഷയെ പ്രാപിക്കയും ചെയ്തു (യോ.).

ആയവർ ആയുധക്കാർ എതിരെ വരുന്നതു കണ്ടു (ലൂക്ക.) വരുന്ന കാൎയ്യം ഊഹിച്ചു, ശീമോനും ഞങ്ങൾ വാൾകൊണ്ടു വെട്ടാമോ എന്നു ചോദിച്ചു, ഉത്തരം വരുമ്മുമ്പെ മഹാചാൎയ്യന്റെ ദാസനായ മല്ക്കൻ എന്നവനെ (യോ.) ഒന്നു വെട്ടി ചെവി മുറിച്ചതു യേശു കണ്ടു, ആയുധക്കാരോട് ഇത്രോളം പൊറുപ്പിൻ എന്ന് അപേക്ഷിച്ചു തൊട്ടു സൌഖ്യം വരുത്തി (ലൂക്ക.). പിന്നെ ശീമോനെ ശാസിച്ചു, വാൾ ഉറയിൽ ഇടുക, വാൾ എടുക്കുന്നവർ എല്ലാം വാളാൽ നശിക്കും എന്നും,* ഞാൻ ഇപ്പോഴും കൂടെ പിതാവോടു അപേക്ഷിച്ചാൽ അവൻ ൧൨ ലെഗ്യോനേക്കാൾ അധികം ദൂതരെ നിയോഗിക്കയില്ലയോ? എന്നാലും തിരുവെഴുത്തുകൾ എങ്ങിനെ നിവൃത്തിക്കും (മത്ത.)? പിതാവ് തന്നതു കുടിക്കാതെ ഇരിക്കാമോ (യോ.)? അതിപ്പോൾ വേണ്ടത് (മത്ത.) എന്നും പറഞ്ഞു.

അനന്തരം അവന്റെ കൈകളെ കെട്ടുമ്പോൾ യേശു മൂപ്പന്മാരോടും മററും പറഞ്ഞു: ഒരു കവൎച്ചക്കാരനെ പിടിപ്പാനുള്ളതു പോലെ വാളുവടികളോടും കൂടെ എന്നെ കൊള്ളെ പുറപ്പെട്ടു. ദിനമ്പ്രതി ഞാൻ ദൈവാലയത്തിൽ ഉപദേശിച്ചു കൊണ്ടിരുന്നു. പകല്ക്കാലത്തു നിങ്ങൾ എന്നെ പിടിച്ചില്ല. എങ്കിലും ഇതു വേദനിവൃത്തിക്കായി (മത്ത.) സംഭവിച്ചു നിങ്ങളുടെ മുഹൂൎത്തവും ഇരിട്ടിൻ അധികാരവും ആകുന്നു (ലൂക്ക.).

ഇവ്വണ്ണം തല്ക്കാലത്തേക്ക് സാത്താനുള്ള അധികാരത്തെ യേശു താൻ അനുവദിച്ചപ്പോൾ ശിഷ്യന്മാർ ഐഹികരാജ്യത്തിൻ ആശെക്കു ഭംഗം വന്നതു കണ്ടു, ഇരിട്ടിൻ അധികാരം അല്ലാതെ കാരണം എന്നിയെ ചിതറി ഓടിപ്പോയി (മത്ത. മാൎക്ക.). ഏകനായി ഒരു ബാല്യക്കാരൻ (സുവിശേഷകനായ മാൎക്കൻ എന്നോ) യേശുവെ അനുഗമിപ്പാൻ വിചാരിച്ചു, ചേകവർ പിടിച്ചപ്പോൾ പുതപ്പു വിട്ടു നഗ്നനായി മണ്ടിപ്പോകയും ചെയ്തു.

---

§ 151.

JESUS BEFORE THE ECCLESIASTICAL TRIBUNAL. PETER'S THREEFOLD DENIAL.

സഭാധികാരികളാൽ ഉണ്ടായ വിസ്താരങ്ങൾ മൂന്നും.

a) *The preliminary trial by Annas. The first blow on the cheek.*

ഹന്ന കഴിച്ച ആദ്യവിസ്താരവും ഒന്നാം കവിളത്തടിയും.

JOHN XVIII.

13 And led him away to Annas first; for he was father in law to Caiaphas which was the high priest that same year.

14 Now Caiaphas was he, which gave counsel to the Jews, that it was expedient that one man should die for the people.

. . . .

19 The high priest then asked Jesus of his disciples, and of his doctrine.

20 Jesus answered him, I spake openly to the world; I ever taught in the synagogue, and in the temple, whither the Jews always resort; and in secret have I said nothing.

21 Why askest thou me? ask them which heard me, what I have said unto them: behold, they know what I said.

22 And when he had thus spoken, one of the officers which stood by struck Jesus with the palm of his hand, saying, Answerest thou the high priest so?

23 Jesus answered him, If I have spoken evil, bear witness of the evil: but if well, why smitest thou me?

---

* ഇതു വിശേഷാൽ കേഫാവിന്റെ അനന്തരവന്മാൎക്ക് പറയുന്ന ഉപദേശം.

b) *The semi-official trial by Caiaphas (night-session).*
കയഫാ രാത്രിയിൽ അരമനയിൽവെച്ചു നടത്തിയ വിസ്താരം.

LUKE XXII.

54 Then took they him, and led *him*, and brought him into the high priest's house. . . .

JOHN XVIII.

24 Now Annas had sent him bound unto Caiaphas the high priest.

MATT. XXVI.

57 And they that had laid hold on Jesus led *him* away to Caiaphas the high priest, where the scribes and the elders were assembled.

. . . .

59 Now the chief priests, and elders, and all the council, sought false witness against Jesus, to put him to death;

60 But found none: yea, though many false witnesses came, *yet* found they none. At the last came two false witnesses,

61 And said, This *fellow* said, I am able to destroy the temple of God, and to build it in three days.

62 And the high priest arose, and said unto him, Answerest thou nothing? what *is it which* these witness against thee?

63 But Jesus held his peace. And the high priest answered and said unto him, I adjure thee by the living God, that thou tell us whether thou be the Christ, the Son of God.

64 Jesus saith unto him, Thou hast said: nevertheless I say unto you, hereafter shall ye see the Son of man sitting on the right hand of power, and coming in the clouds of heaven.

65 Then the high priest rent his clothes, saying, He hath spoken blasphemy; what further need have we of witnesses? behold, now ye have heard his blasphemy.

66 What think ye? They answered and said, He is guilty of death.

MARK XIV.

53 And they led Jesus away to the high priest: and with him were assembled all the chief priests and the elders and the scribes.

. . . .

55 And the chief priests and all the council sought for witness against Jesus to put him to death; and found none.

56 For many bare false witness against him, but their witness agreed not together.

57 And there arose certain, and bare false witness against him, saying,

58 We heard him say, I will destroy this temple that is made with hands, and within three days I will build another made without hands.

59 But neither so did their witness agree together.

60 And the high priest stood up in the midst, and asked Jesus, saying, Answerest thou nothing? what *is it which* these witness against thee?

61 But he held his peace, and answered nothing. Again the high priest asked him, and said unto him, Art thou the Christ, the Son of the Blessed?

62 And Jesus said, I am: and ye shall see the Son of man sitting on the right hand of power, and coming in the clouds of heaven.

63 Then the high priest rent his clothes, and saith, What need we any further witnesses?

64 Ye have heard the blasphemy: what think ye? And they all condemned him to be guilty of death.

c) *Simultaneously with a. and b.: Peter's threefold denial.*
അതിന്മദ്ധ്യേ പേത്രൻ മൂന്നവട്ടം യേശുവെ തള്ളിപ്പറഞ്ഞതു.

MATT. XXVI.

58 But Peter followed him afar off unto the high priest's palace, and went in, and sat with the servants, to see the end.

. . . .

69 Now Peter sat without in the palace: and a damsel came unto him, saying, Thou also wast with Jesus of Galilee.

70 But he denied before *them* all, saying, I know not what thou sayest.

71 And when he was gone out into the porch, another *maid* saw him, and said unto them, that were there, This *fellow* was also with Jesus of Nazareth.

72 And again he denied with an oath, I do not know the man.

MARK XIV.

54 And Peter followed him afar off, even into the palace of the high priest: and he sat with the servants, and warmed himself at the fire.

. . . .

66 And as Peter was beneath in the palace, there cometh one of the maids of the high priest:

67 And when she saw Peter warming himself, she looked upon him, and said, And thou also wast with Jesus of Nazareth.

68 But he denied, saying, I know not, neither understand I what thou sayest. And he went out into the porch; and the cock crew.

69 And a maid saw him again, and began to say to them that stood by, This is *one* of them.

LUKE XXII.

54 . . . And Peter followed afar off.

55 And when they had kindled a fire in the midst of the hall, and were set down together, Peter sat down among them.

56 But a certain maid beheld him as he sat by the fire, and earnestly looked upon him, and said, This man was also with him.

57 And he denied him, saying, Woman, I know him not.

58 And after a little while another saw him, and said, Thou art also of them. And Peter said, Man, I am not.

59 And about the space of one hour after another confidently affirmed, say-

JOHN XVIII.

15 And Simon Peter followed Jesus, and *so did* another disciple: that disciple was known unto the high priest, and went in with Jesus into the palace of the high priest.

16 But Peter stood at the door without. Then went out that other disciple, which was known unto the high priest, and spake unto her that kept the door, and brought in Peter.

17 Then saith the damsel that kept the door unto Peter, Art not thou also *one* of this man's disciples? He saith, I am not.

18 And the servants and officers stood there, who had made a fire of coals; for it was cold: and they warmed

Matt. XXVI.

73 And after a while came unto *him* they that stood by, and said to Peter, Surely thou also art *one* of them; for thy speech bewrayeth thee.

74 Then began he to curse and to swear, *saying*, I know not the man. And immediately the cock crew.

75 And Peter remembered the word of Jesus, which said unto him, Before the cock crew, thou shalt deny me thrice. And he went out, and wept bitterly.

Mark XIV.

70 And he denied it again. And a little after, they that stood by said again to Peter, Surely thou art *one* of them: for thou art a Galilæan, and thy speech agreeth *thereto*.

71 But he began to curse and to swear, *saying*, I know not this man of whom ye speak.

72 And the second time the cock crew. And Peter called to mind the word that Jesus said unto him, Before the cock crow twice, thou shalt deny me thrice. And when he thought thereon, he wept.

Luke XXII.

ing, Of a truth this *fellow* also was with him: for he is a Galilæan.

60 And Peter said, Man, I know not what thou sayest. And immediately, while he yet spake, the cock crew.

61 And the Lord turned, and looked upon Peter. And Peter remembered the word of the Lord, how he had said unto him, Before the cock crow, thou shalt deny me thrice.

62 And Peter went out, and wept bitterly.

John XVIII.

themselves: and Peter stood with them, and warmed himself.

. . . . .

25 And Simon Peter stood and warmed himself. They said therefore unto him, Art not thou also *one* of his disciples? He denied *it*, and said, I am not.

26 One of the servants of the high priest, being *his* kinsman whose ear Peter cut off, saith, Did not I see thee in the garden with him?

27 Peter then denied again: and immediately the cock crew.

d) *Our Lord mocked and insulted.* ചേകവർ യേശുവെ പരിഹസിച്ച് അടിച്ചതു.

MATT. XXVI.

67 Then did they spit in his face, and buffeted him; and others smote *him* with the palms of their hands,

68 Saying, Prophesy unto us, thou Christ, Who is he that smote thee?

MARK XIV.

65 And some began to spit on him, and to cover his face, and to buffet him, and to say unto him, Prophesy: and the servants did strike him with the palms of their hands.

LUKE XXII.

63 And the men that held Jesus mocked him, and smote *him*.

64 And when they had blindfolded him, they struck him on the face, and asked him, saying, Prophesy, who is it that smote thee?

65 And many other things blasphemously spake they against him.

e) *The official trial by the assembled Sanhedrim (morning-session). The sentence passed.*
പുലൎകാലേ വിസ്താരസഭ കൂടി വിസ്തരിച്ച മരണം വിധിച്ചതു.

MT. XXVII.

1 When the morning was come, all the chief priests and elders of the people took counsel against Jesus to put him to death.

MARK XV.

1 And straightway in the morning the chief priests held a consultation with the elders and scribes and the whole council, and bound Jesus, . . .

LUKE XXII.

66 And as soon as it was day, the elders of the people and the chief priests and the scribes came together, and led him into their council, saying,

67 Art thou the Christ? tell us. And he said unto them, If I tell you, ye will not believe:

68 And if I also ask *you*, ye will not answer me, nor let *me* go.

69 Hereafter shall the Son of man sit on the right hand of the power of God.

70 Then said they all, Art thou then the Son of God? And he said unto them, Ye say that I am.

71 And they said, What need we any further witness? for we ourselves have heard of his own mouth.

f) *Jesus led away to Pilate.* യേശുവെ പിലാതന്റെ അടുക്കലേക്ക കൊണ്ടുപോയതു.

MATT. XXVII.

2 And when they had bound him, they led *him* away, and delivered him to Pontius Pilate the governor.

MRK. XV.

1 . . . and carried *him* away, and delivered *him* to Pilate.

LUK. XXIII.

1 And the whole multitude of them arose, and led him unto Pilate.

JOHN XVIII.

28 Then led they Jesus from Caiaphas unto the hall of judgment: and it was early; and they themselves went not into the judgment hall, lest they should be defiled; but that they might eat the passover.

പ്രധാനികളുടെ കല്പനപ്രകാരം ആയുധക്കാർ യേശുവെ മഹാചാൎയ്യന്റെ അരമനയിൽ കൊണ്ടുപോയ ശേഷം കയഫാ സന്നിധിയിലല്ല അവന്റെ ഭാൎയ്യാജനകനായ ഹന്നാവിന്റെ മുമ്പിൽ വരുത്തി. അവൻ രോമൎക്ക് സമ്മതനല്ല എങ്കിലും യഹൂദൎക്ക് സ്ഥാനമഹത്വം ഏറിയവൻ എന്നു തോന്നി. ആ വൃദ്ധനായ ചദ്ദൂക്യൻ യേശുവോടു ശിഷ്യരുടെ കാൎയ്യവും ഉപദേശത്തിന്റെ വിവരവും ചോദിച്ചപ്പോൾ യേശു ഇതു എല്ലാം ലോകപ്രസിദ്ധമല്ലോ, സ്വകാൎയ്യമായിട്ടു ഒന്നും ഉണ്ടായിട്ടില്ല, കേട്ട കാണികളോടു ചോദിച്ചറിയാ

മല്ലോ എന്നു പറഞ്ഞു. ഇതു ഹന്നാവെ വേണ്ടുവോളം മാനിക്കാതെ പറഞ്ഞത് എന്നു വിചാരിച്ചു വേലക്കാരൻ മുഖത്തടിച്ചപ്പോൾ യേശു ശാന്തതയോടെ ശാസിച്ചു, വലത്തെ കവിളിൽ അടിക്കുന്നവന്നു മററതും കാട്ടേണ്ടുന്നതിന്റെ സൂക്ഷ്മം (മത്ത. ൫, ൩൯) ഉപദേശിക്കയും ചെയ്തു. ആകയാൽ ഹന്നാ (ഭാഗ. ൧൪) തന്റെ വിസ്താരത്തിന്നു യേശു കീഴ്പെട്ടുകയില്ല എന്നൂഹിച്ചു അവനെ കയഫാവിന്റെ സഭയിലേക്ക് അയച്ചു, അവൻ മരണപാത്രം എന്നുള്ള പക്ഷം കുറിക്കേണ്ടതിന്നു ബദ്ധനാക്കി അയക്കയും ചെയ്തു (യോ.).

(മത്ത. മാക്ക.) കയഫാവിന്റെ ശാലയിൽ ന്യായാധിപതിമാർ മതിയാവോളം കൂടി വന്നപ്പോൾ നട്ടുരാവെങ്കിലും ക്രമം കൂടാത്ത വിസ്താരം തുടങ്ങിയതിപ്രകാരം: യേശു ദേവദൂഷണം പറഞ്ഞപ്രകാരം കേട്ടവർ സാക്ഷി ചൊല്ലേണം എന്നു തോന്നിയപ്പോൾ പലരും വന്നു പലതും പറഞ്ഞാറേയും വെവ്വേറെ സാക്ഷികളുടെ വാക്ക് ഒത്തു വന്നില്ല (മാക്ക.). ഒടുക്കം രണ്ടാൾ എഴുനീററു, ഇവൻ ദൈവാലയത്തെ താൻ നശിപ്പിപ്പാനും കൈപ്പണിയില്ലാത്ത (മാക്ക.) പുതിയത് ഒന്നു ൩ ദിവസത്തിന്നകം തീൎപ്പാനും ശക്തനാകുന്നപ്രകാരം എല്ലാം പ്രശംസിച്ചു കേട്ടിരിക്കുന്നു (യോ. ൨, ൧൯) എന്നു പറഞ്ഞപ്പോഴും ഞാൻ നശിപ്പിക്കാം എന്ന വാക്കിന്നു തെളിവു വന്നില്ല (മാക്ക.). ഇതിന്നിടയിൽ യേശു മിണ്ടാതെ പാൎത്തതിനാൽ മഹാചാൎയ്യൻ അസഹ്യപ്പെട്ടു ക്ലേശിച്ചെഴുനീററു ശാലയുടെ നടുവിൽ ചെന്നു (മാക്ക.), യേശുവോടു ഉത്തരം ചോദിച്ചാറേയും അവൻ മൌനിയായിരുന്നു. നീ ദേവപുത്രനായ മശീഹയോ? ജീവനുള്ള ദൈവത്താണെ പറക എന്നു കേട്ടാറെ തന്നെകൊണ്ടുള്ള ആണെ സ്വീകരിച്ചു, “ഞാൻ ആകുന്നു” എന്നു വിശ്വസ്തനായ സാക്ഷി പറഞ്ഞു (വെളി. ൧, ൫). പിന്നെ ഞാൻ ഒന്നു പറയുന്നു: ഇനി മനുഷ്യപുത്രൻ ഓജസ്സിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നതും വാനത്തിന്മേഘങ്ങളിൽ വരുന്നതും (ദാനി. ൭, ൧൩) നിങ്ങൾ കാണും എന്നരുളിച്ചെയ്തു. ഹോ, ദേവദൂഷണം എന്നു ചൊല്ലി കയഫാ സ്തംഭിക്കുന്നവനായി നടിച്ചു, കീഴിൽനിന്നു മേലോട്ടു വസ്ത്രത്തെ കീറി, ഇനി സാക്ഷികളെകൊണ്ട് എന്ത് ആവശ്യം? നിങ്ങൾ ഈ ദേവദൂഷണം കേട്ടുവല്ലോ, ആകയാൽ എന്തു തോന്നുന്നു എന്നു ചോദിച്ചതിന്നു അവർ ഒട്ടൊഴിയാതെ ഇവൻ മരണയോഗ്യൻ എന്നു വിധിച്ചു.

ശിഷ്യന്മാരിൽ ശീമോനും യോഹനാനും മാത്രം അരമനയോളം പിഞ്ചെന്ന ശേഷം യോഹനാൻ ആ ഭവനക്കാരോടു പരിചയമുള്ളവനാകയാൽ ഭയം എന്നിയെ പ്രവേശിച്ചു, വാതുക്കലേ ദാസിയോടു പറഞ്ഞു ശീമോനേയും അകത്തു കടത്തി (യോ.). രാത്രിയിലേ കുളിർ മാററുവാൻ വേലക്കാർ തീ കത്തിച്ചതു ശീമോൻ കണ്ടു, അവസാനം കാണേണം എന്നിട്ട് അവരോടു ചേൎന്നു തന്റെ ഭയം മറെപ്പാനായി കുത്തിരുന്നു (മത്ത. മാക്ക.). അപ്പോൾ ഹന്നാ മീത്തലേ ശാലയിൽ ശിഷ്യരെ കുറിച്ചു വിസ്തരിച്ചതു ശീമോൻ കേട്ടിട്ടു പേടിച്ചപ്രകാരം ദാസി കണ്ടിട്ടോ, അവനെ സൂക്ഷിച്ചു നോക്കി, നീയും ആയാളുടെ ശിഷ്യന്മാരിൽ ഒരുവനല്ലോ എന്നു ചോദിച്ചപ്പോൾ അവൻ വലഞ്ഞു, നീ പറയുന്നതു ബോധിക്കുന്നില്ല (മത്ത. മാക്ക.; “ഞാനല്ല” യോ.; “ഞാൻ അവനെ അറിയുന്നില്ല” ലൂക്ക.) എന്നു പറഞ്ഞു. അനന്തരം മനസ്സാക്ഷിയുടെ പീഡ വൎദ്ധിച്ചിട്ടു

പുറത്തു പൂമുഖത്തിലേക്ക് പുറപ്പെട്ടപ്പോൾ കോഴി ഒന്നു കൂകി (മാൎക്ക.), അതും നിഷ്ഫലമായി പോയി.— ആ ദാസി പിന്നേയും അവനെ കണ്ടു മറെറവരോടും പറഞ്ഞു (മാൎക്ക.). ആകയാൽ മറെറാരു വേലക്കാരത്തിയും (മത്ത.) അവനെ കളിയാക്കുവാന്തുടങ്ങി. തീയരികെ നില്ക്കുന്നവരിൽ ഒരുത്തൻ (ലൂക്ക.) അതെ, നീയും ആ വകക്കാരൻ എന്നു പറഞ്ഞു; ശേഷം വേലക്കാരും ചോദിപ്പാൻ അടുത്തപ്പോൾ അവൻ ആണയോടെ "ഞാൻ അവനെ അറിയുന്നില്ല" എന്നും (മത്ത.) "എടോ ഞാനല്ല" എന്നും മറുത്തു പറഞ്ഞു.— പിന്നേയും രണ്ടര നാഴികയോളം പാൎത്തിരുന്നാറെ (ലൂക്ക.) ഒരുത്തൻ നീ സാക്ഷാൽ അവന്റെ ശിഷ്യൻ, ഗലീലക്കാരനല്ലോ ആകുന്നു, അതിന്റെ ഭാഷാഭേദം വെളിവാക്കുന്നു (മത്ത. മാൎക്ക.) എന്നും, തോട്ടത്തിൽ അവനോട് കൂട നിന്നെ കണ്ടില്ലേ എന്നു മറെറാരുവനും (യോ.) പറഞ്ഞപ്പോൾ മനുഷ്യ, നീ പറയുന്നതു അറിയുന്നില്ല എന്നും, ഞാൻ അവനെ അറിയുന്നില്ല എന്നും ആണയിട്ടും പ്രാവിക്കൊണ്ടും വാദിച്ചു പോന്നു (മത്ത. മാൎക്ക.). അപ്പോൾ രണ്ടാമത് കൂകൽ കേട്ടതല്ലാതെ (അത് ഏകദേശം ൩ മണിക്കു) യേശു ചേകവരോടു കൂട തടവുകാരനായിറങ്ങി അവന്റെ അരികിൽ കടന്നു പോകേണ്ടി വന്ന നേരം അവനെ ഒന്നു നോക്കി (ലൂക്ക.). അപ്പോൾ അവൻ ഗുരുവിന്റെ വാക്ക് ഓൎത്തുകി ശത്രുക്കളെ മറന്നു പുറത്തേക്ക് ഓടി കൈപ്പോടെ കരകയും ചെയ്തു. അന്നു യഹൂദാവിന്റെ അനുതാപം പോലെ മരണത്തിന്നുള്ള ദുഃഖമല്ല, ജീവങ്കലേക്ക് നടത്തുന്ന സത്യമാനസാന്തരം അത്രെ സംഭവിച്ചതു (ലൂക്ക. ൨൨, ൬൨).

യേശുവെ പിടിച്ചുകൊള്ളുന്ന ചേകവർ നേരം പോക്കുവാൻ അവനെ മുഖത്തു തുപ്പി അടിച്ചും പരിഹസിച്ചുംകൊണ്ടിരുന്നു (യശ. ൫൦, ൬: മീക. ൫, ൧). ചിലർ അവന്റെ മുഖത്തെ മൂടിക്കെട്ടി ഉടനെ കൈകൊണ്ടു തല്ലി (മാൎക്ക.), മശീഹാ നിന്നെ അടിച്ചതാർ? ഞങ്ങളോടു പ്രവചിപ്പൂതാക എന്നു പറഞ്ഞു (മത്ത.). മററു പലപ്രകാരത്തിലും തങ്ങളുടെ പ്രവാചകനും രാജാവും ആയവന്നു ദൂഷണമായ വിനോദങ്ങളെ സങ്കല്പിക്കയും ചെയ്തു (ലൂക്ക.; സങ്കീ. ൨൨, ൧൧ *ff.*).

(ലൂക്ക.) പുലരുമ്പോൾ മഹാചാൎയ്യന്മാരും മൂപ്പരും വൈദികരും ദേവാലയമലമേൽ കൂടി ക്രമപ്രകാരം നട്ടക്കൂട്ടമായി നിരൂപിച്ചു, യേശുവേയും കയഫാ അരമനയിൽനിന്നു സൻഹെദ്രിനിലേക്ക് വരുത്തി, നാടുവാഴിയുടെ വിസ്താരത്തിന്നു തക്ക കുററം ചൊല്ലി തുമ്പുണ്ടാക്കേണം എന്നു കണ്ടു, നീ യഹൂദരാജാവായ മശീഹയോ എന്നു ചോദിച്ചു. ഞാൻ പറഞ്ഞാലും നിങ്ങൾ വിശ്വസിക്കയില്ല, ഞാൻ ചോദിച്ചു വാദിച്ചാലും നിങ്ങൾ ഉത്തരം പറകയില്ല, എങ്ങിനെ എങ്കിലും എന്നെ വിട്ടയക്കയും ഇല്ല. ആകയാൽ ഇതുമുതൽ മനുഷ്യപുത്രൻ ദൈവത്തിന്റെ വലഭാഗത്തു ന്യായം വിസ്തരിക്കുന്നവനായിരിക്കും എന്നരുളിച്ചെയ്താറെ അവർ പിന്നേയും നീ ദേവപുത്രനോ എന്നു ചോദിച്ചു, "ആകുന്നു" എന്നു കേട്ടാറെ മരണയോഗ്യൻ എന്ന് ആ ൭൦ പേർ വിധിച്ചു. അവരിൽ യോസേഫ് എന്നൊരുവൻ സമ്മതിച്ചില്ല എന്നു കേൾക്കുന്നു (ലൂക്ക. ൨൩, ൫൧; നിക്കൊദേമനും വേറെ, യോ. ൭, ൫൦ *ff*). മററുള്ളവർ നാടുവാഴിയേയും പുരുഷാരങ്ങളേയും വശീകരിച്ചു, വൈകാതെ വിധിയെ നടത്തുവാൻ ആലോചിച്ചുകൊണ്ടിരുന്നു.

---

§ 152.

THE TRAITOR'S END.

ദ്രോഹിയുടെ അവസാനം.

MATT. XXVII.

3 Then Judas, which had betrayed him, when he saw that he was condemned, repented himself, and brought again the thirty pieces of silver to the chief priests and elders,

4 Saying, I have sinned in that I have betrayed the innocent blood. And they said, What *is that* to us? see thou *to that*.

5 And he cast down the pieces of silver in the temple, and departed, and went and hanged himself.

6 And the chief priests took the silver pieces, and said, it is not lawful for to put them into the treasury, because it is the price of blood.

7 And they took counsel, and bought with them the potter's field, to bury strangers in.

8 Wherefore that field was called, The field of blood, unto this day.

9 Then was fulfilled that which was spoken by Jeremy the prophet, saying, And they took the thirty pieces of silver, the price of him that was valued, whom they of the children of Israel did value;

10 And gave them for the potter's field, as the Lord appointed me.

ഇപ്രകാരം ൩൦ ക്രിസ്താബ്ദം നീസാൻ ൧൫൹ (ഏപ്രിൽ ൭൹) രാവിലെ ഇസ്രയേൽപ്രമാണികൾ യേശുവിന്മേൽ മരണവിധിയെ കല്പിച്ചപ്പോൾ അവർ വിസ്താരത്തിൻ മുമ്പിൽ അഴിപ്പിച്ച ചങ്ങലകളെ പിന്നേയും ഇട്ടുവിച്ചു, അവനെ ദേവാലയത്തിന്നു എതിരെ ഇരിക്കുന്ന രോമാപാളയത്തേക്ക് കൊണ്ടുപോയി (യോ.). അവിടെ മഹോത്സവംനിമിത്തം പിലാതൻ എന്ന നാടുവാഴി (ഭാഗം ൩൪) താനും പരിവാരങ്ങളും കൈസരയ്യയിൽനിന്ന് എത്തി, വല്ല കാൎയ്യവശാൽ കലഹം ഉണ്ടായാൽ ചേകവരെകൊണ്ട് അമൎപ്പാൻ ഒരുങ്ങി പാൎത്തു.

(മത്ത.) യേശുവെ ഘോഷത്തോടും കൂട കൊണ്ടുപോകുന്നതു യഹൂദാ അറിഞ്ഞു മനസ്സ് ഭേദിച്ചു, ഗുരുവെ അല്ല മഹാചാൎയ്യന്മാരെ ചെന്നു കണ്ടു, ഞാൻ കുററമില്ലാത്ത രക്തം കാണിച്ചു കൊടുത്തതു മഹാപാപം എന്നു പറഞ്ഞാറെ, അതു ഞങ്ങൾക്കു എന്തു! നീ തന്നെ നോക്കിക്കോ എന്നു കേട്ടു, ഇവരും ഇപ്പോൾ അപമാനിക്കുന്നു എന്നു വിചാരിച്ചു ഖേദിച്ചു, ദൈവാലയത്തിൽ ചെന്നു ആ ൩൦ ശേഖലെ (ഒരു ഭണ്ഡാരപ്പെട്ടിയിലോ) ഇട്ടും കളഞ്ഞു, ഏകാന്തത്തിൽ വാങ്ങി പോയി, അവിടേയും മനസ്സൌഖ്യം കാണാതെ ഹിന്നോംതാഴ്വരയിൽ ചെന്നു ഞാന്നു മരിച്ചു (മത്ത.). കയറ് അററിട്ടോ മരക്കൊമ്പ് അടൎന്നിട്ടോ കവിണ്ണുവീണു പിളൎന്നു കുടലും തുറിച്ചു പോയി. ഇപ്രകാരം യഹൂദാ അപോസ്തലസ്ഥാനത്തിന്നും അവകാശത്തിന്നും പകരം ആ നിലത്തെ തനിക്ക് സ്വന്തസ്ഥലമാക്കി സമ്പാദിച്ചിരിക്കുന്നു (അപോ. ൧, ൧൮).

മഹാചാൎയ്യരോ ആ മുപ്പത് ശേഖലെ കുറിച്ചു നിരൂപിച്ചുകൊണ്ടു ഇതു രക്തത്തിൻ വില ആകകൊണ്ടു വിശുദ്ധസ്ഥലത്തിലേ ദ്രവ്യത്തോടു ചേൎത്തുകൂടാ (൫ മോ. ൨൩, ൧൮), എങ്കിലും ധൎമ്മം ചെയ്തു് അഴിക്കേണ്ടിയത് എന്നു നിശ്ചയിച്ചു, യഹൂദാവിന്റെ ശവം വെച്ചൊരു കുശവന്റെ ഭൂമി ചോരനിലം എന്നു പേർകൊണ്ടപ്രകാരം കേട്ടു (അപോ. ൧, ൧൯), അതിനെ ആ അല്പവിലെക്ക് തന്നെ വാങ്ങി, പരദേശികളെ കുഴിച്ചിടുന്ന ശ്മശാനം ആക്കുകയും ചെയ്തു (മത്ത.).

അതിനാൽ ജകൎയ്യ പ്രവചിച്ചതിന്നു നിവൃത്തി വന്നു: ഇസ്രയേലെ തന്റെ നിയുക്തരെകൊണ്ടു മേയ്ക്കേണ്ടതിന്നു യഹോവെക്ക് കഴിവില്ലാതെ വന്നപ്പോൾ ദണ്ഡിനെ ഉടെച്ചു പണിയെ ഉപേക്ഷിച്ചു, അതിന്റെ കൂലി ചോദിച്ചാറെ അവർ ൩൦ ശേഖൽ തൂക്കി കൊടുത്തു. അയ്യോ ഇത് എന്നെ മതിച്ച വിശേഷവില എന്നു യഹോവ ചൊല്ലി, അതിനെ അശുദ്ധിനിമിത്തം കുശവന്നായി ഉരുക്കുവാൻ എറിഞ്ഞു കളയേണം എന്നു കല്പിച്ചു (ജക. ൧൧, ൧൨*ff*).— അതു കൂടാതെ യിറമ്യാ (൩൨, ൭*ff*) ഒരു നിലം വാങ്ങി അറിയിച്ചിതു: ഹിന്നോംതാഴ്വരയും മറ്റും യരുശലേമിന്റെ ചുറ്റും എല്ലാം വിഗ്രഹപൂജ കൊണ്ട് തീണ്ടിക്കിടക്കയാൽ പാഴായ്പോകേണ്ടിയതു (൧൯—൩൨), എന്നിട്ടും ഈ ദിക്കിൽ തന്നെ ഇനി ആൾ പാൎക്കയും നിലങ്ങളെ വാങ്ങുകയും ചെയ്യും കാലം വരും. അപ്രകാരം തന്നെ ആ ൩൦ ശേഖലിന്നു വാങ്ങിയ ദേശം നഗരത്തിന്റെ ഭാവികാലങ്ങൾക്കായി ഒർ ആശാചിഹ്നമായിരിക്കുന്നപ്രകാരം തോന്നി. എന്നിങ്ങിനെ മത്തായി സുവിശേഷകൻ ജകൎയ്യ യിറമ്യാ എന്നവരുടെ വെവ്വേറെ പ്രവാചകങ്ങളെ നോക്കി, ചോരനിലത്തിന്റെ അവസ്ഥയാൽ അവററിന്നു നിവൃത്തി വന്നപ്രകാരം സൂചിപ്പിക്കുന്നു.

---

§ 153.

Jesus before the Secular Authorities.

ലോകാധികാരികളാൽ ഉണ്ടായ വിസ്താരങ്ങൾ മൂന്നും.

a) The first hearing before Pilate. Jesus declared innocent.

പിലാതന്റെ ആദ്യവിചാരണയും യേശുവിന്റെ നിരപരാധസ്ഥാപനവും.

MATT. XXVII.

11 And Jesus stood before the governor: and the governor asked him, saying, Art thou the King of the Jews? And Jesus said unto him, Thou sayest.

MARK XV.

2 And Pilate asked him, Art thou the King of the Jews? And he answering said unto him, Thou sayest *it*.

LUKE XXIII.

2 And they began to accuse him, saying, We found this *fellow* perverting the nation, and forbidding to give tribute to Cæsar, saying that he himself is Christ a King.
3 And Pilate asked him, saying, Art thou the King of the Jews? And he answered him and said, Thou sayest *it*.
4 Then said Pilate to the chief priests and *to* the people, I find no fault in this man.

JOHN XVIII.

29 Pilate then went out unto them, and said, What accusation bring ye against this man?
30 They answered and said unto him, If he were not a malefactor, we would not have delivered him up unto thee.
31 Then said Pilate unto them, Take ye him, and judge him according to your law. The Jews therefore said unto him, It is not lawful for us to put any man to death:
32 That the saying of Jesus might be fulfilled, which he spake signifying what death he should die.
33 Then Pilate entered into the judgment hall again, and called Jesus, and said unto him, Art thou the King of the Jews?
34 Jesus answered him, Sayest thou this thing of thyself, or did others tell it thee of me?
35 Pilate answered, Am I a Jew? Thine own nation and the chief priests have delivered thee unto me: what hast thou done?
36 Jesus answered, My kingdom is not of this world: if my kingdom were of this world, then would my servants fight, that I should not be delivered to the Jews: but now is my kingdom not from hence.
37 Pilate therefore said unto him, Art thou a king then? Jesus answered, Thou sayest that I am a king. To this end was I born, and for this cause came I into the world, that I should bear witness unto the truth. Every one that is of the truth heareth my voice.
38 Pilate saith unto him, What is truth? And when he had said this, he went out again unto the Jews, and saith unto them, I find in him no fault *at all*.

b) Renewed charges. Christ remains silent. പിന്നേയും കററം ചുമത്തിയതിൽ യേശു മിണ്ടാതിരുന്നതു.

MATT. XXVII.

12 And when he was accused of the chief priests and elders, he answered nothing.

13 Then said Pilate unto him, Hearest thou not how many things they witness against thee?

14 And he answered him to never a word; insomuch that the governor marvelled greatly.

MARK XV.

3 And the chief priests accused him of many things; but he answered nothing.

4 And Pilate asked him again saying, Answerest thou nothing? behold how many things they witness against thee.

5 But Jesus yet answered nothing; so that Pilate marvelled.

LUKE XXIII.

5 And they were the more fierce, saying, He stirreth up the people, teaching throughout all Jewry, beginning from Galilee to this place.

c) Jesus before Herod. Scoffed, insulted and sent back to Pilate.

യേശു ഹെരോദാവിൻ മുമ്പിൽനിന്നു പരിഹാസം അനുഭവിച്ചതു.

LUKE XXIII.

6 When Pilate heard of Galilee, he asked whether the man were a Galilæan.

7 And as soon as he knew that he belonged unto Herod's jurisdiction, he sent him to Herod, who himself also was at Jerusalem at that time.

8 And when Herod saw Jesus, he was exceeding glad: for he was desirous to see him of a long *season*, because he had heard many things of him; and he hoped to have seen some miracle done by him.

9 Then he questioned with him in many words; but he answered him nothing.

10 And the chief priests and scribes stood and vehemently accused him.

11 And Herod with his men of war set him at nought, and mocked *him*, and arrayed him in a gorgeous robe, and sent him again to Pilate.

12 And the same day Pilate and Herod were made friends together: for before they were at enmity between themselves.

d) The second hearing before Pilate. A choice offered between Christ & Barabbas. Christ rejected.

പിലാതന്റെ രണ്ടാം വിസ്താരവും ജനങ്ങൾ യേശുവെ തള്ളി ബറബ്ബാവിനെ തെരിഞ്ഞെടുത്തതും.

MATT. XXVII.

15 Now at *that* feast the governor was wont to release unto the people a prisoner, whom they would.

16 And they had then a notable prisoner, called Barabbas.

17 Therefore when they were gathered together, Pilate said unto them, Whom will ye that I release unto you? Barabbas or Jesus which is called Christ?

18 For he knew that for envy they had delivered him.

19 When he was set down on the judgment seat, his wife sent unto him, saying, Have thou nothing to do with that just man: for I have suffered many things this day in a dream because of him.

20 But the chief priests and elders persuaded the multitude that they should ask Barabbas, and destroy Jesus.

21 The governor answered and said unto them, Whether of the twain will ye that I release unto you? They said, Barabbas.

22 Pilate saith unto them, What shall I do then with Jesus which is called Christ? *They* all say unto him, Let him be crucified.

23 And the governor said, Why, what evil hath he done? But they cried out the more, saying, Let him be crucified.

MARK XV.

6 Now at *that* feast he released unto them one prisoner, whomsoever they desired.

7 And there was *one* named Barabbas, *which lay* bound with them that had made insurrection with him, who had committed murder in the insurrection.

8 And the multitude crying aloud began to desire *him to do* as he had ever done unto them.

9 But Pilate answered them, saying, Will ye that I release unto you the King of the Jews?

10 For he knew that the chief priests had delivered him for envy.

11 But the chief priests moved the people, that he should rather release Barabbas unto them.

12 And Pilate answered and said again unto them, What will ye then that I shall do *unto him* whom ye call the King of the Jews?

13 And they cried out again, Crucify him.

14 Then Pilate said unto them, Why, what evil hath he done? And they cried out the more exceedingly, Crucify him.

LUKE XXIII.

13 And Pilate, when he had called together the chief priests and the rulers and the people,

14 Said unto them, Ye have brought this man unto me as one that perverteth the people: and, behold, I, having examined *him* before you, have found no fault in this man touching those things whereof ye accuse him:

15 No, nor yet Herod: for I sent you to him; and, lo, nothing worthy of death is done unto him.

16 I will therefore chastise him, and release *him*.

17 (For of necessity he must release one unto them at the feast.)

18 And they cried out all at once, saying, Away with this *man*, and release unto us Barabbas:

19 (Who for a certain sedition made in the city, and for murder, was cast into prison.)

20 Pilate therefore, willing to release Jesus, spake again to them.

21 But they cried, saying, Crucify *him*, crucify him.

22 And he said unto them the third time, Why, what evil hath he done? I have found no cause of death in him: I will therefore chastise him, and let *him* go.

23 And they were instant with loud voices, requiring that he might be crucified. And the voices of them and of the chief priests prevailed.

J. XVIII.

39 But ye have a custom, that I should release unto you one at the passover: will ye therefore that I release unto you the King of the Jews?

40 Then cried they all again, saying, Not this man, but Barabbas. Now Barabbas was a robber.

e) *The scourging and mocking. The purple-robe and crown of thorns.*
യേശുവിൻ പരിഹാസതാഡനങ്ങളും ധൂമ്രവസ്ത്രമുൾകിരീടങ്ങളും.

MATT. XXVII.

27 Then the soldiers of the governor took Jesus into the common hall, and gathered unto him the whole band *of soldiers.*

28 And they stripped him, and put on him a scarlet robe.

29 And when they had platted a crown of thorns, they put *it* upon his head, and a reed in his right hand: and they bowed the knee before him, and mocked him, saying, Hail, King of the Jews!

30 And they spit upon him, and took the reed, and smote him on the head.

31 And after that they had mocked him, they took the robe off from him, and put his own raiment on him, ...

MARK XV.

16 And the soldiers led him away into the hall, called Prætorium; and they called together the whole band.

17 And they clothed him with purple, and platted a crown of thorns, and put it about his *head.*

18 And began to salute him, Hail, King of the Jews!

19 And they smote him on the head with a reed, and did spit upon him, and bowing *their* knees worshipped him.

20 And when they had mocked him, they took off the purple from him, and put his own clothes on him, ...

JOHN XIX.

1 Then Pilate therefore took Jesus, and scourged *him.*

2 And the soldiers platted a crown of thorns, and put *it* on his head, and they put on him a purple robe,

3 And said, Hail, King of the Jews! and they smote him with their hands.

f) *Further fruitless attempts of Pilate to release Christ.*
യേശുവെ വിട്ടുവിപ്പാൻ പിലാതൻ ആടിയേ പ്രയത്നിച്ചതു വ്യൎത്ഥമായതു.

JOHN XIX.

4 Pilate therefore went forth again, and saith unto them, Behold, I bring him forth to you, that ye may know that I find no fault in him.

5 Then came Jesus forth, wearing the crown of thorns, and the purple robe. And *Pilate* saith unto them, Behold the man!

6 When the chief priests therefore and officers saw him, they cried out, saying, Crucify *him*, crucify *him*. Pilate saith unto them, Take ye him, and crucify *him*: for I find no fault in him.

7 The Jews answered him, We have a law, and by our law he ought to die, because he made himself the Son of God.

8 When Pilate therefore heard that saying he was the more afraid;

9 And went again into the judgment hall, and saith unto Jesus, Whence art thou? But Jesus gave him no answer.

10 Then saith Pilate unto him, Speakest thou not unto me? knowest thou not that I have power to crucify thee, and have power to release thee?

11 Jesus answered, Thou couldest have no power *at all* against me, except it were given thee from above: therefore he that delivered me unto thee hath the greater sin.

12 And from thenceforth Pilate sought to release him: but the Jews cried out, saying, If thou let this man go, thou art not Cæsar's friend: whosoever maketh himself a king speaketh against Cæsar.

13 When Pilate therefore heard that saying, he brought Jesus forth, and sat down in the judgment seat in a place that is called the Pavement, but in the Hebrew, Gabbatha.

14 And it was the preparation of the passover, and about the sixth hour: and he saith unto the Jews, Behold your King!

15 But they cried out, Away with *him*, away with *him*, crucify him. Pilate saith unto them, Shall I crucify your King? The chief priests answered, We have no king but Cæsar.

g) *Pilate washes his hands, releases Barabbas and delivers Christ for crucifixion.*
പിലാതൻ കൈകളെ കഴകി യേശുവെ ക്രൂശിപ്പാൻ ഏല്പിച്ചതു.

MATT. XXVII.

24 When Pilate saw that he could prevail nothing, but *that* rather a tumult was made, he took water, and washed *his* hands before the multitude, saying, I am innocent of the blood of this just person: see ye *to it.*

25 Then answered all the people, and said, His blood *be* on us, and on our children.

26 Then released he Barabbas unto them: and when he had scourged Jesus, he delivered *him* to be crucified.

MARK XV.

15 And so Pilate, willing to content the people, released Barabbas unto them, and delivered Jesus, when he had scourged *him*, to be crucified.

LUKE XXIII.

24 And Pilate gave sentence that it should be as they required.

25 And he released unto them him that for sedition and murder was cast into prison, whom they had desired; but he delivered Jesus to their will.

J. XIX.

16 Then delivered he him therefore unto them to be crucified ...

(യോ.) സൻഹെദ്രിനിലേ ന്യായാധിപതികൾ നാടുവാഴിയുള്ള കോട്ടയിൽ എത്തിയപ്പോൾ ഉത്സവംനിമിത്തം തീണ്ടലെ* ശങ്കിച്ചു ന്യായസ്ഥലത്തിന്നു

---

* ഇപ്രകാരം തീണ്ടി എങ്കിൽ പിറേറ മാസത്തിൽ ചെറിയ പെസഹയെ കൊണ്ടാടേണ്ടതു (൪ മോ. ൯, ൧൦*f.*).

പുറത്തു നിന്നുകൊണ്ടപ്പോൾ നാടുവാഴി പുറത്തുവന്നു, ഈ കൊണ്ടുവന്നവന്റെ നേരെ കുററം എന്തു എന്നു ചോദിച്ചു. കുററം തെളിഞ്ഞപ്രകാരം അവർ ഉണൎത്തിച്ചാറെ പിലാതൻ എന്നാൽ നിങ്ങളുടെ ധൎമ്മപ്രകാരം (ഭ്രഷ്ടോ അടിയോ) വിധിപ്പിൻ എന്നു കല്പിച്ചു. അവരോ മരണം വിധിപ്പാൻ ഞങ്ങൾക്കുള്ളതല്ലല്ലോ എന്നു പറഞ്ഞു. ദേവദൂഷണത്തിന്നു കല്ലെറിഞ്ഞു കൊല്ലുക തന്നെ യഹൂദരിൽ ശിക്ഷയായിരുന്നു; യേശുവെ രോമക്കാരിൽ ഏല്പിക്കയാൽ അവർ അടിമകൾക്ക് വിധിച്ചു നടത്തുന്ന ക്രൂശാരോഹണത്തിന്നു സംഗതി വന്നു. കഴുവേററം പോലെ ഉള്ള ആ അധമമൃത്യുവെ യേശു മുന്നറിയിച്ചിരുന്നുവല്ലോ (യോ. ൩, ൧൪; ൮, ൨൮ ഇത്യാദി).

അപ്പോൾ യഹൂദപ്രമാണികൾ സങ്കടം ബോധിപ്പിച്ചതിപ്രകാരം: ഇവൻ തന്നെത്താൻ യഹൂദരാജാവാക്കുന്നു, കൈസൎക്ക് കപ്പം കൊടുക്കേണ്ടിയതു വിരോധിക്കുന്നു (ലൂക്ക.) എന്നും മററും കേട്ടാറെ നാടുവാഴി നിലവിളിനിമിത്തം യേശുവെ അകത്തു വരുത്തി, തനിയെ അല്ല ചില മറുപക്ഷക്കാരുടെ മുമ്പാകെ എങ്കിലും (ലൂക്ക. ൨൩, ൧൪) വിസ്തരിച്ചു. നീ യഹൂദരാജാവു തന്നെയോ എന്നുള്ള ചോദ്യത്തിന്നു യേശു ഉത്തരം പറയുമ്മുമ്പെ ഈ വാക്കിന്നു ൨ അൎത്ഥം ഉണ്ടാകുന്നപ്രകാരം സൂചിപ്പിച്ചപ്പോൾ പിലാതൻ ഞാൻ യഹൂദനോ? നിന്റെ ജാതിയും മഹാചാൎയ്യരും നിന്നെ എങ്കൽ ഏല്പിച്ചു, നീ എന്തു ചെയ്തു എന്നു ചോദിച്ചു. യേശു എന്റെ രാജ്യം ഇഹലോകത്തിൽനിന്നുള്ളതല്ല എന്നും, അതു രോമരാജ്യത്തെ പോലെ ആയുധബലത്താൽ ജയിക്കുന്നതല്ല എന്നും, യഹൂദർ അതിന്നു പ്രജകൾ അല്ല ശത്രുക്കളത്രെ എന്നും കാട്ടിയശേഷം, എങ്കിലോ നീ ഒരു രാജാവു തന്നെയോ എന്നു നാടുവാഴി ചോദിച്ചാറെ, “ഞാൻ രാജാവാകുന്നു” എന്നു സ്വീകരിച്ചു, അതിന്റെ താല്പൎയ്യം അറിയിച്ചതിവ്വണ്ണം: ഞാൻ സത്യത്തിന്റെ സാക്ഷ്യത്തിന്നായി ജനിച്ചും ലോകത്തിൽ നിയോഗിച്ചു വന്നും ഇരിക്കുന്നു; സത്യത്തിൽനിന്നുള്ളവൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു (എനിക്ക് പ്രജ ആകുന്നു). എന്നു കേട്ട ഉടനെ പിലാതൻ സത്യം എന്ത് എന്നു ഗൎവ്വിച്ചു ചൊല്ലി എഴുനീററ്, ചെന്നു പുറത്തുള്ളവരോട് ഇവങ്കൽ ഒരു കുററവും കാണുന്നില്ല എന്ന് അറിയിക്കയും ചെയ്തു (ലൂക്ക. യോ.).

(ലൂക്ക.) ആയതു യഹൂദർ കേട്ട ഉടനെ അധികം ഖണ്ഡിച്ചു പറഞ്ഞു: ഇവൻ യഹൂദയിൽ എങ്ങും ജനത്തെ കലഹിപ്പിച്ചിളക്കി ഇരിക്കുന്നു, എങ്കിലും ഇവിടെ അധികം പ്രസിദ്ധമായില്ല; ഈ വക കുററം എല്ലാം ചെയ്തു തുടങ്ങിയതു ഗലീലയിൽനിന്നു തന്നെ എന്നു നാടുവാഴി കേട്ടാറെ യേശു ഗലീലക്കാരനാകകൊണ്ടു ഗലീലവാഴിയുടെ സന്നിധിയിൽ അയക്കേണം എന്നു തോന്നി. ആ വിസ്താരം തനിക്കസഹ്യമായി വൎദ്ധിക്കുന്നതല്ലാതെ ഇങ്ങിനെ ഉപചാരം കാട്ടിയാൽ വൈരിയായ പ്രഭുവോടു നിരപ്പു വരുത്തുവാൻ മതി എന്നൂഹിച്ചു. ഇടപ്രഭു അന്നു ഉത്സവം നിമിത്തം യരുശലേമിൽ വന്നിരുന്നു. യേശുവെ കണ്ടപ്പോൾ ലക്ഷണം പറഞ്ഞു കേൾക്കുകയോ അതിശയം ചെയ്തു കാണുകയോ എന്നിങ്ങിനെ വല്ല നേരമ്പോക്കു ആഗ്രഹിച്ചുകൊണ്ടു വളരെ ചോദിച്ചാറേയും യേശു ഉത്തരം ഒന്നും പറയാതെ പാൎത്തു. അതിനാൽ ഹെരോദാ വ്യസനപ്പെട്ടതല്ലാതെ മഹാചാൎയ്യന്മാർ കുററം ചുമത്തുന്നത് എല്ലാം

കേട്ടുംകൊണ്ടു വിസ്തരിപ്പാൻ മനസ്സു വരാതെ യേശുവെ കളിയാക്കി, ശുഭ്രവസ്ത്രം ഉടുപ്പിച്ചു*, പ്രസന്നനായി നാടുവാഴിക്ക് തിരികെ അയച്ചു വൈരം മറക്കയും ചെയ്തു (ലൂക്ക.).

ഇപ്രകാരം യേശു രണ്ടാമത്തെ വിസ്താരത്തിലും പരിഹാസത്തിലും അകപ്പെട്ടശേഷം പിലാതൻ വിധി കല്പിപ്പാനായി വെളിയെ ഒരു ചിത്രകല്ലൂട്ടിന്മേൽ എടുപ്പിച്ച ന്യായാസനം ഏറി വാദികളെ വിളിപ്പിക്കയും ചെയ്തു. വാദികൾ ന്യായാസനത്തിന്നുമ്പാകെ കൂടിവന്നപ്പോൾ (മത്ത. ൨൭, ൧൯) പിലാതൻ വിധി പറഞ്ഞതിപ്രകാരം: നിങ്ങൾ ഇവനെ ജനത്തെ കലഹത്തിന്നായി തെററിക്കുന്നവൻ എന്നു കൊണ്ടുവന്നുവല്ലോ. ആയത് ഒക്കയും നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും ഞാനും ഹെരോദാവും കുററം ഏതും കണ്ടില്ല, മരണയോഗ്യമായത് ഒന്നും തെളിഞ്ഞില്ല ആകയാൽ ഞാൻ അടി ഏല്പിച്ചു അവനെ വിട്ടയക്കും.

ഇങ്ങിനെ കല്പിച്ചതിന്റെ കാരണമോ, ശത്രുക്കൾ ആത്മീയകാൎയ്യങ്ങളെ ചൊല്ലി യേശുവിൽ പകയും അസൂയയും ഭാവിക്കുന്നപ്രകാരം ബോധം വന്നതല്ലാതെ (മാക്ക.) ഭാൎയ്യയും രാത്രിയിൽ കണ്ട ഒരു ഘോരസ്വപ്നത്തെ അന്നേരം തന്നെ അറിയിച്ചു, ആ നീതിമാനെ രക്ഷിക്കേണ്ടതിന്നു ഉത്സാഹിപ്പിക്കയും ചെയ്തു (മത്ത.). ആകയാൽ ദ്രേവ്യം ചെയ്തെങ്കിലും കുററം ഒന്നും ഏററു പറയാതെ ഇരുന്നാൽ മഹാചാൎയ്യന്മാൎക്കും വൈരം കുറയ ശമിച്ചു യേശുവെ വിട്ടയക്കേണ്ടിയപ്രകാരം തോന്നും എന്നു പിലാതൻ നിരൂപിച്ചു. പിന്നെ ഒരുപായം പ്രയോഗിച്ചതാവിത്: മഹോത്സവങ്ങളിൽ ഒരു കുററക്കാരനെ ജനപ്രസാദത്തിന്നായിട്ടയക്കുന്നത് മൎയ്യാദയാകകൊണ്ടു ജനക്കൂട്ടങ്ങളോടു പക്ഷമായി ചോദിച്ചാൽ യേശുവെ വിട്ടയപ്പാൻ സംഗതി വരും എന്നു നിനെച്ചു അന്വേഷിച്ചിട്ടും അപ്രകാരം സംഭവിച്ചില്ല. മഹാചാൎയ്യന്മാർ പൈശാചകൌശലങ്ങളാലെ പുരുഷാരത്തെ വശീകരിച്ചു, ബറബ്ബാ ("പിതാവിൻ പുത്രൻ") എന്ന മറെറാരു യേശുവെ ചോദിക്കേണം എന്നു സമ്മതിപ്പിച്ചിരുന്നു. അവൻ നഗരത്തിൽ ഒരു കലഹമുണ്ടാക്കി കുലചെയ്ത സംഗതിയാൽ ചങ്ങലക്കാരനായ്തീൎന്നവനത്രെ (മാക്ക. ലൂക്ക. യോ.) ഇവനെ വരിക്കയാൽ യഹൂദജാതി ബറബ്ബാവോട് ഒത്ത മശീഹ അല്ലാത്തവൻ തങ്ങൾക്ക് വേണ്ടാ എന്നു സ്പഷ്ടമായി കാട്ടി, തങ്ങൾക്കായുള്ള ദേവാലോചനയെ മുററും തള്ളിയിരിക്കുന്നു.

പുരുഷാരം ഇപ്രകാരം എതിരെ വിളിക്കുന്നതു കൂട്ടാക്കാതെ പിലാതൻ വിധി നടത്തി യേശുവെ അടി ഏല്പിക്കയും ചെയ്തു† (യോ.). ആകയാൽ ചേകവർ യേശുവെ തൂണോടു വരിഞ്ഞുറക്കെ കെട്ടി, മുതുക് എല്ലാം മുറിയുമാറു ഈയം കെട്ടിയ വാറുകളെകൊണ്ടടിച്ചു (ഇങ്ങിനെ ഉള്ള അടിശിക്ഷ പലക്കും

സൃഷ്ടിയുടെ അനന്തരം ഒന്നാം ശബ്ബത്ത് കഴിഞ്ഞ ഉടനെ പാപം ലോകത്തിൽ കടക്കയാൽ സ്വാസ്ഥത ഇല്ലാതെ പോയി. അതിന്നു യേശുവിന്റെ മരണത്താലത്രെ നിവൃത്തി വന്നതു. അവൻ സൎവ്വയുദ്ധത്തിലും ന്യായവിധിയുടെ അഗ്നിയിലും കാത്തുകൊണ്ട ദേവസമാധാനം അന്നു തികഞ്ഞു വരികയും ചെയ്തു. ഇങ്ങിനെ മഹാസ്വാസ്ഥതയോടു ആത്മപ്രകാരം ജീവമാൎഗ്ഗത്തിൽ (സങ്കീ. ൧൬, ൰ff) നടന്നുകൊണ്ടിരിക്കേ അവന്റെ ശരീരത്തിങ്കൽ കേട് ഒന്നും നേരിടാതെ മഹത്വം വരുത്തുന്നൊരു ദേവശക്തി വ്യാപരിച്ചു, ധാന്യത്തിന്റെ വിത്തിൽനിന്നു എന്നപോലെ അപൂൎവ്വമായ രൂപാന്തരത്തെ ജനിപ്പിച്ചു തുടങ്ങി. ശത്രുക്കൾ അന്നും വിടാതെ ചെറുത്തു കുഴിയെ സൂക്ഷിക്കുന്നതിനാൽ ആ ദിവ്യപ്രവൃത്തിക്കു കുറവ് ഒന്നും പററാതെ ഇരുന്നു; സ്നേഹിതന്മാർ കരുതുന്ന അഭിഷേകംകൊണ്ടു ഒരാവശ്യവും ഇല്ലാഞ്ഞു. ആ ശബ്ബത്തായതു രണ്ടാം സൃഷ്ടിയുടെ ആരംഭം തന്നെ.

വിശുദ്ധദേഹത്തിൻ അഭിഷേകത്തിന്നായി തൈലം ഒരുക്കുവാൻ മഗ്ദലക്കാരത്തിയും ഹല്ഫായുടെ മറിയയും ശലോമയും ശനിയാഴ്ച വൈകുന്നേരത്തു ഉത്സാഹിച്ചതിന്റെ ശേഷം (മാൎക്ക.) തങ്ങളിൽ പിരിയാതെ പാൎത്തു, ഞായറാഴ്ച (ഏപ്രിൽ ൯) പുലരുമ്മുമ്പെ തന്നെ പുറപ്പെട്ടു, വഴിയിൽവെച്ചു കുഴിമേലുള്ള കല്ലിനെ ഓൎത്തു, അതു നമുക്ക് ആർ ഉരുട്ടിക്കളയും എന്നു ചൊല്ലി അല്ലലോടെ നടക്കുമ്പോൾ (മാൎക്ക.) വലിയ ഭൂകമ്പം ഉണ്ടായി, മിന്നല്പോലെത്ത ദേവദൂതൻ കല്ലിനെ ഉരുട്ടിക്കളഞ്ഞു മുദ്രമേൽ ഇരുന്നപ്രകാരം കാവല്ക്കാർ കണ്ടു ഞെട്ടി വിറെച്ചു സ്തംഭിച്ചുപോയി (മത്ത.). വലിയ കല്ലു നീങ്ങിയതും പക്ഷെ കാവല്ക്കാർ ഓടിപ്പോകുന്നതും സ്ത്രീകൾ മൂവരും എത്തിയ നേരം തന്നെ കണ്ടാറെ (മാൎക്ക. ലൂക്ക.) മഗ്ദലക്കാരത്തി കലങ്ങി, ഉടനെ പട്ടണത്തേക്ക് മണ്ടി ശീമോനേയും യോഹനാനേയും അറിയിച്ചു, അവർ കൎത്താവെ എവിടക്കോ കൊണ്ടുപോയി എന്നു പറകയും ചെയ്തു (യോ.). മറെറ സ്ത്രീകൾ ഇരുവരും ഗുഹയുടെ അകത്തു ചെന്നു, ഒരു ബാല്യക്കാരൻ മിന്നുന്ന വസ്ത്രത്തോടെ വലത്തിരിക്കുന്നതു കണ്ടു വിസ്മയിച്ചു (ലൂക്ക.). അവനും ഭയപ്പെടായ്വിൻ! ക്രൂശിൽ തറെക്കപ്പെട്ട നചറക്കാരനായ യേശുവെ അന്വേഷിക്കുന്നു: ജീവിക്കുന്നവനെ മരിച്ചവരിൽ തിരയുന്നതു എന്തു (ലൂക്ക.)! അവൻ ഇവിടെ ഇല്ല, അരുളിച്ചെയ്ത പ്രകാരം എഴുനീററിരിക്കുന്നു! കൎത്താവ് കിടന്ന സ്ഥലം ഇതാ കാണ്മിൻ! വേഗത്തിൽ പോയി അവൻ മരിച്ചവരിൽനിന്നു എഴുനീററു എന്നു ശിഷ്യന്മാരോടും കേഫാവോടും (മാൎക്ക.) പറവിൻ, അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകും, അവിടെ നിങ്ങൾ അവനെ കാണും എന്നു പറഞ്ഞു (മത്ത. മാൎക്ക.). ഹൃദയങ്ങളിൽ ഭയവും സന്തോഷവും ഇടകലൎന്നിട്ട് അവർ ശിഷ്യന്മാരെ അറിയിപ്പാനായി ഓടിപ്പോയാറേയും (മത്ത.) പട്ടണത്തിൽ വന്നപ്പോൾ ഭ്രമം ഹേതുവായി ആരോടും ഒന്നും ചൊല്വാൻ തുനിഞ്ഞതും ഇല്ല (മാൎക്ക.).

(യോ.) അതിന്റെ ഇടയിൽ ശീമോനും യോഹനാനും മഗ്ദലക്കാരത്തിയോടു കൂട പുറപ്പെട്ടു, അവളെ പിന്നിട്ടോടി, യോഹനാനും അധികം ബദ്ധപ്പെട്ടു ഗുഹയിൽ എത്തിയശേഷം പുകാതെ കുനിഞ്ഞു നോക്കി, ശീലകൾ കിടക്കുന്നതു കണ്ടു. ശീമോനോ എത്തിയ നേരമേ കടന്നു, തല ചുററിയ ശീല വേറെ വെച്ചതു കണ്ടു, കള്ളന്മാരുടെ ചിഹ്നം ഒന്നുമില്ല എന്നു ബോധിച്ചു ആശ്ചൎയ്യപ്പെട്ടപ്പോൾ (ലൂക്ക.) യോഹനാനും അകത്തു കടന്നു, വേദവചനങ്ങൾ നിമിത്തം വിശ്വസിക്കേണ്ടിയതിനെ കണ്ണാലെ ചില ലക്ഷണങ്ങളെ കണ്ടു വിശ്വസിച്ചു. ശിഷ്യന്മാർ ഇരുവരും വിചാരിച്ചുകൊണ്ടു വീട്ടിലേക്കു മടങ്ങി ചെല്ലുമ്പോൾ മഗ്ദലക്കാരത്തി ആശ്വസിക്കാതെ ഗുഹാസമീപേ കരഞ്ഞു പാൎത്തു, പിന്നേയും കുനിഞ്ഞു നോക്കിയാറെ ൨ ദൂതന്മാർ തലെക്കലും കാല്ക്കലും ഇരിക്കുന്നതു കണ്ടു. സ്ത്രീയേ, എന്തിന്നു കരയുന്നു എന്നു കേട്ടതിന്നു അവർ എൻ കൎത്താവെ എടുത്തുകൊണ്ടുപോയി, എവിടെ വെച്ചു എന്നറിയുന്നതും ഇല്ല എന്നു ചൊല്ലി പിന്നോക്കം തിരിഞ്ഞു, മറെറാരു അജ്ഞാതദേഹത്തേയും കണ്ടു. സ്ത്രീയേ, എന്തിന്നു കരയുന്നു? ആരെ അന്വേഷിക്കുന്നു എന്നു കേട്ട നേരം ഇവൻ പക്ഷെ യോസേഫിന്റെ തോട്ടക്കാരൻ, ശവത്തെ നിൎഭയമുള്ള സ്ഥലത്താക്കി വെച്ചിട്ടുണ്ടായിരിക്കും എന്നു ഊഹിച്ചു, എങ്കിലോ വെച്ച സ്ഥലം എന്നോടു പറഞ്ഞാലും, ഞാൻ എടുത്തുകൊണ്ടുപോകും എന്നു പറഞ്ഞു. ഉടനെ അവൻ "മറിയേ" എന്നു ചൊല്ലുന്നതു കേട്ടു തിരിഞ്ഞു, "റബ്ബൂനി" (എൻ ഗുരോ) എന്നു പറഞ്ഞു അവന്റെ കാൽ പിടിപ്പാൻ തുടങ്ങിയപ്പോൾ, സ്വൎഗ്ഗാരോഹണം ഇനിയും ആയില്ലല്ലോ, ആകയാൽ ഞാൻ വെറും ആത്മാവായിട്ടല്ല സാക്ഷാൽ ദേഹം പൂണ്ടവനായി വന്നു എന്നു ഒട്ടും സംശയിക്കരുതു തൊട്ടു നോക്കുകയുമരുതു! എന്നാൽ നീ ചെന്നു എന്റെ സഹോദരന്മാരോടു ഞാൻ എനിക്കും അവൎക്കും പിതാവും ദൈവവും ആയവങ്കലേക്ക് കരേറിപ്പോകുന്നു എന്നറിയിക്ക എന്നതു കേട്ടാറെ മഗ്ദലക്കാരത്തി ഓടിച്ചെന്ന ശേഷം തൊഴിച്ചും കരഞ്ഞും നില്ക്കുന്നവരോടു ആ ഭാഗ്യവൃത്താന്തം അറിയിച്ചു. താൻ കൎത്താവെ കണ്ടപ്രകാരം അവർ കേട്ടാറെ പക്ഷെ അവളുടെ മുമ്പേത്ത ബാധയെ വിചാരിച്ചും, അധികം ഇളച്ചു കിട്ടിയവൾക്കു സ്നേഹവിശ്വാസങ്ങളിൽ ഇങ്ങിനെ മുമ്പു വരുമോ എന്നു സംശയിച്ചുംകൊണ്ടു വിശ്വസിക്കാതെ പാൎത്തു (മാൎക്ക.).

(ലൂക്ക.) അതിന്നു മുമ്പെ തന്നെ പട്ടണത്തേക്ക് ഓടിയ ൨ സ്ത്രീകൾ അവിടെ യോഹന്ന (ലൂക്ക. ൮, ൩) മുതലായ തോഴിമാരോടും പക്ഷെ യേശുമാതാവോടും എത്തി, ഒന്നിച്ചു മടങ്ങി ശൂന്യമായ ഗുഹയെ കണ്ടശേഷം ദൂതന്റെ വാൎത്തയെ ഇപ്പോൾ അറിയിക്കേണം എന്നുവെച്ചു ഒക്കത്തക്ക പട്ടണത്തേക്കു ചെല്ലുമ്പോൾ യേശു എതിരേററു സല്ക്കാരം പറഞ്ഞു, അവരും അവനെ അറിഞ്ഞു പാദങ്ങളെ തഴുകി വണങ്ങി. യേശുവും ഭയം വേണ്ടാ, എന്റെ സഹോദരന്മാർ ഗലീലെക്കു പോയി എന്നെ കാണ്മാൻ ഒരുങ്ങേണ്ടതിന്നു പറയേണം എന്നു കല്പിച്ചു (മത്ത.). അപ്രകാരം അവർ പോയി ബോധിപ്പിച്ചപ്പോൾ ശിഷ്യന്മാർ അതു പ്രമാണിക്കാതെ ബുദ്ധിഭ്രമം എന്നു തള്ളുകയും ചെയ്തു (ലൂക്ക.) എങ്കിലും പെസഹയുള്ള ആഴ്ചവട്ടം കഴിഞ്ഞാൽ ഗലീലെക്കു മടങ്ങിപ്പോയിട്ടു കാണും എന്നു സംശയം കലൎന്ന ഒരു പ്രത്യാശ ഉണ്ടായെന്നു തോന്നുന്നു.

§ 158.

Christ's Resurrection officially announced to the Authorities.

പ്രമാണികൾ പുനരുത്ഥാനം കേട്ടറിഞ്ഞ വിധം.

MATT. XXVIII.

11 Now when they were going, behold, some of the watch came into the city, and shewed unto the chief priests all the things that were done.

12 And when they were assembled with the elders, and had taken counsel, they gave large money unto the soldiers,

13 Saying, Say ye, His disciples came by night, and stole him *away* while we slept.

14 And if this come to the governor's ears, we will persuade him, and secure you.

15 So they took the money, and did as they were taught: and this saying is commonly reported among the Jews until this day.

യേശുവിന്റെ ശിഷ്യന്മാൎക്ക് അന്നു രാവിലെ വന്നൊരു ദൂതു ശങ്ക ജനിപ്പിച്ചുവല്ലോ; പിന്നെ ശത്രുക്കൾക്കുണ്ടായ സംഭ്രമം എങ്ങിനെ പറയുന്നു! ചേകവർ ചിലർ പോയി മഹാചാൎയ്യന്മാരെ ബോധിപ്പിച്ചപ്പോൾ അവർ മൂപ്പന്മാരുമായി കൂടി നിരൂപിച്ചാറെ വേറൊരു വഴി കാണായ്കയാൽ കാവല്ക്കാൎക്ക് വളരെ ദ്രവ്യം കൊടുത്തു, ആ ശവമോ അവന്റെ ശിഷ്യന്മാർ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ മോഷ്ടിച്ചുകളഞ്ഞതത്രെ എന്നൊരു വ്യാജം പരത്തിച്ചു, ശിക്ഷാഭയം ഇല്ലാതാക്കുകയും ചെയ്തു. അവ്വണ്ണം യഹൂദർ മുതലായ ശത്രുക്കൾ ഇന്നുവരെ നടപ്പായി പറയുന്നതിന്നു ദൈവം വിരോധം ഒന്നും ചെയ്തിട്ടില്ല. സ്വപുത്രൻ എഴുനീറ്റപ്രകാരം ശത്രുക്കൾക്കും ഉദാസീനൎക്കും കൂട ബോധിക്കുന്നൊരു നിശ്ചയം ഈ വിശ്വാസയുഗം അല്ല പ്രത്യക്ഷതാദിവസമേ ജനിപ്പിക്കയുള്ളു.

---

§ 159.

Our Lord's Third and Fourth Appearances.

പേത്രനും എമ്മവൂസ്സിലേക്കു പോകുന്നവരും യേശുവെ കണ്ടതു.

MARK XVI.

12 After that he appeared in another form unto two of them, as they walked, and went into the country.

13 And they went and told *it* unto the residue: neither believed they them.

LUKE XXIV.

13 And, behold, two of them went that same day to a village called Emmaus, which was from Jerusalem *about* threescore furlongs.

14 And they talked together of all these things which had happened.

15 And it came to pass, that while they communed *together* and reasoned, Jesus himself drew near, and went with them.

16 But their eyes were holden that they should not know him.

17 And he said unto them, What manner of communications *are* these that ye have one to another, as ye walk, and are sad?

18 And the one of them, whose name was Cleopas, answering said unto him, Art thou only a stranger in Jerusalem, and hast not known the things which are come to pass there in these days?

19 And he said unto them, What things? And they said unto him, Concerning Jesus of Nazareth, which was a prophet mighty in deed and word before God and all the people:

20 And how the chief priests and our rulers delivered him to be condemned to death, and have crucified him.

21 But we trusted that it had been he which should have redeemed Israel: and beside all this, to day is the third day since these things were done.

22 Yea, and certain women also of our com-

Luke XXIV.

pany made us astonished, which were early at the sepulchre;

23 And when they found not his body, they came, saying, that they had also seen a vision of angels, which said that he was alive.

24 And certain of them which were with us went to the sepulchre, and found *it* even so as the women had said: but him they saw not.

25 Then he said unto them, O fools, and slow of heart to believe all that the prophets have spoken:

26 Ought not Christ to have suffered these things, and to enter into his glory?

27 And beginning at Moses and all the prophets, he expounded unto them in all the scriptures the things concerning himself.

28 And they drew nigh unto the village, whither they went: and he made as though he would have gone further.

29 But they constrained him, saying, Abide with us: for it is toward evening, and the day is far spent. And he went in to tarry with them.

30 And it came to pass, as he sat at meat with them, he took bread, and blessed *it*, and brake, and gave to them.

31 And their eyes were opened, and they knew him; and he vanished out of their sight.

32 And they said one to another, Did not our heart burn within us, while he talked with us by the way, and while he opened to us the scriptures?

33 And they rose up the same hour, and returned to Jerusalem, and found the eleven gathered together, and them that were with them,

34 Saying, The Lord is risen indeed, and hath appeared to Simon.

35 And they told what things *were done* in the way, and how he was known of them in breaking of bread.

അപോസ്തലർ അല്ലാത്ത ശിഷ്യന്മാരിൽ രണ്ടാം അന്നു എമ്മവുസ്സ് ("ഹമ്മൌഥ്" വെന്നീരുറവു) എന്നൊരൂരിലേക്ക് പോവാൻ സംഗതി വന്നു. അതു നഗരത്തിങ്കന്നു പടിഞ്ഞാറോട്ടു ൩ നാഴിക ദൂരമുള്ളതു. ശിഷ്യന്മാർ ഇരുവരും യവനഭാഷക്കാർ എന്നു തോന്നുന്നു. ഒരുത്തന്നു ക്ലെയോപാ (ക്ലെയോപത്രൻ) എന്ന പേരുണ്ടായി; മററവൻ ലൂക്കാ തന്നെ എന്നൊരു പക്ഷം ഉണ്ടു. ഇരുവരും ൭൦ ശിഷ്യന്മാരിൽ (§ ൧൧൩) കൂടിയവരായിരിക്കും.

ആയവർ ഈ സംഭവിച്ചതു എല്ലാം ചൊല്ലി സംസാരിക്കുമ്പോൾ വഴിയെ നടക്കുന്നവൻ ഒരുത്തൻ അവരോടു എത്തി. അതു യേശുവെന്ന് അവർ അറിഞ്ഞില്ല. അവരുടെ വിഷാദംനിമിത്തവും യേശുവിന്റെ രൂപം ജയമഹത്വത്താൽ മാറി ഇരിക്കകൊണ്ടും (മാൎക്ക.) അവരുടെ കണ്ണുകൾക്കു നല്ല തിരിവില്ലാതെ ഇരുന്നു. നിങ്ങൾ ദുഃഖിച്ചും സംഭാഷണെത്താൽ ഖിന്നതയെ വൎദ്ധിപ്പിച്ചും നടക്കുന്നത് എന്ത് എന്നു യവനഭാഷയിൽ (ഫ്ര) ചോദിച്ചപ്പോൾ യരുശലേമിൽ ഈ നാളുകളിൽ ഉണ്ടായവ പരദേശികളിൽ വെച്ചും അറിയാതെ ഇരിക്കുന്നവൻ ഉണ്ടോ എന്നു ഒരുവൻ പറഞ്ഞു. എന്തെല്ലാം എന്നു കേട്ടാറെ ഇരുവരും പറഞ്ഞിതു: ആ നചറക്കാരനായ യേശുവിന്റെ കാൎയ്യം തന്നെ; ദൈവത്തോടും ലോകരോടും ക്രിയയാലും വചനത്താലും ശക്തിയുള്ളൊരു പ്രവാചകനെ തന്നെ മഹാചാൎയ്യരും വാഴുന്നവരും മരണം വിധിച്ചു കഴുവേററിയതു. ഞങ്ങളോ ഇസ്രയേലെ ഉദ്ധരിപ്പവൻ അവന്തന്നെ എന്ന് ആശിച്ചിരുന്നു. വിശേഷാൽ ഇന്നു മൂന്നാം ദിവസം ആകുന്നു; കൂട്ടത്തിലേ സ്ത്രീകളും രാവിലെ ചെന്നു ശവം കാണാതെ ദൂതദൎശനം കണ്ടും അവൻ ജീവനോടിരിക്കുന്ന പ്രകാരം കേട്ടുംകൊണ്ടു മടങ്ങി വന്നു ഞങ്ങളെ ഭ്രമിപ്പിച്ച ശേഷം ചിലർ നോക്കുവാൻ പോയതിനാലും നല്ല നിശ്ചയം സാധിച്ചില്ല.

എന്നിങ്ങിനെ കേട്ടാറെ, അയ്യോ പ്രവാചകന്മാർ ചൊന്നതെല്ലാം വിശ്വസിക്കയിൽ ബുദ്ധിയില്ലാത്ത മന്ദഹൃദയമുള്ളോരേ! മശീഹ ഈ വക എല്ലാം കഷ്ടിച്ചേ സ്വതേജസ്സിൽ പ്രവേശിക്കേണ്ടതല്ലയോ എന്നുരെച്ചു, മോശമുതൽ സൎവ്വപ്രവാചകന്മാരെകൊണ്ടും കഷ്ടാനുഭവത്തുടെ ജയപ്രവേശപ്രകാരവും മററും തന്നെ കുറിച്ചുള്ളവററെ ഒക്ക വിസ്തരിച്ചു പറഞ്ഞു. ഇങ്ങിനെ ക്രൂശുപ

ദേശം കേട്ടു മനം കത്തി നടക്കുമ്പോൾ നിനയാത വേഗതയോടെ ഊരിൽ എത്തിയാറെ അവനും അപ്പുറം പോകുമ്പോലെ നടിച്ചു; അവരോ പിരിഞ്ഞു കൂടാതെ സന്ധ്യയായല്ലോ എന്നു ചൊല്ലി മുട്ടിച്ചപേക്ഷിച്ചു, മൂവരും അകത്തു ചെന്നിരുന്നു.

ഭക്ഷിപ്പാന്തുടങ്ങുമ്മുന്നെ അവൻ ഗൃഹസ്ഥനെ പോലെ സ്തോത്രം പറഞ്ഞു അപ്പത്തെ വിഭാഗിക്കുന്നേരത്തു അവർ കണ്ണു തുറന്നിട്ടു ഗുരുവെ അറിഞ്ഞു കണ്ട സമയം തന്നെ അവൻ മറഞ്ഞു. അവരോ സംശയം എല്ലാം വെടിഞ്ഞു, നമ്മോടു വഴിയിൽ സംസാരിച്ചു വേദങ്ങളെ തെളിയിക്കുമ്പോൾ ഉള്ളിൽ ഹൃദയം ജ്വലിച്ചിരുന്നില്ലയോ എന്നു ചൊല്ലി, താമസിയാതെ നഗരത്തിലേക്ക് ഓടി ചെന്നു അവിടെ ൧൦ ശിഷ്യരേയും മറ്റും കണ്ടു, കൎത്താവ് എഴുനീറ്റു സത്യം: ശീമോന്നു പ്രത്യക്ഷനായി എന്നു എതിരെ വിളിക്കുന്നതു കേട്ടു, അവൻ പിന്നേയും തങ്ങളോടു ചേൎന്നു നടന്നു അപ്പം മുറിക്കയാൽ അറിയായ്വന്നപ്രകാരം അറിയിക്കയും ചെയ്തു.

ആ യവനന്മാർ ഇരുവരും കൎത്താവെ കണ്ടതിന്മുമ്പെ അവൻ ശീമോന്നു പ്രത്യക്ഷനായി എന്നു തോന്നുന്നു. എല്ലാവരിലും അധികം അവന്നു ആശ്വാസംകൊണ്ടു ആവശ്യമായിരുന്നുവല്ലോ. പ്രത്യക്ഷതയാൽ (൧ കൊ. ൧൫, ൫) കൎത്താവു അവനോടു പാപമോചനത്തെ അറിയിച്ചു പോൽ. അവനെ പിന്നേയും അപോസ്തലസ്ഥാനത്തിൽ ആക്കേണ്ടതിന്നു ഉടനെ ഹിതമായി തോന്നീട്ടില്ല. അവന്നു കേഫാവെന്നല്ല ശീമോൻ എന്ന പേർ അല്ലോ അപ്പോൾ നടപ്പായിരുന്നതു. യേശുവെ വെറുത്തു പറഞ്ഞതിന്നു ക്ഷമയും സമാധാനവും ലഭിച്ചതു അന്നേ ദിവസത്തേക്കു മതിയായിരുന്നു.

---

§ 160.

THE FIFTH APPEARANCE, TO THE TEN APOSTLES. THOMAS ABSENT.

കൎത്താവു ൧൦ അപോസ്തലരുടെ കൂട്ടത്തിൽ പ്രത്യക്ഷനായതു.

LUKE XXIV.

36 And as they thus spake, Jesus himself stood in the midst of them, and saith unto them, Peace *be* unto you.
37 But they were terrified and affrighted, and supposed that they had seen a spirit.
38 And he said unto them, Why are ye troubled? and why do thoughts arise in your hearts?
39 Behold my hands and my feet, that it is I myself: handle me, and see; for a spirit hath not flesh and bones, as ye see me have.
40 And when he had thus spoken, he showed them *his* hands and *his* feet.
41 And while they yet believed not for joy, and wondered, he said unto them, Have ye here any meat?
42 And they gave him a piece of a broiled fish, and of an honeycomb.
43 And he took *it*, and did eat before them.

JOHN XX.

19 Then the same day at evening, being the first *day* of the week, when the doors were shut where the disciples were assembled for fear of the Jews, came Jesus and stood in the midst, and saith unto them, Peace *be* unto you.
20 And when he had so said, he shewed unto them *his* hands and his side. Then were the disciples glad, when they saw the Lord.
21 Then said Jesus to them again, Peace *be* unto you: as *my* Father hath sent me, even so send I you.
22 And when he had said this he breathed on *them*, and saith unto them, Receive ye the Holy Ghost.
23 Whose soever sins ye remit, they are remitted unto them; *and* whose soever *sins* ye retain, they are retained.
24 But Thomas, one of the twelve, called Didymus, was not with them when Jesus came
25 The other disciples therefore said unto him, We have seen the Lord. But he said unto them, Except I shall see in his hands the print of the nails, and put my finger into the print of the nails, and thrust my hand into his side, I will not believe.

ഇങ്ങിനെ ശിഷ്യന്മാർ രണ്ടു കൂട്ടവും സന്തോഷവാൎത്തകളെ ചൊല്ലി തീരുമ്മുമ്പെ യേശു താൻ അവരുടെ നടുവിൽ നിന്നു, നിങ്ങൾക്കു സമാധാനം ഉണ്ടാക എന്നു പറഞ്ഞു (ലൂക്ക.). യഹൂദഭയം നിമിത്തം വാതിൽ പൂട്ടിക്കിടന്നിട്ടും കൎത്താവ് അകത്തു വന്ന ഹേതുവാൽ (യോ.) അവൻ ശരീരത്തോടു വേൎവ്വിട്ട പ്രേതമത്രെ എന്നു ഒരു ശങ്ക അതിക്രമിച്ചു. അതുകൊണ്ട് അവൻ അവരുടെ അവിശ്വാസത്തെയും ഖേദനിഷ്ഠയേയും മുമ്പെ സ്ത്രീകൾ അറിയിച്ചതിൽ കാട്ടിയ ഉപേക്ഷയേയും ആക്ഷേപിച്ചു (മാൎക്ക.), നിങ്ങൾ കലങ്ങിയത് എന്തു? ഹൃദയങ്ങളിൽ ദ്വന്ദ്വഭാവങ്ങൾ തോന്നുന്നതും എന്തു? എന്റെ കൈകാലുകളെ തൊട്ടു നോക്കുവിൻ! എന്നിൽ കാണുന്ന പോലെ പ്രേതത്തിന്നു അസ്ഥിമാംസങ്ങൾ ഇല്ലല്ലോ എന്നു ചൊല്ലി, അവൎക്കു വേണ്ടി ക്രൂശിന്മേൽ തറച്ചിരുന്ന അവയവങ്ങളേയും (ലൂക്ക.) വിലാപ്പുറത്തേയും (യോ.) കാണിച്ചു. അവരോ സന്തോഷപാരവശ്യത്താൽ വിശ്വസിയാതെ കിനാവു കാണുന്നവരെന്ന പോലെ നില്ക്കുമ്പോൾ യേശു കലക്കത്തെ ശമിപ്പിക്കേണ്ടതിന്നു മറ്റൊരടയാളം കാണിച്ചു, തിന്മാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു, അവരോടു അത്താഴത്തിന്നുള്ള (മാൎക്ക.) വറുത്ത മീനും തേങ്കട്ടയും അസാരം വാങ്ങി, അവർ കാണ്കെ ഭക്ഷിക്കയും ചെയ്തു.

ഇപ്രകാരം കൎത്താവെ പുതിയ ജീവന്റെ മഹത്വത്തിൽ കണ്ടാറെ ശിഷ്യന്മാർ ആനന്ദിച്ചു മെയ്യടങ്ങി പാൎത്തു. അവനും നിങ്ങൾക്കു സമാധാനം ഉണ്ടാക എന്നു വീണ്ടും പറഞ്ഞു, തന്റെ ജയഫലങ്ങളെ അവൎക്കു ഏകുവാൻ തുടങ്ങി. ഇനി ഭയമരുത്, വാതിൽ പൂട്ടി പാൎക്കേണ്ടതും അല്ല: പിതാവ് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു ചൊല്ലി, അവരുടെ മേലൂതി, വിശുദ്ധാത്മാവെ കൈക്കൊൾവിൻ! നിങ്ങൾ ആരുടെ പാപങ്ങളെ മോചിച്ചാലും അവൎക്കു മോചിച്ചിരിക്കും, ആൎക്കു പിടിപ്പിച്ചാലും അവൎക്കു പിടിക്കപ്പെട്ടും എന്നരുളിച്ചെയ്തു, തന്റെ ആത്മാവിൽ ഒർ അംശം കൊടുത്തു, പുനൎജ്ജീവനത്തിന്റെ ശക്തികളെ രുചി നോക്കിച്ചു, ലോകത്തെ ജയിക്കേണ്ടുന്ന സഭയാക്കി സ്ഥാപിച്ചു തുടങ്ങുകയും ചെയ്തു.

---

§ 161.

THE SIXTH APPEARANCE. THOMAS BELIEVES AND ADORES.

(*Sunday*, 16*th April.* ഞായറാഴ്ച, ഏപ്രിൽ ൧൬).

ആറാം പ്രത്യക്ഷതയിൽ തോമാ വിശ്വസിച്ച് ആരാധിച്ചതു.

MARK XVI.

14 Afterward he appeared unto the eleven as they sat at meat, and upbraided them with their unbelief and hardness of heart, because they believed not them which had seen him after he was risen.

JOHN XX.

26 And after eight days again his disciples were within, and Thomas with them: *then* came Jesus, the doors being shut, and stood in the midst, and said, Peace *be* unto you.
27 Then saith he to Thomas, Reach hither thy finger, and behold my hands; and reach hither thy hand, and thrust *it* into my side: and be not faithless, but believing.
28 And Thomas answered and said unto him, My Lord and my God.
29 Jesus saith unto him, Thomas, because thou hast seen me, thou hast believed: blessed *are* they that have not seen, and *yet* have believed.
30 And many other signs truly did Jesus in the presence of his disciples, which are not written in this book:
31 But these are written, that ye might believe that Jesus is the Christ, the Son of God; and that believing ye might have life through his name.

അല്ലൽ ഏറയുള്ള തോമാ കൎത്താവെ കണ്ടവരിൽ കൂടീട്ടില്ലാത്തത് ഒഴികെ ഞങ്ങൾ അവനെ കണ്ടു എന്നു കേട്ടാറെ, ഞാൻ ആണികളുടെ പഴുതിൽ വിരലും വിലാപ്പുറത്തിൽ കയ്യും ഇട്ടല്ലാതെ വിശ്വസിക്കയില്ല എന്നു പറഞ്ഞു. വിശ്വാസം അത്രോടം കുറഞ്ഞിട്ടും അവൻ സഹോദരന്മാരുടെ സംസൎഗ്ഗത്തെ വിടാത്തതും അവർ അവനെ നീക്കാത്ത ക്ഷാന്തിയും അവന്നു രക്ഷയായ്ച്ചമഞ്ഞു. പെസഹ കഴിഞ്ഞ ഉടനെ ഗലീലെക്കു പോവാൻ കല്പന ഉണ്ടു, എങ്കിലും പക്ഷെ തോമാ മുതലായ ചിലരുടെ ചഞ്ചലഭാവത്താൽ മുടക്കം വന്നിരുന്നു എന്നു തോന്നുന്നു. എങ്ങിനെ എങ്കിലും എട്ടു ദിവസം കഴിഞ്ഞശേഷം ശിഷ്യന്മാർ പിന്നേയും അകത്തു കൂടിയിരുന്നപ്പോൾ വാതിൽ അടച്ചിരിക്കുന്ന സമയം യേശു നടുവിൽ നിന്നുകൊണ്ടു, നിങ്ങൾക്കു സമാധാനം ഉണ്ടാക എന്നു പറഞ്ഞു, തോമാവെ നോക്കി, നീ വിരൽ നീട്ടി എന്റെ വിലാപ്പുറത്തിൽ ഇടുക! അവിശ്വാസി അല്ല വിശ്വാസിയായിരിക്ക എന്നുള്ള സ്നേഹശാസനയെ ചൊല്ലിയാറെ തോമാ ആനന്ദിച്ചു നാണിച്ചു, എൻ കൎത്താവും ദൈവവും ആയുള്ളോവേ എന്ന് ആരാധിക്കയും ചെയ്തു. അവൻ തൊട്ടില്ല കണ്ടത്രെ വിശ്വസിച്ചു എന്നിട്ടു "കാണാഞ്ഞു വിശ്വസിച്ചവർ ധന്യന്മാർ" എന്നു യേശു പറഞ്ഞു, കണ്ണു കാണാതെ ചെവി കേട്ടു വിശ്വസിക്ക തന്നെ ഈ യുഗത്തിലേ നിയമമാൎഗ്ഗം ആയുള്ളതു കാട്ടുകയും ചെയ്തു. താൻ ശരീരത്തോടെ എഴുനീറ്റപ്രകാരവും ദൈവപുത്രനായ മശീഹ ആകുന്നപ്രകാരവും യേശു മറ്റും പല ചിഹ്നങ്ങളാലും കാണിച്ചിട്ടും ആ വിശ്വാസത്തെ ജനിപ്പിപ്പാൻ ഈ കഥിച്ചതു മതി എന്നു യോഹനാന്നു തോന്നിയിരിക്കുന്നു.

പുനരുത്ഥാനത്തിന്റെ വാസ്തവം വിഷയമായി തോമാ സംശയിച്ചതു പോലെ ഉയിൎത്തെഴുനീറ്റതിന്റെ ശേഷം യേശുവിന്റെ ശരീരം മായമത്രെ എന്നു മറ്റു ചിലർ നിരൂപിച്ചിരിക്കുന്നു. എങ്ങിനെ എന്നാൽ അവന്റെ രൂപം മാറിയതും (മാൎക്ക. ൧൬, ൧൨; ലൂക്ക. ൨൪, ൧൬; യോ. ൨൧) അവൻ അതിശയമായി അകത്തു പ്രവേശിക്കുന്നതും മറഞ്ഞു പോകുന്നതും വിശേഷാൽ സ്വൎഗ്ഗാരോഹണമായതും വിചാരിച്ചാൽ അതു ദേഹലക്ഷണങ്ങളോട് ഒക്കുന്നതല്ലല്ലോ എന്നു തോന്നും. എങ്കിലും കൈകാലിലുമുള്ള പഴുതുകളും തൊണ്ടയുടെ ഒച്ചയും (യോ. ൨൦, ൧൬) പ്രാൎത്ഥിച്ചു വാഴ്ത്തുന്ന ഭാവവും (ലൂക്ക. ൨൪, ൩൦) പരദേശിയായ്നടിക്കുന്നതും പുതുജീവശ്വാസത്തെ ഊതുന്നതും (യോ. ൨൦) അവയവങ്ങളെ അസ്ഥിമാംസങ്ങൾ എന്നു ചൊല്ലി ശിഷ്യരെകൊണ്ടു തൊടുവിക്കുന്നതും (ലൂക്ക. ൨൪) താൻ ഭക്ഷിക്കുന്നതും ശിഷ്യന്മാൎക്കായിട്ടു മുത്താഴം വെച്ച് ഒരുക്കുന്നതും (യോ. ൨൧) വിചാരിച്ചാൽ ഇതു സാക്ഷാൽ ദേഹം എന്നും മുമ്പേത്ത ദേഹം തന്നെ എന്നും തെളിയും. ഈ വിപരീതങ്ങൾനിമിത്തം സംശയം തോന്നാതവണ്ണം യേശു മഹത്വപ്പെട്ടതിന്റെ സാരം അല്പം ഗ്രഹിപ്പാൻ നോക്കേണം. യേശു മുമ്പെ ആദാമിന്റെ മകനായിരുന്നു, ഭൌമന്റെ പ്രതിമയെ ധരിച്ചു നടന്നു; തന്റെ തേജസ്സിൽ പ്രവേശിച്ച നാൾമുതൽ അവൻ സ്വൎഗ്ഗത്തിൽനിന്നുള്ള നാഥനായി വാണു, അവന്റെ ശരീരം ആത്മീകവും ആത്മാവ് ശാരീരികവും ആയ്വരികയും ചെയ്തു. അതിൽ ദേഹി വേറെ എന്നു വാദിപ്പാൻ പാടുള്ളതല്ല: ഇനി ഒരുനാളും വേൎപിരിയാത്തവറ്റെ എന്തിന്നു വേറാ

ക്കുന്നു! അവന്റെ ദേഹം മുഴുവനും ആത്മാവിന്റെ വശത്തിൽ ആകകൊണ്ടു ഉള്ളിൽ ഇഷ്ടമായി തോന്നിയതു എല്ലാം നടത്തുവാനും കഴിയും. പിന്നെ ആത്മാവിൽ അടങ്ങി പാൎക്കുന്ന അദൃശ്യഭാവങ്ങൾ എല്ലാം ദേഹത്തിൽ കൂടി നിഴലിച്ചു കാണ്മാന്തക്കവണ്ണം ദേഹത്തിന്നു ആത്മാവോടു മുച്ചൂടും അനുരൂപം വന്നിരിക്കുന്നു. ഈ അവസ്ഥ മാനുഷജ്ഞാനത്തോട് അശേഷം ചേരായ്കയാൽ നീതീകരിക്കുന്ന വിശ്വാസത്തിൻ വേർ ആകുന്നത് ഒരം ജീവിച്ചെഴുന്നീല്പിന്റെ നിശ്ചയമേ എന്നു അപോസ്തലർ പലപ്പോഴും സ്തുതിച്ചു, അതിന്റെ അനുഭവം തങ്ങൾക്കും ലഭിക്കേണ്ടതിന്നു കാംക്ഷിച്ചു കൊണ്ടിരുന്നു (൧ കൊ. ൧൫, ഇത്യാദി).

---

§ 162.

The Seventh Appearance, at the Lake of Gennezareth.

ഗലീലപൊയ്കയരികിൽ യേശു ൭ ശിഷ്യൎക്കു പ്രത്യക്ഷനായതു.

JOHN XXI.

1 After these things Jesus shewed himself again to the disciples at the sea of Tiberias; and on this wise shewed he *himself*.

2 There were together Simon Peter, and Thomas called Didymus, and Nathanael of Cana in Galilee, and the *sons* of Zebedee, and two other of his disciples.

3 Simon Peter saith unto them, I go a fishing. They say unto him, We also go with thee. They went forth, and entered into a ship immediately; and that night they caught nothing.

4 But when the morning was now come, Jesus stood on the shore: but the disciples knew not that it was Jesus.

5 Then Jesus saith unto them, Children, have ye any meat? They answered him, No.

6 And he said unto them, Cast the net on the right side of the ship, and ye shall find. They cast therefore, and now they were not able to draw it for the multitude of fishes.

7 Therefore that disciple whom Jesus loved saith unto Peter, It is the Lord. Now when Simon Peter heard that it was the Lord, he girt *his* fisher's coat *unto him*, (for he was naked,) and did cast himself into the sea.

8 And the other disciples came in a little ship; (for they were not far from land, but as it were two hundred cubits,) dragging the net with fishes.

9 As soon then as they were come to land, they saw a fire of coals there, and fish laid thereon, and bread.

10 Jesus saith unto them, Bring of the fish which ye have now caught.

11 Simon Peter went up, and drew the net to land full of great fishes, an hundred and fifty and three: and for all there were so many, yet was not the net broken.

12 Jesus saith unto them, Come *and* dine. And none of the disciples durst ask him, Who art thou? knowing that it was the Lord.

13 Jesus then cometh, and taketh bread, and giveth them, and fish likewise.

14 This is now the third time that Jesus shewed himself to his disciples, after that he was risen from the dead.

15 So when they had dined, Jesus saith to Simon Peter, Simon, *son* of Jonas, lovest thou me more than these? He saith unto him, Yea, Lord; thou knowest that I love thee. He saith unto him, Feed my lambs.

16 He saith to him again the second time, Simon, *son* of Jonas, lovest thou me? He saith unto him, Yea, Lord; thou knowest that I love thee. He saith unto him, Feed my sheep.

17 He saith unto him the third time, Simon, *son* of Jonas, lovest thou me? Peter was grieved because he said unto him the third time, Lovest thou me? And he said unto him, Lord, thou knowest all things; thou knowest that I love thee. Jesus saith unto him, Feed my sheep.

18 Verily, verily I say unto thee, When thou wast young, thou girdedst thyself, and walkedst whither thou wouldest: but when thou shalt be old, thou shalt stretch forth thy hands, and another shall gird thee, and carry *thee* whither thou wouldest not.

19 This spake he, signifying by what death he should glorify God. And when he had spoken this, he saith unto him, Follow me.

20 Then Peter, turning about, seeth the disciple whom Jesus loved following; which also leaned on his breast at supper, and said, Lord, which is he that betrayeth thee?

21 Peter seeing him saith to Jesus, Lord, and what *shall* this man *do*?

22 Jesus saith unto him, If I will that he tarry till I come, what *is that* to thee? follow thou me.

23 Then went this saying abroad among the brethren, that that disciple should not die: yet Jesus said not unto him, He shall not die; but If I will that he tarry till I come, what *is that* to thee?

24 This is the disciple which testifieth of these things, and wrote these things: and we know that his testimony is true.

25 And there are also many other things which Jesus did, the which, if they should be written every one, I suppose that even the world itself could not contain the books that should be written. Amen.

അപോസ്തലന്മാരുടെ നടുവിൽ മൂന്നാമതു ഇപ്രകാരം ഉയിൎപ്പിന്റെ നിശ്ചയം തികഞ്ഞുവന്നപ്പോൾ സകല ശിഷ്യന്മാരോടും കൂടുകാഴ്ചയാവാൻ അപോസ്തലർ ഗലീലെക്ക് യാത്രയായി. അവിടെ എത്തിയപ്പോഴെക്കോ യേശു മുമ്പെ തെരിഞ്ഞെടുത്ത ൭ പേൎക്ക് പ്രത്യക്ഷനായി. അവരിൽ ശീമോൻ, തോമാ, നഥാന്വേൽ, ജബദിപുത്രർ എന്നിവർ വിശിഷ്ടന്മാർ. അവർ പണ്ടു വിട്ടുപോയ വീട്ടിൽ എത്തിയാറെ കല്പനപ്രകാരം എട്ടു ദിക്കിലേക്കും പിരിഞ്ഞു പുറപ്പെടുമ്മുന്നമേ കീഴ്മൎയ്യാദപ്രകാരം ഒരിക്കൽ മീൻപിടിക്കട്ടെ എന്നു ശീമോൻ പറഞ്ഞു, അവരും അങ്ങിനെ തന്നെ എന്നു വൈകുന്നേരം ഒത്തു പുറപ്പെട്ടു, ആ രാത്രിയിൽ ഒന്നും പിടികൂടിയതും ഇല്ല. പുലരുമ്പോൾ കരയിൽ നില്ക്കുന്ന ഒരുവൻ ഹോ ബാല്യക്കാരേ, കൂട്ടാൻ വല്ലതും ഉണ്ടോ എന്നു വിളിച്ചു കേട്ടാറെ, ഇല്ല എന്നു പറഞ്ഞതിന്നു പടകിന്റെ വലഭാഗത്തു വീശേണം എന്നാൽ കിട്ടും എന്നു പറഞ്ഞു. അവരും വീശി അനന്തരം മീൻകൂട്ടം നിമിത്തം വല വലിപ്പാൻ കഴിഞ്ഞതും ഇല്ല. അതുകൊണ്ടു യോഹനാൻ ഒന്നു ഓൎത്തു (ലൂക്ക. ൫, ൫), കൎത്താവാകുന്നു പോൽ എന്നുരെച്ചു. ശീമോനും ഉടനെ ഉടുത്തുകൊണ്ടു വെള്ളത്തിൽ ചാടി നീന്തി, മറ്റുള്ളവർ വലയെ വലിച്ചുംകൊണ്ടു പടകിൽ ചെന്നു കരെക്കിറങ്ങിയാറെ തീക്കനലും അതിന്മേൽ വറുത്ത മീനും അപ്പവും കണ്ടു. അവർ ഉയിൎപ്പുനാളിൽ കൎത്താവെ സല്കരിച്ചതിന്നു ഇത് ഒരു പ്രതിസല്ക്കാരം പോലെ ആയ്തു. പിന്നെ യേശു പറഞ്ഞു: പിടിച്ച മീൻ ചിലതു കൊണ്ടുവരുവിൻ! അപ്രകാരം ചെയ്യുമ്പോൾ ശീമോൻ കയറി വല വലിച്ചു, ൧൫൩ വലിയ മീൻ എന്ന് എണ്ണി, വല കീറായ്കയാൽ അതിശയിച്ചുംകൊണ്ടു ഇങ്ങിനെ തന്റെ മീൻപിടിവേലെക്ക് സമാപ്തി വരുത്തുകയും ചെയ്തു. ഇങ്ങു വന്നു മുത്താഴം കൊൾവിൻ എന്നു യേശു പറഞ്ഞപ്പോൾ ശിഷ്യന്മാർ "നീ ആർ" എന്നു ചോദിപ്പാൻ തുനിയാതെ മഹത്വവിശേഷം കണ്ടിട്ടും ഗുരുവെന്നറിഞ്ഞു സന്തോഷിച്ചു, അവനും മുമ്പെ ശീലിച്ചവണ്ണം അപ്പവും മീനും അവൎക്കു വിഭാഗിച്ചു കൊടുക്കയും ചെയ്തു.

ഇതു ഒക്കയും സഭയുടെ ഭാവിക്കു മുങ്കുറിയായതു. യേശുവിന്റെ ശിഷ്യന്മാർ രാത്രിയിൽ പ്രയത്നം കഴിച്ചു, തങ്ങളുടെ വേല നിഷ്ഫലം എന്നറിഞ്ഞുകൊണ്ടിട്ടത്രെ അല്പം പുലൎച്ച കാണും. പിന്നെ യേശു അവരറിയാതെ കണ്ടു അടുക്കയും, അവന്റെ ചൊൽ അവർ കേട്ടനുസരിക്കയും, അനുഗ്രഹവൎദ്ധന ഉണ്ടാകയും, അവനെ അറിഞ്ഞുകൊൾകയും, എതിരേററു ചെല്കയും, പിടിച്ചതെല്ലാം അവന്റെ കാല്ക്കൽ ആക്കി വെക്കുകയും ആം. അക്കര (പരത്തിൽ) എത്തുമ്പോൾ ചോദ്യം വരാത കൂടിക്കാഴ്ചയും കോപ്പുകൾ ചിലതു യേശു ഇറക്കിയതിനാലും ചിലതു സഭ കൊണ്ടുവന്നതിനാലും ഒർ ഉത്സവഭോഗവും ഉണ്ടു.

അനന്തരം ശീമോന്നു അപോസ്തലസ്ഥാനവും സഭാശുശ്രൂഷയിൽ മുമ്പും പിന്നേയും കൊടുക്കേണം എന്നു തോന്നുകയാൽ യേശു അവനോടു ചോദിപ്പാന്തുടങ്ങി. "യോനാപുത്രനായ ശീമോനേ, ഇവർ ചെയ്യുന്നതിൽ അധികം നീ എന്നെ സ്നേഹിക്കുന്നുവോ" എന്നു കേട്ടാറെ "ഉവ്വ കൎത്താവേ, എനിക്ക് നിങ്കൽ പ്രിയം ഉള്ളപ്രകാരം നീ അറിയുന്നു" എന്നു വിനയത്തോടെ പറഞ്ഞപ്പോൾ "എന്റെ ആട്ടിങ്കുട്ടികളെ മേയ്ക്ക" എന്നു യേശു കല്പിച്ചു. പിന്നെ "യോനാപുത്രനായ ശീമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ" എന്നതിന്നു "ഉവ്വ

കൎത്താവേ, എനിക്ക് നിങ്കൽ പ്രിയം ഉള്ളപ്രകാരം നീ അറിയുന്നു" എന്നു പറഞ്ഞാറെ "എന്റെ ആട്ടുകളെ പാലിക്ക" എന്നരുളിച്ചെയ്തു. മൂന്നാമതും "യോനാ പുത്രനായ ശീമോനേ, നിനക്ക് എങ്കൽ പ്രിയം ഉണ്ടോ" എന്നു ചോദിച്ചപ്പോൾ കേഫാ മൂന്നുവട്ടം വെറുത്തുചൊന്ന പാപത്തെ ഓൎത്തു ദുഃഖപ്പെട്ടിട്ടും "കൎത്താവേ, നീ എല്ലാം അറിയുന്നു, നിങ്കൽ പ്രിയമുള്ളപ്രകാരവും നീ അറിയുന്നു" എന്നു പറഞ്ഞതിന്നു യേശു "എന്റെ ആട്ടുകളെ മേയ്ക്ക" എന്നു കല്പിച്ചു.

ഇപ്രകാരം ശിഷ്യന്റെ പാപത്തിന്നു ന്യായവിധിയാലും കരുണയാലും നിവൃത്തി വന്നതിനാൽ എല്ലാ ശിഷ്യന്മാൎക്കും ക്ഷമയുടെ മഹത്വവും സ്നേഹത്തിന്റെ അത്യാവശ്യവും ബോധിച്ചതല്ലാതെ ൨ പ്രകാരമുള്ള വേലയുടെ നിശ്ചയവും ഉണ്ടായി. അതു മുമ്പെ ചെറിയവരെ ആത്മാഹാരം ഭക്ഷിപ്പിച്ചു പോററുക, പിന്നെ വലിയവരേയും സഭയായ്നടത്തുക, ഒട്ടുക്കം വലിയവൎക്കും പററുന്ന ആത്മാഹാരം കൊടുക്ക എന്നീപ്രകാരമുള്ളതാകുന്നു.

അതിൽ പിന്നെ യേശു അരുളിച്ചെയ്തു: ആമെൻ ആമെൻ ഞാൻ നിന്നോടു പറയുന്നിതു, വയസ്സു കുറഞ്ഞ കാലത്തു നീ താൻ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; കിഴവനാകുമ്പോൾ നീ കൈകളെ നീട്ടും, മററൊരുത്തനും നിന്നെ കെട്ടി, നീ ഇച്ഛിക്കാത്ത സ്ഥലത്തു കൊണ്ടുപോകും. എന്നിങ്ങിനെ കേഫാവിന്നു സ്വഭാവത്തോടു എത്രയും വിപരീതമായിട്ടു (മത്ത. ൧൬, ൨൨) പിന്നേതിൽ വരേണ്ടുന്ന ക്രൂശമരണത്തെ സൂചിപ്പിച്ചശേഷം "എന്നെ അനുഗമിക്ക" എന്നു കല്പിച്ചു മുന്നടന്നു. ശീമോനും അതിന്റെ അൎത്ഥം എന്തെന്നു അറിയാതെ അനുഗമിപ്പാൻ തുടങ്ങിയപ്പോൾ യോഹനാനും എഴുനീററു കൂടി പിഞ്ചെല്ലുന്നതു കണ്ടാറെ, കൎത്താവേ, ഇവന്നോ എന്തു വേണ്ടതു എന്നു ചോദിച്ചു, പക്ഷെ തനിക്കൊത്ത പരീക്ഷ തോഴന്നു സംഭവിക്കരുത് എന്നപേക്ഷിപ്പാനും ഭാവിച്ചു. അതിന്നു കൎത്താവ് പറഞ്ഞിതു: ഞാൻ വരുവോളം ഇവനെ ഇരുത്തുവാൻ ഇച്ഛിച്ചാൽ അതു നിനക്ക് എന്തു? നീ എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അതിനാൽ ഇവൻ സാക്ഷിമരണത്തിൽ യേശുവെ പിഞ്ചെല്ലുന്നവനല്ല എന്നുള്ളതു തെളിഞ്ഞുവന്നു. യേശു ഇന്നപ്രകാരം വന്നു അവനെ കൂട്ടിക്കൊള്ളും എന്നു യോഹനാൻ താൻ പ്രബന്ധം എഴുതുന്ന സമയം അറിഞ്ഞിട്ടില്ല.*

ഇങ്ങിനെ ഉണ്ടായത് യേശുവിന്റെ ആത്മാവ് സഭയിൽ വ്യാപരിക്കുന്ന രണ്ടു വഴികൾക്കും മുങ്കുറിയാകുന്നു. വീഴ്ചയും എഴുനീല്പും പുതിയ സ്നേഹസേവകളും തന്നിഷ്ടത്തോടു പോരാട്ടങ്ങളും ഒട്ടുക്കം ഘോരമരണങ്ങളും ആകുന്നതു കേഫാവിന്നൊത്ത സ്വഭാവം. യോഹനാന്യഭാവമോ പുറമേ ജയാപജയങ്ങളുടെ ഘോഷം കൂടാതെ യേശുവിൻ മടിയിൽ ഇരിക്കുമ്പോലെ അവന്റെ ആത്മാവിനാൽ താൻ വരുവോളം ജീവിച്ചുകൊള്ളുന്നതു തന്നെ. മുമ്പേത്തതു സഭയുടെ അടിസ്ഥാനത്തിന്നും മറേറതു അതിന്റെ പരിഷ്കാരത്തിന്നും പ്രത്യേകം കൊള്ളാകുന്നതു.

---

* ഈ ശിഷ്യന്റെ സാക്ഷ്യം സത്യം തന്നെ എന്നും മററും എഴുതിയതു എഫെസ്സ സഭയുടെ മൂപ്പന്മാരിൽ ഒരുവനായിരിക്കും. ഇങ്ങിനെ യോഹനാൻ സുവിശേഷം സമാപ്തം.

§ 163.

The Eighth Appearance on a Mountain in Galilee.

ഗലീലമലമേൽ യേശു ൫൦൦ൽപരം ശിഷ്യൎക്കു പ്രത്യക്ഷനായതു.

i. COR. XV. 6 After that, he was seen of above five hundred brethren at once.

MATT. XXVIII.

16 Then the eleven disciples went away into Galilee, into a mountain where Jesus had appointed them.

17 And when they saw him, they worshipped him: but some doubted.

18 And Jesus came and spake unto them, saying, All power is given unto me in heaven and in earth.

19 Go ye therefore, and teach all nations, baptizing them in the name of the Father, and of the Son, and of the Holy Ghost:

20 Teaching them to observe all things whatsoever I have commanded you: and, lo, I am with you alway, *even* unto the end of the world. Amen.

MARK XVI.

15 And he said unto them, Go ye into all the world, and preach the gospel to every creature.

16 He that believeth and is baptized shall be saved; but he that believeth not shall be damned.

17 And these things shall follow them that believe; In my name shall they cast out devils; they shall speak with new tongues;

18 They shall take up serpents; and if they drink any deadly thing, it shall not hurt them; they shall lay hands on the sick, and they shall recover.

LUKE XXIV.

44 And he said unto them, These *are* the words which I spake unto you, while I was yet with you, that all things must be fulfilled, which were written in the law of Moses, and *in* the prophets, and *in* the psalms, concerning me.

45 Then opened he their understanding, that they might understand the scriptures,

46 And said unto them, Thus it is written, and thus it behoved Christ to suffer, and to rise from the dead the third day.

47 And that repentance and remission of sins should be preached in his name among all nations, beginning at Jerusalem.

48 And ye are witnesses of these things.

49 And behold, I send the promise of my Father upon you: but tarry ye in the city of Jerusalem, until ye be endued with power from on high.

ആ ഉററ ശിഷ്യന്മാർ ഇരിവരോടും (§ ൧൬൨) യേശു മറെറല്ലാവരും കൂടി വരേണ്ടുന്ന മലയെ അറിയിച്ചിരിക്കുന്നു എന്നു തോന്നുന്നു. താൻ ഉയിൎപ്പുനാൾ മുതൽകൊണ്ടു കല്പിച്ചപ്രകാരം യരുശലേമിൽനിന്നും മററും പോന്നു വന്ന ശിഷ്യന്മാർ ഗലീലയിൽ കണ്ടവരെ ക്ഷണിച്ചതിനാൽ കുറിച്ച നാളിൽ (പക്ഷേ താബോർ എന്ന) ഒരു മലമേൽ പതിനൊന്നു പേർ അല്ലാതെ ൫൦൦ൽപരം ശിഷ്യന്മാർ കൂടി വന്നു. ആയവർ യേശു വരുന്നതു കണ്ടാറെ മിക്കവാറും കാല്ക്കൽ വീണു വന്ദിച്ചു, ചിലരോ യഹൂദഭാവത്തെ ഉറപ്പിച്ചു മനുഷ്യപുത്രനെ ഇങ്ങിനെ വണങ്ങാമോ എന്നു സംശയിച്ചുനിന്നു. അവനും അവൎക്കു മുൻനിന്നു തന്റെ ദൈവത്വവും നിത്യരാജത്വവും അറിയിച്ചതിപ്രകാരം: സ്വൎഗ്ഗത്തിലും ഭൂമിയിലും സൎവ്വാധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു (മത്ത.). ഈ മഹത്വത്തിന്റെ മൂലമായതു മശീഹയുടെ കഷ്ടാനുഭവം തന്നെ. അതിനാൽ ഉണ്ടായ ഇടൎച്ച എല്ലാം നീക്കേണ്ടതിന്നു ഞാൻ നിങ്ങളോടു കൂട ഇരുന്നപ്പോൾ ചൊല്ലിയ വചനങ്ങളുടെ സാരം ഇതു തന്നെ, മോശമുതൽ പ്രവാചകസങ്കീൎത്തനങ്ങളിലും എന്നെ കുറിച്ചു എഴുതി കിടക്കുന്നതു എല്ലാം ഒത്തുവരേണ്ടിയതല്ലോ എന്നു യേശു പറഞ്ഞു, വേദവാക്യങ്ങളെ തിരിച്ചറിവാൻ അവൎക്കു ബുദ്ധിയെ തുറന്നു വെക്കുകയും ചെയ്തു. ഇന്നിന്നപ്രകാരം എഴുതി ഇരിക്കുന്നുവല്ലോ, ആത്മബലിയാലും പുനരുത്ഥാനത്താലും സൎവ്വലോകത്തിന്നും ഒരു രക്ഷ ഉണ്ടായതു ഈ മശീഹനാമത്തിൽ അടങ്ങി കിടക്കുന്നു. ഇനി അതിന്മൂലം യരുശലേം ആദിയായി സകല ജാതികളിലും അനുതാപവും പാപമോചനവും ഘോഷിക്കേണ്ടതു. ഇവററിൻ സാക്ഷികൾ കേവലം

നിങ്ങൾ തന്നെ. അതിനെ തുടങ്ങുവാനുള്ള സമയമോ, ഞാൻ പിതാവിന്റെ വാഗ്ദത്തമാകുന്ന വിശുദ്ധാത്മാവെ നിങ്ങളുടെ മേൽ അയക്കും; ഉയരത്തിൽനിന്നു ശക്തിപൂണ്ടു ചമവോളം നഗരത്തിൽ തന്നെ ഇരുന്നു കൊൾവിൻ (ലൂക്ക.).

അതുണ്ടായ ഉടനെ നിങ്ങൾ എന്റെ സൎവ്വാധികാരത്തിൽ ഉറെച്ചു പുറപ്പെട്ടു, സകല ജാതികളേയും ശിഷ്യരാക്കി കൊൾവിൻ! അത് അവരെ വശീകരിക്കയാലും പേടിപ്പിക്കയാലും അരുത്, അവരെ പിതാവ് പുത്രൻ വിശുദ്ധാത്മാവ് എന്നീ ത്രിയേകനാമത്തിൽ സ്നാനം ചെയ്തു പ്രകാശിപ്പിച്ചുകൊണ്ടും ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കയും കാത്തുകൊൾവാൻ പഠിപ്പിച്ചുംകൊണ്ടും അനുഷ്ഠിക്കേണ്ടത്. കണ്ടാലും യുഗസമാപ്തിയോളം ഞാൻ എല്ലാനാളും നിങ്ങളോടു കൂട ഉണ്ടു (മത്ത.*).

ഭൂലോകം എങ്ങും സഞ്ചരിച്ചു സകല സൃഷ്ടിയോടും സുവിശേഷത്തെ ഘോഷിപ്പിൻ! വിശ്വസിച്ചു സ്നാനപ്പെട്ടും ഉള്ളവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. അപോസ്തലൎക്കു മാത്രമല്ല വിശ്വസിച്ചവൎക്കു തന്നെ യേശുവിന്റെ സാന്നിദ്ധ്യക്കുറികൾ ഇവ തന്നെ അനുഗമിക്കും: എന്നാമത്തിൽ അവർ പിശാചുകളെ പുറത്താക്കി പുതുനാവുകളാൽ സംസാരിക്കും (ഇങ്ങിനെ ദുരാത്മാക്കളെ നീക്കുന്ന സദാത്മാവിന്റെ നിറവോടെ വാഴും); അവർ സൎപ്പങ്ങളെ എടുത്തു കളയും (അപോ. ൨൮, ൫), പ്രാണഘാതകമായതൊന്നു കുടിച്ചാലും ഹാനി വരാതെ ഇരിക്കും (ഇങ്ങിനെ ലോകത്തിലുള്ള നാനാവിഷങ്ങൾ അവരോടു തോല്ക്കും); അവർ രോഗികളുടെ മേൽ കൈ വെക്കും, തങ്ങളും ആരോഗ്യത്തോടെ ഇരിക്കും (ഇങ്ങിനെ യേശുനാമത്താൽ ശരീരത്തിന്മേലും ജയം കൊള്ളും). ഇവ്വണ്ണം മൂന്നു വിധത്തിലുള്ള ബലത്താൽ യേശു തനിക്കുററവരോടു കൂട വ്യാപരിച്ചു പോരും എന്നരുളിച്ചെയ്തു, ശിഷ്യന്മാരുടെ സമൂഹത്തിൽനിന്നു മറഞ്ഞു പോകയും ചെയ്തു (മാൎക്ക.).

---

§ 164.

THE TWO LAST APPEARANCES AND ASCENSION OF CHRIST.

ഒടുക്കത്തേ രണ്ടു പ്രത്യക്ഷതകളും സ്വൎഗ്ഗാരോഹണവും.

a) *The ninth appearance, to James alone.* യേശു യാക്കോബിന്നു കാണായ്വന്നതു.

i. COR. XV. 7 "After that, he was seen of James."

b) *The tenth and last appearance on the Mount of Olives whence Christ ascends to heaven.*
(Thursday, 18th May. വ്യാഴാഴ്ച, മേ ൧൮.)

ഒലീവു മലയിലേ അന്ത്യപ്രത്യക്ഷതയും സ്വൎഗ്ഗാരോഹണവും.

MARK XVI.

19 So then after the Lord had spoken unto them, he was received up into heaven, and sat on the right hand of God.

20 And they went forth, and preached every where, the Lord working with *them*, and confirming the word with signs following. Amen.

LUKE XXIV.

50 And he led them out as far as to Bethany, and he lifted up his hands, and blessed them.

51 And it came to pass, while he blessed them, he was parted from them, and carried up into heaven.

52 And they worshipped him, and returned to Jerusalem with great joy:

53 And were continually in the temple, praising and blessing God. Amen.

---

* ഇങ്ങിനെ മത്തായി സുവിശേഷം സമാപ്തം.

ACTS I.

1 The former treatise have I made, O Theophilus, of all that Jesus began both to do and teach,
2 Until the day in which he was taken up, after that he through the Holy Ghost had given commandments unto the apostles whom he had chosen:
3 To whom also he shewed himself alive after his passion by many infallible proofs, being seen of them forty days, and speaking of the things pertaining to the kingdom of God:
4 And, being assembled together with *them*, commanded them that they should not depart from Jerusalem, but wait for the promise of the Father, which, *saith he*, ye have heard of me.
5 For John truly baptized with water; but ye shall be baptized with the Holy Ghost not many days hence.
6 When they therefore were come together, they asked of him, saying, Lord, wilt thou at this time restore again the kingdom to Israel?
7 And he said unto them, It is not for you to know the times or the seasons, which the Father hath put in his own power.
8 But ye shall receive power, after that the Holy Ghost is come upon you: and ye shall be witnesses unto me both in Jerusalem, and in all Judæa, in Samaria, and unto the uttermost part of the earth.
9 And when he had spoken these things, while they beheld, he was taken up; and a cloud received him out of their sight.
10 And while they looked stedfastly toward heaven as he went up, behold, two men stood by them in white apparel;
11 Which also said, Ye men of Galilee, why stand ye gazing up into heaven? this same Jesus, which is taken up from you into heaven, shall so come in like manner as ye have seen him go into heaven.
12 Then returned they unto Jerusalem from the mount called Olivet, which is from Jerusalem a sabbath day's journey.

അനന്തരം യേശു യാക്കോബിന്നു പ്രത്യക്ഷനായി (൧ കൊ. ൧൫, ൭). അതു അപോസ്തലനായ ചെറിയ യാക്കോബ് അല്ല, ജബദിപുത്രനായ യാക്കോബും അല്ല, യേശുവിന്റെ ഉടപ്പിറന്നവനായ യാക്കോബ് അത്രെ എന്നു തോന്നുന്നു. ആയവൻ പണ്ടു അവിശ്വാസി ആയിരുന്നു എന്നും, പിന്നെ ഉയിൎത്തെഴുനീറ്റ ജ്യേഷ്ഠന്റെ ജീവമഹത്വത്തെ കണ്ടിട്ടു വിശ്വസിച്ചു യരുശലേംസഭയുടെ ഒരു തൂണായി ചമയുകയും ചെയ്തു എന്നും മറ്റും മീതെ കേട്ടുവല്ലോ (§ ൧൯). അപോസ്തലന്മാർ പെന്തക്കൊസ്തെക്കു ൫൦ നാൾ മുമ്പെ തന്നെ ഗലീലയെ വിട്ടു യരുശലേമിൽ പോരേണം എന്നു പക്ഷെ ആ യാക്കോബ് മൂലം തന്നെ അറിയിച്ചിരിക്കുന്നതു.

ഉയിൎപ്പിന്റെ നാല്പതാം നാളിൽ അവർ നഗരത്തിൽ വന്നശേഷം ഒരു വ്യാഴാഴ്ചയിൽ എന്നു തോന്നുന്നു* യേശു പിന്നേയും പ്രത്യക്ഷനായി, മുമ്പേ പോലെ ദൈവരാജ്യത്തിന്റെ കാൎയ്യം പറഞ്ഞുകൊണ്ടിരുന്നു.

അവൻ അവരോട് ഒന്നിച്ചു ഒലീവമലയിൽ പോകുമ്പോൾ ഉയരത്തിൽനിന്നു ശക്ത്യാത്മാവ് അവരുടെ മേൽ വരുവോളം നഗരത്തിൽ കാത്തിരിക്കേണം; പിന്നെ യോഹനാന്റെ കാലത്തു വെള്ളത്താൽ സംഭവിച്ചപ്രകാരം കുറയനാൾ ചെന്നിട്ടു അവൎക്കു ആത്മാവിനാൽ ഒർ അഭിഷേകം ഉണ്ടാകും എന്നിങ്ങിനെ എല്ലാം സംസാരിച്ചു കേട്ടാറെ, കൎത്താവേ, ഈ ആത്മാവെ പകരുന്ന കാലത്തിങ്കൽ ഇസ്രയേലിന്നു രാജ്യവും യഥാസ്ഥാനമാക്കി കൊടുക്കുമോ എന്നു ശിഷ്യന്മാർ ചോദിച്ചു. അതിന്നു യേശു പറഞ്ഞിതു: പിതാവ് തന്റെ അധികാരത്തിൽ വെച്ചേച്ച കാലങ്ങളോ സമയങ്ങളോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല. നിങ്ങളുടെ മേൽ വരുന്ന വിശുദ്ധാത്മാവിൻ ശക്തി ലഭിച്ചിട്ടു നിങ്ങൾ (രാജ്യഭാരം ഉടനെ തുടങ്ങുക എന്നല്ല) എനിക്കു സാക്ഷികൾ അത്രെ ആക വേണ്ടു. മുമ്പെ യരുശലേമിലും പിന്നെ യഹൂദയിൽ എങ്ങും ശമൎയ്യയിലും ഭൂമിയുടെ അറ്റങ്ങൾ വരേയും സാക്ഷികൾ ആകയും ചെയ്യും (അപോ.).

---

* ഒരു ഞായറാഴ്ചയിൽ സ്വൎഗ്ഗാരോഹണമായപ്രകാരം ബൎന്നബാവിൻ ലേഖനത്തിൽ കാണുന്നു. പക്ഷേ ൪൦ നാൾ എന്നു ചൊല്ലിയതു ൬ ആഴ്ചവട്ടത്തോട് ഒക്കും.

എന്നിങ്ങിനെ ആത്മാവിന്റെ ക്ഷമയെ നന്ന അഭ്യസിച്ച് സാക്ഷികളായി സഞ്ചരിച്ചുപോരുകയാൽ ഒടുക്കം ഭൂമി മുഴുവനും മശീഹയുടെ രാജ്യമായ്ച്ചമയുന്നപ്രകാരം അരുളിച്ചെയ്തതിൽ പിന്നെ ഏകദേശം ബെത്ഥന്യെക്ക എതിരെ എത്തിയപ്പോഴെക്ക് അവരുടെ മേൽ കൈകളെ നീട്ടി അനുഗ്രഹിച്ചു (ലൂക്ക.), ക്രമത്താലെ പിരിഞ്ഞുയൎന്നു, അവർ നോക്കിക്കൊണ്ടിരിക്കവേ ഒരു മേഘത്തിൽ മറഞ്ഞുപോകയും ചെയ്തു. അവരും കുമ്പിട്ടു വീണും മേല്പെട്ടു നോക്കികൊണ്ടും വന്ദിക്കുമ്പോൾ (ലൂക്ക.) രണ്ടു ദൂതന്മാർ അരികെ നിന്നു, ഗലീലക്കാരേ, മേല്പെട്ടു എടുക്കപ്പെട്ട ഈ യേശു പൊയ്ക്കണ്ടപ്രകാരത്തിൽ തന്നെ സ്വൎഗ്ഗത്തിൽനിന്നു മടങ്ങിവരും എന്നറിയിച്ചു (അപോ.). അവരും കൎത്താവ് ഇപ്പോൾ പിതാവിന്റെ വലത്തു ഭാഗത്തിരുന്നുകൊണ്ടു എന്നറിഞ്ഞു (മാൎക്ക.) മഹാസന്തോഷത്തോടും കൂട ഗഥ്ശമന വഴിയായി പട്ടണത്തേക്ക് തിരിച്ചു പോന്നു. അന്നു സ്വൎഗ്ഗലോകത്തിന്റെ ശക്തികൾ രുചിനോക്കുകയാൽ സ്വൎഗ്ഗാവകാശമുള്ള മനുഷ്യരായി പാൎത്തു, ആത്മാവാകുന്ന ദാനം ലഭിച്ചനാൾമുതൽ യേശുവിന്റെ സാക്ഷികളായി പുറപ്പെട്ടു നടന്നു, കൎത്താവ് കൂടി ക്രിയ നടത്തുകയാൽ ലോകത്തെ സ്വൎഗ്ഗരാജ്യമാക്കി മാററുവാൻ ആരംഭിക്കയും ചെയ്തു.

ഇതി സുവിശേഷസംഗ്രഹം സമാപ്തം.

MALAYALAM WORKS BY THE SAME AUTHOR.

	Rs.	As.	P.
The New Testament, translated from the Original, 2nd Edition, 8°, 629 pp. പുതിയ നിയമം	0	8	0
The Poetical Books of the Old Testament do. 8°, 423 pp. (out of print)			
Hymnbook (270 Hymns, whereof 215 by Dr. G.), 5th Edition, 8°, 296 pp. ക്രിസ്തീയഗീതങ്ങൾ	0	8	0
Second Catechism (for Confirmation), 2nd Edition, 12°, 21 pp. സ്ഥിരീകരണത്തിന്നുള്ള ഉപദേശം	0	0	6
Divine Answers to human Questions. A larger Catechism, 8°, 147 pp. (out of print) മനുഷ്യചോദ്യങ്ങൾക്കു ദൈവം കല്പിച്ച ഉത്തരങ്ങൾ			
Compendium of Bible History, from the Creation to the Judges, 2nd Edit. 8°, 152 pp. വേദചരിത്രസാരം	0	3	0
Do. do. till Josaphat's time, 900 B.C. 8°, 112 pp. (out of print) സത്യവേദ ഇതിഹാസം			
History of the Church of Christ, 2nd Edition, 8°, 364 pp. ക്രിസ്തുസഭാചരിത്രം	1	0	0
History of the Reformation in Germany, 2nd Edition, 12°, 103 pp. ഗൎമ്മാന ദേശത്തിലേ ക്രിസ്തുസഭാനവീകരണം.	0	1	9

	Rs.	As.	P.
Malayalam Spelling and Reading Book, 12th Edition, 8°, 39 pp. വലിയ പാഠാരംഭം	0	2	0
Malayalam Anthology or a Collection of Poems etc. for the Use of Schools. Madras, Public Instruction Press, 1860.			
A first Catechism of Malayalam Grammar (The Second Edition by L. Garthwaite Esq.) മലയാള വ്യാകരണ ചോദ്യോത്തരം			
A Grammar of the Malayalam Language, 2nd Edition, 8°, VI. and 413 pp. മലയാള ഭാഷാവ്യാകരണം	1	8	0
A Malayalam and English Dictionary, Royal 8°, XVIII. and 1116 pp. മലയാള ഇംഗ്ലിഷ് നിഘണ്ടു	15	0	0
Kêraḷolpatti, or the Origin of Malabar, 3rd Edition, 12°, 112 pp. കേരളോല്പത്തി	0	4	0
Kêraḷapaṟama, or the History of Malabar A.D. 1498-1631, 12°, 195 pp. കേരളപഴമ	0	6	0
One Thousand Proverbs, 16°, 67 pp. ആയിരം പഴഞ്ചൊല്ലുകൾ	0	2	0
A Garland of Proverbs, arranged according to subjects, 8°, 122 pp. (out of print) പഴഞ്ചൊൽമാല			

	Rs.	As.	P.
The Art of dying happily, 4th Edition, 16°, 35 pp. സന്മരണവിദ്യ	0	0	4
The Mirror of the Heart, or Heartbook, 2nd Edition, 16°, 64 pp. മനുഷ്യഹൃദയം	0	1	0
On Religion (from the Canarese), 4th Edition, 16°, 64 pp. മതവിചാരണ.	0	0	6
On Hindu Gods, („) 2nd Edition, 16°, 94 pp. ദേവവിചാരണ.	0	1	0
Truth and Error in Nala's History, 3rd Edition, 12°, 78 pp. നളചരിതസാരശോധന	0	1	0
The Diamond Needle (Vajra Sûchi), Sanskrit-Malayalam, 3rd Edit. 16°, 35 pp. വജ്രസൂചി	0	0	6
History of Polycarp, 2nd Edition (out of print).			
History of Mohammed, 2nd Edition, 16°, 39 pp. മുഹമ്മദ്ചരിത്രം	0	0	3

BOUND BY
L. Joshua
Mangalore.

18792

EFACE.

rist", then purely Vernacular, was published in 1849
undert, late of the Malabar Mission. After having been
generosity of two esteemed friends for whose liberal
ng we express our heart-felt gratitude, has at length
its present enlarged shape.

equired as regards the novelty of introducing to such a
Vernacular publication. The object of inserting the
reading and understanding of the Gospel Narrative.
ually pointed out, the fact remains, that the majority
separate copy of the N. T. open for reference. This
lied by having the text running along each section of
adopted the *English* Version, partly because it requires
ile the variety produced by the alternate succession of
whole arrangement of the volume, partly because among
lesire after instruction in English has become so pro-
glish seems to have far more attraction for them than a
trust, that, enriched by the English Gospel Text, by a
sis of the Gospel Harmony (pp. 22—35) as well as by
as been rendered still more practical and useful, and
de to the highest of all human objects of investigation,

ered in this second edition, the revisor, not the Author,
ther lengthy "Introduction" to this Harmony, we beg
not advisable, in arranging the materials of the Gospel
ler of succession without adding the necessary explana-
e assigned to such and such an incident or series of in-
had only the alternative left between scattering such
ost of foot-notes, and giving a systematic statement of
course, we are perfectly aware that but a small propor-
v us in this exposition. Nor was it ever intended for
uestions referring to Gospel Harmony, and if but some
ese few, capable of appreciating the treatise, we shall
our bestowed thereupon.